www.malankaralibrary.com

ജി. ചേടിയത്ത്

# മധ്യകാല സഭാചരിത്രം

കോട്ടയം
2000

www.malankaralibrary.com

ജി. ചേടിയത്ത്

# മധ്യകാല സഭാചരിത്രം

No. 241
കോട്ടയം
2000

www.malankaralibrary.com

G. CHEDIATH,

MADHYAKĀLA SABHĀCHARITRAM,

A publication of Oriental Institute of Religious Studies, India (OIRSI),

P.B. No. 10., Vadavathoor, Kottayam, 686 010.

© G.Chediath, 2000

Price : Rs.65

ISBN : 81-86063- 78-1

Type Setting & Printing : WiGi Printers, Kottayam 686 018. Ph. 570862

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക ........ 9

ആമുഖം ........ 11

ഗ്രന്ഥസൂചിക ........ 12

1. ആദ്യത്തെ ഏഴു നൂറ്റാണ്ടുകൾ ........ 13
2. മധ്യകാലഘട്ടം (7th -16th c.) ........ 21
3. റോമൻ സാമ്രാജ്യത്തിലേക്കുള്ള കുടിയേറ്റങ്ങൾ ........ 25
4. പ്രേഷിതപ്രവർത്തനം ........ 32
5. പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണം ........ 36
6. ചാർളിമെയിനും വിശുദ്ധ റോമാസാമ്രാജ്യവും ........ 39
7. ഫ്യൂഡലിസവും സഭയും ........ 42
8. പാശ്ചാത്യസാംസ്കാരിക നിലവാരം (6th - 11th c.) 44
9. പാപ്പാസ്ഥാനത്തിൻെറഅധഃപതനകാലം (10th c.) ... 46
10. പാശ്ചാത്യ പൗരസ്ത്യബന്ധം (5th -11th c.) ........ 52
11. ബിസൻറയിൻ സഭ (11th - 15th c.) ........ 55
12. മധ്യകാല സന്ന്യാസസമൂഹങ്ങൾ ........ 61
13. മധ്യകാലചിന്തകർ ........ 70
14. സ്കൊളാസ്റ്റിസിസം ........ 76
15. മധ്യകാല സഭാജീവിതം I ........ 80
16. മധ്യകാല സഭാജീവിതം II ........ 88
17. പാശ്ചാത്യരാഷ്ട്രങ്ങളും സഭാനേതൃത്വവും ........ 99
18. റോമൻ അധികാരകേന്ദ്രീകരണം ........ 102
19. അവിഞ്ഞോൺ പേപ്പസി ........ 105

www.malankaralibrary.com




20. കൺസീലിയറിസം ........................................ 107

21. ഇൻക്വിസിഷൻ ........................................ 109

22. മധ്യകാലസിനഡുകൾ ........................................ 112

23. നവോത്ഥാനവും ഹ്യൂമനിസവും (1300 -1550) .......... 117

24. ദാരിദ്ര്യവും മരണവും ........................................ 126

25. ഇരുണ്ട കാലഘട്ടം ........................................ 129

26. പശ്ചിമേഷ്യൻ ക്രിസ്തുമതം ........................................ 135

27. സംരക്ഷിത പ്രജകളും അടിമത്തവും ........................................ 151

28. ബിസൻറയിൻ സാമ്രാജ്യത്തിൻെറ തകർച്ച ............... 160

29. ബിസൻറയിൻ സാമ്രാജ്യത്തിൻെറ അന്ത്യം ............... 166

30. സുറിയാനി സഭയും ഇസ്ലാമും ........................................ 171

31. കോപ്തിക് സഭയും ഇസ്ലാമും ........................................ 179

32. അർമേനിയൻ സഭയും ഇസ്ലാമും ........................................ 186

33. കുരിശുയുദ്ധങ്ങൾ - പശ്ചാത്തലം ............................ 189

34. ഒന്നാം കുരിശുയുദ്ധം ........................................ 197

35. രണ്ടാം കുരിശുയുദ്ധം ........................................ 208

36. മൂന്നും നാലും കുരിശുയുദ്ധങ്ങൾ ........................................ 211

37. തുടർന്നുള്ള കുരിശുയുദ്ധങ്ങൾ ........................................ 216

38. മംഗോളിയൻ ആക്രമണവും സഭകളും ...................... 222

39. ഏഷ്യൻ ക്രിസ്തുമതം - അവലോകനം ...................... 232

പദസൂചിക ........................................ 236

www.malankaralibrary.com

# അവതാരിക

ആദ്യകാലസഭയിൽനിന്ന് പലവിധരീതിയിലുള്ള വികസനം മധ്യകാല സഭയിൽ ഉണ്ടായി. ലൗകികാധികാരവും ആത്മീയാധികാരവും ഒന്നിച്ച് കൈകോർത്തു പോകുന്ന കാഴ്ച മധ്യകാലഘട്ടത്തിൻെറ പ്രത്യേകതയാണ്. സഭയ്ക്ക് പലരിൽനിന്നും ഭൂസ്വത്തുക്കൾ ദാനമായി ലഭിച്ചപ്പോൾ, ലൗകികവീക്ഷണങ്ങൾക്കു മുൻതൂക്കം ഉള്ളവർ സഭാഭരണത്തിലേക്ക് ആകൃഷ്ടരായി. ചിലരെങ്കിലും സഭാഭരണം തട്ടിയെടുക്കുകയും മറ്റേതൊരു മാനുഷിക സംവിധാനംപോലെ സഭയെ കരുതുകയും സഭാകാര്യങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്തു. സഭയിൽ ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ഉണ്ട്. മാനുഷിക ഘടകത്തിൻെറ ബലഹീനതമൂലം സഭയുടെ മുഖം വളരെ വികൃതമായിതീർന്ന കാലങ്ങൾ മധ്യകാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. പിളർന്നകന്നു മാറിയ സഭകൾ ഓരോന്നും വ്യത്യസ്തപാതകളിലൂടെ, പരസ്പരബന്ധമില്ലാതെ, നടന്നു നീങ്ങുന്ന കാഴ്ചയാണ് നാം മധ്യകാലഘട്ടത്തിൽ കാണുക. അധികാര കേന്ദ്രീകരണത്തിനുള്ള ശ്രമങ്ങൾ ചില സഭകളിൽ ശക്തമായി. ഒന്നിനു പിറകെ ഒന്നായി പാശ്ചാത്യലോകത്തേക്ക് ഇരച്ചുകയറിയ അപരിഷ്കൃതരെയെല്ലാം പാശ്ചാത്യസഭ ഒറ്റക്കെട്ടായി ക്രൈസ്തവ സുവിശേഷ ദീപ്തിയാൽ പ്രശോഭിതരാക്കി. പാശ്ചാത്യലോകത്തും പാശ്ചാത്യസഭയിലും ഏതാണ്ട് പത്തു നൂറ്റാണ്ട് നടന്ന സുപ്രധാന സംഗതികൾ 25 അധ്യായങ്ങളിലായി ചർച്ച ചെയ്തിരിക്കുന്നു.

തുടർന്ന് പൗരസ്ത്യസഭകളെയും ഇസ്ലാമിൻെറ മുന്നേറ്റത്തെയും പൗരസ്ത്യസഭയിൽ ഉണ്ടാക്കിയ പ്രതികരണത്തെയും അപഗ്രഥിക്കുന്നു. പൗരസ്ത്യ ക്രൈസ്തവരുടെ ഇടയിലെ പിളർപ്പുകളും പദങ്ങളെ ചൊല്ലിയുള്ള കലഹങ്ങളും നിമിത്തം അറബി വംശജരെ സുവിശേഷദീപ്തിയാൽ പ്രശോഭിപ്പിക്കാൻ 600 വർഷത്തെ തങ്ങളുടെ ക്രൈസ്തവാസ്തിത്വം കൊണ്ട് പൗരസ്ത്യർക്കു കഴിഞ്ഞില്ല. അറബികൾ വിഗ്രഹാരാധകരും ബഹുദേവതാവാദികളുമായി കഴിഞ്ഞു. ഏഴാം നൂറ്റാണ്ടുമുതലുള്ള പൗരസ്ത്യക്രൈസ്തവസഭാചരിത്രം ഇസ്ലാമിൻെറ വളർച്ചയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. 26-32 വരെയുള്ള അധ്യായങ്ങളിൽ ഈ ചരിത്രം അപഗ്രഥിക്കുന്നു.

പശ്ചിമേഷ്യ ഒരു ഉരുക്കുമൂശയായിരുന്നു. കിഴക്കുനിന്ന് തുർക്കികൾ, മംഗോളിയർ, പടിഞ്ഞാറുനിന്ന് കുരിശുയുദ്ധക്കാർ എന്നിവർ പശ്ചി

www.malankaralibrary.com



മേഷ്യയിൽ എത്തുകയും തങ്ങളുടേതായ കാൽപാടുകൾ അവിടെ പതിക്കുകയും ചെയ്തു. മധ്യകാല പൗരസ്ത്യസഭാചരിത്രത്തിൻെറ ഭാഗമാണ് കുരിശുയുദ്ധക്കാരും മറ്റുള്ളവരും തമ്മിലുള്ള ബന്ധപ്പെടലും ഏറ്റുമുട്ടലുകളും. അതുപോലെ മംഗോളിയരും വിവിധതരം തുർക്കികളും പൗരസ്ത്യസഭകളിൽ ചെലുത്തിയ സമ്മർദ്ദവും ആഘാതവും അപഗ്രഥനവിധേയരാക്കിയിട്ടുണ്ട്. 33 മുതൽ 38 വരെയുള്ള അധ്യായങ്ങൾ ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. അവസാനത്തെ അധ്യായം (39) ഏഷ്യൻ ക്രിസ്തുമതത്തെ മൊത്തത്തിൽ അപഗ്രഥിക്കുന്നു.

പത്തു നൂറ്റാണ്ടുകളിലെ സംഭവവികാസങ്ങൾ വളരെ ചുരുക്കമായി അപഗ്രഥിക്കുക എളുപ്പമല്ല. എന്നാൽ പ്രധാനപ്പെട്ട സംഭവങ്ങളൊന്നും വിട്ടുകളയാതെ വിവരിച്ചിട്ടുണ്ട്. ഇന്നലെയുടെ ചരിത്രം നാളെയുടെ വഴികാട്ടിയാണ്. കഴിഞ്ഞകാലത്തു നടന്ന തെറ്റുകൾ ആവർത്തിക്കാതെ, മെച്ചപ്പെട്ട നാളയിലേക്കു നാം നടന്നു നീങ്ങണം. കഴിഞ്ഞകാലപഠനം അതിനു സഹായകമായി തീരണം. അത്തരത്തിലൊരു വഴികാട്ടിയാണ് “മധ്യകാലസഭാചരിത്രം” എന്ന ഈ ഗ്രന്ഥം. സഭാചരിത്രത്തിൽ അവഗാഹം നേടിയിട്ടുള്ള ബഹു. ഗീവർഗീസ് ചേടിയത്തച്ചൻ ഈ പുസ്തകത്തിലൂടെ അനുവാചകരെ മധ്യകാല സഭാചരിത്രത്തിൻെറ ഉള്ളറകളിലേക്ക് നയിക്കുന്നു. അനേകം വിശിഷ്ട ഗ്രന്ഥങ്ങളിലൂടെ സഭാമക്കൾക്ക് സുപരിചിതനായ ബഹു.ചേടിയത്തച്ചൻെറ ഈ ഗ്രന്ഥവും ഏവർക്കും ഒരു മുതൽക്കൂട്ടായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ പുസ്തകത്തിന് പ്രചുരപ്രചാരം ആശംസിച്ചുകൊണ്ടും, ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ടും സന്തോഷത്തോടെ ഈ ഉൽകൃഷ്ടഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**മോസ്റ്റ് റവ. സിറിൽ മാർ. ബസേലിയോസ്**

മലങ്കരകത്തോലിക്കാ മെത്രാപ്പോലീത്ത

തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

www.malankaralibrary.com

# ആമുഖം

ഏഴുമുതൽ പതിനാറുവരെയുള്ള കാലഘട്ടത്തെയാണ് മധ്യകാലഘട്ടം എന്നു പൊതുവെ പറയുന്നതെങ്കിലും വ്യത്യസ്ത ഗ്രന്ഥങ്ങളിൽ വ്യത്യസ്തമായ രീതിയിൽ തിരിച്ചിരിക്കുന്നതു കാണാം. പിതാക്കന്മാരുടെ കാലം കഴിഞ്ഞുള്ള ഘട്ടം മുതൽ പ്രോട്ടസ്റ്റൻറിസം ഉദയം ചെയ്യുന്നതുവരെയുള്ള ഘട്ടത്തെ മധ്യകാലഘട്ടമായി കണക്കാക്കാം. ഇരുണ്ട കാലഘട്ടം എന്ന് ചിലർ മധ്യകാലഘട്ടത്തെ വിളിക്കാറുണ്ട്. പുരാതന പാത്രിയാർക്കൽ സഭകൾ ഈ കാലഘട്ടത്തിൽ പരസ്പര സമ്പർക്കമില്ലാതെ ഒറ്റപ്പെട്ട നിലയിൽ നിലനില്ക്കുകയും വളരുകയും ഏകപക്ഷീയമായ ദൈവശാസ്ത്രം വികസിപ്പിച്ചെടുക്കുകയും ചെയ്തു. മധ്യകാലഘട്ടം മുഴുവൻ തെറ്റുകളും കുറ്റങ്ങളുമായിരുന്നു എന്നു ചിന്തിക്കുന്നതു ശരിയല്ല. കിഴക്കുനിന്നു കടന്നുവന്ന അപരിഷ്കൃതരായ കുടിയേറ്റക്കാരെയെല്ലാം മാനസ്സാന്തരപ്പെടുത്തി നല്ല മനുഷ്യരാക്കാൻ പാശ്ചാത്യ ക്രിസ്തുമതത്തിനും ബിസൻറയിൻ ക്രിസ്തുമതത്തിനും കഴിഞ്ഞു. അവരെ പുരാതന ഗ്രേക്കോ-റോമൻ സംസ്കാരത്തിൻെറ അവകാശികളാക്കിത്തീർത്തു.

മധ്യകാലസഭാചരിത്രം എന്ന ഈ ഗ്രന്ഥത്തിനു മൂന്നു ഭാഗങ്ങളുണ്ട്: ആദ്യഭാഗത്ത് (1-25) പാശ്ചാത്യസഭയിൽ മധ്യകാലഘട്ടത്തിൽ നടന്ന സുപ്രധാന സംഭവങ്ങളാണ് പ്രധാനമായി ചർച്ച ചെയ്യുന്നത്. രണ്ടാംഭാഗം (26-31) ഇസ്ലാംമതം പൗരസ്ത്യ ക്രിസ്തുമതത്തിനേല്പിച്ച കനത്ത പ്രഹരം ചർച്ച ചെയ്യുന്നു. മൂന്നാം ഭാഗം (32-39) കുരിശുയുദ്ധങ്ങളെപ്പറ്റിയാണ്. പാശ്ചാത്യലോകത്തുനിന്ന് പശ്ചിമേഷ്യയിൽ കടന്നുവന്ന പാശ്ചാത്യക്രൈസ്തവർ നടത്തിയ യുദ്ധങ്ങളും സ്ഥാപിച്ച രാജ്യങ്ങളും ഇസ്ലാമുമായുള്ള ഏറ്റുമുട്ടലുകളും അവയുടെ അന്ത്യവും ഒക്കെ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു.

മധ്യകാലത്ത് സഭ വളരെയധികം പ്രലോഭനവിധേയമായി. എന്നാൽ സഭയുടെ ദൈവികവശം മാനുഷികവശത്തിൻെറ പരാജയത്തിൽ തകർന്നടിഞ്ഞു പോകാതെ പുത്തൻചൈതന്യത്തോടുകൂടി ആധുനിക കാലത്തേക്കു കടന്നു. മധ്യകാല പാശ്ചാത്യജീവിതശൈലിയുടെ അവശിഷ്ടങ്ങൾ ഇന്നും ചിലയിടങ്ങളിൽ അപൂർവ്വമായി കാണാം. അവയെ തിരുത്തി രണ്ടാം വത്തിക്കാൻ കൗൺസിൽ തെളിച്ചുതന്ന പാതയിലൂടെ മുന്നേറാൻ ആധുനികസഭ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രത്തിൽനിന്നും പാഠം പഠിച്ച് ഇന്നലെയിലെ തെറ്റുകൾ തിരുത്തി മുന്നേറേണ്ടതുണ്ട്. സഭയുടെ മാനുഷികവശം ദൈവഹിതാനുസൃതമാക്കേണ്ടതുണ്ട്. അതിനുള്ള ഒരാഹ്വാനമാണ് ഈ ഗ്രന്ഥം.

ഈ ഗ്രന്ഥരചനയിൽ സഹായിച്ച എല്ലാവരെയും നന്ദിപൂർവം അനുസ്മരിക്കുന്നു.

**ജി. ചേടിയത്ത്**

തിരുവനന്തപുരം
സെപ്തംബർ 20, 2000

www.malankaralibrary.com

# ഗ്രന്ഥസൂചിക


Atiya, A.S., *History of Eastern Christianity,* Notre Dame, 1968.

Bat Ye'or, *The Decline of Eastern Christianity under Islam: Jihad to Dhimmitude,* London, 1996.

Betts, P.B., *Christians in the Arab East- a political study, Athens,* 1978.

Chaillot, C. *The Syrian Orthodox Church of Antioch and All the East,* Geneva, 1998.

El-Hassan bin Talal, *Christianity in the Arab World,* London, 1995.

Jaddon A.D.-Jamil, A.O. *The Heirs of Mesopotamia-Chaldeans and Assyrians,* 1995.

Jean-Pierre *Valognes, Vie et mort des Chretiens d'orient: Des origines a nos jours,* Fayard 1994.

Jedin, H., *History of the Church,* vols. 2,3,4 London. 1980.

Khalil, M.A., The Coptic Orthodox Church, Montreal, s.d.

Kinder H.- Hilgemann W., *Atlas of World History,* I, Penguin Books, 1974.

Malaty, T.Y., *Introduction to the Coptic Orthodox Church,* New Jersey, s.d.

Meinardus, Otto, F.A., *Two Thousand Years of Coptic Christianity,* Cairo, 1999.

Moffet, S.H., *A History of Christianity in Asia,* I, San Francisco, 1992.

Neill, T.P. - Schmandt, R.H., *History of the Catholic Church,* Milwaukee, 1965.

Nersoyan, T., *Armenian Church Historical Studies,* New York, 1988.

Nicol, D.M., *The Last Centuries of Byzantium 1261-1453,* Cambridge 1996.

Ormanian, M., *The Church of Armenia,* New York, 1988.

Partrick, T.H., *Traditional Egyptian Christianity,* Greensboro, 1996.

Runciman, S., *A History of the Crusades,* 3 vols, Cambridge, 1990.

Segal, J.B., *Edessa the Blessed City,* Oxford, 1970.

Tamcke, M.-Heinz, A. ed. *Zu Geschichte, Theologie, Liturgie und Gegenwartslage der syrischen Kirchen, Muenster,* 1998.

Wahba, M.F., *The Coptic Orthodox Church of Egypt,* Hayward, 1992.

Winkler, D.W., *Koptische Kirche und Reichskirche,* Innsbruck- Wien, 1997.

ജി. ചേടിയത്ത്, *സഭാചരിത്രപഠനങ്ങൾ,* കോട്ടയം 1996.

സേവ്യർ കൂടപ്പുഴ, *തിരുസഭാചരിത്രം,* കോട്ടയം 1996.

www.malankaralibrary.com

# 1

# ആദ്യത്തെ ഏഴു നൂറ്റാണ്ടുകൾ

ആദ്യത്തെ ഏഴ് നൂറ്റാണ്ടുകൾ സഭാപിതാക്കന്മാരുടെ കാലം എന്നറിയപ്പെടുന്നു. അവസാനത്തെ സഭാപിതാക്കന്മാരാണ് വി.ഇസിദോറും(†636) വി.ജോൺ ഡമഷീനും(†749). ക്രിസ്തുമതം ഏഷ്യയിൽ ഉടലെടുത്ത മതമാണ്. ആദ്യനൂറ്റാണ്ടുകളിൽതന്നെ മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള നാടുകൾ സഭാകേന്ദ്രങ്ങളായി. അങ്ങനെ പലസ്തീനാ, സിറിയ, ഏഷ്യാമൈനർ, ഗ്രീസ്, ഇറ്റലി, ഗോൾ(ഫ്രാൻസ്), സ്പെയിൻ, ആഫ്രിക്കൻ വൻകരയുടെ വടക്കൻ പ്രദേശങ്ങൾ, ഈജിപ്ത് എന്നിവിടങ്ങളിൽ സഭ വ്യാപിച്ചു. അർമേനിയാ, ജോർജിയാ, പേർഷ്യ, എത്യോപ്യാ, അറേബ്യ, ഭാരതം എന്നിങ്ങനെ മെഡിറ്ററേനിയൻ കടലിന് ചുറ്റുമല്ലാത്തിടങ്ങളിലും സഭാപിതാക്കന്മാരുടെ കാലത്ത് സഭ വ്യാപിച്ചു. എന്നാൽ മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള പ്രദേശങ്ങളെ കേന്ദ്രീകരിച്ച് സഭ വ്യാപിച്ച ചരിത്രമാണ് ഇവിടെ വിവരിക്കുന്നത്.

ആദ്യനൂറ്റാണ്ടിൽതന്നെ സഭാകേന്ദ്രം അന്ത്യോക്യയായി. മിക്കവാറും എല്ലാ ശ്ലീഹന്മാരുടെയും പരിലാളനം അന്ത്യോക്യൻ സഭയ്ക്കു ലഭിച്ചു. ശ്ലൈഹികപ്രമുഖരായ വി. പത്രോസും വി.പൗലോസും അവിടെ സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. അതുപോലെ റോമൻസാമ്രാജ്യത്തിലെ മറ്റ് പ്രമുഖ നഗരങ്ങളായ അലക്സാണ്ഡ്രിയായും റോമായും സഭാകേന്ദ്രങ്ങളായി. പത്രോസും പൗലോസും റോമിലെ സഭയ്ക്കടിസ്ഥാനമിടുകയും അവിടെ വച്ച് രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു. റോമും അന്ത്യോക്യയും മെത്രാന്മാരുടെ പട്ടിക തുടങ്ങുന്നത് വി.പത്രോസ് മുതലാണ്. പ്രധാന നഗരങ്ങളായ റോം, അലക്സാണ്ഡ്രിയ, അന്ത്യോക്യ എന്നീ നഗരങ്ങൾ റോമൻസാമ്രാജ്യത്തിൽ രാഷ്ട്രീയ പ്രാധാന്യമുള്ള

www.malankaralibrary.com



നഗരങ്ങളായിരുന്നു. റോമൻസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു റോം. ഈജിപ്ത് എന്ന റോമൻ പ്രോവിൻസിന്റെ തലസ്ഥാനമായിരുന്നു അലക്സാണ്ഡ്രിയാ. ഓറിയൻസ് (പൗരസ്ത്യം) എന്ന റോമൻ പ്രോവിൻസിന്റെ തലസ്ഥാനമായിരുന്നു അന്ത്യോക്യ. രാഷ്ട്രീയ പ്രാധാന്യമുള്ള ഈ നഗരങ്ങളിൽ എത്തിയ ശ്ലീഹന്മാരും മറ്റ് സുവിശേഷകരും ആദ്യം അവിടെയും അവിടെനിന്ന് ചുറ്റുമുള്ള സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിച്ചു. അങ്ങനെ സുവിശേഷ പ്രചരണവേലയിൽ ഈ പട്ടണങ്ങളിലെ സഭകൾ നേതൃത്വം നൽകി. അവിടുത്തെ മെത്രാന്മാർ പ്രാമാണ്യത്തിലെത്താൻ ഇതും ഒരു പ്രധാന കാരണമാണ്. കോൺസ്റ്റൻടൈൻ ചക്രവർത്തി, തന്റെ പേരിലുള്ള കോൺസ്റ്റാൻറിനോപ്പിൾ പട്ടണം പണിത് പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം അവിടേക്കു മാറ്റുന്നതുവരെ റോം, അലക്സാണ്ഡ്രിയ, അന്ത്യോക്യ എന്നീ മൂന്നു പട്ടണങ്ങളിലെ മെത്രാന്മാരാണ് പ്രധാനമായും റോമൻസാമ്രാജ്യത്തിലെ സഭകൾക്കു നേതൃത്വം നൽകിയത്. കാലക്രമത്തിൽ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനും പ്രാമാണ്യത്തിലേക്കുയർന്നു. 381 ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡും (കാനൻ 3), 451 ലെ കാൽസിഡൺ സിനഡും (കാനൻ 28) കൂടി ഈ സഭയ്ക്ക് മറ്റ് പട്ടണങ്ങളിലെ മെത്രാന്മാർക്കുള്ള പ്രാമാണ്യം നൽകി. നിഖ്യായുടെ (325) 6-ാം കാനൻ അന്ത്യോക്യയ്ക്കും റോമിനും അലക്സാണ്ഡ്രിയായ്ക്കുമുള്ള പ്രാമാണ്യം അംഗീകരിച്ചിരുന്നു. കാൽസിഡണിൽ വച്ചുതന്നെയാണ് (451) ജറുസലേം പട്ടണത്തിലെ സഭയെ പ്രാമാണ്യത്തിലേക്കുയർത്തിയത്. അഞ്ചാം നൂറ്റാണ്ടോടുകൂടി ഇപ്രകാരം അഞ്ചു നേതൃത്വങ്ങളുടെ കീഴിൽ റോമൻസാമ്രാജ്യത്തിലെ സഭകൾ വളർന്നുവന്നു.

റോമൻസാമ്രാജ്യം രാഷ്ട്രീയമായി കിഴക്കെന്നും പടിഞ്ഞാറെന്നും തിരിച്ചിരുന്നു. ഈ തിരിവ് സഭയും സ്വീകരിച്ചു. കിഴക്കൻ സഭകൾ എന്നും പടിഞ്ഞാറൻ സഭകളെന്നും ഉള്ള തരംതിരിവ് സഭയിലും ഉണ്ടായി. പ്രോവിൻസുകൾ, രൂപതകൾ തുടങ്ങി റോമൻ സാമ്രാജ്യത്തിലെ മറ്റ് രാഷ്ട്രീയ സംജ്ഞകളും സഭാതലത്തിൽ കാലക്രമത്തിൽ കയറിപ്പറ്റി. എന്നാൽ രാഷ്ട്രീയതലത്തിലെ അർത്ഥവ്യാപ്തിയല്ല സഭാതലത്തിൽ ഇവയ്ക്കുണ്ടായിരുന്നത്. രാഷ്ട്രീയതലത്തിൽ അനേകം പ്രോവിൻസുകൾ ഉൾപ്പെട്ടതായിരുന്നു ഒരു രൂപത. അനേകം രൂപതകൾ ചേർന്ന് പ്രീഫെക്ചർ. സഭാതലത്തിൽ രൂപതയാണ് അടിസ്ഥാന ഘടകം. അനേകം രൂപതകൾ ചേർന്ന് പ്രോവിൻസ്. പ്രൊവിൻഷ്യൽ തലസ്ഥാന

www.malankaralibrary.com



ങ്ങളിലെ (മെത്രോപ്പൊളീസ്) അദ്ധ്യക്ഷന്മാർ മെത്രാപ്പോലീത്താ എന്നും മറ്റിടങ്ങളിലെ അദ്ധ്യക്ഷന്മാർ എപ്പിസ്കോപ്പാ എന്നും അറിയപ്പെട്ടു. റോം ആദിയായ പട്ടണങ്ങളിലെ മെത്രാന്മാരാകട്ടെ, അഞ്ചാംനൂറ്റാണ്ടോടുകൂടി പാത്രിയർക്കീസൻമാർ എന്നും വിളിക്കപ്പെട്ടു. റോമിലെയും അലക്സാണ്ഡ്രിയായിലെയും മറ്റും മെത്രാന്മാർ "പിതാക്കന്മാരുടെ പിതാവ്"(Pater Patrum) എന്നർത്ഥത്തിൽ "പാപ്പാ" എന്നും വിളിക്കപ്പെട്ടു. ഇപ്രകാരം കാലക്രമത്തിൽ ഭരണപരമായി സഭാദ്ധ്യക്ഷന്മാരുടെ ഇടയിൽ തരംതിരിവുകൾ ഉണ്ടായി. സഭാവളർച്ചയോട് ബന്ധപ്പെട്ടുണ്ടായ തരംതിരിവുകളാണിവ. ഇത്താലിയാ, ഗാള്ളിയാ, ഇല്ലീറിയാ, ഓറിയൻസ് എന്നിവയായിരുന്നു നാല് പ്രീഫെക്ചറുകൾ. അതിൽ ഇത്താലിയാ, ഗാള്ളിയ എന്നീ പ്രീഫെക്ചറുകളിലും ഇല്ലീറിയായുടെ ഒരു ഭാഗത്തും റോമിലെ മെത്രാൻ നേതൃത്വം നൽകി. ഓറിയൻസിൻെറ സിംഹഭാഗവും അന്ത്യോക്യൻ മെത്രാൻെറ നേതൃത്വത്തിൻ കീഴിലായിരുന്നു; ഓറിയൻസിൽപ്പെട്ട ഈജിപ്ത് അലക്സാണ്ഡ്രിയൻ മെത്രാൻെറ നേതൃത്വത്തിലും. റോമൻ സാമ്രാജ്യത്തിൽ രാഷ്ട്രീയമായി 13 രൂപതകളും 101 പ്രോവിൻസുകളും ഉണ്ടായിരുന്നു.

പ്രധാന നഗരങ്ങളായ റോം, അലക്സാണ്ഡ്രിയ, അന്ത്യോക്യ, ജറുസലേം, കോൺസ്റ്റാൻറിനോപ്പിൾ എന്നിവയെ കേന്ദ്രീകരിച്ച് ലിറ്റർജിയും സഭയും വളർന്നുവന്നു. അന്ത്യോക്യയെ കേന്ദ്രമാക്കി അന്ത്യോക്യൻ ലിറ്റർജി; കോൺസ്റ്റാൻറിനോപ്പിളിനെ കേന്ദ്രമാക്കി ബിസൻറയിൻ ലിറ്റർജി; അലക്സാണ്ഡ്രിയയെ കേന്ദ്രമാക്കി കോപ്റ്റിക് ലിറ്റർജി, റോമിനെ കേന്ദ്രമാക്കി റോമൻ ലിറ്റർജി. അതുപോലെ മറ്റ് പ്രധാന നഗരങ്ങളിലും ലിറ്റർജികൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. നാല്, അഞ്ച് നൂറ്റാണ്ടുകളിലാണ് ലിറ്റർജികൾക്ക് ഏതാണ്ട് അന്തിമരൂപം ലഭിച്ചത്.

സഭയിലെ ദൈവശാസ്ത്രവികസനവും ആദ്യകാലത്തുണ്ടായി. ദൈവശാസ്ത്രവളർച്ച എളുപ്പമായിരുന്നില്ല. പാഷണ്ഡതകളുടെ ആവിർഭാവമാണ് സഭാപ്രബോധനങ്ങൾ വ്യക്തമാക്കാൻ സഭാനേതാക്കന്മാരെ പ്രേരിപ്പിച്ചത്. പുത്രൻെറ ദൈവത്വം നിഷേധിച്ച ആരിയനിസം, പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ച പ്നെവുമാതോമാക്കിസം, നെസ്തോറിയനിസം, ഏകസ്വഭാവവാദം, ഏകചിത്തവാദം തുടങ്ങിയവ പൗരസ്ത്യദേശത്ത് ഉടലെടുത്ത പാഷണ്ഡതകളാണ്. പെലാജിയനിസം, ഡൊണാറ്റിസം, പ്രിഷില്ലിയനിസം തുടങ്ങിയവ പാശ്ചാത്യലോകത്ത് രൂക്ഷമായ പ്രശ്നങ്ങൾ ഉളവാക്കി. പ്രശ്നപരിഹാരത്തിന് കിഴക്കും പടി

www.malankaralibrary.com



ഞ്ഞാറും ഉള്ള പിതാക്കന്മാർ ഒരുപോലെ സംഭാവനകൾ നൽകി. പാശ്ചാത്യദേശത്തുണ്ടായതിനേക്കാൾ കൂടുതൽ ദൈവശാസ്ത്രജ്ഞന്മാർ പൗരസ്ത്യദേശങ്ങളിലുണ്ടായി. ആദ്യകാലത്തെ പൊതുസിനഡുകളായ നിഖ്യാ(325), കോൺസ്റ്റാൻറിനോപ്പിൾ(381), എഫേസോസ്(431), കാൽസിഡൺ(451), കോൺസ്റ്റാൻറിനോപ്പിൾ II (553), കോൺസ്റ്റാൻറിനോപ്പിൾ III(680), നിഖ്യാ II(787) എന്നിവ പൗരസ്ത്യദേശത്തു വച്ചാണ് കൂടിയത്. പൗരസ്ത്യമെത്രാന്മാർക്കായിരുന്നു ഈ സിനഡുകളിലെല്ലാം മുൻതൂക്കം. എന്നാൽ പാശ്ചാത്യരും ഈ പൊതുസിനഡുകളെ അംഗീകരിച്ചു. ത്രിയേകദൈവത്തെപ്പറ്റിയും രക്ഷകനായ യേശുക്രിസ്തുവിനെപ്പറ്റിയും പരിശുദ്ധാത്മാവായ ദൈവത്തെപ്പറ്റിയും ചർച്ച ചെയ്യാൻ ഈ സിനഡുകളിൽ വച്ച് സഭാപിതാക്കന്മാർ ശ്രമിച്ചു.

പൗരസ്ത്യദേശങ്ങളിൽ വൈവിധ്യമാർന്ന സംസ്കാരങ്ങൾ നിലനിന്നു. അവിടെ നിരവധി ഭാഷകളും സംസ്കാരങ്ങളും ജനതകളും ഇടകലർന്നു വസിച്ചു. അതുകൊണ്ട് പാശ്ചാത്യ നാടുകളെക്കാൾ കൂടുതൽ വൈവിധ്യം ലിറ്റർജിയിലും സഭാജീവിതത്തിലും പൗരസ്ത്യദേശങ്ങളിൽ ഉടലെടുത്തു. പാശ്ചാത്യലോകത്ത് ആഫ്രിക്കയിലും ഇറ്റലിയിലും ഗാളിലും സ്പെയിനിലും ഒക്കെ ഏകയോഗമായ സംസ്കാരവും ലത്തീൻ ഭാഷയുമാണ് നിലനിന്നത്. പൗരസ്ത്യദേശങ്ങളിൽനിന്ന് കുടിയേറിയവർ വഴിയാണ് പൗരസ്ത്യദേശത്തുണ്ടായ സഭാപ്രശ്നങ്ങൾ പാശ്ചാത്യലോകത്തും പ്രചരിച്ചത്.

മെത്രാനും (Episcopos) വൈദികനും (Presbyteros) തമ്മിലുള്ള വ്യത്യാസം പുതിയനിയമത്തിൽ അത്ര വ്യക്തമല്ലെങ്കിലും സഭാപിതാക്കന്മാരുടെ കാലമായപ്പോഴേക്കും വളരെ വ്യക്തമായി. ഡീക്കൻ, വൈദികൻ, മെത്രാൻ എന്നിങ്ങനെ ഹയരാർക്കിയിലെ അംഗങ്ങളെ മൂന്നായി തിരിക്കുന്ന രീതി ഇഗ്നേഷ്യസിൽതന്നെ (†110) വ്യക്തമാണ്. മെത്രാന്മാരുടെ ഇടയിൽതന്നെ ആർച്ചുബിഷപ്പ്, മെത്രാപ്പോലീത്താ, കോറെപ്പിസ്കോപ്പാ, പാത്രിയർക്കീസ് തുടങ്ങിയ തരംതിരിവുകൾ ഉടലെടുത്തു. എങ്കിലും സഭകളെല്ലാം കൂട്ടായ്മയിൽ വർത്തിച്ചു. ക്രിസ്തുവിന്റെ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയായി ഓരോ സഭയും സ്വയംകരുതി; മറ്റുള്ള സഭകൾ അതംഗീകരിക്കയും ചെയ്തിരുന്നു. എന്നാൽ ശീശ്മകളെയും പാഷണ്ഡതകളെയും സഭകളെല്ലാം എതിർത്തിരുന്നു. ശ്ലീഹന്മാരിൽനിന്നു ലഭിച്ച സത്യവിശ്വാസം കളങ്കംകൂടാതെയും മായം ചേർക്കാതെയും പിൻതലമുറയിലേക്കു

www.malankaralibrary.com



പകർന്നുകൊടുക്കാൻ ശ്ലൈഹികസഭകൾ ശ്രദ്ധിച്ചു. ശ്ലൈഹികപ്രബോധനത്തിൽ കലർത്തിയ വിഷമായി ആരിയനിസത്തെ പിതാക്കന്മാർ പരിഗണിച്ചു. അതുപോലെ നെസ്തോറിയനിസം, ഏകസ്വഭാവവാദം എന്നിവയും സ്പഷ്ടമായി പാഷണ്ഡതകളായി പിതാക്കന്മാർ തിരസ്കരിച്ചു. സഭകളെല്ലാം യേശുക്രിസ്തുവിലും ക്രിസ്തുവിന്റെ ആത്മാവായ പരിശുദ്ധാത്മാവിലും ഐക്യപ്പെട്ടിരുന്നു. അദ്ധ്യക്ഷസ്ഥാനത്തു വന്ന സഭകളും അധികാരപ്രയോഗത്തിനു മുതിരാതെ ഐക്യത്തിന്റെ കണ്ണികളായി വർത്തിച്ചതേയുള്ളു. റോമാസഭപോലും ഇന്നു നാം കാണുന്ന രീതിയിലുള്ള അധികാരപ്രയോഗമല്ല പിതാക്കന്മാരുടെ കാലത്തു നടത്തിയത്. ഓരോ പാത്രിയർക്കീസും തന്റെ പാത്രിയാർക്കേറ്റിലുള്ള സഭകളുടെ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. എന്നാൽ പാത്രിയർക്കീസന്മാർ തമ്മിലുള്ള തർക്കങ്ങൾക്കുള്ള പരിഹാരം നിർദേശിക്കാൻ പരസ്പര സമ്മതത്തോടുകൂടി റോമാസഭയുടെ പക്കലേക്കു തിരിയുന്നതായി പിതാക്കന്മാരുടെ സഭയിൽ കാണാവുന്നതാണ്. പത്രോസിന് ശ്ലൈഹിക സമൂഹത്തിലുള്ള ഒന്നാം സ്ഥാനത്തിന്റെ പിൻതുടർച്ച, റോമിൽ പത്രോസിന്റെ പിൻഗാമിയായ മെത്രാനുണ്ട് എന്ന ചിന്ത പുരാതന സഭകൾക്കിടയിൽ ഉണ്ടായിരുന്നു. സഹോദരന്മാരെ ഉറപ്പിക്കുകയും 'സ്നേഹത്തിൽ അദ്ധ്യക്ഷസ്ഥാനത്തിരിക്കുകയും' ചെയ്യുക എന്നതായിരുന്നു ആ ദൗത്യം. ക്രിസ്തുവിൽനിന്ന് ശ്ലീഹന്മാർക്കു ലഭിച്ച ത്രിവിധദൗത്യങ്ങൾ (മത്താ.28,18-20) സഭകൾ നിർവഹിച്ചു.

ഒരു സഭയും മറ്റൊരു സഭയുടെ മാതാവായി സ്വയം അവരോധിച്ചില്ല. മറിച്ച് ജറുസലേം സഭയെ എല്ലാ സഭകളും മാതൃസഭയായി പരിഗണിച്ചു. തങ്ങൾ സ്ഥാപിച്ചു വളർത്തിയ സഭകൾ പുത്രീസഭകളായിരുന്നു. എന്നാൽ പേട്രിയാർക്കൽ സഭകളെല്ലാം സഹോദരീസഭകളായിരുന്നു(sister churches). ഏതെങ്കിലും ഒരു സഭ മാത്രം 'കാതലിക്' സഭയാണ്, മറ്റുള്ളവയല്ല എന്നൊന്നും ആരും അക്കാലത്തു കരുതിയില്ല. കൂദാശകളിലും ദൈവവചനത്തിലും അപ്പസ്തോലിക പാരമ്പര്യത്തിലും ഐക്യം നിലനിർത്തി. ദൈവസ്ഥാപിതശുശ്രൂഷയ്ക്കുവേണ്ടിയുള്ള സഭാഹയരാർക്കി ഐക്യത്തിന്റെ കണ്ണിയായി വർത്തിച്ചു.

സഭയിൽ സമൃദ്ധമായ വൈവിധ്യം ഉണ്ടായിരുന്നു. എന്നാലത് ഐക്യത്തിന് വിലങ്ങുതടിയായി നിന്നില്ല. ഐക്യത്തിന് ഐകരൂപ്യം (uniformity) അവശ്യാവശ്യമെന്നാരും പറഞ്ഞില്ല. എന്നാൽ അതിൽനിന്ന് തികച്ചും വ്യത്യസ്തമാണ് വിഭജനം (division). ആരിയനിസം, എവുതീ

www.malankaralibrary.com


ക്കിയനിസം, നെസ്തോറിയനിസം, ഡൊണാറ്റിസം, മോണ്ടനിസം, ഗ്നോസ്റ്റിസിസം എന്നിവയുടെ സ്വാധീനത്താൽ പുരാതനസഭയിൽനിന്ന് പിളർന്നു മാറിയ നിരവധി വിഭാഗങ്ങൾ ഉടലെടുത്തു. അവയ്ക്കൊന്നും 'കത്തോലിക്കാസഭ' എന്ന പേരില്ലായിരുന്നു. അവയെല്ലാം കാലാന്തരത്തിൽ ഭൂമുഖത്തുനിന്ന് അന്തർധാനം ചെയ്തു. നൊവേഷ്യന്റെ ശീശ്മ മൂലം റോമാസഭയിൽ പിളർപ്പുണ്ടായി. മോണ്ടനിസം എന്ന പാഷണ്ഡത സഭമുഴുവൻ പിളർപ്പുണ്ടാക്കി. ആരിയനിസം വിവിധ രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെട്ട് ഏകസഭയിൽ വിഭജനം സൃഷ്ടിച്ചു. നിഖ്യായ്ക്കുശേഷം (325) അന്ത്യോക്യയിലെ കത്തോലിക്കരുടെ ഇടയിൽ ഉടലെടുത്ത വിഭജനം ശീശ്മകൊണ്ടോ പാഷണ്ഡതകൊണ്ടോ ആയിരുന്നില്ല. മെലേഷ്യസ് (360-81), പൗളീനസ് (362-88) എന്നിവരുടെ നേതൃത്വത്തിൽ കത്തോലിക്കർ അവിടെ രണ്ടായി പിളർന്നത് തെറ്റിദ്ധാരണകൊണ്ടാണ്.

*കോൺസ്റ്റൻടൈന്റെ മാനസാന്തരഫലം:* കോൺസ്റ്റൻടൈന്റെ മിലാൻ വിളംബരത്തോടുകൂടി (313) കത്തോലിക്കാസഭയ്ക്കു സ്വാതന്ത്ര്യം കിട്ടി. പീഡിപ്പിക്കപ്പെട്ട സഭ സംരക്ഷിക്കപ്പെട്ട സഭയായി മാറി. ജനങ്ങൾ കൂട്ടത്തോടെ ക്രിസ്ത്യാനികളായി. യഥാർത്ഥമായ മാനസാന്തരം കൂടാതെയോ ഒരുക്കം കൂടാതെയോ ക്രിസ്ത്യാനികളായവരും ഇതിൽ ഉൾപ്പെട്ടിരുന്നു എന്ന് പറയപ്പെടുന്നു. ക്രിസ്ത്യാനിയായിരിക്കുക ഒരുന്നതസ്ഥാനമായി പലരും കരുതി. റോമൻ രാഷ്ട്രത്തിലെ പല സംജ്ഞകളും സഭയെടുത്തു. സഭയ്ക്ക് സ്വത്തു കൈവശം വയ്ക്കാം എന്നു വന്നപ്പോൾ പലരും തങ്ങളുടെ പറമ്പുകളും ചെറുതും വലുതുമായ എസ്റ്റേറ്റുകളും മാർപാപ്പായ്ക്കു സമർപ്പിച്ചു. ലാതറൻ കൊട്ടാരവും മറ്റ് ചില കൊട്ടാരങ്ങളും മാർപാപ്പായ്ക്കു സൗജന്യമായി കിട്ടി. മാർപാപ്പാ ഒരു ഭൂവുടമയും രാജാവും ആകുന്നതിന്റെ തുടക്കം ഇവിടെയാണ്. തിയഡോഷ്യസ് ചക്രവർത്തിയോടുകൂടി (395) ക്രിസ്തുമതം രാഷ്ട്രത്തിന്റെ ഔദ്യോഗികമതമായി. ചക്രവർത്തിമാർ കത്തോലിക്കാവിശ്വാസത്തിന്റെ സംരക്ഷകരായി മാറി. ക്രിസ്തുമതത്തിന്റെയും മെത്രാന്മാരുടെയും അവകാശസംരക്ഷണാർത്ഥം നിയമങ്ങൾ പ്രസിദ്ധീകരിച്ചു. ക്രിസ്തീയ അവധിദിവസങ്ങൾ രാഷ്ട്രത്തിന് പൊതുഅവധി ദിവസങ്ങളായി പ്രഖ്യാപിച്ചു.

ഇതോടുകൂടി സഭയും രാഷ്ട്രവും തമ്മിൽ കൈകോർത്തു പോകുന്ന ഒരു പ്രവർത്തനശൈലി ഉടലെടുത്തു. സഭയുടെ സ്വാതന്ത്ര്യവും സഭാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നടപ്പാക്കാനുള്ള കാര്യക്ഷമ

www.malankaralibrary.com


തയും രാഷ്ട്രനേതാക്കന്മാർ അംഗീകരിക്കണം. സഭയെ അവരുടെ പ്രവർത്തനചട്ടുകമായി ഉപയോഗിക്കാൻ പാടില്ല എന്നൊക്കെ ചിന്തിച്ചിരുന്ന സഭാനേതാക്കന്മാർ ഉണ്ടായിരുന്നു. "ചക്രവർത്തി സഭയ്ക്കുള്ളിലാണ് സഭയ്ക്കു പുറത്തല്ല" എന്ന് തിയഡോഷ്യസ് ചക്രവർത്തിയെ വി.അംബ്രോസ് ഓർമ്മിപ്പിച്ചു. രാഷ്ട്രത്തിൽനിന്നും അപരിഷ്കൃത ഭരണകർത്താക്കളിൽനിന്നും സഭയെ സ്വതന്ത്രമാക്കാനും സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനും പല മെത്രാന്മാരും പരിശ്രമിച്ചു. *ജലാസിയൻ തീയറി* എന്നറിയപ്പെടുന്ന തത്ത്വം ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്: "സഭയും രാഷ്ട്രവും എന്ന രണ്ടു പ്രവർത്തനമണ്ഡലങ്ങളുണ്ട്; ഒന്ന് മറ്റൊന്നിന്റെ പ്രവർത്തനത്തിൽ കൈകടത്താൻ പാടില്ല. എന്നാൽ ആത്മീയാധികാരമാണ് ആത്യന്തികമായി ഭൗതികാധികാരത്തേക്കാൾ ശ്രേഷ്ഠമായിട്ടുള്ളത്. തർക്കമുണ്ടാകുമ്പോൾ ആത്മീയാധികാരത്തിന്റെ അഭിപ്രായത്തിനു മുൻതൂക്കം കൊടുക്കണം. കാരണം, ലൗകികാധികാരികളുടെ ആത്മരക്ഷയുടെ ചുമതലയും ആത്മീയാധികാരത്തിനാണ്". പോപ്പ് ജലാസിയുസിന്റെ പേരിൽ (492)ഇതറിയപ്പെടുന്നതുകൊണ്ടാണ് ജലാസിയൻ തീയറി എന്ന് ഇതിനെ വിളിക്കുന്നത്.

എന്നാൽ ഈ തത്ത്വം എന്നും പാലിക്കപ്പെട്ടില്ല. പ്രബലരായ ലൗകികാധികാരികൾ സഭയെ നിയന്ത്രിക്കാനും ഭരിക്കാനും കീഴ്പ്പെടുത്താനും ശ്രമിക്കുന്നതായി കാണാം. ജസ്റ്റീനിയൻ ചക്രവർത്തിയുടെ (527-65) നയം "സീസറോ-പേപ്പിസം" എന്നാണ് അറിയപ്പെടുന്നത്. റോമൻ സാമ്രാജ്യത്തിന്റെ ഐക്യമായിരുന്നു ജസ്റ്റീനിയന്റെ ലക്ഷ്യം. രാഷ്ട്രീയമായ ഐക്യത്തിന് മതപരമായ ഐക്യം ആവശ്യമാണെന്ന് കരുതിയ ജസ്റ്റീനിയൻ ചക്രവർത്തി സഭയുടെയും രാഷ്ട്രത്തിന്റെയും നേതൃത്വം ഏറ്റെടുത്തു; രണ്ടും ഒന്നായി കണ്ടു. രണ്ടിന്റെയും സംരക്ഷണം അവകാശപ്പെട്ടു. കത്തോലിക്കാ വിശ്വാസത്തിനെതിരായി നിലകൊണ്ട പാഷണ്ഡരെയും ശീശ്മക്കാരെയും അമർച്ച ചെയ്യുന്ന ഒരു നയം ജസ്റ്റീനിയൻ സ്വീകരിച്ചു. പീഡിപ്പിക്കപ്പെട്ട സഭ ജസ്റ്റീനിയന്റെ നേതൃത്വത്തിൽ പീഡിപ്പിക്കുന്ന സഭയായി മാറി. അദ്ദേഹം സഭയെ സ്റ്റേറ്റ് സിസ്റ്റത്തിനുള്ളിലാക്കി. ആത്മീയവും ലൗകികവുമായ അധികാരങ്ങളെല്ലാം കൂട്ടിക്കലർത്തി; ആത്മീയകാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഇമ്പീരിയൽ അധികാരത്തിന്റെ സ്വാഭാവിക ധർമ്മമായി കരുതി. കത്തോലിക്കാപ്രബോധനം എന്താണെന്നും പാഷണ്ഡത എന്താണെന്നും ജസ്റ്റീനിയൻ തീരുമാനിച്ചു. റോമിലെ മെത്രാനുൾപ്പെടെയുള്ള ഉന്നത

www.malankaralibrary.com


സഭാധികാരികളെകൊണ്ട് തൻെറ ഹിതം അംഗീകരിപ്പിക്കാൻ ജസ്റ്റീനിയൻ ശ്രമിച്ചു. അംഗീകരിക്കാത്തവരെ അറസ്റ്റു ചെയ്യാനും ജയിലിലടയ്ക്കാനും പീഡിപ്പിക്കാനും അദ്ദേഹം മടിച്ചില്ല. ജസ്റ്റീനിയൻെറ ഈ നയം മധ്യകാലഘട്ടത്തിലെ ഫ്യൂഡൽ വ്യവസ്ഥിതിയിൽ സാർവത്രികമായി കാണാൻ കഴിയും.

ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ ക്രിസ്തുവിൻെറ ശരീരമായ സഭയിലും ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ഉണ്ട്. ബാഹ്യമായ മാനുഷികഘടകങ്ങൾ മാനുഷികബലഹീനതകൾക്ക് വിധേയമാണ്. ആരംഭം മുതൽ നാം ഈ മാനുഷികബലഹീനത കാണുന്നുണ്ട്. അതേസമയം ദൈവം ആന്തരികമായി സഭയെ സംരക്ഷിക്കുന്നു. മധ്യകാലഘട്ടത്തിൽ ഈ മാനുഷികബലഹീനത വളരെ പ്രകടമാണ്. ബലഹീനരായ മനുഷ്യർ മൂലം സഭയുടെ മുഖം എത്ര വിരൂപമായി ചിത്രീകരിക്കപ്പെട്ടു എന്ന് മധ്യകാലചരിത്രം ചുണ്ടിക്കാണിക്കുന്നു.

ക്രൈസ്തവസഭ രക്ഷാകരസന്ദേശം ഗ്രേക്കോ-റോമൻ സാംസ്കാരിക പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചത്. അവയെ സഭ സ്വാംശീകരിച്ചു സ്വന്തമാക്കി. 476-ൽ റോമാസാമ്രാജ്യം തകർന്നെങ്കിലും അതോടൊപ്പം പുരാതനസംസ്കാരം തകർന്നടിഞ്ഞില്ല. റോമൻ സാമ്രാജ്യത്തെ ആക്രമിച്ച് കീഴടക്കിയ കിരാതവർഗക്കാരെ ഒന്നൊന്നായി സഭ മാനസാന്തരപ്പെടുത്തി, നല്ല ക്രിസ്ത്യാനികളാക്കി. ഈ കിരാതന്മാർ പുരാതന റോമൻ സംസ്കാരത്തിൻെറ സംരക്ഷകരും അവകാശികളുമായി മാറി. ക്രിസ്ത്യാനികളായിത്തീർന്ന ഈ അപരിഷ്കൃതർ ജസ്റ്റീനിയനേക്കാൾ കൂടുതലായി സഭയെ സ്വാധീനിക്കാൻ തുടങ്ങി. ലൗകികാധികാരികളിൽ നിന്ന് സഭയെ സ്വതന്ത്രമാക്കി നിർത്തി രക്ഷാകരസന്ദേശം പ്രചരിപ്പിക്കാൻ സഭ ശ്രദ്ധിച്ചു. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ ലൗകികമേധാവിത്വത്തിൽനിന്ന് സ്വതന്ത്രമായി നില്ക്കാനുള്ള ശ്രമം സദാ കാണാം. വിശ്വാസവും ദൈവവചനവും കൃപാവരത്തിൻെറ കൗദാശികജീവിതവും പകർന്നുകൊടുക്കാനാണ് സഭ ഈ സ്വാതന്ത്ര്യം ആവശ്യപ്പെട്ടത്.

www.malankaralibrary.com

# 2

## മധ്യകാലഘട്ടം (7th -16th c.)

മധ്യകാലഘട്ടത്തിൽ ക്രിസ്തുമതത്തിന്റെ കേന്ദ്രം മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നുമാറി പശ്ചിമയൂറോപ്പായിത്തീർന്നു. 476-ൽ പാശ്ചാത്യറോമാസാമ്രാജ്യം അപരിഷ്കൃതരുടെ കിരാതാക്രമണത്തിനു വിധേയമായി. എന്നാൽ അവർ ക്രിസ്തുമതം സ്വീകരിച്ചതോടെ പുതുരക്തം സഭയിലേക്കു കടന്നുവന്നു. സഭാനേതൃത്വം അവർ ഏറ്റെടുത്തു. ഇന്നത്തെ പശ്ചിമ യൂറോപ്പിലെ സഭയുടെ ചരിത്രമാണ് മധ്യകാലസഭാചരിത്രമായി ഗ്രന്ഥങ്ങളിൽ പൊതുവെ കാണുക.

റോമൻ സാമ്രാജ്യത്തിൽ കിഴക്കും പടിഞ്ഞാറും ഉണ്ടായിരുന്ന സഭകൾ ഏകസഭയുടെ രണ്ടു ശാഖകളായി, രണ്ട് സഹോദരീസഭകളായി, ആദ്യം മുന്നോട്ട് പോയെങ്കിലും മധ്യകാലഘട്ടത്തിൽ അവ രണ്ടു വഴിക്ക് വളരാൻ തുടങ്ങി. കിഴക്കും പടിഞ്ഞാറും തമ്മിൽ വേർപിരിഞ്ഞ വർഷമായി 1054 നെ പൊതുവെ ചിത്രീകരിക്കാറുണ്ടെങ്കിലും പ്രസ്തുത തീയതിക്കുശേഷവും ഒന്നിച്ചുനീങ്ങി. മധ്യകാലഘട്ടത്തിൽ ചില ഐക്യ പരിശ്രമങ്ങൾ നടന്നെങ്കിലും അവ വിജയിച്ചില്ല. ഐക്യം അഥവാ കൂട്ടായ്മ പൂർണമായി വിച്ഛേദിക്കപ്പെട്ടില്ല; എന്നാൽ രണ്ടുവഴിക്കായിരുന്നു വളർച്ച. ലത്തീൻസഭ ഒരു വഴിക്കു വളർന്നു. അത് മധ്യകാലഘട്ടത്തിലുടനീളം കത്തോലിക്കാസഭയായി വിളിക്കപ്പെട്ടു; ഗ്രീക്കുസഭ അഥവാ ബിസന്റയിൻ സഭ മറ്റൊരുവഴിക്കു വളർന്നു. അത് ഓർത്തഡോക്സ് സഭയായി അറിയപ്പെട്ടു. എന്നാൽ ഇരു സഭകളും കാതോലികമാണ്, ഓർത്തഡോക്സുമാണ്. സംശയമില്ല.

കിഴക്കുള്ള മറ്റ് സഭകൾ ഇസ്ലാമിന്റെ ഉരുക്കുമുഷ്ടിയിൽ അമർന്നു: അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, ജറുസലേം പാത്രിയാർക്കേറ്റുകളെ

www.malankaralibrary.com



ഇസ്ലാം തളർത്തിക്കളഞ്ഞു. വലിയ മതപീഡനം ഉണ്ടായി; നിരവധിപേർ കൊല്ലപ്പെട്ടു. അനേകർ ഇസ്ലാം സ്വീകരിച്ചു. ഈ സഭകൾ തന്നെ പല തട്ടുകളിലും പല നേതൃത്വങ്ങളുടെ കീഴിലുമായി വിഭജിക്കപ്പെട്ടിരുന്നു. നെസ്തോറിയൻ, ഏകസ്വഭാവതർക്കങ്ങളിൽ ഉൾപ്പെട്ട് കലഹിച്ചു കഴിഞ്ഞ ഇവരെ ഇസ്ലാം വേഗം കീഴ്പ്പെടുത്തി. ഇസ്ലാം ആധിപത്യത്തോടു കൂടി ഇവരുടെ സംഖ്യ ഗണ്യമായി കുറഞ്ഞു. ഈജിപ്ത്, വടക്കൻ, വടക്കുപടിഞ്ഞാറൻ ആഫ്രിക്ക, അറേബ്യ, പലസ്തീന, സിറിയാ, ടർക്കി എന്നിവിടങ്ങളിൽ ക്രിസ്ത്യാനികളുടെ സംഖ്യ ഗണ്യമായി കുറഞ്ഞു. പാശ്ചാത്യറോമാസാമ്രാജ്യം ആക്രമിച്ചു കീഴടക്കിയ അപരിഷ്കൃതരെ മാനസാന്തരപ്പെടുത്താൻ പാശ്ചാത്യസഭയ്ക്കു സാധിച്ചതുപോലെ ഒന്ന് പൗരസ്ത്യദേശത്തു നടന്നില്ല. ആക്രമണകാരികളായ അറബികൾ, തുർക്കികൾ, മംഗോളിയർ എന്നിവരെ ക്രിസ്ത്യാനികളാക്കാൻ അവർക്കു കഴിഞ്ഞില്ല. അതിനുള്ള സാഹചര്യം പൗരസ്ത്യദേശത്തില്ലായിരുന്നു. വിഭജിക്കപ്പെട്ട സഭാനേതൃത്വം, തമ്മിലടിച്ച് കലഹിച്ച് ശക്തിനശിച്ച സഭകൾ എന്നിവ ഇതിനു നിർണായകഘടകങ്ങളാണ്. ദൈവിക പരിപാലനയിൽ പൗരസ്ത്യസഭകൾക്ക് അപ്രകാരം ഒരു ദൗത്യം ഉണ്ടായിരുന്നു. എന്നാൽ ചരിത്രം മറ്റൊരു വഴിക്കു തിരിഞ്ഞതായിട്ടാണ് നാം കാണുക. ആഫ്രിക്കൻ വൻകര, ഏഷ്യയുടെ ഇതരഭാഗങ്ങൾ എന്നിവിടങ്ങളിലൊക്കെ പ്രചരിക്കേണ്ട രക്ഷാകരസന്ദേശം മെഡിറ്ററേനിയൻ കടലിനു ചുറ്റും ഒതുങ്ങി നിന്നു. അറബി ആക്രമണത്തെ ചെറുത്ത് അവരെ ഈ സന്ദേശത്തിലേക്കാനയിക്കാൻ സഭയുടെ ബലഹീനത നിമിത്തം സാധിച്ചില്ല. ഏഴാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽതന്നെ ഇസ്ലാം ഈ സഭകളെ വിഴുങ്ങിക്കളഞ്ഞു. ബിസൻറയിൻ സഭ റഷ്യയിലും കിഴക്കൻ യൂറോപ്പിലും സുവിശേഷം പ്രസംഗിച്ച് തങ്ങളുടെ ദൗത്യം നിറവേറ്റി. പേർഷ്യൻ സഭ മധ്യേഷ്യയിലും ചൈനവരെയും രക്ഷാകരസന്ദേശം പ്രചരിപ്പിച്ചെങ്കിലും കാലത്തിൻെറ കുത്തൊഴുക്കിൽ പെട്ട് ഈ സഭകൾ നശിച്ചു പോയി. അന്ത്യോക്യ, അലക്സാണ്ഡ്രിയ, ജറുസലേം, ആഫ്രിക്കൻ സഭകളുടെ സ്ഥിതി ഇതല്ലായിരുന്നു. തങ്ങളുടെ ദൗത്യനിർവഹണത്തിൽ ഈ സഭകൾ വിജയിച്ചില്ല. ഇവർ ചെയ്യേണ്ട കടമ 16-ാം നൂറ്റാണ്ടിനുശേഷം പാശ്ചാത്യസഭയിൽപ്പെട്ട കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായ മിഷനറിമാരാണ് നിർവഹിച്ചത്.

സഭാപിതാക്കന്മാരുടെ കാലത്ത് കൂട്ടായ്മയിൽ വർത്തിച്ച സഭകൾ പില്ക്കാലത്ത് സംസർഗത്തിൻെറയും കൂട്ടായ്മയുടെയും കുറവുകൊണ്ട്

www.malankaralibrary.com



ഓരോ വഴിക്കു വളർന്നു. പരസ്പരം മനസ്സിലാകാത്ത ശൈലികൾ ചില പ്പോഴൊക്കെ സ്വീകരിച്ചു. മധ്യകാലഘട്ടത്തിൽ പാശ്ചാത്യസഭയുടെ ഭാഗത്തുനിന്നുണ്ടായ കുരിശുയുദ്ധത്തിൻെറ ഫലമായി പാശ്ചാത്യരും പൗരസ്ത്യരും തമ്മിലുള്ള സമ്പർക്കത്തിനവസരം ഉണ്ടായി. എന്നാലത് സംയുക്തഫലമാണ് പുറപ്പെടുവിച്ചത്. കോപ്റ്റിക്,സിറിയൻ, അർമേനി യൻ, എത്യോപ്യൻ സഭകൾ മറ്റുസഭകളോടുള്ള സംസർഗമോ, പൊതു വായ സഭാജീവിതമോ കൂടാതെ വളർന്നതിനാൽ, പിതാക്കന്മാരുടെ കാലത്തെ സഭയിൽ നിലനിന്ന ചില ദൈവികപാരമ്പര്യങ്ങളെയും സഭാ ജീവിതത്തെയും തള്ളിപ്പറയാൻ തുടങ്ങി. തങ്ങളുടെ ഒറ്റപ്പെട്ട ജീവി തത്തെ ന്യായീകരിക്കുന്ന സഭാശാസ്ത്രം രൂപപ്പെടുത്താൻ ഉള്ള പരി ശ്രമങ്ങൾ ചിലയിടങ്ങളിലുണ്ടായി. സഭകളുടെ ഇടയിൽ റോമാസഭ യ്ക്കുള്ള സ്ഥാനം, റോമിൽ പത്രോസിൻെറ പിൻഗാമിക്കുള്ള സമു ന്നതനില, കൂട്ടായ്മയിൽ വർത്തിക്കേണ്ടതിൻെറ ആവശ്യകത എന്നിവ നിഷേധിച്ചു പറയാനുള്ള പ്രവണത ഉരുത്തിരിഞ്ഞു. അതുപോലെ, ഏകപക്ഷീയമായ വളർച്ചയുടെ ഫലമായി റോമാസഭയും റോമാസഭാ ദ്ധ്യക്ഷനും സഭാപിതാക്കന്മാരുടെ കാലത്തെ സഭയിൽ റോമിനുണ്ടായി രുന്ന സ്ഥാനത്തേക്കാൾ കൂടുതലായ ഒരു സ്ഥാനത്തെപ്പറ്റി ചിന്തി ക്കാനും 'എല്ലാ സഭകളുടെയും മാതാവാണ് റോമാസഭ' എന്ന് സ്വയം ചിത്രീകരിക്കാനും തുടങ്ങി. എല്ലാ സഭകളും ക്രിസ്തുവിൻെറ സഭകളാ യിരിക്കാൻ റോമൻ സഭാനേതൃത്വത്തിന് *നേരിട്ട്* കീഴ്പ്പെട്ടിരിക്കണം എന്നും ആദ്യനൂറ്റാണ്ടുകാലത്തെ സഭാജീവിതം പോരാ എന്നും ചിന്തി ക്കാനും തുടങ്ങി. ഇങ്ങനെ, ഒറ്റപ്പെട്ട വളർച്ചയുടെ ഫലമായി വ്യത്യസ്ത സഭാശാസ്ത്രങ്ങളും സഭാപാരമ്പര്യങ്ങളും സഭാജീവിതവും ഉരുത്തി രിഞ്ഞു.

മധ്യകാല പാശ്ചാത്യസഭയിൽ അത്മായരുടെ അമിതവും അനാ വശ്യവുമായ സ്വാധീനം ഉണ്ടായി. *അത്മായമേധാവിത്വം (Lay Domination)* എന്ന് ഇതറിയപ്പെടുന്നു. ഫ്യൂഡലിസത്തോടുകൂടിയാണ് അത്മായ സ്വാധീനം വർദ്ധിച്ചത്. ചാർളിമെയിനാണ് ഇത് തുടങ്ങിയത്. സ്വാധീന മുള്ള അത്മായകുടുംബങ്ങൾ റോമൻ മെത്രാന്മാരെയും കൂരിയായേയും സ്വാധീനിക്കയും നിയന്ത്രിക്കയും ചെയ്തിരുന്നു. ഇത് പാശ്ചാത്യസഭ യിൽ ഉടനീളം കാണപ്പെട്ട പ്രവണതയായിരുന്നു. റോമിലെ മെത്രാൻ മറ്റ് പൗരസ്ത്യസഭാധ്യക്ഷന്മാരെപ്പോലെ ഒരാദ്ധ്യാത്മികാദ്ധ്യക്ഷൻ എന്ന നില വിട്ട് ഒരു ഫ്യൂഡൽ പ്രഭുവും രാജാവും പാശ്ചാത്യലോകത്തെ

www.malankaralibrary.com



ശക്തനായ രാഷ്ട്രീയനേതാവുമായി. തന്റെ രാജ്യത്തെ ജനങ്ങളുടെ സംരക്ഷകനും, രാജാവും, നീതി നടത്തുന്നവനും പീഡകനും ഒക്കെയായി. പാപ്പായുടെ ചിത്രം പാടേ മാറി. സഭകളെയും പാത്രിയർക്കീസൻമാരേയും സ്നേഹത്തിൽ ഒന്നിച്ചു നിർത്തുന്ന ആധ്യാത്മികാദ്ധ്യക്ഷൻ എന്ന നിലവിട്ട് പേപ്പൽ സംസ്ഥാനങ്ങളുടെയും യൂറോപ്യൻ രാഷ്ട്രങ്ങളുടെയും താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന വ്യക്തിയായിത്തീർന്നു. തദ്ഫലമായി പൗരസ്ത്യസഭാദ്ധ്യക്ഷന്മാരുമായുള്ള ബന്ധം അറ്റുപോയി. ഈ വിധത്തിലുള്ള പാപ്പാസ്ഥാനം ഏകപക്ഷീയമായി വളർത്തി; അത് നിലനിർത്താനുള്ള നിയമങ്ങളും തത്ത്വങ്ങളും രൂപപ്പെടുത്തി. സംസ്ഥാനം ഉണ്ടായപ്പോൾ തത്വദീക്ഷയില്ലാത്തവരും സുവിശേഷതാല്പര്യം ഇല്ലാത്തവരും പേപ്പസിയിൽ നോട്ടമിട്ടു. അനർഹരായവർ അവിടെ കയറിപ്പറ്റി. ആത്മീയകാര്യങ്ങളിൽ എന്നതിലുപരി സ്വന്തതാല്പര്യങ്ങൾ സംരക്ഷിക്കുന്ന ലൗകിക മനുഷ്യരായിരുന്നു അത്തരക്കാർ. പാശ്ചാത്യലോകത്തെ പ്രബലനായ ലൗകികാധികാരിയായതിനാൽ പാശ്ചാത്യസഭകളിലും രാജ്യങ്ങളിലുമെല്ലാം റോമിലെ മെത്രാൻ ഇടപെടാൻ തുടങ്ങി. അത് സാർവത്രികാധികാര ചിന്തയിലേക്ക് വഴി തെളിച്ചു. 'താൻ ദൈവത്തേക്കാൾ അല്പം താഴ്ന്നവനാണെങ്കിലും എല്ലാ മനുഷ്യരേക്കാളും ഉന്നതനാണെന്ന് ചിന്തിക്കാൻ ഇന്നസെൻറ് മൂന്നാമൻ പാപ്പായെ (1198-1216) പ്രേരിപ്പിച്ചത് ഇതാണ്. പാപ്പാ 'ക്രിസ്തുവിന്റെ വികാരിയാണ്' എന്നയാശയത്തിന് പ്രചുരപ്രചാരം കിട്ടിയതും മധ്യകാലഘട്ടത്തിലാണ്.

റോമിലും പേപ്പൽ സംസ്ഥാനങ്ങളിലും ആദ്യമാദ്യം പ്രയോഗിച്ച അധികാരം മധ്യകാലഘട്ടത്തിൽ പാശ്ചാത്യസഭയിലുടനീളം പ്രയോഗിക്കാൻ തുടങ്ങി. റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ പാശ്ചാത്യസഭയിൽ ഉരുത്തിരിഞ്ഞു. സഭാപിതാക്കന്മാരുടെ കാലത്തെ സഭയിൽ ഇല്ലാത്ത ഒരു സ്ഥിതി വിശേഷമായിരുന്നു ഇത്.

www.malankaralibrary.com

3

# റോമൻ സാമ്രാജ്യത്തിലേക്കുള്ള കുടിയേറ്റങ്ങൾ

**റോ**മൻ സാമ്രാജ്യത്തിൻെറ അതിർത്തിയിലുടനീളം സൈനിക കാവൽ ഉണ്ടായിരുന്നു. അതിർത്തിക്കപ്പുറത്തുനിന്ന് വിവിധ ജർമ്മാനിക് വംശജർ സാമ്രാജ്യത്തിനുള്ളിലേക്കു കടക്കാൻ അവസരം നോക്കിക്കൊണ്ടിരുന്നു. മധ്യേഷ്യയിൽനിന്ന് *ഹൂണന്മാർ* തങ്ങൾക്കു മുമ്പിലുള്ള ജനപദങ്ങളെ മുന്നോട്ട് തള്ളിനീക്കിക്കൊണ്ട് പടിഞ്ഞാറോട്ടു നീങ്ങിയത് അതിർത്തികളിലേക്ക് *ജർമ്മാനിക്ക് വംശങ്ങളെ* കൂടുതൽ അടുപ്പിച്ചു. റോമൻ സൈന്യം മിക്കപ്പോഴും ഇക്കൂട്ടരെ സൈന്യത്തിലേക്കു സഹായികളായി റിക്രൂട്ട് ചെയ്തിരുന്നു. വളരെ വിശാലമായ സാമ്രാജ്യത്തിൽ ജനസാന്ദ്രത വളരെ കുറവായിരുന്നു. സൈന്യത്തിൻെറ അറിവോടുകൂടി കുടുംബസമേതം കടന്ന് കൃഷി ചെയ്തും മറ്റും ജീവിച്ചവരുണ്ട്. സൈന്യം ബലഹീനമായപ്പോൾ കടന്നാക്രമണം നടത്തി കടന്നു കയറിയവരുമുണ്ട്. 500 മുതൽ 1000 വരെയുള്ള വർഷങ്ങളിൽ ഒന്നിനുപുറകെ ഒന്നായി ജർമ്മാനിക് ജനത കടന്നുകയറി അവരുടേതായ രാജ്യങ്ങളും സാമ്രാജ്യവും സ്ഥാപിച്ചതായി കാണാം. മധ്യകാലഘട്ടത്തിൻെറ ആദ്യഭാഗം എന്നും *ഇരുണ്ട കാലഘട്ടം* എന്നും പല ചരിത്രകാരന്മാരും ഈ കാലഘട്ടത്തെ വിളിക്കുന്നു. പുരാതന റോമൻസംസ്കാരം തകർന്നില്ലാതാകാതെ കാത്തുസൂക്ഷിച്ചത് ക്രിസ്തുമതമാണ്. സാമ്രാജ്യം തകർന്നെങ്കിലും സംസ്കാരം സംരക്ഷിക്കപ്പെട്ടു. ക്രിസ്തുമതം അത് കിരാതർക്കു പകർന്നുകൊടുക്കുകയും അവരെ സംസ്കാര സമ്പന്നരാക്കുകയും ചെയ്തു.

www.malankaralibrary.com



റോമൻ സംസ്കാരം അതിൻെറ അത്യുച്ചകോടിയിൽ എത്തി. അലസതയും അസാന്മാർഗികതയും അനീതിയും ഉച്ചനീചത്വങ്ങളും വർദ്ധിച്ചു. അതോടെ അതിൻെറ അധഃപതനവും തുടങ്ങി. സാമ്രാജ്യം ചിന്നിച്ചിതറി. 476 -ൽ പാശ്ചാത്യറോമാസാമ്രാജ്യം തകർന്നു. ഒരു സംസ്കാരവും ഇല്ലാത്ത കിരാതരായ ജർമ്മാനിക് വംശജരുടെ കാല്ക്കീഴമർന്നു ഞെരിഞ്ഞു. എല്ലാ ആക്രമണങ്ങളിലും പതിവുള്ളതുപോലെ ഇവിടെയും രക്തച്ചൊരിച്ചിലും അഗ്നിക്കിരയാക്കലും കൊള്ളയടിക്കലും സാധാരണമായിരുന്നു. ഇക്കാലചരിത്രം കൂടുതലും സന്ന്യാസികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

റോമൻ ഭരണകാലത്തെ *രാഷ്ട്രീയ, സാമ്പത്തിക സുസ്ഥിരത പാടേ നഷ്ടപ്പെട്ടു.* ചെറിയ ചെറിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിരവധി ഭൂഉടമകളും ഇടപ്രഭുക്കന്മാരും നാട്ടുരാജാക്കന്മാരും ഉടലെടുത്തു. *"റോമൻ സമാധാനം"* നൽകിയ സുരക്ഷിതത്വം ഇല്ലാഞ്ഞതിനാൽ റോഡുകൾ താറുമാറായി, *പോസ്റ്റൽ സിസ്റ്റം* തകർന്നു, കപ്പൽപാതകൾ കടൽ കൊള്ളക്കാരുടെ കയ്യിലമർന്നു. വിശാലമായ ഭൂപ്രദേശങ്ങൾ ഒന്നിച്ച് സമാധാനപരമായി ഭരിക്കാനുള്ള കഴിവ് ജർമ്മാനിക് ജനത നേടിയിരുന്നില്ല. ചാർളിമെയിൻ (768-814) മാത്രമാണ് കുറെക്കാലം വിശാലമായ ഭൂപ്രദേശം അടക്കി ഭരിച്ചത്.

*ശിക്ഷണരാഹിത്യം* എങ്ങും നടമാടി. *ധാർമ്മിക നിലവാരം* പൊതുവെ താണു. പുരാതന സംസ്കാരത്തിൻെറ ഭാഗമായി നിലനിന്ന ക്രമം തകർന്നു. ഏതെങ്കിലും തരത്തിൽ മൊത്തത്തിലുള്ള ഐക്യവും ധാർമ്മികതയും നിലനിർത്തിയത് റോമൻ മെത്രാൻെറ നേതൃത്വത്തിൻ കീഴിലുള്ള *കത്തോലിക്കാ സഭ* മാത്രമായിരുന്നു. *ബൗദ്ധികവ്യാപാരങ്ങളി*ലുള്ള താല്പര്യവും ഇക്കാലത്തു കുറവായിരുന്നു. *സുകുമാരകലകളും* വളർന്നില്ല. ഒരു സംസാരഭാഷ എന്ന നിലയിൽ ലത്തീനുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെട്ടു. *ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനീഷ്,* എന്നീ ഭാഷകൾ ഉടലെടുത്തു. ലത്തീൻഭാഷ തന്നെ ലഘൂകരിക്കപ്പെട്ടു. സാഹിത്യം തത്ത്വശാസ്ത്രം എന്നിവയിലുള്ള താല്പര്യം കുറഞ്ഞു. സിസറോ, വിർജിൽ എന്നിവരെ അനുകരിക്കുന്നവർ മാത്രമായിരുന്നു അക്കാലത്തെ പല ചിന്തകരും എഴുത്തുകാരും. എന്നാൽ റോമൻസാമ്രാജ്യം വികസിപ്പിച്ചെടുത്ത പലതും ജനതകൾ പാടേ കളഞ്ഞുകുളിച്ചില്ല. പുരാതന സംസ്കാരം പാടേ തകർന്നു എന്നു പറയാൻ സാധ്യമല്ല. എന്നാൽ പുരാതന സംസ്കാരം അപ്പാടേ തുടർന്നില്ല.

www.malankaralibrary.com



റോമൻ സാമ്രാജ്യത്തിലേക്ക് ഇരച്ചുകയറിയവരിൽ പ്രമുഖർ ഗോതിക് വംശജരായ ജർമ്മൻകാരാണ്. അവരുടെയിടയിൽ *ഒസ്ട്രോ ഗോതിക്, വിസിഗോതിക്* എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. 200-ാമാണ്ടോടുകൂടി വിസിഗോതിക് ജർമ്മൻകാർ ബാൾട്ടിക് പ്രദേശങ്ങളിൽനിന്ന് കരിങ്കടൽ പ്രദേശങ്ങളിലേക്ക് നീങ്ങി. 378-ൽ അവർ തെക്കോട്ടു നീങ്ങി അഡ്രിയാനോപ്പിളിൽ വച്ച് റോമൻ സൈന്യത്തെ പരാജയപ്പെടുത്തി. വാലൻസ് എന്ന റോമൻ ചക്രവർത്തി യുദ്ധത്തിൽ മരിച്ചു. ബാൾക്കൻ പ്രദേശത്തു കൂടി അവർ തെക്കോട്ടും പടിഞ്ഞാറോട്ടും നീങ്ങി കൊലയും കൊള്ളിവയ്പും കൊള്ളയടിക്കലും നടത്തി മുന്നേറി. *410-ൽ അലാറികിന്റെ* നേതൃത്വത്തിൽ (370-410) അവർ ഇറ്റലിയിലൂടെ മുന്നേറി റോം പിടിച്ചെടുത്തു. മൂന്ന് ദിവസത്തേക്ക് അവർ നഗരം കൊള്ളയടിച്ചു. അത് അന്നത്തെ റോമാക്കാരെ ആകെ നടുക്കി. നഗരവാസികളിൽ ചിലരുടെ ചതിപ്രയോഗം മൂലമാണ് ഇതു സാധ്യമായത്. റോമാനഗരത്തെ ആർക്കും കീഴ്പ്പെടുത്താനാവില്ല എന്നതായിരുന്നു പൊതുധാരണ. ലോകാന്ത്യമായിപ്പോലും ഇതിനെ കണ്ടവരുണ്ട്. ഈ പശ്ചാത്തലത്തിലത്രേ വി.അഗസ്റ്റിൻ "ദൈവനഗരം" രചിച്ചത്. റോമിൽനിന്ന് എടുത്തുകൊണ്ടു പോകാവുന്നവയൊക്കെ അവർ എടുത്തു. നൂറ്റാണ്ടുകളായി പണിതുയർത്തിയ റോമൻനഗരം മൂന്നു ദിവസം കൊണ്ട് അവർ കൊള്ളയടിച്ചു വിരൂപമാക്കി. കണ്ണിൽകണ്ട സ്ത്രീകളെയൊക്കെ പിടിച്ചുകൊണ്ടു പോയി. അവിടെനിന്ന് അവർ തെക്കോട്ടു നീങ്ങി. എന്നാൽ അലാറിക് പെട്ടെന്ന് മരിച്ചതിനാൽ (410) അവർ വടക്കോട്ടു തിരിച്ച് ഫ്രാൻസിലൂടെ സ്പെയിനിലേക്കു കടന്നു. അടൗൾഫ് എന്നയാൾ അതിന് നേതൃത്വം നൽകി. പിന്നാലെ വന്ന *ഫ്രാങ്ക്സ്* (507) ഫ്രാൻസിൽനിന്ന് അവരെ പൂർണമായി സ്പെയിനിലേക്ക് ഓടിച്ചു. സ്പെയിനിലെ ചെറിയരാജ്യം മുസ്ലീം ആക്രമണം വരെ (8-ാം നൂറ്റാണ്ട്) നിലനിന്നു. ഈ വിസിഗോത്യർ ആരിയൻ ക്രിസ്തുമതത്തിലേക്കാണ് മാനസാന്തരപ്പെട്ടത്. അതുകൊണ്ട് റോമൻ കത്തോലിക്കാ സഭയുടെ പ്രവർത്തന ധാരയിൽ ഇഴുകിച്ചേരാൻ ആദ്യമൊന്നും ഇവർക്കു കഴിഞ്ഞില്ല.

*ഒസ്ട്രോഗോത്യർ* കരിങ്കടൽ പ്രദേശത്തു നിന്നുതിരിച്ച് ഇറ്റലിയിൽ കടന്നു. വിസിഗോത്യർക്കുശേഷം അവർ റോം ആക്രമിച്ചു. അവസാനത്തെ റോമൻ ചക്രവർത്തിയായ *റോമുളൂസ് അഗസ്റ്റസിനെ 476-ൽ* പരാജയപ്പെടുത്തി. തിയഡൊറിക് എന്ന നേതാവിന്റെ നേതൃത്വത്തിൽ (489-526) ഏതാണ്ട് സമാധാനപൂർവം ഭരിച്ചു. അവരും ആരിയൻ മതവി

www.malankaralibrary.com



ശ്വാസികളായിരുന്നതിനാൽ ഇറ്റലിയിലെ കത്തോലിക്കരുമായി ഇഴുകിച്ചേർന്നു പോകാൻ അവർക്കു കഴിഞ്ഞില്ല. ജസ്റ്റീനിയൻ ചക്രവർത്തിയുടെ ഭരണകാലത്ത് അവരെ ഇറ്റലിയിൽ നിന്ന് വടക്കോട്ട് ഓടിച്ച് ഒരു ശക്തിയല്ലാതാക്കിതീർത്തു. അങ്ങനെ അവർ ചരിത്രത്തിൽനിന്ന് അന്തർധാനം ചെയ്തു.

മറ്റൊരു കുടിയേറ്റക്കാരാണ് *വാൻഡൽസ്*. അവർ അഞ്ചാം നൂറ്റാണ്ടിൽ ഫ്രാൻസിൽകൂടി കടന്ന് തെക്കൻ സ്പെയിനിൽ കുറേനാൾ താമസിച്ചു. അവർ കടൽ കടന്ന് വടക്കൻ ആഫ്രിക്കൻ കടൽതീരപ്രദേശങ്ങളിൽ എത്തി അവിടം പിടിച്ചടക്കി സ്വന്തമാക്കി. വാൻഡൽ ആക്രമണത്തിന്റെ അവസരം അഗസ്റ്റിൻ മരണക്കിടക്കയിൽ കിടക്കുകയായിരുന്നു. കാർതേജിൽനിന്ന് മെഡിറ്ററേനിയൻ കടലിലെ പല ദ്വീപുകളിലും കടന്നാക്രമണം നടത്തി. *455-ൽ അവർ റോം ആക്രമിച്ച് കവർച്ച നടത്തി* കടന്നുകളഞ്ഞു. തകർക്കലിനും ക്രൂരതയ്ക്കും കുപ്രസിദ്ധരായിരുന്നു വാൻഡൽസ്. ജസ്റ്റീനിയൻ ചക്രവർത്തി 6-ാം നൂറ്റാണ്ടിൽ അവരെ പരാജയപ്പെടുത്തി. സാംസ്കാരികമായി യാതൊന്നും ഇവർ സംഭാവന ചെയ്തില്ല. *ഗൈസറിക്* ആയിരുന്നു വാൻഡൽ നേതാവ്. വലിയൊരു നാവികവ്യൂഹത്തെ അയാൾ സംഘടിപ്പിച്ചു. യാതൊരു തത്വദീക്ഷയുമില്ലാത്ത കിരാതനും കൊള്ളക്കാരനും കാട്ടാളനുമായിരുന്നു അയാൾ. കണ്ണിൽ കണ്ടതൊക്കെ നശിപ്പിച്ചു കടന്നുപോയി.

*ഹൂണന്മാർ* മധ്യേഷ്യയിൽനിന്നു വന്ന ഒരു കിരാതവർഗമായിരുന്നു. അവരും യൂറോപ്പിലേക്കു കടന്നുവന്ന് തങ്ങൾക്കു മുമ്പിലുണ്ടായിരുന്ന ജർമ്മാനിക്, സ്ലാവിക് ജനതകളെ മുന്നോട്ട് ഓടിച്ചു. *അറ്റില* എന്ന നേതാവിന്റെ നേതൃത്വത്തിൽ കൊള്ളയടിച്ചും കാണുന്നവരെയൊക്കെ സൈന്യത്തിൽചേർത്തും മുന്നോട്ടു ഗമിച്ചു. റോമാക്കാർ ഫ്രാൻസിൽവച്ച് അവരുമായി 451-ൽ ഏറ്റുമുട്ടി. ഉടനെ അവർ ഇറ്റലിയിലേക്കു കടന്നു. അവർ റോമിലേക്കു കടക്കാതിരുന്നത് ലെയോ മാർപാപ്പായുടെ ഇടപെടൽകൊണ്ടു മാത്രമായിരുന്നു എന്നു പറയപ്പെടുന്നു. പെട്ടെന്നുണ്ടായ പകർച്ചവ്യാധി നിമിത്തം അറ്റില പിന്മാറി. അന്നത്തെ യുറോപ്യൻ ജനതയുടെ പേടിസ്വപ്നമായിരുന്നു ക്രൂരന്മാരായ ഈ കിരാത വർഗക്കാർ. കാലക്രമത്തിൽ അവർ മറ്റ് ജനപദങ്ങളിൽ ലയിച്ച് അപ്രത്യക്ഷരാകുകയോ 455-ൽ തിരികെ പോകുകയോ ചെയ്തു.

*ബുർഗുൺഡിയരും ലൊംബാർഡുകളും* ജർമ്മാനിക് ജനതകളായിരുന്നു. 443-ൽ ബുർഗുൺഡിയർ റോൺ-സാവോൺ പ്രദേശങ്ങളി

www.malankaralibrary.com



ലേക്കു കുടിയേറി. ബുർഗുൺഡി എന്നറിയപ്പെടുന്ന ഒരു പ്രദേശം ഇന്ന് ഇവരുടെ പേരിൽ ഫ്രാൻസിലുണ്ട്. ലൊംബാർഡുകൾ എന്ന ജർമ്മാനിക് വിഭാഗം ആൽപ്സ് കടന്ന് ഉത്തര ഇറ്റലിയിൽ താമസമാക്കി. പോ നദീ തീരത്തിലെ ലൊംബാർഡി അവരുടെ പേരിലറിയപ്പെടുന്നു. ഷീറി, അലാൻസ്, സ്വേവി എന്നിവരും റോമൻസാമ്രാജ്യത്തിലേക്കു കടന്ന അപരിഷ്കൃതരായിരുന്നെങ്കിലും അവരൊക്കെ സ്ഥലത്തെ ജനപദ ങ്ങളിൽ ലയിച്ചുചേർന്നു.

*ആംഗിൾസ്, സാക്സൺസ്* എന്നീ ഗോത്രക്കാരും ബാൾട്ടിക് പ്രദേ ശത്തുനിന്നുള്ള ജർമ്മാനിക് വംശജരായിരുന്നു. അവർ അടുത്തുള്ള ബ്രിട്ടനിലേക്കു കുടിയേറി. 410-420-ൽ റോമാക്കാർ ബ്രിട്ടൻ എന്ന പ്രോവിൻസ് ഉപേക്ഷിച്ചു. അപ്പോൾ അവിടെ കയറിപ്പറ്റാൻ മേല് പ്പറഞ്ഞവർക്ക് എളുപ്പമായി. അവിടെയുണ്ടായിരുന്ന കെൽറ്റിക് വംശ ജരെ അവർ നിർമ്മാർജനം ചെയ്ത് തങ്ങളുടെ രാജ്യം സ്ഥാപിച്ചു. രാജ്യ ത്തിന് ഇംഗ്ലണ്ട് (ആംഗ്ലിയ) എന്ന് പേരുമിട്ടു. മറ്റ് ജർമ്മാനിക് വിഭാഗ ക്കാരെപ്പോലെ ഇവർ ക്രിസ്ത്യാനികളല്ലായിരുന്നു. റോമൻ സംസ്കാരവു മായി ബന്ധപ്പെട്ടവരും അല്ലായിരുന്നു.

ഫ്രാങ്കുകൾ, ആഹെൻ (Aix-la-Chapelle) കേന്ദ്രമാക്കി ഒരു രാജ്യം സ്ഥാപിച്ചു. കാലക്രമത്തിൽ പുരാതന റോമൻസാമ്രാജ്യത്തിൻെറ സ്ഥാനത്ത് താരതമ്യേന ചുരുങ്ങിയ പ്രദേശങ്ങളിലാണെങ്കിലും ഒരു രാജ്യം സ്ഥാപിക്കാനും അതിനെ വിശുദ്ധ റോമാസാമ്രാജ്യം എന്നു വിളി ക്കാനും അവർക്കു കഴിഞ്ഞു. ഫ്രാങ്കുകളിലെ ഒരു വിഭാഗമായ സാലി യൻ (മെറൊവിൻജിയൻ) 5/6 നൂറ്റാണ്ടുകളിൽ ഈ രാജ്യത്തിന് അടിത്തറ സ്ഥാപിച്ചു. ചാൾസിൻെറ (കാൾമാൻ അഥവാ ചാർളിമെയിൻ) നേതൃ ത്വത്തിൽ അതു വളർന്ന് *കാറോളിൻജിയൻ* എന്ന പേരിൽ ഒരു ഫ്രാങ്കിഷ് രാജ്യം സ്ഥാപിച്ചു. 800-ാമാണ്ടിൽ സ്ഥാപിതമായ വിശുദ്ധ റോമാസാമ്രാ ജ്യത്തിൽ പുരാതന റോമാസാമ്രാജ്യത്തിലെ പല പ്രോവിൻസുകളും ഉൾപ്പെട്ടിരുന്നു. ചാൾസിൻെറ കാലത്തു മാത്രമേ ഇതു നിലനിന്നുള്ളു. 9/10 നൂറ്റാണ്ടുകളിൽ അതു പിളർന്നുപിളർന്ന് അവസാനം ഫ്യൂഡലി സത്തിൽ കലാശിച്ചു.

മെറൊവിൻജിയൻ ഫ്രാങ്കിഷ് രാജാക്കന്മാരിൽ ആദ്യത്തെ പ്രമു ഖൻ ക്ലോവിസ് (481-511)ആണ്. 486-ൽ അവർ അവസാനത്തെ റോമൻ ജനറലിനെ തോല്പിച്ചു. തുടർന്ന് *അലമാനി* എന്ന ജർമ്മൻ ജനതയെ കീഴടക്കി. *വിസിഗോത്യരെ* 507-ൽ പരാജയപ്പെടുത്തി. ക്ലോവിസ് കത്തോ

www.malankaralibrary.com



ലിക്കാ വിശ്വാസം സ്വീകരിച്ച് റോമൻ ജനതയോടുചേർന്നു. അയാളുടെ ഭാര്യ കത്തോലിക്കയായിരുന്നു. അവളുടെ പരിശ്രമഫലമായിട്ടാണ് അയാൾ കത്തോലിക്കാവിശ്വാസം സ്വീകരിച്ചത്. മെറൊവിൻജിയൻ രാജ്യം അന്തഃച്ഛിദ്രങ്ങൾകൊണ്ടും കുടിപ്പകകൊണ്ടും ചതിപ്രയോഗങ്ങൾകൊണ്ടും താറുമാറായിരുന്നു. അവസാനത്തെ രാജാവിനെ കൊട്ടാരത്തിലെ മേയർ (പ്രധാനമന്ത്രി) *ചാൾസ് മാർട്ടെൽ* (714-741) നീക്കി ഭരണാധികാരിയായി. അതുമുതലാണ് കാറോളിൻജിയൻ ഭരണം തുടങ്ങുക. അയാൾ 732-ൽ ടൂഴ്സിനടുത്തുവച്ച് മുഹമ്മദീയരെ പരാജയപ്പെടുത്തി. ചാൾസ് മാർട്ടലിൻെറ മകനായ *പെപ്പിൻ*(741-768) ഫ്രാങ്കുകളുടെ രാജാവ് എന്ന സ്ഥാനസംജ്ഞ എടുത്തു. റോമിലെ മാർപാപ്പയുമായി സന്ധിയുണ്ടാക്കി; ലൊംബാർഡുകളെ തോല്പിച്ചു. പിടിച്ചെടുത്ത സ്ഥലങ്ങൾ പേപ്പൽ സംസ്ഥാനങ്ങളോടു ചേർത്തു. ഇതിൻെറ ഫലമായി റോമിന് പാശ്ചാത്യലോകത്ത് ശക്തരായ സഹായികളുണ്ടായി. തുടർന്നു ഭരിച്ച ചാർലിമെയിൻെറ കാലത്ത് റോമും ഫ്രാങ്കുകളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢതരമായി. ചാർളിമെയിൻ സാക്സൺകാരെ കീഴടക്കി. ജർമ്മൻ പ്രദേശങ്ങൾ തൻെറ രാജ്യത്തോടു ചേർത്തു.

*നോർമൻകാർ* എന്നറിയപ്പെടുന്ന സ്കാൻഡിനേവിയൻ അപരിഷ്കൃതർ എട്ടുമുതൽ പതിനൊന്നുവരെയുള്ള നൂറ്റാണ്ടുകളിൽ (790-1066) പശ്ചിമയൂറോപ്യൻ പ്രദേശങ്ങളിൽ ഇരച്ചുകയറി കൊള്ളനടത്തി. സ്വീഡൻ, നോർവെ, ഡന്മാർക്ക് എന്നിവിടങ്ങളിലെ ജനപ്പെരുപ്പം നിമിത്തമാണ് അവരുടെ പുറപ്പാടും കൊള്ളയും. വടക്കുനിന്നുള്ളവർ എന്ന അർത്ഥത്തിലാണ് നോർത്മെൻ, നോർമെൻ എന്ന് ഇവരെ വിളിച്ചിരുന്നത്. വൈകിങ്ങ്സ്, വരാൻജിയൻസ്, നോർഡ്മെൻ എന്നൊക്കെ വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത സ്ഥലങ്ങളിൽ ഇവർ അറിയപ്പെട്ടിരുന്നു. അക്കാലത്ത് യൂറോപ്പിൽ കെട്ടുറപ്പുള്ള പ്രബല ശക്തികളില്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു. ഫ്യൂഡൽ പ്രഭുക്കന്മാരും ഇടപ്രഭുക്കന്മാരും തമ്മിലടിച്ച് ശക്തിനശിച്ചിരുന്ന കാലഘട്ടത്തിൽ ഇവർ കടന്നുവന്ന് കൊള്ളയടിച്ച് കടന്നുകളഞ്ഞിരുന്നു. "നോർമൻ ആക്രമണത്തിൽ നിന്ന് രക്ഷിക്കണമേ" എന്ന് ഇക്കാലത്തെ പ്രാർത്ഥനപ്പുസ്തകങ്ങളിൽ എഴുതിച്ചേർത്തു. ഫ്രാൻസിലെ *നോർമൻഡി* കേന്ദ്രമാക്കിയാണ് അവർ ആക്രമണം നടത്തിയത്. ബ്രിട്ടൻെറ വടക്കൻ പ്രദേശം, അയർലൻഡിൻെറ കിഴക്കൻ ഭാഗം, ഇംഗ്ലണ്ട്, തെക്കേ ഇറ്റലി, ചില റഷ്യൻ പ്രദേശങ്ങൾ എന്നിവിടങ്ങൾ ഒക്കെ അവരുടെ സ്വാധീനത്തിൽ വന്നു. 911-ഓടുകൂടി

www.malankaralibrary.com



നോർമൻകാരെ ഫ്രാങ്കുകളുടെ നാട്ടിൽ സ്ഥിരതാമസക്കാരായി തുടരാൻ അനുവദിച്ചു. ഇംഗ്ലണ്ട്, ഡന്മാർക്ക്, നോർവേ എന്നിവയുടെ ഭാഗങ്ങൾ ഉൾപ്പെട്ട ഒരു രാജ്യം 1017-ൽ *കനൂട്ട്* എന്ന ഡേനീഷ് രാജാവ് ഭരിച്ചു.

കാലാന്തരത്തിൽ ഈ വിവിധ അപരിഷ്കൃതരേയും കിരാത വർഗക്കാരെയും മാനസാന്തരപ്പെടുത്തി കത്തോലിക്കാസഭയുടെ വിശ്വാസത്തിൽ കൊണ്ടുവരുവാൻ സാധിച്ചു. അയർലണ്ടിൽനിന്നുള്ള കെൽട്ടിക് മിഷനറിമാർ ഇക്കാര്യത്തിൽ സ്തുത്യർഹമായ പങ്കുവഹിച്ചു. മാനസാന്തരപ്പെട്ട ഈ ജനപദം മറ്റ് അപരിഷ്കൃതരെ ക്രിസ്ത്യാനികളാക്കാൻ പരിശ്രമിച്ചു.

*സ്ലാവുകൾ:* കരിങ്കടൽ തീരത്തുള്ള പ്രിപെറ്റ് പ്രദേശത്തുനിന്ന് സ്ലാവ് വംശജർ പടിഞ്ഞാറോട്ടു നീങ്ങി ഇന്നത്തെ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ താമസം തുടങ്ങി. 9/10 നൂറ്റാണ്ടോടുകൂടിയാണ് അവർ ക്രിസ്തുമതവുമായി ബന്ധപ്പെടുക. ജർമ്മൻ, മാഗ്യാർ (ഹംഗേറിയൻ), അവാർ കുടിയേറ്റത്തോടെയാണ് സ്ലാവിക് ഐക്യം തകർന്നത്. കാലക്രമത്തിൽ ഇവരും ക്രിസ്തുമതം സ്വീകരിച്ചു. 6-ാം നൂറ്റാണ്ടോടുകൂടി ഇവരിൽ ചിലർ ക്രിസ്ത്യാനികളായി. എന്നാൽ ചാർളിമെയിനാണ് പടിഞ്ഞാറുനിന്നുള്ള സംഘടിതരീതിയിലുള്ള മതപ്രചരണനടപടി സ്ലാവുകളുടെ ഇടയിൽ നടത്തിയത്. ബിസൻറയിൻ ലോകത്തുനിന്ന് വി.സിറിലും വി.മെതോഡിയസും (850) സ്ലാവുകളുടെ മാനസാന്തരത്തിൽ ശ്രദ്ധിച്ചു. ഈ സഹോദരൻമാരാണ് സ്ലാവുകളുടെ അപ്പസ്തോലന്മാർ.

www.malankaralibrary.com

# 4

# പ്രേഷിതപ്രവർത്തനം

റോമൻ സാമ്രാജ്യവുമായി ബന്ധപ്പെട്ട ജർമ്മൻ ഗോത്രങ്ങളിലെ ചില മനുഷ്യർ റോമൻ കാലഘട്ടത്തിൽ തന്നെ അപൂർവമായി ക്രിസ്ത്യാനികളായി. ചില ഫ്രാങ്കിഷ്-ജർമ്മൻകാരെ റോമാക്കാർ സൈന്യത്തിലേക്ക് റിക്രൂട്ടുചെയ്തിരുന്നു. അവരിൽ ചിലർ വളരെ ഉയർന്ന നിലകളിലും എത്തിയിരുന്നു. അവരൊക്കെ ക്രിസ്തുമതം സ്വീകരിച്ചു. 5-ാം നൂറ്റാണ്ടുമുതലാണ് ഇത് കൂടുതലായി വ്യാപിച്ചത്. അതുപോലെ റോമൻ സാമ്രാജ്യവുമായി സഖ്യത്തിൽകഴിഞ്ഞ ചില ഗ്രൂപ്പുകൾ (foederati) കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. ഇപ്രകാരം സ്പെയിനിലെ സ്വേവി, ബുർഗുൺഡിയർ, ഫ്രാങ്ക്സ് എന്നിവർ സമൂഹമായി ആര്യനിസത്തിൽ നിന്ന് കത്തോലിക്കാ വിശ്വാസത്തിലേക്ക് 5-ാം നൂറ്റാണ്ടിൽ മാറി. 476-ൽ റോമാസാമ്രാജ്യം തകരുന്നതിനുമുമ്പാണ് ഇപ്രകാരം സംഭവിച്ചത്.

കരിങ്കടൽ തീരത്തും ഡാന്യൂബ് നദീതടങ്ങളിലും പാർത്തിരുന്ന ഗോതിക്കുകാർ ആരിയൻ ക്രിസ്തുമതത്തിലേക്കാണ് മാനസാന്തരപ്പെട്ടത്. ഉൾഫില ആയിരുന്നു അവരുടെ മെത്രാൻ. ആരിയൻ പാഷണ്ഡത ഇവർ പഠിപ്പിച്ചിരുന്നില്ലെങ്കിലും ഒരു തരം ആരിയൻവിഭാഗമായ "ഹൊമൊയ്യൻ" ആര്യനിസമായിരുന്നു അവരുടേത്. കാലക്രമത്തിൽ ഗോത്യർ, സാമ്രാജ്യത്തിൻെറ പശ്ചിമഭാഗങ്ങളിലേക്കു നീങ്ങി. അവർ വിവിധ അപരിഷ്കൃതഗ്രൂപ്പുകളെ സ്വാധീനിച്ച് തങ്ങളുടെ കൂടെ ചേർത്തു. അങ്ങനെ ജപിഡ്സ്, വാൻഡൽസ്, അലാൻസ്, റൂജി, ഹെറുളി, ഷീറി, ബുർഗുൺഡിയർ, സ്വേവി, ലൊംബാർഡുകൾ എന്നിവരെയൊക്കെ ആര്യൻ ചിന്തയിലേക്കാകർഷിച്ചു. അങ്ങനെ പൗരസ്ത്യദേശത്തെ ആര്യൻപ്രശ്നം ഗോത്യർ വഴി പാശ്ചാത്യദേശത്തേക്കും പരന്നു.

www.malankaralibrary.com


ഡാന്യൂബ് തടത്തിലെ ജർമ്മൻകാരുടെ ഇടയിലെല്ലാം ആരിയനിസം വ്യാപിച്ചു. എന്നാൽ മധ്യകാലഘട്ടത്തിന്റെ ആദ്യപകുതിയിൽ പ്രത്യേകിച്ച് ചാർളിമെയിന്റെ സ്വാധീനത്തിൽ ഇവരൊക്കെ കത്തോലിക്കാ വിശ്വാസത്തിലേക്കു കടന്നുവന്നു.

*അയർലൻഡിൽ* കെൽറ്റിക്ക് വർഗക്കാർ പാർത്തിരുന്നു. അയർലൻഡ് റോമൻസാമ്രാജ്യത്തിന്റെ വെളിയിലായിരുന്നു. സ്കോസ്യ, ഹിബേർണിയാ എന്നൊക്കെ ഇത് അറിയപ്പെട്ടിരുന്നു. ആദ്യമിഷണറിമാർ യുദ്ധത്തടവുകാരായിരിക്കാം. 5-ാം നൂറ്റാണ്ടിൽ പല്ലാഡിയുസ് എന്ന മിഷനറി തെക്കൻ അയർലണ്ടിലും പാട്രിക് (390-460) വടക്കൻ അയർലണ്ടിലും പ്രവർത്തിച്ചു. അനേകം ഗോത്രനേതാക്കന്മാരുടെ കീഴിലായിരുന്ന ഐറിഷുകാരെ സുവിശേഷ സന്ദേശത്തിലേക്ക് ആനയിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിനു കഴിഞ്ഞു.അയർലണ്ടിന്റെ അപ്പസ്തോലനായി അറിയപ്പെടുന്ന ആളാണ് പാട്രിക്. 6-ാം നൂറ്റാണ്ടുമുതൽ ആശ്രമങ്ങളെ കേന്ദ്രീകരിച്ചാണ് അവിടുത്തെ ക്രിസ്തുമതം വളർന്നത്. ആബട്ട്-മെത്രാന്മാരായിരുന്നു സഭാധ്യക്ഷന്മാർ. നേരത്തെതന്നെ അവിടെ ഉണ്ടായിരുന്ന രൂപതകൾ തന്നെയും മേല്പറഞ്ഞ രീതിയിൽ ആശ്രമങ്ങളെ കേന്ദ്രീകരിച്ച് പുനർ രൂപീകരണവിധേയമായി. കൊളുംബാ (521-594) എന്ന ഐറിഷ് മിഷനറി സ്കോട്ട്ലൻഡിൽ പിക്റ്റ്സ് (Picts) വംശജരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച് അവരുടെ അപ്പസ്തോലനായി. അവിടെ സുവിശേഷപ്രസംഗം തുടങ്ങിയത് നിനിയൻ (400) എന്ന മിഷനറി ആയിരുന്നു. കൊളുംബാ, യോണാ ദ്വീപിൽ ഒരാശ്രമം പണിതു. അത് സ്കോട്ടിഷ് സഭാകേന്ദ്രമായി. അവിടെനിന്ന് മിഷനറിമാർ വൻകരയിലെത്തി പ്രവർത്തനം നടത്തി. അത്തരത്തിൽ പെട്ട ഒരാളാണ് മറ്റൊരു കൊളുംബാ(530-615). ആദ്യകാലത്ത് അയർലണ്ടിലെ സഭയ്ക്ക് ഏതാണ്ട് സ്വന്തമായി ലിറ്റർജിയും സഭാസംവിധാനങ്ങളും ഉണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ അവയെല്ലാം റോമൻ രീതികളുമായി അനുരൂപപ്പെടുത്തി. ഈ സഭ കാലക്രമത്തിൽ വളരെ ചൈതന്യവത്തായ ഒരുസഭയായിത്തീർന്നു. ധാരാളം മിഷനറിമാർ ഇവിടെനിന്ന് പല സ്ഥലങ്ങളിലേക്കും പോയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

*ഫ്രാങ്കുകളുടെ* മാനസാന്തരം യൂറോപ്പിലാകമാനം ക്രിസ്തുമത പ്രചരണത്തിനാക്കം കൂട്ടി. മെറൊവിൻജിയൻ രാജവംശം സ്ഥാപിച്ച ക്ലോവിസ് (481-511),488/9 കത്തോലിക്കാവിശ്വാസം സ്വീകരിച്ച് സ്നാനപ്പെട്ടു. റോമൻ സാമ്രാജ്യത്തിലുണ്ടായിരുന്ന കത്തോലിക്കാ മെത്രാന്മാർ

www.malankaralibrary.com


ഫ്രാങ്കിഷ് ജനതയുടെ ക്രൈസ്തവീകരണത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. ഗാള്ളോ-ഫ്രാങ്കിഷ് സഭ വളരെ വേഗം വളർന്നു. ചുറ്റുമുള്ള സ്ഥലങ്ങളുടെ മാനസാന്തരത്തിലും ശ്രദ്ധിച്ചു. മെത്രാന്മാരുടെ സിനഡുകൾ കൂടി സഭാനവീകരണസംബന്ധമായ പല തീരുമാനങ്ങളും എടുത്തു. റോമൻസഭയുമായുള്ള കൂട്ടായ്മ നിലനിർത്തിക്കൊണ്ടുതന്നെ തങ്ങളുടേതായ രീതിയിൽ അവർ വളർന്നുവന്നു. ഒരു ഗാള്ളിക്കൻ ലിറ്റർജി തന്നെ അവിടെയുണ്ടായി. ക്ലോവിസിനോടുകൂടി ഏതാണ്ട് 3000 ഫ്രാങ്കുകൾ ക്രിസ്ത്യാനികളായി. തുടർന്ന് *ഫ്രാൻസിലെ* സഭയെ പുനസംഘടിപ്പിക്കാൻ ക്ലോവിസ് ശ്രദ്ധിച്ചു. തുടർന്ന് ഷ്ളോട്ടർ II (584/613-629) ദഗബേർട്ട്(623/9-639) എന്നിവരുടെ നേതൃത്വത്തിൽ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ അലമാനി, ബർഗുൺഡികളുടെ ഇടയിൽ മിഷൻ പ്രവർത്തനം നടന്നു. മെറൊവിൻജിയൻ പ്രദേശങ്ങളിൽ അവശേഷിച്ചിരുന്ന അക്രൈസ്തവരെയും മാനസാന്തരപ്പെടുത്താൻ ഫ്രാങ്കിഷ് നേതൃത്വത്തിനു സാധിച്ചു. സന്ന്യാസാശ്രമങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടന്നത്. അതുപോലെ ബവേറിയൻകാരെയും മാനസാന്തരപ്പെടുത്താൻ ഫ്രാങ്കുകൾ നേതൃത്വം നല്കി. അവരിൽ അവസാനത്തെ വലിയ നേതാവായിരുന്നു കൊർബീനിയൻ (716).

മെറൊവിൻജിയൻ കാലഘട്ടത്തിനുശേഷം വന്ന *കാർലോമാൻ* കാലഘട്ടത്തിലാണ് അവശേഷിച്ച *ജർമ്മൻകാരുടെ* മാനസാന്തരം നടന്നത്. അതിനു നേതൃത്വം കൊടുത്ത ആളാണ് വിൻഫ്രിഡ്-ബോനിഫസ് (680-755). മെറൊവിൻജിയൻ നേതാക്കന്മാർ നിർബന്ധിച്ച് ക്രിസ്തുമതത്തിൽ ആരെയും ചേർത്തില്ല. എന്നാൽ ചാർളിമെയിൻ പലപ്പോഴും പരാജിതസമൂഹങ്ങളെ ക്രിസ്ത്യാനികളാക്കാൻ ഔത്സുക്യം കാണിച്ചു. തുടർന്ന് അവരെ ക്രിസ്തീയവിശ്വാസം പഠിപ്പിക്കുന്നതിനും ക്രിസ്തീയ സംസ്കാരം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. *ജർമ്മനിയുടെ* അപ്പസ്തോലനായിട്ടാണ് ബോനിഫസ് അറിയപ്പെടുന്നത്. ഗ്രിഗറി II പാപ്പായുടെ കാലത്ത് (715-731) ബോനിഫസ് റോം സന്ദർശിച്ചു. പാപ്പാ അദ്ദേഹത്തെ 718-ൽ മിഷനറിയായി വടക്കോട്ടയച്ചു. അദ്ദേഹം ജർമ്മൻ ഗോത്രങ്ങളുടെ ഇടയിൽ പ്രവർത്തിച്ചു. 723-ൽ അദ്ദേഹം വീണ്ടും റോമിൽ ചെന്നപ്പോൾ പാപ്പാ അദ്ദേഹത്തെ മെത്രാനാക്കി. അപ്പോഴാണ് ബോനിഫസ് എന്ന പേരിട്ടത്. 732-ൽ ബോനിഫസ് ജർമ്മനിയിൽ മൈൻസിലെ മെത്രാപ്പോലീത്തായായി. അദ്ദേഹം ഫുൾഡാ കേന്ദ്രമാക്കി സ്ഥാപിച്ച ആശ്രമം മിഷൻപ്രവർത്തനങ്ങളെ നിയന്ത്രിച്ചു. സിനഡുകൾ വിളിച്ചുകൂട്ടി സഭയെ ശക്തിപ്പെടുത്തി.

www.malankaralibrary.com



*ഇംഗ്ലണ്ടിൻെറ* മാനസാന്തരത്തിൽ പല ഘട്ടങ്ങൾ കാണാം. റോമൻ ബ്രിട്ടണിൽ റോമൻ മിഷനറിമാർ എത്തി ബ്രിട്ടീഷുകാരെ ക്രിസ്ത്യാനികളാക്കി. പിന്നെ കടന്നുവന്ന ആംഗിൾസ്, സാക്സൺസ്, ഫ്രീസിയൻസ് ആദിയായ ജർമ്മാനിക് വർഗ്ഗക്കാർ ബ്രിട്ടൻകാരെ തുരത്തി. ക്രിസ്തുമതം ഏതാണ്ട് അസ്തമിച്ച മട്ടായി. എന്നാൽ മെറോവിൻജിയൻ ഫ്രാങ്കുകളുമായുള്ള വിവാഹബന്ധത്തിലൂടെ ക്രിസ്ത്യൻ മിഷനറിമാർ ആംഗിൾസിൻെറ ഇടയിൽ കടന്നു പ്രവർത്തിച്ചുതുടങ്ങി. ഗ്രിഗറി I പാപ്പാ (590-604) ഇവരുടെ മാനസാന്തരത്തിനായി 596-ൽ അഗസ്റ്റിൻ എന്ന ബനഡിക്ടൈൻ സന്ന്യാസിയെയും മുപ്പതു സന്ന്യാസികളെയും അവരുടെ ഇടയിലേക്ക് അയച്ചു. 597-ൽ ഈതൽബർട്ട് രാജാവും ജനങ്ങളും ക്രിസ്ത്യാനികളായി. തുടർന്ന് 597-ൽ അഗസ്റ്റിനെ കാൻറർബറി ആർച്ചുബിഷപ്പായി ഗ്രിഗറി പാപ്പാ വാഴിച്ചു. യോർക്ക് അതിരൂപതയാക്കി. നിരവധി മെത്രാസനങ്ങൾ സ്ഥാപിച്ചു. 604-ൽ അഗസ്റ്റിൻ മരിച്ചു. ഫ്രാൻസ്, അയർലണ്ട്, റോം എന്നീ മൂന്നു കേന്ദ്രങ്ങളിലുള്ള മിഷനറിമാർ ഇംഗ്ലണ്ടിലെ സഭയെ സഹായിച്ചു. ആംഗിൾസിനെ മാനസാന്തരപ്പെടുത്തിയതുപോലെ സാക്സൺകാരെയും മാനസാന്തരപ്പെടുത്തി. ചാർളിമെയിൻെറ കാലത്താണ് ഇതു നടന്നത്. ആൽകുയിൻ എന്ന ദൈവശാസ്ത്രജ്ഞൻ ചാർളിമെയിനെ ഇക്കാര്യത്തിൽ സഹായിക്കുകയും സാക്സൺകാരെ ക്രൈസ്തവ സംസ്കാരത്തിൽ വേരുറപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

# 5

# പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണം

**പാ**ശ്ചാത്യ റോമാസാമ്രാജ്യം 476-ൽ അവസാനിച്ചു. ആ പ്രദേശത്തേക്ക് ഒന്നിനുപുറകെ ഒന്നായി അപരിഷ്കൃതരായ ആളുകൾ തള്ളിക്കയറി. സ്പെയിൻ വിസിഗോത്യരുടെ കാൽക്കീഴമർന്നു. ഗാള്ളിയാ, ഫ്രാങ്കുകളുടെ അധീനതയിലായി. ഇറ്റലിയിൽ തള്ളിക്കയറി താവളമുറപ്പിച്ചത് ലൊംബാർഡുകളായിരുന്നു. പാവിയാ ആസ്ഥാനമാക്കി അവർ ഒരു ചെറിയ രാജ്യം സ്ഥാപിച്ചു. ഈ ജനങ്ങളെ തടഞ്ഞുനിർത്തുന്നതിന് റോമിലെ മാർപാപ്പാമാർ തുടരെത്തുടരെ ബിസൻറയിൻ ചക്രവർത്തിയുടെ സഹായം അപേക്ഷിച്ചെങ്കിലും കാര്യമായ ഫലമുണ്ടായില്ല. കോൺസ്റ്റാൻറിനോപ്പിളിന് റാവെന്നായിൽ ഒരു പ്രതിനിധിയുണ്ടായിരുന്നു. അദ്ദേഹവും ജനങ്ങളെ സംരക്ഷിക്കാൻ അശക്തനായിരുന്നു. റോമും റാവെന്നായും തെക്കേ ഇറ്റലിയും ചില തീരപ്രദേശങ്ങളും അപ്പോഴും ബിസൻറയിൻ സാമ്രാജ്യത്തിൻെറ ഭാഗമായിരുന്നു. ഈ പ്രദേശങ്ങളെ വിഴുങ്ങി ഇറ്റലിയിൽ സ്ഥിരമായി ആധിപത്യം ഉറപ്പിക്കാൻ ലൊംബാർഡുകൾ തക്കംനോക്കിക്കൊണ്ടിരുന്നു. ബിസൻറയിൻ ലോകത്തുണ്ടായ ഛായാചിത്രങ്ങൾ തകർക്കൽ പരിപാടിയും (726-780; 813-843) അതിന് ചില ചക്രവർത്തിമാർ കാണിച്ച താല്പര്യവും സഭാവിരുദ്ധമായിരുന്നു. ഈ മതപരമായ കാരണവും ബിസൻറയിൻ ചക്രവർത്തിമാരിൽ നിന്നകലാൻ റോമിലെ സഭാനേതൃത്വത്തെ കുറെയൊക്കെ പ്രേരിപ്പിച്ചു. തങ്ങളുടെ തകർക്കൽ പരിപാടികൾക്ക് റോമാമെത്രാൻ കൂട്ടുനില്ക്കാത്തതിനാൽ റോമിനെ സഹായിക്കാൻ ചക്രവർത്തിമാർ താല്പര്യം കാട്ടിയുമില്ല. കൂടാതെ ഇസ്ലാമിൻെറ വമ്പിച്ച മുന്നേറ്റത്തെ തടയുന്നതോ

www.malankaralibrary.com



ടൊപ്പം ഇറ്റലി സംരക്ഷിക്കാൻ ചക്രവർത്തിമാർ അശക്തരുമായിരുന്നു. ഈ സാഹചര്യത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ജനങ്ങൾ മാർ പാപ്പായുടെ പക്കലേക്കു തിരിഞ്ഞു. ലെയോ III(717-740) കോൺസ്റ്റൻറയിൻ V (741-775) എന്നീ ബിസൻറയിൻ ചക്രവർത്തിമാർ ഛായാചിത്രങ്ങളെ നിർമാർജനം ചെയ്തുകൊണ്ടിരുന്നതിനാൽ അവരിൽ നിന്ന് ഒരു സഹായവും ഗ്രിഗറി II പാപ്പായ്ക്കും(715-731) ഗ്രിഗറി III പാപ്പായ്ക്കും (731-741) ലഭിച്ചില്ല. ഗ്രിഗറി III ൻെറ കാലത്ത് ലെയോ ചക്രവർത്തി അയച്ച സൈന്യം പേപ്പൽ സ്ഥലങ്ങൾ കയ്യടക്കുകയും ഇല്ലീറിയൻ പ്രോവിൻസ് റോമിൻെറ ഭരണത്തിൽ നിന്ന് അകറ്റി കോൺസ്റ്റാൻറിനോപ്പിളിൻെറ ഭരണത്തിൻ കീഴിൽ കൊണ്ടുവരുകയും ചെയ്തു.

ലൊംബാർഡ് നേതാവ് ലിയുറ്റ്പ്രാൻറ് (712-744) റോമിനെ ആക്രമിച്ചു കീഴ്പ്പെടുത്താഞ്ഞത് ഗ്രിഗറി II പാപ്പായുടെ ഇടപെടലും അഭ്യർത്ഥനയും നിമിത്തമാണ്. കോൺസ്റ്റാൻറിനോപ്പിൾ ചക്രവർത്തിക്കെതിരെയുയർന്ന ജനരോഷം നിയന്ത്രിക്കാനും മാർപാപ്പായ്ക്ക് ഇടപെടേണ്ടിവന്നു. 650-ഓടുകൂടി ലൊംബാർഡുകൾ കത്തോലിക്കരായി എങ്കിലും ദൂരെയുള്ള ബിസൻറയിൻ സാമ്രാജ്യത്തിലെ പ്രജകളായിരിക്കാനാണ് റോമാക്കാർ ആഗ്രഹിച്ചത്. ലൊംബാർഡ് നേതാവ് റാക്റ്റിസ് (744-749), ഐസ്റ്റൾഫ് (749-756) എന്നിവരെയും ഒരു പരിധിവരെ നിയന്ത്രിച്ചു നിർത്തിയത് മാർപാപ്പാമാരായിരുന്നു. ഐസ്റ്റൾഫ് ശക്തമായ ആക്രമണം അഴിച്ചുവിട്ടപ്പോൾ സ്റ്റീഫൻ II മാർപാപ്പാ (752-7) ഫ്രാങ്കുകളുടെ സഹായം തേടി. ചാൾസ് മാർട്ടലിൻെറ (717/18-741) മകനായ പെപ്പിൻ (742-768) എല്ലാ സഹായവും വാഗ്ദാനം ചെയ്തു. പെപ്പിൻെറ മകനെ രാജ്യാവകാശിയായി പ്രഖ്യാപിച്ചു. പെപ്പിൻ വന്ന് ലൊംബാർഡുകളെ തോല്പിച്ചു. പെപ്പിൻ പിടിച്ചെടുത്ത സ്ഥലങ്ങൾ പേപ്പൽ സംസ്ഥാനങ്ങളോടു ചേർക്കപ്പെട്ടു. എന്നാൽ പെപ്പിൻ തിരികെ പോയപ്പോൾ ലൊംബാർഡുകൾ വീണ്ടും കടന്നാക്രമണം നടത്തി. ഇതിൽ കുപിതനായ പെപ്പിൻ വീണ്ടും വന്ന് ലൊംബാർഡുകളെ പരാജയപ്പെടുത്തി. ഒരു പ്രമാണരേഖ ഉണ്ടാക്കി, മാർപാപ്പായ്ക്കു വിട്ടുകൊടുക്കേണ്ട സ്ഥലങ്ങളുടെ കൃത്യവിവരണം തയ്യാറാക്കി. അവയുടെമേൽ മാർപാപ്പാമാർക്ക് പൂർണാധികാരവും നൽകി. "പെപ്പിൻെറ ദാനം" എന്ന് ഇതറിയപ്പെടുന്നു. അങ്ങനെ പേപ്പൽ സംസ്ഥാനങ്ങൾ വിപുലമായി. റോം കേന്ദ്രമാക്കി മധ്യ ഇറ്റലിയിൽ മാർപാപ്പായുടെ നേതൃത്വത്തിൽ ഒരു സ്വതന്ത്ര സംസ്ഥാനമുണ്ടായി. ക്രിസ്തുവർഷം 754-ൽ ആണ് പെപ്പിൻെറ ദാനം. കാല

www.malankaralibrary.com



ക്രമത്തിൽ കൂടുതൽ സ്ഥലങ്ങൾ അതോടു ചേർക്കപ്പെട്ടു. ആധ്യാത്മികാചാര്യനായ മാർപാപ്പായ്ക്കു രാജ്യം ഉണ്ടായപ്പോൾ അതിനു പല അനന്തരഫലങ്ങളുമുണ്ടായി. യാതൊരാധ്യാത്മികതയുമില്ലാത്ത അധികാരമോഹികളും ലൗകായതികന്മാരും ലൗകികനേട്ടം കാംക്ഷിച്ച് പാപ്പാസ്ഥാനം കവർന്നെടുക്കാൻ ഇതു വഴിതെളിച്ചു. അതുപോലെ ലൗകികനേട്ടങ്ങളെപ്രതി ഇതു തട്ടിയെടുക്കാൻ ഉപജാപങ്ങളും കുടുംബകലഹങ്ങളും തെരുവുയുദ്ധങ്ങളും ഉണ്ടാകാനും സാധ്യതകളേറി. ഈ സ്ഥാനത്തേക്കു യാതൊരുതരത്തിലും അർഹതയില്ലാത്ത വെറും ലൗകായതികന്മാർ കയറിപ്പറ്റുകയും ആത്മീയകാര്യങ്ങളെക്കാൾ ലൗകികകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു. രക്ഷകനും പിതാവുമായിരിക്കേണ്ട വൈദികസ്ഥാനി മർദ്ദകനും വിധിയാളനുമായിത്തീർന്നു. അത്തരം സംഭവങ്ങൾ പേപ്പൽ സംസ്ഥാനരൂപീകരണത്തോടുകൂടി ഉണ്ടായി.

രാഷ്ട്രീയാധികാരത്തോടുകൂടി സഭാധികാരികളുടെ ലാളിത്യം ആഡംബരജീവിതത്തിനു വഴിമാറിക്കൊടുത്തു. രാജാക്കന്മാരുടെ അരമനകളിലെ സുഖസൗകര്യങ്ങൾ മെത്രാന്മാരുടെയും മാർപാപ്പാമാരുടെയും വസതികളിലുണ്ടായി. എല്ലാ വ്യാപാരങ്ങളിലും ഈ പ്രൗഢി കാണാമായിരുന്നു. രാജകീയ വേഷവിധാനങ്ങൾ, രാജകീയാരമനകളിലെപ്പോലെ വൈദികർക്കു സ്ഥാനങ്ങൾ നല്കൽ എന്നിവയുടെ ആരംഭവും ഇവിടെയാണ് നാം കാണുക. ഇവയെല്ലാം അധഃപതനത്തിലേക്കു നയിച്ചു.

ഈ ആഡംബരത്തിനു പിൻബലം നല്കുന്ന ഒരു രേഖ 8-ാം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗത്തു പ്രത്യക്ഷപ്പെട്ടു. "കോൺസ്റ്റന്റൈന്റെ ദാനം" എന്ന് ഇതറിയപ്പെടുന്നു. പാശ്ചാത്യസാമ്രാജ്യത്തിലുടനീളം ലൗകികാധികാരവും സഭയ്ക്കുള്ളിൽ പരമാധികാരവും പാപ്പായ്ക്കു പ്രദാനം ചെയ്യുന്ന വ്യാജരേഖയാണിത്. കോൺസ്റ്റന്റൈൻ ചക്രവർത്തി (†337) സിൽവെസ്റ്റർ പാപ്പായ്ക്ക് (314-355) നല്കിയതായിട്ടത്രെ ഈ രേഖ. രാജകീയ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും ഒക്കെ കോൺസ്റ്റന്റൈൻ കല്പിച്ചനുവദിച്ചതായിട്ടാണ് രേഖ.

www.malankaralibrary.com

# 6

# ചാർളിമെയിനും വിശുദ്ധ റോമാസാമ്രാജ്യവും

മാർപാപ്പാമാർക്ക് പേപ്പൽ സ്റ്റേറ്റുകൾ കൊടുത്ത പെപ്പിൻെറ മകനാണ് ചാർളിമെയിൻ(768-814). പെപ്പിൻ സഭാനവീകരണാർത്ഥം പല സിനഡുകൾ വിളിച്ചുകൂട്ടി. വി. ബോനിഫസ് (680-754) അദ്ദേഹത്തെ ഇക്കാര്യത്തിൽ സഹായിച്ചു. ചാർളിമെയിൻ സഭയെ നിയന്ത്രിക്കയും തൻെറ വരുതിയിൽ നിർത്താൻ ശ്രമിക്കുകയും ചെയ്തു. സഭാസ്വത്തുക്കളൊക്കെ കണ്ടുകെട്ടിയതിനാൽ സഭാസ്ഥാപനങ്ങൾ വിഷമസന്ധിയിലായി. അതിനുപകരം ജനങ്ങൾ *ദശാംശം* കൊടുക്കണം എന്നു നിർദ്ദേശിച്ചു. സഭാസംബന്ധമായ സംഗതികളൊക്കെ രാഷ്ട്രീയാധികാരികളെ ആശ്രയിച്ചു ചെയ്യണം എന്ന നില വന്നു.

ചാർളിമെയിൻെറ കാലത്ത് സഭയും രാഷ്ട്രവും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി. രണ്ടും അത്രമാത്രം കെട്ടുപിണഞ്ഞു കിടന്നു. തൻെറ രാഷ്ട്രീയാധികാരം ഉറപ്പിക്കാൻ സഭയെ അദ്ദേഹം കരുവാക്കി. തൻെറ ഭരണം ഒരു ദൈവികഭരണമായി അദ്ദേഹം കരുതി. കോൺസ്റ്റൻടൈനേക്കാളും ജസ്റ്റീനിയനേക്കാളും സഭാകാര്യങ്ങളിൽ അദ്ദേഹം തല്പരനായിരുന്നു. ദൈവജനത്തിൻെറ പുതിയ ദാവീദായി സ്വയം കരുതി. വെറുമൊരു അത്മായനായിരുന്ന അദ്ദേഹം പുരോഹിതരേക്കാൾ ഉന്നതനും ഏതാണ്ട് മാർപാപ്പായ്ക്കു സമനുമാണെന്നു ചിന്തിച്ചു. മാർപാപ്പാ പ്രാർത്ഥിച്ചുകഴിഞ്ഞുകൂടേണ്ടയാളാണ്; സഭാകാര്യങ്ങൾ താൻ നോക്കിക്കൊള്ളാം എന്നുവരെ തൻെറ ഒരു കത്തിൽ അദ്ദേഹം ലെയോ III മാർപാപ്പായെ ഓർമ്മിപ്പിച്ചു. അദ്ദേഹം നിരവധി സിനഡുകൾ വിളിച്ചു

www.malankaralibrary.com



കൂട്ടി, വൈദികർക്കും ജനങ്ങൾക്കും നിയമങ്ങളുണ്ടാക്കി. അവ നടപ്പാക്കുന്നതിന് മേൽനോട്ടക്കാരെ നിയമിച്ചു. വൈദികരുടെ രഹസ്യജീവിത പരിശോധനയ്ക്കായി പരിശോധകരെ വച്ചു. ആരാധനക്രമം, സന്ന്യാസ ജീവിതം എന്നിവയിലെല്ലാം *ഐകരൂപ്യം* വരുത്താൻ ശ്രമിച്ചു. റോമൻ ലിറ്റർജി ചില്ലറ കുട്ടിച്ചേർക്കലോടുകൂടി സാമ്രാജ്യത്തിലുടനീളം നടപ്പാക്കി. ഗാള്ളിക്കൻ മൊസ്സാറബിക്, അംബ്രോസിയൻ ലിറ്റർജികൾ ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രം ഒതുക്കി. ബനഡിക്ടൈൻ സന്ന്യാസ നിയമം സാർവത്രികമാക്കി. ജനങ്ങൾ കർത്തൃപ്രാർത്ഥനയും വിശ്വാസ പ്രമാണവും പഠിച്ചിരിക്കണം എന്നും നിശ്ചയിച്ചു. ആർച്ചുബിഷപ്പുമാരെയും മെത്രാന്മാരെയും എല്ലാം ചാർളിമെയിൻ തന്നെ നിയമിച്ചു.

സ്പെയിനിൽ മുസ്ലീങ്ങളുമായി യുദ്ധം നടത്തി. കിഴക്ക് അവാർസ്, സ്ലാവുകൾ എന്നിവരെ കീഴടക്കി. വടക്ക് സാക്സൺ ജനതയെ കീഴടക്കി ക്രിസ്ത്യാനികളാക്കി. സാക്സണിയിലുടനീളം ആശ്രമങ്ങൾ സ്ഥാപിച്ചു. അക്രൈസ്തവരുടെ മാനസാന്തരത്തിൽ ചാർളിമെയിൻ വളരെ ശ്രദ്ധിച്ചു.

എന്നാൽ ഛായാചിത്രങ്ങൾ തകർക്കൽ (ഐക്കൊണോക്ലാസം), ദത്തെടുക്കൽ വാദം എന്നീ പാഷണ്ഡതകൾ ഈ കാലത്ത് സാമ്രാജ്യത്തിലുണ്ടായി. ചാർളിമെയിൻ അവയെ പിന്താങ്ങി. നിഖ്യാവിശ്വാസപ്രമാണത്തിൽ "പുത്രനിൽനിന്നും" (filioque)എന്ന പദം കൂട്ടിചേർത്തു. ഈ മൂന്നുകാര്യങ്ങളിലും റോമിൻെറ ഭാഗത്തുനിന്ന് ശക്തമായ പ്രതിഷേധം ഉണ്ടായി എങ്കിലും ഫ്രാങ്കുകൾ അതു വകവച്ചില്ല.

ബൗദ്ധികകാര്യങ്ങളിലും ചാർളിമെയിൻ ശ്രദ്ധിച്ചു. പാണ്ഡിത്യമുള്ള ഒരു വൈദികസമൂഹത്തെ വാർത്തെടുക്കണമെന്ന ഉദ്ദേശത്തോടുകൂടി സന്ന്യാസാശ്രമങ്ങളോടുചേർന്ന് സ്കൂളുകൾ തുടങ്ങി. അതുപോലെ അരമനകളോടും മറ്റും ബന്ധപ്പെടുത്തിയും സ്കൂളുകൾ ആരംഭിച്ചു. യോർക്കിലെ ആൽകുയിൻ (735-804), റബ്ബാനുസ് മൗരൂസ് (776-856), പസ്കാസിയൂസ് റദ്ബേർതുസ്(†865), റത്രാമ്നുസ് (†868), സ്കോട്ടുസ് എരിയുജേന(†877) എന്നിവർ ഈ കാലഘട്ടത്തിലെ പ്രമുഖരായിരുന്നു. കുർബാനയെ സംബന്ധിച്ച് പസ്കാസിയൂസ് എഴുതിയ "കർത്താവിൻെറ ശരീരവും രക്തവും" എന്ന കൃതി ഒരു വലിയ തർക്കത്തിനു കളമൊരുക്കി. പോപ്പ് ഹഡ്രിയാൻെറ (772-795) നിർദേശപ്രകാരം ചാർളിമെയിൻ ലൊംബാർഡുകളെ പരാജയപ്പെടുത്തി. പിടിച്ചെടുത്ത പ്രദേശങ്ങൾ മാർപാപ്പായ്ക്കു നല്കിക്കൊണ്ട് പേപ്പൽസ്റ്റേറ്റിൻെറ വിസ്തൃതി വർദ്ധിപ്പിച്ചു. ലെയോ III (795-816) പാപ്പായുടെ കാലത്ത് ഒരുകൂട്ടം റോമാക്കാർ

www.malankaralibrary.com



വിപ്ലവത്തിനൊരുങ്ങിയപ്പോൾ ചാർളിമെയിൻ റോമിൽവന്ന് വിപ്ലവം അടിച്ചമർത്തി. 800-ാമാണ്ട് ക്രിസ്മസ് ദിവസം ചാർളിമെയിനെ വിശുദ്ധ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി ലെയോ മാർപാപ്പാ കിരീടം ധരിപ്പിച്ചു. പുരാതന റോമൻ സാമ്രാജ്യത്തിന്റെ പുനരുദ്ധാരണമായി പലരും ഇതിനെ ദർശിച്ചു. യൂറോപ്പിൽ ഏകസഭയും ഏക ചക്രവർത്തിയും എന്ന് പലരും ചിന്തിക്കാൻ തുടങ്ങി. ഫ്രാങ്കുകളും റോമും സഹകരിച്ച് പ്രവർത്തിച്ചതുകൊണ്ട് സഭയ്ക്കു പല നേട്ടങ്ങളും അതോടൊപ്പം കോട്ടങ്ങളും ഉണ്ടായി.

ചാർളിമെയിനുശേഷം ഭരിച്ച ലൂയിസ് (814-840) മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തെങ്കിലും ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാനായില്ല. അനിയാനെയിലെ ബനഡിക്ടിന്റെ നേതൃത്വത്തിൽ (†821) ബനഡിക്ടൈൻ സന്ന്യാസം നവീകരിക്കാൻ ഉള്ള ശ്രമം നടന്നു. ബനഡിക്ടൈൻ സന്ന്യാസപ്രസ്ഥാനത്തിലെ *ആദ്യനവീകരണം* ആയിരുന്നത്.

തുടർന്ന് കാറോളിൻജിയൻ സാമ്രാജ്യം അതിവേഗം അധഃപതനത്തിലേക്കു നീങ്ങി. *വെർദുൻ ഉടമ്പടി പ്രകാരം* (843) സാമ്രാജ്യം മൂന്നായി പങ്കിട്ടു: ഇറ്റലി (ലോതെയർ), ജർമ്മനി(ലൂയിസ്), ഫ്രാൻസ് (ചാൾസ്). അതിനുശേഷമുള്ള കാലഘട്ടങ്ങളിൽ വീണ്ടും വിഭജനമുണ്ടായി. ആഭ്യന്തര കലാപങ്ങളും മത്സരങ്ങളും സാധാരണമായി. തർക്കങ്ങളിലൊക്കെ ഫ്രഞ്ചു മെത്രാന്മാർക്കായിരുന്നു പ്രാമാണ്യം. ആർച്ചുബിഷപ്പ് ഹിൻക്മാർ (845-882) അവരിൽ പ്രശസ്തനാണ്.

ചാർളിമെയിന്റെ സാമ്രാജ്യത്തിലെ സഭതന്നെ പലതട്ടിലായി. ആഭ്യന്തരകലാപങ്ങളിൽ അവർ പല വിഭാഗങ്ങളായി തിരിയേണ്ടിവന്നു. ഓരോ സ്ഥലത്തെയും മെത്രാന്മാർ അതാതു സ്ഥലത്തെ രാജാവിനെ പിന്താങ്ങി. സാമ്രാജ്യത്തിന്റെ അധഃപതനം സഭയ്ക്കു സ്വാതന്ത്ര്യം നേടിക്കൊടുത്തു. ചാർളിമെയിന്റെ "ദൈവികഭരണ" ത്തിൽ നിന്ന് മോചനം ലഭിച്ചു. എന്നാൽ തുടർന്നുള്ള ശിഥിലീകരണത്തിൽ ഏറ്റവും കൂടുതൽ സഹിക്കേണ്ടിവന്നത് സഭയാണ്. ആ കാലഘട്ടത്തിൽ *നിരവധി വ്യാജ കാനോനിക സമാഹാരങ്ങൾ ഉടലെടുത്തു*. 15-ാം നൂറ്റാണ്ടുവരെ ഈ വ്യാജരേഖകളെ ആരും ചോദ്യം ചെയ്തില്ല എന്നതാണ് ആശ്ചര്യകരം.

www.malankaralibrary.com

# 7

# ഫ്യൂഡലിസവും സഭയും

ചാർളിമെയിനുശേഷം (†814) ഫ്രാങ്കിഷ് സാമ്രാജ്യം പലതായി വിഭജിക്കപ്പെട്ടു. 843 ലെ വെർദുൻ ഉടമ്പടിയോടുകൂടി മൂന്നു രാജ്യ ങ്ങളായി. അതിനുശേഷമുണ്ടായ കുടുംബകലഹങ്ങളും രാജ്യവ്യാപക മായ പ്രക്ഷുബ്ധതയും ശിഥിലീകരണത്തിൽ കലാശിച്ചു. 850 മുതൽ 1050 വരെയുള്ള കാലഘട്ടം യൂറോപ്പിനെയും സഭയെയും സംബന്ധിച്ച് ഇരുണ്ട കാലഘട്ടമായിരുന്നു. നിക്കൊളാസ് I പാപ്പായുടെ കാലം (858-867) ഒഴിച്ചാൽ പ്രഗത്ഭരായ മാർപാപ്പാമാർ ഇല്ലായിരുന്നു. നേതൃത്വം നൽകാൻ കഴിവുള്ള രാജാക്കന്മാരും ഇല്ലായിരുന്നു. വടക്കുനിന്ന് നോർമൻകാർ, തെക്കുനിന്നും പടിഞ്ഞാറുനിന്നും മുസ്ലീങ്ങൾ, കിഴക്കു നിന്ന് ഹംഗറിക്കാർ എന്നിവർ ആക്രമണം നടത്തിക്കൊണ്ടിരുന്നു. പ്രഭു ക്കന്മാരും രാജാക്കന്മാരും ഒക്കെ പരസ്പരം മത്സരിച്ചു കഴിഞ്ഞിരുന്നു. കൊള്ളക്കാരും ഫ്യൂഡൽപ്രഭുക്കന്മാരും പള്ളികളും ആശ്രമങ്ങളും കൊള്ളയടിച്ചു. ജന്മിത്ത സമ്പ്രദായം (ഫ്യൂഡലിസം) ഉടലെടുത്തപ്പോൾ സഭയും ഈ സിസ്റ്റത്തിൽ ഒരു ഭൂവുടമയായി. ജന്മികൾ സഭാസ്വത്തു ക്കൾ കയ്യടക്കി. സഭാധികാരികളെ നീക്കുകയും നിയമിക്കുകയും ചെയ്യുക തങ്ങളുടെ കടമയായി ഫ്യൂഡൽ പ്രഭുക്കന്മാർ കരുതി. ചാർളി മെയിന് സാമ്രാജ്യത്തിലെ സഭമേലുണ്ടായിരുന്ന അധികാരങ്ങളൊക്കെ തങ്ങളുടെ കീഴിലുള്ള സഭയിൽ പ്രയോഗിക്കാൻ ജന്മികൾ തത്രപ്പെട്ടു. സഭാശുശ്രൂഷകളെ മറ്റേത് ഉദ്യോഗംപോലെതന്നെ ജന്മികൾ പരിഗ ണിച്ചു. അവ സ്വന്തമെന്നപോലെ കൈകാര്യം ചെയ്തിരുന്നു. രൂപതകൾ തന്നെയും സ്ത്രീധനമായി കൊടുക്കുക, വിലയ്ക്കെടുക്കുക, വിലയ്ക്കു കൊടുക്കുക, ആ വില രൂപതകളിൽനിന്ന് ഈടാക്കുക തുടങ്ങിയ അനാ

www.malankaralibrary.com



ശാസ്യ നടപടികളൊക്കെ ആ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. സഭാധികാരികളെ നിയമിക്കുന്നതിൽ കാണിച്ച കൈകടത്തലാണ് സഭയ്ക്കേറ്റം ദോഷകരമായിത്തീർന്നത്. തങ്ങൾക്കിഷ്ടമുള്ളവരെ ജന്മിമാർ മെത്രാന്മാരായി നിയമിച്ചുവന്നു. ജന്മിക്ക് യുദ്ധത്തിനാവശ്യമായ സൈന്യത്തെ കൊടുക്കാൻ മെത്രാന്മാർ കടപ്പെട്ടിരുന്നു. പൗരോഹിത്യവുമായി ചേർന്നുപോകാത്തതാണ് യുദ്ധസേവനമെങ്കിലും അതിലൊന്നും ആരും അക്കാലത്ത് അപാകത കണ്ടില്ല. അങ്ങനെ സഭയേയും ജന്മിയേയും സേവിക്കേണ്ട ഗതികേട് മെത്രാന്മാർക്കുണ്ടായി. സഭാകാര്യങ്ങളിൽ അനധികൃതമായി കയ്യേറിയവരെ ആരും എതിർക്കാൻ മുതിർന്നില്ല. ഫ്യൂഡലിസം സഭയെ വളരെ ദോഷകരമായി ബാധിച്ചു. സഭാവസ്തുക്കൾ അന്യാധീനപ്പെട്ടു; ആധ്യാത്മികാചാര്യന്മാർ ലൗകികമനുഷ്യരായി മാറി. വെറും ലൗകികമനുഷ്യർ സഭയുടെ തലപ്പത്തു വന്നു. മെത്രാന്മാർ അക്ഷരാർത്ഥത്തിൽ രാജസേവകരായി.

## ജന്മിക്കധീനമായ പള്ളികൾ (Proprietary Church System)

ജന്മികൾ പള്ളികൾ സ്ഥാപിച്ച് സ്വന്തമായി പരിപാലിച്ചുവന്ന സിസ്റ്റം ഈ കാലത്തുണ്ടായി. പള്ളിയും പള്ളിയോടുബന്ധപ്പെട്ട വരുമാനങ്ങളും വസ്തുവകകളും ജന്മിയുടെ വകയാണ്. തന്റെ സേവകനായി ഒരാളെ ചുമതല ഏല്പിക്കുന്നു. അയാൾക്ക് ശമ്പളം ലഭിക്കുന്നു. ജന്മി നിശ്ചയിക്കുന്ന വ്യക്തിക്ക് മെത്രാൻ പട്ടംകൊടുക്കുന്നു. ഇതിനെ തടയാൻ ചില മെത്രാന്മാർ ശ്രമിച്ചെങ്കിലും നടന്നില്ല. പല രൂപതകളിലും ഭൂരിഭാഗം പള്ളികളും ജന്മികളുടെ വകയായിരുന്നു. നല്ല വരുമാനമുള്ള ഒരു ബിസിനസ്സായി കണ്ട് ജന്മിമാർ പള്ളികളിൽ പണം മുടക്കി.ഇതു വഴിയും അത്മായ മേൽക്കോയ്മ സഭയിൽ നിലനിന്നു. ഈ രീതിയില്ലുള്ളതല്ലെങ്കിലും കോൺസ്റ്റാൻറിനോപ്പിളിലും സഭാഭരണത്തിൽ അത്മായരുടെ അമിതമായ കൈകടത്തൽ നടന്നു. 1453വരെ കോൺസ്റ്റാൻറിനോപ്പിളിൽ ബിസൻറയിൻ ചക്രവർത്തിമാരുണ്ടായിരുന്നു. അവർ ബിസൻറയിൻ സഭയിൽ അമിതമായ സ്വാധീനം ചെലുത്തിയ കാലഘട്ടം ഉണ്ടായിട്ടുണ്ട്. ഏതായാലും അത്മായരുടെ അമിതകൈകടത്തൽ സഭയ്ക്ക് ദോഷകരമായി ഭവിച്ചിട്ടുണ്ട്.

www.malankaralibrary.com

# 8

# പാശ്ചാത്യസാംസ്കാരിക നിലവാരം (6th - 11th c.)

*ജർമ്മാനിക് ആക്രമണത്തോടുകൂടി* പാശ്ചാത്യസംസ്കാരം തകർന്നു. *റോമൻ സമാധാനം* പ്രദാനം ചെയ്ത സുസ്ഥിരത സാമൂഹ്യമായും സാംസ്കാരികമായും ഇല്ലാതായി. കല, സാഹിത്യം, തത്ത്വശാസ്ത്രം എന്നിവയെ സംബന്ധിച്ച് ഈ കാലഘട്ടം വളരെ അധഃപതിച്ച നിലയിലായിരുന്നു. ഗണ്യമായ ഒരു പുരോഗതിയും ഉണ്ടായില്ലെന്നു മാത്രമല്ല, അധഃപതനത്തിലേക്കു മൂക്കുകുത്തി വീഴുകകൂടി ചെയ്തു. എട്ട്, ഒൻപത്, പത്ത് നൂറ്റാണ്ടുകളിൽ ഒരുയിർത്തെഴുന്നേൽപ്പിനുള്ള ശ്രമങ്ങളൊക്കെ ഉണ്ടായെങ്കിലും വളരെ ഗണ്യമായ പുരോഗതി ഉണ്ടായില്ല. സുകുമാര കലകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന റോമൻ പ്രഭുക്കന്മാരുടെ സ്ഥാനത്തു കടന്നുവന്ന അപരിഷ്കൃത നേതാക്കന്മാർക്ക് ഇവ ആസ്വദിക്കാനോ, പ്രോത്സാഹിപ്പിക്കാനോ ആരംഭത്തിൽ കഴിവില്ലായിരുന്നു.

എന്നാൽ സാവധാനത്തിൽ വലിയ പള്ളികൾ ഉയർന്നുവന്നു. പള്ളികളിൽ കൊത്തുപണികളും മൊസായിക് പണികളും അലങ്കാരങ്ങളുംകൊണ്ട് നിറയ്ക്കാൻ അവർ ശ്രദ്ധിച്ചില്ല. ചാർളിമെയിൻ പുരാതന കലകളെ പ്രോത്സാഹിപ്പിക്കാൻ ഒട്ടൊക്കെ ശ്രമിച്ചു. അവയൊക്കെ, പുരാതന സംസ്കാരം സ്വന്തമാക്കി പുതിയതിനാരംഭം കുറിക്കുന്നവ മാത്രമായി രുന്നു. *കാറോളിൻജിയൻ നവോത്ഥാനം* എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്.

ഭാഷയിലും മാറ്റം വന്നു. ലത്തീൻ ഭാഷയുടെ വ്യാകരണ വ്യവസ്ഥകളൊക്കെ പാലിക്കാൻ ജർമ്മാനിക് അപരിഷ്കൃതർക്കു കഴിഞ്ഞില്ല.

www.malankaralibrary.com



തത്ഫലമായി പുതിയ ഭാഷകൾ രൂപംകൊണ്ടു. തോമസ് അക്വിനാസിൻെറ കാലത്തുമാത്രമാണ് മുൻകാല വിജ്ഞാനശാഖകളെല്ലാംകൂടി കൈക്കുള്ളിലാക്കി പുത്തൻ അവതരണം നടത്താൻ സാധിച്ചത്. അക്ഷരാഭ്യാസം തീരെ കുറഞ്ഞുപോയ ഈ കാലഘട്ടത്തിൽ വൈദികസ്ഥാനികൾക്കുമാത്രമേ കുറെയൊക്കെ എഴുതാനും വായിക്കാനും അറിയാമായിരുന്നുള്ളു. പുരാതന കയ്യെഴുത്തു പ്രതികൾ സന്ന്യാസികൾ പിൻതലമുറയ്ക്കു പകർത്തിക്കൊടുത്തു. എന്തും വിശ്വസിക്കുന്നവരും അന്ധവിശ്വാസം നിറഞ്ഞവരും കലഹപ്രിയരും ആക്രമണകാരികളുമായ അപരിഷ്കൃതരുടെ ഒന്നിനു പിറകെ ഒന്നായുള്ള ഇരച്ചുകയറ്റത്തിൽ സർവതും തകർന്നടിഞ്ഞു നശിച്ചുപോകാതെ സംരക്ഷിച്ചതു സഭയാണ്. അന്നത്തെ മനുഷ്യരുടെ ജീവിതനിലവാരം ക്രൈസ്തവതത്ത്വങ്ങൾക്കനുസൃതം കരുപ്പിടിപ്പിക്കാൻ സഭ പരിശ്രമിച്ചു. എങ്കിലും സമൂഹത്തിൻെറ സ്വാധീനം സഭയിലും ഉണ്ടായി. വിവാഹിതർ വൈദികാന്തസിൽ കടന്നുവരുന്നത് തുടർന്നു; സഭാധ്യക്ഷന്മാർ യുദ്ധം നയിക്കേണ്ട സാഹചര്യം വന്നു. സന്ന്യാസാശ്രമങ്ങൾ പലപ്പോഴും വേണ്ടത്ര ഉയർന്ന നിലവാരം പുലർത്തിയില്ല. സഭാസ്ഥാനങ്ങളിൽ അയോഗ്യർ കയറിപ്പറ്റി. തകർന്നടിഞ്ഞ ഈ കാലഘട്ടം സഭയെ സംബന്ധിച്ചും അധഃപതനകാലഘട്ടമായിരുന്നു.

യുദ്ധമുന്നണിയിൽ നേതൃത്വം കൊടുക്കാൻ കഴിവുള്ളവർക്ക് സമൂഹത്തിലും സഭയിലും ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരാമായിരുന്നു. അതുപോലെ ഭരണപരമായ കഴിവുകൾ ഉള്ളവർക്കും. ജീവിതവിശുദ്ധി പരിഗണിക്കപ്പെട്ടില്ല എന്നു പറയുന്നതു ശരിയല്ല. എന്നാൽ സ്ഥാനക്കയറ്റങ്ങളും ഉന്നതസ്ഥാനങ്ങളും കയ്യൂക്കുള്ളവരുടെ കൈകളിൽ ആയി. ചുരുക്കത്തിൽ റോമൻ സാമ്രാജ്യത്തിലേക്ക് തള്ളിക്കയറിയ അപരിഷ്കൃതരെ റോമൻ സംസ്കാരത്തിലേക്ക് ആനീതരാക്കുന്ന പ്രക്രിയയാണ് 500-1000 വർഷങ്ങളിൽ നാം കാണുക.

www.malankaralibrary.com

# 9

# പാപ്പാസ്ഥാനത്തിൻെറ അധഃപതനകാലം (10th c.)

ആറാം നൂറ്റാണ്ട് അവസാനിക്കുന്നത് മഹാനായ ഗ്രിഗറിഒന്നാമൻ പാപ്പായോടുകൂടിയാണ്(590-604). വി.ഗ്രിഗറിക്കുശേഷം മധ്യകാലഘട്ടം ആരംഭിക്കുകയായി. പിന്നെ പേരെടുത്തു പറയത്തക്ക വ്യക്തി വിശുദ്ധ അഗാതോ മാർപാപ്പായാണ്(678-681). "ഏകചിത്തവാദം" എന്ന പാഷണ്ഡതയ്ക്കെതിരെ ശക്തിയായി സ്വരം ഉയർത്തി സഭാപ്രബോധനം നിലനിർത്തി. മൂന്നാം കോൺസ്റ്റാൻറിനോപ്പിൾ സിനഡ് (680/1) കൂടാൻ പ്രേരണ നല്കി. പേപ്പൽസംസ്ഥാനങ്ങൾ തുടങ്ങുന്നത് സ്റ്റീഫൻ II (752-7) പാപ്പായോടുകൂടിയാണ്. അദ്ദേഹമാണ് "പെപ്പിൻെറ ദാനം" സ്വീകരിച്ചതും ഫ്രാങ്കുകളുമായി സൗഹൃദം സ്ഥാപിച്ചതും ലൊംബാർഡുകളെ അകറ്റി നിർത്തിയതും. സ്റ്റീഫൻെറ സഹോദരനായ വി.പോൾ I (757-767) പിന്നീട് മാർപാപ്പായായി.

അക്കാലമായപ്പോഴേക്കും പേപ്പൽ സംസ്ഥാനങ്ങൾ കയ്യടക്കാൻ റോമിലെ കുലീനകുടുംബങ്ങൾ ചരടുവലികൾ ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ തോതോ എന്ന പ്രഭു തൻെറ സഹോദരൻ കോൺസ്റ്റൻറയിൻ എന്ന ഭടനെ (767-9) പാപ്പായായി അവരോധിച്ചു. അയാൾ എതിർ പാപ്പായായിരുന്നു. ലൊംബാർഡുകളുടെ സഹായത്തോടെ ക്രിസ്റ്റഫർ എന്ന പ്രഭു തോതോയെ വധിച്ചു. കോൺസ്റ്റൻറയിനെ അന്ധനാക്കി കാരാഗൃഹത്തിലടച്ചു. ലൊംബാർഡുകൾ ഫിലിപ്പ് എന്ന സന്ന്യാസിയെ പാപ്പായായി തിരഞ്ഞെടുത്തെങ്കിലും സ്റ്റീഫൻ എന്ന ആളെ ക്രിസ്റ്റഫർ പാപ്പായാക്കി (768-72). തുടർന്ന് ലൊംബാർഡുകൾ ഇടപെട്ട് ക്രിസ്റ്റഫറിനെയും മകനെയും അന്ധരാക്കി കാരാഗൃഹത്തിലടച്ചു.

www.malankaralibrary.com


തുടർന്ന് ഹഡ്രിയാൻ I പാപ്പായായി (772-795). ഏഴാമത്തെ പൊതു സിനഡ് (നിഖ്യാ II)787-ൽ "പ്രതിമാഭഞ്ജനത്തിന്" എതിരായി കൂടിയത് ഈ കാലത്താണ്. തുടർന്നു ഭരിച്ച വി.ലെയോ III മാർപാപ്പായാണ് (795-816) ചാർളിമെയിനെ 800-ാം ആണ്ടിൽ വിശുദ്ധ റോമാസാമ്രാജ്യത്തിൻെറ ചക്രവർത്തിയായി വാഴിച്ചതും പേപ്പൽ-ഫ്രാങ്കിഷ് ബന്ധം അരക്കിട്ടുറപ്പിച്ചതും. സഭയും രാഷ്ട്രവും കൈകോർത്തുപോകുന്ന നയമാണ് ചാർളിമെയിൻ സ്വീകരിച്ചത്. ചാർളിമെയിനുശേഷം റോമിൽ പാപ്പാസ്ഥാനത്തിനുവേണ്ടി പ്രബലകുടുംബങ്ങൾ തമ്മിൽ ശക്തമായ അധികാര വടംവലികളും തെരുവുയുദ്ധങ്ങളും രക്തച്ചൊരിച്ചിലും നടന്നു.

വി. നിക്കൊളാസ് I പാപ്പാ (858-67) ഇത്തരം ഉപജാപങ്ങളിൽ ഉൾപ്പെടാത്ത വ്യക്തിയായിരുന്നു. സമകാലീനരുടെയും അക്കാലത്തെ മാർപാപ്പാമാരുടെയും ഇടയിൽ കൊടുമുടി കണക്കെ അദ്ദേഹം ഉയർന്നുനിന്നു. ജർമ്മൻ രാജാക്കന്മാരോടുള്ള തർക്കങ്ങളിലും ഫോസിയസുമായുള്ള പ്രശ്നത്തിലും അദ്ദേഹം തല ഉയർത്തിനിന്നു. കുഴഞ്ഞുമറിഞ്ഞ ആ കാലഘട്ടത്തിൽ സമചിത്തതയോടുകൂടി പ്രവർത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു. പിന്നെ വന്ന ഹഡ്രിയാൻ II (867-872)പാപ്പായാണ് 869/70-ലെ "നാലാം കോൺസ്റ്റാൻറിനോപ്പിൾ സിനഡ്" എന്നറിയപ്പെടുന്ന ഫോസിയസിനെതിരെയുള്ള സിനഡിലേയ്ക്ക് പ്രതിനിധികളെ അയച്ചത്. ഇന്ന് ഈ സിനഡിനെ എക്യുമെനിക്കലായി മിക്കവരും പരിഗണിക്കുന്നില്ല. ഈ സിനഡിൻെറ ഡിക്രികളോ നടപടികളോ ഹഡ്രിയാൻ പാപ്പാ അംഗീകരിച്ചില്ല. 867-നും 1048-നും ഇടയ്ക്ക് ഭരിച്ച44 മാർപാപ്പാമാരിൽ ഒൻപതുപേർ ക്രൂരമായി കൊല്ലപ്പെട്ടു.

ജോൺ VIII (872-882) ഭരിച്ച കാലം വളരെ കലുഷിതമായിരുന്നു. രാജാക്കന്മാർ തമ്മിലുള്ള ഘോരയുദ്ധം, റോമിൽ ഉപജാപം നടത്തിയവർ തമ്മിലുള്ള തെരുവുയുദ്ധം, അറബി ആക്രമണം എന്നിവ ജോൺ മാർപാപ്പായെ അലട്ടിക്കൊണ്ടിരുന്നു. എങ്ങുനിന്നും സഹായം കിട്ടാതെ വന്നപ്പോൾ മാർപാപ്പാ തന്നെ ഒരു സൈന്യത്തെ നയിച്ച് അറബികളെ ഓടിച്ചു. എന്നാൽ കവർച്ചക്കാരായ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തിനു വിഷം കൊടുത്തു; മരിച്ചില്ലെന്നു കണ്ട് അവർ ചുറ്റികകൊണ്ട് അദ്ദേഹത്തിൻെറ തല തല്ലിയുടച്ചു. കവർച്ചക്കാർ കൊലചെയ്യുന്ന ആദ്യത്തെ മാർപാപ്പായാണദ്ദേഹം. ഫോസിയസിനെതിരായി 869/70 -ൽ കൂടിയ സിനഡ് റദ്ദാക്കുകയും 879/80-ൽ കുടിയ സിനഡിലേക്ക് കർദ്ദിനാളിനെ അയയ്ക്കു

www.malankaralibrary.com



കയും ചെയ്തത് ജോൺ VIII ആണ്. തുടർന്നു ഭരിച്ച മരീനൂസ് (882-884) മെത്രാൻസ്ഥാനത്തുനിന്നു പാപ്പാസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട വ്യക്തിയാണ്. പലപ്പോഴും ഈ കാലഘട്ടത്തിൽ റോമിലെ പ്രഭുകുടുംബത്തിൽ പെട്ട അത്മായരായിരിക്കും തിരഞ്ഞെടുക്കപ്പെടുക.

പിന്നീട് ഭരണം നടത്തിയ പോപ്പ് ഫോർമോസുസ് (891-6) ചരടുവലികളിൽ സമർത്ഥനും അധികാരം പിടിച്ചെടുക്കാൻ തിടുക്കം കൂട്ടിയ ഒരു പ്രഭുകുടുംബത്തിൻെറ വക്താവുമായിരുന്നു. സ്പൊളേറ്റോയിലെ പ്രഭു ലാംബർട്ട്, രാജാവാകാൻ കൊതിച്ചിരുന്ന ആളായിരുന്നു. ഫൊർമോസൂസ് അയാളെ കിരീടം ധരിപ്പിച്ചു. അതേസമയം ജർമ്മൻ രാജാവായ അർനൾഫുമായി രഹസ്യമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. അർനൾഫ് റോമിലെത്തിയപ്പോൾ പാപ്പാ അയാളെയും രാജാവായി വാഴിച്ചു. ജർമ്മൻ രാജാവ് തിരിച്ചുപോയ അവസരം ലാംബർട്ട് പേപ്പൽ സംസ്ഥാനങ്ങളെല്ലാം പിടിച്ചെടുത്തു. ഫോർമോസുസ് മരിച്ചുപോയതിനാൽ പകരം വീട്ടാൻ അയാൾക്കവസരം ലഭിച്ചില്ല. ഫോർമോസുസിൻെറ എതിർകക്ഷിക്കാരായ പ്രഭുക്കന്മാർ പിന്നെ വന്ന സ്റ്റീഫൻ പാപ്പായെക്കൊണ്ട് (896-7) ഒൻപതു മാസം പഴക്കം വന്ന ഫോർമോസുസിൻെറ ശരീരം പുറത്തെടുപ്പിച്ചു. വളരെ അവഹേളനങ്ങൾക്കു വിധേയമാക്കി. അതിനുശേഷം ഫോർമോസുസിൻെറ അനുയായികളും എതിരാളികളും ആയ റോമൻ പ്രഭുക്കന്മാർ തമ്മിൽ തെരുവുയുദ്ധം നടന്നു. സ്റ്റീഫൻ പാപ്പായ്ക്കും ദുരന്തം സംഭവിച്ചു. എതിരാളികൾ അദ്ദേഹത്തെ പിടിച്ച് (877) ചങ്ങലയിട്ട് ഒരു കിടക്കയിൽ കിടത്തി ശ്വാസം മുട്ടിച്ചു കൊന്നു. ജോൺ IX പാപ്പാ (898-900) ഫോർമോസിയൻ വിഭാഗത്തിൽ പെട്ട ആളായിരുന്നു. അദ്ദേഹത്തെ ലാംബർട്ട് പ്രഭു പിൻതാങ്ങി. എതിരാളികളുടെ പാപ്പായായ സേർജിയുസിനെ തിരസ്കരിക്കേണ്ടിവന്നു. ജോൺ പാപ്പാ ഫോർമോസൂസ് ചെയ്ത നടപടികളെയെല്ലാം ശരി വച്ചു. സ്റ്റീഫനുശേഷം ഒന്നുരണ്ടുപേർ ഭരിച്ചെങ്കിലും അവരൊന്നും ദീർഘനാൾ ഭരിക്കാൻ എതിർഗ്രൂപ്പുകാർ സമ്മതിച്ചില്ല.

ചാർളിമെയിൻ സാമ്രാജ്യാധഃപതനം മുതൽ (887) ജർമ്മൻ രാജാവായ ഓട്ടോ I (1036-73) ഭരണത്തിലേറുന്നതുവരെ യൂറോപ്പിൻെറയും പാപ്പാസ്ഥാനത്തിൻെറയും ഇരുണ്ട കാലഘട്ടമായിരുന്നു. മനുഷ്യനിലെ ദൗർബല്യങ്ങൾ ഏറ്റവും ക്രൂരമായി പേപ്പസിയെ പരീക്ഷിച്ച കാലവും അതുതന്നെയായിരുന്നു. സമ്പത്തും അധികാരവും സ്ഥാനമാനങ്ങളും മനുഷ്യനിലെ അധമവികാരങ്ങൾക്ക് എത്രമാത്രം പ്രേരണ നല്കുമെന്നും ഈ കാലഘട്ടം ചൂണ്ടിക്കാട്ടുന്നു.

www.malankaralibrary.com


തുടർന്നു ഭരിച്ചത് ബനഡിക്ട് IV (900-3), ലെയോ V (903) എന്നീ പാപ്പാമാരായിരുന്നു. ലെയോയെ കാരാഗൃഹത്തിലടച്ചിട്ട് അധികാരം കവർന്നെടുത്ത എതിർപാപ്പാ ക്രിസ്റ്റഫർ (903-4), ലെയോയെയും ക്രിസ്റ്റഫറിനെയും കൊന്നുകളഞ്ഞ സേർജിയൂസ് III (904-11) എന്നിവർ തുടർന്നു ഭരിച്ചു. സേർജിയൂസിൻെറ കാലത്ത് തെയോഫിലാക്ട് കുടുംബം 60 വർഷത്തേക്ക് പേപ്പൽസ്ഥാനം നിയന്ത്രിച്ചു. ഈ പാപ്പാ ഫോർമോസിയൻ വിരുദ്ധ പക്ഷക്കാരനായിരുന്നു. റാവെന്നായിലെ ഇമ്പീരിയൽ എക്സാർക്ക് തെയോഫിലാക്ടും (†924) ഭാര്യ തെയഡോറാ, മക്കളായ തെയോഡോറാ, മറോസിയ, എന്നിവരും പേപ്പസിയെ പിടിച്ചു കുലുക്കി. ജോൺ X (914-928) ഈ കുടുംബത്തിൻെറ പിൻബലത്താൽ പാപ്പാ ആയ ആളാണ്. അദ്ദേഹം തന്നെ ഒരു സൈന്യത്തെ നയിച്ച് അറബികളെ തുരത്തി. എന്നാൽ പാപ്പാ മറോസിയായുടെ ക്രോധത്തിനു വിധേയനായി. പാപ്പായുടെ മുന്നിൽവച്ച് അദ്ദേഹത്തിൻെറ സഹോദരൻ പീറ്ററിനെ വെട്ടിനുറുക്കി (927). പിന്നീട് പാപ്പായെതന്നെ ബന്ധിച്ച് ഇരുട്ടറയിൽ അടച്ചു. കാറ്റും വെളിച്ചവും കടക്കാത്ത തണുത്തുറഞ്ഞ ആ ഇരുട്ടറയിൽ കിടന്ന് ശ്വാസം മുട്ടി അദ്ദേഹം മരിച്ചു. തുടർന്നുള്ള നിയമനങ്ങളൊക്കെ മറോസിയായുടെ ഹിതാനുസരണമായിരുന്നു. അങ്ങനെ ലെയോ VI (928), സ്റ്റീഫൻ VII (928-31), ജോൺ XI (931-5) എന്നിവർ പാപ്പാമാരായി. മറോസിയാ പാപ്പാസ്ഥാനം പന്താടി. സേർജിയൂസ് III ൻെറയും മറോസിയായുടെയും മകൻ തന്നെയായിരുന്നു ജോൺ XI. ജോണിന് 16 വയസ്സുമാത്രം പ്രായമുണ്ടായിരുന്നതിനാൽ യഥാർത്ഥത്തിൽ അക്കാലത്ത് ഭരിച്ചത് അവർ തന്നെയായിരുന്നു എന്നു പറയപ്പെടുന്നു. അമ്മയുടെ രണ്ടാം വിവാഹം മകൻ പാപ്പാ വളരെ ആഘോഷമായി നടത്തി. ഇത് മറ്റൊരു മകനായ ആൽബറിക്കിന് (+954) ഇഷ്ടപ്പെട്ടില്ല. അയാൾ തന്ത്രപൂർവം 932-ൽ അവളെ തടവിലാക്കി ഇരുട്ടറയിലടച്ചു. തുടർന്ന് 22 വർഷത്തോളം അയാളാണ് പേപ്പസിയെ നിയന്ത്രിച്ചത്. തുടർന്നുള്ള നാലു പേരെയും ആൽബറിക് എന്ന ഫ്യൂഡൽപ്രഭു നിയമിച്ചു. ലെയോ VII(936-39), സ്റ്റീഫൻ VIII (939-942), മരീനുസ് II (942-6), അഗാപ്പിറ്റെസ് II (946-955). അഞ്ചാമത്തെ പാപ്പയായി അദ്ദേഹത്തിൻെറ മകനെത്തന്നെ നിർദേശിച്ചു. അയാൾ ജോൺ XII(955-64) എന്ന പേരെടുത്തു. 20 വയസ്സിൽ താഴെ മാത്രം പ്രായമുണ്ടായിരുന്ന ഈ യുവാവിൻെറ കാലത്ത് പേപ്പസി അധഃപതനത്തിൻെറ നെല്ലിപ്പലക കണ്ടു. ഒരു കുതിരാലയത്തിൽവച്ച് മെത്രാഭിഷേകം നടത്തുന്നതിനുവരെ അയാൾ ധൈര്യപ്പെട്ടു. തികച്ചും കറപുരണ്ടതും വിഷലിപ്തവുമായിരുന്നു അയാളുടെ

www.malankaralibrary.com



ജീവിതം. റോമൻ എതിരാളികളുടെ മുമ്പിൽ പിടിച്ചുനിൽക്കാനാവില്ല എന്നു കണ്ട് പാപ്പാ ജർമ്മനിയിലെ ഓട്ടോ I നെ സഹായത്തിനു വിളിച്ചു. 962-ൽ ഓട്ടോ റോമിലെത്തി. അയാളെ പാപ്പാ ചക്രവർത്തിയായി വാഴിച്ചു. തുടർന്ന് ചാർളിമെയിൻ ചെയ്തതുപോലെ ഓട്ടോ സഭാകാര്യങ്ങളിൽ മേൽക്കോയ്മ യ്ക്കു മുതിർന്നു. അതിൻെറ ഫലമായി പാപ്പായും ഓട്ടോയും തമ്മിലിടഞ്ഞു. ഓട്ടോ റോമിൽ തിരിച്ചെത്തി. പാപ്പാ ഒളിച്ചോടിപ്പോയി. അദ്ദേഹത്തിൻെറ അഭാവത്തിൽ ഓട്ടോ അദ്ദേഹത്തെ വിസ്തരിച്ച് സ്ഥാനഭ്രഷ്ടനാക്കി. ഒരു ബദൽപാപ്പായേയും നിയമിച്ചു. അതിനോടനുബന്ധിച്ച് റോമിൽ തെരുവുയുദ്ധം നടന്നു. എന്നാൽ ഓട്ടോ തിരികെ പോയിക്കഴിഞ്ഞപ്പോൾ ജോൺ പാപ്പാ തിരികെ വന്നു. അധികം താമസിയാതെ തന്നെ അകാലചരമമടഞ്ഞു.

തെയോഫിലാക്ടിൽ നിന്നുരുത്തിരിഞ്ഞ രണ്ടു കുടുംബങ്ങൾ തമ്മിലായിരുന്നു റോമിൽ അക്കാലത്തെ കിടമത്സരങ്ങൾ: ക്രെഷെൻസി പ്രഭുകുടുംബവും ടുസ്കുളും പ്രഭുകുടുംബവും. ഈ കുടുംബങ്ങളുടെ സ്വാധീനത്തിൽ പെട്ടവർ തുടർന്നുള്ള എൺപതുവർഷങ്ങൾകൂടി ഭരിച്ചു. ഇടയ്ക്കൊക്കെ ഭക്തരും വിശുദ്ധരുമായ പാപ്പാമാർ ഉണ്ടായിരുന്നുവെങ്കിലും പാപ്പാസ്ഥാനത്തിന് അയോഗ്യരായ വ്യക്തികളാണ് സ്ഥാനം കവർന്നെടുത്തത്.

പലപ്പോഴും മാർപാപ്പാമാർ എതിരാളികളിൽനിന്ന് ക്രൂരമായ പീഡനങ്ങൾ ഏല്ക്കേണ്ടിവന്നു. ജോൺ XIII (965-72) മുൻഗാമിയുടെ കുടുംബത്തിലെ ഒരു അകന്ന ബന്ധുവായിരുന്നെങ്കിലും ജർമ്മൻ ചക്രവർത്തി ഇറ്റലിക്കുപുറത്തുകടന്നപ്പോൾ എതിരാളികൾ പാപ്പായെ ബന്ധനത്തിലാക്കി ഒരു പട്ടാളക്യാമ്പിൽ പാർപ്പിച്ചു. അവിടെനിന്നു രക്ഷപെട്ട പാപ്പാ ഓട്ടോയുടെ സഹായത്തോടെ തിരികെ വന്ന് എതിരാളികളെയെല്ലാം വകവരുത്തി. പിന്നെ വന്ന ബനഡിക്ട് VI നെ (973-4) ക്രെഷെൻസി കുടുംബക്കാർ ശ്വാസം മുട്ടിച്ചു കൊന്നു. അവരുടെ സ്ഥാനാർത്ഥിയായ ഒരു ഡീക്കനെ ബോനിഫസ് VII(974; 984-5) എന്ന പേരിൽ പാപ്പായാക്കി. ചക്രവർത്തി ഇതിനെതിരെ റോമിലേക്കു പാഞ്ഞു. ഇതറിഞ്ഞ് പാപ്പാ വത്തിക്കാനിലെ സ്വർണ്ണമെല്ലാം കവർന്നെടുത്തുകൊണ്ട് കോൺസ്റ്റാൻറിനോപ്പിളിലേക്ക് ഒളിച്ചുകടന്നു. ജോൺ XIV(983-4) ശാന്തമായി ഭരിച്ചുകൊണ്ടിരുന്നപ്പോൾ ക്രെഷെൻസി കുടുംബം ബോനിഫസിനോടും ബിസൻറയിൻ സൈന്യത്തോടും ചേർന്ന് അദ്ദേഹത്തെ തടവിലാക്കി ഒരു ഇരുട്ടറയിൽ അടച്ചു. അവിടെ പട്ടിണി കിടന്ന് അദ്ദേഹം മരിച്ചു. തുടർന്ന്

www.malankaralibrary.com



ബോനിഫസ് ഭരിച്ചെങ്കിലും രോഗം ബാധിച്ച് പെട്ടെന്ന് മരിച്ചു. അയാളുടെ മൃതദേഹം എതിരാളികൾ പിടിച്ചെടുത്ത് അപമാനത്തിന് വിധേയമാക്കി. വേഷമെല്ലാം ഉരിഞ്ഞ് മാർക്കുസ് ഔറേലിയസിൻെറ പ്രതിമയ്ക്കു താഴെ മറവു ചെയ്തു.

ബനഡിക്ട് IX പാപ്പായും (1032-44)വളരെ ചെറുപ്പമായിരുന്നു. 12 നും 20 നും ഇടയ്ക്കു പ്രായം. 1044-ൽ ക്രെഷെൻസി കുടുംബം മത്സരം ഇളക്കിവിട്ടു. വളരെ മോശമായിട്ടാണ് ഇയാൾ ജീവിച്ചത്. ക്രെഷെൻസി കുടുംബം ഒരു സിൽവെസ്റ്ററിനെ (III) പാപ്പായാക്കി(1045). ടുസ്കുളൻ ബന്ധുക്കൾ ബനഡിക്ടിനെ പുനഃപ്രതിഷ്ഠിച്ചെങ്കിലും അദ്ദേഹം പേപ്പസി ഒരു ഗ്രിഗറി VI ന് (1045-6) വിലയ്ക്കു വിറ്റു. കുറച്ചുകഴിഞ്ഞ് അയാൾ തിരികെ വന്നു. ജർമ്മൻ രാജാവ് റോമിലേക്കു വന്ന് മൂന്നുപേരെയും നീക്കിയിട്ട് ക്ലെമെൻറ് II മനെ 1046-ൽ പാപ്പായാക്കി. ഇതോടുകൂടി പാപ്പാസ്ഥാനത്തിൻെറ പുതുയുഗം ആരംഭിച്ചു എന്നു പലരും കരുതി. 1047-ൽ ക്ലെമെൻറ് വിഷബാധയേറ്റു മരിച്ചു. ബനഡിക്റ്റ് മൂന്നാം പ്രാവശ്യം റോമിൽ പ്രവേശിച്ചു. 1048-ൽ ജർമ്മൻ സൈന്യം അദ്ദേഹത്തിൻെറ ഭരണം എന്നേയ്ക്കുമായി അവസാനിപ്പിച്ചു. തുടർന്ന് മാർപാപ്പായായ ദമാസുസും (1048) വിഷബാധയേറ്റു മരിച്ചു.

തുടർന്നു ഭരിച്ച വി.ലെയോ IX (1049-54) നല്ലൊരു പാപ്പയായിരുന്നു. തെക്കൻ സംസ്ഥാനങ്ങളിലെ നോർമൻ ആക്രമണത്തെ മാർപാപ്പാ നേരിട്ട് പരാജയപ്പെടുത്തി. സഭയിൽ നവീകരണം വരുത്തുവാൻ അദ്ദേഹം ചുറ്റിസഞ്ചരിച്ച് സിനഡുകൾ കൂടി. ഇതോടുകൂടി പേപ്പസിയുടെ പുതുയുഗം ആരംഭിച്ചു എന്നു പറയാം.

www.malankaralibrary.com

# 10

## പാശ്ചാത്യ പൗരസ്ത്യബന്ധം (5th -11th c.)

ക്രിസ്തുവിൻെറ ഏകസഭയുടെ രണ്ടു ശാഖകളെപ്പോലെ ലത്തീൻസഭയും ഗ്രീക്കുസഭയും ആദ്യത്തെ നൂറ്റാണ്ടുകളിൽ മുമ്പോട്ടു പോയി. ഐകരൂപ്യാധിഷ്ഠിതമായ ഒരു ഐക്യം അല്ലായിരുന്നു; പിന്നെയോ പരസ്പരം പൂരകങ്ങളായി വ്യത്യസ്തരീതികളിൽ സഹോദരീസഭകളായിട്ടത്രേ വളർന്നു വന്നത്. കുരിശുയുദ്ധത്തോടുകൂടി പരസ്പരം അകന്നപ്പോഴും കൂട്ടായ്മ സമ്പൂർണമായി വിച്ഛേദിക്കപ്പെട്ടില്ല. കാനോനിക കൂട്ടായ്മ ഇല്ലാതായി എന്നു മാത്രമേ പറയാനാവൂ. പരസ്പരം അകലാൻ പല കാരണങ്ങൾ ചൂണ്ടികാണിക്കാനാവും.

1. പാശ്ചാത്യ റോമാസാമ്രാജ്യത്തിൻെറ തകർച്ചയും(476)ചാർളിമെയിൻെറ നേതൃത്വത്തിലുള്ള വിശുദ്ധ റോമാസാമ്രാജ്യത്തിൻെറ സ്ഥാപനവും(800): സാമ്രാജ്യം തകർന്നെങ്കിലും പാപ്പായും ഇറ്റലിയും എല്ലാം തുടർന്നും തങ്ങളുടെ സാമ്രാജ്യത്തിലാണ് എന്ന ചിന്ത ബിസൻറയിൻ ചക്രവർത്തിമാർ പുലർത്തി. എന്നാൽ അപരിഷ്കൃതരിൽനിന്നു പാശ്ചാത്യലോകത്തെ രക്ഷിക്കാനുള്ള കഴിവ് ബിസൻറയിൽ ചക്രവർത്തിമാർക്ക് ഇല്ലാതെപോയി. പാപ്പാ തങ്ങളോടുള്ള രാഷ്ട്രീയ ബന്ധത്തിൽനിന്നകന്ന് യൂറോപ്പിലെ "അപരിഷ്കൃതരുടെ" സാമ്രാജ്യത്തോട് അടുത്തത് ഞെട്ടലോടുകൂടിയേ പൗരസ്ത്യർക്കു കാണാൻ സാധിച്ചുള്ളു. അതുപോലെ, പാപ്പാ ഒരു ഭൗതികാധികാരി എന്ന നിലയിൽ അധികാര വിസ്തൃതി വരുത്തിക്കൊണ്ടിരുന്നതും മറ്റൊരു കാരണമത്രേ.

2. ബൾഗേറിയായിൽ സുവിശേഷപ്രസംഗം നടത്തുന്നതിനെ ചൊല്ലി പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിൽ ഉരസൽ ഉണ്ടായി: രണ്ടിടങ്ങളിൽനിന്നും മിഷനറിമാർ ബൾഗേറിയായിൽ പ്രവർത്തിച്ചു. ബൾ

www.malankaralibrary.com



ഗേറിയാക്കാർ തന്നെയും രണ്ടു വിഭാഗക്കാരെയും ക്ഷണിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. ബിസൻറയിൻ രാജാവ് മിഖായേൽ III 864-ൽ ബൾഗേറിയൻ രാജാവ് ബോറിസിനെ പരാജയപ്പെടുത്തി ക്രിസ്തു മതത്തിൽ ചേർത്തു. നിക്കൊളാസ്പാപ്പായും(858-67), ഫ്രാങ്കിഷ് രാജാക്കന്മാരും ഒരുവശത്തും, ബിസൻറയിൻ പാത്രിയർക്കീസ് ഫോസിയസിൻെറ നേതൃത്വത്തിൽ (858-67) ബിസൻറയിൻ ചക്രവർത്തിമാർ മറുവശത്തും, ഇവരുടെ മാനസാന്തരത്തിനായി പരിശ്രമിച്ചു. ഇതേചൊല്ലി ഇരുകൂട്ടരും തർക്കിക്കുകയും പരസ്പരം കുറ്റപ്പെടുത്തുകയും ആചാരാനുഷ്ഠാനങ്ങളെ വിമർശിക്കുകയും ചെയ്തു.

3. ഇല്ലീറിയൻ പ്രദേശങ്ങളുടെമേലുള്ള ആത്മീയ നേതൃത്വാധികാരത്തെ ചൊല്ലിയും തർക്കങ്ങളുണ്ടായി.

4. തെക്കേ ഇറ്റലിയിലെ നോർമൻ ആക്രമണം(11th c.): തെക്കേ ഇററലിയിൽ ബിസൻറയിൻ ചക്രവർത്തിമാർക്ക് ധാരാളം വസ്തുവകകൾ ഉണ്ടായിരുന്നു. തെക്കേ ഇറ്റലി പാശ്ചാത്യ പാത്രിയാർക്കേറ്റിലായിരുന്നെങ്കിലും 8-ാം നൂറ്റാണ്ടിൽ ബിസൻറയിൻ രൂപതകളുണ്ടായിരുന്നു. നോർമൻകാർ (1040-71) അവിടം പിടിച്ചടക്കി ബിസൻറയിൻ ഭരണം അവസാനിപ്പിച്ചു. പാപ്പായുടെ അനുവാദത്തോടെയാണ് ഈ ആക്രമണം എന്ന് പൗരസ്ത്യർ ധരിച്ചുവശായി.

5. അകാചിയൻ ശീശ്മ (484-518), മൂന്നധ്യായങ്ങളുടെ മേലുള്ള ശാപം (553), എക്യുമെനിക്കൽ പാത്രിയർക്കീസ് സംജ്ഞ (519) എന്നിവയും അകൽച്ചയ്ക്കുള്ള അന്നത്തെ കാരണങ്ങളായി ചിലർ കാണുന്നുണ്ട്.

6. ഏകചിത്തവാദം (Monothelitism) എന്ന പാഷണ്ഡത പൗരസ്ത്യദേശത്ത് ചിലയിടങ്ങളിൽ പ്രചരിച്ചപ്പോൾ അതേ ചൊല്ലിയും പൗരസ്ത്യ പാശ്ചാത്യബന്ധത്തിൽ ഉലച്ചിൽ ഉണ്ടായി. ഏകചിത്തവാദത്തെ അംഗീകരിച്ച പൗരസ്ത്യ പാത്രിയർക്കീസൻമാരെ മാർട്ടിൻ I പാപ്പാ (649-55) മുടക്കി. അതിനു പ്രതികാരമായി കോൺസ്റ്റൻസ് II ചക്രവർത്തി(641-68) പാപ്പായോട് നിന്ദ്യമായി പെരുമാറി. ബിസൻറയിൻ സാമ്രാജ്യ ത്തിൻെറ പൗരസ്ത്യപ്രവിശ്യകൾ ഒന്നൊന്നായി ഇസ്ലാമിനു കീഴ്പ്പെട്ടുകൊണ്ടിരുന്നപ്പോഴാണ് ഈ പരസ്പരവിദ്വേഷം നടന്നത് എന്നോർക്കണം.

7.ഛായാചിത്രങ്ങൾ തകർക്കൽ എന്ന പാഷണ്ഡതയും (730-753;815-43) പൗരസ്ത്യ പാശ്ചാത്യബന്ധത്തെ ഉലച്ചു.

8. ഇഗ്നേഷ്യസും ഫോസിയസും തമ്മിലുള്ള പ്രശ്നവും എടുത്തുപറയാവുന്ന മറ്റൊരു കാരണമാണ്. റോമിൻെറ ചില നിലപാടുകളെയും

www.malankaralibrary.com



അനുഷ്ഠാനങ്ങളെയും കുറ്റപ്പെടുത്തുന്ന രീതിയിലുള്ള സമീപനം ഫോസിയസിൽ നിന്നുണ്ടായി. കോൺസ്റ്റാൻറിനോപ്പിളിലെ വിവിധ ഗ്രൂപ്പുകളുടെ വടംവലികൾ, സന്ന്യാസികളുടെ ചരടുവലികൾ, സ്ഥാപിത താല്പര്യങ്ങൾ എന്നിവ ഒത്തിണങ്ങിയാണ് ഇഗ്നേഷ്യസ്-ഫോസിയസ് പ്രശ്നം രൂക്ഷമായത്. എന്നാൽ അതിൻെറ അലയടികൾ പൗരസ്ത്യ പാശ്ചാത്യ ബന്ധങ്ങളെ സാരമായി ബാധിച്ചു. പാശ്ചാത്യരുടെ ആചാരാനുഷ്ഠാനങ്ങളെ വിമർശിക്കുന്ന സമീപനം പൗരസ്ത്യരുടെ ഇടയിൽ ഫോസിയസ് വളർത്തി.

9. മിഖായേൽ ചെറുളാരിയൂസിനെ കർദ്ദിനാൾ ഹുംബെർട്ടു മുടക്കിയ സംഭവം (1054): പരസ്പരം അകന്നതിൻെറ പ്രതീകാത്മക തീയതിയായി 1054-നെ പലരും കണക്കാക്കി. കോൺസ്റ്റാൻറിനോപ്പിളിൽ മാത്രമേ മതജീവിതം കലർപ്പില്ലാതെ പാലിക്കാൻ ആവൂ എന്ന് അന്ന് ബിസൻറയിൻ സർക്കിളുകളിൽ പലരും കരുതി. റോമിൻെറ പ്രഥമസ്ഥാനത്തെപ്പറ്റിയുള്ള ആശയങ്ങൾക്ക് ബിസൻറയിൻ ലോകത്ത് മങ്ങലേറ്റിരുന്ന കാലഘട്ടമായിരുന്നു അത്. റോമിനെതിരെ ഒരു ജനമുന്നേറ്റം സംഘടിപ്പിക്കാൻ തന്നെ ചെറുളാരിയൂസ് പാത്രിയർക്കീസ് (1043-58) ശ്രമിച്ചു. ഫോസിയസിനേക്കാൾ രൂക്ഷമായി റോമൻസഭയുടെ അനുഷ്ഠാനങ്ങളെ അയാൾ വിമർശിച്ചു. ഗ്രീക്കുകാർ തൊണ്ണൂറിലേറെ തെറ്റുകൾ പഠിപ്പിക്കുന്നു എന്ന് റോമൻ മറുപടിയിൽ കർദ്ദിനാൾ ഹുംബെർട്ട് എഴുതി പിടിപ്പിച്ചു.

10. കുരിശുയുദ്ധങ്ങൾ ആണ് കിഴക്കിനേയും പടിഞ്ഞാറിനേയും അകറ്റിയത്. എന്നാൽ പരസ്പരബന്ധം അറ്റുപോയില്ല. വൈകാരികമായി സാവധാനം അകന്നകന്നുപോയി. പിന്നീട് അവയ്ക്കുള്ള താത്ത്വികാടിത്തറ കണ്ടുപിടിച്ചു. അങ്ങനെ ജനങ്ങളെ ജനനേതാക്കന്മാർ പിളർപ്പിൽ തളച്ചിട്ടു. ഇതിൽ സന്ന്യാസികൾ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. വൈവിധ്യങ്ങളെ അവർ വൈരുദ്ധ്യങ്ങളായി ചിത്രീകരിച്ചു. ഓരോ സഭയുടെയും ആചാരാനുഷ്ഠാനങ്ങളെ ബഹുമാനിക്കാൻ ഇരുകൂട്ടരും മറന്നു. വിശ്വാസത്തിൻെറ സാരസത്തയും അനുഷ്ഠാനങ്ങളും കൂട്ടിക്കുഴച്ചു. ചുരുക്കത്തിൽ സ്നേഹരാഹിത്യവും വൈകാരികപ്രശ്നങ്ങളുമാണ് പൗരസ്ത്യ പാശ്ചാത്യബന്ധങ്ങളെ ഉലച്ചത്.

www.malankaralibrary.com

# 11

## ബിസൻറയിൻ സഭ (11th - 15th c.)

ലത്തീൻസഭയും ഗ്രീക്കുസഭയും തമ്മിൽ പിരിഞ്ഞ തീയതിയായി ചൂണ്ടിക്കാണിക്കുന്നത് 1054 ആണ്. വസ്തുനിഷ്ഠമായി പരിശോധിച്ചാൽ 1054 നുശേഷവും കിഴക്കും പടിഞ്ഞാറും തമ്മിൽ കൂട്ടായ്മ അറ്റുപോയില്ല. കുരിശുയുദ്ധങ്ങളാണ് യഥാർത്ഥത്തിൽ കിഴക്കിനെയും പടിഞ്ഞാറിനെയും തമ്മിൽ അകറ്റിയത്. 1054-ലാണ് പിളർന്നത് എന്ന ഗ്രീക്കുകാരുടെയും ലത്തീൻകാരുടെയും മനസ്സിൽ ഉടലെടുത്തത് പിൻതലമുറയിലാണ്. 1054-നു ശേഷവും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധങ്ങളിൽ സാരമായ മാറ്റമൊന്നും സംഭവിച്ചില്ല എന്നതാണ് വസ്തുത. കിഴക്കുനിന്ന് പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്ന് കിഴക്കോട്ടും തീർത്ഥാടകരുടെ വരവ്, തിരുശേഷിപ്പുകളുടെ കൈമാറ്റം എന്നിവ തുടർന്നും നടന്നു. ലത്തീൻ തീർത്ഥാടകർ ഗ്രീക്കു കുർബാനയിൽ പങ്കെടുത്ത് വി.കുർബാന സ്വീകരിച്ചിരുന്നു; കിഴക്കും പടിഞ്ഞാറും ഉള്ളവർ തമ്മിലുള്ള വിവാഹം തുടർന്നും നടന്നു. മോന്തേ കസ്സീനോ പോലെയുള്ള സന്ന്യാസഭവനങ്ങൾ പേപ്പസിക്കും, നോർമൻകാർക്കും, ബിസാൻസ്യത്തിനും ഇടയിൽ മധ്യവർത്തികളായി പ്രവർത്തിച്ചിരുന്നു. ദൈവശാസ്ത്ര വ്യത്യാസങ്ങൾ ഊതിവീർപ്പിക്കാൻ ദൈവശാസ്ത്രജ്ഞന്മാരും തത്രപ്പെട്ടില്ല. സഭകളുടെ ശിക്ഷണക്രമങ്ങളിലെ അന്തരം മാത്രമേ അവരും ചർച്ചചെയ്തുള്ളൂ.

എന്നാൽ പരസ്പരബന്ധം മെച്ചമാകാത്തതിൽ ഇരുസഭകളുടെയും അധ്യക്ഷന്മാർ അസന്തുഷ്ടരായിരുന്നു. നോർമൻ അക്രമണമാണ് പരസ്പരവിശ്വാസമില്ലായ്മയ്ക്ക് ആക്കം കൂട്ടിയത്. തെക്കേഇറ്റലി ആക്രമിച്ച നോർമൻകാരുമായി ധാരണ ഉണ്ടാക്കുക എന്നത് റോമിൻെറ നില

www.malankaralibrary.com



നില്പിനുതന്നെ ആവശ്യമാണെന്ന് ഗ്രീക്കുകാർക്കും മനസ്സിലാകുമായിരുന്നു; എന്നാൽ മുമ്പ് ബിസൻ്റയിൻ സാമ്രാജ്യത്തിൻെറ ഭാഗമായിരുന്നവ നോർമൻ നേതാവിന് പാപ്പാ നൽകിയത് മനസ്സിലാക്കാൻ പ്രയാസമായിരുന്നു; പാപ്പായുടെ ആശീർവാദത്തോടുകൂടിയാണ് നോർമൻ ആക്രമണമെന്ന് ചിന്തിക്കാൻ ഗ്രീക്കുകാരെ പ്രേരിപ്പിച്ചു. ഗ്രീക്കു ലിറ്റർജിയും ഗ്രീക്ക് ഹയരാർക്കിയും തെക്കേ ഇറ്റലിയിൽനിന്ന് നിഷ്കാസനം ചെയ്യപ്പെടുന്നതിൻെറ പിറകിൽ പാപ്പാ പ്രവർത്തിക്കുന്നു എന്ന് ചിന്തിക്കാനും ഇത് കാരണമായി. സെല്യുക് തുർക്കികളുമായി 1071-ൽ മാൻസികെർട്ട് യുദ്ധത്തിൽ ബിസൻ്റയിൻ ചക്രവർത്തി തോറ്റു. ആ വർഷം തന്നെ ഇറ്റലിയിലെ അവസാനത്തെ ബിസൻ്റയിൻ ശക്തികേന്ദ്രമായ ബാറി നോർമൻകാർ പിടിച്ചെടുത്തു . തുർക്കികൾക്കെതിരെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിന് നോർമൻകാരും പേപ്പസിയുമായി സഖ്യം ഉണ്ടാക്കണം എന്ന ചിന്ത ബിസൻ്റയിൻ ചക്രവർത്തിമാർക്കുണ്ടായി. പോപ്പ് ഗ്രിഗറി II (1073-85) അതിനു സന്നദ്ധനുമായിരുന്നു. ഗ്രിഗറി കുരിശുയുദ്ധപദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതിന് ബിസൻ്റയിൻ പിന്തുണ കൂടിയേ തീരൂ. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള കണ്ണി യോജിപ്പിക്കാൻ ഈ അവസരം സഹായകമാകും എന്ന് ഗ്രിഗറി കരുതി. അതിനുള്ള പദ്ധതികളൊക്കെ മിഖായേൽ VII ചക്രവർത്തി (1071-8) തയ്യാറാക്കിവരവേ, നിസെഫോറസ് III (1078-81) അയാളെ നീക്കിയിട്ട് അധികാരം കവർന്നെടുത്തു. നിസെഫോറസ് ചക്രവർത്തിയെ പാപ്പാ മഹറോൻ ചൊല്ലി. അടുത്ത ചക്രവർത്തി അലെക്സിയുസ് I നെയും (1081-1118) ഗ്രിഗറി മഹറോൻ ചൊല്ലിയെങ്കിലും പിന്നെ വന്ന ഉർബൻ II പാപ്പാ മഹറോൻ നീക്കി. കോൺസ്റ്റാൻ്റിനോപ്പിൾ ആക്രമിക്കാൻ വന്ന നോർമൻകാരെ ചക്രവർത്തി പരാജയപ്പെടുത്തി. മിഖായേൽ ചെറുള്ളാരിയുസും കാർഡിനൽ ഹുംബെർട്ടും ചെയ്ത പരസ്പര മുടക്കുകൾ രണ്ടു സഭകൾ തമ്മിലുള്ള മുടക്കുകളല്ല, രണ്ടു വ്യക്തികൾ തമ്മിലുള്ള മുടക്കുകളാണെന്ന് വ്യക്തമായി. മറിച്ചുള്ള രേഖകളൊന്നും രാജകീയാന്വേഷണ ത്തിൽ കണ്ടെത്താനായില്ല. നടപടിക്രമങ്ങൾ സംബന്ധിച്ചേ രണ്ടുസഭകളും തമ്മിൽ അന്തരമുള്ളു എന്നും അവ മനസ്സിലാക്കാവുന്നതേയുള്ളു എന്നും ധാരണയുണ്ടായി. മാർപാപ്പാ സ്ഥാനാരോഹണം ചെയ്തപ്പോഴുള്ള പതിവ് കത്ത് കോൺസ്റ്റാൻ്റിനോപ്പിളിലേക്ക് അയയ്ക്കാഞ്ഞതിനാലാണ് പിണങ്ങിയതെന്നും നോർമൻകാർ യുദ്ധത്തിനു വന്നതിനാൽ അവരുടെ ലത്തീൻപള്ളികൾ മാത്രമേ അടച്ചുപൂട്ടിയുള്ളു എന്നും വിശദീകരണം വന്നു.

www.malankaralibrary.com



തുടർന്ന് പാപ്പായും അലക്സിയുസ്ചക്രവർത്തിയും സഹകരിച്ച് പ്രവർത്തിച്ചു. ഒന്നാം കുരിശുയുദ്ധത്തിന് പാപ്പാ ചെയ്ത നടപടികളെ ചക്രവർത്തി സ്വാഗതം ചെയ്തു. എന്നാൽ പാപ്പായ്ക്കും ചക്രവർത്തിയ്ക്കും നിയന്ത്രിക്കാനാവാതെ കുരിശുയുദ്ധം അവരുടെ കൈകളിൽ നിന്ന് വഴുതിവീണു. ഇരുസഭകളെയും തമ്മിലകറ്റുന്ന ശീശ്മയ്ക്ക് കുരിശുയുദ്ധം കളമൊരുക്കി. കുരിശുയുദ്ധക്കാർ പിടിച്ചെടുത്ത സ്ഥലങ്ങളിലൊക്കെ സ്വന്തം നാട്ടുരാജ്യങ്ങളും ലത്തീൻ ഹയരാർക്കിയും സ്ഥാപിക്കുകയും ഗ്രീക്കുകാരെ ശീശ്മക്കാരായി കരുതി മാനസ്സാന്തരപ്പെടുത്തുവാൻ ശ്രമിക്കുകയുംചെയ്തു. എങ്കിലും ചക്രവർത്തി ഐക്യത്തിനും ധാരണയ്ക്കും തയ്യാറായിരുന്നു. ചക്രവർത്തിയുടെ നിലനില്പിന് പാശ്ചാത്യസഹായം അപരിത്യാജ്യമായിരുന്നു. എന്നാൽ ഗ്രീക്ക് ഹയരാർക്കി ഐക്യത്തിന് അനുകൂലമല്ലാത്ത നിലപാടാണ് സ്വീകരിച്ചത്. മാനുവൽ I ചക്രവർത്തി മരിച്ചതോടെ ഐക്യശ്രമങ്ങൾക്കു മങ്ങലേറ്റു. നാലാംകുരിശുയുദ്ധക്കാർ (1204) കോൺസ്റ്റാൻറിനോപ്പിൾ തന്നെ ആക്രമിച്ചു. ഈ കടന്നാക്രമണം ഐക്യശ്രമങ്ങൾക്കു തിരശീലയിട്ടു. "ഗ്രീക്കുഓർത്തഡോക്സ്" സ്ഥലങ്ങൾ ലത്തീൻകാരിൽനിന്ന് തിരിച്ചെടുക്കുന്ന തന്ത്രത്തിലായി ബിസൻറയിൻ ചക്രവർത്തിമാർ. കുരിശുയുദ്ധക്കാരെയും പേപ്പൽ നേതൃത്വത്തെയും ഒരുപോലെ കാണുന്ന ഒരു ചിന്താരീതി ഗ്രീക്ക് ഓർത്തഡോക്സ് സർക്കിളുകളിൽ ഉടലെടുത്തു. തുടർന്ന് ഐക്യചർച്ചകളുമായെത്തിയ പാശ്ചാത്യപ്രതിനിധികളെ സ്വീകരിക്കാനോ ചർച്ച നയിക്കാനോ കഴിവുള്ളവർ പൗരസ്ത്യസഭയിൽ ഇല്ലാതെപോയി. ബിസൻറയിൻ സന്ന്യാസ സർക്കിളുകൾ ഐക്യശ്രമങ്ങൾ തുടരുന്നതിനു പകരം ഐക്യത്തിന് തുരങ്കം വച്ചുകൊണ്ടിരുന്നു. മാർപാപ്പായുടെ ദേശീയമേധാവിത്വം അംഗീകരിക്കാനോ താത്ത്വിക കാര്യങ്ങൾ പാശ്ചാത്യ ദൈവശാസ്ത്ര വീക്ഷണങ്ങളിലൂടെ സ്വീകരിക്കാനോ അവർ ഒരുക്കമുള്ളവരായിരുന്നില്ല. ഗ്രീക്കുചക്രവർത്തി മിഖായേൽ III(1259-82) 1261 ജൂലൈ 25-ന് കുരിശുയുദ്ധക്കാരിൽ നിന്ന് കോൺസ്റ്റാൻറിനോപ്പിൾ തിരികെ പിടിച്ചു. യൂറോപ്പിലെ ഹോഹൻസ്റ്റൗഫൻ രാജകുടുംബവുമായി ശത്രുതയിലായിരുന്ന പേപ്പസിയും മിഖായേലും ഐക്യത്തിന് ശ്രമങ്ങൾ നടത്തിയെങ്കിലും സന്ന്യാസികളുടെ സ്വാധീനവും എതിർപ്പും നിമിത്തം ഐക്യം യാഥാർഥ്യമായില്ല. ആദ്യം പാപ്പായ്ക്കു കീഴ്പ്പെടണം, പിന്നെ മിലിറ്ററി സഹായം എന്ന പോളിസിയിൽ ഉർബൻ IV (1261-64) ഉറച്ചുനിന്നതും ഐക്യത്തിന് തടസ്സമായി. എന്നാൽ 1274-ൽ 'മാർപാപ്പായ്ക്കു കീഴ്പ്പെടുന്നു' എന്നറി

www.malankaralibrary.com



യിച്ചുകൊണ്ടുള്ള 44 മെത്രാന്മാരുടെ കത്തും ചക്രവർത്തിയുടെ വിശ്വാസപ്രഖ്യാപനവും ലയൺസ് കൗൺസിലിലേക്ക് അയച്ചുകൊടുത്തു. 1274 ജൂൺ 29-ന് ഗ്രീക്കുസഭയും ലത്തീൻസഭയും തമ്മിൽ ഐക്യം പുനഃസ്ഥാപിക്കുന്ന രേഖയിൽ ഒപ്പുവച്ചു. തുടർന്ന് ഗ്രീക്ക് പാത്രിയർക്കീസ് ജോസഫ് രാജിവച്ചു. 1275 ജനുവരി 16-ന് ഐക്യലിറ്റർജി ഇമ്പീരിയൽ കൊട്ടാരക്കപ്പേളയിൽ അർപ്പിച്ചു. മെയ് മാസത്തിൽ ജോൺ ബെക്കുസ് പാത്രിയർക്കീസായി. 1276 ജനുവരി 10-ന് ഗ്രിഗറി പാപ്പാ മരിച്ചു. തുടർന്ന് വന്ന പാപ്പായും കൂരിയായും സൈനികമായി മിഖായേൽ ചക്രവർത്തിയെ സഹായിച്ചില്ല. മാർട്ടിൻ IV (1281-85) പാപ്പാ, കോൺസ്റ്റാൻറിനോപ്പിളിനെ വീണ്ടും ആക്രമിക്കാനുള്ള പാശ്ചാത്യപദ്ധതിക്ക് എതിരു നിന്നില്ല. പ്രത്യേകകാരണം ഒന്നുംകൂടാതെ 1281 നവംബർ 18-ന് ചക്രവർത്തിയെ മഹറോൻ ചൊല്ലി. കത്തോലിക്കർ ചക്രവർത്തിയുമായി സഹകരിക്കരുതെന്നും യുദ്ധത്തിന് സഹായം നൽകരുതെന്നും 1282 മാർച്ച് 26ന് ഡിക്രി പുറപ്പെടുവിച്ചു.

### അവസാനഘട്ടം (14th -15th c.)

ബിസൻറയിൻ സാമ്രാജ്യം തുർക്കികൾ പിടിച്ചെടുത്ത് കോൺസ്റ്റാൻറിനോപ്പിൾ അവരുടെ തലസ്ഥാനമാക്കിയതോടുകൂടി (1453) ഓർത്തഡോക്സ് സഭയ്ക്ക് ഗണ്യമായ നഷ്ടങ്ങളുണ്ടായി. തുടരെത്തുടരെയുള്ള ആക്രമണങ്ങളുടെ ഫലമായി അരക്ഷിതാവസ്ഥയും ദാരിദ്ര്യവും അനാറ്റോളിയായിൽ ഉടനീളം ഉണ്ടായി. ധനസമൃദ്ധിയിൽ കഴിഞ്ഞ നഗരങ്ങൾപോലും വൈദികരെയും മെത്രാന്മാരെയും പോറ്റുവാൻ കഴിവില്ലാത്തവയായിത്തീർന്നു. പുരാതനകാലംമുതലേ ഗ്രീക്കു മെത്രാന്മാർ രൂപതകൾ വിട്ട് കോൺസ്റ്റാൻറിനോപ്പിളിൽ പാർക്കാൻ ഇഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ അതൊരാവശ്യമായിത്തീർന്നു. തകർന്നടിഞ്ഞു പോകാത്ത ചെറിയ സ്ഥലങ്ങളിലേക്ക് പല പുരാതന മെത്രാപ്പോലീത്തൻ ആസ്ഥാനങ്ങളും മാറ്റേണ്ടിവന്നു. ഒരു മെത്രാൻെറ കീഴിൽ രണ്ടോ മൂന്നോ രൂപതകൾ ഒന്നിച്ചുചേർക്കാൻ കോൺസ്റ്റാൻറിനോപ്പിളിലെ സിനഡ് നിർബന്ധിതമായി. ഏഷ്യാമൈനറിലെ സഭയുടെ സ്ഥിതി വളരെ പരിങ്ങലിലായി.

സെബസ്തെ, എവുക്കായ്താ, ഇക്കോണിയം മോസിസ്സുസ്, നസ്യാൻസസ് തുടങ്ങിയ പ്രശസ്ത രൂപതകളിൽ ദശകങ്ങളായി മെത്രാന്മാരേ ഇല്ലായിരുന്നു. കപ്പദോക്യയിലെ കേസറിയാ മെത്രാനായിരുന്നു അവയുടെയെല്ലാം ചുമതല. 1327-ലാണ് ഇതു സംഭവിച്ചത്. 1365-ലും

www.malankaralibrary.com



ഈ സ്ഥിതി തുടർന്നു. ഏഷ്യാമൈനറിൻെറ വടക്കൻ അതിർത്തിയിൽ, പ്രത്യേകിച്ച് ത്രെബിസോണ്ടിലും, ഹെലേനോപോന്തുസിലെ സിനോപ്പെ, അമാസിയാ എന്നിവിടങ്ങളിലും, സ്ഥിതി മെച്ചമായിരുന്നു. എന്നാൽ ഇവിടെയും മെത്രാന്മാരെ നിയമിക്കാൻ കൂടെക്കൂടെ നീണ്ട ഇടവേള ഉണ്ടായി. എഫേസോസ് രൂപത സംരക്ഷിക്കാൻ നിതാന്തജാഗ്രത ആവശ്യമായിരുന്നു. 14-ാം നൂറ്റാണ്ടിലുടനീളം എഫേസോസിൽ മെത്രാനുണ്ടായിരുന്നു. എന്നാൽ ചുറ്റുമുള്ള മെത്രാപ്പോലീത്തൻ അതിരൂപതകളുടെയെല്ലാം ഭരണച്ചുമതലയും എഫേസോസ് മെത്രാനായിരുന്നു. 14-ാം നൂറ്റാണ്ടിൻെറ മധ്യഭാഗത്ത് സാർദിസിലെ സഭയുടെ തകർച്ച ആരംഭിച്ചു. 1369 ഓടുകൂടി സാർദിസിൻെറ സ്ഥാനം ഫിലാഡൽഫിയാ കരസ്ഥമാക്കി. ആ നൂറ്റാണ്ടിൻെറ ആരംഭത്തിൽത്തന്നെ സ്മിർണാ രൂപത കിയോസ് ദ്വീപിൽ നിന്നാണ് ഭരിച്ചുകൊണ്ടിരുന്നത്. 1347-ൽ കുരിശുയുദ്ധക്കാർ സ്മിർണാ പിടിച്ചെടുത്ത് ഒരു ലത്തീൻ ഹയരാർക്കി അവിടെ സ്ഥാപിച്ചു. പിന്നീട് ഗ്രീക്ക് മെത്രാനെ നിയമിക്കാൻ അനുകൂലസാഹചര്യം വന്നെങ്കിലും പ്രസ്തുത സ്ഥാനം സ്വീകരിക്കാൻ ആളില്ലാതെ വന്നു. ബിഥീനിയായിലെ ഗ്രാമപ്രദേശങ്ങൾ 14-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ ഓട്ടോമൻ ഭരണത്തിൻകീഴിൽ വന്നെങ്കിലും 1340ഓടുകൂടിയാണ് രൂപതകളെ സാരമായി ബാധിച്ചത്. ഈ കാലഘട്ടത്തിൽ നിഖ്യായിലെ ജനങ്ങളിൽ വലിയൊരു പങ്ക് ഇസ്ലാം സ്വീകരിച്ചു. അനുതപിച്ചാൽ സഭയിലേക്ക് തിരികെയെടുക്കാമെന്ന് 1338-ൽ പാത്രിയർക്കീസ് പ്രഖ്യാപിച്ചു. തുർക്കികളെക്കുറിച്ചുള്ള ഭയം നിമിത്തം പരസ്യപ്രഖ്യാപനം ഒന്നും നടത്തേണ്ട എന്ന ആനുകൂല്യവും അദ്ദേഹം അവർക്കനുവദിച്ചു.

സാമ്പത്തികമായി സഭകളെ സഹായിക്കാൻ പാത്രിയർക്കീസിന് കഴിവില്ലാതെവന്നു. കോൺസ്റ്റാൻറിനോപ്പിളിലെ ഹാഗിയാ സോഫിയായുടെ സ്ഥാവരജംഗമവസ്തുക്കളൊക്കെ നാലാം കുരിശുയുദ്ധത്തോടുകൂടി (1204) നഷ്ടപ്പെട്ടു. 1261 ഓടുകൂടി വളരെ ചെറിയൊരംശം മാത്രം തിരികെ നൽകി. തങ്ങളുടെ വസ്തുവകകളിൽ നിന്ന് പാത്രിയർക്കീസിന് ആവശ്യമുള്ളവ നൽകാൻ ചില മെത്രാപ്പോലീത്താമാർ 1324-ൽ മുന്നോട്ടു വന്നു. എന്നാൽ മെത്രാപ്പോലീത്തൻ സിംഹാസനങ്ങളുടെ അവസ്ഥ തന്നെ പരിതാപകരമായിത്തീർന്നപ്പോൾ, പാത്രിയർക്കീസിനെ സഹായിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായി. ഇങ്ങനെ ദയനീയ സ്ഥിതിയിലായിത്തീർന്നെങ്കിലും കോൺസ്റ്റാൻറിനോപ്പിളിനുള്ള മേല്ക്കോയ്മയെപ്പറ്റി ഉറക്കെ പറയാനും ഉന്നതാധികാരസ്ഥാനത്തെപ്പറ്റി മറ്റുള്ളവരെ ബോധ്യപ്പെടുത്താനും പാത്രിയർക്കീസൻമാർ ശ്രദ്ധിച്ചിരുന്നു!

www.malankaralibrary.com



യഥാർത്ഥത്തിൽ പാത്രിയർക്കീസിൻെറ അധികാരം വളരെ ചുരുങ്ങിയെങ്കിലും പ്രൈമസി സംബന്ധിച്ചുള്ള തർക്കം കൂടുതൽ ശക്തമായി. തനിക്ക് സാർവത്രിക പ്രൈമസി ഉണ്ടെന്നുള്ള ചിന്ത പാത്രിയർക്കീസിനുണ്ടാകുകയും അതിനുവേണ്ടി കേന്ദ്രീകൃതമായ ഭരണസംവിധാനം രൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. സഭയിൽ അഞ്ച് പാത്രിയർക്കേറ്റുകളാണ് (Pentarchy). അവ അഞ്ചും ഏതാണ്ട് സ്വതന്ത്ര സ്ഥാപനങ്ങളാണ്. സഭാഘടനയുടെ സത്ത ഇതിലധിഷ്ഠിതമാണ് എന്നൊക്കെ ചിന്തിച്ചുതുടങ്ങി. തങ്ങളുടെ പ്രത്യേകസ്ഥാനം ഊന്നിപ്പറയാൻ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസൻമാർ ശ്രമിച്ചുകൊണ്ടിരുന്നു. "ക്രിസ്തുവിൻെറ സഭയുടെ ശിരസ്സ് കോൺസ്റ്റാൻറിനോപ്പിളിലാണ്; ആദ്യം വിളിക്കപ്പെട്ട അന്ത്രയോസിൻെറ സിംഹാസനമാണത്. ധരയിലെ ക്രിസ്ത്യാനികളുടെയെല്ലാം പൊതുപിതാവാണ് കോൺസ്റ്റാൻറിനോപ്പിളിലെ അധ്യക്ഷൻ; മെത്രാപ്പോലീത്താമാർ അദ്ദേഹത്തിൻെറ വികാരിമാരാണ്. ഏതു ക്രിസ്ത്യാനിക്കും കോൺസ്റ്റാൻറിനോപ്പിളിലേക്ക് അപ്പീലയയ്ക്കാൻ അനുവാദമുണ്ട്. അദ്ദേഹം ലോകത്തിൻെറ 'സാർവത്രികപ്രബോധകനും' ക്രിസ്തുവിൻെറ വികാരിയും ആണ്. ക്രിസ്തുവിൻെറ സിംഹാസനത്തിൽ അദ്ദേഹം ആരൂഢനായിരിക്കുന്നു. ഇങ്ങനെ അധികാരപ്രമത്തത നിറഞ്ഞ ഒരു ശൈലി ഈ കാലഘട്ടത്തിൽ കോൺസ്റ്റാൻറിനോപ്പിളിൽ ഉരുത്തിരിഞ്ഞു.

ബിസൻറയിൻ ചക്രവർത്തിയും പാത്രിയർക്കീസും തമ്മിലുള്ള ബന്ധം മുൻപറഞ്ഞപോലെ ദൃഢമായിരുന്നു. സഭാഭരണത്തിൽ രാജാക്കന്മാർ കൈകടത്തുന്ന ബിസൻറയിൻ രീതിക്ക് ഒട്ടും മാറ്റംവന്നില്ല. ക്രിസ്തീയ രാജാവിനെ കൂടാതെ ക്രിസ്ത്യാനികൾക്ക് നിലനില്പില്ല എന്നൊക്കെ അന്നും ചിന്തിക്കുന്നവരുണ്ടായിരുന്നു. സഭയും രാഷ്ട്രവും അത്തരത്തിൽ കെട്ടുപിണഞ്ഞുകിടന്നു. കുരിശുയുദ്ധത്തിനു മങ്ങലേല്ക്കുകയും ലത്തീൻകാർ പൗരസ്ത്യദേശങ്ങളിൽ നിന്നു പിൻമാറുകയും ചെയ്തപ്പോൾ ബിസൻറയിൻ അധികാരം പുനഃസ്ഥാപിക്കാമെന്ന് പാത്രിയർക്കീസൻമാർ കരുതി. ക്രീറ്റ്, സൈപ്രസ്, പെലൊപ്പൊണെസുസ് എന്നിവിടങ്ങളിൽ സഭാഭരണം സംബന്ധിച്ച് ഗ്രീക്കുസഭയും ലത്തീൻ സഭയും തമ്മിൽ തർക്കമുണ്ടായി. അവിടെയെല്ലാം കുരിശുയുദ്ധക്കാർക്ക് ഭരണാധികാരം ഉണ്ടായിരുന്ന സ്ഥലങ്ങളായിരുന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂടുതൽ അകലുന്നതിന് ഈ ലത്തീൻ ഭരണാധികാരം ഹേതുവായിത്തീർന്നു.

www.malankaralibrary.com

12

# മധ്യകാല സന്ന്യാസസമൂഹങ്ങൾ

സഭാനവീകരണത്തിന് സന്ന്യാസികൾ നൂറ്റാണ്ടുകളായി ഗണ്യമായി സംഭാവന ചെയ്തിട്ടുണ്ട്. പാശ്ചാത്യലോകത്തെ സന്ന്യാസപ്രസ്ഥാനത്തിൻെറ പിതാവ് *നൂർസിയായിലെ ബനഡിക്ടാണ്*(480-547). കാലാകാലങ്ങളിൽ *ബനഡിക്ടൈൻ സന്ന്യാസത്തിൽ* നവീകരണം വരുത്തിയിട്ടുണ്ട്. *അനിയാനെയിലെ ബനഡിക്ടാണ്* (750-821) ആദ്യനവീകരണം വരുത്തിയത്. സന്ന്യാസികൾ നിയമങ്ങൾ അനുകരിക്കുന്നതിൽ നിഷ്കർഷ വയ്ക്കാതെ വന്നപ്പോൾ ആദ്യബനഡിക്ടൈൻ നിയമങ്ങളിലേക്ക് അവരെ തിരിച്ചുവിടുകയും സന്ന്യാസം പുഷ്ടിപ്പെടുത്തുകയും ചെയ്തത് ഈ ബനഡിക്ടാണ്.

അടുത്ത നവീകരണം *ക്ലൂണി*സന്ന്യാസത്തിലൂടെയാണ് ഉണ്ടായത്(900-1107). *ബേർനോ* (909-27) ക്ലൂണിയുടെ ആദ്യത്തെ ആബട്ടായിരുന്നു. അന്നുണ്ടായിരുന്ന ബനഡിക്ടൈൻ സന്ന്യാസാശ്രമങ്ങളെ നവീകരിക്കുകയും പുതിയ ഭവനങ്ങൾ തുടങ്ങുകയും ചെയ്യാൻ ക്ലൂണി സന്ന്യാസികൾ നേതൃത്വം നൽകി. *ഓഡോ* (926-42), *മയൂൾ* (954-94), *ഒഡില്ലോ* (994-1049), *മഹാനായ ഹ്യൂഗ്* (1049-1109), *വന്ദ്യനായ പീറ്റർ* (1122-56) എന്നിവർ ക്ലൂണിക്കു നേതൃത്വം നൽകി. അക്കാലത്ത് ഏതാണ്ട് ആയിരത്തോളം ക്ലൂണിആശ്രമങ്ങളുണ്ടായിരുന്നു. കാലക്രമത്തിൽ ക്ലൂണിയുടെ സ്വാധീനം കുറഞ്ഞുകുറഞ്ഞുവന്നു. ക്രിസ്ത്യാനികളുടെ ഒരാധ്യാത്മികകേന്ദ്രമായിരുന്നു ആരംഭകാലത്ത് ക്ലൂണി. ക്ലൂണിയിലെ ആശ്രമനേതാക്കന്മാർ കുലീനകുടുംബങ്ങളിൽ നിന്ന് വന്നിരുന്നു. സഭയിലെ ഉന്നതസ്ഥാനങ്ങൾ സ്വീകരിക്കാൻ അവർ വിസമ്മതിച്ചു. ഫ്യൂഡൽ പ്രഭുക്കന്മാരുടെ സ്വാധീനത്തിൽനിന്ന് മാർപാപ്പായുടെ നേരി

www.malankaralibrary.com


ട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു അവർ. ക്ലൂണി ആശ്രമാധ്യക്ഷൻെറ നവീകരണപരിശ്രമങ്ങൾ നടപ്പാക്കാൻ പര്യാപ്തമാംവിധം കേന്ദ്രീകൃത ഭരണസംവിധാനമാണ് ക്ലൂണി രൂപപ്പെടുത്തിയത്. വിശുദ്ധ ബനഡിക്ടിൻെറ മൂലനിയമങ്ങൾ നിഷ്കർഷയായി പാലിക്കുന്ന നയം ഇവർ സ്വീകരിച്ചു. ആരാധനാകർമ്മങ്ങൾ വളരെ ആഘോഷമായി നടത്തിയിരുന്നു. അതുപോലെ വ്യക്തിപരമായ ആധ്യാത്മികത രൂപപ്പെടുത്തുന്നതിൽ സന്ന്യാസികൾക്കു പ്രേരണ നൽകി. ചുറ്റുമുള്ള പ്രദേശങ്ങളിലൊക്കെ ക്ലൂണി സ്വാധീനം ചെലുത്തി. സഭാനവീകരണത്തിലും വൈദികരുടെ ധാർമ്മികനിലവാരം ഉയർത്തുന്നതിലും ക്ലൂണിസന്ന്യാസികൾ ശ്രദ്ധിച്ചു. ആധ്യാത്മികകാര്യങ്ങൾ പണംകൊടുത്തു വാങ്ങുന്ന പതിവ് ഗണ്യമായി കുറയ്ക്കാൻ ഇവർക്കു സാധിച്ചു. ജനങ്ങൾ ഇവരുടെ ഉന്നതമായ ആധ്യാത്മികചിന്തകളെ ബഹുമാനിച്ചിരുന്നു. അതുപോലെ 'അവിവാഹിതർ മാത്രമേ വൈദികസ്ഥാനങ്ങൾ അലങ്കരിക്കാവൂ; വൈദികസ്ഥാനികൾ കുടുംബജീവിതത്തിൽനിന്നു വിട്ടുനിൽക്കണം' എന്ന കാര്യത്തിനും അവർ ഉത്തേജനം നൽകി. ക്ലൂണിസന്ന്യാസം പ്രധാനമായി ഫ്രാൻസിലെ സഭാജീവിതത്തെയാണ് ഗണ്യമായി സ്വാധീനിച്ചത്.

കാൻറർബറി ആർച്ചുബിഷപ്പായിരുന്ന വി.ഡൺസ്റ്റണും (909-88), യോർക്കിലെ ആർച്ചുബിഷപ്പായിരുന്ന വി. ഓസ്വാൾഡും (†992) ഇംഗ്ലണ്ടിലെ സന്ന്യാസനവീകരണത്തിനു നേതൃത്വംകൊടുത്തു. വൈദികരുടെ ബൗദ്ധികവും ധാർമ്മികവുമായ നിലവാരം ഉയർത്താൻ ഇരുവരും നടപടികൾ സ്വീകരിച്ചു. ബനഡിക്ടൈൻ സന്ന്യാസനിയമങ്ങളായിരുന്നു ഇവരുടെയും നവീകരണത്തിൻെറ മാർഗരേഖ. ഇംഗ്ലണ്ടിലെ രാജാക്കന്മാരും നവീകരണത്തിനു പ്രോത്സാഹനം നൽകി. മഹാനായ ആൽഫ്രഡ് (871-899), വില്യം ദി കോൺക്കറർ (1066-87) എന്നിവർ അവരിൽ പ്രശസ്തരാണ്.

ഇറ്റാലിയൻ സന്ന്യാസനവീകരണത്തിൽ അനുസ്മരിക്കേണ്ടവരാണ് വി.റൊമുവാൾഡും (950-1027), വി.ജോൺ ഗുവാൽബെർട്ടും (990-1073). റൊമുവാൾഡ് ഇറ്റലിയിൽ കമാൾഡൊളി എന്ന സ്ഥലത്ത് 1012-ൽ *"ക്മാൾഡൊളേസെ"* എന്ന സന്ന്യാസം തുടങ്ങി. ജോൺ1036-ൽ ഇറ്റലിയിൽ വല്ലംബ്രോസാ എന്ന സ്ഥലത്ത് വല്ലംബ്രോസൻ സന്ന്യാസസമൂഹം സ്ഥാപിച്ചു. കഠിന തപശ്ചര്യ, നിത്യനിശ്ശബ്ദത, ദാരിദ്ര്യം ആശ്രമത്തിൽ തന്നെ പാർക്കൽ എന്നിവ *വല്ലംബ്രോസൻ* സന്ന്യാസത്തിൻെറ പ്രത്യേകതകളായിരുന്നു.

www.malankaralibrary.com


ജർമ്മൻ രാജാക്കന്മാരായ ഹെൻറി II (1002-24), ഹെൻറി III (1059-56) എന്നിവർ സന്ന്യാസികളുടെ സഹായത്തോടുകൂടെ ജർമ്മനിയിലെ സഭാജീവിതം നവീകരിച്ചു. ക്ലൂണിയുടെ സ്വാധീനത്തിൽ *"ദൈവ സമാധാനം"* (Peace of God) എന്ന ഉടമ്പടി 990-ൽ നിലവിൽ വന്നു. യുദ്ധത്തിലേർപ്പെടാത്തവരെയും നിഷ്പക്ഷമതികളെയും വൈദികരെയും ദരിദ്രരെയും പട്ടണവാസികളെയും അവരുടെ വസ്തുവകകളെയും വെറുതെ കടന്നാക്രമിക്കയില്ല എന്ന് ഫ്യൂഡൽ പ്രഭുക്കന്മാർ ചെയ്ത ഉടമ്പടിയാണിത്. അതുപോലെ നോമ്പുകാലങ്ങളിലും മറ്റ് വിശേഷാവസരങ്ങളിലും കടന്നാക്രമിക്കയില്ല എന്ന് അംഗീകരിക്കുന്ന *ദൈവനിയമം* (Truce of God) എന്ന ഉടമ്പടിയും അടുത്ത തലമുറയിൽ നിലവിൽ വന്നു.

സന്ന്യാസികളുടെ സ്വാധീനത്തിൽ വന്ന *മാർപാപ്പാമാരും* നവീകരണത്തിനു നേതൃത്വം നൽകി. ക്ലൂണിയുടെ സ്വാധീനത്തിൽ വന്ന *വി.ലെയോ IX (1049-54), വി.ഗ്രിഗറി VII* (1073-85), *ഉർബൻ II* (1088-99), *കല്ലിക്സ്റ്റസ് II* (1119-24) എന്നിവർ അവരിൽ പ്രമുഖരാണ്. യൂറോപ്പിലുടനീളം ചുറ്റിസഞ്ചരിച്ച് സിനഡുവിളിച്ചുകൂട്ടുവാനും സഭയെ വിവിധ രീതികളിൽ നവീകരിക്കാനും ലെയോ ശ്രമിച്ചു. *"സൈമണി"* നിരോധിച്ചു; വൈദികസ്ഥാനികൾ അവിവാഹിതരായിരിക്കണമെന്നു നിഷ്കർഷിച്ചു; അയോഗ്യരെ സ്ഥാനഭ്രഷ്ടരാക്കി. ക്ലൂണിയിലെ ഒരു സന്ന്യാസിയായിരുന്നു *ഗ്രിഗറി.* തൻെറ മുൻഗാമിയുടെ പേപ്പൽ തെരഞ്ഞെടുപ്പു നിയമങ്ങൾ രൂപപ്പെടുത്തിയത് അദ്ദേഹമാണ്. അതായത് കർദ്ദിനാളന്മാർ മാത്രമേ പാപ്പായെ തെരഞ്ഞെടുക്കാവൂ എന്ന് നിക്കൊളാസ് II പാപ്പാ (1059-61) പാസ്സാക്കിയത് ഗ്രിഗറിയുടെ സ്വാധീനത്തിലാണ്. അത്മായർ വൈദികസ്ഥാനികൾക്ക് സ്ഥാനചിഹ്നം നൽകുന്ന രീതി (*lay investiture*)അദ്ദേഹം നിരോധിച്ചു. 'സഭയും രാഷ്ട്രവും തമ്മിൽ ശരിയായ ബന്ധം ഉണ്ടായിരിക്കണം' എന്ന് അദ്ദേഹം എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. അതാണ് നീതി (righteousness). അൽമായ സ്വാധീനത്തിൽനിന്ന് സഭയെ വിമുക്തമാക്കാൻ അദ്ദേഹം വളരെ പരിശ്രമിച്ചു. രാജാക്കന്മാരുടെമേലും സഭയ്ക്കധികാരമുണ്ട് എന്ന് അംബ്രോസിൻെറയും (374-397) ജലാസിയൂസ് പാപ്പായുടെയും (492-496) ചുവടുപിടിച്ച് ഗ്രിഗറി വാദിച്ചുകൊണ്ടിരുന്നു. സഭാനവീകരണത്തിനു മുതിർന്ന ഗ്രിഗറിക്ക് ജർമ്മൻ രാജാവായ ഹെൻറി IV നിൽ നിന്ന് ശക്തിയായ എതിർപ്പുണ്ടായി. ആ ഏറ്റുമുട്ടലിൽ ഹെൻറി റോം ആക്രമിച്ചു; ക്ലെമെൻറ് III എന്ന എതിർ പാപ്പായെ വാഴിച്ചു. ഗ്രിഗറി ഒളിച്ചോടിപ്പോയി സലെർണോയിൽ വച്ചു

www.malankaralibrary.com



മരിച്ചു(1085). സഭയിൽ അത്മായരുടെ സ്ഥാനമെന്തെന്ന് ക്ലിപ്തപ്പെടുത്തി, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിജപ്പെടുത്താൻ ശ്രമിച്ചു എന്നതാണ് ഗ്രിഗറിയുടെ മഹത്ത്വം. എന്നാൽ ഹെൻറി ഉയർത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഉർബൻ II നും ക്ലൂണിസന്ന്യാസിയായിരുന്നു. ലെയോ മാർപാപ്പായെപ്പോലെ നിരവധി സിനഡുകൾ വിളിച്ചുകൂട്ടി. ചുറ്റിനടന്ന് നവീകരണത്തിനു നേതൃത്വം നൽകി. ഔപചാരികമായും പരസ്യമായും "lay investiture" നിരോധിച്ചു. കല്ലിക്സ്റ്റസ് II നും ക്ലൂണിസന്ന്യാസിയായിരുന്നു. 1122-ൽ "വേംസ് ഉടമ്പടി" വഴി "അൽമായരുടെ അമിതസ്വാധീനം" (lay investiture) അവസാനിപ്പിക്കാൻ ജർമ്മൻ രാജാവ് ഹെൻറി സമ്മതിച്ചു.

പന്ത്രണ്ടാം നൂറ്റാണ്ടിൽ സന്ന്യാസം പല രൂപഭാവങ്ങൾ സ്വീകരിച്ചു. ആഴമായ തീക്ഷ്ണത, ലളിതജീവിതം, കായികാധ്വാനതല്പരത, ആദിസന്ന്യാസപിതാക്കന്മാരുടെ ജീവിതരീതി അനുകരിക്കാനുള്ള ആവേശം എന്നിവ ഇവരുടെ മുഖമുദ്രയായിരുന്നു. ക്ലൂണിയുടെതന്നെ സ്വാധീനം കുറഞ്ഞപ്പോൾ പുതിയ സമൂഹങ്ങൾ ഉടലെടുത്തു. ഭൗതികസമ്പത്ത് അമിതമായി കുന്നുകൂടിയതാണ് സന്ന്യാസം അധഃപതിക്കാനുള്ള ഒരു പ്രധാന കാരണം.

***അഗസ്റ്റീനിയൻ താപസ്സർ***[1]: ഇറ്റലിയിലുണ്ടായിരുന്ന ചെറിയ സന്ന്യാസസമൂഹങ്ങൾ ഒന്നുചേർന്ന് 1256-ൽ അഗസ്ററിൻെറ നിയമാവലി സ്വീകരിച്ചു. ***കാനൻ റഗുലർ:*** പള്ളികളോട് ബന്ധപ്പെട്ടിരുന്ന ചില വൈദികസമൂഹങ്ങൾ കാനൻ എന്നറിയപ്പെട്ടിരുന്നു. ചിലർ ബനഡിക്ടിൻെറ നിയമവും ചിലർ അഗസ്റ്റിൻെറ നിയമവും എടുത്തു. ***വിക്ടോറിയൻസ്:***[2] പാരീസിൽ വി.വിക്ടറിനു സമർപ്പിതമായ ഭവനത്തിൽ ഉള്ള കാനൻ റഗുലർ.

***നോർബർട്ടയിൻസ്***[3]: വി.നോർബർട്ട് (1080-1134)പ്രെമോൻത്രെയിൽ 1120-ൽ തുടങ്ങിയ സന്ന്യാസസമൂഹം കിഴക്കൻ യൂറോപ്പിൻെറ സുവിശേഷവൽക്കരണത്തിൽ ഗണ്യമായ പങ്കുവഹിച്ചു. ഇവരിൽ പലരും മെത്രാന്മാരായി. അങ്ങനെ സന്ന്യാസനവീകരണസ്വാധീനം സാധാരണജനങ്ങളിലെത്താൻ ഇടയായി. വെള്ളവസ്ത്രമാണിവരുടേത്.

1. Hermits-Friars
2. Victorines
3. Premonstratensiens

www.malankaralibrary.com


*കർത്തൂസിയൻ സമൂഹം:* വി.ബ്രൂണോ 1084-ൽ ഫ്രാൻസിൽ[4] തുടങ്ങിയ സന്ന്യാസപ്രസ്ഥാനമാണിത്. പ്രാചീന സന്ന്യാസികളിൽ നിന്നും പാശ്ചാത്യസന്ന്യാസത്തിൽ നിന്നും ഇവർ സ്വാധീനം സ്വീകരിച്ചു. ഏകാന്തജീവിതക്കാരായ സന്ന്യാസികളുടെ ഒരുതരം കൂട്ടജീവിതം. വളരെ അപൂർവമായി മാത്രം ഒന്നിച്ചുകൂടുക, ഏകാന്തജീവിതം, നിശ്ശബ്ദത, പരിത്യാഗകർമ്മങ്ങൾ, ലളിതമായ ഭക്ഷണം എന്നിവ ഈ സമൂഹത്തിൻെറ മുഖമുദ്രയായിരുന്നു. വെള്ളവസ്ത്രമായിരുന്നു ഇവരുടേത്. കാലപ്പഴക്കത്തിൽ വളരെയധികം അധഃപതിക്കാത്ത സമൂഹമാണിത്.

*സിസ്റ്റേഴ്സ്യൻ സമൂഹം: വി.റോബർട്ട്,* സിറ്റോ[5] എന്ന സ്ഥലത്ത് 1098-ൽ തുടങ്ങിയ സന്ന്യാസസമൂഹമാണിത്. Cistercium എന്ന ലത്തീൻവാക്കിൽനിന്നാണ് ഈ പേരുണ്ടായത്. വി.ബനഡിക്ടിൻെറ മൂലസന്ന്യാസനിയമങ്ങളനുസരിച്ചുള്ള സന്ന്യാസജീവിതത്തിന് രൂപം കൊടുത്തു. 1153-ൽ യൂറോപ്പിൽ 343 ഭവനങ്ങളായി വളർന്നു; 14-ാം നൂറ്റാണ്ടായപ്പോഴേക്കും 700 ഭവനങ്ങൾ ഉണ്ടായി. സ്ററീഫൻ ഹാർഡിംഗ് (1109-33) ഈ സമൂഹത്തിൻെറ നിയമങ്ങൾ എഴുതിയുണ്ടാക്കി. ലളിതജീവിതം, അതിനനുസൃതമായ കെട്ടിടങ്ങൾ, കായികാധ്വാനം എന്നിവയ്ക്കു പ്രാധാന്യം കൊടുത്തു. കൃഷി, കന്നുകാലിവളർത്തൽ എന്നിവ പ്രധാനജോലികളായിരുന്നതിനാൽ കാലിവളർത്തലിനു പറ്റിയ സ്ഥലങ്ങളിലാണ് ആശ്രമങ്ങൾ സ്ഥാപിച്ചിരുന്നത്. യൂറോപ്പിലെ കാർഷിക വികസനത്തിന് ഇവർ സാരവത്തായ സംഭാവന ചെയ്തു. വി.ബർണാർദ് (1090-1153) മുപ്പത് സഹചരരോടുകൂടി സിറ്റോയിൽ ചേർന്നു. ഇവരുടെ സന്ന്യാസപ്രവേശനം സിറ്റോയിക്കു നവജീവൻ പകർന്നു. വി.ബർണാർദ് അന്നത്തെ യൂറോപ്യൻ ചരിത്രവുമായും സഭാചരിത്രവുമായും അഭേദ്യം ബന്ധപ്പെട്ടയാളാണ്. ഒരു വലിയ മിസ്റ്റിക്കും ആധ്യാ ത്മികനേതാവുമായിരുന്നു അദ്ദേഹം. സഭാനവീകരണത്തിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. സന്ന്യാസി ആയിരുന്നെങ്കിലും പലപ്പോഴും പൊതുകാര്യങ്ങൾക്കായി പൊതുരംഗങ്ങളിലേക്ക് അദ്ദേഹം വിളിക്കപ്പെട്ടിരുന്നു. 1130-ൽ ഒരേ സമയം രണ്ടുപേർ മാർപാപ്പാമാരായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഐക്യം പുനഃസ്ഥാപിക്കാൻ ബർണാർദ് പരിശ്രമിച്ചു. ഫ്രാൻജിപ്പാനി,

4. Grande Chartreuse
5. Citeaux

www.malankaralibrary.com



പിയെർലെയോണി കുടുംബങ്ങൾ തമ്മിലുള്ള കിടമത്സരങ്ങളുടെ ഫലമായിട്ടാണ് ഇതുണ്ടായത്. ആൽപ്സിനു വടക്കുള്ള പ്രദേശങ്ങളിൽ ഇന്നസെൻറ് മാർപാപ്പായുടെ നേതൃത്വം അംഗീകരിപ്പിക്കാൻ ബർണാർദിൻെറ സ്വാധീനം സഹായിച്ചു. എന്നാൽ 1138-ൽ അനാക്ലിറ്റസിൻെറ മരണത്തോടുകൂടി മാത്രമാണ് ശീശ്മ അവസാനിച്ചത്. ബർണാർദ് കുരിശുയുദ്ധങ്ങൾക്കുള്ള ഒരു വലിയ പ്രേരകശക്തി കൂടിയായിരുന്നു.

*ഫ്രാൻസിസ്ക്കൻ സന്ന്യാസികൾ:* അസ്സീസ്സിയിലെ *വി.ഫ്രാൻസിസ്* (1182-1226) നേതൃത്വം നൽകി രൂപീകരിച്ച സന്ന്യാസസമൂഹങ്ങൾക്ക് പല പ്രത്യേകതകളുണ്ടായിരുന്നു. വി.ബേസിൽ പൗരസ്ത്യദേശത്ത് തുടങ്ങിയ സന്ന്യാസരീതിയിലായിരുന്നു ഫ്രാൻസിസിൻെറ സന്ന്യാസവും. അതായത്, സന്ന്യാസചൈതന്യം സഹജീവികൾക്ക് അനുഗ്രഹപ്രദമാകാൻ പര്യാപ്തമാക്കുക. അക്കാലത്തെ ലൗകികജീവിതത്തിനും കുത്തഴിഞ്ഞ സംസ്കാരത്തിനും അധാർമ്മികവ്യാപാരങ്ങൾക്കും കടകവിരുദ്ധമായി, സുവിശേഷചൈതന്യത്തിൽ അടിയുറച്ച ഒരു നവ സന്ന്യാസപദ്ധതി രൂപപ്പെട്ടുവന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം, ലൗകിക കാര്യങ്ങളോടുള്ള പൂർണമായ അനാസക്തി, സന്തോഷപ്രകൃതി, ദാരിദ്ര്യസ്നേഹം, എല്ലാം ഉപേക്ഷിക്കാനുള്ള അന്തർദാഹം, സുവിശേഷം പകർന്നുകൊടുക്കാനുള്ള വെമ്പൽ, നിരന്തരമായ സേവനസന്നദ്ധത എന്നിവ ഫ്രാൻസിസ്ക്കൻ സന്ന്യാസത്തിൻെറ പ്രത്യേകതകളായിരുന്നു. സർവതും ഉപേക്ഷിച്ച് ക്രൂശിതനായ ക്രിസ്തുവിനെ പിൻചെന്ന ഫ്രാൻസിസ്, അധഃപതിച്ചുകിടന്ന മധ്യകാലഘട്ടത്തിലെ വലിയൊരു ധാർമ്മികശക്തിയായിത്തീർന്നു. പ്രഭുകുടുംബത്തിൽ പെട്ടയാളായിരുന്നെങ്കിലും സർവതും ഉപേക്ഷിച്ചിറങ്ങിത്തിരിച്ചതിനാൽ, സഭയിൽ സാരവത്തായ സംഭാവനചെയ്യാൻ ഫ്രാൻസിസിനു കഴിഞ്ഞു.

കാലക്രമത്തിൽ 'ഫ്രയേഴ്സ് മൈനർ, എന്ന സമൂഹം സ്ഥാപിച്ചു. ഇന്നസെൻറ് III പാപ്പാ1209-ൽ ഈ സമൂഹത്തിൻെറ നിയമം അംഗീകരിച്ചു. ദരിദ്രർ, രോഗികൾ, പട്ടിണിക്കാർ, പീഡിതർ, ആലംബഹീനർ എന്നിവരിൽ ഈ സമൂഹം ശ്രദ്ധ കേന്ദ്രീകരിച്ചു. വ്യക്തികൾ പരമ ദരിദ്രരായി ജീവിച്ചെങ്കിലും സമൂഹത്തിന് സ്വത്തു സമ്പാദിക്കാം എന്ന് നിശ്ചയിച്ചത് ഫ്രാൻസിസിനെ വേദനിപ്പിച്ചു. സ്വത്തു സമ്പാദനം കാലക്രമത്തിൽ കലഹത്തിനും തളർച്ചയ്ക്കും പിളർപ്പിനും അധഃപതനത്തിനും വഴിതെളിച്ചു. ഫ്രാൻസിസ്ക്കൻ ഒന്നാം ഓർഡർ, രണ്ടാം ഓർഡർ, മൂന്നാം ഓർഡർ എന്നിങ്ങനെ മൂന്ന് ഓർഡറുകൾ സ്ഥാപിച്ചു. രണ്ടാം

www.malankaralibrary.com


ഓർഡർ സ്ത്രീകൾക്കുവേണ്ടി തുടങ്ങിയത് ഫ്രാൻസിസിന്റെ പ്രേരണയാലും നിർദ്ദേശത്താലും വി.ക്ലാരയാണ്. ഫ്രാൻസിസ്ക്കൻ സമൂഹങ്ങളെല്ലാം മാർപാപ്പായുടെ നേരിട്ടുള്ള ഭരണത്തിലും നിയന്ത്രണത്തിലുമാക്കി. താൻ വിശ്വസിച്ചവ ഫ്രാൻസിസ് ജീവിതത്തിൽ പകർത്തി; അതുമാത്രം പ്രസംഗിച്ചു; ആ പ്രസംഗം ശ്രോതാക്കളിൽ പരിവർത്തനം ഉളവാക്കി. വി.ബൊനവെഞ്ചർ (†1274), ഡൺസ് സ്കോട്ടൂസ് (†1308), റോജർ ബേക്കൺ (†1292) എന്നിവർ ഈ സമൂഹത്തിൽ പെട്ടവരായിരുന്നു.

കാലക്രമത്തിൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിൽ ഉടലെടുത്ത വിഭാഗങ്ങളെപ്പറ്റി കൂടി സൂചിപ്പിക്കാം: സ്വത്തുസമ്പാദനം സംബന്ധിച്ചുള്ള തർക്കത്തിൽ ചിലർ മയപ്പെട്ട സമീപനം പുലർത്തി. "സമൂഹത്തിനാകാം" എന്ന നിലപാടിൽ അവർ എത്തിച്ചേർന്നു. എന്നാൽ സമൂഹത്തിനും വ്യക്തികൾക്കും പാടില്ല എന്ന സമീപനം കുറേപേർ സ്വീകരിച്ചു. "ആത്മീയർ"[6] എന്ന് അവർ വിളിക്കപ്പെട്ടു. തുടർന്നുണ്ടായ തർക്കങ്ങൾ വി.ബൊനവഞ്ചർ നിയന്ത്രിച്ചുനിർത്തി. സമൂഹത്തിന് സ്വത്തു സമ്പാദിക്കാം എന്ന പേപ്പൽ തീരുമാനത്തിൽ (1317/8)പ്രതിഷേധിച്ച് കുറേ"ആത്മീയർ"ഫ്രാതിച്ചെള്ളി എന്ന ശീശ്മവിഭാഗം (1378/9) രൂപീകരിച്ചു. ദാരിദ്ര്യത്തെച്ചൊല്ലി 1321-ൽ ഫ്രാൻസിസ്ക്കരും ഡൊമിനിക്കരും തമ്മിൽ ഒരു തർക്കം തുടങ്ങി. അക്കാലത്ത് കൃത്യമായി ഫ്രാൻസിസ്ക്കൻ ദാരിദ്ര്യമനുസരിച്ച് ജീവിക്കുന്ന ഒബ്സേർവൻറ്റ്സ്[7] എന്നും അതിനെ എതിർത്ത കൊൺവെഞ്ച്വൽസ്[8] എന്നും ഫ്രാൻസിസ്ക്കൻ സമൂഹം രണ്ടായി. ഫ്രാൻസിസിന്റെ പാരമ്പര്യം അക്ഷരാർത്ഥത്തിൽ പാലിക്കുന്നവർ ആദ്യവിഭാഗമാണെന്ന് 1517-ൽ നിശ്ചയിക്കപ്പെട്ടു. മറ്റവർ വേറൊരു സമൂഹമായി തുടർന്നു. മത്തെയോ ദി ബാസ്സി (1495-1552) ഒബ്സേർവൻറ്റ്സിൽ നവീകരണം വരുത്തി ഉണ്ടായതാണ് *കപ്പൂച്ചിൻ സന്ന്യാസികൾ.* 1529-ൽ അവരുടേതായ നിയമാവലി ഉണ്ടായി. ഇവരുടെ ശിരോവസ്ത്രത്തിന്റെ (കപ്പൂച്ചിയോ) പ്രത്യേകതയിൽ നിന്നാണ് ഈ പേര് അവർക്കു ലഭിച്ചത്. O.F.M(cap) എന്നതിന്റെ പൂർണരൂപം: Ordo Fratrum Minorum S. Francisci Capuccinorum (വി.ഫ്രാൻസിസിന്റെ

---

6. Spirituals
7. Observants
8. Conventuals

www.malankaralibrary.com



കപ്പൂച്ചിൻ നിസ്സാരസഹോദരന്മാരുടെ സമൂഹം). *റിഫൊർമാതി, റെകൊളെക്തി, ഡിസ്കാൽസെത്തി* എന്നിങ്ങനെ (17/18 th c.). പിന്നെയും പിളർന്ന് പ്രത്യേകസമൂഹങ്ങളായെങ്കിലും 1897-ൽ വീണ്ടും ഒന്നിച്ചു. 'ത്രികാല ജപം', പുൽക്കൂട്, സ്ലീബാപാത, അമലോത്ഭവഭക്തി, ക്രൂശിതരൂപത്തോടുള്ള പ്രത്യേകഭക്തി, പീഡാനുഭവഭക്തി എന്നിവ പ്രചരിപ്പിക്കാൻ ഫ്രാൻസിസ്ക്കൻ സന്ന്യാസികൾ ശ്രദ്ധിച്ചിരുന്നു. ഫ്രാൻസിസ്ക്കൻ മിഷൻ പ്രവർത്തനത്തിനിടയിൽ ഈ ഭക്തികൾ പൗരസ്ത്യകത്തോലിക്കരുടെ ഇടയിലും പ്രചരിച്ചു.

ആന്തരികമായ അഭിപ്രായഭിന്നതകൾ, ഫ്രഞ്ചുവിപ്ലവം, ജോസഫ് രണ്ടാമൻ രാജാവിൻെറ ലൗകീകരണം[9] സ്പെയിനിലെയും (1834) പോളണ്ടിലെയും (1834) ഇറ്റലിയിലെയും വിപ്ലവം, ഫ്രഷ്യയിലെ വിപ്ലവം[10] എന്നിവ ഈ സമൂഹത്തെ തളർത്തിക്കളഞ്ഞു. എന്നാൽ നൂറ്റാണ്ടുകളിലൂടെ സഭയ്ക്ക് സാരവത്തായ സംഭാവനയും നവീകരണത്തിനു നേതൃത്വവും നൽകിയതും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതുമായ സമൂഹമാണ് ഫ്രാൻസിസ്ക്കൻ സന്ന്യാസസമൂഹം.

*ഡൊമിനിക്കൻ സന്ന്യാസസമൂഹം:* സ്പെയിൻകാരനായ *ഡൊമിനിക്* (1170-1221) സ്ഥാപിച്ചതാണ് "പ്രസംഗകരായ സന്ന്യാസസഹോദരരുടെ സമൂഹം" (Ordo Predicatorum: OP). ആൽബിജെൻസിയൻ, വാൾഡെൻഷ്യൻ പാഷണ്ഡതകൾക്കെതിരെ പ്രസംഗിക്കയും സത്യവിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കയും ചെയ്യാൻ തുടങ്ങിയ സമൂഹമാണിത്. ഫ്രാൻസിസിൻെറ മാതൃകയിലാണ് ഡൊമിനിക്കും സന്ന്യാസം സംഘടിപ്പിച്ചത്. കായികാധ്വാനത്തിൽ നിന്നു വിട്ടുമാറി പഠനത്തിനും പ്രസംഗത്തിനും മറ്റു ബൗദ്ധികവ്യാപാരങ്ങൾക്കും ശ്രദ്ധിച്ച സമൂഹമാണിത്. ഫ്രാൻസിസിനെപ്പോലെ ദാരിദ്ര്യാരൂപി നിലനിർത്തി. പില്ക്കാലത്ത് യൂറോപ്യൻ യുണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് ഇവർ ഭവനങ്ങൾ തുറക്കുകയും പണ്ഡിതരായ അധ്യാപകരെ സംഭാവന ചെയ്യുകയും ചെയ്തു. മഹാനായ വി. ആൽബർട്ട് (†1280) , വി.തോമസ് അക്വിനാസ്(†1274) എന്നിവർ ഈ സമൂഹത്തിൽപെട്ടവരാണ്. പോർട്ടുഗീസ് സ്പാനിഷ് കൊളോണിയൽ ശക്തികളോടൊപ്പം മിഷൻ രംഗത്തേക്ക്

---

9. Secularisation
10. Culturkampf

www.malankaralibrary.com



ആദ്യം കടന്നുചെന്നത് ഡൊമിനിക്കൻ സന്ന്യാസികളാണ്. കുരിശുയുദ്ധങ്ങൾക്കുവേണ്ടി ആഹ്വാനം ചെയ്യാനും ഇവർ മുന്നോട്ടുവന്നു. ഇൻക്വിസിഷൻ നടപ്പാക്കിയതും ഇവരായിരുന്നു. അക്കാരണത്താൽ ഇവർക്ക് ജനങ്ങൾക്കിടയിൽ സ്വാധീനം കുറഞ്ഞു. ഫ്രാൻസിസ്ക്കൻ സന്ന്യാസികളെപ്പോലെ ഇവർക്കും രണ്ടാം ഓർഡറും മൂന്നാം ഓർഡറും ഉണ്ടായിരുന്നു. ഡൊമിനിക്കൻ സന്ന്യാസികൾ 'ബ്ലാക് ഫ്രയേഴ്സ്' അഥവാ 'ഫ്രയേഴ്സ് മേജർ' എന്നും അറിയപ്പെടുന്നു.

ഈ രണ്ട് സമൂഹങ്ങളും *ഭിക്ഷുസന്ന്യാസസമൂഹങ്ങൾ*[11] എന്ന് അറിയപ്പെട്ടിരുന്നു. സ്വത്ത് സമ്പാദിക്കാതെതന്നെ, അധ്വാനിച്ചും ഭിക്ഷയെടുത്തും ജീവിക്കണം എന്നു നിഷ്കർഷിച്ചതിനാലാണ് ഇങ്ങനെ അറിയപ്പെടുന്നത്. കാലക്രമത്തിൽ ഈ രണ്ടു സമൂഹങ്ങളും പരസ്പരം സ്വാധീനിച്ചിട്ടുണ്ട്; ഇവർ തമ്മിൽ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്. ഡൊമിനിക്കൻ വിഭാഗം ബൗദ്ധികവ്യാപാരത്തിനു നൽകിയ ഊന്നൽ കാലാന്തരത്തിൽ ഫ്രാൻസിസ്ക്കൻ സന്ന്യാസികൾ സ്വീകരിക്കുകയും അവരും യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവ രണ്ടും മാർപാപ്പാമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. ഇവരുടെ സ്വാധീനത്തിൽ വന്ന മാർപാപ്പാമാർ സഭാനവീകരണത്തിനാക്കം കൂട്ടി.

11. mendicant orders

www.malankaralibrary.com

# 13

# മധ്യകാല ചിന്തകർ

**ചാ**ർളിമെയിൻ ചക്രവർത്തിയോടുകൂടി കത്തീഡ്രൽ , അരമന സ്കൂളുകൾ ഉദയംചെയ്തു. സഭാസ്ഥാപനങ്ങളോട് ബന്ധപ്പെടുത്തി തുടങ്ങിയ ഈ സ്കൂളുകൾ വിദ്യാഭ്യാസരംഗത്ത് പുതിയ തുടക്കം കുറിച്ചു. കാറോളിൻജിയൻ നവീകരണത്തിന് പ്രേരണനൽകിയത് *ആൽകുയിൻ* (735-804) ആയിരുന്നു. സഭാപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ ചക്രവർത്തിയുടെ ഉപദേശകനും രാജകുമാരന്മാരുടെ ഗുരുവുമായിരുന്നു അദ്ദേഹം. ആൽകുയിൻ 796-ൽ ടൂഴ്സിലെ ആബട്ടായിത്തീർന്നു. അവിടെ ഒരു സ്കൂളും ഗ്രന്ഥശേഖരവും ആരംഭിച്ചു. *മെറ്റ്സിലെ അമലാരിയുസ്* (780-850/-), *റബ്ബാനുസ് മൗരുസ്* (776/84-856) എന്നിവർ ആൽകുയിൻെറ പ്രധാനശിഷ്യരായിരുന്നു. ആരാധനക്രമ പണ്ഡിതനായിരുന്നു അമലാരിയൂസ്. റോമൻ -ഗാള്ളിക്കൻ ആരാധനക്രമപാരമ്പര്യങ്ങളെ ഒന്നിച്ചു ചേർക്കാൻ അദ്ദേഹം ശ്രമിച്ചു. ഫുൾഡാ ആശ്രമാധ്യക്ഷനായിരുന്നു മൗരൂസ് (822-42). 847-ൽ മൈൻസ് മെത്രാപ്പോലീത്താ ആയി. ഇവർ അക്കാലത്തെ ബൗദ്ധികനവോത്ഥാനത്തിന് നേതൃത്വം കൊടുത്തവരാണ്. *പസ്കാസിയൂസ് റഡ്ബേർതുസും* (790-865) ആയിട്ടുള്ള കുർബാന സംബന്ധമായ തർക്കങ്ങളിൽ മൗരുസ് ഇടപെട്ടു. കോർബി ബനഡിക്ടൈൻ ആശ്രമാംഗമായിരുന്നു പസ്കാസിയുസ്. *കർത്താവിൻെറ ശരീരവും രക്തവും*(“ദെ കോർപൊറെ എത് സാങ്ഗ്വിനെ ദോമിനി”) എന്ന കുർബാനയെപ്പറ്റിയുള്ള ഗ്രന്ഥം വഴിയാണ് (834) പസ്കാസിയുസ് അറിയപ്പെടുന്നത്. അക്കാലത്തെ ഒരു വലിയ ദൈവശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. കുർബാന സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ചില വീക്ഷണങ്ങളെ റത്രാമ്നുസും (†868) മറ്റുള്ളവരും എതിർത്തു. അത്

www.malankaralibrary.com



ഒരു ദൈവശാസ്ത്ര തർക്കത്തിന് വഴിതെളിച്ചു. കോർബി ആശ്രമത്തിലെ മറ്റൊരു സന്ന്യാസദൈവശാസ്ത്രജ്ഞനായിരുന്നു റത്രാമ്നുസ്. പസ്കാസിയുസ് എഴുതിയ അതേ തലക്കെട്ടിൽ തന്നെ കുർബാനയെപ്പറ്റി ഒരു ഗ്രന്ഥമെഴുതി.

### ജോൺ സ്കോട്ടുസ് എരിജേന (810-877)

ലാവോൺ സ്കൂളിൽ പ്രധാനാധ്യാപകനായിരുന്ന എരിജേന ഒരു പ്രകാശഗോപുരമായിരുന്നു. പല പൗരസ്ത്യചിന്തകരെയും ലത്തീൻ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തത് അദ്ദേഹമാണ്. സെവുഡോ-ഡയനീഷ്യസിൻെറ കൃതികൾ അദ്ദേഹം ലത്തീനിലേക്കു വിവർത്തനം ചെയ്തു. *"De Divisione Naturae"* എന്നതാണ് അദ്ദേഹത്തിൻെറ ഏറ്റവും വലിയ കൃതി. താൻ പരിചയപ്പെട്ട പൗരസ്ത്യപിതാക്കന്മാരുടെ ക്രൈസ്തവ ദർശനത്തെ തത്ത്വചിന്തയിലൂടെ വിശദീകരിക്കാൻ അദ്ദേഹം ശ്രമിച്ചു.

### ലങ് ഫ്രാങ്ക് (1010-89)

സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞനും കാൻറർബറി ആർച്ചുബിഷപ്പുമായിരുന്നു ലങ്ഫ്രാങ്ക്. ഇറ്റലിക്കാരനായ ഇദ്ദേഹം പാവിയായിൽപഠിച്ചു. കാലക്രമത്തിൽ ബെക് ആശ്രമത്തിൽ ചേർന്നു. 1045-ൽ അതിൻെറ അദ്ധ്യക്ഷനായി. 1070-ൽ കാൻറർബറി ആർച്ചുബിഷപ്പായി. പണ്ഡിതനും താർക്കികനും മികച്ച ഭരണാധികാരിയുമായിരുന്നു അദ്ദേഹം. കുർബാനയെപ്പറ്റി ബെരെംഗാറുമായി തർക്കത്തിലേർപ്പെട്ടു.

### ബെരെംഗാർ (1010-88)

സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞൻ. ടൂഴ്സിലെ മാർട്ടിനുമായി ബന്ധപ്പെട്ട ആളായിരുന്നു ഇദ്ദേഹം. കുർബാന സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ പഠനം വിമർശന വിധേയമായി.

### കാൻറർബറിയിലെ ആൻസലം (1033-1109)

ഇറ്റലിക്കാരനായ ആൻസലം നോർമൻഡിയിലെ ബെക് ബനഡിക്ടൈൻ സന്ന്യാസാശ്രമത്തിൻെറ അധ്യക്ഷനും (1078) പിന്നീട് കാൻറർബറി ആർച്ചുബിഷപ്പുമായി(1093). തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ കൃതികളെഴുതി. ഒരു നല്ല അധ്യാപകനും ആധ്യാത്മികനിയന്താവുമായിരുന്ന അദ്ദേഹത്തിൻെറ ആദ്യകാലകൃതികളൊക്കെ പ്രാർത്ഥ

www.malankaralibrary.com



നകളും സന്ന്യാസികൾക്കുള്ള കത്തുകളുമായിരുന്നു. "എന്തിനു ദൈവം മനുഷ്യനായി[1]" എന്നതാണ് അദ്ദേഹത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട കൃതി. അഗസ്റ്റിനും തോമസ് അക്വിനാസിനും ഇടയ്ക്കുള്ള ഏറ്റവും ബുദ്ധിമാനായ വ്യക്തിയായിരുന്നു ആൻസലം. ബൗദ്ധിക വാദങ്ങൾ കൊണ്ട് സഭാവിശ്വാസത്തെ ന്യായീകരിച്ചു എന്നതാണ് അദ്ദേഹത്തിൻെറ പ്രത്യേകത.

## ഹ്യൂഗോ (1096-1142)

സെൻറ് വിക്ടറിൻെറ ആശ്രമത്തിൽ ജീവിച്ചു. ഒരു മിസ്റ്റിക്കൽ എഴുത്തുകാരനായിരുന്നു. ദൈവശാസ്ത്രപരവും തത്ത്വശാസ്ത്രപരവുമായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. വിശുദ്ധ ഗ്രന്ഥങ്ങളുടെ ഭാഷ്യങ്ങളും അദ്ദേഹം രചിച്ചു.

## പീറ്റർ അബെലാർഡ് (1075-1142)

തത്ത്വശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞനുമായിരുന്നു. ഡയലെക്റ്റിക്സിലും ദൈവശാസ്ത്രത്തിലും അദ്ദേഹം പാരീസിൽ പ്രസംഗങ്ങൾ ചെയ്തു. എന്നാൽ തുടർന്നുണ്ടായ സംഭവവികാസങ്ങൾ നിമിത്തം പഠിപ്പിക്കൽ നിർത്തേണ്ടിവന്നു. കുറേനാൾ കഴിഞ്ഞ് വീണ്ടും പാരീസിൽ പ്രത്യക്ഷപ്പെട്ടെങ്കിലും കൃതികളിൽ പല അബദ്ധോപദേശങ്ങളും പലരും ചൂണ്ടിക്കാണിച്ചു. അവസാനം അവയൊക്കെ പിൻവലിച്ച് ജീവിതാന്ത്യത്തിൽ ക്ലൂണിയിൽ പ്രവേശിച്ച് അവിടെവച്ച് മരിച്ചു.

## പീറ്റർ ലൊംബാർഡ് (1100-60)

"Master of the Sentences" എന്നറിയപ്പെടുന്ന ലൊംബാർഡിക്കാരൻ. പഠനങ്ങൾക്കുശേഷം പാരീസിൽ പഠിപ്പിച്ചു. മരണത്തിനു തൊട്ടുമുമ്പ് (1159) പാരീസിൽ മെത്രാനായി നിയമിതനായി. "Sentences"എന്ന കൃതി 1155നും 58-നും ഇടയ്ക്ക് വിരചിതമായി. വിവിധ ദൈവശാസ്ത്രവിഷയങ്ങളെപ്പറ്റി മുൻകാല പിതാക്കന്മാരുടെ നിരവധി ഉദ്ധരണികളുടെ ഒരു സമാഹാരമാണ് നാലു ഭാഗങ്ങളുള്ള ഈ ദൈവശാസ്ത്രകൃതി. പില്ക്കാല ദൈവശാസ്ത്രജ്ഞന്മാരൊക്കെ മധ്യകാലഘട്ടത്തിൽ ഈ കൃതി വായിച്ചു പഠിക്കുകയും ഭാഷ്യങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

---

1. Cur Deus Homo?

www.malankaralibrary.com



അകിനാസിൻെറ "Summa" പ്രത്യക്ഷപ്പെടുന്നതുവരെ ഇതായിരുന്നു പൊതു ദൈവശാസ്ത്രഗ്രന്ഥം.

### ഫ്രാൻസിസ് അസ്സീസ്സി (1181/2-1226)

ഫ്രാൻസിസ്ക്കൻ സന്ന്യാസസമൂഹസ്ഥാപകനായ ഇദ്ദേഹം ഇറ്റലിയിലെ വലിയ ധനാഢ്യനായ കച്ചവടക്കാരൻെറ മകനായിരുന്നു. ദാരിദ്ര്യത്തെ സ്നേഹിക്കുകയും ദരിദ്രരോടു കരുണകാണിക്കുകയും ചെയ്ത കർത്താവിനെ അക്ഷരശ്ശഃ പിൻചെന്നയാളാണ് അദ്ദേഹം. തുടർന്ന് ധാരാളമാളുകൾ അദ്ദേഹത്തിൻെറ ശിഷ്യരായി. പ്രകൃതിയെ അദ്ദേഹം സ്നേഹിച്ചു. തികച്ചും ലളിതജീവിതം നയിച്ചു.

### ഡൊമിനിക് (1170-1221)

ഡൊമിനിക്കൻ സന്ന്യാസസമൂഹസ്ഥാപകൻ. സ്പെയിൻകാരനാണ് ഇദ്ദേഹം. ദാരിദ്ര്യവ്രതം സ്വീകരിച്ച് പാവപ്പെട്ടവരെ സേവിച്ചു. പ്രസംഗത്തിലൂടെ മാനസ്സാന്തരവേല ചെയ്തു. പാഷണ്ഡതകൾക്കെതിരായി പ്രത്യേകിച്ച് തെക്കൻ ഫ്രാൻസിൽ ഉണ്ടായിരുന്ന ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കെതിരായി അണികളെ ഒരുക്കി. അത്യന്തം വിനീതനായിരുന്നു അദ്ദേഹം; മുന്നുപ്രാവശ്യം മെത്രാൻസ്ഥാനം അദ്ദേഹം നിരസിച്ചു.

### ആൽബർട്ട് (1206-1280)

ദൈവശാസ്ത്രജ്ഞനും ശാസ്ത്രകാരനും താത്ത്വികനുമായിരുന്നു ആൽബർട്ട്. ജർമ്മനിയിൽ ജനിച്ചു. ബൊളോഞ്ഞായിലും പാദുവായിലും പഠിച്ചശേഷം ഡൊമിനിക്കൻ സന്ന്യാസസമൂഹത്തിൽ ചേർന്നു. ദൈവശാസ്ത്രം പഠിച്ചതിനുശേഷം പാരീസിൽ പഠിപ്പിക്കാൻ തുടങ്ങി. തോമസ് അകിനാസ് അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൽ പ്രമുഖനായിരുന്നു. പീറ്റർ ലൊംബാർഡിൻെറ *'Sentences'*ന് ആൽബർട്ട് ഒരു ഭാഷ്യം എഴുതി. 1260-ൽ അദ്ദേഹം റാറ്റിസ്ബോണിൻെറ മെത്രാനായി അഭിഷിക്തനായി. രണ്ടുവർഷം കഴിഞ്ഞ് രാജിവച്ചിട്ട് വീണ്ടും പഠിപ്പിക്കാൻ തുടങ്ങി. അരിസ്റ്റോട്ടലിൻെറ കൃതികളെ ആധാരമാക്കിയാണ് ആൽബർട്ട് കൃതികൾ രചിച്ചത്. ജീവിച്ചിരിക്കുമ്പോൾ തന്നെ വളരെ പ്രശസ്തനായിത്തീർന്നു. 1274-ൽ ലയൺസ് കൗൺസിലിൽ അദ്ദേഹവും സംബന്ധിച്ചു. മഹാൻ എന്ന് അറിയപ്പെടുന്നു. 1931-ൽ പതിനൊന്നാം പീയൂസ് പാപ്പാ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

www.malankaralibrary.com



## റോജർ ബേക്കൺ (1214-1292)

ഫ്രാൻസിസ്ക്കൻ താത്ത്വികനായ ബേക്കൺ "ഡോക്തോർ മിറാബിലിസ് " എന്നാണ് അറിയപ്പെടുന്നത്. ഇംഗ്ലീഷുകാരനായ അദ്ദേഹം ഓക്സ്ഫോർഡിലും പാരീസിലും പഠിച്ചു. അരിസ്റ്റോട്ടലിനെ ആധാരമാക്കി കൃതികൾ രചിച്ചു. തുടർന്ന് ദൈവശാസ്ത്രം പഠിച്ചു. 1257ൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിൽ ചേർന്നു. വളരെയധികം പുതിയ വെളിച്ചം ശാസ്ത്രപഠനങ്ങൾക്കു നൽകാൻ അദ്ദേഹത്തിനു സാധിച്ചെങ്കിലും അക്കാലത്ത് അത് കാര്യമായി അംഗീകരിക്കപ്പെട്ടില്ല. അദ്ദേഹത്തെ പിന്തുണച്ചിരുന്ന ക്ലെമെൻറ് പാപ്പായുടെ മരണം (1268) അദ്ദേഹത്തിന് പ്രഹരമേല്പിച്ചു. ഫ്രാൻസിസ്ക്കൻ സന്ന്യാസസമൂഹത്തിന് അദ്ദേഹത്തിൻെറ മേന്മ വേണ്ടവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞില്ല. ആരെയും നിർവിശങ്കം അദ്ദേഹം വിമർശിച്ചിരുന്നു. പ്രകൃതിശാസ്ത്രം, ഭാഷകൾ, ഗണിതശാസ്ത്രം, പ്രകാശശാസ്ത്രം, ജ്യോതിഷം എന്നിവ അദ്ദേഹത്തിന് താല്പര്യമുള്ള വിഷയങ്ങളായിരുന്നു.

## ബൊനവെഞ്ചർ(1217-1274)

'ഡോക്തോർ സെറാഫിക്കുസ്' എന്നറിയപ്പെടുന്ന ഫ്രാൻസിസ്ക്കൻ ദൈവശാസ്ത്രജ്ഞനാണ് ബൊനവെഞ്ചർ. ഇറ്റലിക്കാരനായ അദ്ദേഹം പാരീസിലെ പഠനം കഴിഞ്ഞ് ഫ്രാൻസിസ്ക്കൻ സന്ന്യാസിയായി. കുറേ നാൾ പഠിപ്പിച്ചതിനുശേഷം 1257-ൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിൻെറ ജനറാളും ആയി. പ്രസ്തുത സമൂഹത്തിൽ ഉടലെടുത്ത തർക്കങ്ങൾ പറഞ്ഞുതീർക്കാൻ ശ്രമിച്ചു. 1273-ൽ കർദ്ദിനാളായി ഉയർത്തപ്പെട്ടു. 1274ലെ ലയൺസ് കൗൺസിലിൽ സംബന്ധിച്ചു. കൗൺസിലിൻെറ ഇടയ്ക്കു വച്ച് മരിച്ചു. പീറ്റർ ലൊംബാർഡിൻെറ "Sentences"ന് ഭാഷ്യംരചിച്ചു. അഗസ്റ്റിൻെറയും ആൻസെൽമിൻെറയും പാതയിലൂടെയാണ് ബൊനവെഞ്ചർ സഞ്ചരിച്ചത്. അരിസ്റ്റോട്ടലിനോട് വലിയ മമത കാട്ടിയില്ല.

## തോമസ് അക്വിനാസ് (1225-74)

'പൊതുമല്പാൻ', 'ഡോക്തോർ അൻജെലിക്കൂസ്' എന്നീ പേരുകളിൽ അക്വിനാസ് അറിയപ്പെടുന്നു. ഇറ്റലിക്കാരനായ തോമസ് ഡൊമിനിക്കൻ സന്ന്യാസസമൂഹത്തിൽ ചേർന്ന് (1244) മഹാനായ ആൽബർട്ടിൻെറ ശിഷ്യനായി. അരിസ്റ്റോട്ടലിനെ ആധാരമാക്കി ക്രൈസ്തവചിന്ത

www.malankaralibrary.com



വികസിപ്പിച്ചെടുത്ത ആൽബർട്ട് വെട്ടിത്തുറന്ന പാതയിലൂടെ ബഹുദൂരം സഞ്ചരിച്ച് ശാശ്വതമായ ദൈവശാസ്ത്രചിന്ത സമ്മാനിച്ച വ്യക്തിയാണ് തോമസ്. പാരീസിലും നേപ്പിൾസിലും മറ്റു പലയിടങ്ങളിലും പഠിപ്പിച്ചു. *"Summa Theologica"* എന്നതാണ് തോമസിൻെറ സുപ്രസിദ്ധ ഗ്രന്ഥം. തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അദ്ദേഹത്തിന് ഒരുപോലെ താല്പര്യം ഉണ്ടായിരുന്നു. *തൊമിസ്റ്റിക് സിസ്റ്റം* ദീർഘനാൾ പാശ്ചാത്യദൈവശാസ്ത്രത്തിൻെറ നട്ടെല്ലായിരുന്നു. ലയൺസ് കൗൺസിലിലേക്ക് (1274) പോകുന്ന വഴിക്ക് അദ്ദേഹം മരണമടഞ്ഞു. പഠനത്തിനും അധ്യാപനത്തിനുമായി ഉഴിഞ്ഞു വച്ചതായിരുന്നു ആ ജീവിതം. അദ്ദേഹം രചിച്ചവ വായിച്ചു തീർക്കണമെങ്കിൽ ഒരു പുരുഷായുസ് തന്നെ വേണ്ടിവരും.

### ഡൺസ് സ്കോട്ട് (1265-1308)

*ഡോക്തോർ സുബ്തിലിസ്* എന്നും *"മരിയൻ ഡോക്ടർ"* എന്നും അറിയപ്പെടുന്ന സ്കോട്ട്, സ്കോട്ട്ലൻഡുകാരനാണ്. ഫ്രാൻസിസ്ക്കൻ സന്ന്യാസസമൂഹത്തിൽപെട്ട സ്കോട്ട് കേംബ്രിഡ്ജിലും ഓക്സ്ഫോർഡിലും പാരീസിലും പഠിച്ചു. അവിടെയെല്ലാം പഠിപ്പിച്ചു. അവസാനം കൊളോണിൽ വച്ച് മരിച്ചു. പീറ്റർ ലൊംബാർഡിൻെറ "Sentences" ന് ഭാഷ്യം രചിച്ചു. അരിസ്റ്റോട്ടലും അഗസ്റ്റിനും സ്കോട്ടിനെ സ്വാധീനിച്ചു. അക്വിനാസിൽനിന്ന് പല കാര്യങ്ങളിലും അവതരണരീതികളിൽ അദ്ദേഹത്തിന് വ്യത്യാസം ഉണ്ടായിരുന്നു. ഫ്രാൻസിസ്ക്കൻ സമൂഹത്തിൻെറ അടിസ്ഥാനദൈവശാസ്ത്രചിന്ത സ്കോട്ടിൻേറതാണ്. മധ്യകാലഘട്ടത്തിൽ ഫ്രാൻസിസ്ക്കൻ സന്ന്യാസികളിലൂടെ സ്കോട്ട് ഗണ്യമായ സ്വാധീനം ചെലുത്തി.

### ഓക്കാമിലെ വില്യം (c. 1285-1347)

ദൈവശാസ്ത്രജ്ഞനും താർക്കികനും താത്ത്വികനും ആയിരുന്നു വില്യം. ഇംഗ്ലീഷുകാരനായ വില്യം ഫ്രാൻസിസ്ക്കൻ സന്ന്യാസ സമൂഹത്തിൽ ചേർന്നു. പഠനാനന്തരം ഓക്സ്ഫോർഡിൽ പഠിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രബോധനത്തിലെ ചില തെറ്റുകളെപ്രതി അവിഞ്ഞോണിലേക്ക് വിളിക്കപ്പെട്ടു. അരിസ്റ്റോട്ടലിൻെറ കൃതികൾക്കും പീറ്റർ ലൊംബാർഡിൻെറ കൃതിക്കും ഭാഷ്യങ്ങളെഴുതി.

www.malankaralibrary.com

# 14

# സ്കൊളാസ്റ്റിസിസം

മധ്യകാലഘട്ടത്തിലെ വിദ്യാഭ്യാസപാരമ്പര്യം അറിയപ്പെടുന്നത് സ്കൊളാസ്റ്റിസിസം എന്നാണ്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ കൂടുതൽ നന്നായി മനസ്സിലാക്കാൻ ഉള്ള താത്ത്വികവും ദൈവശാസ്ത്രപരവുമായ വിവരണരീതി. തത്ത്വശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനും സ്കൊളാസ്റ്റിസിസത്തിൽ സ്ഥാനമുണ്ട്. അഗസ്റ്റിനും (†428) ബൊയേസ്യൂസും (480--524) ആണ് സ്കൊളാസ്റ്റിസിസത്തിന്റെ താത്ത്വികാടിത്തറ. വിശ്വാസസത്യങ്ങൾ ബോധപൂർവം സ്വീകരിക്കാൻ ബൗദ്ധികാപഗ്രഥനം സഹായിക്കും എന്ന് അഗസ്റ്റിൻ തറപ്പിച്ചു പറഞ്ഞു. ബൊയേസ്യൂസ് അരിസ്റ്റോട്ടലിന്റെ കൃതികൾ വിവർത്തനം ചെയ്ത് മധ്യകാലഘട്ടത്തിൽ അവതരിപ്പിച്ചു. ബൊയേസ്യൂസിന്റെ ശിഷ്യനായ കസിയദോർ (485--580) തന്റെ 'വിവാരിയും' ആശ്രമത്തിലെ പഠനങ്ങളുടെയെല്ലാം അടിസ്ഥാനമായി ഏഴ് ലിബറൽ കലകൾ (arts) സ്ഥാപിച്ചു. ആൽകുയിനും (†804) റബ്ബാനുസ് മൗരുസും (†856)ഇത് തുടർന്നു. കാറോളിൻജിയൻ നവോത്ഥാനത്തിന് ഇതു വഴിതെളിച്ചു. (*Trivium:* Grammar, Rhetoric, Dialectic; *Quadrivium:* Arithmetic, Geometry, Astronomy, Music). മധ്യകാലഘട്ടത്തിലെ താത്ത്വിക, ദൈവശാസ്ത്രചർച്ചകൾക്കൊക്കെ ഈ സിസ്റ്റം വഴിയൊരുക്കി. *പീറ്റർ ലൊംബാർഡ്* (†1160) "Sentence"എന്ന കൃതി എഴുതി. ദൈവശാസ്ത്രത്തിൽ അഗസ്റ്റിനായിരുന്നു പ്രാമാണികത്വം (Conservative, systematic, clearly and precisely organised). ക്രിസ്തീയ വിശ്വാസത്തിന്റെ നാനാവശങ്ങളെയും സമ്യക്കായും കൃത്യമായും വ്യക്തമായും അവതരിപ്പിക്കാനുള്ള പരിശ്രമമാണ് *സെന്റെൻസസിൽ* കാണുന്നത്. ഏതെങ്കിലും വിഷയമെടുത്താൽ ഒന്നാ

www.malankaralibrary.com



മതായി സഭാപിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണി; പിന്നീട് അതേപ്പറ്റി യുള്ള ചുരുങ്ങിയ ബൗദ്ധികചർച്ചയും പ്രശ്നപരിഹാരവും. ഇതായിരുന്നു *സെൻറൻസസിൻെറ* രീതി. മധ്യകാലഘട്ട ത്തിൽ വളരെ ദീർഘകാല ത്തേക്ക് ദൈവശാസ്ത്രത്തിലെ പ്രാമാണ്യപാഠപുസ്തകം പീറ്ററിൻെറ *സെൻറൻസസ്* ആയിരുന്നു. പിന്നെ വന്നവരൊക്കെ പീറ്ററിൻെറ ഭാഷ്യ കാരന്മാരോ പീറ്ററിൻെറ രീതി സ്വീകരിച്ച വരോ ആയിരുന്നു. അങ്ങനെ പല *സെൻറൻസസ്* സമാഹാരങ്ങളും "ദൈവശാസ്ത്രസമാഹാ രങ്ങളും" (Summae) ഉണ്ടായി. പാരീസ് ആയിരുന്നു ദൈവശാസ്ത്ര ത്തിൻെറ കേന്ദ്രം. കാനൻ നിയമത്തിലും ഈ കാലഘട്ടത്തിൽ താല്പര്യം ഉണ്ടായി. ബൊളോഞ്ഞായിൽ പഠിപ്പിച്ചുകൊണ്ടിരുന്ന *ഗ്രാസ്യൻ* († 1159) 1148-ൽ ആദ്യത്തെ വലിയ കാനോനിക സമാഹാരം എഴുതിയു ണ്ടാക്കി.*"Decretum or Concordance of Discordant Canons"*. ഏതാണ്ട് 4000 കാനോനാകൾ ക്രമീകൃതമായി രൂപീകരിച്ചു. ബൊളോഞ്ഞോ കാനൻ നിയമ പഠനകേന്ദ്രമായി മാറി. പിന്നെപ്പിന്നെ വന്നവരൊക്കെ ഇതിൻെറ വ്യാഖ്യാതാക്കൾ മാത്രമായിരുന്നു.

## പാശ്ചാത്യയൂണിവേഴ്സിറ്റികൾ

ബൊളോഞ്ഞാ, പാരീസ് തുടങ്ങിയ പഠനകേന്ദ്രങ്ങളിലേക്ക് അധ്യാ പകരും വിദ്യാർത്ഥികളും ഓടിക്കൂടാൻ തുടങ്ങി. പഠനത്തോടുള്ള ഒരു പുതിയ ആഭിമുഖ്യം ഉടലെടുത്തു. 12-ാം നൂറ്റാണ്ടിലാണ് യൂണിവേഴ്സിറ്റി കൾ കൃത്യമായി തുടങ്ങിയത്. അന്നത്തെ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസമേഖല യിലും വലിയ മാറ്റം ഉണ്ടായി.

പന്ത്രണ്ടാം നൂറ്റാണ്ടിനു മുമ്പ് വൈദികസ്ഥാനികൾക്കും സന്ന്യാ സികൾക്കും അത്മായ പ്രമുഖർക്കും ആശ്രമസ്കൂളുകളിലും പള്ളിക ളോടു ചേർന്നുള്ള സ്കൂളുകളിലും മറ്റുമാണ് ബൗദ്ധിക പരിശീലനം ലഭി ച്ചിരുന്നത്. അത് കുറച്ചുപേർക്കുമാത്രമാണ് പ്രയോജനപ്പെട്ടിരുന്നത്. 12-ാംനൂറ്റാണ്ടിൽ നഗരത്തിലെ സ്കൂളുകൾ കൂടുതലായി ഉടലെടുത്തു. കൃഷിയിൽ നിന്ന് നഗരസംസ്കാരത്തിലേക്കുള്ള മാറ്റം ഈ കാലഘട്ട ത്തിൻെറ പ്രത്യേകതയാണ്. ഈ കാലഘട്ടത്തിൽ *പാരീസിലേയും ബൊളോഞ്ഞായിലേയും ഓക്സ്ഫോർഡിലേയും* സ്കൂളുകൾ പ്രാമാ ണ്യത്തിലേക്കുയർന്നു. പിൽക്കാല യൂണിവേഴ്സിറ്റിസമ്പ്രദായത്തിൻെറ ആരംഭം ഇവിടെയാണു കാണുക.

www.malankaralibrary.com



ഔദ്യോഗികമായി സഭയിൽ നിന്നു തുടങ്ങിയവയല്ലെങ്കിലും കാലക്രമത്തിൽ സഭയിൽനിന്നു തന്നെ പല അവകാശങ്ങളും ഈ സ്ഥാപനങ്ങൾക്കു ലഭിച്ചു. കുരിശുയുദ്ധങ്ങൾമൂലം രാജ്യങ്ങൾ തമ്മിലുള്ള അകൽച്ച കുറഞ്ഞു. മനുഷ്യർ യൂറോപ്പിൽ ഉടനീളം യാത്രചെയ്യുന്ന രീതി വന്നു. നഗരവൽക്കരണം പഠനത്തോടാഭിമുഖ്യം കാട്ടി. കുരിശുയുദ്ധം വഴി പൗരസ്ത്യസംസ്കാരകേന്ദ്രങ്ങളോടും അറബിസംസ്കാരങ്ങളോടും പഠനകേന്ദ്രങ്ങളോടും ഉള്ള സംസർഗം പാശ്ചാത്യർക്ക് ഉണർവു പകർന്നു.

പതിമൂന്നാം നൂറ്റാണ്ടിലാണ് മധ്യകാലഘട്ടത്തിലെ ബൗദ്ധിക ജീവിതം അതിൻെറ പാരമ്യത്തിലെത്തിയത്. കുരിശുയുദ്ധങ്ങൾ വഴി പൗരസ്ത്യലോകവുമായുള്ള സമ്പർക്കം വർധിച്ചു. അരിസ്റ്റോട്ടലിൻെറ കൃതികളും കൃതികളുടെ ഭാഷ്യങ്ങളും പാശ്ചാത്യർക്കു ലഭിച്ചു. അത് ക്രിസ്തീയ തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പ്രയോജനപ്പെടുത്താൻ തുടങ്ങി. പാരീസ്, ബൊളോഞ്ഞ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റികൾ പെട്ടെന്ന് വളർന്നു വികസിച്ചു. ഭിക്ഷുസന്ന്യാസികൾ എന്നറിയപ്പെടുന്ന ഫ്രാൻസിസ്ക്കൻ - ഡൊമിനിക്കൻ സന്ന്യാസികൾ വിദ്യാഭ്യാസതലത്തിൽ മഹനീയനേതൃത്വം നൽകി. 1224-ൽ ബൊളോഞ്ഞായ്ക്ക് യൂണിവേഴ്സിറ്റി സ്റ്റാറ്റസ് കിട്ടി. അതിനെ സ്ഥലത്തെ രാജാവിൻെറയും മെത്രാൻെറയും നിയന്ത്രണത്തിൽ നിന്ന് റോം മാററി സ്വതന്ത്രസ്ഥാപനമാക്കി. 1222-ൽ ദൈവശാസ്ത്രം, വൈദ്യശാസ്ത്രം, ലിബറൽ ആർട്ട്സ് കാനൻനിയമം എന്നിങ്ങനെ നാല് ഫാക്കൾട്ടികൾ അവിടെയുണ്ടായിരുന്നു. 1245/6-ൽ ഇന്നസെൻറ് IV പാപ്പാ പാരീസ് യൂണിവേഴ്സിറ്റിയെ പൂർണമായും സ്വതന്ത്രമാക്കി നൈയാമികാസ്തിത്വം നൽകി. കേംബ്രിഡ്ജ്, 1209-ൽ ഓക്സ്ഫോർഡിൽ നിന്നു പിരിഞ്ഞു. 1254-ൽ ഓക്സ്ഫോർഡിന് പ്രത്യേക അവകാശങ്ങൾ അനുവദിച്ചു. ഗ്രീക്ക് - സുറിയാനി- അറബി വിവർത്തനങ്ങളിലൂടെയും , ഗ്രീക്ക് - ലത്തീൻ വിവർത്തനങ്ങളിലൂടെയുമാണ് അരിസ്റ്റോട്ടൽ ഈ യൂണിവേഴ്സിറ്റികളിലെത്തിയത്. അറബികളും യഹൂദരും ലത്തീൻകാരും സഹകരിച്ചാണ് ഈ പുതിയ ലത്തീൻ വിവർത്തനങ്ങൾ ഉണ്ടാക്കിയത്.

*ആൽബർട്ടാണ്* (†1280) അരിസ്റ്റോട്ടലിനോടുള്ള പുതിയ ആഭിമുഖ്യം പകർന്നുകൊടുത്തത്. തത്ത്വശാസ്ത്രത്തിൻെറ എല്ലാ മേഖലകളിലും പ്രവീണനായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ പ്രമുഖശിഷ്യനായ *തോമസ് അക്വിനാസ്* (†1274) ക്ലാസ്സിക്കൽ സ്കൊളാസ്റ്റിക് സ്കു

www.malankaralibrary.com


ളിൻെറ വക്താവാണ്. ഓക്സ്ഫോർഡ് സ്കൂളിൽ *റോജർ ബേക്കൺ* (†1292) തൻെറ *"Opus Majus"* ലൂടെ സ്വാധീനം ചെലുത്തി.

*പതിമൂന്നാം നൂറ്റാണ്ട്* തത്ത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും കാനൻ നിയമത്തിൻെറയും സുവർണകാലഘട്ടമായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ കൃതികളിലും പാദമൂന്നിക്കൊണ്ട് ദൈവശാസ്ത്രം വളർന്നു വികസിച്ച് ഒരു താത്ത്വികശാഖയായി പടർന്നു പന്തലിച്ചു. 14-ാം നൂറ്റാണ്ടിൻെറ ആരംഭംമുതൽ ഈ ദൈവശാസ്ത്രപാതയിൽ വ്യതിയാനങ്ങൾ കണ്ടുതുടങ്ങി. സ്കൊളാസ്റ്റിക് ചിന്തകരുടെ "സുമ്മാ"യിൽ നിന്ന് വ്യത്യസ്തമായ ചിന്താശൈലി ഉടലെടുത്തു. താത്ത്വികാധികാരത്തിൻെറ[1] സ്ഥാനത്ത് വിമർശനം കയറിപ്പറ്റി. *ലോജിക്കിന്* പ്രാമാണ്യം കൂടി. *മെറ്റാഫിസിക്സിൻെറ* സ്ഥാനം *ലോജിക്കും എപ്പിസ്റ്റെമോളജിയും* കരസ്ഥമാക്കി. 14-ാം നൂറ്റാണ്ടിൻെറ മധ്യഭാഗത്തോടുകൂടി ഓക്കാമിൻെറ *"നോമിനലിസ്റ്റ് ചിന്തകൾ"* പാരീസിൽ അംഗീകൃത തത്ത്വമായി.

1. Doctrial authority

www.malankaralibrary.com

15

# മധ്യകാല സഭാജീവിതം - I

സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽ നിന്ന് കുറെയൊക്കെ വികാസം അഥവാ വ്യത്യാസം സഭാജീവിതശൈലിയിൽ, പ്രത്യേകിച്ച് കൗദാശികജീവിതത്തിൽ, ഉണ്ടായ ഒരു കാലഘട്ടമാണ് മധ്യകാലഘട്ടം.

നേരത്തെ സൂചിപ്പിച്ചതുപോലെ, *കാറോളിൻജിയൻ* ഭരണാരംഭ കാലത്ത് പാശ്ചാത്യലോകത്ത് വൈവിധ്യമാർന്ന ആരാധനക്രമങ്ങൾ ഉണ്ടായിരുന്നു. റോമൻലിറ്റർജി ഇറ്റലിയിലും ആംഗ്ലോ-സാക്സൺകാരുടെ ഇടയിലും പ്രചരിച്ചിരുന്നു. വിസിഗോതിക് സ്പെയിനിൽ മൊസാറബിക് ലിറ്റർജി, ഫ്രാൻസിൽ ഗാള്ളിക്കൻ ലിറ്റർജി, വടക്കേ ഇറ്റലിയിൽ അംബ്രോസിയൻ ലിറ്റർജി, അയർലണ്ടിലും മറ്റും കെൽട്ടിക് അഥവാ ഐറിഷ്- സ്കോട്ടിഷ് ലിറ്റർജി എന്നിവ നിലനിന്നു. ഇവയെല്ലാം തന്നെ ലത്തീൻ ഭാഷയിലായിരുന്നു. തൻെറ സാമ്രാജ്യത്തിലുടനീളം ചാർളിമെയിൻ റോമൻ ലിറ്റർജി നടപ്പാക്കി. കുട്ടികളുടെ സ്നാനത്തിനുവേണ്ടി ദുഃഖശനിയാഴ്ച, പെന്തിക്കോസ്തിയുടെ തലേദിവസം എന്നീ ദിവസങ്ങൾ നിശ്ചയിച്ചു. ജലത്തിൽ മുക്കിയുള്ള സ്നാനമാണ് പൊതുവെ നടത്തിയിരുന്നത്. സ്നാനം നൽകാൻ റോമൻറീത്ത് എടുത്തു. പരസ്യമായ തെറ്റുകൾക്ക് പരസ്യമായ പ്രായശ്ചിത്തകർമ്മങ്ങൾ നടത്തുന്ന പതിവ് തുടർന്നു. വലിയ നോമ്പിൻെറ ആരംഭം മുതലായിരുന്നു പ്രായശ്ചിത്തകർമ്മങ്ങൾ നടത്തേണ്ടിയിരുന്നത്. കർക്കശമായ ഉപവാസം അനുഷ്ഠിക്കുക പ്രായശ്ചിത്തത്തിൽ പെടുന്നു. നോമ്പിൻെറ അവസാനം അവരെ സഭയോടു ചേർത്തിരുന്നു. എന്നാൽ കഠിന പ്രായശ്ചിത്തത്തിൽ നിന്ന് മോചനം ലഭിക്കാൻ ചില മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. *"Commutations"* എന്ന് അവ അറിയപ്പെട്ടിരുന്നു. അയർല

www.malankaralibrary.com



ണ്ടിൽ 6-ാം നൂറ്റാണ്ടിൽ ഉപയോഗിച്ചിരുന്നതും 11-ാം നൂറ്റാണ്ടിൽ നിർത്തലാക്കിയതുമായ "പ്രായശ്ചിത്തക്രമങ്ങൾ" *(Penitentials)* ആണ് പ്രയോഗത്തിലിരുന്നത്. ന്യായമായ സാഹചര്യങ്ങളിൽ മാത്രമാണ് ആദ്യമാദ്യം അവ ഉപയോഗത്തിലിരുന്നത്. കാലക്രമത്തിൽ അതൊരു പൊതുരീതിയായി. കഠിനമായ ഉപവാസത്തിനു പകരം സങ്കീർത്തനം ചൊല്ലുക എന്നതാക്കി മാറ്റുക എന്നതായിരുന്നു ഇതിൻെറ പ്രത്യേകത.

പ്രായശ്ചിത്താനന്തരം സഭയോടു ചേർക്കുന്നതായിരുന്നല്ലോ പുരാതനരീതി. പുതിയ രീതിയനുസരിച്ച് രഹസ്യമായി ഒരു വൈദികൻെറ പക്കൽ പാപം ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിക്കുന്നു. പ്രായശ്ചിത്തക്രമത്തിൽ കാണുന്നതനുസരിച്ച് കുമ്പസാരക്കാരൻ പ്രായശ്ചിത്തം നിശ്ചയിക്കുന്നു. പാപങ്ങളും പാപങ്ങൾക്കുള്ള പ്രായശ്ചിത്തങ്ങളും അവയ്ക്കു പകരമുള്ള കർമ്മങ്ങളും ഈ ക്രമങ്ങളിൽ കൊടുത്തിരുന്നു. പ്രാർത്ഥനകളും വിശുദ്ധ കുർബാനയും അവയിൽ പ്രധാനപ്പെട്ടവയാണ്. ഉദാ. ഒരു പാപത്തിന് ആറു ദിവസത്തെ ഉപവാസമാണ് പ്രായശ്ചിത്തമായിട്ടുള്ളതെങ്കിൽ, ഒരു കല്ലറയിൽ കയറിയിരുന്ന് മൂന്ന് ദിനരാത്രങ്ങൾ ജലപാനംപോലും കൂടാതെ സങ്കീർത്തനമാലപിക്കുക. അഥവാ, ഒരു പള്ളിയിൽ കയറി നിന്നുകൊണ്ട് മൂന്നു ദിനരാത്രങ്ങൾ സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ആലപിക്കുക. ഈ രീതിയും ബുദ്ധിമുട്ടുള്ളവയാകയാൽ പുതിയൊരു രീതി ഉടലെടുത്തു. ഈ പ്രായശ്ചിത്തത്തിനു പകരം ഇത്ര കുർബാനകൾ പാപപരിഹാരാർത്ഥം ചൊല്ലിക്കുക. അതിനുള്ള പണം വൈദികനെ ഏല്പിക്കുക- കുർബാനധർമ്മം തുടങ്ങിയത് ഇപ്രകാരമായിരിക്കാം.

ആണ്ടിലൊരിക്കൽ കുമ്പസാരിക്കുന്ന രീതിയായിരുന്നു അന്നുണ്ടായിരുന്നത്. വിവാഹത്തിന് അക്കാലത്ത് ജർമാനിക്ക് ജനതകളുടെ ഇടയിൽ പ്രത്യേകമായി സഭാക്രമമൊന്നുമില്ലായിരുന്നു. പെൺകുട്ടിയുടെ അപ്പൻ വരന് മകളെ കൈപിടിച്ചേല്പിക്കുന്നു. വധൂവരന്മാർ ഒന്നിച്ച് കുർബാനയിൽ പങ്കെടുക്കുന്നു. അവിടെവച്ച് അവർ വൈദികൻെറ ആശീർവാദം വാങ്ങുന്നു.

വിശുദ്ധ കുർബാനയിലെ കർമ്മങ്ങൾക്ക് ആന്തരികാർത്ഥം കാണുന്ന പ്രവണത അക്കാലത്തു കാണാം. *മെത്സിലെ അമലാരിയുസ്* (9th c.) തൻെറ കൂദാശാഭാഷ്യത്തിൽ ഈ രീതി സ്വീകരിച്ചിരിക്കുന്നു. ഓരോ കർമ്മത്തിനും അദ്ദേഹം മിസ്റ്റിക്കൽ അർത്ഥം കൊടുക്കുന്നു. ഉദാ: സബ്ഡീക്കൻ ഒരു പടി ഇറങ്ങിനിന്ന് ലേഖനം വായിക്കുന്നത്, കർത്താ

www.malankaralibrary.com



വിനേക്കാൾ താണവനായ മുന്നോടിയുടെ അറിയിപ്പിനെ സൂചിപ്പിക്കുന്നു. ആരാധനയ്ക്കു പുറത്തുള്ള ഭക്തിയെക്കുറിച്ചൊന്നും അമലാരിയുസ് വ്യാഖ്യാനിക്കുന്നില്ല. അക്കാലത്ത് അത്തരം ഭക്തി പ്രചരിച്ചു കാണാനിടയില്ല.

നമ്മുടെ ആത്മീയ ഭക്ഷണപാനീയമായി നമ്മുടെ കർത്താവ് നമുക്കു നല്കിയ വിശുദ്ധ കുർബാനയെ ആരാധനാവസ്തുവായി പകർത്തുന്ന പ്രതിഭാസം ഈ കാലത്തിൻെറ പ്രത്യേകതയാണ്. 9-ാം നൂറ്റാണ്ടിൽ കുർബാന സംബന്ധിച്ച് ഒരു ദൈവശാസ്ത്ര ചർച്ച *പസ്കാസിയുസ് റഡ്ബേർതുസും* (785- 860) *റത്രാമ്നുസും*(†868) തമ്മിലുണ്ടായി. അപ്പവീഞ്ഞുകളുടെ മാറ്റത്തെ സംബന്ധിച്ചായിരുന്നു അവ. കർതൃവചനവും പരിശുദ്ധാത്മപ്രവർത്തനവുമാണ് മാറ്റത്തിനാധാരം എന്നത് പുരാതനവിശ്വാസമായിരുന്നു. അതുപോലെ ക്രിസ്തു കുർബാനയിൽ സന്നിഹിതനായി വിശ്വാസികൾക്കു സ്വയം നൽകുന്നു എന്നതും പുരാതനവിശ്വാസമാണ്. എന്നാൽ ആദ്യകാലഎഴുത്തുകാരൊന്നും ആ സാന്നിധ്യത്തിൻെറ രീതിയെപ്പറ്റി ചിന്തിച്ച് തല പുണ്ണാക്കിയില്ല. 9-ാം നൂറ്റാണ്ടിൽ കുർബാനയിലെ സാന്നിധ്യം, മാറ്റം എന്നിവ താത്ത്വികചർച്ചകൾക്കു വിധേയമാക്കി, പരസ്പരവിരുദ്ധങ്ങളായ ഉത്തരങ്ങൾ നിരത്തിവച്ചു. കുർബാനയ്ക്കിടയ്ക്ക് *ഭക്തിപ്രാർത്ഥനകൾ* കുത്തിത്തിരുകിക്കയറ്റിയ കാലമായിരുന്നു അത്. ജനങ്ങൾക്ക് ആരാധനാഭാഷയായ ലത്തീൻ അഗ്രാഹ്യമായിത്തീർന്നു. 8/9 നൂറ്റാണ്ടുകളിൽ നാട്ടുഭാഷകൾ വികസിച്ചു. വൈദികർക്കു മാത്രമേ ലത്തീൻ കുറെയൊക്കെ മനസ്സിലായുള്ളു. സാധാരണക്കാർക്കുവേണ്ടി ചെറിയ ചെറിയ ഭക്തിപ്രാർത്ഥനപ്പുസ്തകങ്ങൾ ഇറങ്ങിത്തുടങ്ങി. കുർബാനയ്ക്കു പുറത്ത് കുർബാനയെ വണങ്ങുന്ന[1] രീതി ഈ കാലത്തു തുടങ്ങി. ഗ്രിംലാക് എന്ന വൈദികൻ (9/10th c.) ഏകാന്തവാസികൾക്കുവേണ്ടി എഴുതിയ നിയമത്തിൽ ഇതിൻെറ സൂചനകൾ കാണാം.

എപ്പോഴും ദൈവസാന്നിധ്യത്തിൽ ജീവിക്കുന്നവരാണ് ഏകാന്തവാസികൾ. ലോകത്തിൽ നിന്നകന്ന്, നിരന്തര പ്രാർത്ഥനയും വിശുദ്ധ ഗ്രന്ഥപാരായണവും അനുദിനകുർബാന സ്വീകരണവും വഴി ഏകാന്തവാസികൾ ഇതു സാധിക്കുന്നു. വൈദികരായ ഏകാന്തവാസികൾ തനിച്ച് എല്ലാ ദിവസവും കുർബാന അർപ്പിക്കാൻ ഗ്രിംലാക് അനുവദിക്കുന്നു.

1. Cultic attention

www.malankaralibrary.com



അത്തരം തനിച്ചുള്ള അർപ്പണം ശ്രേഷ്ഠമായി അക്കാലത്തു കരുതപ്പെട്ടിരുന്നു. ജനത്തെ കൂടാതെ കുർബാന അർപ്പിക്കുന്ന പുരോഹിതനായി വൈദികനെ കാണാൻ തുടങ്ങി. വിശുദ്ധ ഭാഷയറിയാവുന്ന വിശുദ്ധ മനുഷ്യൻ വിശുദ്ധ കർമ്മം അനുഷ്ഠിക്കുന്നു. ആരാധനാസമൂഹത്തിൻെറ അധ്യക്ഷൻ എന്ന നില മറന്നു. ജനങ്ങളിൽനിന്ന് കുർബാന അർപ്പണം അകന്നു. അർപ്പണത്തിന് പുറത്തുള്ള ആദരവിൻെറ ആരംഭം ഇവിടെയാണ് കാണുക. കുർബാന ജനങ്ങളിൽ നിന്നകന്നപ്പോൾ, അവരുടെ ഭാഗഭാഗിത്വം കുറഞ്ഞപ്പോൾ, അതിനു പകരമായി കാഴ്ചയ്ക്കു പ്രാധാന്യം കൊടുക്കുന്ന ഭക്തിപ്രസ്ഥാനം ഉടലെടുത്തു. യഥാർത്ഥ ലിറ്റർജിക്കൽ ഭക്തിയുടെ സ്ഥാനത്ത് ഉടലെടുത്തതാണിത്. കുർബാനയിലെ കർത്താവിനെ നോക്കി ആരാധിക്കുക, കുർബാനകൊണ്ട് ആശീർവദിക്കുക, പ്രദക്ഷിണം നടത്തുക തുടങ്ങിയവ ഈ കാലത്ത് ഉരുത്തിരിഞ്ഞു.

ഈ കാലഘട്ടത്തിൽ കുർബാനയിലെ അനുഷ്ഠാനക്രമങ്ങളിൽ മാറ്റം വന്നുകൊണ്ടിരുന്നു: നാടകീയ ഘടകങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു: ധൂപിക്കൽ ധാരാളമായി; മെഴുകുതിരിക്കാലുകളുടെ സ്ഥലംമാറ്റം, സുവിശേഷപ്പുസ്തകവുമായുള്ള പ്രദക്ഷിണം, സുവിശേഷവായന നടത്തുന്ന സ്ഥലത്തിനു കൂടുതൽ പ്രാധാന്യം നൽകൽ എന്നിവ നടപ്പിൽ വന്നു; ജനങ്ങൾ ഒന്നിച്ചു പാടിക്കൊണ്ടിരുന്ന ഗീതങ്ങൾക്കു പകരം ഗാനസംഘങ്ങളുടെ സംഗീതം നടപ്പായി. അനാഫറ രഹസ്യമായി ചൊല്ലുന്ന പതിവ് 800-ാമാണ്ടിൽ തുടങ്ങി. അതും നാടകീയതയുടെ ഭാഗമായി കരുതി. അനാഫറയുടെ അവസരം വൈദികൻ മാത്രം അതിവിശുദ്ധസ്ഥലത്തു കയറുന്ന പതിവ് തുടങ്ങി. അതു പഴയനിയമത്തിൻെറ അനുകരണമായിരുന്നു. കർതൃപ്രാർത്ഥനാനന്തരം ഉള്ള ആഘോഷമായ ആശീർവാദം തുടർന്നു; സമാധാനചുംബനം മദ്ബഹായിൽ നിന്നു കൊടുത്തു. എല്ലാവരും അതു സ്വീകരിക്കണമായിരുന്നു. കുർബാന സ്വീകരണത്തിനു പകരമായി അതു പരിഗണിക്കപ്പെട്ടു. കാലക്രമത്തിൽ കുർബാന സ്വീകരിക്കുന്നവർക്കു മാത്രം സമാധാനം നല്കുന്ന പതിവ് തുടങ്ങി.

കൈയിൽ കുർബാന സ്വീകരിക്കുന്ന പുരാതനരീതി മാറ്റി വായിൽ വച്ചുകൊടുക്കുന്ന രീതി തുടങ്ങി. (9th c.). വൈദികരുടെ കൈകൾ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്ന രീതി തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. അവർക്കു മാത്രമേ കുർബാനയെ സ്പർശിക്കാൻ പാടുള്ളു എന്ന ചിന്ത ഉണ്ടായി. റോം ഈ രീതി പത്താം നൂറ്റാണ്ടിലാണ്

www.malankaralibrary.com



എടുത്തത്. അഭിഷിക്തനും ലത്തീനറിയാവുന്നവനുമായ വൈദികന് കുർബാനയോടുള്ള ബന്ധം ഒന്ന്, സാധാരണക്കാരായ അൽമായരുടെ ബന്ധം മറ്റൊന്ന് എന്ന ചിന്ത ഉരുത്തിരിഞ്ഞു. ദൈവത്തോട് അസാധാരണമായ ബന്ധം വൈദികനുണ്ട്. അങ്ങനെയാണ് അൽമായർക്ക് വായിൽ വച്ചുകൊടുക്കുന്ന രീതി തുടങ്ങിയത്. പൂശപ്പെട്ട കരങ്ങൾക്കേ അതു സ്പർശിക്കാൻ പാടുള്ളു. അവർ മാത്രമേ അൽമായർക്കു കൊടുക്കാവൂ എന്ന ചിന്ത ശക്തമായി.

കുർബാന കഴിഞ്ഞ് കുർബാന കൊടുക്കുന്ന രീതിയും ഈ കാലത്തുണ്ടായതാണ്. കാസാ ജനങ്ങൾക്ക് അപ്രാപ്യമാക്കിത്തീർത്തു(9th c.). 8-ാം നൂറ്റാണ്ടിൽ കാസായിൽ നിന്ന് വലിച്ചു കുടിക്കുന്ന രീതി ഉണ്ടായിരുന്നു. വൈദികർ നേരിട്ടും വിശ്വാസികൾ കുഴലുവഴിയും തിരുരക്തം പാനം ചെയ്തിരുന്നു. 7-ാം നൂറ്റാണ്ടിൽതന്നെ അപ്പം രക്തത്തിൽ മുക്കിക്കൊടുക്കുന്ന രീതി ഉണ്ടായിരുന്നു എന്നാൽ അപ്രകാരം ചെയ്യുന്നത് നിരോധിച്ചിരുന്നു. 'അവൻ അപ്പം മുക്കി യൂദായ്ക്കു കൊടുത്തു" എന്ന തിരുവചനത്തെ അനുസ്മരിപ്പിക്കുന്നതാകയാൽ അങ്ങനെ ചെയ്യരുതെന്ന് 695 ലെ ബ്രാഗാ സിനഡ് (സ്പെയിൻ) നിർദ്ദേശിച്ചു. എന്നാൽ ആ രീതി പൊതുവെ നടപ്പായി. അപ്പത്തിലും വീഞ്ഞിലും ഒരുപോലെ കർത്താവ് സന്നിഹിതനാണ്[2] എന്ന തത്ത്വം അവതരിപ്പിക്കാൻ തുടങ്ങിയിരുന്നില്ല, എങ്കിലും ഈ പതിവ് തുടർന്നു.

കുർബാന സൂക്ഷിക്കുന്ന രീതി തുടർന്നു. രോഗികളെ ഉദ്ദേശിച്ചായിരുന്നു അത്. മൂന്നു ദിവസം കൂടുമ്പോൾ അതു മാറ്റി വയ്ക്കണം എന്നും അപ്പം വീഞ്ഞിൽ മുക്കി വച്ചിരിക്കണം എന്നും നിർദ്ദേശം ഉണ്ടായിരുന്നു. റോമിൽ ഏഴാം നൂറ്റാണ്ടിനു മുമ്പ് ഉയിർപ്പിനു മുമ്പുള്ള രണ്ടു ദിവസങ്ങൾ ഉപവാസ ദിനങ്ങളായിരുന്നു.

അപ്പത്തിൻെറ രൂപത്തിനു തന്നെ മാറ്റമുണ്ടായി. പുളിപ്പില്ലാത്ത വെള്ളയപ്പം ഒൻപതാം നൂറ്റാണ്ടോടുകൂടി അവതരിപ്പിച്ചു. ജനങ്ങൾക്കു കുർബാന സ്വീകരിക്കാനായി ചെറിയ അപ്പക്കഷണങ്ങൾ മുൻകൂട്ടി തയാറാക്കി വയ്ക്കുന്ന രീതി തുടങ്ങി. ആ കഷണങ്ങൾ വായിൽ വച്ചു കൊടുക്കുക എളുപ്പമായിരുന്നു. ലത്തീൻ, ഗ്രീക്ക്, സുറിയാനി എന്നീ മൂന്നു ഭാഷകളിൽ മാത്രമേ കുർബാന അർപ്പിക്കാൻ പാടുള്ളു എന്ന

2. Theory of Concomitance

www.malankaralibrary.com



ചിന്ത നിലനിന്നു. എന്നാൽ കിഴക്കൻ യൂറോപ്പിൽ സ്ലാവിക് ജനതകളുടെ ഇടയിൽ സ്ലാവിക് ഭാഷയിൽ തന്നെ ആരാധനക്രമം നടപ്പിലായി.

ബലിപീഠം തന്നെ ജനങ്ങളിൽ നിന്ന് വളരെ അകന്നു. മെത്രാൻെറ സിംഹാസനം[3] ഇട്ടിരുന്ന കിഴക്കേ അറ്റത്തേക്ക് ബലിപീഠം നീങ്ങി. ജനങ്ങളിൽ നിന്ന് എത്രയും അകലുന്നുവോ അത്രയും പരിപാവനമാണ് ബലിപീഠം എന്ന ചിന്ത പ്രചരിച്ചുതുടങ്ങി.

കുർബാന പൂർണമായും വൈദികൻെറ പരിപാടിയായി മാറിയപ്പോൾ കാർമ്മികൻെറ ഭക്തിവർദ്ധനവിനും മറ്റുമായി പല വിധ രഹസ്യ പ്രാർത്ഥനകളും കൂട്ടിച്ചേർക്കപ്പെട്ടു. ഒരുക്കമായിട്ട്, മദ്ബഹായിലേക്കു പോകുമ്പോൾ, കുന്തിരിക്കം ഇടുമ്പോൾ, അർപ്പണസമയം, കുർബാന സ്വീകരണാവസരം, കുർബാന കഴിഞ്ഞ് തുടങ്ങി ഇത്തരം പ്രാർത്ഥനകൾ കാണാം. തൻെറ അയോഗ്യതയെപ്പറ്റി വിലപിക്കുന്ന ധാരാളം പ്രാർത്ഥനകൾ കൂട്ടിച്ചേർക്കപ്പെട്ടു.

വൈദികൻ തനിച്ച് രഹസ്യമായി കുർബാന ചൊല്ലുന്ന രീതിയും ഇക്കാലത്ത് സാർവത്രികമായി. ദിവസത്തിൽ പല പ്രാവശ്യം അർപ്പിക്കുന്ന പതിവും തുടങ്ങി. സന്ന്യാസാശ്രമങ്ങളിലെ അംഗങ്ങൾ മിക്കവരും വൈദികരായിത്തീർന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ നിയോഗങ്ങൾക്കായി തുടരെത്തുടരെ കുർബാന ചെല്ലുന്ന രീതി ഉടലെടുത്തു. അതുപോലെ മരിച്ചുപോയ സഹസന്ന്യാസികൾക്കുവേണ്ടിയും ഇപ്രകാരം അർപ്പിക്കാൻ തുടങ്ങി. ശുശ്രൂഷകൻ പോലും ഇല്ലാതെ തുടരെത്തുടരെ ഒരാൾതന്നെ ഒരേ ദിവസം പല കുർബാനകൾ അർപ്പിച്ചുവന്നു. മൂന്നിൽ കൂടുതൽ ചൊല്ലാൻ പാടില്ല എന്ന വിലക്ക് 11-ാം നൂറ്റാണ്ടിൽ ഉണ്ടായി. ദിവസത്തിൽ ഒരു കുർബാനമാത്രം എന്ന് അലക്സാണ്ടർ II പാപ്പാ (1061-73) നിജപ്പെടുത്തി.

ചോദ്യോത്തര രീതിയിലുള്ള മതപഠനരീതി 9-ാം നൂറ്റാണ്ടിലാണ് ഉടലെടുത്തത്. ചാർളിമെയിൻ മതപഠനത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിലും തുടർന്നുള്ള കാലഘട്ടത്തിൽ മതപഠനം കാര്യമായി നടന്നില്ല. വിശ്വാസപ്രമാണവും കർത്തൃപ്രാർത്ഥനയും പഠിച്ചിരിക്കണം എന്ന് നിർബന്ധമുണ്ടായിരുന്നു. അത് മാതാപിതാക്കളിൽ നിന്ന് കുട്ടികൾ പഠിച്ചു. ത്രിയേകദൈവത്തിലും മരിച്ചവരുടെ ഉത്ഥാനത്തിലും അവർ വിശ്വസിക്കു

3. Cathedra

www.malankaralibrary.com



ന്നുണ്ടോ എന്ന് കുമ്പസാരത്തിൻെറ അവസരം വൈദികൻ ചോദിച്ചിരുന്നു. കുർബാനയോടനുബന്ധിച്ചുള്ള പ്രസംഗം വളരെ അപൂർവമായിരുന്നു.

കൂടെക്കൂടെ കുർബാന സ്വീകരിക്കാത്തതിനെ അക്കാലത്തെ ചില എഴുത്തുകാർ കുറ്റപ്പെടുത്തിയിരുന്നു. ചിലർ തങ്ങളുടെ പാപം നിമിത്തവും ചിലർ അലസതകൊണ്ടും വേറെ ചിലർ ശ്രദ്ധയില്ലായ്മയാലും കുർബാന സ്വീകരണത്തിൽനിന്ന് അകന്നുനിന്നു. വിവാഹിതർ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ കുറച്ചുനാൾ കുർബാനസ്വീകരണത്തിൽ നിന്നകന്നിരിക്കണം എന്ന ചിന്ത ചിലർ പുലർത്തി. സ്ഥാപന വാക്കുകളെ "കൂദാശവചനങ്ങൾ" എന്ന് അക്കാലത്തെ വേദപാഠഗ്രന്ഥങ്ങൾ ഒന്നും വിളിച്ചിരുന്നില്ല. സ്ഥാപനവാക്കുകൾ മാറ്റിയെടുത്ത് പ്രത്യേകം വ്യാഖ്യാനങ്ങളൊന്നും വ്യാഖ്യാനപ്പുസ്തകങ്ങളിൽ കൊടുത്തുകാണുന്നില്ല. തനിയെ ചൊല്ലുന്ന കുർബാന അർപ്പണരീതി ശരിയല്ല, അത് കുർബാനയുടെ ലക്ഷ്യത്തിനു തന്നെ വിരുദ്ധമാണ് എന്നു ചിന്തിച്ചിരുന്ന ആളുകളും അക്കാലത്തുണ്ടായിരുന്നു.

പള്ളിക്കൂദാശയുടെ അവസരം തിരുശേഷിപ്പുകളോടൊപ്പം കുർബാനയും ബലിപീഠത്തിലെ അറയിൽ അടക്കം ചെയ്യുന്ന രീതി ഉടലെടുത്തു. കാനൻനിയമവിദഗ്ദ്ധരും മറ്റും ശക്തിയായി ഇതിൽ പ്രതിഷേധിച്ചിരുന്നു. എന്നാൽ 14-ാം നൂറ്റാണ്ടുവരെ ഇതു നിലനിന്നു. വിശുദ്ധരോടു കാട്ടുന്ന ആദരവുപോലെ ഒന്ന് വി.കുർബാനയുടെ നേർക്കു കാട്ടുന്ന രീതിയാണ് നാം ഇവിടെ കാണുന്നത്. ഒരുതരം വഴിപിഴച്ച ഭക്തിയെന്ന് ഇതിനെ കരുതാം.

ഭക്ഷണപാനീയങ്ങളായി കർത്താവു നമുക്കു നൽകിയ തൻെറ ശരീരവും രക്തവും ഒരു ഭക്തികേന്ദ്രമായും കാഴ്ചവസ്തുവായും തീർന്നു. നോക്കിയിരുന്ന് സ്വീകരിക്കുന്ന[4] രീതിയും ആത്മീയകുർബാന സ്വീകരണവും ഇങ്ങനെ ഉടലെടുത്തതാണ്. പ്രാർത്ഥനകളിലും ആരാധനാഗീതങ്ങളിലും നേരിട്ട് പങ്കെടുക്കുന്നതിൻെറ സ്ഥാനത്ത് വാഴ്ത്തിയ വസ്തുക്കളെ നോക്കിയിരുന്നു തൃപ്തിപ്പെടുന്ന രീതി വ്യാപിച്ചു.

മരിച്ചവരെ ഓർക്കുന്നതും പ്രാർത്ഥിക്കുന്നതും കുർബാന അർപ്പിക്കുന്നതും പുരാതന പാരമ്പര്യമാണെങ്കിലും 9/10 നൂറ്റാണ്ടുകളിൽ

4. Ocular Communion

www.malankaralibrary.com



അതിന് ഒരു വളർച്ച കാണാം. പ്രാർത്ഥനകളും കുർബാനകളും അർപ്പണങ്ങളും വർദ്ധിപ്പിക്കുന്ന രീതി തുടങ്ങി. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു അനുഷ്ഠാനവ്യവസായം[5] തന്നെ തുടങ്ങി എന്നു പറയാം. പണക്കാരായ വ്യക്തികൾ തങ്ങളുടെ മരിച്ചവർക്കുവേണ്ടി പണം കൊടുത്ത് ഈ അനുഷ്ഠാനവ്യവസായത്തെ പരിപോഷിപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ മരിച്ചവരെ ഓർത്തു പ്രാർത്ഥിക്കാൻ നിത്യഫൗണ്ടേഷനുകൾ ആശ്രമത്തിൽ ഏർപ്പെടുത്തിയ പണക്കാരും ഉണ്ടായിരുന്നു.

ത്രിത്വരഹസ്യം വളരെ ശക്തമായി വിശ്വാസികളുടെ മനസ്സിൽ പതിഞ്ഞിരുന്ന ഒരു കാലമായിരുന്നു ഒൻപതാം നൂറ്റാണ്ട്. ക്രിസ്തുവിൻെറ മനുഷ്യത്വത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്ന പ്രവണതകൾ ദൃശ്യമാണ്. എങ്കിലും ഏക മധ്യസ്ഥനായ ക്രിസ്തുവിനെ ഉയർത്തി നിർത്തിക്കൊണ്ട് മധ്യസ്ഥരായ വിശുദ്ധരെയും അവരുടെ തിരുശേഷിപ്പുകളെയും തേടിയുള്ള പരക്കംപാച്ചിൽ ഈ കാലഘട്ടത്തിൽ തുടരുന്നതായി കാണാം. വിശുദ്ധരുടെ അസ്ഥികൾ ആത്മശരീരസൗഖ്യം നൽകുമെന്ന വിശ്വാസം പ്രബലമായി. പരിശുദ്ധ കന്യകാമാതാവിനോടുള്ള ഭക്തി ഈ കാലത്തു വളരെ വർദ്ധിച്ചു. ഈ കാലത്തെ പുതിയ പള്ളികളൊക്കെ മാതാവിൻെറ നാമത്തിൽ സ്ഥാപിക്കപ്പെട്ടവയാണ്. ശനിയാഴ്ച മാതാവിൻെറ ദിവസമായി സമർപ്പിക്കുന്ന രീതിയും പാശ്ചാത്യസഭയിൽ ഉടലെടുത്തു. മറിയത്തെ "ദയയുള്ള മാതാവായി" ക്ലൂണിയിലെ സന്ന്യാസികൾ ചിത്രീകരിച്ചു. ആശ്രമങ്ങളിലെല്ലാം മാതാവിൻെറ ബഹുമാനാർത്ഥം ഓരോ ചാപ്പൽ സ്ഥാപിതമായി.

5. Cultic Industry

www.malankaralibrary.com

16

# മധ്യകാല സഭാജീവിതം - II

കുർബാന സംബന്ധിച്ച് ഈ കാലത്ത് തർക്കം ഉണ്ടായി. പസ്കാസിയൂസും റത്രാമ്നൂസും തമ്മിലായിരുന്നു തർക്കം: പസ്കാസിയൂസ് റഡ്ബേർതുസിൻെറ വാദങ്ങൾ ഇപ്രകാരം സമാഹരിക്കാം: ക്രിസ്തുവിൻെറ ഭൗമികശരീരവും കുർബാനയിലെ ശരീരവും ഒന്നുതന്നെ. കന്യകയിൽ നിന്നെടുത്ത സ്വഭാവികവും പദാർത്ഥപരവുമായ ശരീരം തന്നെയാണ് കുർബാനയിൽ. കുർബാനയിലെ സാന്നിധ്യം സംബന്ധിച്ച് വാച്യാർത്ഥത്തിലുള്ള യാഥാർത്ഥ്യം (literal realism) അദ്ദേഹം പഠിപ്പിച്ചു. യാഥാർത്ഥമായ ശരീരവും രക്തവും മിസ്റ്റിക്കലായി സ്ഥിതിചെയ്യുന്നു. ശാരീരികവും പദാർത്ഥപരവുമായ സാന്നിധ്യമാണത്. കൂദാശയ്ക്കുശേഷം അപ്പവും വീഞ്ഞും വെറും ബാഹ്യാവരണം (mask-veil) മാത്രമാണ്. അൾത്താരയിൽ വാച്യാർത്ഥമായും സ്വാഭാവികമായും സന്നിഹിതമായിരിക്കുന്നതിനെ പൊതിയുന്നതാണ് അപ്പവും വീഞ്ഞും. എങ്കിലും പ്രതീകവും സൂചിതവും (sign and signified) തമ്മിലന്തരം ഉണ്ട്.

ഇതിനെ റത്രാമ്നുസ് എതിർത്തു. കുർബാന ഒരു കൂദാശയാണ്. ക്രിസ്തുവിൻെറ സ്വാഭാവികവും ചരിത്രപരവുമായ ശരീരരക്തങ്ങളുടെ കൂദാശയാണ്. ഭൗമികശരീരം തന്നെ ആണ് എന്നു പറയാൻ പാടില്ല. ക്രിസ്തു സത്യമായും കുർബാനയിൽ സന്നിഹിതനാണ്. ഒരു കൂദാശയിലും ദൈവം "വീണ്ടും സൃഷ്ടിക്കുകയോ" "വർദ്ധിപ്പിക്കുകയോ" ചെയ്യുകയല്ല. പദാർത്ഥപരമായ സാന്നിധ്യമല്ല കൂദാശയിലേത്. അപ്പവും വീഞ്ഞും സത്യ അടയാളങ്ങളാണ്. അവ വിശ്വാസികൾക്ക് ക്രിസ്തുവിൻെറ ശരീരരക്തങ്ങൾ പ്രദാനം ചെയ്യുന്നു. എന്നാൽ അടയാളവും സൂചിതവും തമ്മിലുള്ള അന്തരം നിലനില്ക്കുന്നു. അടയാളം വെറും മറ

www.malankaralibrary.com



യല്ല. വിശ്വാസം വഴിയാണ് നാം ക്രിസ്തുവിൻെറ ശരീരരക്തങ്ങളെ കാണുന്നത്; ബുദ്ധികൊണ്ടല്ല-രണ്ടുപേരും യഥാർത്ഥസാന്നിധ്യത്തിൽ വിശ്വസിച്ചിരുന്നു. എങ്ങനെയാണ് ആ സാന്നിധ്യം എന്നതിലായിരുന്നു അന്തരം. കൂദാശാപരമാണ് എന്ന റത്രാമ്നുസിൻെറ വാദത്തിനാണ് കൂടുതൽ സ്വാഗതം ലഭിച്ചത്. കൗദാശികമാറ്റമാണ് അപ്പവീഞ്ഞുകളിൽ നടക്കുന്നത്. എന്നാൽ എങ്ങനെയാണ് ആ മാറ്റം എന്ന് ഇരുവരും വ്യക്ത മാക്കിയില്ല. വ്യക്തമാക്കാൻ വിഷമവുമാണ്. കാരണം, കുർബാന ഒരു മഹാദിവ്യരഹസ്യമാണ്.

## ബെരെൻഗാറും ലങ്ഫ്രാങ്കും

പതിനൊന്നാം നൂറ്റാണ്ടിൽ കുർബാന സംബന്ധമായ ദൈവ ശാസ്ത്രചർച്ചയ്ക്ക് വീണ്ടും ചൂടുപിടിച്ചു. ബെരെൻഗാർ (1010-88) കുർ ബാനയെപ്പറ്റി എഴുതിയത് അന്നത്തെ പണ്ഡിതലോകത്ത് ദൈനംദിന ചർച്ചാവിഷയമായിരുന്നു. വിശുദ്ധകുർബാനയിൽ ഉള്ള ക്രിസ്തുവിൻെറ സാന്നിധ്യം ബെരെൻഗാർ അംഗീകരിച്ചു. എന്നാൽ ആ സാന്നിധ്യം കൗദാശികമാണ്. അപ്പവും വീഞ്ഞും പദാർത്ഥപരമായി മാറ്റത്തിനു വിധേയമാകുന്നില്ല. നമ്മുടെ കർത്താവിൻെറ സ്വർഗീയശരീരം സഹനാ തീതമാണ്. കുർബാനയിലെ കർതൃശരീരം സ്വർഗീയശരീരത്തിൻെറ കൗദാശികാടയാളമാണ്. കൂദാശയിൽ ദൃശ്യമായ ഘടകമുണ്ട്; അത് അദൃശ്യമായ യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. വിശ്വാസംവഴി മനസ്സ് അത് ഗ്രഹിക്കുന്നു. അപ്പവീഞ്ഞുകൾ സത്യമായും കർതൃശരീ രക്തങ്ങളെ സൂചിപ്പിക്കുന്നു. കുർബാനസ്വീകരണം ആത്മീയഭക്ഷണ പാനീയമാണ്; ശാരീരിക ഭക്ഷണപാനീയമല്ല. സത്യമായും കർതൃശരീ രക്തങ്ങളിൽ ഭാഗഭാക്കാക്കുന്നു. കുർബാനയിൽ വിശ്വാസികൾ ക്രിസ്തുവിൻെറ ശരീരരക്തങ്ങളിൽ യഥാർത്ഥമായി ഭാഗഭാക്കുകളാ കുന്നു എന്ന് ബെരെൻഗാർ പഠിപ്പിച്ചെങ്കിലും സമകാലീനർക്കത് അസ്വീ കാര്യമായിരുന്നു. കൂദാശയും (Sacrament) യാഥാർത്ഥ്യവും *(res)* പരസ്പര വിരുദ്ധമായി അവർ വ്യാഖ്യാനിച്ചു. 'കൗദാശികം' എന്നു ബെരെൻഗാർ പറഞ്ഞത് 'യാഥാർത്ഥ്യത്തെ' നിഷേധിക്കലായി അവർ മനസ്സിലാക്കി. കുർബാനയിൽ കർത്തൃസാന്നിധ്യം നിഷേധിക്കുന്ന ആളായി അദ്ദേഹം ചിത്രീകരിക്കപ്പെട്ടു.

ബെരെൻഗാറിനെ എതിർത്തവരിൽ പ്രമുഖൻ ലങ്ഫ്രാങ്ക് (1010-89) ആയിരുന്നു. ദൈവികശക്തിക്ക് അപ്പവീഞ്ഞുകളെ ക്രിസ്തുവിൻെറ

www.malankaralibrary.com



ശരീരരക്തങ്ങളാക്കി മാറ്റാനുള്ള കഴിവുണ്ട്; ഒരു പദാർത്ഥത്തെ മറ്റൊന്നാക്കാൻ ശക്തിയുണ്ട്. കൂദാശാവചനത്തിൽ അത്തരത്തിൽ ഒരു പദാർത്ഥപരമായ മാറ്റം സംഭവിക്കുന്നു. 'ഒരു പദാർത്ഥത്തെ മറ്റൊരു പദാർത്ഥമാക്കി മാറ്റാൻ സാധ്യമല്ല' എന്ന ബെരെൻഗാറിയൻ വാദത്തിനെതിരായി 'ദൈവത്തിൻെറ അനന്തശക്തിക്ക് എല്ലാം സാധ്യമാണ്' എന്ന് ലങ്ഫ്രാങ്ക് വാദിച്ചു. അപ്പവും വീഞ്ഞും എന്ന ഭൗമികപദാർത്ഥങ്ങൾ ക്രിസ്തുവിൻെറ ശരീരവും രക്തവുമായി മാറുന്നു.

അപ്പവും വീഞ്ഞും എന്ന ഭൗമികപദാർത്ഥങ്ങളുടെ ഘടന മാറി മറ്റൊന്നായാൽ അവിടെ പിന്നെ കൂദാശയില്ല (Sacrament) എന്ന് ബെരെൻഗാറും, അപ്പവും വീഞ്ഞും മറ്റൊന്നായി മാറിയില്ലെങ്കിൽ അവ കൂദാശയല്ലെന്ന് ലങ്ഫ്രാങ്കും വാദിച്ചു. കൗദാശികാടയാളം സൂചിപ്പിക്കുന്ന യാഥാർത്ഥ്യം, അതായത് കർതൃശരീരരക്തങ്ങൾ, അടയാളങ്ങളിൽ നിന്ന് സ്വതന്ത്രമായിരിക്കണം എന്ന് ബെരെൻഗാർ; അടയാളങ്ങൾ യാഥാർത്ഥ്യമായി മാറുകതന്നെ വേണമെന്ന് ലങ്ഫ്രാങ്ക്. കൂദാശയും യാഥാർത്ഥ്യവും വാസ്തവത്തിൽ ബന്ധപ്പെട്ടതാണെങ്കിലും തമ്മിൽ അന്തരമുണ്ടെന്നു ബെരെൻഗാർ; ബാഹ്യമായി കാണുന്നതും ആന്തരികസത്യവും തമ്മിൽ അന്തരമുണ്ടെന്നും കൂദാശയും യാഥാർത്ഥ്യവും പൊരുത്തപ്പെട്ട് കാണണമെന്നും ലങ്ഫ്രാങ്ക്. "കുർബാനയിൽ വിശ്വാസികൾ കർത്താവിൻെറ ശരീരവും രക്തവും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു, എന്നാലത് ബാഹ്യമായി അപ്പത്തിൻെറയും വീഞ്ഞിൻെറയും ദൃശ്യ അടയാളങ്ങളിലൂടെയാണ്. ക്രിസ്തുവിൻെറ സ്വർഗീയശരീരം അഴിവിനതീതമാണ്; എന്നാൽ കുർബാനയിലെ ശരീരം ഭക്ഷ്യയോഗ്യമാണ്" എന്നൊരു വ്യത്യാസവും ലങ്ഫ്രാങ്ക് അവതരിപ്പിച്ചു. സ്വർഗീയശരീരവും കുർബാനയിലെ ശരീരവും സത്താപരമായി ഒന്നാണെങ്കിലും ഇങ്ങനെ ഒരു വ്യത്യാസം ഉണ്ട്. കുർബാന സംബന്ധിച്ചുള്ള യാഥാർത്ഥ്യതത്ത്വവും കുർബാനയുടെ കൗദാശിക സ്വഭാവവും കൂട്ടിയിണക്കിക്കൊണ്ടുപോകുവാനുള്ള ഒരു ശ്രമം എന്ന നിലയിൽ ലങ്ഫ്രാങ്കിൻെറ തത്ത്വം പരിഗണിക്കാം. പസ്കാസിയുസ് ചരിത്രപുരുഷനായ യേശുക്രിസ്തുവിൻെറ ശരീരവും കുർബാനയിലെ ശരീരവും താദാമ്യപ്പെടുത്തി . റത്രാമ്നുസ് അതിനെ നിഷേധിച്ചു. രണ്ടും കോർത്തിണക്കാൻ ലങ്ഫ്രാങ്ക് ശ്രമിച്ചു: രണ്ടും സത്താപരമായി ഒന്നുതന്നെ; എന്നാൽ ബാഹ്യമായി അവ വ്യത്യസ്തരീതിയിൽ കാണപ്പെടുന്നു എന്നു മാത്രം. കുർബാനയിൽ അപ്പവീഞ്ഞുകളുടെ രൂപത്തിൽ ക്രിസ്തുവിൻെറ ശരീരം

www.malankaralibrary.com



മറഞ്ഞിരിക്കുന്നു; സ്വർഗത്തിൽ, ചരിത്രത്തിൽ ജീവിച്ച ശരീരം മഹത്ത്വീകരിക്കപ്പെട്ട അവസ്ഥയിൽ സ്ഥിതി ചെയ്യുന്നു.

പിൽക്കാലത്തു മാത്രമേ ഈ തത്ത്വം കൂടുതൽ സ്പഷ്ടമായി വിശദീകരിക്കാൻ സാധിച്ചുള്ളുവെങ്കിലും അതിനൊരാരംഭംകുറിച്ചത് ഇവിടെയാണ്. ബെരൻഗാറും ലങ്ഫ്രാങ്കും മരിച്ച ശേഷവും കുർബാന സംബന്ധിച്ചുള്ള വിവാദം കെട്ടടങ്ങിയില്ല. ഏതു നിമിഷമാണ് ക്രിസ്തുവിന്റെ ശരീരവും രക്തവുമാകുന്നത് എന്നായി ചർച്ച. വൈദികൻസ്ഥാപനവചനങ്ങൾ ഉച്ചരിക്കുമ്പോഴാണ് എന്നതിൽ എല്ലാവരും യോജിച്ചു. അപ്പത്തിന്മേലും വീഞ്ഞിന്മേലുമുള്ള പ്രാർത്ഥന ചൊല്ലിക്കഴിയുമ്പോഴോ? "എന്റെ ശരീരം"എന്നു പറയുമ്പോൾ അപ്പം ശരീരമാകുമോ? എന്നു തുടങ്ങിയുള്ള പ്രശ്നങ്ങൾ പന്ത്രണ്ടാം നൂറ്റാണ്ടിൽ ചർച്ചാവിഷയമായി: "എല്ലാം ചൊല്ലിക്കഴിയുമ്പോൾ" എന്ന് പത്രോസ് (†1197) എന്ന ദൈവശാസ്ത്രജ്ഞൻ 1160 ൽ പറഞ്ഞു ' ഓരോന്നും ചൊല്ലുമ്പോൾ അത് ശരീരവും രക്തവുമാകുന്നു' എന്ന് 1180 ൽ സ്റ്റീഫൻ ലാങ്ടൻ പാരീസിൽ പഠിപ്പിച്ചു. 'ഒന്നുതന്നെ ഫലദായകമല്ല, രണ്ടുംകൂടി ഉണ്ടെങ്കിലേ ആകു' എന്ന് പാട്ടുകാരനായ മറ്റൊരു പത്രോസ് വാദിച്ചു. കുർബാന സംബന്ധിച്ചുള്ള ഇത്തരം ചർച്ചകൾ അന്നത്തെ ചിന്താരീതി വ്യക്തമാക്കുന്നു. കുർബാന സംബന്ധിച്ചുള്ള ശ്ലൈഹികസഭയിലെ ആശയങ്ങളിൽ നിന്ന് മാറി വ്യത്യസ്തരീതിയിൽ അത്രേ അന്നത്തെ എഴുത്തുകാർ ചിന്തിച്ചിരുന്നത്. 1205 നും 1208 നും ഇടയ്ക്ക് പാരീസിൽ കൂടിയ സിനഡ് മേല്പറഞ്ഞ ചർച്ചകൾക്ക് തീർപ്പുകല്പിച്ചു. 'ഓരോന്നും ചൊല്ലുമ്പോൾ അതു ശരീരവും രക്തവുമാകുന്നു' എന്ന സ്റ്റീഫൻ ലാങ്ടന്റെ അഭിപ്രായവും കർതൃവചനങ്ങൾ വൈദികൻ ഉച്ചരിക്കുമ്പോഴാണ് കൂദാശ നടക്കുന്നത് എന്ന ചിന്തയും സിനഡ് സ്വീകരിച്ചു. അപ്പം കൂദാശ ചെയ്യുമ്പോൾ അതു ക്രിസ്തുവിന്റെ ശരീരമാകുന്നു. വീഞ്ഞ് കൂദാശ ചെയ്യുമ്പോൾ വീഞ്ഞ് രക്തമായി പരിണമിക്കുന്നു. യഥാർത്ഥ ജീവശരീരത്തിൽ രക്തവും ഉണ്ട്. അതുകൊണ്ട് അപ്പം തന്നെ വിശ്വാസികൾക്കു കൊടുത്താൽ മതി എന്ന ചിന്ത ഈ സിദ്ധാന്തത്തോടുകൂടി പ്രബലപ്പെട്ടു. *"Concomitance and Convesion Theory"* എന്ന് ഇത് അറിയപ്പെടുന്നു. അതുകൊണ്ട് അപ്പം തന്നെ ആരാധിക്കുന്നതിലും സ്വീകരിക്കുന്നതിലും തെറ്റില്ല. 'അപ്പത്തിൽ രക്തം സന്നിഹിതമായിരിക്കുന്നു' എന്നു പറയുന്നതിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് വീഞ്ഞിന്റെ സാദൃശ്യത്തിലുള്ള രക്തം. കാസായിൽ നിന്ന് ജനങ്ങൾക്ക് കൊടുക്കാതിരിക്കുന്നതിന്റെ ഒരു

www.malankaralibrary.com



വിശദീകരണം ഇപ്രകാരം പന്ത്രണ്ടാം നൂറ്റാണ്ടിൻെറ അവസാനഭാഗത്തുണ്ടായി. 13-ാം നൂറ്റാണ്ടായപ്പോഴേക്കും കാസാ വിശ്വാസികൾക്ക് പൂർണമായും അപ്രാപ്യമായിത്തീർന്നു. അതിലാരും തെററു കണ്ടില്ല.

കുർബാന ജനങ്ങൾക്കു കാണാനായി ഉയർത്തുന്ന രീതി 12-ാം നൂറ്റാണ്ടിൽ തുടങ്ങി. കുർബാന എടുത്തുകൊണ്ടുപോകുന്നതു കാണുന്ന വിശ്വാസികൾ മുട്ടുകുത്തി കൈകൂപ്പി പ്രാർത്ഥിക്കണം എന്ന് അക്കാലത്തെ സിനഡുകൾ തീരുമാനിച്ചു. 13-ാം നൂറ്റാണ്ടോടുകൂടി കുർബാനയ്ക്ക് പുറത്ത് കുർബാനയോടുള്ള ഭക്തി വർദ്ധിക്കാൻ തുടങ്ങി.

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ കർത്താവ് പൂർണമായി പ്രത്യേകം പ്രത്യേകം സന്നിഹിതനാണെങ്കിൽ തിരുരക്തത്തിൽ മുക്കിക്കൊടുക്കുന്നത് (intinction) എന്തിനാണ് എന്ന ചോദ്യം ഉയർന്നുവന്നു. തിരുശരീരവും തിരുരക്തവും വെവ്വേറെ സ്വീകരിക്കാൻ പ്രയാസമുള്ള അവസരത്തിൽ ഒരു സൗജന്യമായിട്ടാണ് മുക്കിക്കൊടുക്കുന്ന രീതി തുടങ്ങിയത്: ഉദാ.രോഗാവസ്ഥ, മരണാവസ്ഥ മുതലായവ. കാസാ ജനങ്ങളിൽ നിന്നു പിൻവലിച്ചപ്പോൾ അത് സാധാരണ സാഹചര്യങ്ങളിലും നടപ്പാക്കാൻ തുടങ്ങി. എന്നാൽ *"Concomitance"* സിദ്ധാന്തത്തിന് പ്രചാരം ലഭിച്ചപ്പോൾ മുക്കിക്കൊടുക്കുന്നതിൻെറ പ്രസക്തിയെ പലരും ചോദ്യംചെയ്തു. കിഴക്കും പടിഞ്ഞാറും തമ്മിൽ അകന്നപ്പോൾ (1054) മുക്കിക്കൊടുക്കുന്ന "പൗരസ്ത്യരീതി" തെറ്റാണെന്നും അത് പടിഞ്ഞാറില്ലെന്നുമൊക്കെ ചിലർ തർക്കത്തിനിടയിൽ വാദിച്ചു. അങ്ങനെ തിരുരക്തത്തിൽ മുക്കിക്കൊടുക്കുന്നതിന് എതിരായ ഒരു നിലപാട് ചിലർ സ്വീകരിക്കാനിടയായി. പടിഞ്ഞാറില്ലായിരുന്നു എന്നത് ഗ്രീക്ക് ആചാരങ്ങൾക്കെതിരെ എഴുതിയ കർദ്ദിനാൾ ഹുംബെർട്ടു തട്ടിവിട്ട ഒരു എതിർപ്രചരണപരിപാടി മാത്രമായിരുന്നു. 'യൂദാസിൻെറ ദൃഷ്ടാന്തം' എടുത്തുകാട്ടി 'മുക്കിക്കൊടുക്കുന്നത്' നിരുത്സാഹപ്പെടുത്താൻ ചിലർ ശ്രമിച്ചു. എന്നാൽ 'അപ്പത്തിൻെറ രൂപത്തിൽ മാത്രം മതി' എന്ന് കാൻറർബറിയിലെ ആൻസലം (†1109) വാദിച്ചു. പന്ത്രണ്ടാം നൂറ്റാണ്ടിൻെറ അവസാനത്തോടുകൂടി കർദ്ദിനാൾ ലൊതാരിയോ ദെ കോൻതി ദി സെഞ്ഞി (പിന്നീട് ഇന്നസെൻറ് III പാപ്പാ) 'മുക്കിക്കൊടുക്കുന്നത് അവസാനിപ്പിക്കണം' എന്നു വാദിച്ചു. തിരുരക്തം ജനങ്ങളിൽനിന്ന് ഇപ്രകാരം അകന്നപ്പോൾ വൈദികർ കൈ കഴുകുന്ന വെള്ളം കുടിക്കാൻ ചിലർ തിടുക്കം കൂട്ടിയിരുന്നു എന്നു പറയപ്പെടുന്നു. അത് തിരുരക്തത്തിനു പകരമായി വന്ന ഒരു നടപടിക്രമമാണ്. അതുപോലെ, തിരു

www.malankaralibrary.com



ശരീരം സ്വീകരിച്ചശേഷം വാഴ്ത്താത്ത ഒരു തുള്ളി വീഞ്ഞ് ഒഴിച്ചുകൊടുത്തിരുന്ന മധ്യകാലരീതിയും ഇങ്ങനെ ഉണ്ടായതാകാം. അങ്ങനെ തിരുവോസ്തിയിൽ മാത്രം കേന്ദ്രീകരിച്ചുള്ള ഒരു കുർബാനഭക്തി ഉടലെടുത്തു. കുർബാനയ്ക്കു പുറത്തുള്ള ഭക്തിയെന്നാൽ 'ഓസ്തിയോടുള്ള ഭക്തി'യായി ചുരുങ്ങി.

## കുർബാനയ്ക്കു വെളിയിലുള്ള ഭക്തി

### കുർബാനയുടെ സന്ദർശനം

രോഗികൾക്കു നൽകാനും മറ്റും വി.കുർബാന സൂക്ഷിക്കുന്ന പതിവ് വളരെ പുരാതനമാണെന്ന് വി.ജസ്റ്റിനിൽനിന്നും (†165) വി.ഹിപ്പോളിറ്റസിൽ നിന്നും (†235) വ്യക്തമാണ്. പള്ളിയിലോ, സാക്രിസ്റ്റിയിലോ അവ വച്ചിരുന്നു. പ്രാവിൻെറ രൂപത്തിലുള്ള ചെപ്പുകളിൽ തൂക്കിയിടുകയോ, ഭിത്തിയ്ക്കുള്ളിലുള്ള അറകളിൽ വയ്ക്കുകയോ ചെയ്തിരുന്നു. 16/17 നൂറ്റാണ്ടുകളിലാണ് ഇപ്പോഴത്തെ രീതിയിൽ പ്രധാനപ്പെട്ട ബലിപീഠത്തിൻെറ മധ്യഭാഗത്ത് സക്രാരിയിൽ വയ്ക്കുന്ന രീതി തുടങ്ങിയത്, താപസരായ സന്ന്യസ്തർ കൂടെക്കൂടെ കുർബാനയുടെ സന്ദർശനം നടത്താൻ 13-ാം നൂറ്റാണ്ടിലെ താപസർക്കുള്ള ഉപദേശഗ്രന്ഥങ്ങൾ[1] ഉദ്ബോധിപ്പിക്കുന്നു. അനുദിന ഭക്തകൃത്യങ്ങളിൽ ഒന്നായിട്ടാണ് കുർബാനസന്ദർശനത്തെ ചിത്രീകരിച്ചിരിക്കുന്നത്. അതിനു സാധ്യമാകാത്തവർ ആത്മനായുള്ള സന്ദർശനം നടത്തണമെന്നും നിർദ്ദേശിക്കുന്നു. 13-ാം നൂറ്റാണ്ടിലായിരിക്കാം ഈ ഭക്തകൃത്യത്തിൻെറ ആരംഭം. സാധാരണ ജനങ്ങളുടെ ഇടയിൽ എന്നതിനേക്കാൾ സന്യസ്തരുടെയും വൈദികരുടെയും ഇടയിലാണ് ഇതാരംഭിച്ചത്. 13-ാം നൂറ്റാണ്ടിനു മുൻപ് 'കുർബാന വച്ചിരുന്ന സ്ഥലം' സന്ദർശിച്ചു പ്രാർത്ഥിക്കുന്നതിനേക്കാൾ ബലിപീഠം ഇട്ടിരിക്കുന്നിടത്തുപോയി പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. രക്തസാക്ഷികളുടെ തിരുശേഷിപ്പും കബറിടവും അവരുടെ മരണദിവസം സന്ദർശിക്കുക പതിവായിരുന്നു. തിരുശേഷിപ്പ് സൂക്ഷിച്ചിരുന്ന പള്ളികൾ സന്ദർശിച്ച് പ്രാർത്ഥിക്കുക ഭക്തിയുടെ അടയാളമായി പരിഗണിക്കപ്പെട്ടിരുന്നു. വി.കുർബാന അർപ്പിക്കുന്നതിനാലും വിശുദ്ധരുടെ തിരുശേഷിപ്പുകൾ നിക്ഷേപിച്ചിരിക്കുന്നതിനാലും ബലിപീഠം പരിശുദ്ധമായി അക്കാലത്തു പരിഗണിക്കപ്പെട്ടി

1. Ancrene Riwle

www.malankaralibrary.com



രുന്നു. നാലാം ലാതറൻ സിനഡിലെ (1215) ഇരുപതാം കാനൻ അനുസരിച്ച്, കുർബാന പള്ളിയിൽ സുരക്ഷിതമായി പൂട്ടി സൂക്ഷിക്കണം എന്ന് കല്പിച്ചു. അവഹേളനം സംഭവിക്കാതിരിക്കാനായിരുന്നു ഈ കല്പന. കുർബാന പ്രധാന ബലിപീഠത്തിന്റെ സമീപത്ത്, അഥവാ പ്രാമാണ്യമുള്ള സ്ഥലത്തു വയ്ക്കുക പതിമൂന്നാം നൂറ്റാണ്ടു മുതൽ നടപ്പിലായി.

## കുർബാനയുടെ പ്രദക്ഷിണം

കുർബാന എടുത്തുകൊണ്ടുള്ള പ്രദക്ഷിണത്തെപ്പറ്റി പതിനൊന്നാം നൂറ്റാണ്ടിൽ പരാമർശമുണ്ട്. ഓശാനദിവസം കുർബാന ആഘോഷമായി വഹിച്ചുകൊണ്ട് പ്രദക്ഷിണം നടത്തുന്നതിനെപ്പറ്റി ലങ്ഫ്രാങ്ക് സൂചിപ്പിക്കുന്നു. അത് ഇംഗ്ലണ്ടിൽ വ്യാപിച്ചെങ്കിലും യൂറോപ്പിൽ മറ്റിടങ്ങളിൽ വ്യാപിച്ചില്ല. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനം *കോർപുസ് ക്രിസ്തി* പെരുന്നാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം ശക്തിപ്പെട്ടു.

## കോർപുസ് ക്രിസ്തി

ബൽജിയത്തിൽ 13-ാം നൂറ്റാണ്ടിൽ ലീജിലെ (Liege) യൂലിയാനായുടെ (1193-1258) താല്പര്യത്താലാണ് കുർബാനയുടെ പെരുന്നാളും അതോടനുബന്ധിച്ചുള്ള പ്രദക്ഷിണവും തുടങ്ങിയത്. 1246-ൽ ബിഷപ് റോബർട്ട് ഈ പെരുന്നാൾ ലീജ് രൂപതയിൽ ആരംഭിച്ചു. ഉർബൻ IV പാപ്പാ (1261-4) 1264-ൽ ഈ പെരുന്നാൾ പാശ്ചാത്യസഭ മുഴുവൻ നടപ്പാക്കി. 1317 ൽ ആണ് റോം ഈ പെരുന്നാൾ സ്വീകരിച്ചത്. അതിനു മുമ്പുതന്നെ അത് യുറോപ്പിൽ പലയിടങ്ങളിലും നടപ്പായി. ആദ്യമാദ്യം ഇതോടനുബന്ധിച്ച് പ്രദക്ഷിണമില്ലായിരുന്നു. 14-ാം നൂറ്റാണ്ടിൽ ഇത് പലയിടത്തും സാധാരണമായി. ബൽജിയത്തിൽ ഇതു തുടങ്ങാൻ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പല കാരണങ്ങൾ ഉണ്ടായിരുന്നു.[2]

## കുർബാന എഴുന്നെള്ളിച്ചു വയ്ക്കൽ (Exposition)

കുർബാനയ്ക്കിടയ്ക്ക് വൈദികൻ കുർബാന ഉയർത്തുന്ന നിമിഷം എല്ലാ അനുഗ്രഹങ്ങളും വർഷിക്കപ്പെടുന്ന അവസരമായി പരിഗണിക്ക

2. N.Mitchell, *Cult and Controversy*, 172-6; *Eucharist: Sacrament to be Adored,* in Petrus 18/9 . 96 (Sept.) p.1

www.malankaralibrary.com



പ്പെടാൻ തുടങ്ങി. 14-ാം നൂറ്റാണ്ടിൽ ഈ വിശ്വാസം ശക്തിപ്പെടുകയും വ്യാപകമാകുകയും ചെയ്തു. കുർബാന ഉയർത്തൽ കഴിഞ്ഞാൽ വേണമെങ്കിൽ പള്ളിയിൽ നിന്നു പോകുന്നതിനുപോലും അനുവദിക്കപ്പെട്ടിരുന്നു. ഒരേസമയം പല പ്രാവശ്യം ഉയർത്തിയ കുർബാനയപ്പം ദർശിക്കാനായി പള്ളികൾതോറും വിശ്വാസികൾ ഓടിയെത്തിയിരുന്നു. കുർബാനയ്ക്കിടയ്ക്ക് മുന്നാലു പ്രാവശ്യം കുർബാന ഉയർത്തുവാനും ദീർഘനേരം ഉയർത്തിപ്പിടിക്കാനും ജനങ്ങൾ വൈദികരെ നിർബന്ധിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തു. അതിനവർക്കു പ്രതിഫലവും ലഭിച്ചിരുന്നു. ഈ രീതികളെ മെത്രാന്മാരും സിനഡുകളും അപലപിച്ചിട്ടുണ്ട്. ജനങ്ങൾക്ക് നോക്കിക്കാണാനും ആരാധിക്കാനും ആത്മീയമായി കുർബാന അനുഭവിക്കാനും ആയിരുന്നു ഈ ഭക്തകൃത്യം. ഈ ദർശനത്വരയാണ് എഴുന്നെള്ളിച്ചു വയ്ക്കലിലേക്കു നയിച്ചത്. രണ്ടു സംഗതികൾ അതിലേക്ക് വഴിയൊരുക്കി.

മരണാസന്നർക്ക് കുർബാന സ്വീകരിക്കാൻ കൊടുക്കുന്നതിനു പകരം അവരെ കുർബാന കാണിക്കുന്ന രീതി 13-ാം നൂറ്റാണ്ടിൽ ഉണ്ടായി. കുർബാന സ്വീകരണത്തിന് ബുദ്ധിമുട്ടുള്ള സാഹചര്യത്തിലായിരുന്നു ഈ കാണിക്കൽ നടന്നത്. "കുർബാനയുടെ തിരുനാളും അതിനോട് ബന്ധപ്പെട്ട എട്ടുദിവസവും"- അന്നൊന്നും കുർബാന എഴുന്നെള്ളിച്ചു വയ്ക്കുന്ന രീതിയെപ്പറ്റി പരാമർശിച്ചിരുന്നില്ല; അതു കാലക്രമത്തിൽ ഉണ്ടായതാണ്. കുർബാനയർപ്പണവുമായി ബന്ധപ്പെടുത്തിയാണ് ഉർബൻ I പാപ്പാ ഈ പെരുന്നാൾ സ്ഥാപിച്ചത്. പതിന്നാലാം നൂറ്റാണ്ടിൽ ജോൺ 22-ാമൻ പാപ്പായാണ് (1316) കുർബാനയുടെ പ്രദക്ഷിണം അതിനോട് ചേർത്തത്. കാലക്രമത്തിൽ കുർബാനയർപ്പണത്തിൽ നിന്നകന്ന് പ്രദക്ഷിണത്തിനും എഴുന്നെള്ളിപ്പിനും മറ്റും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന രീതി ഉടലെടുത്തു. ഓസ്തി ഒരു കണ്ണാടിപ്പാത്രത്തിൽ വച്ച് ജനങ്ങൾക്കു കാണത്തക്കവിധം സ്ഥാപിക്കുക ആയിരുന്നു രീതി. 13-ാം നൂറ്റാണ്ടിൻെറ രണ്ടാംഭാഗത്ത് ഇതേപ്പറ്റിയുള്ള പരാമർശം കാണാവുന്നതാണ്. കുർബാനയുടെ തിരുനാളുമായി ബന്ധപ്പെട്ടല്ലാതെ എഴുന്നെള്ളിപ്പും പ്രദക്ഷിണവും 14-ാം നൂറ്റാണ്ടിൻെറ ആരംഭത്തിലെങ്ങും കാണാനില്ല. തുടർച്ചയായി എഴുന്നെള്ളിച്ചുവയ്ക്കുന്ന രീതി 14-ാം നൂറ്റാണ്ടിൻെറ അവസാനഭാഗത്ത് ചിലയിടങ്ങളിൽ തുടങ്ങി. ആളുകളുടെ ദർശനത്തെ പ്രതിയാണിതു ചെയ്തിരുന്നതെങ്കിലും ഇതിനെ സഭാനേതാക്കന്മാർ വിലക്കിയിരുന്നു.

www.malankaralibrary.com



## കുർബാനകൊണ്ടുള്ള ആശീർവാദം (*Benediction*)

സന്ധ്യാപ്രാർത്ഥനയുടെ അവസാനം കുർബാനകൊണ്ടുള്ള ആശീർവാദം നടത്തുക ചിലയിടങ്ങളിൽ പതിവായിത്തീർന്നു. പ്രാർത്ഥനാവസരം കുർബാന എഴുന്നെള്ളിച്ചുവയ്ക്കുക. അതുകൊണ്ട് അവസാനം ആശീർവദിക്കുക. ശുശ്രൂഷകളുടെ അവസാനം കുരിശുകൊണ്ടോ തിരുശേഷിപ്പുകൊണ്ടോ ആശീർവദിക്കുക സാധാരണമായിരുന്നു. അതുപോലെ രോഗികൾക്കും മരണാസന്നർക്കും കുർബാന കൊടുത്തുകഴിഞ്ഞ്, കൂടി നിന്നവരെ ആശീർവദിക്കുന്ന പതിവുണ്ടായിരുന്നു. "അരുളിക്കാ" കൊണ്ടുള്ള ആശീർവാദം 14-ാം നൂറ്റാണ്ടിൽ പുതുതായി തുടങ്ങിയതായിരുന്നു എന്നു മാത്രം.

കുർബാനയുടെ പെരുന്നാളിനുള്ള പ്രദക്ഷിണത്തിനിടയ്ക്കും പ്രദക്ഷിണം കഴിഞ്ഞും ജനങ്ങളെ "അരുളിക്കാ"കൊണ്ട് ആശീർവദിക്കുന്ന രീതി 14-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. മറ്റ് പ്രധാന പെരുന്നാളുകളിലും ഇത്തരം പ്രദക്ഷിണങ്ങളും ആശീർവാദങ്ങളും സാധാരണമായി. ചിലയിടങ്ങളിൽ കുർബാനയ്ക്കും യാമനമസ്കാരത്തിനും കുർബാന എഴുന്നെള്ളിച്ചു വയ്ക്കുന്ന രീതി ഉടലെടുത്തു. ഈ രണ്ടു രീതികൾ പില്ക്കാലത്തുള്ള "കുർബാനയുടെ വാഴ്വിന് "വഴിതെളിച്ചു. മേല്പറഞ്ഞ ഭക്തകൃത്യങ്ങളൊക്കെ വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട് കുർബാനയിൽ നിന്നുരുത്തിരിഞ്ഞതും അതിലേക്ക് നയിക്കുന്നതുമായിരുന്നു. കുർബാനയ്ക്ക് പുറത്തുള്ള ഭക്തകൃത്യങ്ങളായിട്ടല്ല അവ കരുതപ്പെട്ടത്. അവയൊക്കെ സന്ന്യാസ പശ്ചാത്തലങ്ങളിലാണ് രൂപീകൃതമായതും. സന്ന്യാസസ്വാധീനത്താൽ അത് ജനങ്ങളുടെ ഇടയിൽ പ്രചരിച്ചു. തിരുശേഷിപ്പ്, ബലിപീഠം, കുരിശ്, സുവിശേഷം എന്നിവയ്ക്കു നൽകിയിരുന്ന ഭക്തി തിരുവോസ്തിക്കും നൽകാൻ തുടങ്ങി. കാണാനുള്ള ജനങ്ങളുടെ തൃഷ്ണയെ തൃപ്തിപ്പെടുത്താനായിട്ടാണ് പലതും തുടങ്ങിയത്. കുർബാനയിലും യാമപ്രാർത്ഥനകളിലും ഉള്ള ഭക്തിയും ശ്രദ്ധയും വർദ്ധിപ്പിക്കുന്നവയായിട്ടാണ് ഈ ഭക്തകൃത്യങ്ങളെ കണ്ടിരുന്നത്.

## പതിന്നാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ

ഈ കാലഘട്ടത്തിൽ കുർബാനയുടെ പരസ്യാരാധനാസ്വഭാവം മങ്ങിമങ്ങിവന്നു. "പ്രൈവറ്റ് മാസ്" സാധാരണമായി. പാട്ടുകാർ പാടുന്നവപോലും വൈദികൻ രഹസ്യമായി വായിക്കണം എന്ന ചിന്ത 13-ാം

www.malankaralibrary.com



നൂറ്റാണ്ടുമുതൽ ഉടലെടുത്തു. ലേഖനമോ സുവിശേഷമോ ആഘോഷമായി വായിച്ചാലും വൈദികൻ രഹസ്യമായി വായിക്കേണ്ടിയിരുന്നു. സഭ മുഴുവൻെറയും ശുശ്രൂഷ എന്ന നില ആരാധനക്രമത്തിനു നഷ്ടപ്പെട്ടു. വൈദികനും പാട്ടുകാർക്കും ശുശ്രൂഷകർക്കും ജനങ്ങൾക്കും എല്ലാം ഉണ്ടായിരുന്ന സജീവ ഭാഗഭാഗിത്വം നഷ്ടപ്പെട്ടിട്ട് അത് വൈദിക ശുശ്രൂഷയായി ചുരുങ്ങി. വൈദികൻ ചെയ്യുന്നതുമാത്രം *"valid"* എന്ന ചിന്ത, എല്ലാം വൈദികൻ വായിച്ചുതീർക്കണം എന്ന നിഗമനത്തിലെത്തിച്ചു. ജനങ്ങൾ വായിക്കാനേ പാടില്ലായിരുന്നു. വായനയൊക്കെ ജനങ്ങൾക്ക് അജ്ഞാതമായ ലത്തീൻഭാഷയിലായിരുന്നു; ദൈവവചന പ്രഘോഷണം എന്ന നില മാറി. ജനങ്ങൾക്ക് അജ്ഞാതമായ ഭാഷയിൽ വൈദികൻ അനുഷ്ഠിക്കുന്ന അപ്രാപ്യമായ കർമ്മം. അനുഷ്ഠാനരീതികൾക്ക് ഏറെ പ്രാധാന്യം നൽകി. കുർബാനയെപ്പറ്റിയുള്ള പ്രസംഗങ്ങൾ തന്നെ വിരളവും ശുഷ്കവുമായിരുന്നു. അതുകൊണ്ട് പ്രസംഗത്തിലൂടെ ഗ്രഹിക്കാനും വഴിയില്ലായിരുന്നു. കുർബാന ജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തിയില്ല.

ജനങ്ങൾ അതിനുപകരം സാമാന്യഭക്താനുഷ്ഠാനങ്ങൾ കണ്ടുപിടിച്ചു. കുർബാനയുടെ ഫലങ്ങളെപ്പറ്റിയും കുർബാനയിൽ പങ്കെടുക്കേണ്ടതിനെപ്പറ്റിയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ഭൗതികരീതിയിലാണ് ഇവ മനസ്സിലാക്കിക്കൊടുത്തിരുന്നതെന്നുമാത്രം. കേൾക്കുന്നതൊന്നും മനസ്സിലാകാത്ത സാഹചര്യത്തിൽ കാണുന്നതിനു കൂടുതൽ പ്രാധാന്യം കൊടുത്തു. കുർബാന ഉയർത്തുമ്പോൾ അതു കാണുക എന്ന സംഗതി പ്രാമണ്യത്തിലേക്കുയർന്നു. "കുർബാന കാണുക" എന്ന ചൊല്ലുതന്നെ ഉണ്ടായി. ഒരേ ദേവാലയത്തിൽ തന്നെ ഒരൾത്താരയിൽ നിന്ന് മറ്റൊന്നിലേക്ക് കാണാനായി ഓട്ടപ്രദക്ഷിണം നടത്തുന്ന ജനക്കൂട്ടത്തെ 15-ാം നൂറ്റാണ്ടിൽ പല വലിയ ദേവാലയങ്ങളിലും കാണാമായിരുന്നു.

കുർബാനയുടെ പ്രദക്ഷിണങ്ങളും എഴുന്നള്ളിപ്പുകളും വർദ്ധിച്ചപ്പോൾ അവയെ നിയന്ത്രിക്കണമെന്ന് 15-ാം നൂറ്റാണ്ടിൽ സഭാനേതൃത്വം ശക്തിയായി നിർദ്ദേശിച്ചു. 'കുർബാന ഭക്ഷണമായിട്ടാണു കർത്താവു സ്ഥാപിച്ചത്, കാഴ്ചവസ്തുവായിട്ടല്ല' എന്ന് കൂസായിലെ നിക്കൊളാസ് എന്ന പേപ്പൽ പ്രതിനിധിക്ക് (1401-64) പറയേണ്ടിവന്നു. കുർബാനയുടെ തിരുനാളുമായി ബന്ധപ്പെട്ടല്ലാതെ എഴുന്നെള്ളിച്ചുവയ്ക്കലും പ്രദക്ഷിണങ്ങളും പാടില്ലെന്ന് അദ്ദേഹം വിലക്കി.

www.malankaralibrary.com



ചെറിയ ചെറിയ സമൂഹങ്ങളുടെ കുർബാനകൾ ഉണ്ടായി. കുർബാനയുടെ ഫലം പൂർണമായി തങ്ങൾക്കു ലഭിക്കാനായി ഇത്തരം കുർബാനകൾ ധാരാളമായി വർദ്ധിച്ചു. കൂടുതൽ പേർ പോകുന്ന പള്ളിയിൽ ഫലം പങ്കിട്ടുപോകും എന്ന ചിന്തയാണ് ഇതിലേക്കു നയിച്ചത്. ധാരാളം കുർബാന ചൊല്ലേണ്ടി വന്നതിനാൽ ബലിപീഠങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ തുടങ്ങി. "കുർബാന വൈദികർ" എന്ന ഒരു ഗണം ഉടലെടുത്തു. കുർബാന അർപ്പിക്കുക മാത്രമായിരുന്നു അവരുടെ ജോലി. ധാരാളം കുർബാനയുള്ള അവസരം എല്ലാം പാട്ടുകുർബാനയായി നടത്താൻ സാധിക്കയില്ലല്ലോ. അതിനവർ വഴി കണ്ടുപിടിച്ചു: *curtailed mass*-ഒരു കുർബാന തുടങ്ങി വിശ്വാസപ്രമാണം വരെ ആഘോഷമായി നടത്തുക; പിന്നീട് ശബ്ദം താഴ്ത്തിയോ, നിശ്ശബ്ദമായോ നടത്തുക; തദവസരം മറ്റൊരാൾ മറ്റൊരു കുർബാന ആഘോഷമായി തുടങ്ങുകയായി. ഈ രീതിയിൽ കുർബാനയുമായി ബന്ധപ്പെട്ട് വളരെയധികം വഴിപിഴയ്ക്കലുകളും അരുതായ്കകളും അക്കാലത്തുണ്ടായി. ഓരോരോ നിയോഗങ്ങൾക്കായി കുർബാന ചൊല്ലിക്കുന്ന രീതിയും ഉടലെടുത്തു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായി സഭ മുഴുവനുംവേണ്ടി ഇപ്പോൾ അർപ്പിക്കപ്പെടുന്ന ദൈവികബലി എന്ന ചിന്തയ്ക്കു മങ്ങലേറ്റു. കുർബാനധർമ്മം കുറഞ്ഞാൽ സാധാരണ കുർബാന "dry mass" ആകുന്ന രീതിയും അന്നുണ്ടായിരുന്നു. ആകെക്കൂടി ശരിയായ പാതയിൽനിന്ന് വളരെ അകന്ന ഒരവസ്ഥാവിശേഷമായിരുന്നു 15-ാം നൂറ്റാണ്ടിൽ കുർബാന സംബന്ധിച്ച് ഉണ്ടായിരുന്നത്.

www.malankaralibrary.com

# 17

# പാശ്ചാത്യരാഷ്ട്രങ്ങളും സഭാനേതൃത്വവും

റോമിലെ മാർപാപ്പാ പേപ്പൽ സംസ്ഥാനങ്ങളുടെ അധിപനായപ്പോൾ ലൗകികാധികാരികളുടെ തലത്തിലുള്ള ചുമതലയും അദ്ദേഹത്തിനു കൈവന്നു. പേപ്പൽ സംസ്ഥാനങ്ങളുടെമേൽ നേരിട്ടുള്ള അധികാരം ലഭിച്ചു. പേപ്പൽ സംസ്ഥാനങ്ങളിൽ പാപ്പാ അനിഷേധ്യ നേതാവായിതീർന്നു. പാശ്ചാത്യലോകത്ത് ചാർളിമെയിന്റെ വിശുദ്ധ റോമാസാമ്രാജ്യം തകർന്ന് നിരവധി രാജ്യങ്ങളും ഭൂവുടമകളും ഉടലെടുത്ത പശ്ചാത്തലത്തിൽ ഫ്യൂഡലിസം അംഗീകൃതവ്യവസ്ഥിതിയായി. സഭയും ഫ്യൂഡലിസവുമായി ഇഴുകിച്ചേർന്നു. അത്മായർ സഭയിൽ അമിതസ്വാധീനം ചെലുത്താൻ തുടങ്ങിയ പശ്ചാത്തലത്തിൽ അവരെ നിയന്ത്രിക്കാൻ മാർപാപ്പാമാർ നന്നേ പണിപ്പെട്ടു. സഭാധ്യക്ഷനും പാശ്ചാത്യരാജാക്കന്മാരുമായി പലപ്പോഴും പാശ്ചാത്യലോകത്ത് ഏറ്റുമുട്ടലുകൾ നടന്നു. പ്രബലരായ ചക്രവർത്തിമാർ ചാർളിമെയിനുശേഷം പാശ്ചാത്യലോകത്ത് ഉയർന്നുവന്നില്ല. ഈ സാഹചര്യങ്ങളിൽ യൂറോപ്പിലുടനീളം പാപ്പായുടെ അധികാരം അംഗീകരിപ്പിക്കാൻ ശ്രമം നടന്നു.

## ഇരു ഖഡ്ഗവാദം (Two Swords Theory)

രാഷ്ട്രീയാധികാരികളുടെമേലും മാർപാപ്പായ്ക്ക് അധികാരവും മേല്ക്കോയ്മയും ഉണ്ട്. ആത്മീയാധികാരം ലൗകികാധികാരത്തിനുപരിയാണ്. അതുകൊണ്ട് മാർപാപ്പാ എല്ലാവരിലും ഉന്നതനാണ് എന്നു തുടങ്ങുന്ന ഒരു ചിന്താധാര ഈ കാലത്ത് സഭാമണ്ഡലത്തിൽ ഉയർന്നുവന്നു. ഈ ചിന്തയ്ക്ക് വി.ബർണാർദ് പ്രചരണം നൽകി. ലൗകികാധികാരികളെയും നിയന്ത്രിച്ച് ചൊൽപ്പടിക്കു നിർത്താനുള്ള തത്രപ്പാടാണ് നാമി

www.malankaralibrary.com



വിടെ കാണുക. അതിനു വഴങ്ങാൻ ലൗകികാധികാരികൾ കൂട്ടാക്കാതെ വന്നപ്പോൾ അവരുമായി ഏറ്റുമുട്ടലുകൾ നടന്നു.

ബർണാർഡിൻെറ വാക്കുകൾ: "ആധ്യാത്മികവാളും ഭൗതികവാളും സഭയുടെ നിയന്ത്രണത്തിലുള്ളതാണ്. ആദ്യത്തേത് സഭ ഉപയോഗിക്കണം. രണ്ടാമത്തേത് സഭയ്ക്കുവേണ്ടി ഉപയോഗിക്കപ്പെടണം. ആദ്യത്തേത് പുരോഹിതരും രണ്ടാമത്തേത് പുരോഹിതരുടെ അനുവാദത്തോടും ചക്രവർത്തിയുടെ കല്പനയോടുംകൂടെ പട്ടാളക്കാരും ആണ് കൈയിലെടുക്കേണ്ടത്".

ബോനിഫസ് VIII പാപ്പാ (1294-1303) "ഊണാം സാങ്താം" എന്ന രേഖയിൽ (1302) പറഞ്ഞിരിക്കുന്നത് ഇതുതന്നെയാണ്: "സഭയിലും സഭയുടെ അധികാരത്തിലും ഉപയോഗിക്കുവാനുള്ള ഒരു ആധ്യാത്മിക ഖഡ്ഗവും ഒരു ഭൗതിക ഖഡ്ഗവും ഉണ്ടെന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. കാരണം, ഇതാ, ഇവിടെ രണ്ടു വാളുകളുണ്ട് എന്ന് അപ്പസ്തോലൻ പറഞ്ഞപ്പോൾ, അതിനർത്ഥം സഭയിലെന്നാണ്. എന്തെന്നാൽ അപ്പസ്തോലന്മാരാണ് സംസാരിക്കുന്നത്. അവ അധികമാണ് എന്നു കർത്താവു പറഞ്ഞില്ല. പ്രത്യുത, അതു മതി എന്നാണ് പറഞ്ഞത്. ഭൗതിക ഖഡ്ഗം പത്രോസിൻെറ അധികാരത്തിൻ കീഴിലാണ് എന്ന വസ്തുത നിഷേധിക്കുന്നവൻ 'നിൻെറ വാൾ ഉറയിൽ ഇടുക' എന്നു പറഞ്ഞ കർതൃവചനം തെറ്റായിട്ടാണ് ധരിച്ചിരിക്കുന്നത്. അതുകൊണ്ട് ആധ്യാത്മികഖഡ്ഗവും ഭൗതികഖഡ്ഗവും സഭയുടെ അധികാരത്തിലാണ്. ഒന്നു സഭയ്ക്കുവേണ്ടി കൈകാര്യം ചെയ്യാനുള്ളത്. മറ്റത് സഭയിൽ കൈകാര്യം ചെയ്യപ്പെടാനുള്ളതും. ആദ്യത്തേത് വൈദികരും രണ്ടാമത്തേത് പുരോഹിതരുടെ ഹിതവും അനുമതിയുമനുസരിച്ച് രാജാക്കന്മാരും പ്രഭുക്കന്മാരും കൈകാര്യം ചെയ്യണം. കാരണം, ഒരു വാൾ മറ്റൊരു വാളിൻെറ കീഴിലായിരിക്കണമെന്നതും, ഭൗതികാധികാരം ആധ്യാത്മികാധികാരത്തിനു വിധേയമായിരിക്കണം എന്നതും ആവശ്യമാണ്".

ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെ രാജാക്കന്മാരുമായി മേല്പറഞ്ഞ തത്ത്വത്തിൻെറ പേരിൽ പാപ്പാമാർ ഇടഞ്ഞു. ജർമ്മനിയിലെ ഹോഹൻസ്റ്റൗഫൻ രാജകുടുംബവും പേപ്പസിയും തമ്മിൽ ഇടഞ്ഞു. ഈ കുടുംബത്തിൽപെട്ട ഫ്രെഡറിക് ബാർബറോസയും (1152-1190)ഹഡ്രിയാൻ IV പാപ്പായും (1154-9)തമ്മിൽ ഏറ്റുമുട്ടി ജയാപജയങ്ങൾ പങ്കിട്ടു. 1177 ൽ ഉണ്ടാക്കിയ വെനീസ് ഒത്തുതീർപ്പ് പേപ്പൽ വിജയമായിരുന്നു. തുടർന്നുണ്ടായ ജർമ്മൻ തെരഞ്ഞെടുപ്പിലും മാർപാപ്പാ സ്വാധീനം ചെലുത്താൻ ശ്രമിച്ചു. അതും ഏറ്റുമുട്ടലിൽ കലാശിച്ചു. ഇന്നസെൻറ് III (1198-1216) ആയിരുന്നു അന്നത്തെ പാപ്പാ. ഇന്നസെൻറ് കഴി

www.malankaralibrary.com



വതും തന്റെ തീരുമാനങ്ങൾ ലൗകികാധികാരികളെകൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിച്ചു; അതിൽ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. ജർമ്മൻ രാജാവായ ഫ്രെഡറിക് രണ്ടാമനുമായും പേപ്പസി ഇടഞ്ഞു. ഹൊണോറിയുസ് III (1216-27), ഗ്രിഗറി IV (1227-41) എന്നിവർ പേപ്പസിയുടെ മേല്ക്കോയ്മ അംഗീകരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അതും നിരന്തര ഏറ്റുമുട്ടലിന്റെ കഥയായിരുന്നു. പരസ്പരം ജയാപജയങ്ങൾ പങ്കിട്ടു. മഹറോൻ ശിക്ഷവരെ ഫ്രെഡറിക്കിനെതിരെ റോമൻനേതൃത്വം എടുത്തു പ്രയോഗിച്ചു. യുദ്ധംമൂലം കുരിശുയുദ്ധക്കാർക്ക് കഴിയാത്തത് ഫ്രെഡറിക് നയതന്ത്രജ്ഞതയിലൂടെ നേടിയെടുത്തു. പോപ്പിന്റെ എതിർപ്പു വകവയ്ക്കാതെ ഈജിപ്തിലെ സുൽത്താനുമായി ചർച്ച നടത്തി ജറുസലേം കൈവശപ്പെടുത്തി. രാഷ്ട്രീയതലത്തിലെ തന്റെ മേല്ക്കോയ്മ അംഗീകരിക്കാഞ്ഞതിനാൽ പാപ്പാ ഫ്രെഡറിക്കുമായി നീരസത്തിൽ കഴിഞ്ഞു. ഇണങ്ങിയും പിണങ്ങിയും മുന്നോട്ടു പോയി.

ഇംഗ്ലണ്ടിലെ ജോൺ രാജാവും (1199-1216) ഇന്നസെന്റ് III പാപ്പായുമായി (1198-1216) ഏറ്റുമുട്ടി. ലൗകികാധികാരികളെ കീഴ്പ്പെടുത്താൻ ആത്മീയാധികാരം ഉപയോഗിക്കുന്ന കാഴ്ചയാണു നാം കാണുക. ഗത്യന്തരമില്ലാതെ ജോൺ രാജാവ് ഇന്നസെന്റ് പാപ്പായ്ക്ക് കീഴടങ്ങി.

ഫ്രാൻസിലെ ഫിലിപ്പ് II രാജാവുമായുള്ള (1180-1223) ഏറ്റുമുട്ടലിൽ ഇന്നസെന്റ് പാപ്പായും രാജാവും ജയാപജയങ്ങൾ പങ്കിട്ടു. അവസാനം ആത്മീയാധികാരം ഉപയോഗിച്ച് പാപ്പാതന്നെ വിജയിച്ചു. ബോനിഫസ് VIII പാപ്പായുടെ കാലത്ത് (1294-1303) വീണ്ടും ഏറ്റുമുട്ടൽ ശക്തി പ്രാപിച്ചു. ഫ്രാൻസിലെയും ഇംഗ്ലണ്ടിലെയും രാജാക്കന്മാരെ നിയന്ത്രിക്കാൻ ബോനിഫസ് ശ്രമിച്ചു. കരംപിരിവ് ആയിരുന്നു വിഷയം. ഇംഗ്ലണ്ടിലെ എഡ്വേർഡ് I രാജാവും ഫ്രാൻസിലെ ഫിലിപ്പ് IV രാജാവും അതിനെ എതിർത്തു. "ക്ലേരിച്ചിസ് ലായിക്കോസ് " എന്നറിയപ്പെടുന്ന രേഖയിലൂടെ (1296) ലൗകിക മേല്ക്കോയ്മയ്ക്കായി ആത്മീയാധികാരം എടുത്തുപയോഗിച്ചു. എന്നാൽ അതിൽ പാപ്പാ തന്നെ പരാജയപ്പെട്ടു. ഫ്രാൻസിലെ ഫിലിപ്പ് IV നുമായുള്ള മറ്റൊരേറ്റുമുട്ടലിലും ബോനിഫസ് പരാജയപ്പെട്ടു. വൈദിക സ്ഥാനികളെ സിവിൾ കോടതികളിൽ വിസ്തരിക്കാൻ പാടില്ല എന്നതായിരുന്നു വിഷയം. ഈ ഏറ്റുമുട്ടലിലാണ് *"ഊണാം സാങ്താം"* എന്ന രേഖ (1302) ബോനിഫസ് പ്രസിദ്ധീകരിച്ചതും ദ്വിഖഡ്ഗവാദം ഉയർത്തിക്കാട്ടിയതും. 'ഭൗതികാധികാരവും ആത്മീയാധികാരവും തമ്മിൽ അന്തരം ഉണ്ട്. ആത്മീയാധികാരമാണ് ഭൗതികാധികാരത്തേക്കാൾ ശ്രേഷ്ഠം" എന്നീ തത്ത്വങ്ങൾ ഇതിൽ ഊന്നിപ്പറഞ്ഞു.

www.malankaralibrary.com

18

# റോമൻ അധികാരകേന്ദ്രീകരണം

മധ്യകാലഘട്ടത്തിൻെറ രണ്ടാം പകുതിയിലാണ് റോം കേന്ദ്രമാക്കി വളരെ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം റോമാസഭയിൽ പ്രാബല്യത്തിലായത്. പിതാക്കന്മാരുടെ കാലഘട്ടത്തിൻെറ അവസാനഭാഗമായപ്പോഴേക്കും പാത്രിയർക്കീസൻമാരെയും പ്രധാന നഗരങ്ങളിലെ മെത്രാപ്പോലീത്താമാരെയും കേന്ദ്രീകരിച്ചാണ് ക്രിസ്തുവിൻെറ സഭ വളർന്നുവന്നത്. എന്നാൽ പൗരസ്ത്യസഭകൾ പാശ്ചാത്യസഭയുമായുള്ള കാനോനിക കൂട്ടായ്മ നഷ്ടപ്പെടുത്തി, ഇസ്ലാമിൻെറ കീഴിൽ ഒറ്റപ്പെട്ട ചെറുസഭകളായി ചുരുങ്ങിയപ്പോൾ പൗരസ്ത്യപാത്രിയർക്കീസുമാരുടെ സ്ഥാനത്തിനുതന്നെ ഇടിവു സംഭവിച്ചു. പാശ്ചാത്യപാത്രിയർക്കീസായ റോമിലെ മെത്രാനാകട്ടെ, പാശ്ചാത്യറോമാസാമ്രാജ്യത്തിലെ പ്രത്യേകമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഉയർന്നുയർന്നു വന്നു. പാശ്ചാത്യറോമാസാമ്രാജ്യം തകർന്നുകഴിഞ്ഞപ്പോൾ (476) റോമിലെ മെത്രാൻതന്നെ ഒരു പ്രാദേശിക നേതാവായി ഉയരാൻ തുടങ്ങി. പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ കാലക്രമത്തിൽ മധ്യഇറ്റലിയിലെ രാജാവായും പാശ്ചാത്യലോകത്തെ രാജാക്കന്മാരുടെ ഇടയിലെ സമുന്നതനേതാവായും ഉയർന്നുവന്നു. ആത്മീയവും ലൗകികവുമായ അധികാരങ്ങൾ എല്ലാം ക്രിസ്തുവിൻെറ ഈ ശുശ്രൂഷകനു ലഭിച്ചു കഴിഞ്ഞപ്പോൾ, ലൗകികാധികാരികളുടെ ചിന്താധാരയും പ്രവർത്തനശൈലിയും സഭാജീവിതത്തിൽ ഇരച്ചുകയറി. സുവിശേഷലാളിത്യവും സുവിശേഷസേവനതല്പരതയും ലൗകിക വീക്ഷണങ്ങൾക്കു വഴിമാറിക്കൊടുത്തു. പാശ്ചാത്യലോകത്ത് മാറിമാറി വന്ന സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ സംവിധാനങ്ങളുമായി ഒത്തുപോകുന്ന ജീവിത

www.malankaralibrary.com



ശൈലി രൂപപ്പെട്ടു. പാശ്ചാത്യപാത്രിയർക്കേറ്റു മുഴുവൻ നേരിട്ടിടപെട്ട് ഭരണം നടത്തുന്ന ശൈലി റോമൻ ഭരണനേതൃത്വം സ്വീകരിച്ചു. സഭാ ഭരണവും രാഷ്ട്രീയഭരണവും അത്രമാത്രം കെട്ടുപിണഞ്ഞുകിടന്നു.

പേപ്പൽ സംസ്ഥാനങ്ങളുടെ ഭരണാധികാരി എന്ന നിലയിൽ മധ്യ ഇറ്റലിയിൽ ഉണ്ടായിരുന്ന അധികാരപ്രയോഗം പാശ്ചാത്യസഭ മുഴുവനും റോമൻ ഭരണനേതൃത്വം നടപ്പാക്കാൻ ശ്രമിച്ചു. ഈ ശ്രമത്തിനിടയിലാണ് പാശ്ചാത്യരാജാക്കന്മാരുമായി അധികാര വടംവലികൾ നടന്നതും ജയാപജയങ്ങൾ ഏറ്റുവാങ്ങിയതും. പാശ്ചാത്യ സഭാനേതൃത്വത്തിനുള്ള ആത്മീയമേല്ക്കോയ്മ ഊന്നിപ്പറയാനും ഉറപ്പിക്കാനും ഒരു പരിധിവരെ റോമൻ മെത്രാന്മാർക്കു മധ്യകാലഘട്ടത്തിൽ സാധിച്ചു.

റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം റോമാസഭയിൽ ഉരുത്തിരിഞ്ഞു. ഭരണപരവും നയപരവുമായ പല കാര്യങ്ങളും മാർപാപ്പായുടെ നിയന്ത്രണത്തിലായി. ഗ്രിഗറി VIIന്റെ കാലംമുതലാണ് (1073-1085) പാശ്ചാത്യരാജാക്കന്മാർ പാപ്പാമാരുടെ ലൗകികനേതൃത്വം പൊതുവെ പരക്കെ അംഗീകരിക്കാൻ തുടങ്ങിയത്. സഭാതലത്തിലെ അധികാരകേന്ദ്രീകരണത്തെപ്പറ്റിയാണ് ഇവിടെ ഇപ്പോൾ ചർച്ച ചെയ്യുന്നത്.

അധികാരകേന്ദ്രീകരണം ലക്ഷ്യംവച്ച് വിളിച്ചുകൂട്ടിയ സിനഡാണ് നാലാം ലാതറൻ സിനഡ് (1215). അതിനുപയോഗിച്ച മാർഗങ്ങൾ താഴെ പറയുന്നവയാണ്:

1. വിശുദ്ധരുടെ നാമകരണനടപടികൾ റോമിന്റെ അധികാരപരിധിയിൽ കൊണ്ടുവന്നു.
2. തിരുശേഷിപ്പുകളുടെ പരസ്യവണക്കം റോമിന്റെ അംഗീകാരത്തോടെ വേണം എന്നാക്കി.
3. കുരിശുയുദ്ധത്തിനു പോയവരുടെ സ്വത്ത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം റോം ഏറ്റെടുത്തു.
4. ഇൻക്വിസിഷൻ കോടതികളുടെ പ്രവർത്തനം റോമൻ കേന്ദ്രീകരണത്തെ സഹായിച്ചു.
5. മെത്രാന്മാരുടെ നിയമനം റോമിന്റെ അധികാരപരിധിയിൽ കൊണ്ടുവന്നു.
6. പാപ്പായുടെ പ്രതിനിധികളായി അയയ്ക്കപ്പെടുന്നവർ കേന്ദ്രീകരണത്തെ വളരെ സഹായിച്ചു: ലെഗാതി മീസ്സി (വിവിധതരം നുൺഷ്യോമാർ), ലെഗാതി നാത്തി (ഒരു നാട്ടിലെ മെത്രാനെ അവിടെ

www.malankaralibrary.com



യുള്ള ഒരു പ്രത്യേക കാര്യത്തിനു നിയമിക്കുന്നത്),ലെഗാതി അ ലാതെരെ (പ്രത്യേക സമ്മേളനത്തിനോ അവസരത്തിനോ അയയ്ക്കപ്പെടുന്നവർ).

7. പാലിയം നൽകലും ആദ് ലിമിനാ സന്ദർശനവും: മെത്രാപ്പോലീത്താമാരുടെ സ്ഥാനാരോഹണം പൂർണമാക്കാൻ റോമിൽ പോയി മാർപാപ്പായിൽ നിന്നു സ്വീകരിച്ച് കഴുത്തിൽ ധരിക്കുന്ന രോമവസ്ത്രമാണ് പാലിയം. 'എല്ലാ മെത്രാന്മാരും നിശ്ചിത കാലയളവിനുള്ളിൽ റോമിൽ പോയി മാർപാപ്പായെ സന്ദർശിക്കണം' എന്ന നിയമം അറിയപ്പെടുന്നത് 'ആദ് ലിമിനാ സന്ദർശനം' എന്നാണ്. "ശ്ലീഹന്മാരുടെ കബറിടസന്ദർശനം" എന്ന് പദാർത്ഥം.

8. പുതിയ കാനൻനിയമസമാഹാരങ്ങൾ: ഗ്രാസ്യന്റെ (12th c.) *"കൊൺകോർദിയാ ദിസ്കോർദാൻസിയും കാനോനും,"* എന്ന സമാഹാരം ഏറ്റവും പ്രസിദ്ധമാണ്. നിയമങ്ങളിലെ പൊരുത്തക്കേടുകൾ നീക്കി രൂപീകരിച്ച ഈ സംഹിത *ദെക്രേതും* എന്നാണ് പൊതുവെ അറിയപ്പെടുന്നത്.

9. ഭിക്ഷുസന്ന്യാസികൾ കേന്ദ്രീകൃതഭരണത്തെ സഹായിച്ചു. റോമൻ കൂരിയാ എന്നറിയപ്പെടുന്ന ഭരണസംവിധാനത്തിലൂടെയാണ് റോമൻ പാപ്പാമാർ കേന്ദ്രീകരണനടപടികൾ എടുത്തത്. റോമൻ സഭാ ഭരണത്തിൽ മാർപാപ്പാമാരെ സഹായിക്കാനാണ് കൂരിയായിലെ വിവിധ വകുപ്പുകൾ. കൂരിയായ്ക്ക് ഇന്നത്തെ രൂപം സിദ്ധിച്ചതു വളരെ സാവധാനത്തിലാണ്. വളരെയധികം വികാസപരിണാമത്തിലൂടെ ഇതു കടന്നുപോയിട്ടുണ്ട്. ഔദ്യോഗിക കാര്യാലയം, നിയമനിർമാണസഭ, കോടതികൾ എന്നിങ്ങനെ മൂന്നു വലിയ വകുപ്പുകളാണ് 13-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കൂരിയായുടെ ഭരണരീതിയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. കേന്ദ്രീകൃതഭരണത്തിന് വളരെയധികം സഹായിക്കുന്ന ഘടകമാണ് റോമൻകൂരിയ.

കാലക്രമത്തിൽ ആഗോള വ്യാപകമായി അധികാരം പ്രയോഗിക്കുന്നതും വളരെ കേന്ദ്രീകൃതവും റോമൻകൂരിയാ നിയന്ത്രിക്കുന്നതുമായ ഒരു സിസ്റ്റം റോമാസഭയിൽ ഉരുത്തിരിഞ്ഞു. പേപ്പൽ പ്രൈമസിയുടെ അധികാരപ്രയോഗം സംബന്ധിച്ച് ഈ പശ്ചാത്തലത്തിൽ നിന്നു ഉവായ ചിന്താധാരകളാണ് പാശ്ചാത്യ നേതാക്കന്മാരെ അടുത്ത കാലം വരെ ഭരിച്ചിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി മാറ്റത്തിന്റെ അലയടികൾ തുടങ്ങി എന്നു പറയാം.

www.malankaralibrary.com

# 19

# അവിഞ്ഞോൺ പേപ്പസി

**റോ**മിലെ വാസം സുരക്ഷിതമല്ലെന്ന് കണ്ട് 1309-1376 കാലയളവിൽ റോമൻ മാർപാപ്പാമാർ ഫ്രാൻസിൽ റോൺ നദീതീരത്തുള്ള അവിഞ്ഞോണിൽ താമസമാക്കി. അക്കാലയളവിൽ റോമിൽ മാർപാപ്പാമാർ ഇല്ലായിരുന്നു. അവിഞ്ഞോണിൽ താമസിച്ചുകൊണ്ടാണ് പാപ്പാമാർ സഭയെ നിയന്ത്രിച്ചിരുന്നത്. ഗ്വൾഫ്, ഗിബെല്ലിനസ് പ്രഭുകുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾ റോമിൽ അരാജകത്വം വിതച്ചു. ക്ലെമെൻറ് V (1305-14) ഫ്രാൻസിലെ ബോർഡോയിൽ ആർച്ചുബിഷപ്പായിരിക്കവേ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. അനാരോഗ്യം നിമിത്തം അദ്ദേഹം റോമിലേക്കു പോയില്ല. 1309 ൽ അവിഞ്ഞോൺ സന്ദർശിച്ച അദ്ദേഹം അവിടെയുള്ള ഡൊമിനിക്കൻ സന്ന്യാസികളുടെ അതിഥിയായി താമസിച്ചു. തുടർന്ന് പാപ്പായായ ജോൺ 22-ാമൻ (1316-34) അവിഞ്ഞോണിലെ മെത്രാനായിരുന്നു. 1348-ൽ അന്നത്തെ പാപ്പാ അവിഞ്ഞോണിൽ കുറെ സ്ഥലം വിലയ്ക്കുവാങ്ങി അരമന പണിത് താമസംതുടങ്ങി. മൊത്തം ഏഴ് മാർപാപ്പാമാരാണ് അവിഞ്ഞോണിൽ താമസിച്ചിട്ടുള്ളത്. ക്രാക്കോ, വിയന്നാ, ഓറഞ്ച് സർവകലാശാലകൾ ഈ കാലത്ത് സ്ഥാപിതമായി.

Knights of Templars നിർത്തലാക്കിയതും വീൻ കൗൺസിൽ (1311-12) കൂടിയതും ഈ കാലത്താണ്. ദാരിദ്ര്യത്തെ ചൊല്ലി ഫ്രാൻസിസ്ക്കൻ സമൂഹത്തിൽ തർക്കങ്ങൾ ഉടലെടുത്തതും. Spirituals എന്നും Conventuals എന്നും അവർ രണ്ടായി പിളർന്നതും ഈ കാലത്താണ്. ലൂയീസ് IV രാജാവുമായി ലൗകികാധികാരത്തെച്ചൊല്ലി അവിഞ്ഞോ

www.malankaralibrary.com



ണിലെ ജോൺ 23-ാം പാപ്പാ ഏറ്റുമുട്ടി ജയാപജയങ്ങൾ പങ്കിട്ടു. ചാൾസ് IV (1347-78) രാജാവുമായും പാപ്പാമാർ ഏറ്റുമുട്ടി പരാജയപ്പെട്ടു. ഈ കാലത്ത് പേപ്പസിയുടെ അധികാരസംബന്ധമായ ഡിമാൻറുകളെ പലരും പരസ്യമായി ചോദ്യംചെയ്തു. സിയന്നായിലെ വി.കത്രീനാ (†1380), സ്വീഡനിലെ ബ്രിജിററ് (†1373) എന്നിവരുടെ പ്രേരണയാൽ ഗ്രിഗറി 13-ാം പാപ്പാ 1376-ൽ റോമിലേക്കു മടങ്ങി. "ബാബിലോണിയൻ അടിമത്തം' എന്ന് ചിലർ അവിഞ്ഞോൺ പേപ്പസിയെ വിശേഷിപ്പിക്കുന്നുണ്ട്.

www.malankaralibrary.com

20

# കൺസീലിയറിസം

പാശ്ചാത്യസഭയിൽ മധ്യകാലഘട്ടത്തിൽ ഉടലെടുത്ത ഒരു തെറ്റായ ചിന്താധാരയാണ് കൺസീലിയറിസം. റോമൻ മെത്രാൻെറ ഭരണാധികാരം കൗൺസിലിനു നല്കിക്കൊണ്ടുള്ള ഒരു സഭാതത്ത്വമാണ് കൺസീലിയറിസം. പാപ്പായേക്കാൾ ഉയർന്ന നിലയാണ് കൗൺസിലിന് എന്ന് ഈ തത്ത്വം വാദിക്കുന്നു.

അവിഞ്ഞോൺ പേപ്പസിക്കുശേഷം (1378), പാപ്പായുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച് റോമാസഭയിൽ പ്രതിസന്ധി ഉണ്ടായി. ഈ പ്രതിസന്ധിക്കു കാരണക്കാർ പാപ്പായെ തെരഞ്ഞെടുത്ത കർദ്ദിനാളന്മാർ തന്നെയായിരുന്നു. കർദ്ദിനാളന്മാർ 1378-ൽ ഉർബൻ V നെ (†1389) പാപ്പായാക്കി. കുറെക്കഴിഞ്ഞ് മറ്റൊരാളെ തെരഞ്ഞെടുത്ത് ക്ലെമെൻറ് VII (†1394) എന്നു പേരിട്ടു. ക്ലെമെൻറ് തൻെറ വാസം ഫ്രാൻസിലെ അവിഞ്ഞോണിലേക്കു മാറ്റി. അവരിരുവരുടെയും മരണശേഷവും പിളർപ്പു തുടർന്നു. പാശ്ചാത്യസഭയെ ആകമാനം ഈ പിളർപ്പു ബാധിച്ചു. ഇതിനെയാണ് *പാശ്ചാത്യശീശ്മ* എന്ന് ചരിത്രം വിശേഷിപ്പിക്കുന്നത്. സഭയിൽ സമാധാനം സ്ഥാപിക്കാൻ പല നീക്കങ്ങളും നടന്നു. എന്നാൽ രണ്ടു പാപ്പാമാരും വഴങ്ങിയില്ല. ഈ കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞു വന്ന ഒരാശയഗതിയാണ് കൺസീലിയറിസം: 'മെത്രാന്മാരുടെ കൗൺസിലിന് പാപ്പായുടെ മേലും പരമോന്നതാധികാരം ഉണ്ട്'. അധികാരത്തിൽ പാപ്പായേക്കാൾ ഉന്നതസ്ഥാനമാണ് പൊതുസൂനഹദോസിന്. ഈ ചിന്തയുടെ പശ്ചാത്തലത്തിൽ പീസായിൽ (1409) ഒരു സിനഡു കൂടി. പീസാ സിനഡിൻെറ നിർദ്ദേശാനുസൃതം റോമൻ പാപ്പായും അവിഞ്ഞോൺ പാപ്പായും പ്രവർത്തിക്കാഞ്ഞതിനാൽ ഇരുവരെയും സിനഡ്

www.malankaralibrary.com



മുടക്കി സ്ഥാനഭ്രഷ്ടരാക്കി. അലക്സാണ്ടർ V നെയും (1409-10) തുടർന്ന് ജോൺ 23-ാമനെയും (1410-15) പാപ്പായാക്കി. ഇങ്ങനെ ഒരേ സമയം മൂന്ന് പാപ്പാമാരായി.

ഈ പ്രതിസന്ധി പരിഹരിക്കാൻ കൂടിയ സിനഡാണ് *കോൺസ്റ്റൻസ് സിനഡ്* (1414-8). 'കൗൺസിലിന് പോപ്പിൻെറ മേൽ അധികാരം ഉണ്ട്' എന്ന് കൗൺസിൽ പാസാക്കി. പീസാ പാപ്പായായ ജോൺ 23-ാമൻ സിനഡ് വിളിച്ചു കൂട്ടിയിട്ട് സ്ഥലം വിട്ടു. റോമൻ പാപ്പായായ ഗ്രിഗറി 12-ാമൻ (1406-15) കുറെക്കഴിഞ്ഞ് രാജിവച്ചു. അവിഞ്ഞോൺ പാപ്പാ ബനഡിക്ട് 13-ാമനെ (1394-2417) നിർബന്ധിച്ച് സ്ഥാനത്തു നിന്നു നീക്കി. ഈ മൂന്നുപേർക്കും പകരമായി മാർട്ടിൻ അഞ്ചാമനെ പൊതുനേതാവായി കർദ്ദിനാളന്മാർ തെരഞ്ഞെടുത്തു. അങ്ങനെ നാല്പതു വർഷം നീണ്ട പ്രതിസന്ധി പാശ്ചാത്യസഭയിൽ അവസാനിച്ചു.

പാശ്ചാത്യശീശ്മ പരിഹരിക്കാൻ മറ്റൊരു പോംവഴിയും കാണാഞ്ഞതിനാലാണ് നേതാക്കന്മാർ കൺസീലിയറിസത്തിൽ മുറുകെ പിടിച്ചത്. പോപ്പിനെ കൂടാതെ കൗൺസിലില്ല എന്ന ചിന്തയാണ് ഇന്നുള്ളത്. കൺസീലിയർ സിദ്ധാന്തം സഭ തള്ളിക്കളഞ്ഞു. പീയൂസ് II (1460) കൺസീലിയറിസത്തെ ഔദ്യോഗികമായി ശപിച്ചുതള്ളി. പാശ്ചാത്യശീശ്മ വഴി പാപ്പാസ്ഥാനത്തിൻെറ തന്നെ വിലയിടിഞ്ഞു. അവരുടെ അധികാരത്തിനും പ്രശസ്തിക്കും കനത്ത ആഘാതമേറ്റു. ക്രിസ്തീയ സഭയുടെ ഐക്യവും കെട്ടുറപ്പും താറുമാറായി. ഇതിൻെറ ഫലമായി ആധ്യാത്മിക രംഗത്തും വൻതകർച്ചയുണ്ടായി. സന്ന്യാസസഭകൾക്കുള്ളിൽതന്നെ അനൈക്യം വളർന്നു. ഈ തക്കം നോക്കി ഫ്യൂഡൽ പ്രഭുക്കന്മാരും രാജാക്കന്മാരും സഭയെ കൊള്ളയടിച്ചു.

www.malankaralibrary.com

# 21

# ഇൻക്വിസിഷൻ

പാശ്ചാത്യസഭയിൽ പാഷണ്ഡതകളെ നിയന്ത്രിക്കാനായി പതിമൂന്നും പതിന്നാലും നൂറ്റാണ്ടുകളിൽ രൂപീകൃതമായതാണ് ഇൻക്വിസിഷൻ അഥവാ മതവിചാരണകോടതി. അതിനെയും അതിന്റെ പ്രവർത്തനങ്ങളെയുംകുറിച്ച് അനുകൂലമായും പ്രതികൂലമായും ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ഇതേപ്പറ്റിയുള്ള ചർച്ചകൾ വളരെയധികം തെറ്റിദ്ധാരണ പരത്തിയിട്ടുണ്ട്. പലപ്പോഴും വസ്തുനിഷ്ഠമല്ലാത്ത വിവരണങ്ങളും അതിനെ ആധാരമാക്കി സഭയെ കുറ്റപ്പെടുത്തലും ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഇന്നാരും ഇൻക്വിസിഷനെ ന്യായീകരിക്കാറില്ല. ക്രിസ്തീയതയുമായി ഒത്തുപോകാത്തതായിരുന്നു പില്ക്കാല ഇൻക്വിസിഷൻ നടപടിക്രമങ്ങൾ. അതിനു മേൽനോട്ടം വഹിച്ച ചിലരുടെ മാനുഷികബലഹീനതകൾ സഭയ്ക്കാകെ അവമാനം വരുത്തിവച്ചു. ക്രൈസ്തവ വിശ്വാസത്തിനും ക്രൈസ്തവ ജീവിതരീതികൾക്കും നിരക്കാത്തവ പ്രചരിപ്പിക്കാനും സഭയിൽ പിളർപ്പുണ്ടാക്കാനും ചിലർ മുതിർന്നപ്പോൾ അവയെ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് അന്നത്തെ സഭാനേതൃത്വത്തിനു തോന്നി. അതിനു കൈക്കൊണ്ട ശിക്ഷണരീതി ഇൻക്വിസിഷൻ എന്നറിയപ്പെട്ടു.

## വാൾഡെൻഷ്യൻസ്

ദാരിദ്ര്യാരൂപിയിൽ ജീവിക്കാനാണ് ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ ഭിക്ഷുസന്ന്യാസികൾ 12-ാം നൂറ്റാണ്ടിൽ ഉടലെടുത്തത്. എന്നാൽ ദാരിദ്ര്യാരൂപിയുടെ പേരിൽ ഉടലെടുത്ത ഒരബദ്ധോപദേശമാണ് വാൾഡെൻഷ്യൻ വിഭാഗത്തിലെത്തിച്ചത്. ബ്രേഷ്യായിലെ ആർനോൾഡും

www.malankaralibrary.com



അനുയായികളും സഭാസ്വത്തുക്കളെയും വൈദികസ്ഥാനികളുടെ സമ്പാദ്യങ്ങളെയും ഒക്കെ വിമർശിച്ചു. വിമർശനം ഏതാണ്ട് അബദ്ധ പ്രബോധനത്തിന്റെ വക്കിൽ എത്തുകയും ചെയ്തു. *പതറാനികൾ (Patarines), ഹുമിലിയാതി (Humiliati)* എന്നിവരും ഈ ആശയഗതി പുലർത്തി. ഇവരിൽ ഏറ്റവും വലിയ വിഭാഗം വാൽഡെൻഷ്യൻസ് എന്നറിയപ്പെട്ടു. പീറ്റർ വാൾഡോ എന്ന ധനികവ്യാപാരി 1173-ൽ ലയൺസിൽ തന്റെ സ്വത്തുക്കളെല്ലാം ദരിദ്രർക്കു വിതരണം ചെയ്തശേഷം 'ലയൺസിലെ ദരിദ്രർ' എന്ന പേരിൽ ഒരൽമായ പ്രസംഗസംഘടന രൂപീകരിച്ചു. ദാരിദ്ര്യം പ്രസംഗവിഷയമാക്കിയ ഇക്കൂട്ടർ വൈദികരുടെ കുറവുകളെയും അനാസ്ഥകളെയും കുറ്റപ്പെടുത്തി. അത്തരക്കാരുടെ കൂദാശകളെതന്നെ നിഷേധിക്കുന്ന മനോഭാവം സ്വീകരിച്ചു. സഭയിൽ വൈദികരുടെതന്നെ ആവശ്യം ഇല്ല എന്ന ചിന്ത പ്രചരിപ്പിച്ചു. അൽമായ പൗരോഹിത്യമേയുള്ളു. ഓരോരുത്തർക്കും വ്യക്തിപരമായി ബൈബിൾ വ്യാഖ്യാനിക്കാം എന്നൊക്കെ പഠിപ്പിച്ചു. ഇതിന്റെ ഫലമായി വാൾഡോയുടെ അനുയായികൾ സഭാധികാരികളുടെ ശിക്ഷകൾക്കു വിധേയരാകേണ്ടിവന്നു.

## ആൽബിജൻസിയർ

മറ്റൊരു അബദ്ധവിഭാഗമാണ് ആൽബിജൻസിയർ അഥവാ കത്തറികൾ (പരിശുദ്ധർ). തെക്കൻഫ്രാൻസിലെ ആൽബി എന്ന സ്ഥലത്ത് ഇവർ കൂടുതലായി കാണപ്പെട്ടതുകൊണ്ട് ആ സ്ഥലവുമായി ബന്ധപ്പെട്ട് ഇപ്രകാരം അറിയപ്പെട്ടു. ഇതിന്റെ ഉത്ഭവസ്ഥാനം ബൾഗേറിയ ആണ്. യൂറോപ്പിൽ പലയിടങ്ങളിലും ഇവർ ഒരു കാലഘട്ടത്തിൽ ഉണ്ടായിരുന്നു. പുരാതന മനിക്കെയിസത്തിന്റെ പുനരുത്ഥാനമായിരുന്നു ഇത്. നന്മയുടെയും തിന്മയുടെയും രണ്ടു തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ദ്വൈതവാദമാണ് അവരുടെ പ്രധാന പ്രബോധനം. നല്ലവ ആത്മാവിന്റേതും ചീത്തയായവ ജഡത്തിന്റേതും. ആത്മാവ് ശരീരത്തിൽ ബന്ധിതമാണ്. ലൈംഗിക ബന്ധങ്ങളും ശാരീരിക, പദാർത്ഥപരകാര്യങ്ങളും വർജിച്ചുകൊണ്ട് കഠിനതപശ്ചര്യ അനുഷ്ഠിച്ചാൽ മാത്രമേ ആത്മാവിനു വിടുതൽ ലഭിക്കൂ. പട്ടിണി കിടക്കുക നല്ല പരിപാടിയായി ഇവർ കരുതി; ആത്മഹത്യയ്ക്കും ഇവർ പ്രേരണ നൽകി. പദാർത്ഥപരമായവ പരിത്യജിക്കുവാനുള്ള ആഹ്വാനം നേരെ എതിർദിശയിലേക്ക് തിരിഞ്ഞ് ലൈംഗികാരാജകത്വത്തിലെത്തി. പരിപൂർണർ, വിശ്വാസികൾ എന്നിങ്ങനെ അനുയായികളെ അവർ രണ്ടായി തിരിച്ചിരുന്നു. 11-ാം

www.malankaralibrary.com


നൂറ്റാണ്ടിലാണ് ഇവർ യുറോപ്പിൽ ശക്തി പ്രാപിച്ചത്. സമൂഹത്തിൻെറ സുസ്ഥിതിക്ക് ഇക്കൂട്ടർ എതിരായിരുന്നതിനാൽ ഇവർക്കെതിരെ ജന രോഷം ആർത്തിരമ്പി. ഇവർ പ്രചരിപ്പിക്കുന്നത് അബദ്ധോപദേശമാ ണെന്ന് സഭാനേതൃത്വം വിധി പറഞ്ഞു. അവരെ നിയന്ത്രിക്കാൻ ഭിക്ഷു സന്ന്യാസികളെ ചുമതലപ്പെടുത്തി. പല കൗൺസിലുകളും അവർ ക്കെതിരെ നിയമങ്ങളുണ്ടാക്കി. ലൗകികാധികാരികളും ഫ്യൂഡൽ പ്രഭു ക്കന്മാരും അവരെ അമർച്ച ചെയ്യാൻ ശ്രമിച്ചു. അന്നത്തെ കിരാത ചിന്താ ഗതി അനുസരിച്ച് അനേകരെ വധിച്ചു. എന്നിട്ടും ഈ പ്രസ്ഥാനം വളർന്നുകൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഗ്രിഗറി IX പാപ്പാ (1227-41) ഇവർക്കും വാൽഡെൻഷ്യർക്കുമെതിരെ 1233-ൽ ഇൻക്വി സിഷൻ ഏർപ്പെടുത്തിയത്.

## ഇൻക്വിസിഷൻ

അബദ്ധോപദേശം പ്രചരിപ്പിക്കുന്നവരെ തേടിപ്പിടിച്ച് മാനസാന്തര പ്പെടുത്തുക, അഥവാ ശിക്ഷിക്കുക, അതിൻെറ പ്രചാരണം തടയുക, അങ്ങനെ സഭാപ്രബോധനം സംശുദ്ധമായി കാത്തുപരിപാലിക്കുക എന്നതായിരുന്നു നടപടിക്രമത്തിൻെറ ലക്ഷ്യം. ആരോപണവിധേയരാ യവർ കുറ്റം ഏറ്റുപറഞ്ഞ് പ്രായശ്ചിത്തം ചെയ്താൽ രക്ഷപെട്ടിരുന്നു. കുറ്റക്കാർ കുറ്റം ഏറ്റുപറയുന്നതുവരെ പീഡിപ്പിക്കപ്പെട്ടിരുന്നു. കുറ്റം ഏറ്റുപറഞ്ഞെങ്കിലും പിൻവലിക്കാത്തവരെയും പീഡിപ്പിച്ചിരുന്നു. കുറ്റ ക്കാരെ സിവിൾ അധികാരികൾക്ക് ഏല്പിച്ചുകൊടുത്തു. അവർ സാധാ രണയായി അവരെ ജീവനോടെ ദഹിപ്പിച്ചിരുന്നു. ഭിക്ഷുസന്ന്യാസികളാ യിരുന്നു പ്രധാനപ്പെട്ട ഇൻക്വിസിറ്റർമാർ.

ഇന്നാരും ഇൻക്വിസിഷനെ ന്യായീകരിക്കുകയില്ല. നിരപരാധി കൾക്ക് സംരക്ഷണം ലഭിച്ചിരുന്നില്ല. തീക്ഷ്ണമതികളായ ഇൻക്വി സിറ്റർമാർ പരിധി വിട്ട് പ്രവർത്തിക്കയും ക്രൈസ്തവവിരുദ്ധ നടപടി കളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പൊതുവെ കാടത്തം നിറഞ്ഞ പാശ്ചാത്യസാംസ്കാരിക പശ്ചാത്തലത്തിൽ സുവിശേഷസ്നേഹം ഉയർത്തിക്കാട്ടാൻ സഭാനേതാക്കന്മാർക്കും കഴിയാതെപോയി. അവരും ഒഴുക്കിനൊത്തു നീന്തി.

www.malankaralibrary.com

# 22

# മധ്യകാലസിനഡുകൾ

## ഒന്നാം ലാതറൻ സിനഡ് (1123)

പാശ്ചാത്യലോകത്ത് 11-12 നൂറ്റാണ്ടുകളിൽ "ഇൻവെസ്റ്റിച്ചർ തർക്കം" (Investiture Controversy) എന്ന പേരിൽ ഒരു തർക്കം ഉണ്ടായി. ആബട്ടുമാരെയോ മെത്രാന്മാരെയോ തിരഞ്ഞെടുത്തു കഴിഞ്ഞാൽ രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ പട്ടത്തിനും സ്ഥാനാരോഹണത്തിനും മുൻപ് വടിയും മോതിരവും കൊടുത്ത് അവരെക്കൊണ്ട് വിധേയത്വം ഏറ്റുപറയിക്കുക എന്നൊരു പതിവു തുടങ്ങി. ഫ്യൂഡലിസത്തിൻെറ പശ്ചാത്തലത്തിലാണിത്. ഇതു തങ്ങളുടെ അവകാശമായി ഫ്യൂഡൽ പ്രഭുക്കന്മാർ വാദിച്ചു. നിക്കോളാസ് II പാപ്പാ (1059), ഗ്രിഗറി VII (1075), ഉർബൻ II (1088-99) ആദിയായവർ കർശനമായി ഇതിനെ നിരോധിച്ചെങ്കിലും ഫലപ്രദമായി തടയാൻ കഴിഞ്ഞില്ല. എന്നാൽ അവസാനം വേംസിലെ ഉടമ്പടി (1122)[1] വഴി ഇത് അവസാനിപ്പിക്കാൻ കഴിഞ്ഞു. ജർമ്മൻ പ്രഭുക്കന്മാരുടെ മാധ്യസ്ഥ്യംവഴി കലിക്സ്റ്റസ് രണ്ടാമൻ മാർപാപ്പായും (1119-24 ) ഹെൻറി V രാജാവും (1106- 25) "ഇൻവെസ്റ്റീച്ചർ" സംബന്ധിച്ച് വേംസിൽവച്ച് ധാരണയുണ്ടാക്കി. തൻെറ ഭരണാധികാരസീമയിൽ മേലിൽ ഇൻവെസ്റ്റിച്ചർ ഉണ്ടാകില്ലെന്നു ചക്രവർത്തി ഉറപ്പു നല്കി. കാനോനിക തിരഞ്ഞെടുപ്പിനും സ്വതന്ത്ര മെത്രാൻ വാഴ്ചയ്ക്കും ഇതു വഴിതെളിച്ചു. രാജസാന്നിധ്യത്തിൽ മെത്രാന്മാരുടെയും ആബട്ടുമാരുടെയും തിരഞ്ഞെടുപ്പു നടത്താൻ മാർപാപ്പാ അനു

1. Concordat of Worms

www.malankaralibrary.com


വദിച്ചു. എന്നാൽ കൈക്കൂലിയോ ഭീഷണിയോ ഒന്നും ഉണ്ടാകരുതെന്ന് കല്പിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി മെത്രാഭിഷേകത്തിനു മുൻപ്, രാജാവിൽനിന്ന് ലൗകികാധികാര സൂചിതമായ അംശവടി വാങ്ങിയിരിക്കണം. ഈ വേംസ് ഉടമ്പടി ഉറപ്പിക്കാനാണ് ഒന്നാം ലാതറൻ സിനഡ് കൂടിയത്. 22 കാനോനകളും പാസ്സാക്കി.

## രണ്ടാം ലാതറൻ സിനഡ് (1139)

സഭാനവീകരണം ലക്ഷ്യമാക്കി ഇന്നസെൻറ് II മാർപാപ്പാ വിളിച്ചുകൂട്ടിയതാണിത്. 1130-ൽ ഇന്നസെൻറും (1130-43) അനാക്ലിറ്റസും (1130-38) ഒരേസമയം റോമൻ പാപ്പാമാരായി വാഴിക്കപ്പെട്ടു. അനാക്ലിറ്റസിൻെറ മരണത്തോടുകൂടിയാണ് ഇത് അവസാനിച്ചത്. 1139-ൽ ഐക്യം പുനഃസ്ഥാപിക്കാൻ 500 ഓളം മെത്രാന്മാർ സംബന്ധിച്ചു. 30 കാനോനകൾ പാസാക്കി. ചില സന്യാസികളുടെ അബദ്ധോപദേശങ്ങളെ ശപിച്ചു.

## മൂന്നാം ലാതറൻ സിനഡ് (1179)

അലക്സാണ്ഡർ III പാപ്പായുടെ (1159-1181) തിരഞ്ഞെടുപ്പോടുകൂടി പാശ്ചാത്യസഭയിൽ പിളർപ്പുണ്ടായി. കുറെ കർദ്ദിനാളൻമാർ വിക്ടർ IV നെ(1159-1164) തിരഞ്ഞെടുത്തു. വിക്ടറിനുശേഷം പാസ്ക്കൽ III (1164-8), കല്ലിക്സ്റ്റസ് III (1168-78) എന്നിവർ എതിർമാർപാപ്പാമാരായി. ഫ്രെഡറിക്ക് ചക്രവർത്തി (1152-1190) എതിർ മാർപാപ്പാമാരുടെ പക്ഷത്തായിരുന്നു. കല്ലിക്സ്റ്റസിൻെറ മരണശേഷം ചക്രവർത്തി ഐക്യത്തിനു പച്ചക്കൊടി കാട്ടി. അപ്പോൾ 1179-ൽ അലക്സാണ്ഡർ പാപ്പാ വിളിച്ചുകൂട്ടിയതാണ് ഈ സിനഡ്. പേപ്പൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമങ്ങളുണ്ടാക്കി. മാർപാപ്പായെ തിരഞ്ഞെടുക്കാനുള്ള അവകാശം കർദ്ദിനാളന്മാരിൽ നിക്ഷേപിച്ചു. മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്നും നിശ്ചയിച്ചു. ചില അബദ്ധോപദേശങ്ങൾക്കെതിരായും ചർച്ച നടത്തി. 27 കാനോനാകൾ പാസ്സാക്കി.

## നാലാം ലാതറൻ സിനഡ് (1215)

ഇന്നസെൻറ് III മാർപാപ്പായാണ് (†1216) ഇതു വിളിച്ചുകൂട്ടിയത്. റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിന് രൂപം കൊടുക്കുന്നതിനും റോമനാധിപത്യം സ്ഥാപിക്കുന്നതിനും ഉതകുന്നവയായിരുന്നു ഈ സിനഡിൻെറ കാനോനകൾ. 70 കാനോനകൾ പാസ്സാക്കി. "വി.കുർബാന

www.malankaralibrary.com


യിലെ വസ്തുഭേദം" എന്ന തത്ത്വം ഔദ്യോഗികമായി അംഗീകരിച്ചത് ഈ സിനഡിലാണ്. 400 മെത്രാന്മാരും നിരവധി ആശ്രമാധ്യക്ഷന്മാരും സംബന്ധിച്ചു.

## ഒന്നാം ലയൺസ് സിനഡ് (1245)

ഇന്നസെൻറ് IV മാർപാപ്പാ (1243-54) ആണ് ഈ സിനഡ് വിളിച്ചു കൂട്ടിയത്. 150 ഓളം മെത്രാന്മാർ സംബന്ധിച്ചു. പേപ്പസിയുമായി സ്പർദ്ധയിൽ കഴിഞ്ഞ ഫ്രെഡറിക് II ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കി.

## രണ്ടാം ലയൺസ് സിനഡ് (1274)

ഗ്രിഗറി X മാർപാപ്പായാണ് (1271-1276) വിളിച്ചുകൂട്ടിയത്. ബിസൻറയിൻ സഭയുമായി ഐക്യം പുനസ്ഥാപിക്കുക, വിശുദ്ധനാടുകൾ മുസ്ലീങ്ങളിൽനിന്നു മോചിപ്പിക്കുക, നവീകരണം നടപ്പാക്കുക എന്നിവയായിരുന്നു പ്രഖ്യാപിതലക്ഷ്യങ്ങൾ. ഒരു ഐക്യഫോർമുല ഉണ്ടാക്കിയെങ്കിലും അതിന് താല്ക്കാലിക വിജയമേ ഉണ്ടായുള്ളൂ. പേപ്പൽ തിരഞ്ഞെടുപ്പിന് നിയമങ്ങളുണ്ടാക്കി. 500 ഓളം മെത്രാന്മാർ സംബന്ധിച്ചു.

## വീൻ സിനഡ് (1311-12)

അവിഞ്ഞോൺ പേപ്പൽ കാലത്ത് ക്ലെമെൻറ് V (1305-1314) ഈ സിനഡ് വിളിച്ചുകൂട്ടി. സിനഡു കൂടാൻ ഫ്രാൻസിലെ ഫിലിപ്പ് IV രാജാവ് മാർപാപ്പായുടെമേൽ ശക്തിയായി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്ന കാലമായിരുന്നു. അവിഞ്ഞോൺ പാപ്പാമാരുടെ നിര ക്ലെമെൻറിലാണ് തുടങ്ങുന്നത്. 231 മെത്രാന്മാർ സംബന്ധിച്ചു. 'ടെംപ്ലാർസ്' (Templars) എന്ന സന്ന്യാസസമൂഹത്തെപ്പറ്റിയുള്ള അന്വേഷണം, വിശുദ്ധനാടുകൾ, സഭാനവീകരണം എന്നിവയായിരുന്നു വിഷയങ്ങൾ. ഫിലിപ്പിൻെറ സമ്മർദ്ദത്തിൻെറ ഫലമായി ടെംപ്ലാർസിനെ നിരോധിച്ചു. പൗരസ്ത്യദേശങ്ങളിലേക്ക് ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസിസ്ക്കൻ സന്യാസസമൂഹത്തിലുണ്ടായ വഴക്കുകൾ ചർച്ചചെയ്തു; കൂടുതൽ കർക്കശമായ നിലപാടെടുത്തവരെ സിനഡ് അനുകൂലിച്ചു.

## കോൺസ്റ്റൻസ് സിനഡ് (1414-1418)

പാശ്ചാത്യസഭയിൽ 1378 മുതൽ ഒരേസമയം രണ്ടു പാപ്പാമാരുണ്ടായി: 1414-ൽ ഒരേസമയം മൂന്നുപേർ മാർപാപ്പാമാരായിരുന്നു.

www.malankaralibrary.com



റോമിൽ ഗ്രിഗറി XII (1406 - 1415); അവിഞ്ഞോണിൽ ബനഡിക്ട് XIII (1394-1417), പീസായിൽ ജോൺ XXIII (1409- 1415). പാശ്ചാത്യസഭയും സഭയിലെ സ്ഥാപനങ്ങളും എല്ലാം മൂന്നു നേതൃത്വങ്ങളുടെ കീഴിലായി. ഈ പിളർപ്പ് അവസാനിപ്പിക്കാനായിരുന്നു കോൺസ്റ്റൻസ് കൗൺസിൽ പ്രധാനമായും കൂടിയത്. ജോൺ പാപ്പാ സിനഡ് വിളിച്ചുകൂട്ടിയിട്ട് സ്ഥലം വിട്ടു. തുടർന്ന് ബനഡിക്ടിനെയും ജോണിനെയും സിനഡ് സ്ഥാനഭ്രഷ്ടരാക്കി. ഗ്രിഗറി തന്നെ സിനഡ് തുടങ്ങുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് ഒരു രേഖ പുറപ്പെടുവിച്ചു. എന്നിട്ട് രാജിവച്ചു. തുടർന്ന് എല്ലാവരുംകൂടി മാർട്ടിൻ V നെ (1417) തിരഞ്ഞെടുത്തു. അങ്ങനെ പിളർപ്പ് അവസാനിച്ചു. തുടർന്ന് ചില നവീകരണ കാനോനാകൾ ഉണ്ടാക്കി. ജോൺ വിക്ലിഫ്, ജോൺ ഹസ്, പ്രാഗിലെ ജറോം എന്നിവർക്കെതിരെ നടപടിയെടുത്തു. ഈ സിനഡിനോടനുബന്ധിച്ചാണ് കൊൺകൊർദാത് (Concordat)എന്ന പദത്തിന് ഇന്നുള്ള അർത്ഥം ലഭിച്ചത്. മാർപാപ്പാമാരും രാഷ്ട്രത്തലവന്മാരും തമ്മിലുള്ള ഉടമ്പടികൾക്കു നല്കുന്ന പേരാണ് കൊൺകൊർദാത്. "കൂടെക്കൂടെ സിനഡുകൾ കൂടണം"എന്നു നിർദ്ദേശിക്കുന്ന "ഫ്രീക്വെൻസ്" എന്ന രേഖയും ഈ കൗൺസിലിൻെറ സംഭാവനയാണ്. എന്നാൽ പ്രായോഗികതലത്തിൽ അതു നടപ്പാക്കാൻ കഴിഞ്ഞില്ല. സിജിസ്മുണ്ട് (1410-1437) എന്ന ജർമ്മൻ ചക്രവർത്തിയാണ് ഈ സിനഡിന് നേതൃത്വം നല്കിയത്.

## ബാസൽ-ഫെറാറാ-ഫ്ളോറൻസ്- റോം സിനഡ് (1431-1445)

എവുജിൻ IV (1431-1447) മാർപാപ്പാ ബാസലിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. ചഞ്ചലമാനസ്സനായ പാപ്പാ കുറേ മാസങ്ങൾക്കുശേഷം പിരിച്ചുവിടുകയും വീണ്ടും വിളിച്ചുകുട്ടുകയും ചെയ്തു. "കൗൺസിലുകൾക്ക് പാപ്പായുടെമേലും അധികാരമുണ്ട്; സഭയിലെ പരമോന്നതാധികാരം പൊതുസിനഡിൽ നിക്ഷിപ്തമാണ്" എന്ന കൺസീലിയരിസത്തിൻെറ വികസനം ബാസലിൽ ദൃശ്യമാണ്. അക്കാരണത്താൽ പാപ്പാ ഫെറാറായിലേക്കു സിനഡ് മാറ്റി (1438). മിക്കവരും പാപ്പായെ അനുസരിച്ച് ഫെറാറായിലേക്കു നീങ്ങി. അവിടെത്തന്നെ തങ്ങിയവർ ഫേലിക്സ് V എന്ന അവസാനത്തെ ബദൽ പാപ്പായെ വാഴിച്ചു (1437-1447). തുടർന്ന് 1439-ൽ പാപ്പാ, ഫ്ളോറൻസിലേക്ക് സിനഡ് മാറ്റി. ഗ്രീക്കുകാരുമായുള്ള ഐക്യഫോർമുലയിൽ ഒപ്പുവച്ചത് അവിടെവച്ചാണ്. എന്നാൽ ഫലപ്രദമായില്ല. അർമേനിയൻ, കോപ്തിക്ക്, കൽദായാ, സിറിയൻ സഭകളു

www.malankaralibrary.com


മായും ഐക്യഫോർമുലകൾ ഉണ്ടാക്കി. 1443-ൽ മാർപാപ്പാ ഫ്ളോറൻസിൽ നിന്ന് റോമിലേക്ക് സിനഡ് മാറ്റി. 1445 ആഗസ്റ്റ് 7-ന് സിനഡ് സമാപിച്ചു. സഭാപ്രബോധനങ്ങൾ പലതും പാശ്ചാത്യ ദൈവശാസ്ത്ര പദപ്രയോഗങ്ങളിലൂടെ അവതരിപ്പിക്കാൻ കഴിഞ്ഞതാണ് ഈ സിനഡിന്റെ നേട്ടം. സഭൈക്യം മുൻനിർത്തി നടത്തിയ വലിയ പരിശ്രമവും ഇവിടെ കാണാവുന്നതാണ്.

## അഞ്ചാം ലാതറൻ സിനഡ് (1512-1517)

ജൂലിയസ് II പാപ്പായാണ് (1503-13) ഇതു വിളിച്ചുകൂട്ടിയത്. ഫ്രാൻസിലെ ലൂയി 12-ാമൻ രാജാവ് വിളിച്ചുകുട്ടിയ പേപ്പൽ വിരുദ്ധ സിനഡായ പീസാ കൗൺസിൽ നിരാകരിക്കലായിരുന്നു പ്രധാന ലക്ഷ്യം. ലാതറൻ സിനഡിനു മൊത്തം 12 സെഷനുകൾ ഉണ്ടായിരുന്നു. ജൂലിയസിനു ശേഷം ലെയോ X (1513-21) സിനഡു മുമ്പോട്ടു കൊണ്ടുപോയി പൂർത്തിയാക്കി. എന്നാൽ നവീകരണം ഒന്നും കാര്യമായി നടന്നില്ല.

www.malankaralibrary.com

# 23

# നവോത്ഥാനവും ഹ്യൂമനിസവും

(1300 -1550)

പതിനാലാം നൂറ്റാണ്ട് യുറോപ്പിൽ വലിയ പരിവർത്തനങ്ങളുടെ കാലമായിരുന്നു. സാമ്പത്തികമായും സാമൂഹ്യമായും ബൗദ്ധികമായും രാഷ്ട്രീയമായും വലിയ മാറ്റങ്ങൾക്ക് ഈ കാലഘട്ടം വിധേയമായി. ഫ്യൂഡൽ വ്യവസ്ഥിതിയിൽ ഭൂമിയായിരുന്നു ധനാഗമ മാർഗം; കച്ചവടം പരിപുഷ്ടിപ്പെട്ടപ്പോൾ അത് ധനാഗമ മാർഗമായി. പണക്കാരായ കച്ചവടക്കാരുടെ ഒരു നിര ഉയർന്നുവന്നു. സമ്പദ് വ്യവസ്ഥിതി പാടേ മാറി. പാരത്രിക ജീവിതത്തിലെന്നതിലുപരി ഐഹികജീവിതത്തിൽ മനുഷ്യർ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. സന്ന്യാസജീവിതത്തിൻെറ ആകർഷണ ശക്തി കുറയുകയും ഒരുതരം മതവിരുദ്ധചിന്ത അവിടവിടെ ഉയർന്നു വരികയും ചെയ്തു. ബൗദ്ധികതലത്തിൽ സഭ നൽകിക്കൊണ്ടിരുന്ന നേതൃസ്ഥാനത്തിനു മങ്ങലേറ്റു. വലിയ സ്കൊളാസ്റ്റിക് ചിന്തകരൊക്കെ മൺമറഞ്ഞുപോയി; തൽസ്ഥാനത്ത് തലയെടുപ്പുള്ളവർ ഉയർന്നുവന്നില്ല. ഓക്കാമിലെ വില്യമിൻെറ നോമിനലിസത്തിനു പ്രചാരം ലഭിച്ചു. സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിൻെറ തകർച്ചയ്ക്ക് വഴി തെളിക്കുന്നതായിരുന്നു നോമിനലിസം. ഫ്യൂഡലിസത്തിൻെറ സ്ഥാനത്ത് യൂറോപ്പിലുടനീളം നാഷനലിസം ഉയർന്നുവന്നു. ഈ മാറ്റങ്ങളൊക്കെ സഭയേയും സ്വാധീനിച്ചു. ഫ്യൂഡലിസത്തിൻെറ കാലത്ത് ആ സിസ്റ്റത്തോട് യോജിച്ചുപോയ സഭയുടെ സംവിധാനങ്ങൾക്കൊക്കെ കുലുക്കം തട്ടുവാൻ മാറ്റത്തിൻെറ അലയടികൾ വഴി തെളിച്ചു. അവസാനം, മാറിയ പരിതസ്ഥിതി സഭ അംഗീകരിക്കുകതന്നെ ചെയ്തു.

www.malankaralibrary.com



മൊത്തത്തിൽ അധഃപതനത്തിലേക്കു നീങ്ങിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഈ മാറ്റങ്ങൾ ഉണ്ടായത്. സന്ന്യാസസമൂഹങ്ങൾ അധഃപതിച്ച അവസ്ഥയിലായിരുന്നു. ഫ്രാൻസിസ്കൻ സന്ന്യാസികൾ ദാരിദ്ര്യാരൂപിയെച്ചൊല്ലി തർക്കിച്ചുകൊണ്ടിരുന്നു. "കറുത്ത മരണം" (Black death) എന്നറിയപ്പെടുന്ന ഭീകരവസന്ത ലോകത്തെയാകമാനം പിടിച്ചുകുലുക്കി സംഹാരതാണ്ഡവം ആടിയത് ഈ കാലഘട്ടത്തിലാണ്. ആരാധനക്രമസംബന്ധമായും മതപരമായും പുരോഗതിയുടെ പാതയിലല്ലായിരുന്നു അന്നത്തെ മനുഷ്യർ. ഈ സാഹചര്യത്തിൽ ഉണ്ടായ മാറ്റം നവോത്ഥാനത്തിൽ ചെന്നെത്തുകയും പുതിയൊരു യുഗം ഉദിക്കുകയും ചെയ്തു. ഇറ്റലിയിലെ ഫ്ളോറൻസിൽ തുടങ്ങിയ ഒരു പ്രസ്ഥാനമായിരുന്നു നവോത്ഥാനം (Renaissance). Rinascita, Renascimento, Rebirth. Renaissance (പുനർജന്മം) എന്നത് ഫ്രഞ്ചുവാക്കാണ്. അരിസ്റ്റൊട്ടേലിയനിസം, സ്കൊളാസ്റ്റിസിസം എന്നിവയുടെ സ്ഥാനത്ത് പ്ലേറ്റോണിസവും അഗസ്റ്റീനിയനിസവും സ്ഥാനം പിടിച്ചു. പുരാതന ഗ്രേക്കോ-റോമൻ കലകളിലും സാഹിത്യത്തിലും വാസ്തുശില്പത്തിലും എല്ലാം പുത്തൻ ഉണർവുണ്ടായി; അവയുടെ പുനർജന്മം നവോത്ഥാനം എന്ന പേരിൽ ഉടലെടുത്തു. പുരാതന കവികളെ അനുകരിക്കാൻ അവരുടെ സാഹിത്യകൃതികൾ പഠനവിധേയമാക്കി. ബിസൻറയിൻ സാമ്രാജ്യത്തിൽ നിന്നെത്തിയ ഗ്രീക്കുപണ്ഡിതന്മാരാണ് ഇതിനുത്തേജനം നല്കിയത്. പുരാതന കൃതികളിലേക്കു തിരിയുന്ന പ്രവണത പുത്തരിയല്ലായിരുന്നു. ഒൻപതാം നുറ്റാണ്ടിലും 12-ാം നൂറ്റാണ്ടിലുമെല്ലാം നാമിതു കാണുന്നു. അന്നൊക്കെ താത്ത്വിക ലോകത്തുമാത്രം ഈ തിരിയൽ ഒതുങ്ങിനിന്നു. ജീവിതത്തിൻെറ നാനാവശങ്ങളെയും സ്വാംശീകരിക്കുന്നതായിരുന്നു നവോത്ഥാനകാലത്തുള്ള പുനർജന്മം. 1440-ൽ ഫ്ളോറൻസിൽ "പ്ലേറ്റോണിക് അക്കാഡമി" സ്ഥാപിതമായി. *പെട്രാർക്ക്* (1304-1374), *ബൊക്കാച്ചിയോ* (1313-75), *ഫിച്ചീനോ* (1433-99), *പിക്കോ ദെല്ല മിറാൻദൊളാ* (1463-99) ആദിയായവർ ഈ നവോത്ഥാനചിന്തയെ പ്രോത്സാഹിപ്പിച്ചവരാണ്. 'ഈ ലോകത്തിൽ മനുഷ്യൻ പഥികനാണ്' (Viator Mundi) എന്ന ചിന്ത കളഞ്ഞിട്ട് 'ഈ ലോകത്തെ സൃഷ്ടിക്കുന്നവനും ഭരിക്കുന്നവനുമാകുക" (Fabor mundi) എന്ന ചിന്ത സ്വീകരിക്കാൻ നവോത്ഥാനം പ്രേരണ നൽകി. വാസ്തുശില്പത്തിലും കലയിലും കൊത്തുപണിയിലും ചിത്രകലയിലും സംഗീതത്തിലുമെല്ലാം ഈ പുതിയ പ്രവണത തുടിച്ചുനിന്നു. *ബ്രമാന്തെ* (1442-1514), *റഫായേൽ*

www.malankaralibrary.com



(1483-1520), *മൈക്കിൾ ആൻജലോ* (1475- 1564) എന്നിവരുടെ നേതൃത്വത്തിലുള്ള റോമിലെ സെൻറ് പീറ്റേഴ്സ് ബസിലിക്കാ വാസ്തുശില്പത്തിൻെറ ഉത്തമദൃഷ്ടാന്തമാണ്. *ബ്രമാന്തെയാണ് സെൻറ് പീറ്റേഴ്സ്* രൂപകല്പന ചെയ്തത്. *താഴികക്കുടം മൈക്കിൾ ആൻജലോയുടെ* ഭാവനയിൽ ഉദിച്ചതാണ്. *മനുഷ്യശരീരത്തിലേക്ക്* കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന തരത്തിലുള്ള കൊത്തുപണികൾ ഉണ്ടായി. *മൈക്കിൾ ആൻജലോയുടെ* ദാവീദ്, മോശ എന്നീ വിശേഷാത്തരകലാസൃഷ്ടികൾ ഈ കാലഘട്ടത്തിൻെറ സംഭാവനകളാണ്. റഫായേലിൻെറ മഡോണാ ചിത്രങ്ങൾ, മൈക്കിൾ ആൻജലോയുടെ അന്ത്യവിധി എന്നിവ എന്നും ഒന്നാം സ്ഥാനത്തു നില്ക്കുന്നവയാണ്.

## ഹ്യൂമനിസ്റ്റുകൾ

നവോത്ഥാനനേതാക്കൾ ഹ്യൂമനിസ്റ്റുകൾ എന്നാണ് അറിയപ്പെടുന്നത്. ഹ്യൂമനിസ്റ്റുകളിൽ ചിലർ തികച്ചും ലൗകികമാത്രചിന്തകരായി (Secular); ചിലർ ക്രൈസ്തവസഭയെ വിമർശിക്കുന്നവരായി തിരിഞ്ഞു. എന്നാൽ ഭൂരിഭാഗം ആളുകളും സഭാനവീകരണത്തിന് നവോത്ഥാനത്തെ ഉപയോഗിച്ചു. *ക്രൈസ്തവ ഹ്യൂമനിസ്റ്റുകൾ* എന്ന് അവർ അറിയപ്പെടുന്നു. പുരാതനഭാഷകൾ പഠിക്കുക, സഭാപിതാക്കന്മാരുടെ കൃതികളും ബൈബിളും സുലഭമാക്കുക, അവയിൽ അടിയുറച്ചുകൊണ്ട് മെച്ചപ്പെട്ട ക്രൈസ്തവജീവിതത്തിലേക്കു മനുഷ്യരെ നയിക്കുക എന്നിവയായിരുന്നു അവരുടെ ചിന്ത. ക്രൈസ്തവ ഹ്യൂമനിസ്റ്റുകളിൽ അഗ്രഗണ്യനായിരുന്നു *ദെസിദേരിയുസ് ഇറാസ്മസ്* (1466-1536). ലൊറെൻസോ വല്ല (1405-57), സെൻറ് തോമസ് മൂർ (1478-1535), ജോൺ ഫിഷർ, ആദിയായവരും പ്രശസ്തരായിരുന്നു. അച്ചടിയന്ത്രത്തിൻെറ കണ്ടുപിടിത്തം നവോത്ഥാനചിന്ത വളരെവേഗം വ്യാപിപ്പിച്ചു. സൗരയൂഥത്തെപ്പറ്റി കോപ്പർനിക്കസും ഗലീലിയോയും കണ്ടുപിടിച്ച തത്ത്വങ്ങൾ ആവേശം പകർന്നു. വിമർശനബുദ്ധിയോടുകൂടി പ്രപഞ്ചത്തെയും മതസംഗതികളെയും നോക്കിക്കാണാനും വിലയിരുത്താനുമുള്ള പ്രേരണ ക്രൈസ്തവ ഹ്യൂമനിസ്റ്റുകൾ നൽകി. അന്ധമായ കുറേ ആചാരാനുഷ്ഠാനങ്ങളുടെ ആകെത്തുകയോ കുറേ ഭക്താഭ്യാസങ്ങളോ അല്ല ക്രിസ്തുമതത്തിൻെറ സാരസത്ത എന്ന് അവർ മനസ്സിലാക്കിക്കൊടുത്തു. വെറും താത്ത്വികതലത്തിൽ മാത്രം ഒതുങ്ങുന്നതും മനം മടുപ്പിക്കുന്നതും ഈ ലോകജീവിതവുമായി ബന്ധമില്ലാത്തതുമായ താത്ത്വിക ചർച്ചകൾ പരിത്യജിക്കാനുള്ള പ്രേരണ അതുവഴി കൈവന്നു.

www.malankaralibrary.com



## നവോത്ഥാന മാർപാപ്പാമാർ

നവോത്ഥാനകാലത്തെ മാർപാപ്പാമാരെല്ലാംതന്നെ ഹ്യൂമനിസ്റ്റ് സർക്കിളിൽ പെട്ടവരായിരുന്നു. നവോത്ഥാനചൈതന്യം റോമിനു നല്കാനും നവോത്ഥാനത്തെ എല്ലാത്തരത്തിലും പ്രോത്സാഹിപ്പിക്കാനും മാർപാപ്പാമാർ ശ്രമിച്ചു. എന്നാൽ റോമിനെ നവോത്ഥാനത്തിൻെറ കേന്ദ്രമാക്കാൻ അവർക്കു കഴിഞ്ഞില്ല. പ്രസ്തുത സ്ഥാനം ഫ്ളോറൻസ് നഗരത്തിനായിരുന്നു. സെൻറ് പീറ്റേഴ്സ് ദേവാലയം ഉൾപ്പെടെയുള്ള റോമിലെ പല മനോഹരസൗധങ്ങളും നവോത്ഥാന സൃഷ്ടികളാണ്. പാപ്പായായി തെരഞ്ഞെടുക്കപ്പെടുന്നതിനു മുൻപുതന്നെ *നിക്കൊളാസ് V* (1447-55) ഹ്യൂമനിസ്റ്റു സർക്കിളുകളിൽ ജീവിച്ചയാളായിരുന്നു. വത്തിക്കാൻ ലൈബ്രറി വിപുലപ്പെടുത്തുവാനും കൈയ്യെഴുത്തുപ്രതികൾ സംഭരിക്കാനും അദ്ദേഹം ശ്രദ്ധിച്ചു. വത്തിക്കാൻ അരമന, സെൻറ് പീറ്റേഴ്സ് ദേവാലയം എന്നിവയുടെ പദ്ധതികൾക്കു തുടക്കമിട്ടത് അദ്ദേഹമായിരുന്നു. എന്നാൽ അവ പൂർത്തിയാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അത്ര വിപുലമായിരുന്നു ആ പദ്ധതികൾ. അദ്ദേഹം 1450 ജൂബിലിവർഷമായി പ്രഖ്യാപിച്ചു. തുർക്കികൾക്കെതിരെ കുരിശുയുദ്ധത്തിന് അദ്ദേഹം ആഹ്വാനം ചെയ്യുകയും പണം ശേഖരിക്കുകയും ചെയ്തെങ്കിലും പാശ്ചാത്യപ്രഭുക്കന്മാർ ആ തുക ഭാഗികമായി തട്ടിയെടുത്തു. തുർക്കികൾക്കെതിരെയുള്ള ഹംഗറിയുടെ ചെറുത്തുനിൽപ്പിനെ പാപ്പാ സഹായിച്ചുകൊണ്ടിരുന്നു. 1453-ൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ സകലരും നടുങ്ങിപ്പോയി. തുർക്കികളെ ഓടിക്കാൻ പാശ്ചാത്യക്രൈസ്തവശക്തികൾ ഒന്നിച്ചണിനിരക്കണം എന്ന ആഹ്വാനം നിക്കൊളാസ് തുടരെത്തുടരെ പുറപ്പെടുവിച്ചെങ്കിലും പ്രഭുക്കന്മാർ അതു ചെവിക്കൊണ്ടില്ല.

പിന്നീട് മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ട *കലിക്സ്റ്റസ്* III (1455-8), സ്പെയിനിൽനിന്നുള്ള ബോർജിയാ കുടുംബത്തിൽ പെട്ട ആളായിരുന്നു. തെരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹത്തിന് 80 വയസ്സ് പ്രായമായിരുന്നു. ആ കാലത്ത് തുർക്കികൾ മുന്നേറ്റം തുടർന്നുകൊണ്ടിരുന്നെങ്കിലും പാശ്ചാത്യപ്രഭുക്കന്മാർ ഒരേറ്റുമുട്ടലിന് സന്നദ്ധരായിരുന്നില്ല. ഒരു ആർച്ചുബിഷപ്പ് നേരിട്ട് ഒരു സൈന്യത്തെ കടലിൽ കൂടി നയിച്ച് ഒരു യുദ്ധമുഖത്ത് തുർക്കികളെ പരാജയപ്പെടുത്തി. തുടർന്ന് സഭാനേതൃത്വം ഏറ്റെടുത്തത് *പീയൂസ് II* (1458-64) ആണ്, കല്ലിക്സ്റ്റസിനെപ്പോലെ സഭൈക്യത്തിലും തുർക്കികളെ കോൺസ്റ്റാൻറിനോപ്പി

www.malankaralibrary.com



ളിൽനിന്ന് ഓടിക്കുന്നതിലും പീയൂസ് പാപ്പായും തല്പരനായിരുന്നു. എന്നാൽ ശക്തരായ ചക്രവർത്തിമാരുടെ അഭാവവും ഇടപ്രഭുക്കന്മാരുടെ കലഹങ്ങളും അനാസ്തയും നിമിത്തം ഗൗരവമേറിയ നടപടികൾ നടന്നില്ല. വൃദ്ധനായ മാർപാപ്പാ തന്നെ യുദ്ധം നയിക്കാൻ അങ്കോണായിലേക്ക് പോയെങ്കിലും അവിടെ വച്ചു മരിച്ചു. സഭയെ നവീകരിക്കാൻ പീയൂസ് പാപ്പാ ഒരു കമ്മീഷനെ നിയമിച്ചെങ്കിലും ഫലപ്രദമായി ഒന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പിന്നീട് ഭരിച്ച *പോൾ II* (1464-71) കുരിശുയുദ്ധത്തിനാഹ്വാനം ചെയ്തെങ്കിലും ഫലമുണ്ടായില്ല. നവോത്ഥാനശൈലിയിൽ റോമാനഗരത്തെ മോടിപിടിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

അടുത്ത മാർപാപ്പാ സിക്സ്റ്റസ് IV (1471-1484) ആണ്. റോമിലെ സിസ്റ്റൈൻ ചാപ്പൽ അദ്ദേഹത്തിൻെറ പേരിലാണ് അറിയപ്പെടുന്നത്. നവോത്ഥാന ശൈലിക്കൊത്ത പാപ്പായായിരുന്നു സിക്സ്റ്റസും. കലകളെയും കലാകാരന്മാരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. യുറോപ്യൻ പ്രഭുക്കന്മാർ ഒറ്റക്കെട്ടായി നിന്ന് തുർക്കികളെ തുരത്തുന്നതിനു പകരം തമ്മിലടിച്ച് നശിക്കുന്ന കാഴ്ച ഈ കാലയളവിൽ ദൃശ്യമായിരുന്നു. പേപ്പൽ സംസ്ഥാനങ്ങളിലും റോമൻ സർക്കിളുകളിലും സ്ഥിതി വിഭിന്നമല്ലായിരുന്നു. സ്വന്തക്കാരെ ഉയർന്ന സ്ഥാനങ്ങളിൽ അവരോധിക്കാൻ സിക്സ്റ്റസും ശ്രദ്ധിച്ചിരുന്നു എന്നു പറയപ്പെടുന്നു. ഇവയ്ക്കെല്ലാമിടയിലും മുൻഗാമികൾ തുടങ്ങിയ പണികളൊക്കെ അദ്ദേഹവും തുടർന്നുകൊണ്ടുപോയി. മധ്യകാല റോമാനഗരത്തെ നവോത്ഥാന റോമായാക്കിയതിന് സിക്സ്റ്റസിനോടുള്ള കടപ്പാട് മറക്കാവതല്ല. എന്നാൽ റോമൻ കൂരിയായിലേക്ക് സ്വജനപക്ഷപാതവും ലൗകായതികത്വവും മറ്റാരേക്കാളും കൂടുതലായി അദ്ദേഹം കടത്തിവിട്ടു. അടുത്തുവന്ന *ഇന്നസെൻറ് VIII* (1484-92) ആധ്യാത്മികതയിൽ എന്നതിലുപരി ലൗകികതയിലും പേപ്പൽ സംസ്ഥാനരാഷ്ട്രീയത്തിലും ഉപജാപങ്ങളിലും മുഴുകിയിരുന്നു. ജൂലിയൻ എന്ന കർദ്ദിനാളാണ് ഇന്നസെൻറിനെ നിയന്ത്രിച്ചുകൊണ്ടിരുന്നത്. മുഹമ്മദ് II സുൽത്താൻെറ മകനും ബജാസെത് II എന്ന സുൽത്താൻെറ സഹോദരനുമായ ജെം (Dschem) എന്ന തുർക്കിപ്രഭു ഈ കാലഘട്ടത്തിൽ കൂരിയായുടെ സ്വാധീനത്തിൽ വന്നു. ജെം തൻെറ സഹോദരൻെറ വലയിൽ വീഴാതെ റോദസിലേക്ക് ഒളിച്ചു കടന്നപ്പോൾ ആശുപത്രി മാടമ്പികൾ (Hospitallers) അയാളെ പിടികൂടി റോമിലെത്തിച്ചു. അയാളെ തടങ്കലിൽ സൂക്ഷിക്കുന്നതിന് പാപ്പായ്ക്ക് സുൽത്താൻ

www.malankaralibrary.com



വലിയൊരു തുക കൊടുത്തുകൊണ്ടിരുന്നു; അതുപോലെ ഇറ്റലി ആക്രമിക്കുകയില്ലെന്ന് ഉറപ്പും നൽകി. മാടമ്പികളുടെ തലവന് കർദ്ദിനാൾ സ്ഥാനവും ലഭിച്ചു.

*അലക്സാണ്ടർ VI* (1492-1503) പാപ്പായുടെ കാലം സഭാചരിത്രത്തിൽ വളരെ ഇരുളടഞ്ഞതാണ്. ബോർജിയാ കുടുംബത്തിൽ നിന്നുള്ള ഇദ്ദേഹം തികച്ചും ലൗകിക വീക്ഷണങ്ങൾ പുലർത്തിയിരുന്നു. സഭാനേതൃത്വം അധഃപതനത്തിൻെറ പടുകുഴിയിൽ പതിച്ചത് ഈ കാലത്താണ്. സിക്സ്റ്റസ് IV ൻെറ കാലം മുതൽ കൂരിയായിൽ ഉള്ളവരുടെ ജീവിതം മാതൃകാപരമായിരുന്നില്ല. അലക്സാണ്ഡറുടെ മക്കൾ സഭാകാര്യങ്ങളിൽ അവിഹിതമായി ഇടപെടുകയും സഭയിൽ വലിയ ഇടർച്ച ഉളവാക്കുകയും ചെയ്തു. അന്ന് സ്വാഭാവികം എന്ന് നവോത്ഥാന മനുഷ്യർ കരുതിയവ, പൊതുധാർമ്മിക നിലവാരത്തിൽ തെറ്റും കുറ്റവുമായിട്ടാണ് പിൻതലമുറകൾ വിധിയെഴുതിയിരിക്കുന്നത്. പേപ്പൽ സംസ്ഥാനങ്ങളുടെ ഭരണസ്ഥിരത കാര്യശേഷിയുടെ അടയാളമായി കരുതപ്പെട്ടു. കൂരിയായും പാപ്പാസ്ഥാനവും ഒക്കെ മറ്റു രാജ്യങ്ങളുടെ ഭരണാധിപന്മാരുടെ സ്ഥാനം പോലെയും സെനറ്റുപോലെയും പരിഗണിക്കപ്പെട്ടു. നേതാക്കന്മാരുടെ വ്യക്തിപരമായ ജീവിതത്തിലേക്ക് പലരും ചുഴിഞ്ഞിറങ്ങിയില്ല. അന്നത്തെ കാലഘട്ടത്തിൻെറ പ്രത്യേകതയായി അവയൊക്കെ പരിഗണിക്കപ്പെട്ടു. രാഷ്ട്രീയത്തിൽ സാധാരണമായ ഉപജാപങ്ങളും കാലുവാരലും കുതിരക്കച്ചവടവുമൊക്കെ അക്കാലത്ത് സഭാനേതൃത്വത്തിലും അവിടവിടെ അപൂർവമായെങ്കിലും കാണാമായിരുന്നു. ബ്രഹ്മചര്യവ്രതത്തിലെ നിഷ്ഠക്കുറവ്, രാഷ്ട്രീയ കാരണങ്ങളാൽ വിവാഹബന്ധം വേർപെടുത്തൽ, പണം വാങ്ങി സഭയിലെ ഉന്നതാധികാര സ്ഥാനങ്ങൾ നൽകൽ, പേപ്പൽ സംസ്ഥാനങ്ങളുടെ സുസ്ഥിതി പരിഗണിക്കാതെ സ്വന്തക്കാർക്ക് ധനാഗമ മാർഗങ്ങൾ ഉണ്ടാക്കിക്കൊടുക്കൽ, അപ്പസ്തോലിക അരമനയുടെ ഭരണം പാപ്പായുടെ മകളായ ലുക്രേഷ്യായെ ഏല്പിക്കൽ തുടങ്ങിയവ ഈ കാലഘട്ടത്തെ ഇരുട്ടിൽ ആഴ്ത്തുന്ന സംഭവങ്ങളായിരുന്നു. മനുഷ്യരുടെ അപവാദഭീഷണിയെപ്പോലും ബന്ധപ്പെട്ടവർ പരിഗണിച്ചില്ല. എതിർത്തവരുടെ നാവടയ്ക്കാനും അവർക്കു സാധിച്ചു.

## സവനറൊള്ളാ (1452- 98)

അലക്സാണ്ഡറുടെ കാലത്തുള്ള ഈ മാർഗഭ്രംശത്തിൽ മനം നൊന്ത് ഇതിനെ നവീകരിക്കാൻ ശ്രമിച്ച അപൂർവ വ്യക്തികളിൽ ഒരാ

www.malankaralibrary.com



ളായിരുന്നു സവനറൊള്ളാ എന്ന ഡൊമിനിക്കൻ സന്ന്യാസി. ഫ്ളോറൻസിലെ സാൻ മാർക്കോ ആശ്രമാധ്യക്ഷനായിരുന്ന അദ്ദേഹം പണ്ഡിതനും മിസ്റ്റിക്കും കൃത്യമായി സഭാനടപടികൾ പാലിക്കുന്നതിൽ തല്പരനുമായിരുന്നു. ഫ്ളോറൻസിലും മറ്റും നവോത്ഥാനചിന്തയുടെ ഫലമായി ഉടലെടുത്ത ജീവിതശൈലിയോട് അദ്ദേഹത്തിന് കടുത്ത വെറുപ്പും അമർഷവും ഉണ്ടായി. സഭാജീവിതം നവീകരിക്കാൻ അദ്ദേഹം ഇറങ്ങിത്തിരിച്ചു. തൻെറ പ്രസംഗധോരണിവഴി ജനഹൃദയങ്ങളിൽ പരിവർത്തനം ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം റോമൻ കൂരിയായേയും മാർപാപ്പായേയും വിമർശിച്ചു. പാപ്പാസ്ഥാനത്തിന് അലക്സാണ്ഡർ അനർഹനാണെന്നും സിനഡുകൂടി നീക്കണമെന്നും ഒക്കെ അദ്ദേഹം എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. അവസാനം തൻെറ നവീകരണ യത്നങ്ങൾക്ക് തൻെറ ജീവൻ തന്നെ അദ്ദേഹം ഹോമിക്കേണ്ടിവന്നു. നവീകരണത്തെ എതിർത്തവർ ഒത്തുകൂടി അദ്ദേഹത്തെ ഫ്ളോറൻസിൽവച്ച് ജീവനോടെ ദഹിപ്പിച്ചു. ഇതൊന്നും റോമൻകൂരിയായിലാകട്ടെ, അലക്സാണ്ഡർ പാപ്പായിലാകട്ടെ പരിവർത്തനം ഉണ്ടാക്കിയില്ല. എന്നാൽ ആകസ്മികമായി അലക്സാണ്ഡർ പാപ്പാ പെട്ടെന്നു മരിച്ചു.

തുടർന്ന് *പീയൂസ് III* (1503) 26 ദിവസം ഭരിച്ചു. അതിനുശേഷം *ജൂലിയസ് II* (1503-13) പാപ്പായായി. അദ്ദേഹം ഒരു രാജകീയ പാപ്പായായിരുന്നു. രാജകീയ പ്രൗഢിയിൽ ജീവിച്ചു. ചുറ്റുമുള്ള സ്ഥലങ്ങൾ വെട്ടിപ്പിടിച്ച് 'സമാധാനം' സ്ഥാപിച്ചു. സുകുമാരകലകളെ പ്രോത്സാഹിപ്പിച്ചു. വി.പത്രോസിൻെറ ദേവാലയപ്പണി തുടർന്നു; കോൺസ്റ്റൻടൈൻ പണിത പുരാതന ബസിലിക്കാ പൊളിച്ചുകളഞ്ഞു; സിസ്റ്റൈൻ ചാപ്പലിലുള്ള പെയിൻറിംഗുകൾ, റഫായേലിൻെറ ചുവർ ചിത്രങ്ങൾ, മോശയുടെ രൂപം എന്നിവ അദ്ദേഹത്തിൻെറ കാലത്തുണ്ടായവയാണ്. വിശ്വമനോഹരമായ പല കലാസൃഷ്ടികളും ഈ കാലത്താണ് ഉണ്ടായത്. ജൂലിയസിനെപ്പറ്റി ഇറാസ്മസ് ഒരു സരസവിവരണം എഴുതിയിട്ടുണ്ട്. അത് ആ കാലഘട്ടത്തിലെ സഭാനേതൃത്വത്തിൻെറ ഒരു ചിത്രമായി കണക്കാക്കാം. തുടർന്നു ഭരിച്ച *ലെയോ X* ൻെറ (1513-21) കാലത്താണ് ലൂഥറിൻെറ (1483-1546) മതനവീകരണം ഉണ്ടായത്. തൻെറ മുൻഗാമികളെപ്പോലെ ലെയോയും നവോത്ഥാനചിന്തകളിൽ മുഴുകി ജീവിച്ചു. നവീകരണം ലക്ഷ്യം വച്ചുകൊണ്ട് *അഞ്ചാം ലാതറൻ സിനഡ്* (1512-7) വിളിച്ചുകൂട്ടിയെങ്കിലും നവീകരണം നടന്നില്ല. തനിക്കെതിരെ ഗൂഢാലോചന നടത്തിയ കർദ്ദിനാളന്മാരെ അദ്ദേഹം കഠിനമായി ശിക്ഷിച്ചു.

www.malankaralibrary.com



സ്വജനപക്ഷപാതം അദ്ദേഹത്തിൻെറ ബലഹീനതയായിരുന്നു. സെൻറ് പീറ്റേഴ്സ് പോലുള്ള ഗംഭീരസൗധങ്ങളുടെ നിർമ്മാണത്തിന് പണം ആവശ്യമായിരുന്നു. അതിന് വിവിധ മാർഗങ്ങൾ ഉപയോഗിച്ചു. *"ദണ്ഡവിമോചനങ്ങൾ"* വഴിയും പണം ശേഖരിക്കാൻ ശ്രമിച്ചു. വേട്ടയാടൽ അദ്ദേഹത്തിന് വിനോദം പകർന്നു. അതുപോലെ അദ്ദേഹത്തിൻെറ അരമന നവോത്ഥാന ശില്പികളുടെ സങ്കേതമായിരുന്നു. സഭയുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പാപ്പായായി തെരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹത്തിന് 38 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു; അപ്പോൾ അദ്ദേഹം ഒരു ഡീക്കൻ മാത്രമായിരുന്നു. 13-ാമത്തെ വയസ്സിലാണ് അദ്ദേഹം കർദ്ദിനാളായത്. ഫ്ളോറൻസിലെ മെദിച്ചി കുടുംബാംഗമായ അദ്ദേഹം വൈദികപട്ടവും മെത്രാൻപട്ടവും ഒന്നിച്ചു സ്വീകരിച്ചു.

ബ്രമാന്തെ തുടങ്ങിവച്ച പണി പൂർത്തിയാക്കാൻ അദ്ദേഹം സർവ ശ്രദ്ധയും കേന്ദ്രീകരിച്ചു. യുറോപ്പു മുഴുവൻ പണപ്പിരിവു നടത്തി. അതിൻെറ അനന്തരഫലമായി യൂറോപ്പിലാകമാനം റോമാവിരുദ്ധ മനോഭാവം ശക്തിപ്പെട്ടു. അത് ഒരു മതവിപ്ലവമായി മാറി. ലൂഥർ അവരുടെ നേതാവായിത്തീർന്നു. *പ്രോട്ടസ്റ്റൻറിസം* എന്നറിയപ്പെടുന്ന മതവിപ്ലവം യൂറോപ്പിലെ സഭയെ പലതായി പിളർത്തി. തുടർന്നു ഭരിച്ച ക്ലെമെൻറ് VII നും (1523-34) മെദിച്ചി കുടുംബത്തിൽ പെട്ടയാളായിരുന്നു.

നവോത്ഥാനകാലത്ത് റോമിൽ ആനന്ദം തളംകെട്ടിനിന്നു. എങ്ങും ലൗകിക മനോഹാരിത നിറഞ്ഞുനിന്നു. എന്നാൽ അതിനടിയിലെ ധാർമ്മികാധഃപതനത്തിൽ പലരും ശ്രദ്ധിച്ചില്ല. ചില നേതാക്കന്മാർ ദുഷ്ടതയുടെ മൂർത്തീഭാവമായിരുന്നു, എന്നാൽ അവർ വിരലിൽ എണ്ണാൻ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന ആശ്വാസം മാത്രം. ആഡംബരജീവിതം, ആഹ്ലാദത്തിനുതകുന്ന കൂട്ടുകെട്ട്, വിഭവസമൃദ്ധമായ വിരുന്നുകൾ, ഉല്ലാസ സവാരികൾ എന്നിവ അന്നത്തെ മുഖമുദ്രയായിരുന്നു. ഇന്നസെൻറ് തൻെറ മക്കളിൽ ദത്തശ്രദ്ധനായിരുന്നു. സിക്സ്റ്റസ് IV തൻെറ എതിരാളി എന്നു കരുതപ്പെട്ടയാളെ വകവരുത്താൻ കെണികളൊരുക്കി എന്നു പറയപ്പെടുന്നു. അലക്സാണ്ടർ VI പണം ചെലവാക്കി അധികാരത്തിലേറിയ വ്യക്തിയായിരുന്നു. അക്കാലത്തെ കർദ്ദിനാളന്മാർ കോടീശ്വരന്മാരായിരുന്നു; സ്വജനപക്ഷപാതം എങ്ങും നടമാടി. സ്വന്തം മക്കളുടെയും കുടുംബക്കാരുടെയും കാര്യത്തിലായിരുന്നു എല്ലാവർക്കും ശ്രദ്ധ. സമുദായസ്വത്ത് കുറെപ്പേരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി

www.malankaralibrary.com



ചെലവഴിക്കപ്പെട്ടു. ഒന്നിലേറെ രൂപതകളുടെ ഭരണച്ചുമതലയുള്ള മെത്രാന്മാർ ഉണ്ടായിരുന്നു. സഭാസ്ഥാനങ്ങളൊക്കെ ധനാഗമ മാർഗങ്ങളായിരുന്നു. മൊത്തത്തിൽ വൈദികസ്ഥാനീയർ ധാർമ്മികമായും ബൗദ്ധികമായും താണനിലവാരം പുലർത്തി. വേണ്ടത്ര പരിജ്ഞാനമില്ലാത്ത വൈദികർ വരുത്തിവച്ച വിനകൾ കുറച്ചൊന്നുമല്ല. ആധ്യാത്മിക നേതാക്കന്മാർ രാഷ്ട്രീയവും സാമ്പത്തികവുമായ മേല്ക്കോയ്മയ്ക്കാണ് വില കല്പിച്ചിരുന്നത്. ചുരുക്കത്തിൽ സാർവത്രിക സഭാധ്യക്ഷൻ എന്ന നിലയിൽനിന്ന് പേപ്പൽ സംസ്ഥാനങ്ങളുടെ അധിപൻ എന്ന നിലയിലേക്ക് പാപ്പാസ്ഥാനം തരംതാണു. മറ്റേത് ഇടപ്രഭുവിനെപ്പോലെ അവരും ജീവിച്ചു. സഭയുടെ ദൈവികവശവും മാനുഷികവശവും തമ്മിലുള്ള അകൽച്ച ഇത്രമാത്രം വർദ്ധിച്ച മറ്റൊരു കാലഘട്ടവും ഉണ്ടായിട്ടില്ല. സഭാധ്യക്ഷന്മാർ ലൗകികമനുഷ്യർക്ക് സുവിശേഷാനുസൃതമായ മാർഗനിർദ്ദേശം നൽകേണ്ടവരാണ് എന്ന കാര്യം വിസ്മരിക്കപ്പെട്ടു. ചുറ്റുമുള്ള നേതാക്കന്മാരായ മനുഷ്യരുടെ ജീവിതരീതികൾ സഭാധ്യക്ഷന്മാർ മാനദണ്ഡമായി എടുക്കുകയും തദനുസൃതം ജീവിതം ക്രമപ്പെടുത്തുകയും ചെയ്തപ്പോൾ പാളിച്ചയുണ്ടായി. എന്നാൽ അക്കാലത്തും ആധ്യാത്മിക നേതൃത്വത്തിൽ ശ്രദ്ധിച്ച മഹാരഥന്മാർ കത്തോലിക്കാസഭയിൽ ഉണ്ടായിരുന്നു. അത്തരത്തിൽപെട്ടവരാണ് കർദ്ദിനാളന്മാരായ ബസാരിയോൻ, കൂസായിലെ നിക്കൊളാസ്, കയെത്താൻ, സീമെൻസ്, കരാഫാ ആദിയായവർ. എന്നാൽ നവീകരണത്തിനു നേതൃത്വം നൽകേണ്ടവർ അതു ശ്രദ്ധിക്കാതെ പോയതിനാൽ കാര്യമായ മതനവീകരണം ഈ കാലത്തു നടന്നില്ല. സമൂഹം തങ്ങളെ സ്വാധീനിക്കാൻ അവർ സ്വയം വിട്ടുകൊടുത്തു. അബദ്ധപ്രവണതകളെ എതിർക്കുന്നതിനു പകരം അവരുമായി ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിച്ചു. ഈ കാലഘട്ടത്തിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരുടെ എണ്ണവും താരതമ്യേന കുറവായിരുന്നു.

www.malankaralibrary.com

# 24

# ദാരിദ്ര്യവും മരണവും

യൂറോപ്പിൽ പത്തുമുതൽ പതിമൂന്നുവരെയുള്ള നൂറ്റാണ്ടുകളിൽ ജനസംഖ്യ വളരെ വർദ്ധിച്ചു. കൃഷിസ്ഥലങ്ങളുടെ വിസ്തൃതി വർദ്ധിപ്പിച്ചെങ്കിലും ആവശ്യത്തിനു വേണ്ടത്ര വിളയിക്കാൻ അവർക്കു കഴിഞ്ഞില്ല. ശരിയായ വിതരണം നടക്കാഞ്ഞതിനാൽ ദാരിദ്ര്യത്തിൽ കഴിഞ്ഞ സ്ഥലങ്ങളും ഉണ്ടായിരുന്നു. എട്ടാം നൂറ്റാണ്ടിൻെറ മധ്യം മുതൽ 12-ാം നൂറ്റാണ്ടിൻെറ മധ്യംവരെ നീണ്ടുനിന്ന "ചൂടുള്ള കാലാവസ്ഥ" മാറി നീണ്ടു നില്ക്കുന്ന തണുപ്പുള്ള കാലാവസ്ഥ തുടർന്നുള്ള രണ്ടു നൂറ്റാണ്ടുകളിൽ ഉണ്ടായി. 13-ാം നൂറ്റാണ്ടിൻെറ അവസാനകാലത്ത് കടുത്ത മഴയും തണുപ്പും ശക്തി പ്രാപിച്ചു; അത് കൃഷിയെ വളരെ പ്രതികൂലമായി ബാധിച്ചു. 1315-1317 വർഷങ്ങളിൽ മധ്യകാലഘട്ടത്തിലെ ഏറ്റവും രൂക്ഷമായ വിളവുനാശം ഉണ്ടായി. ജനങ്ങൾ രോഗപ്രതിരോധ ശക്തി കുറഞ്ഞ് രോഗികളാകാൻ തുടങ്ങി.

ബുബോണിക് പ്ലേഗ് എന്നറിയപ്പെടുന്ന ഒരു ഭീകരപകർച്ചവ്യാധി ഇക്കാലത്ത് അറിയപ്പെടുന്ന ദേശങ്ങളിലെല്ലാം പടർന്നുപിടിച്ചു. അന്തരീക്ഷവായുവിൽകൂടിയും കൊതുകിൽകൂടിയും ഈച്ചയിൽകൂടിയും ഒക്കെ പകരുന്ന വിവിധതരം പ്ലേഗുണ്ടായിരുന്നു. 540-ൽ കോൺസ്റ്റാൻറിനോപ്പിളിൽ കാണപ്പെട്ട പ്ലേഗ് പശ്ചിമേഷ്യ, ഉത്തരആഫ്രിക്ക, യൂറോപ്പ്, തെക്കൻ ഏഷ്യ എന്നിവിടങ്ങളിലൊക്കെ വ്യാപിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ മാത്രം 541-2 ൽ ഏതാണ്ട് 2 ലക്ഷംപേർ ഈ രോഗംമൂലം മരിച്ചു എന്നു പറയപ്പെടുന്നു. ജനസംഖ്യയിൽ 20% അക്കാലത്ത് യൂറോപ്പിൽ മരണമടഞ്ഞു. തുടർന്നുള്ള പത്തിരുനൂറ് വർഷങ്ങൾ ഇടവിട്ടിടവിട്ട് ഇപ്രകാരമുള്ള പകർച്ചവ്യാധികൾ യൂറോപ്പിൽ ഉണ്ടായിക്കൊണ്ടിരുന്നു.

www.malankaralibrary.com



അതുകഴിഞ്ഞ് 14-ാം നൂറ്റാണ്ടിൻെറ പകുതിവരെ യുറോപ്പിൽ ഈ പകർച്ചവ്യാധി വലിയ ദുരന്തം വിതച്ചില്ല. എന്നാൽ ഈ ബാക്ടീരിയ മംഗോളിയായിലെ ഗോബി മരുഭൂമിയിൽ സുഷുപ്താവസ്ഥയിൽ നില നിന്നു. അലഞ്ഞുനടക്കുന്ന ഇടയന്മാരിലൂടെ അവിടെനിന്ന് ഈ വസന്ത വ്യാപിക്കാൻ തുടങ്ങി.

ഇത് ഒരു വസന്തയായി ഗോബി മരുഭൂമിയിൽ കാണപ്പെട്ടത് 1320 ലാണ്. അവിടെ നിന്ന് അത് ചൈനയിലേക്കു കടന്നു. ചൈനാക്കാർ ദാരി ദ്ര്യത്താൽ പൊറുതി മുട്ടിയ അവസരമായിരുന്നു. വസന്ത കൊണ്ട് ഏതാണ്ട് 30% മനുഷ്യർ മരിച്ചു. 1339 ഓടുകൂടി കച്ചവടക്കാരിലൂടെയും കപ്പലുകളിലൂടെയും രോഗം യുറോപ്പിലെത്തി. ഇൻഡ്യയെ അത് വളരെ സാരമായി ബാധിച്ചു. ഏഷ്യയിലുടനീളം ഈ വസന്ത വ്യാപിച്ചു. കേരള ത്തിലെ നിലയ്ക്കൽ പോലുള്ള കേന്ദ്രങ്ങൾ വിജനങ്ങളായത് ഇതു കൊണ്ടുമാകാം. 1347-ൽ അലക്സാണ്ഡ്രിയാ, കോൺസ്റ്റാൻറിനോപ്പിൾ എന്നീ പട്ടണങ്ങളിൽ വസന്ത സംഹാരതാണ്ഡവം ആടി. 1348-ൽ അലക്സാണ്ഡ്രിയായിൽ ദിവസം 1000 പേർ വച്ച് മരിക്കാൻ തുടങ്ങി. കെയ്റോയിൽ ദിനംപ്രതി 7000 പേർ മരിച്ചു. 1349 ഓടുകുടി ഇത് മുസ്ലീം ലോകമാകെ മൂന്നിലൊന്ന് ജനതയെ കൊന്നൊടുക്കി; പട്ടണവാസി കളിൽ ഏതാണ്ട് പകുതി ജനത നശിച്ചു.

ക്രീമിയയിൽ നിന്നുവന്ന ഒരു കപ്പലിൽ രോഗബാധിത എലികളി ലൂടെ 1347-ൽ ഈ വസന്ത സിസിലിയിൽ എത്തി. മാസങ്ങൾക്കകം തുറ മുഖപട്ടണങ്ങളിലൊക്കെ പരന്നു. ഒരു വർഷംകൊണ്ട് യൂറോപ്പ് ആക മാനം ഈ വസന്തയ്ക്ക് അടിപ്പെട്ടു. ജർമനി, സ്കാൻഡിനേവിയ വഴി 1351/2 ൽ ഇത് റഷ്യ വരെയെത്തി. 1362, 1375 എന്നീ വർഷങ്ങളിൽ വീണ്ടും ഇതാവർത്തിച്ചു. 15-ാം നൂറ്റാണ്ടിൻെറ അവസാനംവരെ അടി യ്ക്കടി ഇതാവർത്തിച്ചുകൊണ്ടിരുന്നു. ഏതാണ്ട് 2 1/2 കോടി മനുഷ്യർ 1340 ലെ വസന്തയിൽ യൂറോപ്പിൽ മരിച്ചു. അതായത് യൂറോപ്പിലെ ജന സംഖ്യയുടെ മൂന്നിലൊന്ന്.

ഈ രോഗം എങ്ങനെ ഉണ്ടായി എന്നതിനെപ്പറ്റി യൂറോപ്യൻ ജനതയ്ക്കറിവില്ലായിരുന്നു. അത് പാപഫലമായുണ്ടായ ദൈവകോപ മായി പലരും കരുതി. ചിലർ പട്ടണങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് പലാ യനം ചെയ്തു. പെട്ടെന്ന് മരിച്ചുപോകും എന്നു കണ്ട് ചിലർ ലൗകിക സുഖങ്ങളിൽ മുഴുകി; മറ്റു ചിലർ താപസകർമ്മങ്ങളിലേക്കു തിരിഞ്ഞു. താപസസൂചകങ്ങളായ വസ്ത്രങ്ങൾ ധരിച്ച്, ശരീരത്തിൽ സ്വയം പ്രഹ

www.malankaralibrary.com



രിച്ചുകൊണ്ടുനടക്കുക, കുരിശടയാളമുള്ള വസ്ത്രം ധരിക്കുക എന്നിവ താപസകർമ്മങ്ങളിൽ പെടുന്നു. ചിലർ ഏഷ്യൻ സാധനങ്ങൾ പാടേ പരിത്യജിച്ചു. ചിലർ മന്ത്രവാദത്തിലേക്കു തിരിഞ്ഞു. രോഗമുണ്ടെന്ന് സംശയിക്കുന്ന കപ്പലുകൾ തുറമുഖങ്ങളിൽ അടുക്കാൻ അധികൃതർ സമ്മതിച്ചില്ല. ചിലർ കുറ്റം യഹൂദരിൽ ചുമത്തി അവരെ കൂട്ടക്കുരുതി നടത്തി. വൈദ്യന്മാർ നാലുപാടും ഓടിപ്പോയി. ഈ അവസരം പാവപ്പെട്ട ജനങ്ങളെ ശുശ്രൂഷിക്കാൻ കത്തോലിക്കാവൈദികരും സന്ന്യാസികളും മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ നല്ലൊരു പങ്കും രോഗം ബാധിച്ച് മരിച്ചു. യൂറോപ്പിൽ നിരവധി സ്ഥലങ്ങൾ വിജനമായി. സ്ഥലത്തിന്റെ മൂല്യം നശിച്ചു. ജോലി ചെയ്യാൻ ജനം കുറഞ്ഞു. എങ്കിലും ജോലി ചെയ്യിക്കുന്നവർ കൂലി കുറച്ചു നിശ്ചയിച്ചു. അതിന്റെ ഫലമായി യൂറോപ്പിലുടനീളം *ദരിദ്രരുടെ വിപ്ലവം* ഉണ്ടായി. ജാക്കെറി (Jacquerie) എന്ന് ഇതറിയപ്പെട്ടു. പണക്കാർ പാവപ്പെട്ടവരെ വിളിച്ചിരുന്ന പേരാണ് ജാക്ക് (Jacque). 1380 മുതൽ മുന്നേറ്റം ഉണ്ടായി. അതിനെതിരെ പ്രഭുക്കന്മാർ തിരിച്ചടിച്ചു. അതിൽ പതിനായിരക്കണക്കിന് ദരിദ്രർ മരിച്ചു.

*നൂറുവർഷ യുദ്ധം* (1337-1453) എന്ന പേരിൽ അറിയപ്പെടുന്ന ഒരു യുദ്ധം ഫ്രാൻസും ഇംഗ്ലണ്ടും തമ്മിലുണ്ടായി. ഇംഗ്ലണ്ടിലെ എഡ്വേർഡ് III (1327-77) ഫ്രഞ്ച് സിംഹാസനത്തിന്മേൽ അവകാശവാദം നടത്തിയതിനെതുടർന്നാണ് യുദ്ധം. ആദ്യമൊക്കെ ഇംഗ്ലീഷുകാർ ജയിച്ചു. അവർ ഓർളിയൻസ് വളഞ്ഞപ്പോൾ *ജൊവാൻ ഓഫ് ആർക്ക്* (1412-31) എന്ന 17കാരി പെൺകുട്ടിയുടെ നേതൃത്വത്തിൽ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാരെ തുരത്തി. അടുത്തവർഷം ബുർഗുണ്ടിയർ അവളെ പിടിച്ച് ഇംഗ്ലീഷുകാർക്കു കൈമാറി. അവളെ അവർ വിസ്തരിച്ച് മെയ് 30 ന് തീയിലിട്ടു ചുട്ടുകൊന്നു. 1456 ലെ അപ്പീൽകോടതി അവളെ കുറ്റവിമുക്തയാക്കി. 1920-ൽ ബനഡിക്ട് 15-ാമൻ പാപ്പാ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. ഫ്രാൻസിന്റെ രണ്ടാമത്തെ മധ്യസ്ഥയാണ് ജൊവാൻ. 1453-ൽ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാരെ പൂർണമായി പരാജയപ്പെടുത്തി. അതോടെ നൂറുവർഷയുദ്ധം അവസാനിച്ചു. ഈ യുദ്ധത്തിൽ ഇരുപക്ഷത്തും ധാരാളം പേർ മരിച്ചു. യുദ്ധത്തിൽ ഏർപ്പെടാത്ത ധാരാളം ജനങ്ങളെയും കൊന്നുകളഞ്ഞു. ഈ യുദ്ധവും ജനസംഖ്യ ഗണ്യമായി കുറയുന്നതിനു ഹേതുവായി.

www.malankaralibrary.com

## 25

# ഇരുണ്ട കാലഘട്ടം

മധ്യകാലഘട്ടത്തെ ഇരുണ്ടകാലഘട്ടം എന്ന് വിളിക്കുന്നത് എന്തുകൊണ്ടാണ്? സഭാപിതാക്കന്മാരുടെ സഭാകാലഘട്ടത്തിൽ നിന്ന് മധ്യകാലഘട്ടത്തിനുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? മധ്യകാലഘട്ടസഭയെയല്ല, പിതാക്കന്മാരുടെ കാലത്തുണ്ടായിരുന്ന സഭയെയാണ് നാം മാതൃക ആക്കേണ്ടത് എന്നു പറയാൻ കാരണം എന്താണ്?

പിതാക്കന്മാരുടെ കാലത്തു തന്നെ സഭയിൽ തുടങ്ങിയ പിളർപ്പ് മധ്യകാലഘട്ടങ്ങളിൽ വളർന്നു. പരസ്പരബന്ധമോ, കൂട്ടായ്മയോ, സംസർഗമോ ഇല്ലാതെ സഭകൾ സ്വന്തപാതകളിലൂടെ മുന്നോട്ടുനീങ്ങി. ഏകപക്ഷീയമായ സഭാശാസ്ത്രങ്ങളും ദൈവശാസ്ത്രവീക്ഷണങ്ങളും വളർത്തിയെടുത്തു. അഭിപ്രായവ്യത്യാസങ്ങൾ പലതും പദപ്രയോഗങ്ങളിലുള്ള വൈവിധ്യമായി കാണാൻ സഭകൾക്കു കഴിഞ്ഞില്ല. വിശ്വാസത്തിന്റെ സാരസത്തയും അവതരണരീതികളും ഒന്നായി കണ്ടു. ഐക്യത്തിനുള്ള ആഴമായ അഭിനിവേശം ഗൗരവമായി സഭകളുടെ ഭാഗത്തുനിന്നുണ്ടായില്ല. പിളർപ്പ് പാപമാണ് എന്ന അവബോധം തന്നെ ഇല്ലാതായി.

എല്ലാഭാഗങ്ങളിൽ നിന്നും അപരിഷ്കൃതരുടെ കടന്നാക്രമണം ഗ്രേക്കോ-റോമൻ ലോകത്തുണ്ടായി. മധ്യേഷ്യയിൽനിന്ന് ഒന്നിനു പിറകെ ഒന്നായി നിരവധി തള്ളിക്കയറ്റങ്ങൾ ഉണ്ടായി. അങ്ങനെ പാശ്ചാത്യലോകത്തു കടന്നവരെയും ബന്ധപ്പെട്ടവരെയും ഒക്കെ പാശ്ചാത്യക്രിസ്ത്യാനികൾ മാനസാന്തരപ്പെടുത്തി ക്രൈസ്തവരാക്കി. പൗരസ്ത്യദേശത്തുള്ള സഭകൾ പരസ്പരം കലഹിച്ച് കഴിഞ്ഞതിനാൽ ഈ

www.malankaralibrary.com



ദൗത്യനിർവഹണത്തിൽ അവർ പരാജയപ്പെട്ടു. തെക്കുനിന്നു വന്ന അറബികൾ മധ്യേഷ്യയിൽ നിന്നുവന്ന തുർക്കികൾ, മംഗോളിയായിൽ നിന്നു ഇരച്ചുകയറിയ മംഗോളിയർ എന്നിവരെ ഒറ്റക്കെട്ടായി നിന്ന് ക്രൈസ്തവീകരിക്കാനുള്ള ശക്തി പൗരസ്ത്യക്രൈസ്തവർക്കില്ലാതെ പോയി. തെക്കുനിന്നു വന്ന അറബികൾ, ഇസ്ലാം മലവെള്ളത്തിൽ അവരെയൊക്കെ മുക്കിക്കളഞ്ഞു. ബിസൻറയിൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളെ മാത്രമല്ല, ആക്രമണകാരികളായി കടുന്നുവന്ന തുർക്കികളെയും മംഗോളിയരെയും ഒക്കെ അറബികൾ മുസ്ലീങ്ങളാക്കി.

പാശ്ചാത്യസഭാനേതൃത്വം രാഷ്ട്രനേതൃത്വം കൂടി ഏറ്റെടുത്തപ്പോൾ, ലൗകികനേട്ടങ്ങളിൽ ഉന്നംവച്ചവർ സഭാനേതൃസ്ഥാനങ്ങളിൽ നോട്ടമിട്ടു. റോമിലെയും മറ്റും പ്രഭുകുടുംബങ്ങൾ സഭാനിയന്ത്രണം തങ്ങളുടെ കൈക്കുള്ളിലാക്കി. സഭാസ്വത്തുക്കൾ ആയിരുന്നു അവരുടെ ലക്ഷ്യം. നേതൃസ്ഥാനങ്ങളൊക്കെ തങ്ങളുടെ സ്വന്തക്കാരെയും ബന്ധുക്കാരെയും കൊണ്ടുനിറച്ചു. മറ്റ് ലൗകികസ്ഥാനങ്ങൾ പോലെയും അധികാരങ്ങൾപോലെയും സഭാനേതൃത്വം തരംതാണു. തെരുവുയുദ്ധങ്ങൾ, കൈക്കൂലി, സ്വജനപക്ഷപാതം എന്നുതുടങ്ങി, തങ്ങളുടെ ലക്ഷ്യം നേടാൻ അത്തരക്കാർ എല്ലാ മാർഗങ്ങളും ഉപയോഗിച്ചു. സ്വജനപക്ഷപാതം സഭാചരിത്രത്തിൽ *nepotism* എന്നാണ് അറിയപ്പെടുന്നത്. അനർഹരായ ബന്ധുമിത്രാദികളെ സഭാസ്ഥാനങ്ങളിൽ തിരുകിക്കയറ്റുന്നതാണ് *നെപ്പോട്ടിസം*. സഭയും സഭാസ്വത്തുക്കളും ഇത്തരക്കാർ സ്വന്തം തറവാട്ടുസ്വത്തുപോലെ കൈകാര്യം ചെയ്തു. കൈക്കൂലി കൊടുത്ത് ആത്മീയസ്ഥാനങ്ങൾ കരസ്ഥമാക്കുന്നതിനെ സഭാചരിത്രത്തിൽ *സൈമണി(Simony)* എന്നാണു വിളിക്കുക. പണം എല്ലാറ്റിൻെറയും മാനദണ്ഡമായി തീരുക, ആധ്യാത്മികതയ്ക്ക് യാതൊരു വിലയും കല്പിക്കാതിരിക്കുക, മൂല്യങ്ങളൊക്കെ പണത്തിൽ അധിഷ്ഠിതമാക്കുക, സ്ഥാനങ്ങൾ കരസ്ഥമാക്കി കഴിഞ്ഞാൽ, കൊടുത്ത പണം ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളുക ആദിയായവ സൈമണിയിൽ ഉൾപ്പെടുന്നു.

ദൈവഭയമില്ലാത്തവരും വെറും ലൗകികരുമായ മനുഷ്യരുടെ കൈകളിൽ ആത്മീയവും രാഷ്ട്രീയവുമായ അധികാരങ്ങൾ ഒന്നിച്ച് നിക്ഷിപ്തമാകുമ്പോൾ ധാർമ്മികഭ്രംശം സ്വാഭാവികമാണ്. മധ്യകാലഘട്ടത്തിൽ പലപ്പോഴും സാധാരണമായിരുന്നു ഇത്തരം ധാർമ്മികഭ്രംശം. സാധാരണക്കാരും മൂല്യങ്ങൾക്ക് വില കല്പിച്ചില്ല. കടുത്ത മൂല്യച്യുതിയിൽ കിടന്ന് സമൂഹം നട്ടം തിരിഞ്ഞുകൊണ്ടിരുന്നു.

www.malankaralibrary.com



ആത്മീയതയുടെ അഭാവത്തിൽ ബാഹ്യമായ ആഡംബരങ്ങളിലും മോടിയിലും ലൗകികപ്രതാപത്തിലും നേതൃസ്ഥാനത്തു വന്നവർ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഇത് ആരാധനാനുഷ്ഠാനങ്ങളിലും വൈദിക ജീവിതത്തിൽ ഉടനീളവും പ്രകടമായിരുന്നു. ആഡംബരപൂർണ്ണമായ വേഷവിധാനങ്ങൾ, സ്ഥാനപ്പേരുകൾ, സഭയുടെ ആഘോഷങ്ങളിൽ ബാഹ്യമായ മേളക്കൊഴുപ്പുകൾ എന്നിവയ്ക്ക് മുൻതൂക്കം ലഭിച്ചു. ആത്മീയതയുടെ അഭാവത്തിൽ ഇത്തരം ബാഹ്യപ്രൗഢി സടകുടഞ്ഞെഴുന്നേൽക്കുക സ്വാഭാവികം മാത്രം.

ഫ്യൂഡലിസത്തോടുകൂടി പാശ്ചാത്യസഭ ഏതാണ്ട് മിക്കവാറും തന്നെ ഫ്യൂഡൽപ്രഭുക്കന്മാരുടെ നിയന്ത്രണത്തിലായി. തങ്ങളുടെ സ്വന്തക്കാരെ നേതൃസ്ഥാനങ്ങളിൽ കയറ്റി സഭയെ കൊള്ളയടിക്കാൻ ഫ്യൂഡൽ പ്രഭുക്കന്മാർ ശ്രമിച്ചു. അല്ലെങ്കിൽ തങ്ങളുടെ വരുതിക്ക് നിൽക്കുന്ന പാദസേവകർക്ക് സഭാസ്ഥാനങ്ങൾ ഭരമേല്പിച്ചു. പണം കൊടുത്ത് രൂപതകളും പള്ളികളും സ്വന്തമാക്കിയവരും ഉണ്ടായിരുന്നു. മെത്രാന്മാരെയും മറ്റ് സഭാധികാരികളെയും നീക്കുകയും നിയമിക്കുകയും ചെയ്തിരുന്നതൊക്കെ ഫ്യൂഡൽപ്രഭുക്കന്മാരായിരുന്നു.

ഇങ്ങനെ എല്ലാത്തരത്തിലും അൽമായമേധാവിത്വം (lay domination) നിലനിന്നു. അൽമായർക്ക് അവരുടേതായ സ്ഥാനം സഭയിൽ ഉണ്ട്. എന്നാൽ ചാർളിമെയിന്റെ കാലം മുതൽ അൽമായ സ്വാധീനം അതിരുകടന്നു. വൈദികസ്ഥാനികളേക്കാൾ അൽമായ പ്രമാണികൾ സഭയെയും 'സഭാകാര്യങ്ങളെയും നിയന്ത്രിച്ചിരുന്നു. ചാർളിമെയിൻ വിശുദ്ധ റോമാസാമ്രാജ്യത്തിൽ ഉള്ള സഭയുടെ സർവാധികാരി ആയതു പോലെ ഓരോ ഫ്യൂഡൽപ്രഭുവും തന്റെ കീഴിലുള്ള സഭയിലും പ്രയോഗിക്കാൻ തുടങ്ങി.

ഫ്യൂഡൽ പ്രഭുക്കന്മാർ പള്ളികളും തീർത്ഥാടനകേന്ദ്രങ്ങളും പണികഴിപ്പിച്ച് ശമ്പളക്കാരായി വൈദികസ്ഥാനികളെ നിയമിക്കുന്ന രീതികളും ഉണ്ടായിരുന്നു. *Proprietary Church System* എന്നാണിത് അറിയപ്പെടുന്നത്. വരുമാനമെല്ലാം ഉടമസ്ഥനായിരിക്കും. മിക്ക രൂപതകളിലും ഭൂരിപക്ഷം പള്ളികളും ഇപ്രകാരം ഫ്യൂഡൽ പ്രഭുക്കന്മാരുടെ വകയായിരുന്നു. അവർ അവ ഇഷ്ടാനുസരണം വില്ക്കുകയോ, വാങ്ങുകയോ ചെയ്തിരുന്നു. മെത്രാന്മാർക്ക് നാമമാത്രമായ അധികാരമേ അവിടെ ഉണ്ടായിരുന്നുള്ളൂ.

www.malankaralibrary.com



പ്രമുഖരായ ഫ്യൂഡൽ പ്രഭുക്കന്മാർക്കും അവരുടെ ആശ്രിതരോ ബന്ധുക്കളോ ആയ മെത്രാന്മാർക്കും ഒന്നിലേറെ രൂപതകളുടെയും തീർത്ഥാടനകേന്ദ്രങ്ങളുടെയും ആശ്രമങ്ങളുടെയും ഉടമസ്ഥാവകാശം ഉണ്ടായിരുന്നു. *Pluralism* എന്നാണ് സഭാചരിത്രത്തിൽ ഇതറിയപ്പെട്ടിരുന്നത്. മെത്രാന്മാർ പലരും രൂപതകളിൽ പോകാതെ പകരക്കാരെ കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. മെത്രാന്മാർ പ്രഭുകുടുംബങ്ങളിൽ താമസിച്ചിരുന്നു. *Absenteeism* എന്ന് ഇത് അറിയപ്പെടുന്നു. ആത്മീയ കാര്യങ്ങളിലാകട്ടെ, സഭാകാര്യങ്ങളിലാകട്ടെ ഇവരിൽ പലർക്കും താല്പര്യമില്ലായിരുന്നു.

സുശക്തമായ രാജാക്കന്മാരുടെ അഭാവത്തിൽ നാടിന്റെ സംരക്ഷണം ഫ്യൂഡൽപ്രഭുക്കന്മാർക്കു തന്നെ ഏറ്റെടുക്കേണ്ടിവന്നു. മധ്യേഷ്യയിൽനിന്ന് അപരിഷ്കൃതരുടെ നിരന്തരമായ തള്ളിക്കയറ്റം ഉണ്ടായിക്കൊണ്ടിരുന്ന പശ്ചാത്തലത്തിൽ ഇത് അനിവാര്യമായിരുന്നു. ഫ്യൂഡൽപ്രഭുക്കന്മാരോടു ചേർന്നുകൊണ്ട് നല്ല സൈന്യത്തെ ശേഖരിച്ച് പരിശീലിപ്പിച്ചുനിർത്തുക മെത്രാന്മാരുടെ കടമയായിരുന്നു. നല്ല കായബലമുള്ളവനും നല്ല സൈന്യശേഷി ഉള്ളവനും നല്ല മെത്രാനായി കരുതപ്പെട്ടു. ചില സന്ദർഭങ്ങളിൽ മെത്രാന്മാർ തന്നെ നേരിട്ട് സൈന്യത്തെ നയിച്ചിരുന്നു; അപൂർവം ചില സന്ദർഭങ്ങളിൽ മാർപാപ്പാമാരും സൈന്യാധിപന്മാരായി യുദ്ധം നയിച്ചിരുന്നു.

മനുഷ്യരുടെ ബൗദ്ധികനിലവാരം താണു. വൈദികരും ജനങ്ങളും ഒരുപോലെ അജ്ഞരായിരുന്നു. ഉന്നതഗോപുരം കണക്കെ ചിലർ ബൗദ്ധിക തലത്തിൽ ഉയർന്നുനിന്നു എന്നതൊഴിച്ചാൽ, അനേകരും തികച്ചും പാണ്ഡിത്യമില്ലാത്തവരായിരുന്നു. ആയോധനത്തിലായിരുന്നു അവരുടെ പരിശീലനം. കച്ചവടം അറബികളുടെ കുത്തകയായി കഴിഞ്ഞപ്പോൾ കിഴക്കൻ രാജ്യങ്ങളുമായി നേരിട്ടുള്ള ബന്ധം പാശ്ചാത്യർക്കു നഷ്ടമായി. ലോകത്തെപ്പറ്റിയുള്ള അറിവുതന്നെ ചുരുങ്ങി.

മിക്ക നേതാക്കന്മാരും പണസമ്പാദനത്തിലും ലൗകിക പ്രതാപത്തിലും ശ്രദ്ധിച്ചു. തങ്ങളുടെ സുഖസൗകര്യങ്ങളിലായിരുന്നു അവരുടെ താല്പര്യം. ദൈവത്തോടും ദൈവജനത്തോടുമുള്ള കടമ പാടേ വിസ്മരിച്ചു. ഫ്യൂഡൽപ്രഭുവിൽനിന്ന് അധികാരം ലഭിക്കുന്നയാൾ ഒന്നാമതായി അയാളോടായിരിക്കും വിധേയനായിരിക്കുക. ഫ്യൂഡൽപ്രഭു അധികാരം നൽകുന്നു എന്നതരത്തിലുള്ള ചടങ്ങുകളും ഉണ്ടായിരുന്നു. *Lay investiture* എന്നാണിത് അറിയപ്പെടുന്നത്.

www.malankaralibrary.com



നവോത്ഥാനകാലമായപ്പോഴേക്കും ദൃശ്യകലകളിലേക്കും കൊത്തുപണിയിലേക്കും നേതാക്കന്മാരുടെ ശ്രദ്ധ തിരിഞ്ഞു. എല്ലായിടത്തും പുതിയപുതിയ കെട്ടിടങ്ങൾ, പള്ളികൾ, രൂപങ്ങൾ എന്നു വേണ്ട മറ്റൊന്നിലും ശ്രദ്ധിക്കാൻ കഴിയാതെ പണികളിൽ മാത്രം അവർ ശ്രദ്ധിച്ചു. പണികൾക്കായി പണം ശേഖരിക്കുന്ന ബദ്ധപ്പാടിലായിരുന്നു അവർ. സെൻറ് പീറ്റേഴ്സ് പോലുള്ള മനോഹരമന്ദിരങ്ങൾ ഉയർന്നുവന്നു. ജനങ്ങളുടെ ആത്മീയതയിൽ ശ്രദ്ധിക്കാതിരുന്നത് നവോത്ഥാനകാലത്തെ വലിയ പോരായ്മയായിപ്പോയി. ഏറ്റവും നല്ല പണിക്കാരൻ, ഏറ്റവും കൂടുതൽ പണം ഉണ്ടാക്കുന്നവൻ, ഏറ്റവും നല്ല മെത്രാൻ അഥവാ വൈദികൻ എന്ന നിലയിലേക്ക് തരംതാണു.

ദൈവശാസ്ത്രത്തിൽ ഗണ്യമായ വളർച്ച ഉണ്ടാകാത്ത കാലഘട്ടത്തിൽ കാനൻനിയമം തഴച്ചുവളർന്നു. കാനൻനിയമത്തിൻെറ അതിപ്രസരം മധ്യകാലഘട്ടത്തിൻെറ പ്രത്യേകതയാണ്. സെൻറ് തോമസിനെപ്പോലെയുള്ള അപുർവ പ്രതിഭകൾ കൊടുമുടി കണക്കെ ഉയർന്നുനില്ക്കുന്നതൊഴിച്ചാൽ മധ്യകാലഘട്ടത്തിലെ ദൈവശാസ്ത്രവളർച്ച ശുഷ്കമായിരുന്നു. സെൻറ് തോമസിനുപോലും വേണ്ടത്ര പരിഗണന അക്കാലത്തു ലഭിച്ചില്ല.

ജീവിതവിശുദ്ധിയിലോ ക്രിസ്തീയതയിലോ അല്ല കാര്യപ്രാപ്തിയിലാണ് പലരും ശ്രദ്ധിച്ചിരുന്നത്. അതിനുപയോഗിക്കുന്ന രീതികളെപ്പറ്റിയോ, വ്യക്തികളുടെ ജീവിതത്തെപ്പറ്റിയോ ആത്മീയതയെപ്പറ്റിയോ വേണ്ടത്ര പരിഗണിച്ചില്ല. എന്നാൽ ഇവയുടെയെല്ലാം മധ്യത്തിൽ തികച്ചും സുവിശേഷാനുസൃതം ജീവിച്ച താപസരും മെത്രാന്മാരും പാപ്പാമാരും ഉണ്ടായിരുന്നു. അവരുടെ എണ്ണം കുറവായിരുന്നു എന്നു മാത്രം. സഭാനിയമങ്ങളോ ചട്ടക്കുടുകളോ ഇല്ലാഞ്ഞിട്ടല്ല, പിന്നെയോ, ഏതിൽ നിന്നും ഇളവു ലഭിക്കുന്ന രീതിയിൽ ധാരാളം *dispensations* ഉണ്ടായിരുന്നു. അവയുടെ മറവിൽ സഭാജീവിതത്തിൻെറ കേന്ദ്രധാരയിൽ നിന്നകലാൻ പലരും പഴുതുകൾ കണ്ടെത്തി. ഇതിൽ മുൻപന്തിയിൽ നിന്നത് സന്ന്യാസികളാണ്.

ആരാധനാധിഷ്ഠിതജീവിതത്തിനും തകിടംമറിച്ചിൽ ഉണ്ടായി. ലിറ്റർജിയെപ്പറ്റിയുള്ള വീക്ഷണത്തിൽ പാടേ മാറ്റം വന്നു. മനുഷ്യൻെറ ആത്മീയദാഹം ശമിപ്പിക്കാൻ ഭക്തകൃത്യങ്ങളിലേക്കും, തീർത്ഥാടനങ്ങളിലേക്കും നൊവേനകളിലേക്കും തിരിഞ്ഞു. യഥാർത്ഥമായ കൗദാശിക ജീവിതത്തിൻെറ അഭാവത്തിൽ ഇവയൊക്കെ തഴച്ചുവളർന്നു. പ്രദക്ഷി

www.malankaralibrary.com



ണങ്ങൾ, പെരുന്നാളുകൾ, റാസകൾ, യോഗങ്ങൾ എന്നിവ വ്യാപകമായി. അതായത്, ആന്തരികതയുടെ സ്ഥാനത്ത് ബാഹ്യമായ പ്രൗഢിയും പ്രതാപവും മേളക്കൊഴുപ്പും സ്ഥാനം പിടിച്ചു.

നവീകരണം നടപ്പാക്കാൻ ബാധ്യസ്ഥരായ നേതാക്കന്മാർപോലും അതിൽ ശ്രദ്ധിച്ചില്ല. "അടിമുതൽ മുടിവരെ കൊടിയ തിന്മ വ്യാപിച്ചിരിക്കുന്നു" എന്ന് ഒരു കർദ്ദിനാൾ സംഘത്തിൻെറ റിപ്പോർട്ട് വിലപിക്കുന്നു. ഇതിനൊക്കെ അറുതി വരുത്താനാണ് ട്രെൻറ് കൗൺസിൽ കൂടിയത്. അതോടുകൂടി ആധുനികയുഗം ഉദയംചെയ്തു എന്നു പറയാം. എന്നാൽ മധ്യകാലഘട്ടത്തിൻെറ അരൂപി ആധുനികകാലത്തേയ്ക്കും കടന്നു വന്നതായി നാം കാണുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വലിയ മാറ്റങ്ങൾക്കു തുടക്കം കുറിച്ചെങ്കിലും ഇപ്പോഴും ചിലയിടങ്ങളിലെങ്കിലും മധ്യകാലചിന്താഗതികളും പ്രവർത്തനശൈലികളും തുടരുന്നതായി കാണാം. സഭയിൽ ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ഉണ്ട്. മാനുഷികബലഹീനതകളാൽ സഭയുടെ മുഖം പലപ്പോഴും വിരൂപമാകാറുണ്ട്. അത്തരത്തിൽ മധ്യകാലഘട്ടത്തിൽ പലതും സംഭവിച്ചു. എങ്കിലും സുവിശേഷചൈതന്യത്തിലേക്ക് തിരിച്ചുപോയി ലോകദീപമായി സഭയ്ക്കു വർത്തിക്കുവാൻ കഴിയുന്നത് സഭയിലെ ദൈവികഘടകം നിമിത്തമത്രേ.

www.malankaralibrary.com

## 26

# പശ്ചിമേഷ്യൻ ക്രിസ്തുമതം

ക്രിസ്തുവർഷം 500-നും 1000-നും ഇടയ്ക്ക് ലോകചരിത്രഗതിയെ തിരിച്ചുവിട്ട രണ്ട് വ്യക്തികളുണ്ട്. പടിഞ്ഞാറ് ചാർളിമെയിനും (768-814) കിഴക്ക് മുഹമ്മദുനബിയും (570-632). ഒരാൾ ഏഷ്യയിലെ ക്രിസ്തുമതത്തിൻെറ തകർച്ചയുടെ പ്രതീകമാണെങ്കിൽ മറ്റെയാൾ യൂറോപ്പിലെ ക്രിസ്തുമതത്തിൻെറ വളർച്ചയുടെ പ്രതീകമാണ് . സഭാചരിത്രത്തിൽ പരാജയം അന്തിമമല്ല; വിജയത്തിലേക്കുള്ള ചവിട്ടുപടികളാണ്; വളർച്ചയും പരിപൂർണമല്ല; നിരന്തരപ്രക്രിയയാണ്. എങ്കിലും ക്രിസ്തുമതത്തിൻെറ പിള്ളത്തൊട്ടിലായ ഏഷ്യയിൽ ക്രിസ്തുമതത്തിന് ഇസ്ലാം കടുത്ത പ്രഹരമേല്പിച്ചു.

ഈജിപ്ത്, സിറിയാ, പലസ്തീന, ഏഷ്യാമൈനർ (തുർക്കി), മെസൊപ്പൊട്ടേമിയ എന്നിവിടങ്ങളിൽ ഏഴാം നൂറ്റാണ്ടിൽ മിക്കവാറും എല്ലാവരും തന്നെ ക്രിസ്ത്യാനികളായിരുന്നു. എങ്കിലും ഈ പ്രദേശങ്ങളിലെ സുറിയാനിക്കാരും കോപ്തിക്കുകാരും (ഈജിപ്തുകാരും) ബിസൻറയിൻ ഭരണത്തിൽ അതൃപ്തരായിരുന്നു. അക്കാരണത്താൽ അറബി മേധാവിത്വം ആദ്യകാലത്ത് പൊതുവെ വിമോചനമായി കണ്ടവരുണ്ട്. സംസ്കാരസമ്പന്നരായ ക്രൈസ്തവരുടെ സഹായം അറബികൾക്ക് ആവശ്യമായിരുന്നു. മുഹമ്മദിൻെറ കാലത്തും അറബിഭാഷയിൽ ബൈബിൾ ഉണ്ടായിരുന്നില്ല. അറേബ്യയിൽ കച്ചവടക്കാരായ യഹൂദരും ക്രൈസ്തവരും എത്തിയിരുന്നെങ്കിലും അറബികളെ മാനസാന്തരപ്പെടുത്താനുള്ള നടപടികളൊന്നും ഗണ്യമായിട്ട് ഉണ്ടായില്ല. പേർഷ്യൻ-റോമൻ അതിർത്തിയിൽ അലഞ്ഞുനടന്ന അറബികൾ ക്രിസ്ത്യാനികളാ

www.malankaralibrary.com



യെങ്കിലും അവരുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു. അറബി ദേശീയതയലേക്കാഴ്ന്നിറങ്ങാൻ അന്നത്തെ ക്രിസ്തുമതത്തിനു കഴിഞ്ഞില്ല.

## ക്രിസ്തുമതവും അറബികളും

അറബികളുമായി ബന്ധപ്പെട്ട ക്രിസ്ത്യാനികൾ ഒരുതരം എബിയൊണൈറ്റ് -എൽക്കസയ്റ്റ് ചിന്താഗതി പുലർത്തിയിരുന്നു. 'ക്രിസ്തുവിനെ ഒരു വലിയ പ്രവാചകനായി കാണുക, ദൈവപുത്രൻ എന്ന നിലയിൽ കാണാൻ കഴിയാതിരിക്കുക' എന്നിവ ഈ യുദയോ-ക്രിസ്ത്യൻ വിഭാഗങ്ങളുടെ പ്രത്യേകതകളായിരുന്നു. വികലമായ ക്രിസ്തുമതമാണ് ഇക്കൂട്ടർ കാഴ്ചവച്ചത്. ത്രിത്വപ്രബോധനം, ക്രിസ്തുവിൻെറ ദൈവത്വം എന്നിവ ഇവർക്ക് അന്യമായ ചിന്തകളായിരുന്നു. ഇതായിരുന്നു അറേബ്യായിലെ സ്ഥിതി. അറേബ്യയ്ക്ക് പുറത്തുനിന്ന് കച്ചവടക്കാരായി വന്ന ക്രൈസ്തവരും വിഭജിതക്രിസ്തുമതത്തിൻെറ വക്താക്കളായിരുന്നു. "മെൽക്കീത്തർ, യാക്കോബായക്കാർ, നെസ്തോറിയർ" എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന വിഭാഗങ്ങളിൽ ഉൾപെട്ടവരും വ്യത്യാസങ്ങൾ ഊന്നിപ്പറയുന്നതിൽ വ്യഗ്രത പൂണ്ടവരും കലഹപ്രിയരുമായിരുന്നു അവർ. ക്രിസ്തുമതത്തിൻെറ സാരസത്തയിൽനിന്ന് അകന്ന ക്രൈസ്തവത്വമാണ് അവർ കാഴ്ചവച്ചത്. അതുപോലെ ക്രിസ്തീയപ്രബോധനം വേണ്ടവണ്ണം അവതരിപ്പിക്കാൻ കഴിവില്ലാത്തവരും ആയിരുന്നു. കച്ചവടക്കാരായിരുന്ന യഹൂദരും ക്രൈസ്തവരും കച്ചവടനേട്ടങ്ങളിൽ കണ്ണുനട്ടിരുന്നു.

കച്ചവടക്കാരുടെ കൂടെ യാത്രചെയ്യുന്നതിനിടയിൽ കിട്ടിയ പരിമിതമായ അറിവേ മുഹമ്മദിന് ക്രിസ്തുവിനെപ്പററിയും ക്രിസ്തുമതത്തെപ്പറ്റിയും ഉണ്ടായിരുന്നുള്ളു; അതുപോലെ പഴയനിയമ പരിജ്ഞാനവും. ദാർശനികനായിരുന്ന മുഹമ്മദിൻെറ ചിന്തകളെ ഈ വികല യഹൂദ-ക്രൈസ്തവചിന്തകൾ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. മുഹമ്മദിൻെറ ജീവിതകാലത്തുതന്നെ ഉത്തരയെമനിലെ നജ്റനിലുള്ള ക്രിസ്ത്യാനികളുമായി ധാരണയുണ്ടാക്കി എന്ന് ക്രിസ്ത്യൻ -മുസ്ലീം രേഖകൾ സാക്ഷിക്കുന്നു. ഓമാറിൻെറ കാലത്താണ് (634-644) ഒരു ധാരണ ഉരുത്തിരിഞ്ഞത് എന്നും പറയുന്നവരുണ്ട്.

മുഹമ്മദ് വ്യക്തിപരമായി ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടിരുന്നു എന്നു സാക്ഷിക്കുന്ന നിരവധി പാരമ്പര്യങ്ങളുണ്ടെന്ന് ഇബ്ന് ഇസാക്ക്

www.malankaralibrary.com



(8th c.) തുടങ്ങിയ ജീവചരിത്രഗ്രന്ഥകാരന്മാരിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. കച്ചവടക്കാരുമായി യാത്രചെയ്ത അവസരം ബോസ്ത്രായിൽ വച്ച് ബഹീറാ എന്ന യാക്കോബായ സന്യാസിയുമായി ബന്ധപ്പെട്ടു. എത്യോപ്യക്കാരനായ ഒരു യാബർ, അൽ മർവാ കുന്നിലിരുന്ന് മുഹമ്മദിനെ പലതും പറഞ്ഞു മനസ്സിലാക്കിയിരുന്നു. മുഹമ്മദിൻെറ ആദ്യഭാര്യയുടെ ഒരു കസിൻ ആയ വറാഖാഹ് ക്രിസ്ത്യാനിയായിരുന്നു. 610 ഓടുകുടി, മുഹമ്മദിന് 40 വയസ്സുള്ളപ്പോൾ ദർശനങ്ങൾ ഉണ്ടായതായി കരുതപ്പെടുന്നു.

പേർഷ്യൻ- റോമൻ സാമ്രാജ്യങ്ങൾ ഈ കാലഘട്ടങ്ങളിലൊക്കെ നിരന്തര സമരത്തിലായിരുന്നു. അതിർത്തിയിലെ ഘസനിഡ് ക്രിസ്ത്യൻ രാജാക്കന്മാർ റോമൻ പക്ഷത്തായിരുന്നു; എന്നാൽ ലാക്മിഡ്-യെമൻ ക്രിസ്ത്യൻ രാജാക്കന്മാർ പേർഷ്യൻ പക്ഷത്തും. റോമൻ അതിർത്തിയിലുള്ളവർ "യാക്കോബായവിശ്വാസം" പുലർത്തിയപ്പോൾ പേർഷ്യൻ അതിർത്തിയിലുള്ളവർ "നെസ്തോറിയൻ" രീതികളവലംബിച്ചു. എന്നാൽ മധ്യഅറേബ്യൻ ജനതയാണ് സാമ്പത്തികമായും രാഷ്ട്രീയമായും മുന്നേറാൻ ഇടയായത്. അവരുടെ നേതാവായി മുഹമ്മദ് ഉയർന്നുവന്നു.

വിഗ്രഹാരാധനയ്ക്കെതിരായും സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കെതിരായും മുഹമ്മദ് പ്രസംഗിച്ചത് ഇഷ്ടപ്പെടാത്ത പണക്കാർ മുഹമ്മദിനെ "ശല്യക്കാരൻ" എന്ന നിലയിൽ 622-ൽ മെക്കായിൽ നിന്ന് ഓടിച്ചു. ഇസ്ലാമിക വർഷമായ ഹിജറായുടെ ആരംഭം കുറിക്കുന്നത് പ്രസ്തുത വർഷമാണ്. മെദീനായിലെ യഹൂദരുമായി മുഹമ്മദ് ബന്ധപ്പെട്ടു. അവരുമായി സന്ധിയുണ്ടാക്കി. തുടർന്ന് മെദീനായിലെ അറബികളെ യോജിപ്പിച്ച് അവരുടെ സഹായത്തോടുകൂടി 628-ൽ മെക്കായിലുള്ള എതിരാളികളെ അമർച്ചചെയ്തു. അതിനുശേഷം മെദീനായിലെ യഹൂദരെ നാടുകടത്തുകയോ, കൊല്ലുകയോ ചെയ്തു. അറേബ്യയിലുള്ളവരെയെല്ലാം യോജിപ്പിക്കുകയായിരുന്നു ആദ്യലക്ഷ്യം. 630-ൽ പ്രവാചകൻതന്നെ, നേരിട്ട് തെക്കൻ പേർഷ്യൻ പ്രദേശങ്ങൾ ആക്രമിച്ചു. ബക്ര് ബനുവൈൽ, തഗ്ലിബ് എന്നീ യാക്കോബായാ അറബി ക്രിസ്ത്യൻ ഗോത്രങ്ങളെ പരാജയപ്പെടുത്തി. രണ്ടുവർഷത്തിനുശേഷം മുഹമ്മദ് നബി മരിച്ചു.

## ക്രിസ്തുമതവും ഖുറാനും

കാലിഫ് ഓത്മാൻ (644-656) എന്ന നേതാവിൻെറ കാലത്താണ് ഖുറാൻെറ അംഗീകൃത പതിപ്പുണ്ടായത്. അതിനുമുമ്പ് വാമൊഴിയായി

www.malankaralibrary.com



നിലനിന്നു. സമാഹരണശ്രമം ഓമാർ (634-644) തുടങ്ങിയിരുന്നു. ക്രിസ്തുമതത്തെപ്പറ്റി ആഴമായ അറിവുള്ളതിന്റെ ലക്ഷണം ഖുറാനിൽ ദൃശ്യമല്ല. മുഹമ്മദ് ക്രിസ്തുമതത്തോട് അനുഭാവപൂർവമായ നിലപാട് എടുത്തിരുന്നു. അറബികൾ ഏകദൈവവിശ്വാസത്തിലേക്ക് തിരിഞ്ഞ ഏഴാംനൂറ്റാണ്ടിലെങ്കിലും ക്രിസ്ത്യാനികൾ അറബിയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തിരുന്നെങ്കിൽ പൗരസ്ത്യക്രിസ്തുമതത്തിന്റെ സ്ഥിതി വ്യത്യസ്തമാകുമായിരുന്നു. എന്നാൽ അറബികളുടെ നിർദ്ദേശാനുസരണം ഖുറാൻ എഴുതി ഉണ്ടാക്കാനാണ് ക്രൈസ്തവപണ്ഡിതന്മാർ യത്നിച്ചത്! വിവിധ ക്രിസ്തീയ വിഭാഗങ്ങൾ അറേബ്യയിൽ എത്തിയെങ്കിലും അറബി ജനതയ്ക്ക് മനസ്സിലാകുന്ന ഭാഷയിൽ രക്ഷാകര സന്ദേശം പകർന്നുകൊടുക്കാൻ അവർക്കു കഴിഞ്ഞില്ല. മറിച്ച് കലഹത്തിന്റെയും പരസ്പര കുറ്റാരോപണത്തിന്റെയും വക്താക്കളായിരുന്നു അവരൊക്കെ. ദൈവത്തെ വിളിക്കാൻ ക്രിസ്ത്യാനികൾ ഉപയോഗിച്ച നാമങ്ങളല്ല, അറബികൾ ഉപയോഗിച്ചുകൊണ്ടിരുന്ന അള്ളാ എന്ന നാമമാണ് മുഹമ്മദ്നബി എടുത്തത്. അറേബ്യയിലെ ദേവഗണങ്ങളെയെല്ലാം ദുരെയെറിഞ്ഞിട്ട് തന്റെ വിശ്വാസം ഏകദൈവത്തിൽ അദ്ദേഹം ഉറപ്പിച്ചു.

യേശുവിനെ വലിയ പ്രവാചകനായി ബഹുമാനപുരസരമത്രേ ഖുറാൻ കാണുക. സൂറാ 19-ൽ മോശയെപ്പോലെ തിരുലിഖിതപ്രവാചകനായി യേശുവിനെ ചിത്രീകരിക്കുന്നു. മോശയെ കൂടുതൽ പ്രാവശ്യം സൂചിപ്പിക്കുന്നുണ്ട്. യേശുവിനെ ഒരിക്കലും വിമർശിച്ചിട്ടില്ല. "ദൂതൻ"," പ്രവാചകൻ", "ദാസൻ", "സത്യവചനം", "ദൈവാത്മാവ്", "മറിയത്തിന്റെ മകൻ", "മ്ശിഹാ" എന്നിങ്ങനെ ക്രിസ്തുവിനെ പരാമർശിക്കുന്നു. യേശു കന്യകയിൽ നിന്നു ജനിച്ചു. അത്ഭുതങ്ങൾ പ്രവർത്തിച്ചു, അവൻ സജീവനായി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. "പ്രവാചകർ നൽകിയ നിയമം ഉറപ്പിക്കുക, മുഹമ്മദിനെപ്പറ്റി അറിയിക്കുക" എന്നിവയായിരുന്നു യേശുവിന്റെ ദൗത്യം എന്നാണ് ഖുറാന്റെ ഭാഷ്യം. യേശുവിനെപ്പറ്റി പറയുന്ന പലതും മൂന്നാം നൂറ്റാണ്ടിലെ അപ്രാമാണിക ഗ്രന്ഥങ്ങളിൽനിന്ന് എടുത്തിട്ടുള്ള കെട്ടുകഥകളാണ്."മരുഭൂമിയിൽ പനമരത്തിന്റെ കീഴിൽ മറിയം യേശുവിനെ പ്രസവിച്ചു" എന്ന കഥ, "മരം കുലുക്കി ഈന്തപ്പഴം പറിക്കാൻ മറിയത്തിനു ദൂതൻ നൽകുന്ന നിർദ്ദേശം", "സ്വർഗത്തിൽ നിന്ന് ഭക്ഷണം ഇറക്കിക്കൊടുക്കൽ" എന്നീ കഥകൾ ഇത്തരത്തിൽപെട്ടവയാണ്. യേശു കുരിശിൽ മരിച്ചു എന്ന ചരിത്രസത്യം വളച്ചൊടിച്ചാണ് ഖുറാനിൽ കൊടുത്തിരിക്കുന്നത് (19:22-26; 3:

www.malankaralibrary.com



49; 5:112-118; 4:157). യേശു മരിച്ചില്ലെന്ന് സൂറാ 4:157-ൽ കാണുന്നു; “ഞാൻ നിന്നെ മരിക്കാനിടയാക്കും” എന്ന് ദൈവം പറയുന്നതായി സുറാ 3:55-ൽ കാണാം. ഇവ തമ്മിൽ പൊരുത്തപ്പെടുത്താൻ ഭാഷ്യകാരന്മാർക്കു കഴിഞ്ഞിട്ടില്ല. “ഞാൻ നിന്നെ എടുക്കും” എന്ന് മയപ്പെടുത്തി വിവർത്തനം ചെയ്യുന്നു. ക്രിസ്ത്യാനികളിലും യഹൂദരിലും നിന്ന് അകലുന്ന ഒരു നയം ഖുറാനിൽ ദൃശ്യമത്രേ. ക്രിസ്തുമതത്തിലെ ത്രിത്വവിശ്വാസം, യേശുവിൻെറ ദൈവത്വത്തിലുള്ള വിശ്വാസം എന്നിവയെ പാടേ നിഷേധിക്കുന്ന നിലപാടുകൾ ഖുറാനിൽ കാണാം(4:171; 5:119; 7:162; 3:71). യഹൂദരെയും ക്രൈസ്തവരെയും സ്നേഹിതരായും സംരക്ഷകരായും കരുതരുതെന്ന് സൂറാ 5:54 പറയുന്നു. തുടർന്ന് ഏറ്റവും വലിയ ശത്രുക്കളായി യഹൂദരെയും ബഹുദേവതാവാദികളെയും കാണണം എന്നും, ക്രിസ്ത്യാനികളാണ് ഏറ്റവും അടുത്ത സ്നേഹിതർ എന്നും 5:85ലും കാണാം. “ഏകദൈവവിശ്വാസികളായ യഹൂദരെയും ക്രിസ്ത്യാനികളെയും ഇസ്ലാമിലേക്ക് ആകർഷിക്കാൻ കഴിയും” എന്ന ചിന്ത മുഹമ്മദ് ആദ്യമാദ്യം പുലർത്തിയിരിക്കാം. എന്നാൽ അത് മിഥ്യാധാരണയായിരുന്നെന്ന് പിന്നീട് വ്യക്തമായി. ഇസ്ലാമിനെ ക്രിസ്തീയ പാതയിലൂടെ തിരിച്ചുവിടാനുള്ള ശ്രമങ്ങളൊന്നും ഉണ്ടായില്ല.

സത്യത്തോട് തുറന്ന മനസ്ഥിതി പുലർത്തിയ മുഹമ്മദ് നബി എന്തുകൊണ്ട് ക്രിസ്ത്യാനി ആയില്ല? ഒന്നാമത് അറബിയിൽ ബൈബിളില്ലായിരുന്നു. യഥാർത്ഥക്രിസ്തുമതം അനുഭവിച്ചറിയാൻ മുഹമ്മദിന് അവസരം ലഭിച്ചില്ല. വിഭജിതരായ ക്രിസ്ത്യാനികളാണ് മുഹമ്മദിൻെറ മുമ്പിൽ കടന്നുവന്നവരൊക്കെ. വിഭജിതക്രിസ്തീയ ചട്ടക്കൂട്ടിനുള്ളിൽ അറബികളുടെ ഐക്യം അസാധ്യമാണെന്ന് മുഹമ്മദ് കരുതി. ചുറ്റുമുള്ള ക്രിസ്ത്യാനികളൊക്കെ ചുറ്റുമുള്ള രാഷ്ട്രങ്ങളുമായി രാഷ്ട്രീയമായും മതപരമായും ബന്ധപ്പെട്ടവരായിരുന്നു. പ്രസ്തുത ബന്ധങ്ങൾ കൂടാതെയുള്ള ഒരു ഏകദൈവവിശ്വാസം മുഹമ്മദുനബി അറബികൾക്കു നൽകി. താൻ ദൈവത്തിൻെറ പ്രവാചകനാണ് എന്ന ബോധ്യമാണ് ക്രിസ്തുമതാവലംബിയാകാതെ പുതിയ മതസ്ഥാപകനാകാൻ മുഹമ്മദിനെ പ്രേരിപ്പിച്ചത്.

## ക്രിസ്തുമതവും ആദ്യകാലിഫുമാരും (632-661)

അബുബേക്കർ (632-4), ഓമാർ (63444), ഓത്മാൻ (644-56), അലി (656-61) എന്നിവർ മുഹമ്മദിൻെറ ബന്ധുക്കളും അടുത്ത പിൻഗാമികളു

www.malankaralibrary.com



മായിരുന്നു. ആദ്യം മുതലേ ഇസ്ലാമിൽ കുടുംബകലഹം നിലനിന്നു. അലിയുടെ അനുയായികൾ *ഷിയാ മുസ്ലീങ്ങൾ (ഷിയാത് അലി)* എന്നും ഓത്മാൻെറ അനുയായികൾ *സുന്നിമുസ്ലീങ്ങൾ* എന്നും ഉള്ള വിഭജനം ഇപ്പോഴും നിലനില്ക്കുന്നു. മുഹമ്മദിൻെറ രക്തബന്ധത്തിലുള്ള അനുയായികളായ ഇമാമുകളിലാണ് ഷിയാമുസ്ലീങ്ങൾ നേതൃത്വം ദർശിക്കുന്നത്. മറ്റവരാകട്ടെ, മുഹമ്മദിൻെറ ജീവിതം, പ്രവർത്തനരീതികൾ *(സുന്നാ)* എന്നിവയെ ആധാരമാക്കി കാലീഫിൽ അധികാരം നിക്ഷേപിക്കുന്നു. ഷിയാകൾ കുടുതലും ഇറാനിലാണ്. ഇസ്ലാമിലെ ഭൂരിഭാഗ സമൂഹം സുന്നികളാണ്. എന്നാൽ രണ്ടുകൂട്ടരും ആത്യന്തികമായി ഖുറാനിലും പാരമ്പര്യങ്ങളിലും (ഹദീത്) തങ്ങളുടെ പ്രബോധനം ഉറപ്പിക്കുന്നു.

യാർമുക്യുദ്ധത്തിൽ വച്ച് (636) അറബികൾ ബിസൻറയിൻകാരെ തോല്പിച്ചു. ബിസൻറയിൻകാരുമായുള്ള ആദ്യത്തെ ഏറ്റുമുട്ടൽ ആയിരുന്നത്. കദ്ദീശിയായിൽ വച്ച് പേർഷ്യാക്കാരെയും തോല്പിച്ചു. ഓമാറാണ് ജറുസലേമിലെ മോസ്ക് പണികഴിപ്പിച്ചത്. കീഴടങ്ങിയ ക്രിസ്തീയ നഗരങ്ങളുമായി അറബികൾ സന്ധിയുണ്ടാക്കി. നജ്റനിലെ 40,000 ക്രിസ്ത്യാനികളുമായി മുഹമ്മദ് ഉടമ്പടിയുണ്ടാക്കിയിരുന്നു. അവിടെ തുടരാൻ അവരെ അനുവദിച്ചു. എന്നാൽ ഓമാർ പിന്നീട് അവരെ അവിടെ നിന്ന് മെസൊപ്പൊട്ടേമിയായിലേക്ക് ഓടിച്ചു. യെമനിലെ അറബി ക്രിസ്ത്യാനികളെ അവിടെ തുടരാൻ അനുവദിച്ചു. തഗ്ലിബ് അറബി ക്രിസ്ത്യാനികൾ യുദ്ധത്തിൽ മുഹമ്മദിനെ സഹായിച്ചു. അവർ ഇരട്ട നികുതി നൽകി ക്രിസ്ത്യാനികളായി തുടർന്നു. കുട്ടികളെ സ്നാനപ്പെടുത്താൻ പാടില്ല എന്ന നിർദ്ദേശം അവർ വകവച്ചില്ല. അറബികളെല്ലാം മുസ്ലീങ്ങളായിരിക്കണം അല്ലെങ്കിൽ മരിക്കണം എന്ന ചിന്ത പ്രബലപ്പെട്ടുവന്നു. തദ്ഫലമായി അറബി ക്രിസ്ത്യാനികളെ നിർബന്ധിച്ച് ഇസ്ലാമിൽ ചേർത്തിരുന്നു. അറബികളല്ലാത്ത ക്രിസ്ത്യാനികളും യഹൂദരും *സംരക്ഷിതപ്രജ (ദിമ്മി)* എന്ന ഗണത്തിലേക്ക് താഴ്ത്തപ്പെട്ടു. ഇസ്ലാമിക് ഭരണത്തിൻ കീഴിൽ മനുഷ്യരെല്ലാം സമന്മാരല്ല. ആധുനിക ജനാധിപത്യവ്യവസ്ഥിതികൾ അവർക്ക് അന്യമായിരുന്നു. എങ്കിലും പൊതുവെ ക്രിസ്ത്യാനികൾക്ക് ആദ്യകാലങ്ങളിൽ മാന്യമായ പെരുമാറ്റം ലഭിച്ചു. സിറിയൻ പ്രദേശങ്ങളിൽ ജനങ്ങളെല്ലാം സാംസ്ക്കാരികമായി ഉന്നത നിലവാരം പുലർത്തിയ സുറിയാനി ക്രിസ്ത്യാനികളായിരുന്നു. നാഗരികത തൊട്ടുതേച്ചിട്ടില്ലാത്തവരായിരുന്നു കടന്നുവന്ന് കീഴടക്കിയ

www.malankaralibrary.com



അറബികൾ. അവർ ക്രിസ്ത്യാനികളെ നിരായുധരാക്കി സൈന്യത്തിൽ നിന്ന് അകറ്റിനിർത്തി.

## ക്രിസ്തുമതവും ഒമ്മയിഡ് കാലിഫേറ്റും (661-750)

അലിയുടെ പക്ഷക്കാരും ഓത്മാൻെറ പക്ഷക്കാരും തമ്മിലുള്ള കലഹത്തിൽ അലിയുടെ അനുയായികൾ പരാജയപ്പെട്ടു. തുടർന്ന് ഇസ്ലാമിൻെറ നേതൃത്വം ഏറ്റെടുത്തത് ഒമ്മയിഡ് കാലിഫുമാരാണ്. മുവാവിയ്യാ (661-80) ഒന്നാമത്തെ കാലിഫായി. പിൻഗാമിയായി തൻെറ മകനെ നിയമിച്ചു. കാലിഫേറ്റ് ഡമാസ്ക്കസിലേക്കു മാറ്റി. അങ്ങനെ ഇസ്ലാമിൻെറ കേന്ദ്രം ക്രൈസ്തവ സിറിയൻ തലസ്ഥാനമായ ഡമാസ്ക്കസായിത്തീർന്നു. കോൺസ്റ്റൻറൈൻെറ കാലം മുതൽ ക്രിസ്തീയ ചക്രവർത്തിമാരുടെ കീഴിൽ കഴിഞ്ഞ സിറിയായിലെ ജനങ്ങൾക്ക് മുസ്ലീം ഭരണാധികാരികളുമായി പൊരുത്തപ്പെട്ടുപോകേണ്ടിവന്നു. പേർഷ്യൻ ക്രിസ്ത്യാനികളെ സംബന്ധിച്ച് ആരംഭം മുതൽ അവർ അക്രൈസ്തവ ഭരണാധികാരത്തിൻ കീഴിലായിരുന്നു. ഭരണമാറ്റം ജീവിതരീതികളിൽ വലിയ മാറ്റം ഉണ്ടാക്കിയില്ല. എങ്കിലും ബിസൻറയിൻ ഭരണത്തെക്കാൾ അറബി ഇസ്ലാമിക് ഭരണം സിറിയയിലെ ക്രിസ്ത്യാനികൾ ഇഷ്ടപ്പെട്ടിരുന്നു. ധാരാളം അറബികളും അറബിവംശജരും റോമൻ സാമ്രാജ്യത്തിൽ നേരത്തെ തന്നെ കുടിയേറിയിരുന്നു. അവരുടെ അടുപ്പം സ്വാഭാവികമായി അറബികളോടായിരുന്നു. അറബികളുടെ ആദ്യകാല ഉദ്യോഗസ്ഥന്മാർ പലരും സുറിയാനി ക്രിസ്ത്യാനികളായിരുന്നു. ജോൺ ഡമഷീൻ (675-749) ആദ്യകാലത്ത് ഒരുദ്യോഗസ്ഥനായിരുന്നു. 726-ലാണ് അദ്ദേഹം പലസ്തീനയിൽ മാർ സാബാസിൻെറ ആശ്രമത്തിൽ ചേർന്നത്. അവിടെ വച്ച് വിശുദ്ധഗ്രന്ഥം പഠിച്ച് വലിയ സഭാപിതാവായിത്തീർന്നു. ഈ കാലഘട്ടത്തിലാണ് ബിസൻറയിൻ സർക്കിളുകളിൽ ഛായാചിത്രങ്ങൾ തകർക്കൽ പദ്ധതിക്കു 726-ൽ ചക്രവർത്തിമാർ നേതൃത്വം നൽകിയത്. 721-ൽ യസീദ് II എന്ന കാലിഫ് ഇത്തരം ഒരു കല്പന പുറപ്പെടുവിച്ചിരുന്നു. ജോൺ ഡമഷീൻ ബിസൻറയിൻ ചക്രവർത്തിക്കെതിരെ ശക്തിയായി പ്രതികരിച്ചു. "വിജ്ഞാനനിക്ഷേപം" എന്ന പേരിൽ (Fountain of Knowledge) ജോൺ ഒരു ദൈവശാസ്ത്ര കൃതി രചിച്ചു. വി.തോമസ് അക്വീനാസിൻെറ *സുമ്മാ (Summa)* യ്ക്ക് മാതൃകയായത് ഈ കൃതിയാണ്. ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള അടിസ്ഥാനവ്യത്യാസം ജോൺ താർക്കിക രീതിയിൽ വരച്ചു കാണിച്ചിട്ടുണ്ട്.

www.malankaralibrary.com



ക്രിസ്ത്യാനികൾക്കു ധാരാളം നികുതിഭാരവും സാമൂഹ്യമായ അസമത്വങ്ങളും നീതി നിഷേധിക്കലും ഉണ്ടായിരുന്നു. പ്രതിഷേധിക്കാൻ അവർക്കവകാശമില്ലായിരുന്നു. മുസ്ലീംനിയമം എല്ലാവരുടെമേലും നടപ്പാക്കി. മുസ്ലീം അല്ലാത്തവരെ രണ്ടാംതരം പൗരന്മാരായി തരം താഴ്ത്തി. "ഇസ്ലാമിനെ വിമർശിക്കാൻ പാടില്ല, മുസ്ലീം സ്ത്രീയെ വിവാഹം കഴിക്കാൻ പാടില്ല, മുസ്ലീമിനെ ക്രിസ്ത്യാനിയാക്കാൻ പാടില്ല" എന്നു തുടങ്ങി വിവേചന നിറഞ്ഞ നിയമങ്ങൾക്ക് ദിമ്മികൾ വിധേയരായി. "മുസ്ലീംപട്ടണങ്ങളിൽ" ക്രിസ്തീയകുരിശ് പ്രദർശിപ്പിക്കാൻ പാടില്ല; പുതിയ പള്ളി പണിയാൻ പാടില്ല, പള്ളിമണി അടിക്കാൻ പാടില്ല, യേശുക്രിസ്തുവിനെപ്പറ്റി മുസ്ലീമിനോടു പറയാൻ പാടില്ല". എന്നാൽ "ഉള്ള പള്ളികളും ആശ്രമങ്ങളും തകർക്കില്ല, ക്രിസ്തീയാരാധന നിരോധിക്കില്ല" എന്നൊക്കെ ഉടമ്പടിചെയ്തു. "ക്രിസ്ത്യാനികൾ പ്രത്യേക വസ്ത്രം ധരിക്കണം, പ്രത്യേക ഇടക്കെട്ട് ധരിക്കണം, മുടിവെട്ടുന്നതു പ്രത്യേക രീതിയിൽ ആയിരിക്കണം" എന്നു തുടങ്ങി സാമൂഹ്യവിവേചനങ്ങൾ നടപ്പാക്കിയിരുന്നു.

ഓമാർ II ൻെറ കാലത്ത് (717-720) ഇസ്ലാമിലേക്കുള്ള പരിവർത്തനത്തിന് പ്രേരണ നൽകി. മതംമാറുന്നവരുടെ നികുതിഭാരം കുറച്ചു. പുതിയ പള്ളികൾ ഇടിച്ചുനിരത്തി. ധാരാളംപേർ ഇസ്ലാമിൽ ചേർന്നു. തിരികെ ക്രിസ്തുമതത്തിലേക്കു വന്നാൽ മരണമായിരുന്നു പ്രതിഫലം. ഈ കാലത്ത് ഇസ്ലാമിൻെറ ഉള്ളിലെ കലഹങ്ങൾ വളർന്നുകൊണ്ടിരുന്നു. വടക്കും തെക്കും ഉള്ള അറബികൾ തമ്മിലുള്ള ലഹള മർവാൻെറ കാലത്ത് (684) വർധിച്ചു. ഷിയാ-സുന്നി സംഘട്ടനം നിരന്തരം നിലനിന്നു. ഇസ്ലാമിൻെറ ഉള്ളിലെ ഛിദ്രങ്ങളാൽ ഒമ്മയിഡ് ഭരണം താറുമാറായി.

## ക്രിസ്തുമതവും അബ്ബസിഡ് കാലിഫേറ്റും (750-1258)

അൽ മഹ്ദിയോടുകൂടി (775-785) ബാഗ്ദാദിലെ ഈ കാലിഫേറ്റ് ഉറപ്പിക്കപ്പെട്ടുകഴിഞ്ഞു. തിമോതി പാത്രിയർക്കീസുമായി (779-823) മഹ്ദി 781-ൽ മതപരമായ ചർച്ചകൾ നടത്തി. ശാന്തമായ അന്തരീക്ഷത്തിൽ നടന്ന ഗൗരവമേറിയ ഇസ്ലാം-ക്രിസ്ത്യൻ സംവാദമായിരുന്നു അത്. ഈ കാലത്ത് "നെസ്തോറിയൻ" ക്രിസ്തുമതം പൗരസ്ത്യദേശങ്ങളിൽ പ്രചരിച്ചു. 781-ലാണ് വിഖ്യാതമായ ചൈനീസ് ക്രിസ്ത്യൻ സ്തംഭം സ്ഥാപിതമായത്. സുറിയാനി ഭാഷയിൽ നിന്ന് അറബിയിലേക്കുള്ള ധാരാളം വിവർത്തനങ്ങൾ ഈ കാലത്ത് (750-850) ഉണ്ടായി. ഇസ്ലാമിക് ചിന്തകർ ഗ്രീക്ക് തത്ത്വശാസ്ത്രം, മറ്റ് ശാസ്ത്രങ്ങൾ എന്നി

www.malankaralibrary.com



വയിലേക്കു കടന്നുവന്നു. നവോത്ഥാനകാലത്ത് അറബിയിൽ നിന്ന് ലത്തീനിലേക്കുള്ള വിവർത്തനത്തിലൂടെ ഇവ വീണ്ടും പാശ്ചാത്യ ലോകത്തിനു ലഭിച്ചു. ചാർളിമെയിന്റെ കാലത്ത് അബ്ബസിഡ് ഭരണാധികാരി ഹറൂൺ അൽ റഷീദ് (785-809) ആയിരുന്നു. ഇസ്ലാമിന്റെ കീഴിലുള്ള സമത്വമില്ലായ്മയും വിവേചനവും പലപ്പോഴും തുടർന്നെങ്കിലും നിർബന്ധിച്ചുള്ള മതപരിവർത്തനങ്ങൾ താരതമ്യേന അക്കാലത്ത് കുറവായിരുന്നു.

### സഭയുടെ അധഃപതനം (850-1000)

ചൈനയിൽ വു ത്സുങ് (840-46), ബാഗ്ദാദിൽ മുതവക്കിൽ (847-61) എന്നിവർ ആണ് ഏഷ്യയിലെ ക്രിസ്തുമതത്തിന്റെ വളർച്ച നിലച്ച മട്ടിലാക്കിയത്. മുതവക്കിൽ 850-ൽ വിവേചനാപരമായ വസ്ത്രധാരണരീതി വീണ്ടും നടപ്പാക്കി. ക്രിസ്തീയ കല്ലറകൾ തല്ലിപ്പൊളിക്കുക സാധാരണമായി. 923/4ൽ ജറുസലേം, ഹോംസ്, ഡമാസ്ക്കസ് എന്നിവിടങ്ങളിൽ ക്രൈസ്തവവിരുദ്ധമുന്നേറ്റങ്ങൾ നടന്നു.

സഭയ്ക്കുള്ളിൽ നിന്നുതന്നെ അധഃപതനത്തിന്റെ ശക്തികൾ പ്രവർത്തിക്കാൻ തുടങ്ങി. കാലിഫിനു പണം നൽകി, സഭാസ്ഥാനങ്ങൾ കൈക്കലാക്കാൻ അയോഗ്യരായ പലരും തിടുക്കംകൂട്ടി. അവർ സ്ഥാനങ്ങളിൽ കയറിപ്പറ്റിയപ്പോൾ ജനങ്ങളിൽ നിന്നും വൈദികരിൽ നിന്നും അത്യാർത്തി പൂണ്ട് പ്രസ്തുത തുക ഈടാക്കി. സ്ഥാനങ്ങൾക്കായി കിടമൽസരങ്ങളും സ്വാധീനിക്കലും നടന്നു. ആശ്രമങ്ങൾ പോലും ഇതിൽ നിന്ന് വിമുക്തമല്ലായിരുന്നു. അനുസരണരാഹിത്യവും കലഹങ്ങളും മെസാലിയൻ പാഷണ്ഡതയും ഭക്തിരാഹിത്യവും ഒത്തുകൂടിയപ്പോൾ സന്ന്യാസത്തിന്റെ അന്തസ്സത്തയെ അത് ഊറ്റിക്കുടിച്ചു.

പേർഷ്യൻസഭ ന്യൂനപക്ഷസഭയായിരുന്നെങ്കിലും മിഷൻചൈതന്യം നിറഞ്ഞുതുളുമ്പിനിന്നു. 500-ാമാണ്ടിൽ ഏഴ് സഭാപ്രോവിൻസുകൾ ഉണ്ടായിരുന്നതിന്റെ സ്ഥാനത്ത് 1000-ാമാണ്ടിൽ എട്ട് പുതിയ മെത്രാപ്പോലീത്തൻ പ്രോവിൻസുകൾകൂടി ഉണ്ടായി. "നെസ്തോറിയൻ" പാത്രിയർക്കീസിനെ ക്രിസ്ത്യാനികളുടെ തലവനായി അബ്ബസിഡ് കാലിഫുമാർ അംഗീകരിച്ചിരുന്നു.

പത്താം നൂറ്റാണ്ടുമുതൽ പാത്രിയർക്കീസുമാരുടെ നിയമനം കാലിഫുമാരുടെ നിയന്ത്രണത്തിൽ വന്നുതുടങ്ങി. പണക്കാരായ ക്രിസ്ത്യാനികളെ നികുതിഭാരത്താൽ കാലിഫുമാർ ഞെക്കിപ്പിഴിഞ്ഞിരുന്നു. സാമൂ

www.malankaralibrary.com



ഹ്യമായി ഉയർന്ന നിലയിലെത്താൻ ക്രിസ്ത്യാനികളെ ഒരിക്കലും അനുവദിച്ചില്ല. സാമൂഹ്യഉച്ചനീചത്വം അബ്ബസിഡുകാരും നിലനിർത്തി. ദിമ്മികൾ എന്ന നിലയിൽ നിന്നുകൊണ്ട് പലരും സ്വാധീനം ചെലുത്തി. എന്നാൽ ഏഷ്യൻ ക്രിസ്തുമതത്തിൻെറ അധഃപതനം തുടങ്ങിക്കഴിഞ്ഞിരുന്നു. ആശ്രമങ്ങൾ സുവിശേഷപ്രഘോഷകരെ വാർത്തെടുത്തില്ല; സന്ന്യാസികൾ മിഷൻചൈതന്യം ഇല്ലാത്തവരായിത്തീർന്നു. എന്നാൽ മുന്നൂറു വർഷത്തെ ഇസ്ലാമിക മേല്ക്കോയ്മകൊണ്ടും സഭ നശിച്ചില്ല. അധഃപതനത്തിൻെറ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങി എന്നുമാത്രം.

## പുതിയ സഹസ്രാബ്ദം

ആയിരാമാണ്ട് അടുത്തപ്പോഴേക്കും പാശ്ചാത്യലോകം ലോകാന്ത്യത്തെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. എന്നാൽ ഇസ്ലാമിക ലോകത്ത് വ്യത്യസ്തകലണ്ടർ പ്രചരിച്ചിരുന്നതിനാൽ 1000-ാമാണ്ടിന് അവർ വലിയ പ്രാധാന്യം നൽകിയില്ല. എങ്കിലും അന്നുണ്ടായിരുന്ന ചൈനീസ് താങ് രാജവംശവും മുസ്ലീം അബ്ബസിഡ് ഭരണവും തകർച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കയായിരുന്നു. വിവിധ അറബിനേതാക്കന്മാർ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ബാഗ്ദാദിലെ കാലിഫിനെ വെല്ലുവിളിച്ചുകൊണ്ടിരുന്നു. ഇന്നത്തെ പാക്കിസ്ഥാനിലേക്ക് ഇരച്ചുകയറിയ മുഹമ്മദ് ഘസ്നി (11th c.) നിർബന്ധിച്ച് മതപരിവർത്തനം നടത്തിയത് ഈ കാലഘട്ടത്തിലാണ്. ടർക്കിഷ്- മംഗോളിയൻ ഗോത്രവർഗക്കാർ ചുറ്റുപാടുമുള്ള സ്ഥലങ്ങളിലേക്ക് ആർത്തിരമ്പിക്കയറിക്കൊണ്ടിരുന്നു. യൂറോപ്പിൽ ഈ കാലയളവിലും അവശേഷിച്ച അപരിഷ്കൃതരെ ക്രിസ്തുമതത്തിൽ ചേർത്തുകൊണ്ടിരുന്നെങ്കിലും അതിനുള്ള സാധ്യതകളൊന്നും ഏഷ്യയിൽ ഇല്ലായിരുന്നു. ശക്തരായ മുസ്ലീം ഭരണാധികാരികളുടെ കീഴിൽ മധ്യേഷയും പശ്ചിമേഷ്യയും ഇസ്ലാമായിക്കൊണ്ടിരുന്നു. കേരളം, പശ്ചിമേഷ്യ എന്നിവിടങ്ങളിലൊഴിച്ചാൽ ഏഷ്യയിലെങ്ങും ശക്തമായ ഒരു ക്രൈസ്തവസമൂഹം അവശേഷിച്ചില്ല. പശ്ചിമേഷ്യയിൽ ഉള്ളവർ തന്നെയും പല തട്ടിലായിരുന്നുതാനും.

ക്രിസ്തുവർഷം 1000 മുതൽ 1500 വരെയുള്ള കാലത്തെ വിവിധ മലവെള്ളപ്പാച്ചിലുകളെ അതിജീവിച്ച് ക്രൈസ്തവസഭ ഏഷ്യയിൽ നിലനിന്നു എന്നത് അത്ഭുതം തന്നെ. അബ്ബസിഡ് കാലിഫേറ്റിനോടൊപ്പം അവിടുത്തെ സഭ തകരാതെ പിടിച്ചുനിന്നു. 20 മെത്രാപ്പോലീത്തൻമാരും 250 മെത്രാന്മാരും ഏഷ്യയിൽ അവർക്കുണ്ടായിരുന്നു. കുരിശുയുദ്ധക്കാർ, വിവിധതരം തുർക്കികൾ, മംഗോളിയർ എന്നിവരുടെ ആക്രമണങ്ങളെ

www.malankaralibrary.com



എല്ലാം അതിജീവിച്ച് ഏഷ്യൻ ക്രിസ്തുമതം നിലനിന്നു. എന്നാൽ 1500 ആയപ്പോഴേക്കും അവരുടെ സംഖ്യ ഗണ്യമായി കുറയുക തന്നെ ചെയ്തു.

## അബ്ബസിഡ് കാലിഫേറ്റിൻെറ തകർച്ച (1000-1258)

ഉമ്മയിഡ് സ്പെയിൻ (സുന്നി), ഫാതിമിഡ് ഈജിപ്ത് (ഷിയാ), അബ്ബസിഡ് ഏഷ്യ (സുന്നി) എന്നിങ്ങനെ 9/10 നൂറ്റാണ്ടുകളിൽ ഇസ്ലാമികലോകം വിഭജിതമായിരുന്നു. മതപരവും മതേതരവുമായ കാരണങ്ങളാൽ മുസ്ലീം ഏകീകരണം സ്വപ്നമായി അവശേഷിച്ചു. ക്രിസ്തുമതത്തിലേതുപോലെ തന്നെ ഇസ്ലാമിലും ഗ്രൂപ്പുകളും കക്ഷികളും ഉടലെടുത്തു. ഇസ്ലാമിൻെറ ആദ്യകാലത്ത് (9th c.) അറബികൾക്കായിരുന്നു മേല്ക്കോയ്മ; രണ്ടാംഘട്ടം പേർഷ്യക്കാർക്കും (10th c) പിന്നെ തുർക്കികൾക്കും ആയിരുന്നു. ഏതാണ്ട് 1000വർഷം ഇസ്ലാമിനെ നിയന്ത്രിച്ചത് തുർക്കികളായിരുന്നു.

## ക്രിസ്തുമതവും പേർഷ്യൻ മുസ്ലീം നവോത്ഥാനവും (945-1055)

ക്രി.വ. 945-ൽ അഹ്മദ് ഇബ്ൻ ബുവായ് എന്ന ഷിയോ- പേർഷ്യൻ യോദ്ധാവ് ബാഗ്ദാദ് പിടിച്ചടക്കി. സുന്നികാലിഫിനെ നീക്കിയിട്ട് എമീർ എന്ന സ്ഥാനമെടുത്ത് ഭരണം തുടങ്ങി. കാലിഫ് എന്ന സ്ഥാനം മതനേതാവിനു നൽകി, മതതലത്തിൽ മാത്രം അയാളുടെ അധികാരം ചുരുക്കി. ക്രിസ്ത്യാനികളോട് ബുവയിഡ് ഭരണാധികാരികൾ (1045-1055) അനുഭാവപൂർവം പെരുമാറി. ഇറാനിലും ഇറാക്കിലും പള്ളികളും ആശ്രമങ്ങളും പണിയാൻ അയാൾ അനുവാദം നൽകി. എമീർമാർ ബലഹീനരായപ്പോൾ സുന്നി മുസ്ലീം നേതാക്കന്മാർ ക്രിസ്ത്യാനികളുടെ മേൽ പീഡനങ്ങൾ അഴിച്ചുവിട്ടു. പ്രത്യേക വസ്ത്രം ധരിക്കാൻ കാലിഫ് അൽ ഖാദർ (991-1031) ക്രിസ്ത്യാനികളെ നിർബന്ധിച്ചു. ക്രിസ്തീയ പ്രദക്ഷിണങ്ങൾ, ശവസംസ്ക്കാരചടങ്ങുകൾ എന്നിവയ്ക്കു നേരെ കല്ലെറിയുക 1012-ൽ പതിവായി. ഈ കാലത്ത് ദൈവഭയമില്ലാതെ പലരും ഇസ്ലാമിൽ ചേർന്നു എന്നു പറയപ്പെടുന്നു. എന്നാൽ ഈ കാലത്ത് മിഷൻ പ്രവർത്തനത്തിനുള്ള വലിയ മുന്നേറ്റം "നെസ്തോറിയൻ" സഭയിൽ ഉണ്ടായി. തുർക്കികൾക്കും ചൈനാക്കാർക്കും ഇടയ്ക്കു കഴിയുന്ന മംഗോളിയൻ ഗോത്രങ്ങളുടെ ഇടയിൽ ക്രിസ്തുമതപ്രചരണം വളരെ വ്യാപകമായി. ബാഗ്ദാദിലെ "നെസ്തോറിയൻ" പാത്രിയർക്കീസ് വളരെ പ്രാബല്യത്തിലേക്ക് ഉയർന്നു.

www.malankaralibrary.com


## ക്രിസ്തുമതവും ഫാതിമിഡ് ഈജിപ്തും (969-1043)

ഏഴാം നൂറ്റാണ്ടിൽ ഷിയാമുസ്ലീം ഇശ്മായെൽ ടുണീഷ്യകേന്ദ്രമാക്കി ഇമാം എന്ന പേരിൽ ഭരണം തുടങ്ങി. മുഹമ്മദിൻെറ മകളായ ഫാതിമായുടെ വംശാവലി അവകാശപ്പെട്ടതിനാലത്രേ ഫാതിമിഡ് എന്ന് ഇവർ അറിയപ്പെട്ടത്. 969-ൽ അവർ കെയ്റോ ആസ്ഥാനമാക്കി ഭരിച്ചു. മതപരവും രാഷ്ട്രീയവുമായ അധികാരങ്ങളൊക്കെ ഇമാമിനായിരുന്നു. 969-ൽ തന്നെ അവർ ഡമാസ്ക്കസ് പിടിച്ചെടുത്തു. 1000-ാമാണ്ടോടുകൂടി മെഡിറ്ററേനിയൻ തീരത്തുള്ള ഏഷ്യാറ്റിക് പ്രദേശങ്ങളൊക്കെ അവരുടെ കീഴിലായി. ഈ കാലയളവിൽ തന്നെ (969-1025) ബിസൻറയിൻകാർ ഫോകാസിൻെറയും ബാസിൽ II ൻെറയും നേതൃത്വത്തിൽ പല പശ്ചിമേഷ്യൻ പ്രദേശങ്ങളും മുസ്ലീങ്ങളിൽ നിന്ന് തിരികെ പിടിച്ചു. ഒൻപത് പത്ത് നൂറ്റാണ്ടുകളിലും സിറിയൻ-മെസപ്പൊട്ടേമിയൻ പ്രദേശങ്ങളിൽ ക്രിസ്ത്യാനികളായിരുന്നു മുസ്ലീങ്ങളെക്കാൾ കൂടുതൽ. രാജ്യഭരണത്തിന് ക്രിസ്ത്യാനികളെ ആശ്രയിക്കേണ്ടിവന്നതിനാൽ ആദ്യകാലത്ത് ഫാതിമിഡ് ഭരണാധികാരികൾ മതസഹിഷ്ണുത പുലർത്തി. അൽ ഹക്കിം (996-1021) മാത്രം ക്രിസ്തുമതത്തിൻെറ ശത്രുവായിരുന്നു. ധാരാളം ക്രൈസ്തവവിരുദ്ധ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി നടപ്പാക്കി. എന്നാൽ അയാളുടെ പിൻഗാമി അൽ ബഹീർ അവയൊക്കെ നീക്കിക്കളഞ്ഞു.

## തുർക്കികളുടെ മുന്നേറ്റം (992-1095)

മധ്യേഷ്യയിൽ നിന്ന് ഒന്നിനുപിറകെ ഒന്നായി തുർക്കികളുടെ മുന്നേറ്റം ഉണ്ടായി. അവൻ 999-ൽ ബൊക്കാറാ പിടിച്ചടക്കി, സമനിഡ് ഭരണാധികാരികളെ നീക്കി. എന്നാൽ അവരുടെ ഇസ്ലാംമതം സ്വീകരിച്ചു. സെല്ല്യൂക് തുർക്കികൾ അറബികളോ പേർഷ്യക്കാരോ അല്ലായിരുന്നു. ആദ്യമാദ്യം വന്നവരൊക്കെ "നെസ്തോറിയൻ" അനുഭാവികളോ ക്രിസ്ത്യാനികളോ ആയിരുന്നു എന്ന് ചിലർ കരുതുന്നു. 1055-ൽ അവർ ബാഗ്ദാദ് പിടിച്ച് അബ്ബസിഡ് ഭരണം അവസാനിപ്പിച്ചു. 1070-ൽ അവർ ഫാതിമിഡുകാരിൽ നിന്ന് ജറുസലേം പിടിച്ചു. എന്നാൽ പിന്നീട് അത് കൈവിട്ടുപോയി. അൽപ് അർസ്ലൻ (1063-1072) 1071-ൽ മാൻസികെർട്ടിൽ വച്ച് ബിസൻറയിൻ സൈന്യത്തെ തോല്പിച്ചു. ഏഷ്യാമൈനറിലേക്കുള്ള തുർക്കിഷ് തള്ളിക്കയറ്റത്തിൻെറ ആരംഭം മാത്രമായിരുന്നുഅത്. അന്നുമുതൽ ഇന്നുവരെ ഏഷ്യാമൈനർ തുർക്കികളുടെ കൈകളിൽ അമർന്നു.

www.malankaralibrary.com


## കുരിശുയുദ്ധങ്ങൾ (1095-1291)

കിഴക്കുനിന്ന് തുർക്കികളും പടിഞ്ഞാറുനിന്ന് ലത്തീൻകാരും പശ്ചിമേഷ്യയിൽ എത്തിച്ചേർന്നു. തുർക്കികൾ അറബികളെ ബലഹീനരാക്കിയ പശ്ചാത്തലമായിരുന്നു. ബിസൻററയിൻകാർ പാശ്ചാത്യ സഹായം തേടി. അതിൻെറ ഫലമായിട്ടത്രേ അവർ സഹായത്തിനെത്തിയത്. നിഖ്യാ(1097), അന്ത്യോക്യാ(1098), ജറുസലേം(1099) എന്നിവ കുരിശുയുദ്ധക്കാർ പിടിച്ചെടുത്തു. അതിനുശേഷം ഏഷ്യാമൈനർ, എഡേസ്സാ, സിലിഷ്യാ, ട്രിപ്പൊളി എന്നിവയും അവർ മുസ്ലീങ്ങളിൽ നിന്ന് തിരികെ പിടിച്ചു. മുസ്ലീങ്ങളുടെ ഇടയിലെ അന്തച്ഛിദ്രങ്ങൾ ക്രിസ്തീയ വിജയത്തിനാക്കം കൂട്ടി. തുർക്കികൾ പട്ടണങ്ങളും ഭൂപ്രദേശങ്ങളും പങ്കിട്ട് ബന്ധുക്കളായ എമീർമാരെ ഏല്പിച്ചിരുന്നു. കേന്ദ്രീകൃതഭരണം അന്ന് നാമമാത്രമായിരുന്നു. എഡേസ്സാ, അന്ത്യോക്യാ തുടങ്ങിയ പട്ടണങ്ങളിൽ ക്രിസ്ത്യാനികൾക്കായിരുന്നു മുൻതൂക്കം. കുരിശുയുദ്ധക്കാർ, മറ്റ് ലത്തീൻകാർ, ബിസൻററയിൻകാർ, യാക്കോബായക്കാർ എന്നിങ്ങനെ ക്രിസ്ത്യാനികൾ പലതരക്കാരായിരുന്നു. നാട്ടുകാരായ യാക്കോബായക്കാർ ലത്തീൻകാരുടെ ദൃഷ്ടിയിൽ ശീശ്മക്കാരും മാനസാന്തരപ്പെടുത്തേണ്ടവരും ആയിരുന്നു. പാശ്ചാത്യരായ കുരിശുയുദ്ധക്കാർ സാംസ്ക്കാരികമായും ശാസ്ത്രപരിജ്ഞാനസംബന്ധമായും പൗരസ്ത്യരെക്കാൾ വളരെ പിൻപിലായിരുന്നു. തുർക്കികളേപ്പോലെതന്നെ എന്നു പറയാം ഒരുതരം കാടന്മാരായിരുന്നു പാശ്ചാത്യരും അക്കാലത്ത്. നാട്ടുകാരായ ക്രിസ്ത്യാനികളെ സംബന്ധിച്ച് മുസ്ലീംഭരണവും ലത്തീൻ ഭരണവും വലിയ വ്യത്യാസമുണ്ടാക്കിയില്ല എന്ന് കരുതുന്നവരുമുണ്ട്. ഒന്നാം കുരിശുയുദ്ധം (1097-1143/4) എഡേസ്സാ മുസ്ലീങ്ങൾ തിരികെ പിടിക്കുന്നതോടെ (1144) അവസാനിച്ചു. രണ്ടാമത്തേതിൽ (1144-87) മുസ്ലീം കടന്നാക്രമണത്തിനായിരുന്നു മുൻതൂക്കം. സലാഡിൻ (1138-93) എന്ന കുർദിഷ് നേതാവാണ് അതിനു നേതൃത്വം നൽകിയത്. 1187-ൽ അയാൾ ജറുസലേം കുരിശുയുദ്ധക്കാരിൽ നിന്നു തിരിച്ചുപിടിച്ചു. മൂന്നാംഘട്ടം (1187-1291) പരാജയപ്പെട്ട നിരവധി ആക്രമണങ്ങളും കുരിശുയുദ്ധങ്ങളുടെ അന്ത്യവും. ഫ്രെഡറക് II നയതന്ത്രജ്ഞതയിലൂടെ 1229-ൽ ജറുസലേം തിരിച്ചു പിടിച്ചെങ്കിലും 1244-ൽ മുസ്ലീങ്ങൾ വീണ്ടും സ്വന്തമാക്കി. 1291-ൽ ആക്ര് വീണതോടുകൂടി അവസാനത്തെ കുരിശുയുദ്ധകേന്ദ്രവും പാശ്ചാത്യർക്കു നഷ്ടമായി.

www.malankaralibrary.com


## ക്രിസ്തുമതവും മംഗോളിയരും

മംഗോളിയർ വംശജരിൽ പലരും "നെസ്തോറിയൻ" ക്രിസ്ത്യാനികളായിരുന്നു. കേറൈറ്റ് തുർക്കോ-മംഗോളിയൻ ഗോത്രം ഏതാണ്ട് ഒന്നടങ്കം ക്രിസ്ത്യാനികളായിരുന്നു. നൈമാൻ,മെർക്കീറ്റ് എന്നീ മംഗോൾ ഗോത്രങ്ങളും ക്രിസ്ത്യാനികളായിരുന്നു. നെസ്തോറിയൻ ക്രിസ്തുമതത്തിന് ഈ രീതിയിൽ ധാരാളം ഫലങ്ങൾ മധ്യേഷ്യയിൽ ഉണ്ടായി. ചെങ്കിഷ്ഖാനെയും അനുയായികളെയും ഈ കേറൈറ്റുകാർ ക്രിസ്തീയമായി കുറേയൊക്കെ സ്വാധീനം ചെലുത്തി എന്നു കരുതുന്നവരുണ്ട്. ചെങ്കിഷ്ഖാൻെറയും മക്കളുടെയും ഭാര്യമാർ ക്രിസ്തീയവനിതകളായിരുന്നു. *ഗോൾഡൻ ഹോർഡ് (Golden Horde)* എന്നറിയപ്പെടുന്ന റഷ്യൻ മുഗൾ ഭരണത്തിനു തുടക്കം കുറിച്ചത് ചെങ്കിഷ്ഖാൻെറ മകൻ യോക്കി (†1227) ആണ്. അയാളുടെ ഭാര്യ ക്രിസ്ത്യാനിയായിരുന്നെങ്കിലും കാലക്രമത്തിൽ ഈ ലൈനിലെ ഭരണാധികാരികളാണ് ആദ്യമായി ഇസ്ലാം സ്വീകരിച്ചത്. മധ്യേഷ്യൻ ഭരണാധികാരിയായത് ചെങ്കിഷ്ഖാൻെറ രണ്ടാമത്തെ പുത്രനായ ചഗതായ് (†1242) ആണ്. ട്രാൻസ് ഒക്സോണിയാ, തുർക്ക്മെനിസ്ഥാൻ തുടങ്ങി മംഗോളിയാ വരെയുള്ള വിസ്തൃതമായ ഭുപ്രദേശങ്ങൾ അയാൾ ഭരിച്ചു. മറ്റ് മംഗോളിയൻ നേതാക്കളെക്കാൾ ഇയാൾ മുസ്ലീം വിരുദ്ധനായിരുന്നു. ഇൻഡ്യ ഭരിച്ച മുഗളന്മാർ ഈ ലൈനിൽ നിന്ന് ഉടലെടുത്തതാണ്. മൂന്നാമത്തെ പുത്രനായ ഒഗെതായ് (†1241) ചെങ്കിഷ്ഖാൻെറ പിൻഗാമിയായി. ക്രിസ്ത്യാനികളോട് വളരെ സ്നേഹപൂർവം പെരുമാറി. മംഗോളിയൻ പ്രദേശങ്ങൾ നാലാമത്തെ പുത്രനായ തൊളുയിക്കു (†1232) ലഭിച്ചു. തൊളുയിയുടെ ഭാര്യ സൊർകക്താനി ക്രിസ്ത്യാനി ആയിരുന്നു. അവരുടെ മകൻ മങ്കു നാലാമത്തെ വലിയ ഖാനായി, മറ്റൊരു മകൻ ഹുലാഗു മുസ്ലീം പേർഷ്യ ആക്രമിച്ചു കീഴടക്കി; മൂന്നാമത്തെ മകൻ കുബ്ലൈ ഖാൻ ചൈനീസ് രാജാവായി. മംഗോളിയൻ കൊട്ടാരത്തിലേക്ക് ഒന്നിലേറെ പാശ്ചാത്യസൗഹൃദ സംഘങ്ങൾ എത്തിയെങ്കിലും കാര്യമായ ക്രിസ്തീയ ചലനംസൃഷ്ടിക്കാൻ അവർക്കു കഴിഞ്ഞില്ല.

## ക്രിസ്തുമതവും ഹുലാഗുവും

ഹുലാഗു (1217-1265) ക്രിസ്ത്യാനികളോട് അനുഭാവപൂർവം പെരുമാറി. അയാളുടെ സർവ്വസൈന്യാധിപൻ കെദ്ബുക്കായും ഭാര്യ ദൊക്കൂസ് കത്തൂനും ക്രിസ്ത്യാനികൾ ആയിരുന്നു. 1260-ൽ ഹുലാഗു

www.malankaralibrary.com



വിൻെറ സൈന്യം ഡമാസ്ക്കസ് പിടിച്ചു. മങ്കു മരിച്ചതിനാൽ (1259) ഹുലാഗു മംഗോളിയായ്ക്കു തിരികെപോയി. മംഗോളിയരുടെ ഇടയിലെ തർക്കങ്ങൾ അവരുടെ അധഃപതനത്തിനു കാരണമായി. കുരിശുയുദ്ധക്കാർ മംഗോളിയരെയും മമ്ലുക്ക് തുർക്കികളെയും മാറിമാറി സഹായിച്ചു. ഈജിപ്തിൽ ഉയർന്നുവന്ന മമ്ലുക്കുകൾ മംഗോളിയരെ തടഞ്ഞു നിർത്തി. ഏതാണ്ട് നൂറുവർഷത്തോളം ഹുലാഗുവിൻെറ പിൻഗാമികൾ പേർഷ്യൻ രാജ്യം ഭരിച്ചു. എന്നാൽ പിന്നെ പിന്നെ വന്നവർ മുസ്ലീമാകുകയും ക്രിസ്ത്യാനികളിൽ നിന്ന് അകലുകയും ചെയ്തു.

ഹുലാഗുവിൻെറ മകൻ അബാക്കാ (1265-82) ക്രിസ്തീയ സംരക്ഷകനായിരുന്നു. ബിസൻറയിൻ ചക്രവർത്തി മിഖായേലിൻെറ മകൾ മേരിയെ അയാൾ വിവാഹം ചെയ്തു. ഈജിപ്തിലെ മമ്ലുക്കുകൾക്കെതിരെ സന്ധിയുണ്ടാക്കാൻ അയാൾ റോമിലേക്കും മറ്റ് യുറോപ്യൻ രാജാക്കന്മാരുടെ പക്കലേക്കും ദൗത്യസംഘങ്ങളെ അയച്ചു. 1278-ൽ ഇൽഖാനെ സ്നാനപ്പെടുത്താം എന്ന ചിന്തയിൽ രണ്ടു സന്ന്യാസികളെ പേർഷ്യയിലേക്ക് അയച്ചു എന്നതൊഴിച്ചാൽ പാശ്ചാത്യർ കാര്യമായി ഒന്നും ചെയ്തില്ല. അബാക്കായുടെ മറ്റൊരു ഭാര്യ കൊതായ് ക്രിസ്ത്യാനിയായിരുന്നു. ഇൽഖാൻ അർഗൂണും യൂറോപ്പുമായി സന്ധിയുണ്ടാക്കാൻ ശ്രമിച്ചു. എന്നാൽ പിന്നെ വന്നവർ മുസ്ലീം ആയിത്തീർന്നു. കുരിശുയുദ്ധങ്ങളുടെ അവസാന താവളമായ ആക്ര് 1291-ൽ മമ്ലൂക്ക് തുർക്കികൾ പിടിച്ചെടുത്തതോടെ പാശ്ചാത്യരുമായി യദ്ധോടമ്പടി ഉണ്ടാക്കാനുള്ള ചിന്ത പേർഷ്യൻ ഇൽ ഖാനേറ്റ് ഉപേക്ഷിച്ചു. അവർ ഇസ്ലാമിലേക്കു തിരിച്ചു. ഹസ്സൻ (1295-1304) എന്ന VII ാമത്തെ ഇൽഖാൻ ഇസ്ലാം സ്വീകരിച്ചു. അയാളുടെ മുൻഗാമികളെല്ലാം ക്രിസ്തുമതത്തോട് അനുഭാവം കാണിച്ചു. കേറൈത് ക്രിസ്ത്യൻ ഭാര്യമാരുടെ സ്വാധീനംകൊണ്ടാണ് അവർ ഇപ്രകാരം ചെയ്തത് എന്നു കരുതപ്പെടുന്നു. മുസ്ലീം ആയപ്പോൾ ക്രിസ്തീയ പള്ളികൾ തകർക്കാൻ ഹസ്സൻ ഓർഡർ ഇട്ടു. ക്രിസ്ത്യാനികളെ തെരുവുകളിൽ അധിക്ഷേപിക്കുകയും നിന്ദിക്കുകയും പീഡിപ്പിക്കുകയും സാധാരണമായിത്തീർന്നു. നൗറുസ് എന്ന മുസ്ലീം ജനറലിൻെറ പ്രേരണയാലാണ് ഇതൊക്കെ സംഭവിച്ചത്. ക്രിസ്ത്യാനികളെ ഭരണാധികാരികളൊക്കെ കൊള്ളയടിച്ചു. മരാഗായിൽവച്ച് "നെസ്തോറിയൻ" പാത്രിയർക്കീസ് യാബാലാഹായെ മുസ്ലീങ്ങൾ നിന്ദ്യമായി പീഡിപ്പിച്ചു. മുസ്ലീം വർഗ്ഗീയത സടകുടഞ്ഞെഴുന്നേറ്റു. 1297-ൽ നൗറുസ് വധിക്കപ്പെട്ടതോടെ പീഡനത്തിൻെറ ശക്തി കുറഞ്ഞു. 1299-ൽ ഹസ്സൻ

www.malankaralibrary.com



മംഗോൾ തൊപ്പിക്കുപകരം അറബിമുസ്ലീം തുർബാൻ എടുത്തു. 1299-ൽ ഈജിപ്തിനെതിരെ ഹസ്സൻ പാശ്ചാത്യസഹായം തേടി. പിന്നെ വന്ന ഒൽയെയ്ത (Oljeitha) (1304-16) ഉള്ളിൽ ക്രൈസ്തവ വിദ്വേഷിയായിരുന്നു. ചെറുപ്പത്തിൽ സ്നാനപ്പെട്ട് ക്രിസ്ത്യാനിയായെങ്കിലും പിന്നീട് പലപ്പോഴും ക്രൈസ്തവവിരുദ്ധനായി പ്രത്യക്ഷപ്പെട്ടു. 1318ലാണ് അറിയപ്പെടുന്ന അവസാനത്തെ നെസ്തോറിയൻ സിനഡു നടന്നത്. അവസാനത്തെ ഇൽഖാൻ അബു സൈദായിരുന്നു (1316-35).

## ക്രിസ്തുമതവും ടൈമൂറും

ദൈവത്തിന്റെ "കോപവടി" എന്നും ലോകത്തിന്റെ "പേടിസ്വപ്നം" എന്നും അറിയപ്പെട്ട ആളായിരുന്നു ടൈമൂർ(തമർലെൻ) (1336-1405). ഏഷ്യൻ ക്രിസ്തുമതത്തിന്റെ ശവക്കുഴി തോണ്ടിയത് ടൈമൂറായിരുന്നു. ചെങ്കിഷ്ഖാനുശേഷമുണ്ടായ ഏറ്റവും വലിയ മംഗോൾ ആക്രമണമായിരുന്നു ടൈമൂറിന്റേത്. തകർത്തു തരിപ്പണമാക്കുന്ന നയമാണ് അയാൾ സ്വീകരിച്ചത്. പേർഷ്യൻ ഇൽഖാനേറ്റ് 1335-ലും, മധ്യേഷ്യൻ ഖാനേറ്റ് 1338-ലും, റഷ്യൻ ഗോൾഡൻ ഹോർഡ് 1357-ലും, ചൈനീസ് ഖാനേറ്റ് 1368-ലും അവസാനിച്ചു. മധ്യേഷ്യൻ ഖാനേറ്റിൽ ജനിച്ച ടൈമൂർ അന്ന് അറിയപ്പെടുന്ന രാജ്യങ്ങളേയും സംസ്ഥാനങ്ങളേയും എല്ലാം തകർത്തു തരിപ്പണമാക്കി. ലക്ഷക്കണക്കിനു മനുഷ്യരെ കുരുതി കഴിച്ചു. കിരാതനായ ഒരു കാട്ടാളനായിരുന്നു അയാൾ. അയാളുടെ പടയോട്ടത്തിൽ പശ്ചിമേഷ്യൻ, മധേഷ്യൻ ക്രിസ്തുമതം തകർന്നടിഞ്ഞുപോയി. അതിനുശേഷം ഉയിർത്തെഴുന്നേല്പ് ഉണ്ടായിട്ടില്ല. "നെസ്തോറിയർ" മലകളിൽ അഭയംതേടി. പാത്രിയാർക്കാസ്ഥാനം കുടുംബവഴിക്കായി. ബാഗ്ദാദും മറ്റ് പ്രമുഖ നഗരങ്ങളും നഷ്ടക്കൂമ്പാരങ്ങളായി മാറി.

www.malankaralibrary.com

# 27

# സംരക്ഷിത പ്രജകളും അടിമത്തവും

അറബികളുടെ കീഴിൽ ക്രിസ്ത്യാനികൾ സംരക്ഷിതപ്രജകളായി (ദിമ്മി) കരുതപ്പെട്ടിരുന്നു. നിയമത്തിന്റെ മുമ്പിൽ സമത്വം ഇല്ലായിരുന്നു. മുസ്ലീങ്ങൾ അല്ലാത്തവരുടെ നാടുകൾ പിടിച്ചെടുത്ത് മുസ്ലീം ആക്കാനുള്ള ആഹ്വാനം ആരംഭംമുതൽ അറബികൾ നടപ്പാക്കി. മെദീനായിൽ എതിരാളികളെ കവർന്നെടുത്തും അമർച്ചചെയ്തും കൊലചെയ്തും അറബിസമൂഹം വളർന്നു. മെദീനായിലുള്ള ക്രിസ്ത്യാനികളെ തുരത്തുകയോ കൊല്ലുകയോ ചെയ്തു. അവരുടെ വസ്തുവകകൾ കൊള്ളചെയ്തു. സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി. മുസ്ലീം ആയവർക്കു പരിഗണന നല്കി. യഹൂദരോടും ഇപ്രകാരം പെരുമാറി എന്നു പറയപ്പെടുന്നു.

മുഹമ്മദ് നബിയുടെ മരണത്തോടുകൂടി (632) സമീപപ്രദേശങ്ങളിലെ അറബികളൊക്കെ ഇസ്ലാം സ്വീകരിച്ചു. ക്രിസ്ത്യാനികളും യഹൂദരും കപ്പം കൊടുക്കുന്നവരായി തരംതാണു. രണ്ടാംതരം പൗരന്മാരായിത്തീർന്നു. തുടർന്ന് അറബികൾ മുസ്ലീം അല്ലാത്തവരോട് *ജിഹാദ്* പ്രഖ്യാപിച്ചു. പ്രവാചകനായ മുഹമ്മദിലൂടെ അള്ളാ വെളിപ്പെടുത്തിയ നിയമം അനുസരിച്ചു ഭരിക്കപ്പെടുന്ന *ദാർ അൽ ഇസ്ലാം;* ഇസ്ലാമിക് നിയമത്തിനു വിധേയമാകേണ്ട *ദാർ അൽ ഹർബ്.* അവയുമായി യുദ്ധം നടത്തി കീഴ്പ്പെടുത്തുക ; ജനങ്ങളെ മുസ്ലീം ആക്കുക, മുസ്ലീം നിയമം നടപ്പാക്കുക ഇതിനാണ് ജിഹാദ്. 'അമുസ്ലീങ്ങളുടെ വസ്തുവകകൾ മുസ്ലീങ്ങൾക്കു

www.malankaralibrary.com



ള്ളതാണ്' എന്നാണ് ഇബ്ൻ തൈമിയ (14th c) നിർദ്ദേശിക്കുന്നത്. അതു കൊണ്ട് ദാർ അൽ ഹർബിലെ യുദ്ധം നൈയാമികമാണ്; കുറ്റകരമല്ല എന്നു ബന്ധപ്പെട്ടവർ കരുതുന്നു. ദാർ അൽ ഹർബ്, ദാർ അൽ ഇസ്ലാമായിത്തീരുമ്പോൾ മുമ്പ് അവിടെ വസിച്ചിരുന്നവർ യുദ്ധതടവുകാരായിത്തീരുന്നു. അവരെ കൊല്ലുകയോ അടിമകളാക്കുകയോ നാടുകടത്തുകയോ സംരക്ഷണംകൊടുത്ത് രണ്ടാംതരം പൗരന്മാരാക്കുകയോ (ദിമ്മി) ചെയ്യാൻ അറബിനിയമം അനുശാസിക്കുന്നു.

യമൻ, ഹിയാസ് എന്നിവിടങ്ങളിൽ നിന്നുള്ള അറബികളുടെ കൂട്ടങ്ങളാണ് ആദ്യകാലത്ത് സിറിയൻ, പലസ്തീനിയൻ പ്രദേശങ്ങളിൽ കടന്നാക്രമണം നടത്തിയത്. ഗ്രാമങ്ങളിൽ കടന്ന് കൊലയും കൊള്ളിവയ്പും നടത്തി കടന്നുകളയുന്ന നയമാണ് ആദ്യമൊക്കെ അവർ സ്വീകരിച്ചത്. പേർഷ്യൻ -ബിസൻറയിൻ അതിർത്തികളിലെ തന്ത്രപ്രധാനമായ സ്ഥലങ്ങൾ സുപരിചിതമായിരുന്ന, അതിർത്തിയിലെ അറബിക്രിസ്ത്യാനികൾ മുസ്ലീം അറബികളോടു ചേർന്നു. അവരുടെ സഹായത്തോടെ പലസ്തീനിയൻ ഗ്രാമങ്ങൾ ഒന്നിനുപുറകെ ഒന്നായി കൊള്ളയടിച്ചു (634). ഗ്രാമങ്ങളിൽ എതിർത്തു നിന്ന 4000 യഹൂദരേയും ക്രിസ്ത്യാനികളേയും സമറിയാക്കാരേയും കൊലപ്പെടുത്തി. അവരുടെ മുന്നേറ്റത്തിൽ ഗാസാ, ജാഫാ, കേസറിയാ, നാബ്ളുസ്, ബേത്-ഷെയാ എന്നീ നഗരങ്ങൾ വാതിലുകൾ അടച്ചു. അവയെ ഒറ്റപ്പെടുത്തിക്കൊണ്ട് അറബികൾ മുന്നേറി കവർച്ച തുടർന്നു.

ആശ്രമങ്ങൾ, പള്ളികൾ, മഠങ്ങൾ എന്നിവയൊക്കെ നിഷ് കരുണം തകർക്കപ്പെട്ടു. ഒരു മനുഷ്യനോടും കാരുണ്യം കാണിക്കാതെ മനുഷ്യക്കുരുതി തുടർന്നു. ഗ്രാമങ്ങളും കൃഷിസ്ഥലങ്ങളും നശിച്ചതിനാൽ പട്ടിണിയും പരിവട്ടവും പകർച്ചവ്യാധിയും വ്യാപകമായി(639). ആയിരക്കണക്കിനു മനുഷ്യർ ഇതിൽ നശിച്ചു. അനേകരെ അടിമകളാക്കി. മനുഷ്യബന്ധങ്ങൾക്കോ മനുഷ്യജീവനോ അറബികൾ വിലകല്പിച്ചില്ല. ഗ്രാമങ്ങളുടേതിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് പട്ടണങ്ങളോടു സ്വീകരിച്ചത്. പട്ടണങ്ങളുമായി സന്ധിയുണ്ടാക്കി. കപ്പംകൊടുക്കാൻ സമ്മതിച്ച നഗരങ്ങളെ സംരക്ഷിതപ്രദേശമായി കരുതി. എന്നാൽ ഗ്രാമങ്ങൾക്ക് അത്തരം വില കല്പിച്ചില്ല. മെസൊപ്പൊട്ടേമിയൻ പ്രദേശങ്ങളിൽ പലയിടങ്ങളിലും ഗ്രാമങ്ങൾ മൊത്തത്തിൽ നശിപ്പിച്ചുകളഞ്ഞു. 635-നും 642-നും ഇടയ്ക്കാണ് അവിടങ്ങളിലെ കൊലയും കൊള്ളിവയ്പും നടന്നത്; അതുപോലെ ഈജിപ്തിലും. ബഹ്നേസാ, ഫയും, അബ്വാ

www.malankaralibrary.com



(Aboit) എന്നിവിടങ്ങളിലെ ജനങ്ങളെയെല്ലാം കൊന്നൊടുക്കി ജനങ്ങളിൽ ഭയം ജനിപ്പിച്ചു.

ഭയചകിതരായ ജനങ്ങൾ ഗ്രാമങ്ങൾ വിട്ട് പട്ടണങ്ങളിൽ അഭയം തേടി. വസ്തുവകകൾ ഉപേക്ഷിച്ച് പ്രാണരക്ഷാർത്ഥം ഓടിപ്പോയി. പലയിടങ്ങളിലും ഒറ്റിക്കൊടുക്കലും ചതിപ്രയോഗങ്ങളും നിമിത്തമാണ് അറബികൾക്കു മുന്നേറാൻ സാധിച്ചത്. നാട്ടുകാരായ ജനങ്ങൾ തന്നെ പലയിടങ്ങളിലും ബിസൻറയിൻ സൈന്യത്തിനെതിരായി അറബി പക്ഷത്തു ചേർന്നു. ഈജിപ്തിൽ ചില ക്രിസ്ത്യാനികൾ ക്രിസ്തുമതം ഉപേക്ഷിച്ച് കൊള്ളയടിക്കലിനു നേതൃത്വം നല്കി. ഈജിപ്തിൽ ഒരാഭ്യന്തരകലാപം നടമാടിയിരുന്ന അവസരമത്രെ അറബികൾ കടന്നു ചെന്നത്.

പലസ്തീനാ കടന്ന് സിലീഷ്യയിലെത്തിയ അറബികൾ ജനങ്ങളെ അടിമകളാക്കി. എവുക്കായ്തായിലെ ജനങ്ങളെ കൊന്നൊടുക്കി. രക്ഷപെട്ടവരെ അടിമകളാക്കി. അർമേനിയൻ പ്രദേശത്തേക്കു കടന്നവർ നിർബന്ധിച്ച് ഇസ്ലാമിലേക്കു പലരേയും ചേർത്തു. സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി. കപ്പം കൊടുക്കാൻ പരാജിതരെ നിർബന്ധിച്ചു. ദിൻ (642) പിടിച്ചടക്കി ജനങ്ങളെയൊക്കെ കൊന്നു. 35000-ജനങ്ങളെ അടിമകളാക്കി.

സൈപ്രസ് ആക്രമിച്ച അറബികൾ വലിയ കൊലയും കൊള്ളിവയ്പും നടത്തി. ഉത്തരആഫ്രിക്കയിലേക്ക് (643) കടന്ന അറബികൾ കാർത്തേജു നഗരം തകർത്തു തരിപ്പണമാക്കി. ജനങ്ങളിൽ മിക്കവരേയും കൊന്നു.

അനാറ്റോളിയൻ നഗരങ്ങളും ഗ്രാമങ്ങളും ആക്രമണത്തിനു വിധേയമായി. പെർഗാമം, സാർദിസ് എന്നിവിടങ്ങളിലെ ജനങ്ങളെ അടിമകളാക്കി. ഗാംഗ്ര, നിഖ്യാ എന്നിവ ആക്രമിച്ചു.

അലെപ്പോ, അന്ത്യോക്യാ, സ്റ്റെസിഫൺ, കോൺസ്റ്റാൻസ്യാ, പാതോസ്, ജർനീഷ്യ, സാമൊസാട്ടാ, എന്നിവിടങ്ങളിലെ ക്രിസ്ത്യാനികളേയും യഹൂദരെയും നാടുകടത്തി. കോൺസ്റ്റാൻറിനോപ്പിളിനു ചുററുമുള്ള പ്രദേശങ്ങളിലും തീരദേശചന്തകളിലും (717) കൊള്ള നടത്തി. കൊള്ളയടിക്കൽ സാധാരണമായി. അറബികൾക്കുശേഷം വന്ന ഭരണാധികാരികളും തുർക്കികളും കൊള്ളിവയ്പും കൊള്ളയടിക്കലും നാടുകടത്തലും തുടർന്നു. കീഴടക്കപ്പെട്ടവരിൽ നിന്ന് രൂപീകരിച്ച

www.malankaralibrary.com



സൈന്യത്തെ കൊണ്ടാണ് തുടർന്നുള്ള ആക്രമണങ്ങൾ നടത്തിയത്. തുർക്കി കൂലിപ്പട്ടാളം ധാരാളമായി അറബിസൈന്യത്തിൽ ചേർന്നു. തികച്ചും കാടന്മാരായിരുന്നു ഈ തുർക്കികൾ. കൊള്ളയടിക്കുന്നതിൽ ഈ ക്രൂരന്മാർ അതീവ തല്പരരായിരുന്നു.

കാലിഫിനുവേണ്ടി അടിമകളെ ശേഖരിക്കുക, കൊള്ളയടിക്കുക എന്നിവ നാടുവാഴികൾ (emirs) തുടർന്നുകൊണ്ടിരുന്നു. മുഷ് (939-40), കൊളൊനെയ്യാ എന്നീ അർമേനിയൻ പ്രദേശങ്ങളും മെലിറ്റീൻ പ്രദേശവും (953-54) ഹർസൻ, സരീഹാ എന്നീ പ്രദേശങ്ങളും (956) കപ്പദോഷ്യൻ പ്രദേശങ്ങളും (957) സൈഫ് അൽ ദൗളാ എന്നയാൾ തീവച്ച് നശിപ്പിക്കുകയും ആളുകളെ അടിമകളായി പിടിച്ച് നാടുകടത്തുകയും ചെയ്തു.

സ്പെയിനിലെ നല്ല കൃഷിസ്ഥലങ്ങളൊക്കെ അറബികൾ കയ്യടക്കി. ആഫ്രിക്കൻ ബേർബഴ്സിനെ കുന്നിൻപ്രദേശങ്ങളിലേക്ക് അയച്ചു. നാട്ടുകാരെ അടിമകളാക്കി. തെക്കൻ സ്പെയിനിൽ താവളമടിച്ചുകൊണ്ട് അവർ അവിഞ്ഞോൺ വരെയുള്ള ഫ്രഞ്ചുപ്രദേശങ്ങളെ കിടുകിടാ വിറപ്പിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ കടന്നാക്രമണവും കൊള്ളയടിക്കലും സ്ഥിരം പതിവാക്കി. നർബോൺ (793), സമോറാ (981), ബാർസെലോണ(983)കോയിംബ്ര, ലെയോൺ, സാന്തിയാഗോ ദി കാമ്പോസ്റ്റെല്ലാ (97) , കസ്തിലെ എന്നീ പ്രദേശങ്ങളും കീഴടക്കി കൊള്ളയടിച്ചു. മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള പ്രദേശങ്ങളും ഈ രീതിയിൽ ആക്രമണവിധേയമായി. സൈപ്രസ് (649), കോസ്, റോദസ്(672), ക്രീറ്റ് (674), സിസിക്കുസ് ഉപദ്വീപ്(620) എന്നിവ മനുഷ്യവാസമില്ലാത്ത മരുഭൂമികളാക്കി. ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള യഹൂദരെയും ക്രിസ്ത്യാനികളെയും നിർബന്ധിച്ച് ഇസ്ലാമിൽ ചേർത്തു. അവിടെ സ്ഥാപിക്കപ്പെട്ട അക്ളബിദ് വംശം (800-909) യൂറോപ്യൻ കടൽതീരത്ത് നിരന്തരഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. സർദീനിയാ, സിസിലി, തെക്കൻ ഇറ്റാലിയൻ, തെക്കൻ ഫ്രഞ്ചുപ്രദേശങ്ങളൊക്കെ അവർ വിജനപ്രദേശങ്ങളാക്കി. എട്ട്, ഒൻപത്, പത്ത്, നൂറ്റാണ്ടുകളിൽ കൂടെക്കൂടെ ഈ കടൽക്കൊള്ള അരങ്ങേറി.

പത്താം നൂറ്റാണ്ടോടുകൂടി അറബിസാമ്രാജ്യത്തിന്റെ വളർച്ച നിലച്ചു. എന്നാൽ ഈ സ്ഥലങ്ങളിലുണ്ടായിരുന്ന ഭൂരിപക്ഷക്രിസ്ത്യാനികളുടെ അംഗസംഖ്യ ഗണ്യമായി കുറഞ്ഞു. തുർക്കികൾ ഇസ്ലാം പ്രദേ

www.malankaralibrary.com



ശത്തേക്കു ഇരച്ചുകയറി മുസ്ലീംമതം സ്വീകരിച്ചപ്പോൾ ഇസ്ലാം കൂടുതൽ കരുത്താർജിച്ചു. ഒൻപതാം നൂറ്റാണ്ടുമുതൽ അബ്ബസിഡ് കാലിഫുമാരുടെ അംഗരക്ഷകരായി കടന്നുവന്ന തുർക്കികൾ കാലക്രമത്തിൽ അർമേനിയാ, അനാറേറാളിയാ, ബാൾക്കൻ എന്നീ വിസ്തൃതഭൂപ്രദേശങ്ങളിൽ ആധിപത്യം ഉറപ്പിച്ചു. പട്ടണങ്ങളും ഗ്രാമങ്ങളും ഒരുപോലെ അവരുടെ കാൽക്കീഴമർന്നു. ഒന്നിനുപിറകേ ഒന്നായി കടന്നുവന്ന തുർക്കോ-മംഗോൾ വർഗ്ഗക്കാർ കവർച്ചയും കൊള്ളിവയ്പും കൊള്ളയടിക്കലും തകർക്കലും തുടർന്നു. 11-17 നൂറ്റാണ്ടുകൾകൊണ്ട് വിയന്നാവരെ (1683) യുള്ള പ്രദേശങ്ങൾ ഇസ്ലാം നാടുകളായി കഴിഞ്ഞു. കൊള്ളയടിക്കാൻ ആർത്തിപൂണ്ട വിവിധ ടർക്കിഷ്-മംഗോൾ വർഗ്ഗക്കാർ ക്രിസ്ത്യാനികളെ കവർച്ചചെയ്ത് പലയിടങ്ങളിലും ഉന്മൂലനാശം വരുത്തി. തുടരെത്തുടരെയുള്ള കൊള്ളയടിക്കലിൻെറ ഫലമായി ഈ പ്രദേശങ്ങളിൽ അവശേഷിച്ച ക്രിസ്തീയ ജനതയും യഹൂദരും ദരിദ്രാവസ്ഥയിലേക്കു താണു.

ബാൾക്കൻ പ്രദേശങ്ങളിൽ കടന്ന തുർക്കികൾ സേർബിയ (1410-13) ഉപരോധിച്ചപ്പോൾ മൂസായും സമീപപ്രദേശങ്ങളും വിജനമാക്കി. കോൺസ്റ്റാൻറിനോപ്പിൾ (1453), സേർബിയ (1459), ബോസ്നിയാ, ത്രെബിസോൺഡ് (1463), ഹെർസെഗോവിന(1483), വലാക്കിയ, മൊൾഡോവ, കിഴക്കൻ ഹംഗറി എന്നിവ തുർക്കികൾ കീഴടക്കി. പോയിടങ്ങളിലൊക്കെ മനുഷ്യക്കുരുതിക്ക് അവസാനമില്ലായിരുന്നു. 1683-ൽ വിയന്നായിലും 1687-ൽ പോളണ്ടിലും മാത്രമാണ് അവർക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നത്.

അറബികളുടെയും തുർക്കികളുടെയും വികസനരീതികൾ ഒരുപോലെയായിരുന്നു. ഇസ്ലാമികനിയമം നടപ്പാക്കുന്നതിൽ രണ്ടു കൂട്ടരും ഒരുപോലെ പെരുമാറി. യുദ്ധവും പടയോട്ടവും തകർക്കലും തീവെട്ടിക്കൊലയും ഇഷ്ടപ്പെട്ടിരുന്നവരായിരുന്നു തുർക്കികൾ.

അറേബ്യയിൽ നിന്നുള്ള നിരവധി ഗോത്രങ്ങൾ സംസ്കാര സമ്പന്നമായ റോമൻ-പേർഷ്യൻ പ്രദേശങ്ങളിലേക്ക് കുടിയേറി. കൊന്നൊടുക്കിയ നാട്ടുകാർക്കു പകരമായി അറബികളെ കുടിയിരുത്തി. അറബികളും നാട്ടുകാരും ചേർന്നുള്ള പുതിയ തലമുറ ഉടലെടുത്തു. അടിമത്തം സാർവത്രികമായി. അറബികൾക്കുവേണ്ടി അടിമപ്പണി ചെയ്യുന്നതിന് പതിനായിരക്കണക്കിന് ക്രിസ്തീയ ജനതകളെ വിവിധ പ്രോവിൻസുകളിൽ നിന്നു പിടിച്ചുകൊണ്ടുവന്നു. മനുഷ്യത്വത്തിന് യാതൊരു വിലയു

www.malankaralibrary.com



മില്ലാതെ കന്നുകാലി ചന്തകളിൽ കച്ചവടം നടത്തുന്നതുപോലെ കച്ചവട ച്ചരക്കുകളായി മനുഷ്യക്കൂട്ടങ്ങളെ പരിഗണിച്ചു. അറബി, തുർക്കി കാല ഘട്ടങ്ങളിലെല്ലാം അടിമത്തം സാർവത്രികമായിരുന്നു.

കാലക്രമത്തിൽ മുസ്ലീം ഭരണത്തിൻകീഴിൽ അറബി ഒഴിച്ചുള്ള ഭാഷകളെല്ലാം നിരോധിക്കപ്പെട്ടു. അബ്ദ് അൽ മാലിക്ക് (685-705) ആണ് ഭരണത്തിൽ അറബി മാത്രമേ പാടുള്ളു എന്ന നിയമം നടപ്പാക്കിയത്.

ദിമ്മികൾ ആണ് അറബികൾക്ക് നികുതി കൊടുത്തുകൊണ്ടി രുന്നത്. പട്ടാളം അറബിരാജ്യത്തെ നിലനിർത്തി. പട്ടാളത്തിനു ഭക്ഷ ണവും പണവും നൽകേണ്ട കടമ നികുതി ദായകരായ ദിമ്മികൾക്കായി രുന്നു. ബിസൻറയിൻ സാമ്രാജ്യത്തിൻ കീഴിലും നികുതികൾ ഉണ്ടായി രുന്നു. എന്നാൽ സ്ഥലക്കരം, തലക്കരം എന്നീ രണ്ടുതരം കരംവഴി മുസ്ലീം കരംപിരിവുകാർ ബിസൻറയിൻകാരെക്കാൾ ക്രൂരരായിത്തീർന്നു. കരം കൊടുക്കാൻ കഴിവില്ലാതെ പല കൂട്ടങ്ങളും ഒളിച്ചോടിപ്പോയി. അതിർത്തിയിലെ അറബിഗോത്രങ്ങൾ കൃഷിയിൽ പരിചയമില്ലാത്തവരാ കയാൽ കൃഷിസ്ഥലങ്ങൾ ഉപേക്ഷിച്ചു. എന്നാൽ വിസ്തൃതമായ അറബിരാജ്യത്ത് ഒളിച്ചോടി രക്ഷപ്പെടാൻ സാധ്യമല്ലായിരുന്നു. ചാര പ്പണിയും ഒറ്റിക്കൊടുക്കലുകളും നടമാടി. ജനങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകി. ദിമ്മികൾ അത് എപ്പോഴും കൈവശം വച്ചുകൊണ്ടി രിക്കണമായിരുന്നു. പറമ്പിലെ ചെടികൾക്കും മരങ്ങൾക്കും കൃഷിവിള കൾക്കും വീട്ടിലെ വളർത്തു മൃഗങ്ങൾക്കുമെല്ലാം കരം ഏർപ്പെടുത്തി. കുട്ടികളും വൃദ്ധരും പാവപ്പെട്ടവരും ആയ ദിമ്മികളും നികുതി കൊടു ക്കേണ്ടിയിരുന്നു. ചിലപ്പോൾ മരിച്ചവരുടെ പേരിൽ പോലും പിരിവുകാർ കരം ചുമത്തിയിരുന്നു. ഈജിപ്തിലെ കോപ്തിക് ക്രിസ്ത്യാനികൾ അറബികൾക്കെല്ലാം വസ്ത്രം ഉണ്ടാക്കി കൊടുക്കണമായിരുന്നു. പട്ടാള ക്കാരുടെ ആവശ്യങ്ങളും അവർ നിറവേറ്റേണ്ടിയിരുന്നു.

പറമ്പുകൾ ഉപേക്ഷിച്ചുള്ള ഒളിച്ചോട്ടവും ഇസ്ലാമിലേക്കുള്ള പരി വർത്തനവും വരുമാനം കുറച്ചു. നികുതി പിരിവുകാർ പീഡനമാർഗങ്ങൾ ഉപയോഗിച്ചും കരം പിരിച്ചിരുന്നു. മറ്റ് പലതരം കരങ്ങളും അടിക്കടി പിരി ച്ചുകൊണ്ടിരുന്നു.

എന്നാൽ നിയമത്തിൻെറ മുമ്പിൽ ദിമ്മികൾക്ക് തുല്യതയില്ലായി രുന്നു. നികുതിഭാരം മുഴുവൻ അവർ ഏറ്റെടുക്കേണ്ടിവന്നു. നിയമാനു കൂല്യം ഒട്ടും ലഭിച്ചതുമില്ല.

www.malankaralibrary.com


പുതിയ ക്രിസ്തീയ പള്ളികൾ വയ്ക്കാനോ, ഉള്ളവ നവീകരിക്കാനോ ദിമ്മികൾക്കനുവാദം ലഭിച്ചിരുന്നില്ല. അറബികൾ കീഴടക്കിയ സ്ഥലങ്ങളിലെ പകുതിയോളം പള്ളികൾ അവർ പിടിച്ചെടുത്ത് മോസ്ക്കുകളാക്കി. പള്ളിമണി, ശവമടക്ക്, പ്രദക്ഷിണം, മറ്റ് സഭാശുശ്രൂഷകൾ എന്നിവയ്ക്കൊക്കെ നിയന്ത്രണം ഏർപ്പെടുത്തി. വാലിദ് (705-15), മഹ്ദി(775-85) എന്നിവരാണ് കുടുതലായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. അറബികൾ ക്രിസ്ത്യൻ ആരാധനാലയങ്ങളെ ഒട്ടുംതന്നെ ബഹുമാനിച്ചിരുന്നില്ല. പലപ്പോഴും കരുതിക്കൂട്ടി ബഹളം ഉണ്ടാക്കി അവയൊക്കെ നശിപ്പിച്ചിരുന്നു. സൈപ്രസിൽ എല്ലാ പള്ളികളും ഒരു കാലഘട്ടത്തിൽ (1651) മോസ്ക്കുകളാക്കി മാറ്റി. കുരിശു പുറത്തു കാണിക്കാൻ പാടില്ലായിരുന്നു. ഐക്കൺ, രൂപങ്ങൾ, കൊടികൾ എന്നിവയൊക്കെ നിരോധിച്ചിരുന്നു.

തുടരെത്തുടരെ നിർബന്ധിച്ചുള്ള മതപരിവർത്തനങ്ങൾ നടന്നു. സിറിയായിൽ പള്ളികൾക്കകെത്തിട്ട് ക്രിസ്ത്യാനികളെ ചുട്ടുകരിച്ചിരുന്നു. താനൂക് അറബികളിൽ 5000പേർ അലെപ്പോയ്ക്ക് സമീപം മുസ്ലീമായി (775-85). അന്ത്യോക്യയിൽ 1058-ൽ ഗ്രീക്കുകാരെയും അർമേനിയരെയും നിർബന്ധിച്ച് മുസ്ലീമാക്കി. മമ്ലുക്കുകൾ മംഗോളിയരെ 1260-ൽ പരാജയപ്പെടുത്തിയപ്പോൾ ഡമാസ്ക്കസിലെ ക്രിസ്ത്യാനികൾ കഠിനമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. അനേകരെ അടിമകളാക്കി, മറ്റനേകരെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിച്ചു. നിരവധി പള്ളികൾ ചുട്ടെരിച്ചു. തുർക്കികൾ ഭവനഭേദനം നടത്തി. കണ്ണിൽ കാണുന്നവയെല്ലാം കൊള്ളയടിച്ചു. മാസിഡോണിയായിലും ബൾഗേറിയായിലും കടന്ന് തുർക്കികൾ നിർബന്ധിച്ചുള്ള മതപരിവർത്തനം നടത്തി. അതിനു വിധേയരാകാത്തവരെ ജീവനോടെ ദഹിപ്പിച്ചു. ഭയവിഹ്വലരായ ജനങ്ങൾ പ്രാണരക്ഷാർത്ഥം ബാഹ്യമായി മുസ്ലീമായിത്തീർന്നു.

ക്രിസ്തീയ കുട്ടികളെ തട്ടിക്കൊണ്ടുപോകൽ സാധാരണമായിരുന്നു. അതിനു ചോദിക്കാൻ വകുപ്പില്ലായിരുന്നു. അവരെ മനുഷ്യത്വരഹിതരായി വളർത്തി തനി കാടത്തം നിറഞ്ഞ പട്ടാളക്കാരായി *(ദെവ്റിഷ്മെ)* മാററി. അവരെക്കൊണ്ട് ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നു. ഏതാണ്ട് മൂന്നു നൂറ്റാണ്ട് ബാൾക്കൻ പ്രദേശങ്ങളിൽ ഈ സ്ഥിതി നിലനിന്നു. ഓട്ടോമൻ സുൽത്താൻ ഒർക്കൻ (1326-59) ആണ് ഇത് തുടങ്ങിയത്. ബാൾക്കൻ പ്രദേശത്തെ ക്രിസ്ത്യാനികളെല്ലാം അഞ്ചാ

www.malankaralibrary.com


മത്തെ കുട്ടിയെ സുൽത്താനു ദാനമായി നൽകണം. പതിന്നാലിനും ഇരുപതിനും ഇടയ്ക്കു പ്രായമുള്ള ഈ ചെറുപ്പക്കാരെ മുസ്ലീമാക്കി *ജാനിസറികൾ* എന്നറിയപ്പെടുന്ന മിലിറ്ററിയിൽ ചേർത്തിരുന്നു. ഇതിൽ ഇപ്രകാരമുള്ള ക്രിസ്ത്യാനികൾ മാത്രമായിരുന്നു. വർഷംതോറും കരംപിരിക്കുന്നതുപോലെ കുട്ടികളേയും ശേഖരിച്ചിരുന്നു. ഗ്രീക്ക്, സേർബിയൻ, ബൾഗേറിയൻ, അർമേനിയൻ, അൽബേനിയൻ പ്രഭുക്കന്മാരുടെ മക്കളെയും വൈദികരുടെ മക്കളെയും ഇപ്രകാരം ശേഖരിച്ചിരുന്നു. ഇതിന് ഒഴിവുകഴിവുണ്ടായിരുന്നില്ല. ചിലപ്പോൾ ഒന്നിൽ കൂടുതൽ കുട്ടികളെയും ഇപ്രകാരം തട്ടിക്കൊണ്ടുപോകുമായിരുന്നു. അടിമകളായി വിൽക്കാനും കൂടുതൽ കുട്ടികളെ തട്ടിയെടുത്തിരുന്നു. പണം പിടുങ്ങാനും അവർ ഈ രീതി ഉപയോഗിച്ചു. കഠിനമായി പീഡിപ്പിച്ചിരുന്ന മുസ്ലീങ്ങൾക്ക് അവരെ മറിച്ചുവിറ്റിരുന്നു. ഈ ചെറുപ്പക്കാർ പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടി ഏറ്റവും കിരാതരായ രാക്ഷസരായിത്തീരുകയും ക്രിസ്ത്യാനികളെ കൊള്ളയടിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതായിരുന്നു തുർക്കികൾക്കു വേണ്ടിയിരുന്നതും. അതുപോലെ ആറിനും പത്തിനും ഇടയ്ക്ക് പ്രായമുള്ള ക്രിസ്ത്യൻ കുട്ടികളെ തട്ടിക്കൊണ്ടുപോയി പഠിപ്പിച്ച് സുൽത്താന്റെ അംഗരക്ഷകരാക്കുന്ന രീതിയും *(ഇക്കൊഗ്ലാനി)* ഉണ്ടായിരുന്നു. പതിന്നാലുവർഷം കഠിനമായ രൂപീകരണത്തിലൂടെ ഇവരും ക്രൈസ്തവ വിരുദ്ധരായിത്തീരും. ഇവരിലൂടെയൊക്കെ ഇസ്ലാം വളർന്നുകൊണ്ടിരുന്നു. 1656ലാണ് ദെവ്റിഷ്മെ നിർത്തലാക്കിയത്. എന്നാൽ ഇക്കൊഗ്ലാനിസിസ്റ്റം 18-ാം നൂറ്റാണ്ടിന്റെ മധ്യംവരെ പിന്നെയും തുടർന്നു.

ദിമ്മികളുടെ ഭവനങ്ങൾ മുസ്ലീം ഭവനങ്ങളെക്കാൾ ചെറുതും ഭംഗി കുറഞ്ഞതുമായിരിക്കണമായിരുന്നു. വ്യത്യസ്തമായവയൊക്കെ പൊളിച്ചുകളഞ്ഞിരുന്നു. അറബി അക്ഷരമാല ഉപയോഗിക്കാൻ അവർക്കു സ്വാതന്ത്ര്യമില്ലായിരുന്നു; അതുപോലെ അറബി ബഹുമാന സൂചകപദങ്ങളും. ക്രിസ്ത്യാനികൾക്ക് കഴുതപ്പുറത്തു മാത്രമേ യാത്രചെയ്യാൻ കെയ്റോയിൽ (1697) അനുവാദം ഉണ്ടായിരുന്നുള്ളു. എല്ലാ രീതിയിലും ക്രിസ്ത്യാനികളെ അവഗണിച്ചിരുന്നു. മുസ്ലീമിന്റെ മുൻപിൻ പഞ്ചപുച്ഛം അടക്കി മാത്രമേ ക്രിസ്ത്യാനി നില്ക്കാൻ പാടുണ്ടായിരുന്നുള്ളു. ക്രിസ്ത്യാനികളുടെ വീടിന്റെ വാതിൽ താഴ്ത്തി വയ്ക്കണമായിരുന്നു. കടയിൽ കച്ചവടം ചെയ്യുന്ന ദിമ്മിക്കും പ്രത്യേക ഇരുപ്പുരീതി ഉണ്ടായിരുന്നു. 19-ാംനൂറ്റാണ്ടുവരെ ഇസ്തംബുളിലെ ഫാനറിലെ

www.malankaralibrary.com



പ്രശസ്ത ക്രിസ്തീയ കുടുംബങ്ങൾ വീടുകൾ കറുത്ത ചായം അടിച്ചിരുന്നു. മനോഹരമാക്കാനോ മോടിപിടിപ്പിക്കാനോ അവർക്ക് അനുവാദം ഇല്ലായിരുന്നു. ഉത്തര ആഫ്രിക്കയിലെ ചില മുസ്ലീം ഭാഗങ്ങളിൽ കടക്കാൻ ക്രിസ്ത്യാനികൾക്ക് അനുവാദം ഇല്ലായിരുന്നു. അതുപോലെ തിരിച്ചറിയാൻ പ്രത്യേകം വസ്ത്രം ധരിക്കാൻ ദിമ്മികൾ നിർബന്ധിതരായിരുന്നു. ബൽറ്റും ബാഡ്ജും ചിലയിടങ്ങളിൽ ദിമ്മികൾ ധരിക്കേണ്ടിയിരുന്നു.ഇത്തരത്തിൽ ക്രിസ്ത്യാനികളെ അടിമകളും രണ്ടാംതരക്കാരും നിന്ദ്യരുമായി കരുതി പീഡിപ്പിച്ചിരുന്നു. [1]

1. Bat ye'or, *The Decline of Eastern Christianity under Islam* Madison, 1996.

www.malankaralibrary.com

# 28

# ബിസൻ്റയിൻ സാമ്രാജ്യത്തിൻ്റെ തകർച്ച

സഭയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ (313) പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ ജനങ്ങൾ ഒന്നിനുപിറകെ ഒന്നായി നിരവധി മതപര തർക്കങ്ങളിൽ കുടുങ്ങുന്നതിനിടയായി. ആരിയനിസം, നെസ് തോറിയനിസം, അപ്പൊള്ളിനാരിസം, എവുതീക്കിയനിസം, ഒരിജെനിസം തുടങ്ങിയ അബദ്ധപ്രബോധനങ്ങളെച്ചൊല്ലി ചേരിതിരിഞ്ഞ് പോരടിച്ചു. ഇതു ക്രിസ്തുമതത്തിൻ്റെ ആന്തരികശക്തിയെ ചോർത്തിക്കളഞ്ഞു. ഈജിപ്ത്, സിറിയ, ഏഷ്യാമൈനർ എന്നിവിടങ്ങളിലെ ക്രിസ്തീയ ജനങ്ങൾ എഫേസൂസ്, കാൽസിഡൺ കൗൺസിലുകളുടെപേരിൽ നിരന്തര കലഹത്തിലേർപ്പെട്ടു. ഓരോ വിഭാഗവും സത്യവിശ്വാസത്തിൻ്റെ വക്താക്കളായി രംഗത്തു വരികയും എതിരാളികളെ പാഷണ്ഡികളും ശീശ്മക്കാരുമായി കരുതുകയും ചെയ്തു. യോജിച്ചുനിന്ന് സ്നേഹത്തിൽ അധിഷ്ഠിതമായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിനു പകരം വിദ്വേഷത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം സ്വീകരിച്ചു. പൗരസ്ത്യദേശങ്ങളിലെ ജനങ്ങൾ രാജപക്ഷക്കാരെന്നും (മെൽക്കീത്തർ - കാൽസിഡൺ അംഗീകരിക്കുന്നവർ) യാക്കോബായക്കാർ(കാൽസിഡൻ നിരസിച്ചവർ) എന്നും രണ്ടു ചേരികളിലായി. സുറിയാനിക്കാർ തന്നെയും നെസ്തോറിയവർ എന്നും യാക്കോബായക്കാരെന്നും ചേരിതിരിഞ്ഞു. ഈ പേരുകളൊക്കെ എതിർചേരിയിലുള്ളവർക്ക് ക്രിസ്ത്യാനികൾ കൊടുത്തിരുന്ന പേരുകളാണ്.

ബിസൻ്റയിൻ ചക്രവർത്തിമാർ വിവിധ വിഭാഗക്കാരെ യോജിപ്പിച്ചു കൊണ്ടുപോകാൻ ശ്രമിച്ചു. അതിനുവേണ്ടി തിരിച്ചും മറിച്ചും ഒക്കെ തത്ത്വ

www.malankaralibrary.com


ങ്ങൾ അവതരിപ്പിച്ചു. രാഷ്ട്രീയയോജിപ്പായിരുന്നു അവരുടെ ലക്ഷ്യം. അതിനു മതപരമായ യോജിപ്പ് അനുപേക്ഷണീയമാണ് എന്ന് അവർ കരുതി. സ്നേഹത്തിൽ അധിഷ്ഠിതമായ യോജിപ്പ് അല്ലായിരുന്നതി നാൽ ആ പരിശ്രമങ്ങളൊന്നും ഫലം പുറപ്പെടുവിച്ചില്ല. ജസ്റ്റീനിയൻ ചക്രവർത്തി ഒരുതരം ഇരട്ടത്താപ്പുനയം സ്വീകരിച്ചു. കാൽസിഡൻ അംഗീകരിക്കാത്തവരെ അനുനയിപ്പിക്കാൻ പല ചർച്ചകളും നടത്തി. ചർച്ച കൾ വിജയിച്ചില്ല. എതിർത്ത നേതാക്കന്മാരെ വീട്ടുതടവിലാക്കി കോൺ സ്റ്റാൻറിനോപ്പിളിൽ താമസിപ്പിച്ചു. ജസ്റ്റീനിയൻെറ ഭാര്യ തിയഡോറാ ഈ നേതാക്കന്മാരുടെ സംരക്ഷകയായിരുന്നു. സിറിയായിൽ ഉടനീളം കാൽസിഡൻ വിരുദ്ധർ പീഡനങ്ങൾക്കു വിധേയരായി എന്നു പറയ പ്പെടുന്നു. എന്നാൽ ധാന്യക്കലവറയായിരുന്ന ഈജിപ്തിലെ കാൽസി ഡൺ വിരുദ്ധരെ പീഡിപ്പിച്ചില്ല. കാൽസിഡൻവിരുദ്ധർ പേർഷ്യയിലേക്കു കുടിയേറാൻ അനുവദിച്ചു. അവരെ ഉപദ്രവിക്കരുതെന്നും സംരക്ഷിച്ചു കൊള്ളണമെന്നും പേർഷ്യൻ രാജാവായ ഷപ്പൂറിന് ജസ്റ്റീനിയൻ എഴുതി.

പേർഷ്യൻ -ബിസൻറയിൻ സാമ്രാജ്യങ്ങൾ മിക്കപ്പോഴും ശത്രുതയി ലായിരുന്നു. അതിർത്തിപ്രദേശങ്ങളിലെ ജനങ്ങളാണ് യുദ്ധത്തിൻെറ കെടുതികൾ കൂടുതലായി അനുഭവിച്ചത്. ആക്രമിച്ച് കൊള്ളചെയ്ത് തകർത്തു നശിപ്പിച്ചിട്ട്, ജനങ്ങളെ കൂട്ടത്തോടെ പിടിച്ചുകൊണ്ടു പോകുന്ന കിരാത നയമാണ് പേർഷ്യാക്കാർ അനുവർത്തിച്ചത്. യുദ്ധ ത്തിൻെറ അനന്തരഫലങ്ങളായ ക്ഷാമം, കടുത്ത നികുതി, ജനനാശം എന്നിവയും ഈ അതിർത്തിയിലെ ജനങ്ങൾ അനുഭവിക്കേണ്ടിവന്നു. നികുതിഭാരവും അടിച്ചമർത്തലും പട്ടിണിയും കൊണ്ട് ജനങ്ങൾ പൊറു തിമുട്ടി. ഇത് ഏറ്റവും കൂടുതൽ ബാധിച്ചത് സിറിയായിലെ സുറിയാനി ക്കാരെയാണ്. ഗ്രീക്കു സംസാരിക്കുന്നവരും പട്ടണവാസികളും ചക്ര വർത്തിയെ ഒരു തരത്തിൽ പിൻതാങ്ങി. സുറിയാനിക്കാരും ഗ്രീക്കുകാരും തമ്മിലുള്ള വിടവ് ഈ കാലഘട്ടത്തിൽ വളരെ പ്രകടമായിരുന്നു. സിറി യൻ സന്ന്യാസികൾ ഈ അകൽച്ച വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. സുറിയാ നിക്കാർ ഗ്രീക്കുകാരെ എല്ലാത്തരത്തിലും വെറുത്തിരുന്നു. ജസ്റ്റീനി യൻെറ പിൻഗാമികളായി വന്ന പലരും സിറിയായിലെ കാൽസിഡൺ വിരുദ്ധരോട് വിട്ടുവീഴ്ചയില്ലാതെ പെരുമാറി. മൗരീസ് ചക്രവർത്തിയുടെ കാലത്ത് (582-602) എല്ലായിടത്തും അവർ പീഡനങ്ങൾക്കു വിധേയ രായി. അവരെ പിന്തുണച്ചിരുന്ന ഘസനിഡ് രാജ്യം മൗരിസ് തകർത്തു.

www.malankaralibrary.com



ആ പ്രദേശത്തുള്ള അറബിക്രിസ്ത്യാനികളെ എതിരാളികളാക്കി. മൗരീസിനെ കൊന്ന് 602-ൽ ഫോക്കാസ് അധികാരത്തിൽ വന്നപ്പോൾ പേർഷ്യൻ രാജാവ് ഖുസ്രാ II (590-628) പൗരസ്ത്യപ്രവിശ്യകൾ ഒന്നൊന്നായി കീഴടക്കി. ഒരിടത്തും പിടിച്ചുനിൽക്കാൻ കഴിയാതെ ബിസൻറയിൻ സൈന്യം തോറ്റുപിൻവാങ്ങി. 614-ൽ വലിയ തകർക്കലിനുശേഷം ജറുസലേം കീഴടങ്ങി. വിശുദ്ധ കുരിശ് പേർഷ്യയിലേക്കു കടത്തി. അവിടുത്തെ പാത്രിയർക്കീസ് സക്കറിയാസിനെയും 35.000 ജനങ്ങളെയും പേർഷ്യയിലേക്കു കൊണ്ടുപോയി.

പിടിച്ചടക്കിയ സ്ഥലങ്ങളിലെ കാൽസിഡൺ വിരുദ്ധരെ തുടരാൻ ഖുസ്രാ അനുവദിച്ചു. നാടുകടത്തപ്പെട്ടവരും തിരികെ എത്തി. അവിടെയെല്ലാം അവരുടെ ഹയരാർക്കി സ്ഥാപിതമായി. “കാൽസിഡൺ രാത്രി കടന്നുപോയതിനാൽ ലോകം സമാധാനത്തിലും സ്നേഹത്തിലും സന്തോഷിക്കുന്നു” എന്ന് 614-ൽ അന്ത്യോക്യൻ കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസ് എഴുതി. പീഡകരായ ബിസൻറയിൻ ചക്രവർത്തിമാരിൽ നിന്നുള്ള രക്ഷകനായിട്ടാണ് പേർഷ്യൻ രാജാവിനെ അവർ കണ്ടത്. എന്നാൽ 628-ൽ ബിസൻറയിൻ ചക്രവർത്തി ഹെരാക്ലിയസ് (610-641) പേർഷ്യക്കാരെ പരാജയപ്പെടുത്തി, നഷ്ടപ്പെട്ട സ്ഥലങ്ങളൊക്കെ വീണ്ടെടുത്തപ്പോൾ വീണ്ടും തകിടംമറിച്ചിലുകൾ ഉണ്ടായി. എങ്കിലും ജനങ്ങൾ രണ്ടു വ്യത്യസ്ത ക്യാമ്പുകളിലായിരുന്നു. ഇരുകൂട്ടരേയും യോജിപ്പിക്കാൻ “ക്രിസ്തുവിൽ ഏക ഇച്ഛയേ ഉള്ളു”എന്ന ഫോർമുല *എക്തെസിസ്* എന്ന രേഖയിലൂടെ 638-ൽ ഹെരാക്ലിയസ് മുന്നോട്ടു വച്ചു. അതു വലിയ കോളിളക്കം ഉണ്ടാക്കി. തുടർന്നു ഭരിച്ച കോൺസ്റ്റൻസ് II (641-668) *ത്യുപ്പോസ്* എന്ന രേഖ പുറപ്പെടുവിച്ചു. ക്രിസ്തുവിൽ “ഒരു ഇച്ഛ മാത്രം” “ഒരു മനസ്സ് മാത്രം” എന്നു പഠിപ്പിച്ച ചിന്തകളെ 680/81 ലെ സിനഡു തള്ളിക്കളഞ്ഞിട്ട് ക്രിസ്തുവിൽ രണ്ട് ഇച്ഛകളും രണ്ടു മനസ്സുകളും എന്നു പഠിപ്പിച്ചു. എന്നാൽ ഈ ഫോർമുലകൾക്കൊന്നും ഇരുകൂട്ടരേയും യോജിപ്പിക്കാൻ കഴിഞ്ഞില്ല.

പേർഷ്യക്കാരും ബിസൻറയിൻകാരും യുദ്ധംചെയ്ത് തകർന്നടിഞ്ഞ പശ്ചാത്തലത്തിലാണ് അറബികൾ അറേബ്യയിൽ നിന്നു യുദ്ധകാഹളം മുഴക്കിയത്. 630-ൽ ആരംഭിച്ച പടയോട്ടം ഒരു ജൈത്രയാത്ര മാത്രമായിരുന്നു. ബിസൻറയിൻ ഭരണത്തിൽ അമർഷം പൂണ്ട പൗരസ്ത്യ ജനപദം അറബികളെ സ്വാഗതംചെയ്തു. ബിസൻറയിൻകാരെ ആട്ടിപ്പായിക്കാൻ പലയിടങ്ങളിലും ക്രിസ്ത്യാനികൾ അറബികളുടെ കൂടെ

www.malankaralibrary.com


ചേർന്നു. അറബിഭരണാധികാരികളെ ബിസൻറയിൻകാർക്കെതിരെ ഗർവ്വോടുകൂടി സ്വീകരിച്ച കാൽസിഡൺ വിരുദ്ധർ അതിൻെറ വില കൊടുക്കേണ്ടിവന്നു. ബിസൻറയിൻ ചക്രവർത്തിമാരുടെ തെറ്റുകൊണ്ടാണ് ദൈവം അവരെ അറബികൾക്ക് ഏല്പിച്ചുകൊടുത്തതെന്ന് പറഞ്ഞു നടന്ന സുറിയാനിക്കാർ തങ്ങളുടെ സ്വാതന്ത്ര്യമല്ല തങ്ങളുടെ ശവക്കല്ലറകളാണ് വിലകൊടുത്തു വാങ്ങിയത്. സാവധാനത്തിൽ അറബികൾ ക്രിസ്ത്യാനികളെ കഠിനമായി പ്രഹരിച്ചു. മതപരിവർത്തനം, കൊല എന്നിവയിലൂടെ ക്രിസ്ത്യാനികളുടെ സംഖ്യ അനുദിനം കുറഞ്ഞുവന്നു. അന്ധമായ കാൽസിഡൺ വിരോധത്തിൻെറ തിക്തക ഫലങ്ങൾ ഇന്നും പശ്ചിമേഷ്യയിലെ ക്രൈസ്തവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ആദ്യകാല കാലിഫുമാർ (632-661) പൗരസ്ത്യക്രിസ്ത്യാനികൾക്ക് കുറെയൊക്കെ സ്വാതന്ത്ര്യം അനുവദിച്ചു.ഒമ്മയിസ് ഭരണം (661-750) കാൽസിഡൺ വിരുദ്ധരായ യാക്കോബായക്കാർക്ക് അനുകൂലവും കാൽസിഡൺ അനുകൂലികളായ മെൽക്കീത്തർക്ക് പ്രതികൂലവുമായിരുന്നു. ഓമാർ II കാലിഫ് ക്രിസ്ത്യാനികളെ ഭരണത്തിൽ നിന്ന് അകറ്റി നിർത്താൻ തുടങ്ങി. മാർവനിദ് വാലിക് 750-ൽ അർമേനിയായിലും സിറിയായിലും ക്രിസ്ത്യാനികളെ കൂട്ടക്കൊല നടത്തി. തലക്കരം, സ്ഥലക്കരം തുടങ്ങിയ നികുതികൾക്കു പുറമെ യസീദ് II ക്രിസ്ത്യാനികൾക്ക് പ്രത്യേക വസ്ത്രവും നടപ്പാക്കി. കടുത്ത വിവേചനയ്ക്കു വിധേയരായപ്പോൾ പല കാൽസിഡൺ വിരുദ്ധരും അറബികളുടെ മതത്തിൽ ചേർന്നു എന്നു പറയപ്പെടുന്നു. അബ്ബസിഡ് ഭരണത്തിൽ (750-1258) ക്രിസ്ത്യാനികളുടെ ഞെരുക്കം വളരെ വർധിച്ചു. കാലിഫ് അൽ മഹ്ദി, അൽ മുതവക്കിൽ എന്നിവർ ക്രിസ്തുമതത്തിൻെറ ബദ്ധശത്രുക്കളായിരുന്നു. അവർ വളരെയധികം പള്ളികളും ആശ്രമങ്ങളും തകർത്തു. ക്രിസ്തീയ ജീവിതം ദുസ്സഹമാക്കി. ഈ ഭരണാരംഭത്തിൽ യൂറോപ്പിൽ ചാർളിമെയിൻെറ നേതൃത്വത്തിൽ ഉള്ള വി.റോമാസാമ്രാജ്യം (800) ഉദയംചെയ്തു. ചുററുമുള്ള അപരിഷ്കൃതരെ അമർച്ചചെയ്യുന്നതിനും മാനസാന്തരപ്പെടുത്തുന്നതിനും സ്പെയിനിൽ കടന്നുകൂടിയ അറബികളെ പരാജയപ്പെടുത്തുന്നതിനും ചാർളിമെയിൻ ശ്രദ്ധിച്ചു. പൗരസ്ത്യദേശങ്ങളിൽ ഇടപെടത്തക്ക കഴിവുറ്റവരാരും അന്നു പാശ്ചാത്യലോകത്തില്ലായിരുന്നു.

ഈ കാലഘട്ടത്തിൽ റോമും കോൺസ്റ്റാൻറിനോപ്പിളും മതപരമായ കാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും ഇടഞ്ഞിരുന്നു. ഐക്കൺ തകർക്കൽ പ്രശ്നത്തിൻെറ പേരിൽ മതപരമായ ഇടർച്ച ഉണ്ടായി.

www.malankaralibrary.com



ജനങ്ങളെല്ലാം ഒറ്റക്കെട്ടായിനിന്നു പൊതുശത്രുവിനെ നേരിടുന്നതിനു പകരം ഈ പ്രശ്നത്തിൻെറ പേരിൽ വലിയ വാദകോലാഹലങ്ങൾ ഉണ്ടായി. നിരവധി നിരപരാധികൾ കൊല്ലപ്പെട്ടു. സഭാവസ്തുക്കൾ കൊള്ളയടിക്കാൻ തക്കം പാർത്തുകൊണ്ടിരുന്ന പ്രഭുക്കന്മാരും സൈന്യവും തകർക്കലിനാക്കം കൂട്ടി. ഇതേച്ചൊല്ലി റോമും കോൺസ്റ്റാൻറിനോപ്പിളും ഇടഞ്ഞു. തർക്കം പരിഹരിക്കപ്പെട്ടത് രണ്ടാം നിഖ്യാ കൗൺസിലിലാണ്. ഈജിപ്തും സിറിയായും നഷ്ടപ്പെട്ടെങ്കിലും ബിസൻറയിൻ ചക്രവർത്തിമാർ ബൾഗേറിയൻ വംശജരുടെ മാനസാന്തരത്തിൽ ശ്രദ്ധിച്ചു. സ്ലാവുകൾ, ബൾഗേറികൾ, അവാർസ് തുടങ്ങിയവർ നിരന്തരമായി ഏഴാം നൂറ്റാണ്ടിൽ ബാൾക്കൻ പ്രദേശങ്ങളിൽ കടന്നാക്രമണം നടത്തിക്കൊണ്ടിരുന്നു. 811-ൽ ക്രും എന്ന ബൾഗേറിയൻ നേതാവ് ബിസൻറയിൻ ചക്രവർത്തി നിസെഫൊറസിനെ (802-811) കൊന്നു. ഒൻപതാം നൂറ്റാണ്ടിൻെറ മധ്യഭാഗത്ത് അവർ ഒരു രാജ്യം സ്ഥാപിച്ചു. അവർ ബോറിസ് രാജാവിൻെറ നേതൃത്വത്തിൽ ബിസൻറയിൻ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ ബൾഗേറിയക്കാരും ബിസൻറയിൻകാരും തമ്മിൽ ഒരു "നൂറുവർഷയുദ്ധം" നടന്നു. ശിമയോൻ(889-927) എന്ന ബുൾഗാർ രാജാവിൻെറ കാലത്താണ് അതു തുടങ്ങിയത്. ശാമുവേൽ എന്ന രാജാവിൻെറ കാലത്ത് അതു വർധിച്ചു. ബിസൻറയിൻ ചക്രവർത്തി ബാസിൽ II (976-1025) 1014-ൽ പതിന്നാലായിരം ബൾഗേറിയൻ തടവുകാരെ പിടിച്ചുകെട്ടി കണ്ണുകുത്തിപ്പൊട്ടിച്ച് ബൾഗറിയരെ ബലഹീനരാക്കി. 100-ൽ 99പേരെ അന്ധരാക്കി. വഴികാണിക്കാനായി ഒരുത്തനെ ഒറ്റക്കണ്ണനായി വിട്ടയച്ചു. അതോടുകൂടി ബൾഗേറിയൻ "ശല്യം" അവസാനിച്ചു. ബിസൻറയിൻകാരും ബൾഗേറിയരും ഒന്നിച്ചുനിന്ന് പൊതുശത്രുവിനെ എതിരിടുന്നതിനു പകരം പരസ്പരം മല്ലടിച്ച് വീണ്ടും ശക്തി ശിഥിലമാക്കുന്ന കാഴ്ചയാണ് നാം ഇവിടെയെല്ലാം കാണുക.

ഈ കാലഘട്ടത്തിൽ തന്നെയാണ് റോമിൽ നിന്നും ജർമ്മനിയിൽ നിന്നുമുള്ള ക്രിസ്തുമതം സ്വീകരിച്ച് മൊറാവിയൻ (ചെക്കായ്)ക്രിസ്ത്യാനികൾ ഉണ്ടായത്. അതേതുടർന്ന് റഷ്യൻ മാനസാന്തരം നടന്നു. ഇവയൊക്കെ ബിസൻറയിൻ നേട്ടങ്ങളായിരുന്നു.

അറബികൾ 717-ൽ കോൺസ്ററാൻറിനോപ്പിൾ ആക്രമിച്ചെങ്കിലും അവരെ ലെയോ മൂന്നാമൻ ചക്രവർത്തി തുരത്തി. മുസ്ലീങ്ങൾ സിസിലി, ക്രീററ് എന്നീ ദ്വീപുകൾ പിടിച്ചെടുത്ത് അവിടെനിന്ന് കൊള്ള നടത്തിക്കൊണ്ടിരുന്നു. ലൊംബാർഡുകൾ 751ഓടുകൂടി വടക്കേ ഇറ്റലിയിലു

www.malankaralibrary.com



ള്ള ബിസൻറയിൻ ഭാഗങ്ങൾ തങ്ങളുടെ സ്വന്തമാക്കി കഴിഞ്ഞിരുന്നു. എന്നാൽ 961-ൽ ബിസൻറയിൻകാർ ക്രീറ്റ് തിരികെ പിടിച്ചു. അന്ത്യോക്യയും ഉത്തരസിറിയായും സ്വന്തമാക്കി. 300 വർഷത്തെ അറബിമേൽക്കോയ്മയ്ക്കു ശേഷമായിരുന്നിത്. എന്നാൽ ബിസൻറയിൻകാർ അർമേനിയ കീഴടക്കിയത് വലിയ മണ്ടത്തരമായിപ്പോയി. ഇരച്ചുവന്ന അപരിഷ്കൃതാക്രമണങ്ങളെ തടഞ്ഞു നിർത്തിക്കൊണ്ടിരുന്ന ചെറിയ രാജ്യത്തെ ബിസൻറയിൻ സാമ്രാജ്യത്തിൽ ചേർത്തതുവഴി അതുകൂടി സംരക്ഷിക്കേണ്ട ചുമതല ബിസൻറയിൻകാർക്കുണ്ടായി. നേരെ ഏഷ്യാമൈനറിലേക്ക് ഇരച്ചുകയറാൻ അതു വഴിയൊരുക്കി.

അപ്രകാരംതന്നെ സംഭവിച്ചു. ബിസൻറയിൻ സാമ്രാജ്യത്തിലെ പണക്കാരും പ്രബലരുമായ ഫ്യൂഡൽ പ്രഭുക്കന്മാർ അന്തഃഛിദ്രം വളർത്തിക്കൊണ്ടിരുന്നു. സ്വന്തം സ്ഥാപിത താല്പര്യത്തിൽ മാത്രം ശ്രദ്ധിച്ചു. 1028-56 കാലഘട്ടത്തിൽ ശക്തരായ ഭരണാധികാരികൾ ഇല്ലാതെവന്നു. പിന്നെ ഭരണം ഏറ്റെടുത്ത അലെക്സിയൂസ് I കൊംനേനൂസ് (1081-1118) അല്പം ഭരണസ്ഥിരത നൽകി. കരിങ്കടലിൻെറ വടക്കുഭാഗത്തുനിന്നുള്ള പെക്കെനെഗ്സിനെ അദ്ദേഹം പരാജയപ്പെടുത്തി. സിസിലിയിലും മറ്റും കടന്ന് നോർമൻകാരെ കുറേയൊക്കെ നിയന്ത്രിച്ചു. പേപ്പൽ പിന്തുണ കൂടാതെ തുർക്കികളെ ഓടിക്കാനാവില്ല എന്നു കണ്ട് അദ്ദേഹം റോമിലെ മാർപാപ്പായുടെ സഹായം തേടി. കുരിശുയുദ്ധത്തിനുള്ള രംഗം ഇപ്രകാരമാണ് സംജാതമാകുന്നത്.

www.malankaralibrary.com

# 29

# ബിസൻറയിൻ സാമ്രാജ്യത്തിൻെറ അന്ത്യം

**ബി**സൻറയിൻ സാമ്രാജ്യം ചുരുങ്ങിചുരുങ്ങി വളരെ ചെറിയ ഭൂപ്രദേശത്ത് ഒതുങ്ങി. ഗ്രീസിലുള്ള ചില പ്രദേശങ്ങളും കോൺസ്ററാൻറിനോപ്പിളും മാത്രമായിരുന്നു 15-ാം നൂറ്റാണ്ടിലെ ബിസൻറയിൻ സാമ്രാജ്യം നാലുപാടും ഓട്ടോമാൻ തുർക്കികൾ കടന്നാക്രമിച്ച് കീഴടക്കിയിരുന്നു. പല തുറമുഖപട്ടണങ്ങളും ഇറ്റലിയിലെ നാവികശക്തികളുടെ കൈകളിലായിരുന്നു.1430 മാർച്ച് 29-ന് തുർക്കികൾ തെസലോനിക്കാ പട്ടണംആക്രമിച്ചു. 7000 പേരെ തുർക്കികൾ അടിമകളായി പിടിച്ചു കൊണ്ടുപോയി. മൂന്നു ദിവസത്തേക്ക് മുറാദ് എന്ന സുൽത്താൻെറ സൈന്യംകൊള്ളയടിക്കൽ തുടർന്നു. മാതാവിൻെറ നാമത്തിലുള്ള പള്ളി മുസ്ലീങ്ങൾ മോസ്ക്കായി മാറ്റി. തുടർന്ന് അൽബേനിയാ വരെയുള്ള സ്ഥലങ്ങളിൽ തുർക്കികൾ സംഹാരതാണ്ഡവം ആടി. എതിർത്തവരെയൊക്കെ പരാജയപ്പെടുത്തി; സന്ധിയുണ്ടാക്കിയവരെ സംരക്ഷിത പ്രജകളാക്കി. തുർക്കികൾ അഡ്രിയാറ്റിക് തീരംവരെ എത്തിയപ്പോഴാണ് പാശ്ചാത്യർക്ക് ബോധോദയം ഉണ്ടായത്.

അവശേഷിച്ചത് കോൺസ്റ്റാൻറിനോപ്പിൾ പട്ടണം മാത്രമായിരുന്നു. ബിസൻറയിൻ രാജാവ് ജോൺ VIII പാശ്ചാത്യലോകത്തോട് സഹായാഭ്യർത്ഥന നടത്തി. ലത്തീൻ സഭയുമായി ധാരണയുണ്ടാക്കാൻ ചക്രവർത്തി സന്നദ്ധനായിരുന്നു. ഒരു പൊതുകൗൺസിൽ വിളിച്ചുകൂട്ടി അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കണം എന്ന നിർദ്ദേശം ചക്രവർത്തി വച്ചു. എവുജിൻ IV പാപ്പാ (1431-47) *ബാസലിൽ* ഒരു കൗൺ

www.malankaralibrary.com



സിൽ വിളിച്ചുകൂട്ടിയ വിവരം ബിസൻറയിൻകാർ അറിഞ്ഞിരുന്നില്ലെന്നു തോന്നുന്നു. "കൺസീലിയറിസം" ഭയന്ന് പാപ്പാ 1438-ൽ സിനഡ് *ഫെറാറായിലേക്കു* മാററി. 1439-ൽ ഫ്ളോറൻസായി സമ്മേളനവേദി. ചക്രവർത്തിയുടെ പ്രേരണയാൽ ഒരു ഡെലഗേഷൻ ഫെറാറായിലെത്തി. നീണ്ട ചർച്ചകൾക്കുശേഷം ഗ്രീക്കുസഭയും ലത്തീൻ സഭയും തമ്മിലുള്ള ഐക്യഫോർമുല ഫ്ളോറൻസ് കൗൺസിലിൽ വച്ച് അംഗീകരിക്കപ്പെട്ടു. പൗരസ്ത്യചിന്താഗതികളും ദൈവശാസ്ത്രവീക്ഷണങ്ങളും കണക്കിലെടുക്കാതെ പാശ്ചാത്യ ദൈവശാസ്ത്രപദപ്രയോഗങ്ങൾ ഉപയോഗിച്ചാണ് ഐക്യഫോർമുല രൂപപ്പെടുത്തിയത്. വളരെ ഏകപക്ഷീയമായിരുന്നു ഫോർമുലകൾ. എങ്കിലും രാഷ്ട്രീയ സുരക്ഷിതത്വത്തിന് പൗരസ്ത്യ സഹായം അപരിത്യാജ്യമാണെന്ന് ബിസൻറയിൻകാർ കണ്ടു. ഐക്യ ഫോർമുല അംഗീകരിക്കാൻ ചക്രവർത്തി തൻെറ ഡലഗേഷനെ നിർബന്ധിച്ചു. ഡലഗേഷൻ നാട്ടിൽ തിരിച്ചെത്തിയ ശേഷം 1440-ൽ അടുത്ത പാത്രിയർക്കീസിനെ തിരഞ്ഞെടുത്തു. അദ്ദേഹം ഐക്യത്തെ അനുകൂലിച്ചു. വിശുദ്ധ സോഫിയാ ദൈവാലയത്തിൽ മാർപാപ്പായുടെ പേര് അനുസ്മരിക്കാൻ തുടങ്ങി. എന്നാൽ ഐക്യത്തെ എതിർത്തിരുന്നവർ എതിർപ്രചരണം നടത്തിക്കൊണ്ടിരുന്നു.

ബിസൻറയിൻകാരെ സൈനികമായി സഹായിക്കാൻ പാശ്ചാത്യർ തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരുന്നു. 1444 ലാണ് ഒരുക്കങ്ങൾ പൂർത്തിയായത്. തുർക്കികളുമായി തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ ക്രിസ്തീയ സൈന്യത്തിനു കനത്ത പരാജയം നേരിട്ടു. തുടർന്നുള്ള ക്രോധത്തിൽ സുൽത്താൻ മുറാദ് II അവശേഷിച്ച ബിസൻറയിൻ ചെറുപട്ടണങ്ങൾ ആക്രമിച്ച് കൊള്ളനടത്തി. 60000 പേരെ അടിമകളാക്കി തുർക്കിചന്തകളിൽ വില്പനയ്ക്കായി കൊണ്ടുപോയി. 1448-ൽ ജോൺ VIII ചക്രവർത്തി മരിച്ചു. പാശ്ചാത്യരിൽ നിന്നുള്ള സഹായം കൊണ്ടും കോൺസ്റ്റാൻറിനോപ്പിൾ സംരക്ഷിക്കാൻ സാധ്യമല്ല എന്ന ചിന്ത പരന്നു. ഒപ്പം ഐക്യഫോർമുലായോട് എതിർപ്പുള്ളവരുടെ സംഖ്യ വർധിച്ചുവന്നു.

തുടർന്നു ഭരിച്ച കോൺസ്റ്റൻൈറൻ XI (1448-53) ബിസൻറയിൻ ഭരണത്തിൻെറ അന്ത്യം ദർശിച്ചു. ഐക്യഫോർമുലയുടെ പേരിൽ നഗരത്തിലെ ജനം വിഭജിതരായിരുന്നു. ഐക്യം നിലനിർത്താൻ കോൺസ്റ്റൻൈറൻ ആഗ്രഹിച്ചു. സഹായം ലഭിക്കാൻ സാധ്യത പാശ്ചാത്യ ലോകത്തുനിന്നു മാത്രമായിരുന്നു. അതു കളഞ്ഞുകുളിക്കാൻ അദ്ദേഹം

www.malankaralibrary.com



കുട്ടാക്കിയില്ല. എന്നാൽ സന്ന്യാസികളുടെയും മറ്റും ചിന്ത മറ്റു തരത്തിലായിരുന്നു. "തുർക്കികളുടെ കീഴിൽ കഴിഞ്ഞാലും റോമിലെ പാപ്പായ്ക്കു കീഴ്പ്പെടുകയില്ല"എന്ന ചിന്ത ചിലരെ ഭരിച്ചു. അത് സർവ്വനാശത്തിൽ കലാശിക്കുകയും ചെയ്തു. ജനങ്ങളെ യോജിപ്പിക്കാനും സമാധാനം പുനഃസ്ഥാപിക്കാനും സാധിക്കാതെവന്നപ്പോൾ പാത്രിയർക്കീസ് ഗ്രിഗറി 1451-ൽ സ്ഥാനത്യാഗംചെയ്ത് റോമിൽ അഭയംതേടി. തുടർന്ന് രണ്ട് വർഷത്തേക്ക് കോൺസ്റ്റാൻറിനോപ്പിളിൽ പാത്രിയർക്കീസുമാർ ഇല്ലായിരുന്നു. സഭയുണ്ടായിരുന്നു. എന്നാൽ പാത്രിയർക്കീസില്ലായിരുന്നു. ചക്രവർത്തിയുണ്ടായിരുന്നു. എന്നാൽ രാജ്യമില്ലായിരുന്നു. വി.സോഫിയാ ദേവാലയത്തിൽ ഐക്യഫോർമുല വായിക്കാനും എതിർക്കുന്നവരെ അമർച്ചചെയ്യാനും ചക്രവർത്തിയെ പോപ്പ് നിക്കോളാസ് V പ്രേരിപ്പിച്ചു. പൗരസ്ത്യരുടെ പെരുമാറ്റരീതികൾ പാശ്ചാത്യരിൽ അമർഷം ജനിപ്പിച്ചു.

1451-ൽ മുറാദ് മരിച്ചപ്പോൾ മുഹമ്മദ് II (19) തുർക്കി ഭരണാധികാരിയായി. കോൺസ്ററാൻറിനോപ്പിൾ ഒഴികെയുള്ള ബിസൻറയിൻ പ്രദേശമെല്ലാം ഓട്ടോമൻ തുർക്കി സാമ്രാജ്യത്തിൻെറ ഭാഗമായി. പട്ടണം കീഴടക്കി തലസ്ഥാനമാക്കാൻ മുഹമ്മദ് II തീരുമാനിച്ചു. അന്തഃഛിദ്രങ്ങളും നിരന്തര കലഹങ്ങളുംകൊണ്ട് തകർന്നടിഞ്ഞുകൊണ്ടിരുന്ന ബിസൻറയിൻ പട്ടണത്തെ കീഴ്പ്പെടുത്തുക സുൽത്താന് എളുപ്പമായിരുന്നു. ഒറ്റിക്കൊടുക്കലും ചതിപ്രയോഗങ്ങളും മുറയ്ക്കു നടന്നു. ഇറ്റാലിയൻ കച്ചവടക്കാർക്കും തുറമുഖപട്ടണങ്ങൾക്കും കച്ചവടത്തിൽ മാത്രമേ ശ്രദ്ധയുണ്ടായിരുന്നുള്ളു. മുഹമ്മദിന് അത്യന്താധുനിക യുദ്ധോപകരണങ്ങൾ നിർമ്മിച്ചുകൊടുത്തുകൊണ്ടിരുന്നത് പാശ്ചാത്യരായ ആയുധനിർമ്മാതാക്കളായിരുന്നു. അവർക്കു വേണ്ടത് പണം മാത്രമായിരുന്നു. പാശ്ചാത്യ പൗരസ്ത്യ പിണക്കവും, കോൺസ്റ്റാൻറിനോപ്പിളിൽ തന്നെയുള്ള അന്തഃഛിദ്രങ്ങളും നഗരത്തിൻെറ പതനത്തിനു വഴിതെളിച്ചു. ഒന്നിച്ചുനിന്നു പൊതുശത്രുവിനെ എതിർക്കുന്നതിനുപകരം പരസ്പരം മല്ലടിച്ചു കഴിഞ്ഞ ക്രൈസ്തവരെ തകർത്തു തരിപ്പണമാക്കാൻ തുർക്കികൾക്ക് അധികപ്രയത്നം ആവശ്യമായി വന്നില്ല.

## കോൺസ്റ്റാൻറിനോപ്പിളിൻെറ പതനം(1453)

1453 മെയ്മാസം 29-ന് ചൊവ്വാഴ്ച തുർക്കികൾ നഗരം കീഴ്പ്പെടുത്തി. ചക്രവർത്തിയുടെ കൂലിപ്പട്ടാളക്കാർ പരിഭ്രാന്തരായി നാലുപാടും ഓടി. പിന്നെ നടന്നത് വിവരണാതീതമായ മനുഷ്യക്കുരുതിയും

www.malankaralibrary.com



കൊള്ളയും കൊള്ളിവയ്പും ഭവനഭേദനങ്ങളും ബലാൽസംഗങ്ങളും ആയിരുന്നു. ജാനിസ്സെറി എന്നറിയപ്പെടുന്ന തുർക്കിപ്പടയാണ് ഏറ്റവും ക്രൂരമായും മ്ലേച്ഛമായും നിന്ദ്യമായും പൈശാചികമായും പെരുമാറിയത്. തങ്ങളുടെ മുൻപിലുള്ള ജീവനുള്ള സർവതും അവർ വെട്ടിവീഴ്ത്തി. തെരുവുകളും ഭവനങ്ങളും രക്തക്കളങ്ങളായി. സ്ത്രീകളെ മാനഭംഗപ്പെടുത്തി. കുട്ടികളെ വലിച്ചെറിഞ്ഞു.എവിടെയും കുത്തിക്കവർച്ച നടന്നു. പള്ളികളും ആശ്രമങ്ങളും എല്ലാം കൊള്ളയടിക്കപ്പെട്ടു. വി.ഗ്രന്ഥങ്ങളും ഛായാചിത്രങ്ങളും തീയിലിട്ടു. വി.സോഫിയാ ദൈവാലയത്തിലാണ് ഏറ്റവുമധികം നിക്ഷേപമുള്ളതെന്ന കിംവദന്തി പരന്നപ്പോൾ ആദ്യം വന്ന പട്ടാളക്കാർ അവിടേക്ക് ഇടിച്ചുകയറി. ഭയചകിതരായ ജനങ്ങൾ ദേവാലയത്തിൽ തിങ്ങിനിറഞ്ഞുനിന്നു. അകത്തുനിന്ന് അടച്ചിരുന്ന കതകുകൾ പട്ടാളക്കാർ ചവിട്ടിപ്പൊളിച്ചു. രക്ഷപ്പെടാൻ പഴുതില്ലാതെ അകത്തു കുടുങ്ങിപ്പോയവരെ തുർക്കികൾ കുത്തിക്കീറി. നിമിഷനേരംകൊണ്ട് ദേവാലയം വിരൂപമാക്കി. പുരുഷന്മാരെ ഒന്നിച്ച് കയറുകൊണ്ട് കെട്ടി. സ്ത്രീകളെ വസ്ത്രങ്ങൾ പരസ്പരം കൂട്ടിക്കെട്ടി വലിച്ചിഴച്ച് കൊണ്ടുപോയി. പ്രധാനബലിപീഠത്തിൽ പ്രഭാതബലിയർപ്പിച്ചുകൊണ്ടിരുന്ന പുരോഹിതനെ പിന്നാരും കണ്ടിട്ടില്ല. കാസാ കയ്യിലേന്തി ഭിത്തിയിലൂടെ അയാൾ ‘മറഞ്ഞുപോയി’. കോൺസ്റ്റാൻറിനോപ്പിൾ ക്രിസ്തീയനഗരമാകുമ്പോൾ ഭിത്തി ഭേദിച്ച് അയാൾ വീണ്ടും വരുമെന്ന ഐതിഹ്യം പരന്നു. അയാൾ അർപ്പിച്ചുകൊണ്ടിരുന്ന ബലി അന്നു പൂർത്തീകരിക്കപ്പെടും.

കുടുംബങ്ങൾ മുഴുവനായി കൊല്ലപ്പെട്ടു. അടിമച്ചന്തകളിൽ വില്ക്കപ്പെടുന്നതിനായി വേർതിരിക്കപ്പെട്ട കുടുംബങ്ങളുടെ കണ്ണുനീരുകളും നെടുവീർപ്പുകളും ആരും ശ്രദ്ധിച്ചില്ല. ഈ കാടത്തം നിറഞ്ഞ ആക്രമണം യാതൊരു പ്രതിഷേധവും കൂടാതെ സ്വർഗവും നോക്കിനിന്നതിൽ ബിസൻറയിൻകാർ അത്ഭുതപ്പെട്ടുപോയി. നഗരത്തെ സംരക്ഷിച്ചുകൊണ്ടിരുന്ന ദൈവമാതാവിൻെറ ഛായാചിത്രം പിച്ചിച്ചീന്തപ്പെട്ടു. ഈ പടം തകർത്തവർ കൂസലെന്യേ കൊള്ള തുടർന്നു. ദൈവാലയങ്ങളെല്ലാം മ്ലേച്ഛമാക്കപ്പെട്ടു. കന്യാസ്ത്രികളെ ഒന്നിച്ചുകൂട്ടി പടയാളികൾ പങ്കിട്ടെടുത്തു. കുരിശുരൂപം നിലത്തിട്ടു ചവിട്ടി. തങ്ങളുടെ പാപങ്ങളുടെ ആധിക്യം നിമിത്തമാണ് ഇതു സംഭവിച്ചതെന്ന് ചിലർ കരുതി. ലത്തീൻകാർക്ക് തങ്ങളുടെ വിശ്വാസം വിറ്റതിനാൽ ദൈവവും ദൈവമാതാവും തങ്ങളെ വിട്ടുപോയി എന്ന് വേറെ ചിലർ. ക്രിസ്തുവിൻെറ സഭയായ കത്തോലിക്കാ സഭയുമായി ഐക്യമുണ്ടാക്കാത്തതിനാലാണ് ഇതു

www.malankaralibrary.com



സംഭവിച്ചത് എന്നു മറ്റു ചിലർ. ദൈവം തുർക്കികളുടെ കൂടെയാണെന്നു ചിന്തിച്ച പലരും വേഗത്തിൽ മുസ്ലീമായി.

സുൽത്താൻ വെളുത്ത കുതിരപ്പുറത്ത്, ഊരിയ വാളുമായി വി.സോഫിയാ ദൈവാലയത്തിൽ കയറി. ക്രിസ്ത്യാനികളുടെ മാർബിൾ ബലിപീഠത്തിനരികിൽ കയറിനിന്നു. മൂന്നുദിവസത്തേക്ക് കൊള്ളയടിക്കൽ തുടർന്നു. നാലായിരംപേർ മരിച്ചു. അൻപതിനായിരം പേർ അടിമകളായി. കുലീനകുടുംബത്തിൽ പെട്ടവരെയെല്ലാം കൊന്നു. രാജാവും രാജകുടുംബാംഗങ്ങളും കൊല്ലപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിൾ വീണ്ടെടുക്കാൻ അനന്തരാവകാശി ഇല്ലാതായി. മാതാപിതാക്കൾ മരിച്ച അനാഥരായ കുട്ടികളെ സുൽത്താൻെറ കൂലിപ്പട്ടാളത്തിൽ ചേർക്കാനായി അടിമകളാക്കി. നാലാം നൂറ്റാണ്ടുമുതൽ ക്രിസ്തീയസംസ്ക്കാര കേന്ദ്രമായിരുന്ന നഗരം മൂന്നു ദിവസംകൊണ്ട് പിച്ചിച്ചീന്തപ്പെട്ട്, രക്തം വാർന്നൊലിച്ച്, മരവിച്ച്, ജീവൻപോയ ജഡമായിത്തീർന്നു. കോൺസ്റ്റാൻറിനോപ്പിളിൻെറ പതനത്തിന് സമ്മിശ്രപ്രതികരണം ഉണ്ടായി.

അന്നുമുതൽ ഇന്നുവരെ അത് മുസ്ലീം നഗരമായി കഴിയുന്നു. തുർക്കി മേധാവിത്വത്തോടുകൂടി പള്ളികളെല്ലാം മോസ്ക്കുകളായി.ഹാഗിയാ സോഫിയാ ദേവാലയം ആദ്യം മോസ്ക്കായി; പിന്നെ മ്യൂസിയമായി; ഇപ്പോൾ വീണ്ടും മോസ്ക്കായി മാറ്റിക്കൊണ്ടിരിക്കുന്നു. ജോർജു സ്കൊളാരിയോസ് എന്ന സന്ന്യാസിയെ ജന്നാഡിയസ് II (1454) എന്നപേരിൽ സുൽത്താൻ പാത്രിയർക്കീസായി നിയമിച്ചു. തൻെറ സാമ്രാജ്യത്തിലുടനീളമുള്ള ക്രിസ്തീയ ജനതയുടെ (മില്ലെറ്റ്) തലവനായി അയാളെ ചുമതല ഏല്പിച്ചു. സുൽത്താൻ-ചക്രവർത്തി എന്നനിലയിൽ 1453 മുതൽ 1923 വരെ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ കേന്ദ്രമാക്കി ഭരിച്ചു. നഗരത്തിൻെറ പേര് ഇസ്തംബൂൾ എന്നാക്കി മാറ്റി. ലത്തീൻകാരുമായുള്ള ഐക്യഫോർമുല വായിച്ചപ്പോൾ ദേവാലയം അശുദ്ധമായിപ്പോയി എന്നുപറഞ്ഞ് ഹാഗിയാ സോഫിയായിൽ നിന്നിറങ്ങിപ്പോയവർക്ക് പിന്നെ ഒരിക്കലും അതിൽ കയറി പ്രാർത്ഥിക്കാൻ കഴിഞ്ഞില്ല. ഇന്നും അത് അവർക്ക് അപ്രാപ്യമായിത്തന്നെ ഇരിക്കുന്നു. ഐക്യമുണ്ടാക്കിയെങ്കിലേ ക്രിസ്ത്യാനികൾക്ക് അടിമത്തത്തിൽ നിന്ന് മോചനം ലഭിക്കൂ.[1]

1. D.M. Nicol, *The Last Centuries of Byzantiam 1261-1453*, Cambridge 1996.

www.malankaralibrary.com

30

# സുറിയാനി സഭയും ഇസ്ലാമും

ഇസ്ലാമിൻെറ ഉത്ഭവത്തിന് മുമ്പ് (7th c.) സുറിയാനി സംസാരിച്ചിരുന്ന ക്രിസ്ത്യാനികൾ അന്നത്തെ റോമൻ പേർഷ്യൻ സാമ്രാജ്യങ്ങളിലായി വിഭജിതരായിരുന്നു. സുറിയാനിക്കാർ താത്ത്വികതലത്തിൽ "നെസ്തോറിയൻ", "ഏകസ്വഭാവ" ക്യാമ്പുകളിലായി വിഭജിതരുമായിരുന്നു. ബിസൻറയിൻ ചക്രവർത്തിമാരുടെ ദൃഷ്ടിയിൽ സുറിയാനിക്കാർ പാഷണ്ഡികളായിരുന്നു. ബിസൻറയിൻ സാമ്രാജ്യത്തിൽ വച്ചു നടന്ന കാൽസിഡൺ കൗൺസിൽ (451) അംഗീകരിക്കാത്തവരായിരുന്നു "ഏകസ്വഭാവവാദികളായ" യാക്കോബായക്കാർ. "ഏകസ്വഭാവവാദികൾ" കൂടുതലും റോമൻ സാമ്രാജ്യത്തിലും "നെസ്തോറിയർ" കൂടുതലും പേർഷ്യൻ സാമ്രാജ്യത്തിലും പാർത്തിരുന്നു. ഇരുസാമ്രാജ്യങ്ങളും തമ്മിലുള്ള പരസ്പര സ്പർദ്ധയും നിരന്തരയുദ്ധങ്ങളും രണ്ടു സ്ഥലങ്ങളിലുമുള്ള സുറിയാനിക്കരേയും ബാധിച്ചിരുന്നു. തമ്മിലകററി; നികുതിഭാരം വർധിപ്പിച്ചു; അസ്വസ്ഥതയും അസംതൃപ്തിയും ഇളക്കിവിട്ടു. പേർഷ്യൻ ആക്രമണഫലമായി ഏഴാംനൂറ്റാണ്ടിൽ ധാരാളം മാററിപാർപ്പിക്കലും നാടുകടത്തലും ഉണ്ടായി. അങ്ങനെ പേർഷ്യയിലും "ഏകസ്വഭാവവാദികളുടെ" അംഗസംഖ്യ വർധിച്ചു. പൊതുവെ സിറിയൻ-മെസൊപ്പൊട്ടേമിയൻ പ്രദേശങ്ങളിലാണ് സുറിയാനിക്കാർ പാർത്തിരുന്നത്. കർത്താവിൻെറ ഭാഷയായ സുറിയാനി അൽപസ്വല്പ വ്യത്യാസങ്ങളോടുകൂടി സെമിററിക് വർഗക്കാരായ ഈ സുറിയാനിക്കാർ എല്ലാംതന്നെ ഉപയോഗിച്ചിരുന്നു.

അറബി ആക്രമണത്തോടുകൂടി (630-650) പശ്ചിമേഷ്യയിലെ അതിർത്തികൾ ഇല്ലാതായി. ഈജിപ്ത്, പലസ്തീനാ, സിറിയാ, മെസ

www.malankaralibrary.com



പ്പൊട്ടേമിയ, പേർഷ്യ തുടങ്ങിയ സ്ഥലങ്ങളെല്ലാം അറബികളുടെകീഴിൽ ഏകരാജ്യമായി. സുറിയാനിക്കാരെല്ലാം ഈ ഏകരാജ്യത്തിനുള്ളിലായി. പാഷണ്ഡികൾ എന്ന നിലയിൽ നിന്ന് സംരക്ഷിതപ്രജ എന്ന നിലയിലേക്ക് അവർ വന്നു. മർദ്ദകരായ ബിസൻറയിൻ ചക്രവർത്തിമാരിൽ നിന്നുള്ള വിമോചകരായി സുറിയാനിക്കാർ അറബികളെ ദർശിച്ചു. ക്രിസ്ത്യാനികളെല്ലാം ഒന്നുപോലെ കണക്കാക്കപ്പെട്ടു. ക്രിസ്ത്യാനികൾ മൊത്തത്തിൽ സംരക്ഷിതപ്രജകൾ എന്ന പേരിൽ (ദിമ്മി) തലക്കരവും സ്ഥലക്കരവും കൊടുക്കുക, ഇസ്ലാമിൻെറ മുന്നേറ്റത്തെ തടയാതിരിക്കുക എന്നതൊഴിച്ചാൽ ഭരണമാറ്റം ആദ്യമൊന്നും അവരെ കാര്യമായി ബാധിച്ചില്ല. സിറിയൻ-പേർഷ്യൻ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾക്ക് സ്വന്തമായി ഒരു രാജ്യം ഇല്ലായിരുന്നു. ഒഷ്റേൻ നാട്ടുരാജ്യം റോമാക്കാർ പിടിച്ച് അവരുടെ രാജ്യത്തിൽ ചേർത്തതോടുകൂടി സുറിയാനിക്കാർ രാഷ്ട്രീയമായി ഒരു ശക്തി അല്ലാതായി. ചിലർ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടു; മറ്റുചിലർ പേർഷ്യയിലും. അറബികളുടെ കീഴിലേക്കുള്ള ഭരണമാറ്റവും സ്വാഭാവികമായി കരുതപ്പെട്ടു. ആദ്യകാലകാലിഫുകാരുടെ കീഴിൽ പൊതുവെ സുറിയാനിക്കാർ സമാധാനപരമായി ജീവിച്ചു.

അറബികളുടെ കീഴിൽ സാവധാനം സുറിയാനിഭാഷയുടെ പ്രചരണം കുറഞ്ഞു. അറബിഭാഷ സുറിയാനിയുടെ സ്ഥാനം കരസ്ഥമാക്കി. സുറിയാനി, ഭവനങ്ങളിലും പള്ളികളിലുമായി ചുരുങ്ങി. ആദ്യമാദ്യം സുറിയാനിയിൽ നിന്ന് അറബിയിലേക്കുള്ള വിവർത്തനങ്ങൾ ഉണ്ടായി. പിന്നെ പിന്നെ സുറിയാനിക്കാർ തന്നെ അറബിയിൽ എഴുതാൻ തുടങ്ങി. അപരിഷ്കൃതരായിരുന്ന അറബികളെ വിജ്ഞാനശാഖകളിലേക്ക് ആനീതരാക്കിയതും സംസ്ക്കാരസമ്പന്നരാക്കിയതും സുറിയാനിക്കാരാണ്. ബിസൻറയിൻ ഭരണത്തിൻ കീഴിലുണ്ടായിരുന്ന മതപരമായ തർക്കങ്ങൾ കുറഞ്ഞപ്പോൾ താത്ത്വികദൈവശാസ്ത്ര വിഷയങ്ങളിൽ കൂടുതലായി ശ്രദ്ധിക്കാൻ സുറിയാനിക്കാർക്കു കഴിഞ്ഞു.

അറബികാലഘട്ടത്തിൻെറ ആരംഭത്തിലാണ് (629) പേർഷ്യയിലെ തഗ്രീതിൽ യാക്കോബായക്കാരുടെ *മഫ്രിയാനേറ്റ്* സ്ഥാപിതമായത്. *സെവേരൂസ് സെബോക്ത്* (+667) ഗ്രീക്കു തത്ത്വശാസ്ത്രം, കണക്ക്, വാനശാസ്ത്രം, ദൈവശാസ്ത്രം എന്നിവയിൽ പ്രവീണനായിരുന്നു. *കെന്നെശ്രീൻ* ആശ്രമം ഒരു വലിയ യാക്കോബായ പഠനകേന്ദ്രമായി മാറി. അവിടുത്തെ ഒരു പ്രശസ്ത ദൈവശാസ്ത്രജ്ഞനായിരുന്നു *എഡേസ്സായിലെ മാർ യാക്കോബ് (633-708).* മെത്രാൻ, ദൈവശാസ്ത്രജ്ഞൻ,

www.malankaralibrary.com



ഭാഷ്യകാരൻ, വ്യാകരണപടു, ചരിത്രകാരൻ, താത്ത്വികൻ എന്നീ നിലകളിൽ അദ്ദേഹം ശോഭിച്ചു. പഴയനിയമത്തിന്റെ സുറിയാനി പരിഭാഷ പരിഷ്കരിച്ചു, ആരാധനക്രമത്തിൽ നവീകരണം വരുത്തി, ബൈബിൾ ഗ്രന്ഥങ്ങൾക്കു ഭാഷ്യങ്ങൾ എഴുതി.

ഒമ്മയിഡ് തലസ്ഥാനം (661-750) ഡമാസ്കസ് ആയിരുന്നതിനാൽ "യാക്കോബായക്കാർ" കൂടുതലുണ്ടായിരുന്ന സിറിയായിൽ അവർക്ക് കൂടുതൽ സ്വാധീനം ലഭിച്ചു. തലസ്ഥാനം ബാഗ്ദാദിലേക്ക് മാറിയപ്പോൾ (750-1258) "നെസ്തോറിയൻകാർ" കൂടുതൽ സ്വാധീനം ചെലുത്താൻ തുടങ്ങി. അബ്ബസിഡ് കാലിഫുമാരിൽ അൽ മഹ്ദി (775-85), ഹറൂൺ അൽ റഷീദ് (785-809), അൽ മുതവക്കീൽ (846-61) എന്നിവർ ക്രൂരമായി ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. പലപ്പോഴും ക്രിസ്ത്യാനികളുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിൽ അസൂയപൂണ്ട ജനക്കൂട്ടമാണ് കലഹത്തിന് തീ കൊളുത്തിയതും കാലിഫുമാരുടെ ക്രോധം ക്ഷണിച്ചുവരുത്തിയതും. ക്രിസ്ത്യാനികളുടെ ഇടയിലുള്ള "ഒറ്റിക്കൊടുക്കുന്നവരും" പീഡനത്തിനു കാരണമായിട്ടുണ്ട്. പള്ളികൾക്കു തീ വയ്ക്കുക, പാത്രിയർക്കീസുമാരെ അവഹേളിക്കുക, ക്രിസ്തീയവനിതകളോട് നിന്ദ്യമായി പെരുമാറുക തുടങ്ങിയവ മേല്പറഞ്ഞ കാലിഫുമാരുടെ കീഴിൽ സംഭവിച്ചിരുന്നു. ക്രിസ്ത്യാനികൾ നല്ല കെട്ടിടങ്ങൾ വയ്ക്കാൻ പാടില്ല, പള്ളിമണി അടിക്കാൻ പാടില്ല, പരസ്യമായി കുരിശു പ്രദർശിപ്പിക്കാൻ പാടില്ല, പള്ളി പ്രദക്ഷിണങ്ങൾ നടത്താൻ പാടില്ല, ആഘോഷമായി ശവമടക്ക് പാടില്ല, കുതിരപ്പുറത്ത് കയറാൻ പാടില്ല എന്നൊക്കെ നിയമം ഉണ്ടായിരുന്നെങ്കിലും അക്കാലത്ത് അവ സാർവത്രികമായും ഗൗരവമായും നടപ്പാക്കിയില്ല.

ഡമാസ്ക്കസിൽ യാക്കോബായക്കാർ ചെയ്തതുപോലെ ബാഗ്ദാദിൽ നെസ്തോറിയർ മുസ്ലീങ്ങളെ സംസ്ക്കാരസമ്പന്നരാക്കാൻ ശ്രമിച്ചു. അൽ മാമൂൻ കാലിഫ് 830-ൽ ബാഗ്ദാദിൽ സ്ഥാപിച്ച കലാലയത്തിലെ (ദാർ അൽ ഹിക്മാ-House of Wisdom) മിക്ക അധ്യാപകരും നെസ്തോറിയൻ ക്രിസ്ത്യാനികളായിരുന്നു. *അറബികളുടെ മെത്രാനായ ഗീവർഗീസ്* (686-724) *കെന്നെശ്രീൻ* ആശ്രമത്തിലെ മറ്റൊരു പ്രഗത്ഭനായിരുന്നു. അൽകൂഫാ (ആക്കുളാ) ആയിരുന്നു അദ്ദേഹത്തിന്റെ ആസ്ഥാനം. ദൈവശാസ്ത്രപരവും താത്ത്വികവും ആരാധനക്രമപരവുമായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഈ കാലഘട്ടത്തിൽ "നെസ്തോറിയൻ", ജൂലിയനിസ്റ്റ് വിശ്വാസികളിൽ ചിലരെ "യാക്കോബായ" വിശ്വാസത്തിലേക്ക്

www.malankaralibrary.com



കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നു. ചില താല്ക്കാലിക വിജയങ്ങൾ ഉണ്ടായതായി പറയപ്പെടുന്നു.

*ദിവന്നാസ്യോസ് തെൽമാറേ* പാത്രിയർക്കീസ് (817-845) ഒരു എഴുത്തുകാരനായിരുന്നു. ആരാധനക്രമസംബന്ധമായ കാര്യങ്ങളെ ചൊല്ലി സന്ന്യാസികളുടെയും സഭാനേതാക്കന്മാരുടെയും ഇടയിൽ ഈ കാലഘട്ടത്തിൽ ഒരു തർക്കം ഉണ്ടായി. അത് മുസ്ലീങ്ങളുടെ ഇടയിൽ ക്രിസ്തുമതത്തെ ഇടിച്ചുതാഴ്ത്തുന്നതായിരുന്നു. ഈ കാലഘട്ടത്തിൽ *ഗബ്രിയേൽ ദ് കർതാമിൻ ദയറായിൽ (തുറബ്ദീൻ)* എതിർപാത്രിയർക്കീസുണ്ടായി. സഭയിൽ ആന്തരികലഹള ഉണ്ടായ ഈ കാലഘട്ടത്തിൽ മുസ്ലീങ്ങളിൽ നിന്നുള്ള കടുത്ത പീഡനങ്ങൾ നടന്നു.

*മോശ ബർ കേഫ* (†903) ഒരു ഭാഷ്യകാരനും ദൈവശാസ്ത്രജ്ഞനും, താത്ത്വികനും പ്രസംഗകനും ആയിരുന്നു. അദ്ദേഹം വേദപുസ്തകഗ്രന്ഥങ്ങൾക്കൊക്കെ ഭാഷ്യങ്ങൾ രചിച്ചു. ആരാധനക്രമത്തിൽ പരിഷ്കാരങ്ങൾ വരുത്തി; വ്യാഖ്യാനങ്ങൾ എഴുതി.

പാത്രിയർക്കീസുമാരുടെ തെരഞ്ഞെടുപ്പ് കാലിഫുമാർ അംഗീകരിക്കണമായിരുന്നു. തലക്കരവും സ്ഥലക്കരവും കൂടെക്കൂടെ വർധിപ്പിച്ചുകൊണ്ടിരുന്നു. വിദ്യാസമ്പന്നരായിരുന്ന സുറിയാനിക്കാരെ അറബികൾക്കാവശ്യമായിരുന്നു. ഹെല്ലനിക് സംസ്ക്കാരം സുറിയാനി മാധ്യമത്തിലൂടെ സുറിയാനിക്കാർ അറബികൾക്കു പകർന്നുകൊടുത്തു. ഗ്രീക്കിലുള്ള താത്ത്വിക, മെഡിക്കൽ ഗ്രന്ഥങ്ങളൊക്കെ അറബിയിലേക്ക് വിവർത്തനം ചെയ്യാൻ നെസ്തോറിയൻ ക്രിസ്ത്യാനികളും സഹായിച്ചു. *ഹുനൈൻ ബർ ഇസാക്ക്* (809-873) , *മകൻ ഇസാക്ക്, ഹൂബൈഷ് ഇബ്ൻ അൽബസൻ, ഈശാ ബർ ഇബ്രാഹിം* എന്നിവർ ഈ കാലഘട്ടത്തിലെ പ്രശസ്ത നെസ്തോറിയൻ പണ്ഡിതന്മാരായിരുന്നു. അതുപോലെ പല പ്രശസ്തരായ വൈദ്യന്മാരും അബ്ബഡിസ് കാലിഫുമാരെ സഹായിച്ചു. കാലിഫിന്റെ സദസിൽ ഇവർക്കൊക്കെ വളരെ സ്വാധീനവും ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾ ധനസ്ഥിതിയിലും സാമൂഹ്യനിലവാരത്തിലും ഉയർന്നുനിന്നു.

പാത്രിയർക്കീസ് *ഹനാനേശു* II (774-9) സെലൂഷ്യയിൽ നിന്ന് തന്റെ ആസ്ഥാനം 775-ൽ *ബാഗ്ദാദിലേക്ക്* മാറ്റി. ഇക്കാലത്ത് "നെസ്തോറിയർ" മധ്യേഷ്യ, ചൈന, സൈബീരിയ തുടങ്ങിയ സ്ഥലങ്ങളിലേക്ക് മിഷനറിമാരെ അയച്ചു. ഇക്കാലത്തെ ഒരു പ്രശസ്ത മെത്രാനായി

www.malankaralibrary.com


രുന്നു തിമോതി I (779-823). സഭാധ്യക്ഷന്മാർ അവിവാഹിതർ ആയിരിക്കണം എന്ന നിയമം നടപ്പാക്കാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ *സൈമണി* എന്ന തിന്മ പലയിടങ്ങളിലും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. പാത്രിയാർക്കൽ സിംഹാസനത്തിനുവേണ്ടി മത്സരങ്ങളും കാലിഫുമാരെ സ്വാധീനിക്കാനുള്ള പരിശ്രമങ്ങളും ക്രിസ്ത്യാനികളുടെ തകർച്ചയുടെ ആരംഭമായിരുന്നു.

തുടർന്നുള്ള നൂറ്റാണ്ടുകളിൽ മുസ്ലീംലോകത്തിന് പൊതുവെ അധഃപതനമായിരുന്നു. അതിൻെറ പ്രത്യാഖ്യാതങ്ങൾ ക്രിസ്ത്യാനികളെയും സാരമായി ബാധിച്ചു. കാലിഫ് അൽ മുതസിം(833-42) തൻെറ അംഗരക്ഷകരായി മധ്യേഷ്യയിൽ നിന്ന് 4000 തുർക്കികളെ കൊണ്ടുവന്നു. ഖുറാസാനിൽ നിന്നുള്ള അറബി പട്ടാളക്കാരുടെ പിൻതലമുറക്കാരായിരുന്നു അബ്ബസിഡുകൾ. എന്നാൽ സ്വന്തജനങ്ങളെ വിശ്വാസമില്ലാഞ്ഞതിനാൽ തുർക്കികളെ അംഗരക്ഷകരായും പ്രെട്ടോറിയൻ ഗാർഡുകളായും ഇറക്കുമതി ചെയ്തു. എന്നാൽ അവർ കാലിഫിനെ നാമമാത്രാധികാരിയാക്കി നിലനിർത്തി തന്നിഷ്ടമായി ഭരിക്കാൻ തുടങ്ങി. പിന്നീട് അവർ ഭരണം കൈയടക്കി. അപരിഷ്കൃതരും കാടന്മാരും ക്രൂരന്മാരുമായിരുന്ന തുർക്കികൾ ക്രിസ്ത്യാനികളോട് വളരെ നിന്ദ്യമായി പെരുമാറി. ഈ കാലത്ത് അബ്ബസിഡ് കാലിഫേറ്റ് ശിഥിലീകരണത്തിനു വിധേയമായി. *സ്പെയിനിൽ* ഒരു കാലിഫേറ്റ് അധികാരം ഉറപ്പിച്ചു. വടക്കൻ ആഫ്രിക്കയിൽ ഷിയാ മുസ്ലീങ്ങളായ *ഇദ്രിസിദ്, അഖ്ളബിദ്* എന്നീ ഗോത്രങ്ങൾക്ക് സ്പെയിൻ കാലിഫിനെപ്പോലെ ബാഗ്ദാദുമായി ബന്ധമില്ലായിരുന്നു. ഈജിപ്തിലെ *തുലുനിദ്* (868-905) *ഇഖ്ഷിദിദ്* (935-69) വംശങ്ങൾക്ക് ബാഗ്ദാദുമായി നാമമാത്രബന്ധമേ ഉണ്ടായിരുന്നുള്ളു. വടക്കൻ സിറിയായിലെ *ഹംദാനിദ്* വംശം (929-1003) ഈജിപ്തിലെ *ഫാതിമിദ്* ഭരണത്തോട് (969-1171) മമതയും കൂറും പുലർത്തി. *താഹിരിദുകാർ* (820-72) ഖുറാസാനിൽ ആധിപത്യം പുലർത്തി; *സഫരിദുകൾ* (867-903) സേജെസ്ഥാനിലും, *സമനിദുകൾ* (874-999) ട്രാൻസ് ഓക്സോണിയയിലും പേർഷ്യയുടെ ചില ഭാഗങ്ങളിലും *ഘസ്നികൾ* (962-1186) അഫ്ഗാനിസ്ഥാനിലും അധികാരം പിടിച്ചെടുത്തു. ഈ ശിഥിലീകരണം മംഗോൾ ആക്രമണത്തിനാക്കം കൂട്ടി. ഇതിനിടയിൽ ജീവിച്ച ക്രിസ്ത്യാനികൾ ബഹുവിധ പീഡനങ്ങൾക്കു വിധേയരായി. എന്നാൽ നെസ്തോറിയൻ ക്രിസ്ത്യാനികൾ അതിനെ അതിജീവിച്ചു. മേല്പറഞ്ഞ ഭരണാധികാരികളുടെ കീഴിലൊക്കെ ക്രിസ്ത്യാനികൾക്കു ബഹുവിധ ക്ലേശ

www.malankaralibrary.com


ങ്ങൾ ഉണ്ടായി. ഉത്തരമെസപ്പൊട്ടേമിയായിലെ യാക്കോബായക്കാരെ സെല്യുക് തുർക്കികൾ അതികഠിനമായി പീഡിപ്പിച്ചു. 10-12 നൂറ്റാണ്ടുകൾ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ച് അധഃപതനകാലഘട്ടമായിരുന്നു. കാര്യമായ ദൈവശാസ്ത്രസംഭാവനകൾ ഈ കാലത്ത് ഉണ്ടായില്ല.

*ദിവന്നാസ്യോസ് ബർസലീബി*(-1171), *മിഖായേൽ റാബോ* (1126-1199) എന്നിങ്ങനെ രണ്ട് യാക്കോബായ എഴുത്തുകാർ മാത്രമേ 12-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നുള്ളു. അതിനു മുമ്പുള്ള നൂറ്റാണ്ടുകളിൽ എണ്ണപ്പെട്ട എഴുത്തുകാർ ആരുംതന്നെ ഉണ്ടായില്ല. പീഡനത്തിന്റെ കഥ മാത്രമേ അവരെപ്പററി പറയാനുള്ളു. ബർസലീബി ബൈബിൾ ഗ്രന്ഥങ്ങൾക്കും ആരാധനക്രമത്തിനും ഭാഷ്യമെഴുതി. പല താത്ത്വിക കൃതികളും രചിച്ചു. 1144-ൽ *സംഗി* എഡേസ്സാ പിടിച്ചതിനെപ്പറ്റി പല പാട്ടുകളും എഴുതി. പല സെദ്റാകളും ബർസലീബിയുടെ പേരിൽ അറിയപ്പെടുന്നു. മെലിറ്റീൻകാരനായ അദ്ദേഹം മാറാഷ്, മാബൂഗ് (1154) അമീദ് (1166) എന്നിവിടങ്ങളിൽ മെത്രാനായിരുന്നു. മിഖായേൽ മെത്രാനാകുന്നതിൽനിന്ന് ഒഴിഞ്ഞുകഴിഞ്ഞു. വായനയും പഠനവും ഏകാന്തജീവിതവും ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ 31-ാം വയസ്സിൽ യാക്കോബായാ പാത്രിയർക്കീസായി ഉയർത്തപ്പെട്ടു. പശ്ചിമേഷ്യ സലാഡിന്റെയും മൂന്നാം കുരിശുയുദ്ധക്കാരുടെയും (1189-92) ഏറ്റുമുട്ടലിനു സാക്ഷ്യം വഹിച്ചത് ഇക്കാലത്താണ്. മിഖായേൽ ലത്തീൻകാരോട് മൈത്രിയിൽ കഴിഞ്ഞു.

തുടർന്ന് പശ്ചിമേഷ്യയിലേക്ക് കടന്നുവന്ന മംഗോളിയൻ ചെങ്കിഷ് ഖാൻ (1162-1227) ബുക്കാറാ, സമർഖണ്ഡ്, ബൾക്ക്, ഹേരാത് എന്നീ പട്ടണങ്ങൾ തകർത്തുതരിപ്പണമാക്കി. *ഹുലാഗു 1258-ൽ* ബാഗ്ദാദ് തകർത്ത് അബ്ബേഡിസ് ഭരണം അവസാനിപ്പിച്ചു. പേർഷ്യയിൽ ഇൽ ഖാനേറ്റ് (1258-1335) സ്ഥാപിച്ചു. ബാഗ്ദാദിൽ 8 ലക്ഷം ജനങ്ങളെ മംഗോളിയർ കൊന്നിട്ടാണ് പട്ടണം പിടിച്ചെടുത്തത്. എന്നാൽ "നെസ്തോറിയരെ" ഉപദ്രവിച്ചില്ല എന്നു പറയപ്പെടുന്നു. ആദ്യകാലത്ത് അവർ ക്രിസ്ത്യാനികളോട് അനുഭാവപൂർവമായ നിലപാട് സ്വീകരിച്ചു. കാരണം മംഗാളിയരിൽ പലരും ക്രിസ്ത്യാനികളായിരുന്നു. അതുകൊണ്ട് ആരംഭത്തിൽ ക്രിസ്ത്യാനികൾക്ക് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മംഗോൾ ഹസ്സൻ 1295 ൽ ഇസ്ലാം സ്വീകരിക്കുന്നതുവരെ ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാൽ മംഗോൾ സൈന്യം കടന്നു

www.malankaralibrary.com


പോയ വഴികളിലെല്ലാം തകർക്കലിൻെറയും കണ്ണുനീരിൻെറയും കഥകൾ മാത്രം അവശേഷിപ്പിച്ചു;

ഈ കാലഘട്ടത്തിൽ അത്രേ *ബർ എബ്രായാ ജീവിച്ചിരുന്നത്*(1226-1286). ഒരതുല്യപ്രഭയായിരുന്നു അദ്ദേഹം. അക്കാലഘട്ടത്തിൻെറ ചരിത്രം അദ്ദേഹം രചിച്ചു. ദൈവശാസ്ത്രവിഷയങ്ങളിലെല്ലാം അദ്ദേഹത്തിനു പ്രാവീണ്യം ഉണ്ടായിരുന്നു.അദ്ദേഹം സ്പർശിക്കാത്ത ശാസത്രവിഷയമില്ല എന്നു പറയാം. മംഗോളിയർ, ക്രിസ്ത്യാനികളോട് അനുഭാവം കാണിച്ച കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. യാക്കോബായാ പാത്രിയർക്കേറ്റിൻെറ കീഴിലുള്ള രൂപതകളുടെ 1283-ലെ അവസ്ഥ ബർ എബ്രായാ വിവരിക്കുന്നത് ഹൃദയസ്പൃക്കാണ്: “കരച്ചിലിലും നെടുവീർപ്പിലും കഴിയുന്ന അന്ത്യോക്യയെക്കുറിച്ചുള്ള ആഗ്രഹമോ? മനുഷ്യവിച്ഛേദം വന്ന രൂപതയായ ഗുമിയായോ? വിജനമാക്കപ്പെട്ട ബേറോയായോ, മാബുഗോ, കല്ലിനിക്കമോ, എഡേസ്സായോ, ഹാറാനോ? മെലിറ്റീനു സമീപത്തുള്ള ഒരു വീടുപോലും അവശേഷിക്കാത്ത ഏഴു രൂപതകളോ? അതായത് ലക്കബീൻ, ആർക്കാ, കല്ലിസൂറാ, ഹുബാ,സെംഹാ, ക്ലൗദിയാ, ഗർഗാർ?” (*സഭാചരിത്രം*, പേ.165-67). ഇൽഖാൻ ഹസ്സൻ ഇസ്ലാം ഔദ്യോഗികമതമായി പ്രഖ്യാപിച്ചു(1295). തുടർന്ന് 14-ാം നൂറ്റാണ്ടിലുടനീളം ക്രിസ്ത്യാനികൾ എല്ലാം പീഡനങ്ങൾക്കു വിധേയരായി.

അതിൻെറ അന്ത്യത്തിൽ ബെർലാസ് തുർക്കി ടൈമൂർ (1396-1405) പശ്ചിമേഷ്യയിലുടനീളം വൻപിച്ച നാശനഷ്ടങ്ങൾ വരുത്തി. മരാഗാ പ്രദേശങ്ങളിൽ കഠിനമായ മതപീഡനം നടന്നു. അത് നെസ്തോറിയരെ വളരെ പ്രതികൂലമായി ബാധിച്ചു. അബൂ സൈദിൻെറ കാലത്ത് (1316-35) അമീദിൽ ഉടലെടുത്ത ലഹളയിൽ (1317) 12.000 ക്രിസ്ത്യാനികളെ അടിമകളാക്കി. മെത്രാനെ കൊന്നു, പള്ളി തകർത്തു.1393-ൽ ടൈമുർ ബാഗ്ദാദ് പിടിച്ച്, തരിപ്പണമാക്കി. സിറിയായിലൂടെ കിരാതമായ പടയോട്ടം നടത്തി (1400-1). തുർക്കികളുടെ കൈവശമിരുന്ന അനാറ്റോളിയാ പിടിച്ചു. ശിവാസിൽ 4000 അർമേനിയരെ ജീവനോടെ ദഹിപ്പിച്ചു. അയാൾ പോയിടങ്ങളെല്ലാം നഷ്ടക്കൂമ്പാരങ്ങളായി മാറി. ഗ്രാമങ്ങൾ നശിപ്പിച്ചു, നഗരങ്ങളെ നിലംപരിശാക്കി, ജനക്കൂട്ടങ്ങളെ കൊന്നു, അനേകരെ ഓടിച്ചു. സർവ്വത്ര നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ടാണ് അയാൾ കടന്നുപോയത്. മർദ്ദീൻ, മോസൂൾ, തുർ അബ്ദീൻ, തഗ്രീത് എന്നിവിടങ്ങളിലൊക്കെ ഭീകരത വിതച്ചുകൊണ്ടാണ് ടൈമൂർ കടന്നുപോയത്. അനേകർ മലക

www.malankaralibrary.com


ളിലേക്ക് ഓടിപ്പോയി. പടയോട്ടം കഴിഞ്ഞപ്പോൾ തിരികെ വന്നവർ കണ്ടത് നഷ്ടക്കൂമ്പാരം മാത്രം. പള്ളികളും ആശ്രമങ്ങളും ഉണ്ടായിരുന്നിടങ്ങളിൽ ചെറിയ കൽക്കുമ്പാരംമാത്രം. ഗ്രന്ഥശാലകളും സാംസ്ക്കാരിക കേന്ദ്രങ്ങളും ആശ്രമങ്ങളും ഒക്കെ സുറിയാനിക്കാർക്കു നഷ്ടമായത് ഈ കാലത്താണ്. സഭാധ്യക്ഷ സ്ഥാനത്ത് കയറിപ്പറ്റാൻ അയോഗ്യർ പരിശ്രമിച്ചിരുന്നു. ബൗദ്ധികനിലവാരം വളരെ താണു. ഒരേ സമൂഹത്തിൽ തന്നെ പരസ്പര സ്പർദ്ധയും ഉൾപ്പോരുകളും വളർന്നു. നല്ല നേതൃത്വത്തിൻെറ അഭാവം സാർവ്വത്രികമായിരുന്നു. ഒന്നിനുപിറകെ ഒന്നായി മലവെള്ളംപോലെ ഇരച്ചുവന്ന ശത്രുക്കളെ എതിരിടാൻ ആർക്കും സാധിച്ചില്ല. ടൈമൂറിനു പിറകെ സെൽയുക് തുർക്കികളും അവർക്കു പിറകെ ഓട്ടോമാൻ തുർക്കികളും പശ്ചിമേഷ്യ കീഴടക്കി.

ടൈമൂറിനു മുൻപ് നെസ്തോറിയർക്ക് 200-ൽ ഏറെ രൂപതകൾ ഉണ്ടായിരുന്നു. യാക്കോബായ പാത്രിയർക്കീസിൻെറ കീഴിൽ 20മെത്രാപ്പോലീത്താമാരും *നൂറോളം* രൂപതകളും മഫ്രിയാൻെറ കീഴിൽ 80-ഓളം രൂപതകളും ഉണ്ടായിരുന്നു. ടൈമൂറിനു മുൻപു തന്നെ അധഃപതനം ആരംഭിച്ചിരുന്നു. തിർഹാന, യുൺഡീഷപ്പൂർ, ബലാദാ, ദാസെനാ, കർക്കാ എന്നിവിടങ്ങളിലെ സഭകൾ 1318നു ശേഷം ഉള്ള രേഖകളിൽനിന്ന് അപ്രത്യക്ഷമായി. 1380-നുശേഷം ബാഗ്ദാദ്, മോസൂൾ, അർബേൽ, നിസിബിസ്, ജെസീറാ,തബ്രീസ്, മരാഗാ എന്നിവിടങ്ങളിലെ ശക്തമായ നെസ്തോറിയൻ ക്രൈസ്തവസമൂഹങ്ങളും ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായി. ടൈമൂറിൻെറ ഉരുക്കുമുഷ്ടി നെസ്തോറിയൻ സഭയ്ക്കു കനത്ത പ്രഹരം ഏല്പിച്ചു. പലരും ഇസ്ലാം സ്വീകരിച്ചു. പല സ്ഥലങ്ങളിലും ജനങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കി.അവശേഷിച്ചവർ ഉർമിയാ തടാകത്തിനും വാൻ തടാകത്തിനും ഇടയ്ക്കുള്ള കുർദിഷ് മലകളിൽ അഭയം തേടി. ഹക്കിയാരിമലകൾ അവരുടെ ആശ്രയമായി. പാത്രിയർക്കീസ് മരാഗായിൽ ആസ്ഥാനമാക്കി. കുർദികളുടെയും യസീദികളുടെയും ഇടയ്ക്ക് ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ട ഒരു ജനമായി യാക്കോബായക്കാരും നെസ്തോറിയരും ആയിത്തീർന്നു. അവരുടെ സർവപ്രതാപവും നശിച്ചു.[1]

1. A..S. Atiya, *History of Eastern Christianity*, p.195- 212. 267-276.

www.malankaralibrary.com

# 31

# കോപ്തിക് സഭയും ഇസ്ലാമും

**ബി**സൻറയിൻ സാമ്രാജ്യത്തിൻെറ ഭാഗമായിരുന്ന ഈജിപ്റ്റ് 640-ൽ അറബികൾ കീഴടക്കി. തുടർന്ന് മാറിമാറി വിവിധ മുസ്ലീം ഭരണാധികാരികളുടെ കീഴിലായി. ബിസൻറയിൻ ഭരണകാലത്ത് ജനങ്ങളെല്ലാം ക്രിസ്ത്യാനികളായിരുന്നു. പട്ടണങ്ങളിലുള്ളവരും മേലേക്കിടയിൽ ഉള്ളവരും ഗ്രീക്കുഭാഷ ഉപയോഗിച്ചു. അവരൊക്കെ കാൽസിഡൺ അംഗീകരിക്കുന്നവരായിരുന്നു. ഗ്രാമങ്ങളിലുള്ളവരും സന്ന്യാസികളും കോപ്തിക് ഭാഷ ഉപയോഗിച്ചു. അവരൊക്കെ കാൽസിഡൺകൗൺസിലിനെ എതിർത്തു. സിറിയായിലുണ്ടായ രീതിയിൽ ബിസൻറയിൻകാർ ഈജിപ്തിലെ കോപ്തിക്കുകാരെ കാൽസിഡൻെറ പേരിൽ പീഡിപ്പിച്ചില്ല. കോൺസ്റ്റാൻറിനോപ്പിളിൻെറ നെല്ലറയായിരുന്നു ഈജിപ്ത് എന്നതായിരുന്നു കാരണം. എന്നാൽ ചില ബിസൻറയിൻ ചക്രവർത്തിമാർ കോപ്തിക്കുകാരെ കാൽസിഡൺ വിരുദ്ധർ എന്ന നിലയിൽ പാഷണ്ഡികൾ എന്നു കരുതി. ഒരുതരം ബിസൻറയിൻ വിദ്വേഷം കോപ്തിക്കുകാരുടെ ഇടയിൽ പരന്നിരുന്നു. എന്നാൽ ബിസൻറയിൻകാർ കോപ്തിക് ഭാഷ ഇല്ലാതാക്കിയില്ല, ജനങ്ങളെ രണ്ടുതരം പൗരന്മാരായി കണ്ടില്ല, വിവേചനങ്ങൾ ഒന്നും കാണിച്ചില്ല.

മരുഭൂമിയിൽ നിന്നുവന്ന അറബികളാകട്ടെ പുരാതന ഈജിപ്ഷ്യൻ ഹെല്ലനിക് സംസ്ക്കാരവും ക്രിസ്തുമതവും തകർത്തുകളഞ്ഞു. അവർ മുസ്ലീം എന്നും, മുസ്ലീം അല്ലാത്തവർ എന്നും ജനങ്ങളെ രണ്ടുതട്ടിലാക്കി, വിവേചനം നടപ്പാക്കി. കോപ്തിക് ഭാഷതന്നെ നിർത്തലാക്കി അറബിഭാഷ അടിച്ചേല്പിച്ചു. എല്ലാത്തരത്തിലുമുള്ള അടിമത്തത്തിനും കോപ്തിക് ക്രിസ്ത്യാനികൾ വിധേയരായി. നഗരവാതിലുകൾ

www.malankaralibrary.com


തുറന്നിട്ട് അറബികളെ രണ്ടുകൈയും നീട്ടി സ്വീകരിച്ചവർ തങ്ങളുടെ മതവും സംസ്ക്കാരവും ഭാഷയുമെല്ലാം അവർക്ക് അടിയറവച്ചു. അലക്സാണ്ഡ്രിയായുടെ പ്രാധാന്യം അസ്തമിച്ചു. കെയ്റോ ഉയർന്നു വരികയും അത് അറബികളുടെ ഒരു വലിയ കേന്ദ്രമായി തീരുകയും ചെയ്തു.ഇസ്ലാമിൻെറ ആദ്യകാലത്ത് കോപ്തിക്കുകാർ ഇസ്ലാമിനെ വിമോചനമായി ദർശിച്ചു. നികുതി ഭാരം കുറഞ്ഞു, സുരക്ഷിതപ്രജ എന്ന മെച്ചപ്പെട്ട നില കൈവന്നു. തങ്ങളുടെ പാത്രിയർക്കീസായ ബന്യാമിനെ അറബികൾ അംഗീകരിച്ചു. എന്നാൽ അത് വെറും താല്ക്കാലികം മാത്ര മായി സാവധാനം അവർക്ക് അനുഭവപ്പെട്ടു. നികുതിഭാരം കൂടി തുടങ്ങി, സമൂഹത്തിൽ കടുത്ത വിവേചനം ആയി, രണ്ടാംതരം പൗരന്മാരായി അവർ തരംതാണു, നിർബന്ധിച്ചുള്ള മതപരിവർത്തനത്തിന് അവർ വിധേയരായി, സൈന്യസേവനത്തിൽ നിന്നും, ഉന്നതസ്ഥാനങ്ങളിൽ നിന്നും അവരെ ഒഴിവാക്കി, മുസ്ലീം നീതിന്യായവ്യവസ്ഥകൾ അംഗീകരി പ്പിച്ചു, കഴുതപ്പുറത്തു മാത്രമേ യാത്രചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തു, പ്രത്യേക വസ്ത്രം ധരിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടു, പള്ളികൾ പണി യാനോ നന്നാക്കാനോ പാടില്ലാത്ത അവസ്ഥ ഉണ്ടാക്കി.

എന്നാൽ തങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തി ക്കാൻ അവരെ പൊതുവെ അനുവദിച്ചിരുന്നു. കച്ചവടം, കൈത്തൊഴിൽ എന്നിവയിൽ അഭിവൃദ്ധിപ്പെട്ട കോപ്തിക്കുകാരും ഉണ്ടായിരുന്നു. അലക്സാണ്ഡർ II പാത്രിയർക്കീസിൻെറ കാലം മുതൽ(704-7269) നികുതികൾ വർധിപ്പിക്കുകയും ജനങ്ങളെ ഞെക്കിപ്പിഴിയുകയും ചെയ്യുന്ന നയം അറബികൾ സ്വീകരിച്ചു. നികുതി കൊടുക്കുന്ന ഭൂരി ഭാഗത്തെ ന്യൂനപക്ഷം വരുന്ന അറബികൾക്ക് ഞെക്കിപ്പിഴിയാം എന്ന നിലപാട് സാർവത്രികമായി. അബ്ദള്ളാ 705-ൽ കോപ്റ്റിക് ഭാഷ തന്നെ നിരോധിച്ചു. സന്ന്യാസികളും നികുതി കൊടുക്കാൻ നിർബന്ധിതരായി. ഇക്കാലംമുതൽ ഇസ്ലാമിലേക്കുള്ള മതപരിവർത്തനം കൂടിക്കൂടി വന്നു. കാലിഫ് ഓമാർ II ക്രിസ്ത്യാനികൾക്ക് ഭരണപരമായ ജോലികൾ നിഷേ ധിച്ചു. നികുതികളും വിവേചനവുമാണ് ഇസ്ലാമിലേക്ക് മാറാൻ പ്രേരകമാ യത്. മുസ്ലീം ജനതയ്ക്കും ഉദ്യോഗസ്ഥന്മാർക്കും വേണ്ട പണമെല്ലാം പാവപ്പെട്ട കോപ്തിക്കുകാർ വിവിധയിനം നികുതിവഴി കൊടുക്കേണ്ടി വന്നു. അതിനും പുറമേ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കുള്ള അത്യാർത്തിയെ തൃപ്തിപ്പെടുത്താൻ വേറേയും. നികുതിഭാരത്താൽ പൊറുതിമുട്ടിയ ജനത്തിനേറ്റ കനത്ത പ്രഹരമായിരുന്നു ഛായാപടങ്ങൾ തകർക്കാൻ 721-ൽ കാലിഫ് നൽകിയ ഓർഡർ. പ്രതിഷേധിച്ച കോപ്തി

www.malankaralibrary.com



ക്കുകാരെ അറബികൾ കൂട്ടക്കൊല നടത്തി. പള്ളികളും കുരിശുരൂപങ്ങളും ഛായാചിത്രങ്ങളുമൊക്കെ അറബികളുടെ ക്രൂരതയ്ക്കു വിധേയമായി. ഒമയിഡ് ഭരണത്തിന്റെ (661-750) ആദ്യകാലത്ത് വലിയ ദുരന്തങ്ങൾ ഉണ്ടായില്ലെങ്കിലും രണ്ടാം പകുതിയിൽ ക്രൂരത കൊടികുത്തിവാണു.

ഒമയിഡ് ഭരണത്തിൽ നിന്ന് *അബ്ബസിഡ് ഭരണത്തിലേക്കുള്ള* (750) മാറ്റത്തിന്റെ കാലത്ത് കോപ്തിക്കുകാർ സ്വാതന്ത്ര്യസമരം നടത്താൻ ഒരുമ്പെട്ടു. അതിന്റെ പ്രത്യാഘാതമായി ക്രൂരമായ നരഹത്യയും 24000 പേരുടെ നിർബന്ധിച്ചുള്ള മതംമാറ്റവും നടന്നു. അനേകരെ അടിമകളായി വിറ്റു. എട്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ അറേബ്യയിൽ നിന്ന് വൻതോതിൽ ഈജിപ്തിലേക്കുള്ള കുടിയേറ്റം നടന്നു. കോപ്റ്റിക് പാത്രിയർക്കീസുമാരെ പണത്തിനു വേണ്ടി അറസ്റ്റുചെയ്ത് ജയിലിൽ അടയ്ക്കന്നത് സാധാരണമായി. തുക ലഭിക്കാനായി, പട്ടം വാങ്ങുന്നവരിൽ നിന്ന് പണം ഈടാക്കുന്ന *സൈമണി* എന്ന ഹീനമായ രീതികളിലേക്കും ഈജിപ്ഷ്യൻ സഭാനേതൃത്വം വഴുതിവീണു. ഹറൂൺ അൽ റഷീദ് എന്ന കാലിഫും (786-809) ക്രിസ്ത്യാനികളുടെ പ്രതിഷേധങ്ങളെ അടിച്ചമർത്തി. നിരവധി ആശ്രമങ്ങൾ തകർത്തു. 831-ലെ പ്രതിഷേധവും അടിച്ചമർത്തപ്പെട്ടു. ഒൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇസ്ലാമിലേക്കുള്ള ഒഴുക്ക് ശക്തിപ്പെട്ടു. നികുതിഭാരം, സാമൂഹ്യമായ വിവേചനം, നിയമത്തിന്റെ മുമ്പിലുള്ള ഉച്ചനീചത്വങ്ങൾ, അരക്ഷിതാവസ്ഥ, മുസ്ലീങ്ങളുടെ വിദ്വേഷം എന്നിവ നിമിത്തമാണ് ഇതു സംഭവിച്ചത്. ക്രിസ്ത്യാനികളെല്ലാം കറുത്ത വസ്ത്രവും ഇടക്കെട്ടും ധരിക്കണം എന്ന് 873-ൽ മുതവക്കിൽ അൽ അള്ള എന്ന കാലിഫ് നിയമം ഉണ്ടാക്കി. പെരുന്നാളാഘോഷങ്ങളും ക്രിസ്തീയ വിദ്യാഭ്യാസവും നിരോധിച്ചു. പള്ളികൾ പുതുക്കി പണിയുന്നതിനോ പുതിയ പള്ളികൾ സ്ഥാപിക്കുന്നതിനോ അനുവാദമില്ലായിരുന്നു. മുസ്ലീങ്ങളായിത്തീർന്ന കോപ്തിക്കുകാർക്ക് മതപരമായി വലിയ വ്യതിയാനം സംഭവിച്ചു. വിശ്വാസപ്രമാണവും വി.ഗ്രന്ഥവും സഭാപൈതൃകവും പിതാക്കന്മാരുടെ കൃതികളും ഒക്കെ ദൂരെ എറിഞ്ഞിട്ട് ഖുറാൻ മാത്രം സ്വീകരിച്ചു. ബഹുഭാര്യാത്വവും ഭാര്യമാരെ ഉപേക്ഷിക്കലും ഇസ്ലാമിൽ എളുപ്പമായിരുന്നു. നികുതി ഭാരത്തിൽ നിന്നും അസമത്വത്തിൽ നിന്നും വിമുക്തരായി.

മുസ്ലീം ഭരണത്തിൻകീഴിൽ ഞായറാഴ്ച അവധി ദിവസമല്ലാതായി. ഞായറാഴ്ച ആരാധന വെളുപ്പിനോ സന്ധ്യയ്ക്കോ ആയി. ഈജി

www.malankaralibrary.com



പ്തിലെ ഭരണാധികാരികൾ കാലിഫേറ്റിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചേക്കും എന്നുള്ള ഭയം കാലിഫുമാർക്കുണ്ടായിരുന്നു. അതുകൊണ്ട് അവർ കൂടെക്കൂടെ അവരെ മാറ്റിയിരുന്നു. 226 വർഷത്തിൽ 108 ഗവർണർമാർ ഉണ്ടായി. എന്നാൽ *അഹമ്മദ് ഇബ്ൻ തുലൂൻ* (869-905) ഒരു സ്വതന്ത്ര എമിറേറ്റ് സ്ഥാപിച്ചു. പാത്രിയർക്കീസിനെ ജയിലിൽ അടച്ചു എന്നതൊഴിച്ചാൽ തുലുക്കരുടെ ഭരണകാലം കഠിനമായ മതപീഡനമോ നിർബന്ധിച്ചുള്ള മതപരിവർത്തനമോ നടന്നില്ല. എന്നാൽ *ഇഖ്ഷിഡ് എമിറേറ്റ്* (935-969) കോപ്തിക്കുകാരോട് കുറേക്കൂടി കഠിനമായി പെരുമാറി. തുടർന്ന് കെയ്റോ കേന്ദ്രമാക്കി വടക്കൻ ആഫ്രിക്കയിൽ ഭരണം നടത്തിയ *ഫാതിമിഡ് ഭരണകാലം* (972-1160) പൊതുവെ സമാധാനപൂർണമായിരുന്നു. അൽ മുവിസും (972-975) അൽ അസീസും (976-96) കോപ്തിക്കുകാരോട് അനുഭാവം കാണിച്ചു. പള്ളികൾ പുതുക്കിപ്പണിയാനും പുതിയവ നിർമ്മിക്കാനും അനുവാദം നൽകി. എന്നാൽ തുടർന്നു ഭരിച്ച അൽ ഹാക്കിം (96-1020) വളരെ ക്രൂരനായിരുന്നു. കോപ്തിക്കുകാർക്ക് കറുത്ത വസ്ത്രം നിർബന്ധമാക്കി; നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ അവർക്കു നിഷിദ്ധമായിരുന്നു. മുസ്ലീങ്ങൾ ക്രിസ്ത്യാനികളുടെ ജോലിക്കാരാകുന്നതു നിരോധിച്ചു; കോപ്തിക്കുകാരെല്ലാം തടിക്കുരിശു ധരിക്കണമെന്നു കല്പിച്ചു. കോപ്തിക്കുകാരെ സർക്കാർ സർവ്വീസുകളിൽ നിന്ന് പിരിച്ചുവിട്ടു. അയാൾ പള്ളികൾ തകർക്കുകയും വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തു. മുസ്ലീങ്ങളെ കോപ്തിക്കുകാർക്കെതിരായി തിരിച്ചു വിട്ടു. ജനങ്ങൾ അവരെ കൊള്ളയടിച്ചു. നിർബന്ധിച്ച് മതപരിവർത്തനം നടത്തി. വിസമ്മതിച്ചവരെ ക്രൂരമായി പീഡിപ്പിച്ച് കൊന്നുകളഞ്ഞു. ജറുസലേമിലെ തിരുക്കല്ലറ ദേവാലയംപോലും അയാൾ തകർത്തു.ഇതിൻെറയൊക്കെ ഫലമായി കോപ്തിക്കുകാർ ഈജിപ്തിൽ ഒരു ന്യൂനപക്ഷമായി മാറി.

ഫാതിമിഡ് ഭരണാധികാരികൾ ഷിയാ ഇശ്മായേല്യരായിരുന്നു. അവരുടെ കാലത്ത് കെയ്റോ ഒരു സാംസ്ക്കാരിക കേന്ദ്രമായി മാറി. ടുണീഷ്യാ കേന്ദ്രമാക്കിയായിരുന്നു നേരത്തെ അവർ ഭരിച്ചിരുന്നത്. പിന്നീട് കെയ്റോ തലസ്ഥാനമാക്കി. ബാഗ്ദാദിലെ കാലിഫുമാർ സുന്നികൾ ആയിരുന്നു.*സെവേരൂസ് ഇബ്ൻ അൽ മുഖാഫാ* എന്ന മെത്രാൻ ഇക്കാലത്താണ് ജീവിച്ചിരുന്നത്. കോപ്തിക് സഭയിലെ ഒരു വലിയ എഴുത്തുകാരനായിരുന്നു അദ്ദേഹം. 11-ാം നൂറ്റാണ്ടിൻെറ മധ്യഭാഗത്ത് കോപ്തിക് പാത്രിയർക്കീസ് തൻെറ ആസ്ഥാനം കെയ്റോയിലേക്കു മാറ്റി.

www.malankaralibrary.com



ഫാതിമിഡ് മുസ്ലീം രാജ്യം അധഃപതിച്ചപ്പോൾ *അയ്യുബിഡ് ഭരണം* (1160-1260) ആരംഭിച്ചു. കുരിശുയുദ്ധക്കാരുടെ സാന്നിധ്യത്തിൽ പശ്ചിമേഷ്യയിൽ പുതിയൊരു സാഹചര്യം ഉടലെടുത്തു. *സലാഹദീൻ* എന്നയാൾ കലങ്ങിമറിഞ്ഞ സാഹചര്യത്തിൽ ഫാതിമിഡ് ഭരണം അവസാനിപ്പിച്ചു. അവരുടെ സൈന്യത്തിൽ കൂടുതലും തുർക്കികളും കുർദികളുമായിരുന്നു. അയ്യുബിഡ് ഭരണാധികാരികൾ സുന്നികളായിരുന്നു. കുരിശുയുദ്ധക്കാരുമായുള്ള ഏറ്റുമുട്ടൽ കോപ്റ്റിക് ക്രൈസ്തവരെ വളരെ പ്രതികൂലമായി ബാധിച്ചു. കഠിനമായി അവർ പീഡിപ്പിക്കപ്പെട്ടു. കുരിശുയുദ്ധംനിമിത്തം കോപ്തിക്കുകാർക്ക് കഠിനയാതനകൾ അനുഭവിക്കേണ്ടിവന്നു. കോപ്തിക്കുകാർക്കെതിരെ നിരവധി ലഹളകൾ നടന്നു. അനേകം പള്ളികളും വസ്തുവകകളും കൊള്ളയടിക്കപ്പെട്ടു. നിരവധിയാളുകൾ മരിച്ചു. മറ്റനേകർ ഇസ്ലാമിൽ ചേർന്നു.

അൽ മാലിക്- അൽ കമീലിൻെറ കാലത്ത് (1218-38) ഫ്രാൻസിസ് അസ്സീസി 1219-ൽ ഈജിപ്ത് സന്ദർശിച്ചു. സുൽത്താനുമായി മതസംഗതികൾ ചർച്ചചെയ്തു. എന്നാൽ കാര്യമായ ഫലമുണ്ടായില്ല. 1218-ൽ കുരിശുയുദ്ധക്കാർ പിന്നെയും ഈജിപ്ത് ആക്രമിച്ചു. പരാജിതരായ അവർ 1249-50-ൽ പിന്നെയും ആക്രമിച്ചെങ്കിലും ഈജിപ്ത് തിരിച്ചുപിടിക്കാൻ കഴിഞ്ഞില്ല. ഈ ആക്രമണത്തിനുശേഷം പുതിയൊരു വിഭാഗം ഈജിപ്തിൻെറ ഭരണം പിടിച്ചെടുത്തു.

അബ്ബസിഡ് കാലിഫിൻെറ അംഗരക്ഷകരായിരുന്ന *മമ്ലുക് തുർക്കികൾ* 1250-ൽ സുൽത്താനെ കൊന്നിട്ട് ഭരണം കൈക്കലാക്കി(1250-1516). യുദ്ധങ്ങൾകൊണ്ട് ഖജനാവ് കാലിയായിരുന്നതിനാൽ മമ്ലുകുകൾ കോപ്തിക്കുകാരിലേക്കു തിരിഞ്ഞു. പട്ടിണിയും രോഗവും പരക്കെ വ്യാപിച്ചിരുന്ന കാലമായിരുന്നു. നികുതി പിരിവിൻെറ ചുമതല കോപ്തിക്കുകാരെ ഏല്പിച്ചു. ബാഹ്യലോകത്തു നിന്ന് ഒറ്റപ്പെട്ട ഒരു സമൂഹമായി കോപ്തിക്കുകാർ കഴിഞ്ഞു. അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ മമ്ലുകുകൾ തീരുമാനിച്ചു. കൂടുതൽ പണം കൊടുക്കുന്നവർക്കു പാത്രിയർക്കീസ് സ്ഥാനം നൽകുന്നതിന് കാലിഫുമാർ ശ്രമിച്ചു. എല്ലാത്തരത്തിലും കോപ്തിക്കുകാരെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടിരുന്നു. പണം കൊടുത്തു സ്ഥാനങ്ങൾ നേടിയവർ പണം ഉണ്ടാക്കാൻ കുത്സിത മാർഗങ്ങൾ ഉപയോഗിച്ചു. ഇവരുടെ ഭരണകാലത്ത് ഒന്നിനുപുറകെ ഒന്നായി കോപ്തിക്കുകാർക്ക് നിന്ദനങ്ങളും പീഡകളും ഏറ്റു. നീല നിറത്തിലുള്ള തലപ്പാവും ചാക്കുകൊണ്ടുള്ള ഇടക്കെട്ടും കോപ്തിക്കുകാർ ധരിക്കണ

www.malankaralibrary.com



മെന്ന് 1301-ൽ നിർബന്ധിച്ചു. 1320-ൽ അനേകം പള്ളികൾ തകർത്തു. അനേകരെ കൊന്നുകളഞ്ഞു. എല്ലാത്തരത്തിലും കോപ്തിക്കുകാരെ അവഹേളിക്കാനുള്ള പദ്ധതികൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കി എന്ന് മുസ്ലീം ചരിത്രകാരനായ അൽ മക്രീസി (1364-1442) തന്നെ പറയുന്നു. പുറത്തുനിന്നുള്ള ആക്രമണത്തിൻെറ പ്രത്യാഘാതം അനുഭവിക്കേണ്ടത് കോപ്തിക്കുകാരായിരുന്നു. മമ്ലുക്ക് തുർക്കികളുടെ ഭരണകാലം കോപ്തിക്കുകാരെ സംബന്ധിച്ച് ഭയാനകമായിരുന്നു. ഓരോ ഭരണാധികാരിയും ക്രൂരതയിൽ തൻെറ മുൻഗാമിയെ കവച്ചുവച്ചിരുന്നു. തുർക്കിഷ് ആയിരുന്നു മമ്ലൂക്കുകളുടെ ഭാഷ.

*ബൈബാർസ്* ആണ് ഈജിപ്തിലെ ഒന്നാമത്തെ മമ്ലുക് ഭരണാധികാരി. അയാൾ ക്രിസ്ത്യാനികളോട് ക്രൂരമായി പെരുമാറി. നസ്രത്തിലെ പള്ളി തകർത്ത് ക്രിസ്ത്യാനികളെ ഭയചകിതരാക്കി. ഡമാസ്കസിനു വടക്കുള്ള ഒരു ക്രിസ്തീയഗ്രാമത്തിലെ ജനങ്ങളെയെല്ലാം അവിടെ നിന്ന് ഇറക്കിവിട്ടു. കോൺസ്റ്റാൻറിനോപ്പിളിൽ ഒരു മുസ്ലീം പള്ളി പുതുക്കി പണിയുന്നതിനു പകരം തൻെറ ഭരണസീമയിൽ ഒരു മെൽക്കീത്താപാത്രിയർക്കീസിനെ അനുവദിച്ചു. അയാൾ കുരിശുയുദ്ധക്കാരെയും (1296) മംഗോളിയരെയും (1260) പരാജയപ്പെടുത്തി. എന്നാൽ കച്ചവടസംബന്ധമായി പല ക്രിസ്തീയ നഗരങ്ങളുമായി സന്ധിയുണ്ടാക്കി.കച്ചവടംവഴി അവർ വൻനേട്ടങ്ങൾ ഉണ്ടാക്കി. അവരുടെ കീഴിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് മുസ്ലീം പണ്ഡിതന്മാരും കൊത്തുപണിക്കാരും കലാകാരന്മാരും ഈജിപ്തിൽ എത്തി.

സ്പെയിനിൽ നിന്ന് ക്രിസ്ത്യാനികൾ മുസ്ലീങ്ങളെ തുരത്തിയത് കോപ്തിക് ക്രിസ്തുമതത്തിൽ പ്രത്യാഘാതം ഉണ്ടാക്കി. 1301, 1321, 1351 എന്നീ വർഷങ്ങളിൽ കോപ്തിക്കുകാർക്കെതിരെയുള്ള മുന്നേറ്റം ശക്തമായി. പള്ളികളും ആശ്രമങ്ങളും തകർക്കലിനു വിധേയമായി. സർക്കാർ ജോലികളിൽ നിന്ന് ക്രിസ്ത്യാനികളെ നീക്കി. 14-ാം നൂറ്റാണ്ട് കോപ്തിക് സഭയെ അക്ഷരാർത്ഥത്തിൽ തകർത്തുകളഞ്ഞു. ഇസ്ലാമിലേക്ക് ആളുകൾ ഒഴുകിത്തുടങ്ങി; കോപ്തിക്കുകാർ മാർജിനൽ അസ്തിത്വത്തിലേക്ക് തള്ളിനീക്കപ്പെട്ടു. ഉന്നതസ്ഥാനീയരായ പലരും ഉദ്യോഗത്തിൽ തുടരാനായി ഇസ്ലാം സ്വീകരിച്ചു. ഓരോരോ കാരണം പറഞ്ഞ് കോപ്തിക്കുകാരെ ഒതുക്കിക്കൊണ്ടിരുന്നു. 1340, 1354-ൽ വീണ്ടും വിവേചനം നടപ്പാക്കി; പ്രത്യേകവസ്ത്രം, യാത്രകൾക്ക് വിലക്കുകൾ, വസ്തുവകകൾ കണ്ടുകെട്ടൽ, നിർബന്ധിച്ചുള്ള മതപരിവർത്തനം, ജോലി നഷ്ട

www.malankaralibrary.com



പ്പെടൽ എന്നീ കാരണങ്ങളാൽ 1354 ആയപ്പോഴേക്കും വൻതോതിൽ കോപ്തിക്കുകാർ മുസ്ലീംമതം സ്വീകരിച്ചു. ബഹ്റി മമ്ലുക് ഭരണകാലം (1260-1382) കോപ്തിക്കുകാരെ സംബന്ധിച്ച് ഭയാനകമായിരുന്നു. അതോടൊപ്പം 1347-81, 1375 എന്നീ വർഷങ്ങളിൽ ഉണ്ടായ പകർച്ച വ്യാധിയും മരണവും (Black Death) മറ്റുള്ളവരെപ്പോലെ കോപ്തിക്കുകാരെയും ബാധിച്ചു. 1365-ൽ ഉണ്ടായ ക്രിസ്തീയ ആക്രമണവും പ്രത്യാഘാതം സൃഷ്ടിച്ചു. അതിനുള്ള നികുതിയും കോപ്തിക്കുകാർ കൊടുക്കേണ്ടിവന്നു. ക്രിസ്ത്യാനികൾ ധരിക്കുന്ന വസ്ത്രത്തിനും കരം ഈടാക്കാൻ തുടങ്ങി. ബുർജി മമ്ലുക്കുകളും (1382-1517) പീഡനത്തിന് ഒട്ടും പിന്നിൽ അല്ലായിരുന്നു. 1442-ൽ കോപ്തിക്കുകാർ റോമാസഭയുമായി ഐക്യപ്പെടാനുള്ള ആലോചനകൾ നടന്നു. ഒരുടമ്പടിയിൽ ഒപ്പുവച്ചു എന്നാൽ അത് യാഥാർത്ഥ്യമായില്ല. 1479-82-ൽ വീണ്ടും ഐക്യചർച്ച നടന്നു.

www.malankaralibrary.com

32

# അർമേനിയൻ സഭയും ഇസ്ലാമും

മറ്റ് പൗരസ്ത്യസഭകൾക്കുണ്ടായ പരാധീനതകളെല്ലാം ഇസ്ലാമിൻെറ കീഴിൽ അർമേനിയർക്കുണ്ടായി. കരംപിരിവിൻെറ ചുമതലകൾ അറബികൾ നാട്ടിലെ ഫ്യൂഡൽപ്രഭുക്കന്മാരെ തന്നെ ഏല്പിച്ചു. 693-ലാണ് അറബികൾ അർമേനിയ പിടിച്ചെടുത്തത്. 885വരെ ഈ നില തുടർന്നു. 885-ൽ അഷോത് ബഗ്രതൂനി എന്ന നേതാവിനെ അറബികൾ ഭരണം ഏല്പിച്ചു. അയാളുടെ രാജവംശം ബഗ്രതീഡ് (885-1045) എന്നറിയപ്പെടുന്നു. എന്നാൽ ഇടയ്ക്കിടെ മുസ്ലീങ്ങൾ കടന്നാക്രമണവും കൊലയും കൊള്ളിവയ്പും തുടർന്നു. യോഹന്നാൻ V പാത്രിയർക്കീസിൻെറ കാലത്ത് (899-931) അറബികൾ സഭാആസ്ഥാനമായ ദ്വിൻ ആക്രമിച്ച് കീഴടക്കി, തകർത്തുതരിപ്പണമാക്കി. തുടർന്ന് പാത്രിയർക്കീസ് പല സ്ഥലങ്ങളിൽ മാറിമാറി താമസിച്ചിരുന്നു. തുടർന്ന് കൂടുതൽ ബിസൻറയിൻ സ്വാധീനത്തിൽ വന്ന അർമേനിയ കച്ചവടത്തിൽ വളരെ ഉയർന്നുവന്നു. ഗാജിക് I രാജാവിൻെറ കാലത്ത് (989-1020) അനി, അർദ്സെൻ, കാർസ് എന്നീ പട്ടണങ്ങൾ അഭിവൃദ്ധിപ്രാപിച്ച് വലിയ വ്യാപാര കേന്ദ്രങ്ങളായിത്തീർന്നു. ബിസൻറയിൻകാർ 1045-ൽ ഈ മിത്ര രാജ്യത്തെ ആക്രമിച്ച് ബിസൻറയിൻ സാമ്രാജ്യത്തിൽ ചേർത്തു. അതിർത്തിയിലുള്ള ഈ രാജ്യത്തെക്കൂടി സംരക്ഷിക്കേണ്ട ചുമതല ബിസൻറയിൻകാർക്കുണ്ടായി.

ഈ പശ്ചാത്തലത്തിലാണ് സെല്യുക് തുർക്കികൾ 1071-ൽ മാൻസിക്കെർട്ടിൽ വച്ച് ബിസൻറയിൻകാരേ തോല്പിച്ചതും ഏഷ്യാമൈനറിലേക്കുള്ള കവാടം ഇപ്രകാരം തുർക്കികൾക്കു തുറന്നുകിട്ടിയതും. 1048 മുതൽ തുർക്കികൾ അർമേനിയാ ആക്രമിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com



തുർക്കികൾ അർമേനിയായിൽ സ്ഥിരതാമസക്കാരാക്കി. ക്രിസ്ത്യാനികളോട് വളരെ ക്രൂരമായി പെരുമാറി. വളരെയധികം നാശനഷ്ടങ്ങൾ അർമേനിയൻ സഭയ്ക്കുണ്ടായി. ധാരാളം അർമേനിയൻ പ്രഭുക്കന്മാരും ജനങ്ങളും ബിസൻറയിൻ പ്രദേശങ്ങളിലേക്ക് കുടിയേറി. അവർ സിലീഷ്യൻ പ്രദേശത്ത് ഒരു അർമേനിയൻ രാജ്യം സ്ഥാപിച്ചു(1080-1375). റൂബെൻ എന്ന നേതാവിൽ നിന്ന് റുബീനിയൻ എന്ന് ഈ രാജവംശം അറിയപ്പെടുന്നു. 1198-ൽ ലെയോ II എന്ന നേതാവിനെ രാജാവായി കിരീടം അണിയിച്ചു. സെലസ്റ്റിൻ III മാർപാപ്പായുടെയും ഹെൻറി VI എന്ന ജർമൻ ചക്രവർത്തിയുടെയും അനുഗ്രഹാശിസുകളും അതിനുണ്ടായിരുന്നു. റുബേനിയൻ രാജവംശത്തിനുശേഷം (1080-1219) ഹെത്തൂമിയൻ രാജവംശം(1226-1375) സിലീഷ്യൻ അർമേനിയാരാജ്യം ഭരിച്ചു. ഹെതുമിൻ (1226-69) തുടങ്ങുന്നതാണ് രണ്ടാം രാജവംശം. പിന്നെ വന്ന കുരിശുയുദ്ധക്കാരും ഈ അർമേനിയൻ രാജ്യവുമായി മൈത്രിയിലായിരുന്നു. രണ്ടുകൂട്ടരും തമ്മിൽ പല വിവാഹബന്ധങ്ങളും നടന്നു.

അർമേനിയയിലെ ദ്വിവിനിൽ നിന്ന് തുർക്കികൾ ഓടിച്ച പാത്രിയർക്കീസ് അനി, തിയഡേഷ്യോപ്പൊളീസ്, സെബസ്തെയാ, തരെന്തിയാ, തവ്പ്ളൂർ, സാമന്ത എന്നിവിടങ്ങളിൽ മാറിമാറി താമസിച്ചു. 1116-ൽ സിലീഷ്യയിലേക്ക് നീങ്ങി. 1149-ൽ ഫ്രോംക്ലാ കൊട്ടാരത്തിൽ (സിലിഷ്യാ) താമസമാക്കി. 1292-ൽ സിസിൽ താമസമാക്കി. മംഗോൾ-ടർടാർ ആക്രമണത്തോടുകൂടി സിലീഷ്യൻ രാജ്യത്തിന് കനത്ത നാശനഷ്ടമുണ്ടായി. അവസാനം ഈജിപ്തിലെ മമ്ലുക് തുർക്കികൾ ഈ രാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തി (1375).

ടൈമൂർ 1387-ൽ അർമേനിയ ആക്രമിച്ച് തകർത്തു തരിപ്പണമാക്കി. തുടർന്ന് തുർക്കികളുടെ മേധാവിത്വം വർധിച്ചു. അർമേനിയയിൽ മിക്കവരും ഓട്ടോമൻ സാമ്രാജ്യത്തിലായി. ഷാ അബ്ബാസ് (1585-1629) നിരവധി അർമേനിയരെ പേർഷ്യയിൽ കുടിയിരുത്തി. അവിടെ അവർ വളരെ അഭിവൃദ്ധിപ്രാപിച്ചു. സിലീഷ്യാ രാജ്യം തകർന്ന പശ്ചാത്തലത്തിൽ 1441-ൽ എക്മിയഡ്സിനിൽതന്നെ പാത്രിയർക്കീസിനെ വാഴിക്കാൻ കുറേ മെത്രാന്മാർ നടപടികളെടുത്തു. എന്നാൽ സിസിലെ (സിലീഷ്യ)ലൈനും തുടർന്നു. ഇങ്ങനെ അർമേനിയൻ സഭയിൽ രണ്ടു ലൈൻ പാത്രിയർക്കീസുമാരുണ്ടായി. സീസിലെ പാത്രിയർക്കീസ് ഒന്നാം ലോകമഹായുദ്ധാനന്തരം ലെബനോനിലെ അന്തേലിയാസിലേക്ക് ആസ്ഥാനം മാറ്റി.

വാൻ പ്രോവിൻസിലെ അഘ്തമാർ ദ്വീപിൽ ഒരു കാതോലിക്കോസ് 1113 മുതൽ 1895വരെ ഉണ്ടായിരുന്നു. പിന്നെ നിന്നുപോയി. ജറുസലേ

www.malankaralibrary.com



മിലെ അർമേനിയൻ മെത്രാൻ സർഗീസ് 1311-ൽ ഈജിപ്തിലെ സുൽത്താൻെറ അനുവാദത്തോടെ സ്വയം പാത്രിയർക്കീസായി പ്രഖ്യാപിച്ചു. അന്നത്തെ സുൽത്താൻ അൽ നാസിർ മുഹമ്മദ് (1309-40) ആയിരുന്നു. സർഗീസിനോടുകൂടി പ്രസ്തുത സ്ഥാനം നിന്നുപോയി. 1517-ൽ ഓട്ടോമാൻ തുർക്കികൾ ജറുസലേം പിടിച്ചപ്പോൾ ജറുസലേം മെത്രാൻ ഇസ്തംബൂളിലെ അർമേനിയൻ പാത്രിയർക്കീസിൻെറ കീഴിൽ വന്നു. ജോൺ ഗൊളോഡ് (1715-41) എന്ന ഇസ്തംബുൾ പാത്രിയർക്കീസ് ജറുസലേം മെത്രാന് ഈ സ്ഥാനം നൽകി. എന്നാൽ മുറോൻകൂദാശ, മെത്രാന്മാർക്കു പട്ടം നൽകൽ എന്നിവ നടത്താൻ പാടില്ലെന്ന് എക്മിയഡ്സിൻ പാത്രിയർക്കീസ് വിലക്കി. ഇപ്പോൾ എക്മിയഡ്സിൻ പാത്രിയർക്കീസിൻെറ കീഴിലുള്ള ഒരു സ്ഥാനിയാണ് ജറുസലേം പാത്രിയർക്കീസ്. പലസ്തീനയിലെ അർമേനിയൻ വസ്തുവകകളുടെ സംരക്ഷകനാണ് ഈ പാത്രിയർക്കീസ്. അദ്ദേഹത്തോടൊപ്പം പതിനായിരം വിശ്വാസികൾ കണ്ടേക്കാം.

തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചപ്പോൾ (1453) തുർക്കിയിലെ അർമേനിയരുടെ നേതാവായി ഒരു എത്നാർക്കിനെ (1461-ൽ) നിയമിച്ചു. തുർക്കിയിലെ അർമേനിയരുടെ കാര്യത്തിൽ സുൽത്താനുമായി ബന്ധപ്പെടുന്ന ജോലി ഈയാളിനായിരുന്നു. കുരിശുയുദ്ധക്കാരുമായുള്ള സമ്പർക്കം വഴി (12th c.) സിലീഷ്യയിലെ അർമേനിയർ ധാരാളമായി പാശ്ചാത്യജീവിതരീതികൾ സ്വീകരിച്ചു. ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ സന്ന്യാസികൾ അർമേനിയരുടെ ഇടയിൽ പ്രവർത്തിച്ചു. 1439 നവംബർ 22-ന് ഫ്ളോറൻസ് കൗൺസിലിൽ വച്ച് കത്തോലിക്കാസഭയും അർമേനിയൻസഭയും തമ്മിലുള്ള ഐക്യഡിക്രി രൂപീകൃതമായി. തുടർന്ന് ധാരാളം അർമേനിയർ കത്തോലിക്കരായി. ഓട്ടോമാൻ തുർക്കി സാമ്രാജ്യത്തിലെ അർമേനിയരുടെയെല്ലാം മതനേതാവായി തുർക്കി സുൽത്താൻ അംഗീകരിച്ചിരുന്നത് ഇസ്തംബൂളിലെ അർമേനിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിനെ ആയിരുന്നു. ഈ അവസരം ഉപയോഗിച്ച് അർമേനിയൻ കത്തോലിക്കരെ പീഡിപ്പിക്കാനും നിർബന്ധിച്ച് ഓർത്തഡോക്സ് ആക്കാനും ഓർത്തഡോക്സുകാർ പരിശ്രമിച്ചു. എഡേസ്സയിലും ധാരാളം അർമേനിയർ ഉണ്ടായിരുന്നു. 1141-ൽ എഡേസ്സാ തുർക്കികൾ തിരികെ പിടിച്ചപ്പോൾ അവിടെ ഉണ്ടായിരുന്ന അർമേനിയരെ കൊന്നുകളഞ്ഞു. അർമേനിയർ കുരിശുയുദ്ധക്കാരോട് സഹകരിച്ചു എന്നതായിരുന്നു ആരോപണം. അതുപോലെ അന്ത്യോയിലും ജറുസലേമിലും മറ്റിടങ്ങളിലും സംഭവിച്ചു.

www.malankaralibrary.com

# 33

# കുരിശുയുദ്ധങ്ങൾ - പശ്ചാത്തലം

ഈജിപ്ത്, പലസ്തീന, സിറിയാ തുടങ്ങിയ പ്രദേശങ്ങൾ മുസ്ലീങ്ങളുടെ ഭരണത്തിൽ നിന്ന് വിമോചിപ്പിച്ച് ക്രൈസ്തവഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് പാശ്ചാത്യലോകത്തെ ക്രൈസ്തവർ നടത്തിയ യുദ്ധങ്ങൾ ചരിത്രത്തിൽ അറിയപ്പെടുന്നത് കുരിശുയുദ്ധങ്ങൾ എന്ന പേരിലാണ്.

**ആമുഖം**

ക്രി.വ. 632നും 650-നും ഇടയ്ക്ക് പശ്ചിമേഷ്യൻ ക്രൈസ്തവകേന്ദ്രങ്ങളൊക്കെ അറബികളുടെ അധീനതയിലായി. ബിസൻറയിൻ ചക്രവർത്തിമാരോട് ഈജിപ്റ്റ്, സിറിയാ തുടങ്ങിയ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന പിണക്കവും എതിർപ്പുമാണ് അറബികൾക്ക് നിഷ്പ്രയാസവിജയം നേടിക്കൊടുത്തത്. *യാർമുക് യുദ്ധത്തോടുകൂടി* (636) ബിസൻറയിൻ പ്രദേശങ്ങൾ അറബികൾക്കു തുറന്നുകിട്ടി. ബിസൻറയിൻ ഭരണത്തിൻകീഴിലുണ്ടായ മതപരമായ അടിച്ചമർത്തലുകളും ധനപരമായ ഞെക്കിപ്പിഴിയലുകളും പടയോട്ടങ്ങളുടെ ഫലമായുണ്ടായ അരാജകത്വവും കിരാതവാഴ്ചയുംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾ അറബികളെ വിമോചിതരായി കണ്ടു. യാർമുക്യുദ്ധത്തിൽ, അതിർത്തിയിൽ പാർത്തിരുന്ന ഘസനിഡ് അറബി ക്രിസ്ത്യാനികൾ അറബി പക്ഷം ചേർന്നു. ബിസൻറയിൻ ഭരണത്തിൻ കീഴിൽ എന്നതിനേക്കാൾ അറബി മുസ്ലീങ്ങളുടെ ഭരണത്തിൻ കീഴിൽ കഴിയാൻ കാൽസിഡൺ വിരുദ്ധരായ ക്രിസ്ത്യാനികൾ താല്പര്യംകാട്ടി. ജനസംഖ്യയിൽ അവരായിരുന്നു ഭൂരിഭാഗവും.

www.malankaralibrary.com



## അറബിഭരണവും അറബീകരണവും

ആദ്യകാല അറബിഭരണത്തിൻകീഴിൽ മേല്പറഞ്ഞ ക്രിസ്ത്യാനികൾക്ക് വിവേചനങ്ങൾ അനുഭവിക്കേണ്ടിവന്നെങ്കിലും ബിസൻറയിൻ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന അടിച്ചമർത്തലുകളൊന്നും അറബി ഭരണത്തിൻകീഴിൽ ഇല്ലായിരുന്നു.

പൗരസ്ത്യബിസൻറയിൻ പ്രവിശ്യകൾ ഏതാണ്ട് മുന്നൂറ്വർഷം മുസ്ലീം ഭരണത്തിൻകീഴിൽ കഴിഞ്ഞു. അതൊരു യാഥാർത്ഥ്യമായി ബിസൻറയിൻ ചക്രവർത്തിമാർ അംഗീകരിച്ച മട്ടായി. ആ പ്രദേശങ്ങളിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചും ഭരണമാറ്റവും അറബികളുടെ കീഴിലുള്ള ജീവിതവും വലിയ വ്യത്യാസം വരുത്തിയില്ല. ബിസൻറയിൻ ഭരണാധികാരികളുടെ ഓർത്തഡോക്സ് ക്രിസ്തുമതത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു സിറിയൻ, കോപ്തിക് കാൽസിഡൺ വിരുദ്ധ ക്രിസ്തുമതം എന്ന് ചിലരൊക്കെ ചിന്തിച്ചിരുന്ന കാലമായിരുന്നു അത്. ബിസൻറയിൻകാരോട് എന്നതിനേക്കാൾ അവർക്ക് അറബികളോട് അടുപ്പം തോന്നി. കോപ്റ്റിക്, സുറിയാനി ഭാഷകളുടെ സ്ഥാനം അറബി ഭാഷ കൈവശപ്പെടുത്തി. ഈ അറബീകരണത്തിന് ഈ പ്രദേശത്തുള്ള കാൽസിഡൺ പക്ഷക്കാരായ മെൽക്കീത്തരും വിധേയരായി.

## ബിസൻറയിൻ -അറബി ബന്ധം

ബിസൻറയിൻ- അറബി ഭരണകൂടങ്ങൾ ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞു. ഇടയ്ക്കിടെ അറബി ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ ഈജിപ്തിലെ ഫാതിമിഡ് ഭരണാധികാരികളും ബിസൻറയിൻകാരും തമ്മിൽ ധാരണയിലും സമാധാനത്തിലുമാണ് കഴിഞ്ഞത്. കൊണ്ടുംകൊടുത്തും ഇരുവരും കഴിഞ്ഞു. ബിസൻറയിൻകാരുടെ സഹായം വിവിധ മണ്ഡലങ്ങളിൽ അറബികൾ പ്രയോജനപ്പെടുത്തി. ഇരു രാജ്യങ്ങൾക്കിടയിൽ കച്ചവടം വളരെ വർദ്ധിച്ചു. പ്രതിനിധികളെ ഉപചാരപൂർവം ഇരുകൂട്ടരും സ്വീകരിച്ചിരുന്നു. അറബികൾ മുസ്ലീങ്ങളാണ് എന്നതിൻെറ പേരിൽ വെറുപ്പോ വിദ്വേഷമോ ബിസൻറയിൻകാർക്കില്ലായിരുന്നു എന്നുവേണം കരുതാൻ. ലെയോ III ചക്രവർത്തിയുടെ കാലത്ത് (717-41) കോൺസ്റ്റാൻറിനോപ്പിളിൽ തന്നെ ഒരു മോസ്ക് പണിയാനുള്ള അനുവാദം അറബികൾക്കു നൽകി. കൊർദോബാ(സ്പെയിൻ), ബാഗ്ദാദ്(ഇറാക്ക്) എന്നിവിടങ്ങളിലെ കാലിഫുമാർക്ക് ബിസൻറയിൻ ചക്രവർത്തിമാർ സമ്മാനങ്ങൾ കൊടുത്തയച്ചി

www.malankaralibrary.com


രുന്നു. അലക്സാണ്ട്രിയായിലും അന്ത്യോക്യായിലും ഓരോ ബിസൻറയിൻ പാത്രിയർക്കീസിനെ വാഴിക്കാൻ അറബികൾ അനുവദിച്ചു. രണ്ടു കൂട്ടരുടെയും ഇടയിൽ ധാരാളം സാംസ്കാരികവിനിമയം നടക്കുന്നുണ്ടായിരുന്നു. എന്നാൽ കാൽസിഡൺ വിരുദ്ധരായ കോപ്തിക്-സിറിയൻ ക്രിസ്ത്യാനികളെ ഓർത്തഡോക്സ് ക്രിസ്ത്യാനികളുമായി ഐക്യപ്പെടുത്താനുള്ള നീക്കങ്ങളൊന്നും നടന്നില്ല. മതാത്മകമല്ലാത്ത തലങ്ങളിലെല്ലാം എല്ലാവിധ സഹകരണവും ഉണ്ടായിരുന്നു. സിറിയൻ അറബികച്ചവടക്കാരെ ബിസൻറയിൻ കേന്ദ്രങ്ങളിലും ബിസൻറയിൻ കച്ചവടക്കാരെ അറബിപട്ടണങ്ങളിലും കണ്ടുമുട്ടുക സർവസാധാരണമായിരുന്നു. പൗരസ്ത്യവും പാശ്ചാത്യവും തമ്മിലുള്ള കച്ചവടം നടന്നത് ബിസൻറയിൻ സാമ്രാജ്യത്തിലൂടെയായിരുന്നു. അതിന് അവർക്ക് വലിയ നികുതിയും ലഭിച്ചിരുന്നു. ത്രെബിസോൺഡ് വലിയ കച്ചവടകേന്ദ്രമായി ഉയർന്നു. മുസ്ലീം, ഗ്രീക്ക്, അർമേനിയൻ, സിറിയൻ, യൂദ കച്ചവടക്കാരെ എപ്പോഴും അവിടെ കാണാമായിരുന്നു.

## പത്താം നൂറ്റാണ്ടിൽ വന്ന മാറ്റം

പത്താം നൂറ്റാണ്ടിൽ ഇതിനൊക്കെ കുറേ മാറ്റം സംഭവിച്ചു. 945 ഓടുകൂടി ബിസൻറയിൻ ജനറൽ ജോൺ കുർകുവാസ് ഉത്തര മെസൊപ്പൊട്ടേമിയൻ പട്ടണങ്ങളൊക്കെ അറബികളിൽനിന്നു തിരികെ പിടിച്ചു. 960-നുശേഷംക്രീറ്റ് (961), അനസാർബുസ്, മാറാഷ്(ജർമനീഷ്യ) (962), സിലിഷ്യ(965),സൈപ്രസ്(965), അലെപ്പോയ്ക്കും മോസൂളിനും ഇടയ്ക്കുള്ള പ്രദേശം (966), ഷൈസാർ, ഹമാ, ഹോംസ്, ട്രിപ്പൊളി, ടൊർടോസാ, യാബാലാ, ലറ്റാക്കിയാ, അലെപ്പോ, അന്ത്യോക്യാ(969) എന്നിവ നിസേഫോറസ് ഫോക്കാസ് (963-9) മുസ്ലീങ്ങളിൽ നിന്നു തിരികെ പിടിച്ചു. 300 വർഷത്തെ മുസ്ലീം ഭരണത്തിൽ നിന്ന് വടക്കൻ സിറിയാ വീണ്ടും ബിസൻറയിൻ ഭരണത്തിൻകീഴിലേക്ക് വന്നു. അറബികളിൽ നിന്ന് ക്രൈസ്തവനാടുകൾ മോചിപ്പിക്കാൻ സാധിക്കും എന്ന ചിന്ത പരന്നു.

എന്നാൽ കോൺസ്റ്റാൻറിനോപ്പിൾ ഉപജാപങ്ങളുടെയും ഗ്രൂപ്പുവടംവലികളുടെയും കേന്ദ്രമായിരുന്നു. ഇത്രയൊക്കെ നേട്ടങ്ങളുണ്ടാക്കിയ ചക്രവർത്തിയെ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് എതിരാളികൾ കൊന്നുകളഞ്ഞു. അതുപോലെ ബൾഗേറിയൻ ആക്രമണം, തെക്കുനിന്നുള്ള നോർമൻ ആക്രമണം, കാസ്പിയൻ കടലിൻെറ വടക്കു

www.malankaralibrary.com



നിന്നുള്ള ടർക്കിഷ് വംശജരായ പെക്കെനെഗ്സിന്റെ ആക്രമണം എന്നിവയെ ഒക്കെ നേരിടേണ്ട ചുമതലയും ചക്രവർത്തിക്കുണ്ടായിരുന്നു. ധനസമൃദ്ധരായ പ്രഭുക്കന്മാർ ഏഷ്യാമൈനറിലെ വിസ്തൃതമായ പ്രദേശങ്ങൾ വാങ്ങി വലിയ എസ്റ്റേറ്റുകൾ ഉണ്ടാക്കി, ചുമതലകളിൽനിന്ന് ഒഴിഞ്ഞുമാറി ജീവിച്ചു.

തുടർന്നു ഭരിച്ച ജോൺ ചക്രവർത്തി (969-976) നിസിബിസ് (974) കീഴടക്കി; മോസുളിനെ തന്റെ സാമന്തരാജ്യമാക്കി; ഹോംസ്, ബാൽബെക്ക്, ഡമാസ്ക്കസ്, ഗലീലി, തിബേരിയാസ്, നസ്രത്, കേസറിയാ(975) എന്നിവ തിരിച്ചുപിടിച്ചു.

## ജിഹാദ്-വിശുദ്ധയുദ്ധം

അറബികൾ യുദ്ധം എപ്പോഴും "വിശുദ്ധയുദ്ധം" (ജിഹാദ്) ആയി പരിഗണിച്ചിരുന്നു. ആ ആശയം ക്രിസ്ത്യാനികൾക്ക് ഈ കാലഘട്ടത്തിലാണ് (10th c.) ഉണ്ടായത്. മേല്പറഞ്ഞ രണ്ടു ചക്രവർത്തിമാരും നടത്തിയ യുദ്ധങ്ങൾ വിശുദ്ധ യുദ്ധങ്ങളായി പ്രചരിപ്പിക്കപ്പെട്ടു. അങ്ങനെയൊരു ചിന്ത ക്രൈസ്തവരായ പൊതുജനത്തിനാകട്ടെ സഭയ്ക്കാകട്ടെ ഇല്ലായിരുന്നു. എന്നാൽ ക്രിസ്തുമതത്തിന്റെ മഹത്ത്വത്തിനും വിശുദ്ധസ്ഥലങ്ങളുടെ വീണ്ടെടുപ്പിനും ഇസ്ലാമിന്റെ തകർച്ചയ്ക്കുമാണ് ബിസൻറയിൻകാർ നടത്തുന്ന യുദ്ധങ്ങൾ എന്ന പ്രചരണം മേല്പറഞ്ഞ രണ്ടുപേരും നടത്തി. "മുസ്ലീങ്ങളെ പരാജയപ്പെടുത്തിയ ദൈവത്തിനു സ്തുതി" എന്ന് പാട്ടുപാടിക്കൊണ്ടാണ് ഗായകസംഘം ചക്രവർത്തിമാരുടെ വിജയം ഘോഷിച്ചത്. ഈജിപ്തിലെ ഫാതിമിഡ് ഭരണാധികാരികളെ ബിസൻറയിൻകാർ പരാജയപ്പെടുത്തിയതിൽ ബാഗ്ദാദിലെ കാലിഫുമാർക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളു. ബാഗ്ദാദിലുള്ളവർ കാര്യമായിട്ടൊന്നും ക്രിസ്ത്യാനികൾക്കെതിരെ ചെയ്തില്ല. കാരണം ബാഗ്ദാദുകാർ ഈജിപ്തുകാരുമായി ശത്രുതയിലായിരുന്നു.

## സമാധാനഉടമ്പടി

ബാസിൽ III (976-1025) ചക്രവർത്തിക്ക് തുടർന്നുള്ള മുന്നേററത്തിന് സാവകാശം ലഭിച്ചില്ല. കോൺസ്റ്റാൻറിനോപ്പിളിലെ ആഭ്യന്തര കുഴപ്പങ്ങളും ബൾഗേറിയൻ ആക്രമണവും അദ്ദേഹത്തിന്റെ ശ്രദ്ധ തിരിച്ചു. ബാസിലും ഫാതിമിഡ് കാലിഫുംകൂടി 1001-ൽ പത്തുവർഷത്തേക്ക് ഒരു സമാധാനഉടമ്പടി ഉണ്ടാക്കി. 1030-ൽ എഡേസ്സാ ബിസൻറ

www.malankaralibrary.com



യിൻ സാമ്രാജ്യത്തിൽ തിരികെ ചേർത്തു. അലെപ്പോയിൽ 1023-ൽ ഒരു മുസ്ലീം എമീർ സ്വതന്ത്രരാജ്യം സ്ഥാപിച്ചു. 1030-ൽ അയാൾ ബിസൻറയിൻ സൈന്യത്തെ തോല്പിച്ചു. എങ്കിലും വടക്കൻ സിറിയാ മൊത്തത്തിലും മേല്പറഞ്ഞ രാജാക്കന്മാർ പിടിച്ചടക്കിയ സ്ഥലങ്ങൾ പ്രത്യേകിച്ചും ബിസൻറയിൻ ഭരണത്തിൻകീഴിൽ നിലനിന്നു.

## അൽ ഹാക്കീമിൻെറ ക്രൂരതകൾ

അൽ ഹാക്കിം എന്ന ഫാതിമിഡ് കാലിഫ് ഉടമ്പടി ബഹുമാനക്കാതെ 1004-14 വരെ ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. സഭാസ്വത്തുക്കൾ കണ്ടുകെട്ടി. പള്ളികൾ തകർത്തു. കുരിശുകൾ കത്തിച്ചു. പള്ളികൾക്കു മുകളിൽ ചെറിയ മുസ്ലീം പള്ളികൾ സ്ഥാപിച്ചു. തിരുക്കല്ലറ ദൈവാലയം 1009-ൽ തകർത്തു. ഏതാണ്ട് മുപ്പതിനായിരം പള്ളികൾ (1014) അയാൾ തകർക്കുകയോ കത്തിക്കുകയോ ചെയ്തു. അനേകം ക്രിസ്ത്യാനികൾ ബാഹ്യമായി ഇസ്ലാംമതത്തിൽ ചേർന്നു; യഹൂദരോടും അയാൾ കഠിനമായി പെരുമാറി. അറബി നാടുകളിൽ നിന്ന് ബിസൻറയിൻ പ്രദേശങ്ങളിലേക്കു കുടിയേറാൻ അയാൾ 1013-ൽ ക്രിസ്ത്യാനികൾക്ക് ഔദാര്യം എന്ന വിധം അനുവാദം നൽകി. 1016-ൽ അയാൾ സ്വയം ദൈവത്വം പ്രഖ്യാപിച്ചുകൊണ്ട് മുസ്ലീങ്ങൾക്ക് എതിരേ നീങ്ങി. 1017 മുതൽ ക്രിസ്ത്യാനികൾക്കും യഹൂദർക്കും കുറേ സ്വാതന്ത്ര്യം അനുവദിച്ചു. അപ്പോൾ ഏതാണ്ട് 6000പേർ ക്രിസ്തുമതത്തിലേക്കു തിരികെ വന്നു. കണ്ടുകെട്ടിയ വസ്തുവകകൾ 1020-ൽ തിരികെ കൊടുത്തു. ക്രിസ്ത്യാനികൾ പ്രത്യേകവസ്ത്രം ധരിക്കണം എന്ന നിയമം എടുത്തുകളഞ്ഞു. അൽ ഹാക്കിം 1021-ൽ മരിച്ചപ്പോൾ അലെപ്പോയിലെ എമീർ സലീഹ് ഇബ്ൻ മിർദാസ് പലസ്തീനാ കൈക്കലാക്കി. എന്നാൽ 1029-ൽ ഫാതിമിഡ് കാലിഫ് അത് തിരിച്ചുപിടിച്ചു. അവർ 1027-ൽ ബിസൻറയിൻകാരുമായി സന്ധിയുണ്ടാക്കി. തിരുക്കല്ലറ ദേവാലയം പുതുക്കി പണിയാൻ ക്രിസ്ത്യാനികൾക്ക് അനുവാദം നല്കി. ഇസ്ലാമിൽ ചേർന്ന ക്രിസ്ത്യാനികൾ ശിക്ഷകൂടാതെ ക്രിസ്തുമതത്തിൽ തിരികെപോകാൻ കരാറുണ്ടാക്കി. 1036-ൽ ഉടമ്പടി വീണ്ടും പുതുക്കി. ബിസൻറയിൻ സാമ്രാജ്യത്തിലെ പ്രജകൾക്ക് സ്വതന്ത്രമായി തിരുക്കല്ലറ ദേവാലയത്തിൻെറ പണിക്കു വരുന്നതിനും പോകുന്നതിനും ഇതു സഹായകമായി. കച്ചവടവും പരസ്പരസഹകരണവും പരസ്പരബന്ധവും ഈ കാലത്ത് വളരെ വർധിച്ചു.

www.malankaralibrary.com



## തീർത്ഥാടനം

പാശ്ചാത്യനാടുകളിൽ നിന്ന് ജറുസലേമിലേക്കും മറ്റ് വിശുദ്ധ സ്ഥലങ്ങളിലേക്കും തീർത്ഥാടനം പതിവായിരുന്നു. 10/11 നൂറ്റാണ്ടുകളിൽ ഇതു വർധിച്ചു. അൽ ഹാക്കീമിൻെറ കാലത്തും തീർത്ഥാടനം തുടർന്നു. എന്നാൽ ഭീമമായ തുക കൊടുത്തെങ്കിലേ കടത്തിവിട്ടിരുന്നുള്ളു; അതുപോലെ ബിസൻറയിൻകാരും കടത്തുകരം ഈടാക്കി വന്നു. ആയിരവും രണ്ടായിരവും ഒക്കെ ആളുകൾ ഒന്നിച്ച് വന്നിരുന്നു. അവരെ സംരക്ഷിക്കുന്നതിന് പട്ടാളക്കാരും പലയിടങ്ങളിലും താമസ സൗകര്യങ്ങളും ഉണ്ടായിരുന്നു. മെഡിറ്ററേനിയൻ കടലിലെ ദ്വീപുകൾ മുസ്ലീങ്ങളിൽ നിന്നു പിടിച്ചുകഴിഞ്ഞപ്പോൾ കടൽകൊള്ളക്കാരെ ഭയക്കാതെ കടലിൽകൂടി യാത്രചെയ്യാമെന്ന നിലവന്നു. ഹംഗറിക്കാർ ക്രിസ്ത്യാനികൾ ആകുകയും ബൾഗേറിയന്മാരെ തോല്പിച്ച് ബാൾക്കൻ പ്രദേശം ബിസൻറയിൻ ചക്രവർത്തിയുടെ നിയന്ത്രണത്തിൽ ആക്കുകയും ചെയ്തതോടുകൂടി കരയിൽ കൂടെയും യാത്ര സുഗമമായിരുന്നു.

## പാശ്ചാത്യ പശ്ചാത്തലം

പതിനൊന്നാം നൂറ്റാണ്ടിൽ പാശ്ചാത്യലോകത്ത് ഇടപ്രഭുക്കന്മാർ ശക്തരായിത്തീർന്നു. അന്നുവരെ യുദ്ധം രാജാവിൻെറ കർത്തവ്യമായി കരുതപ്പെട്ടിരുന്നു. 10/11 നൂറ്റാണ്ടുകളിൽ സഭ യുദ്ധത്തോട് പുതിയൊരു സമീപനം സ്വീകരിച്ചു. *Peace of God and Truce of God* എന്നറിയപ്പെടുന്ന പ്രസ്ഥാനങ്ങളിലൂടെ "വിശുദ്ധയുദ്ധം" എന്ന ആശയം സഭ മുന്നോട്ടു വച്ചു. പ്രഭുക്കന്മാരാണ് മുന്നോട്ടുവന്ന് യുദ്ധം നയിച്ചത്. ഫ്രാൻസിൽ തുടങ്ങി, പിന്നീട് മറ്റിടങ്ങളിലേക്കു വ്യാപിച്ചു. സഭയെയും പാവപ്പെട്ടവരെയും ആക്രമണകാരികളിൽ നിന്ന് സംരക്ഷിക്കാൻ ആയുധം എടുക്കാം എന്ന നയം സ്വീകാര്യമായി. 1050-നുശേഷം മുസ്ലീങ്ങളിൽ നിന്ന് സ്പെയിൻ തിരികെ പിടിക്കാൻ ഇക്കൂട്ടർ തയ്യാറായി. അതിൽ അവർ വിജയിച്ചു. 1085-ൽ തൊളേദോ പിടിച്ചു. ഫ്രഞ്ചു പ്രഭുക്കന്മാർ 1064 മുതൽ ഇതിൽ പങ്കെടുത്തിരുന്നു. ഈ മുന്നേറ്റം വിശുദ്ധയുദ്ധമായി അവർ കരുതി. കുരിശുയുദ്ധത്തിനുള്ള പ്രേരണ ഇവിടെനിന്നാണ് പാശ്ചാത്യർക്കു ലഭിച്ചത്. വിശുദ്ധ സ്ഥലങ്ങൾ വീണ്ടെടുക്കാൻ ആയുധമെടുക്കുന്നതിൽ തെറ്റില്ല എന്ന ചിന്ത പരക്കെ വ്യാപിച്ചുകൊണ്ടിരുന്നു. ഈ ആശയത്താൽ പ്രേരിതരായി നോർമൻകാർ സിസിലിയിൽ നിന്ന് അറബികളെ തുരത്തി. ഇറ്റലിക്കാരായ പ്രഭുക്കന്മാർ 1087-ൽ ഉത്തര ആഫ്രിക്ക

www.malankaralibrary.com


യിലെ കൊള്ളക്കാരുടെ പട്ടണമായ മഹ്ദിയ ആക്രമിച്ചു. വിശുദ്ധയുദ്ധം അഥവാ കുരിശുയുദ്ധം എന്ന ആശയം റോമൻ മാർപാപ്പാമാർ സ്വീകരിക്കുകയും പാശ്ചാത്യപ്രഭുക്കന്മാരെ സംഘടിപ്പിക്കാൻ ആഹ്വാനം നടത്തുകയും ചെയ്തു.

### ബിസൻറയിൻ സഹായാഭ്യർത്ഥന

മദ്ധ്യേഷ്യയിൽ നിന്ന് സെല്യൂക് തുർക്കികൾ കൂട്ടത്തോടെ അറബിരാജ്യങ്ങളിൽ കടന്നുവന്നു. ഒരു കൂട്ടർ 1055-ൽ ബാഗ്ദാദ് പിടിച്ച്, അവിടം കേന്ദ്രമാക്കി ഭരണം തുടങ്ങി. മറ്റൊരു കൂട്ടർ ഏഷ്യാമൈനർ ലക്ഷ്യമാക്കി നീങ്ങി. മാൻസികെർട്ടിൽ വച്ച് 1071-ൽ ബിസൻറയിൻ സൈന്യം അവരോട് ഏറ്റുമുട്ടി പരാജയപ്പെട്ടു. തുടർന്ന് അവർ ഏഷ്യാമൈനറിലേക്കു തള്ളിക്കയറി, നിഖ്യാകേന്ദ്രമാക്കി ഒരു സുൾതാനേററ് സ്ഥാപിച്ചു. ബിസൻറയിൻ ചക്രവർത്തി അലെക്സിയുസ് I കൊംനേനൂസ് (1081-1118) പാശ്ചാത്യസഹായം അഭ്യർത്ഥിച്ചു. അലെക്സിയുസ് 1091-ൽ പത്സിനാക്കുകളെ പരാജയപ്പെടുത്തി എങ്കിലും ഏഷ്യാമൈനറിൻെറ നല്ല ഭാഗം മേല്പറഞ്ഞ തുർക്കികളുടെ കൈവശമായി. ഈ സാഹചര്യത്തിലാണ് ചക്രവർത്തി പാശ്ചാത്യസഹായം അഭ്യർത്ഥിച്ചത്. 1054-ൽ റോമൻ കർദ്ദിനാൾ ഹുംബർട്ടും ബിസൻറയിൻ പാത്രിയർക്കീസ് ചെറുളാരിയുസും പരസ്പരം ചൊല്ലിയ മഹറോൻ നിമിത്തം ലത്തീൻസഭയും ഗ്രീക്കുസഭയും തമ്മിലുണ്ടായ വിടവും അകല്ച്ചയും നികത്താനും ഐക്യം പുനഃസ്ഥാപിക്കാനും ഇത് ഒരു നല്ല അവസരമായി മാർപാപ്പായും പുതിയ രാജവംശത്തിൽപെട്ട അലക്സിയൂസും കണ്ടു. പാശ്ചാത്യലോകത്തെ പ്രഭുക്കന്മാരെ ഒന്നിപ്പിച്ച് യൂറോപ്പിലെ അനിഷേധ്യനേതാവായി ഉയരാനുള്ള അവസരവും റോമിലെ മാർപാപ്പായ്ക്ക് ഇതുവഴി കൈവന്നു.

ബിസൻറയിൻ ചക്രവർത്തിമാർ അറബികളിൽനിന്ന് തിരികെ പിടിച്ചിരുന്ന വടക്കൻ സിറിയൻ-മെസപ്പൊട്ടേമിയൻ പ്രദേശങ്ങളെല്ലാം സെല്യുക് തുർക്കികളുടെ നിയന്ത്രണത്തിലായി. അക്കാരണത്താൽ പലസ്തീനയിലേക്കുള്ള തീർത്ഥാടനം വിഷമംപിടിച്ചതായി മാറി. 1071-ൽ തന്നെ സെല്യൂക്കുകൾ ജറുസലേം കീഴടക്കി കൊള്ളചെയ്തു. അന്ത്യോക്യാ, എഡേസ്സാ, ഡമാസ്ക്കസ് (1075) തുടങ്ങിയ ക്രൈസ്തവകേന്ദ്രങ്ങളൊക്കെ തുർക്കികൾ കീഴടക്കി. ഈ സാഹചര്യത്തിൽ അറബികളല്ല, തുർക്കികളാണ് ക്രിസ്ത്യാനികളുടെ ശത്രുക്കളായി രംഗത്തുവന്നത്.

www.malankaralibrary.com



## ഉർബൻ രണ്ടാമൻ പാപ്പാ

ഉർബൻ II പാപ്പാ (1088-99) ക്ലെർമോയിൽ വച്ച് 1095 നവംബർ 27-ന് ഒരു കൗൺസിലിൽ കുരിശുയുദ്ധത്തിനാഹ്വാനം ചെയ്തു. തീർത്ഥാടനം എന്ന ആശയം മുൻപന്തിയിൽ നിന്നു; ഇതിൽ പങ്കെടുക്കുന്നവർ മറ്റ് പ്രായശ്ചിത്ത കർമ്മങ്ങളിൽ നിന്നു വിമുക്തരായിരുന്നു. യുദ്ധത്തിൽ മരിച്ചാൽ രക്തസാക്ഷിത്വമായി പരിഗണിക്കപ്പെടും. യൂറോപ്യൻ പ്രഭുക്കന്മാർ തമ്മിൽ അടിച്ചു നശിക്കാതെ, പൗരസ്ത്യദേശത്തു പോയി തുർക്കികളോട് ഒന്നിച്ച് യുദ്ധം ചെയ്ത് വിശുദ്ധ സ്ഥലങ്ങൾ മോചിപ്പിക്കുക എന്നു തുടങ്ങിയ ലക്ഷ്യങ്ങൾ അവതരിപ്പിച്ചു. യൂറോപ്പിൽ ജനസംഖ്യ ക്രമാതീതമായി വർധിക്കുകയും പലയിടങ്ങളിലും ദാരിദ്ര്യം നടമാടുകയും ചെയ്തപ്പോൾ പൗരസ്ത്യദേശങ്ങൾ സമ്പൽസമൃദ്ധമാണെന്നും വ്യാപാരം വർധിപ്പിക്കാമെന്നും മറ്റും പ്രേരണ നൽകി. യുദ്ധത്തിനുപോകാൻ താല്പര്യമുള്ളവർ പ്രതിജ്ഞചെയ്യുകയും തങ്ങളുടെ വസ്ത്രത്തിന്മേൽ കുരിശടയാളം തയ്ച്ചുചേർക്കുകയും ചെയ്യേണ്ടിയിരുന്നു. അതിൽ നിന്നാണ് "കുരിശുയുദ്ധം" എന്ന പേരു വന്നത്. പിടിച്ചെടുക്കുന്ന സ്ഥലങ്ങളിലെ പള്ളികൾ, പിടിക്കുന്നവരുടെ കീഴിലായിരിക്കും എന്നും നിശ്ചയിക്കപ്പെട്ടു. മുസ്ലീങ്ങൾക്കെതിരെ സ്പെയിനിലും സിസിലിയിലും കൈവരിച്ച നേട്ടം പുതിയ സമരമുന്നണി തുറക്കാൻ ആവേശം പകർന്നു.

സിൽവെസ്റ്റർ II (99-1003), സേർജിയുസ് IV(1009-1012), ഗ്രിഗറി II (1073-1085), എന്നീ മാർപാപ്പാമാർ നേരത്തെ തന്നെ ഇതുപോലെയുള്ള അഭ്യർത്ഥനകൾ നടത്തിയിട്ടുള്ളവരത്രേ. അൽഹാക്കിം തിരുക്കല്ലറ ദേവാലയം പൊളിച്ചപ്പോഴാണ് 1010-ൽ സേർജിയൂസ് IV അഭ്യർത്ഥന പുറപ്പെടുവിച്ചത്. സെൽയുക് തുർക്കികളിൽ നിന്ന് ജറുസലേമും മറ്റ് വിശുദ്ധ സ്ഥലങ്ങളും മോചിപ്പിക്കുക, പൗരസ്ത്യക്രൈസ്തവരെ ഇസ്ലാമിൻെറ പിടിയിൽ നിന്ന് വിമോചിപ്പിക്കുക തുടങ്ങിയവയാണ് ഉർബൻ നൽകിയ നിർദ്ദേശം. അങ്ങനെ തീർത്ഥാടനം എളുപ്പമാക്കി തീർക്കുക എന്നതായിരുന്നു മറ്റൊരു ലക്ഷ്യം.

www.malankaralibrary.com

34

# ഒന്നാം കുരിശുയുദ്ധം

## ജനമുന്നേറ്റം

പീറ്റർ എന്ന പേരുള്ള ഒരു സന്ന്യാസി ഈ കാലയളവിൽ ജറുസലേമിലേക്കുള്ള തീർത്ഥയാത്രയെപ്പററി വിവരിക്കുകയും ജനങ്ങളെ ഇളക്കുകയും ചെയ്തു. സ്ത്രീകളും കുട്ടികളുമടക്കം അൻപതിനായിരത്തിനും എഴുപതിനായിരത്തിനുമിടയ്ക്ക് ജനങ്ങൾ യാതൊരു ഒരുക്കവും കൂടാതെ പലസ്തീനാ ലക്ഷ്യമാക്കി പല ഗ്രൂപ്പുകളായി യൂറോപ്പിൽ നിന്ന് തിരിച്ചു. ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരുന്ന ഈ ജനപദം പുതിയ ജറുസലേമിലെ സമ്പദ്സമൃദ്ധി സ്വപ്നംകണ്ടു. സായുധസൈന്യത്തിൻെറ അകമ്പടി കൂടാതെയാണ് സാധാരണക്കാർ ഇറങ്ങിത്തിരിച്ചത്. അവർ കരുതിയ ഭക്ഷണസാധനങ്ങളൊക്കെ പെട്ടെന്നു തീർന്നു. അവർ പോയ വഴിക്കു കണ്ണിൽ കണ്ടതെല്ലാം കൊള്ളയടിച്ചു; സ്ഥലത്തെ ജനങ്ങളുമായി ഏറ്റുമുട്ടലുകൾ നടന്നു; പലരും വഴിമധ്യേ വീണു മരിച്ചു; ഏറ്റുമുട്ടലുകളിലും അനേകർ മരിച്ചു. ഹംഗറി, ബൾഗേറിയാ വഴി രണ്ടുഗ്രൂപ്പുകൾ കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. അവരെ ചക്രവർത്തി ഉടൻതന്നെ കടൽകടത്തി അക്കരെ എത്തിച്ചു.

കോൺസ്റ്റാൻറിനോപ്പിളിൽ നിന്ന് കടൽ കടന്ന് മറുകര എത്തിയ അസംഘടിതരായ തീർത്ഥാടകർ ചക്രവർത്തിയുടെ നേതൃത്വത്തിനും സൈന്യത്തിൻെറ സഹായത്തിനും കാത്തിരിക്കാതെ എടുത്തുചാടി യുദ്ധത്തിനു പുറപ്പെട്ടു. സിബോട്ടുസിൽ നിന്ന് രണ്ടായി പിരിഞ്ഞു. ഒരു വിഭാഗം അതിനടുത്തുള്ള ഗ്രാമപ്രദേശങ്ങളെല്ലാം കൊള്ളചെയ്തു. അവിടെ മുഴുവൻ ക്രിസ്ത്യാനികളായിരുന്നു. അവരെയൊക്കെ കൊല്ലുകയോ പീഡിപ്പിക്കുകയോ ചെയ്തു. വളരെ ക്രൂരമായി പെരുമാറി; ഗർഹ

www.malankaralibrary.com



ണീയ കർമ്മങ്ങൾ ചെയ്തുകൂട്ടി. നിഖ്യായുടെ ഗേറ്റിൽ വരെ എത്തി. തുർക്കി സൈന്യവുമായി ഏറ്റുമുട്ടിയിട്ട് സിബോട്ടുസിലേക്കു മടങ്ങി. കന്നുകാലികൾ, ആടുമാടുകൾ, സാധനസാമഗ്രികൾ എന്നുവേണ്ട സർവ്വസംഗതികളും കൊള്ളയടിച്ച് കടന്നുകളഞ്ഞു. ഇതിനു നേതൃത്വം നല്കിയത് ഫ്രഞ്ചുകാരാണ് എന്നുകണ്ട് ജർമ്മൻകാരും ഇത്തരം ആക്രമണം അഴിച്ചുവിട്ടു. ക്സെരിഗോർദോൻ എന്ന കോട്ടയിൽ ധാരാളം ഭക്ഷണസാധനങ്ങൾ സുരക്ഷിതമായി തുർക്കികൾ കരുതിവച്ചിരുന്നു. കുരിശുയുദ്ധക്കാർ അതു പിടിച്ചെടുത്തു. തുർക്കികൾ അതു വളഞ്ഞ് കോട്ടയിലേക്കുള്ള കനാൽ അടച്ചു. ദാഹാർത്തരായ ജനം വാതിൽ തുറന്നപ്പോൾ ക്രൂരമായ പീഡനങ്ങൾക്കു വിധേയരായി. ചിലരെ അടിമകളാക്കി, ചിലരെ കൊന്നുകളഞ്ഞു. ഇതിനുശേഷം, നിഖ്യാ കുരിശുയുദ്ധക്കാർ പിടിച്ചു എന്ന ഒരു വ്യാജവാർത്ത തുർക്കികൾ പരത്തി. കൊള്ളയടിക്കാൻ സിബോട്ടുസിൽ നിന്ന് ചെറിയ കൂട്ടങ്ങളായി ഇറങ്ങിയവരെ ഒക്കെ തുർക്കികൾ വഴിക്കുവച്ച് വകവരുത്തി. സിബോട്ടുസിൽ കടന്നുവന്ന തുർക്കികൾ കണ്ണിൽ കണ്ടവരെ ഒക്കെ കൊന്നുകളഞ്ഞു. കുട്ടികളെ അടിമകളായി പിടിച്ചു. ഏതാണ്ട് 3000പേർ ഓടി രക്ഷപ്പെട്ടു. അങ്ങനെയാണ് കുരിശുയുദ്ധക്കാരുടെ ആദ്യമുന്നേറ്റം അവസാനിച്ചത്.

## സൈന്യത്തിൻെറ മുന്നേറ്റം

"ഒരു സഹസ്രാബ്ദത്തിൻെറ അവസാനമാകയാൽ കർത്താവിൻെറ രണ്ടാംവരവ് ഉടനെ ഉണ്ടാകും, അതിനായി ഒരുങ്ങണം" എന്നു തുടങ്ങിയ ചിന്തകൾ പ്രചരിച്ചിരുന്ന കാലഘട്ടത്തിലാണ് കുരിശുയുദ്ധചിന്ത പ്രബലപ്പെട്ടത്. എല്ലാം ഉപേക്ഷിച്ച് പീറ്ററിൻെറ വാക്കു വിശ്വസിക്കാൻ തക്ക മാനസികാവസ്ഥ ഉള്ളവരായിരുന്നു യൂറോപ്പിലെ ജനങ്ങൾ. ആയുധധാരികളായ യൂറോപ്യൻ പ്രഭുക്കന്മാരുടെ പരിശീലനം ലഭിച്ച സൈന്യം രണ്ടായി തിരിഞ്ഞ് കരവഴിയും കടൽവഴിയും കോൺസ്റ്റാൻറിനോപ്പിൾ ലക്ഷ്യമാക്കി നീങ്ങി. ഫോൾക്മാർ, ഗോട്ട്ഷാൾക്, എമിക് എന്നിവരുടെ നേതൃത്വത്തിൽ മൂന്നു ജർമ്മൻ സംഘങ്ങൾ ഉണ്ടായിരുന്നു. യൂറോപ്പിലെ ബാങ്കിംഗ് രംഗത്തു മികച്ചനിന്ന യഹൂദരെ കൊള്ളയടിക്കാൻ ഇതൊരവസരമായി പലരും കരുതി. എമിക് പല ജർമ്മൻ നഗരങ്ങളിലെയും യഹൂദരെ ക്രൂരമായി കൊലപ്പെടുത്തി. എല്ലാ സ്ഥലങ്ങളിലും അവരെ സഹായിക്കാൻ കത്തോലിക്കാ മെത്രാന്മാർ മുമ്പോട്ടു വന്നു. എന്നാൽ അരമനകളിൽപോലും അതിക്രമിച്ചുകടന്ന എമിക് പൈശാചികമായി കൊല നടത്തി. അവർ പോയ വഴികളിലൊക്കെ യഹൂ

www.malankaralibrary.com



ദരെ കൊന്നു. ഈ കുരിശുയുദ്ധസംഘങ്ങളെ അവരുടെ ക്രൂരത നിമിത്തം ഹംഗറിക്കാർ വകവരുത്തി. ക്രൂരനായ എമിക് രക്ഷപ്പെട്ടു. ഈ ജർമ്മൻ മുന്നേറ്റം ഇങ്ങനെ സർവ്വനാശത്തിൽ കലാശിച്ചു. റെയ്മണ്ഡ്, ഗോഡ്ഫ്രീ എന്നിവരുടെ നേതൃത്വത്തിൽ പതിനായിരത്തിലേറെ ഫ്രഞ്ചുകാർ ഉണ്ടായിരുന്നു. ബൊഹെമൊണ്ടിന് അതിലല്പം കുറവ്; റോബർട്ടിനും സ്റ്റീഫനും അതിലും കുറവ്. പീറ്ററിൻെറ അനുയായികൾ ഇരുപതിനായിരം വരും. മൊത്തം അറുപതിനായിരത്തിനും ഒരു ലക്ഷത്തിനും ഇടയ്ക്ക്. കുരിശുയുദ്ധ യോദ്ധാക്കൾ യൂറോപ്പിൽ നിന്ന് തിരിച്ചു.

കരമാർഗം വന്നവർ ബൽഗ്രേഡിൽ വച്ച് നാട്ടുകാരെ കൊള്ള ചെയ്യാൻ തുടങ്ങി. അതിൻെറ ഫലമായി നടന്ന ഏറ്റുമുട്ടലിൽ കുറേപ്പേർ മരിച്ചു. സെംലിൻ എന്ന സ്ഥലത്തു വച്ചുണ്ടായ ഏറ്റുമുട്ടലിൽ ഏതാണ്ട് 4000 ഹംഗറിക്കാരെ കൊന്നു. അവരുടെ വസ്തുവകകൾ കൊള്ള ചെയ്തു. സാവെ നദി കടക്കുമ്പോഴുണ്ടായ തർക്കത്തിൽ കുറേപ്പേർ മുങ്ങിമരിച്ചു. ബൽഗ്രേഡിലെപ്പോലെ മറ്റിടങ്ങളിലും കൊള്ളയും ഏറ്റുമുട്ടലും നടന്നു. കുരിശുയുദ്ധക്കാർ പോയ വഴികളിലെല്ലാം കണ്ണിൽ കണ്ടതെല്ലാം കവർച്ച ചെയ്തു.

കുരിശുയുദ്ധസൈന്യം 1096-ൽ കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. ഒന്നിനുപിറകെ ഒന്നായി മലവെള്ളംപോലെ ഇരച്ചുവന്ന പാശ്ചാത്യസൈന്യത്തെ കണ്ട് ബിസൻറയിൻ ചക്രവർത്തി പോലും ഭയന്നുപോയി. വന്നവർ സംസ്കാരശൂന്യരും രക്തദാഹികളും കാടന്മാരും കണ്ടതൊക്കെ കൊള്ളയടിക്കുന്നവരുമായിരുന്നു. തന്നെ സഹായിക്കാൻ കുറേ പട്ടാളക്കാരെ അയച്ചുതരണം എന്നല്ലാതെ യുദ്ധം ചെയ്യാൻ ഒരു വലിയ സൈന്യത്തെ അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. പത്സിനാക് തുർക്കികളെയും (1091) കുമാൻസിനെയും (1095) പരാജയപ്പെടുത്തി, നിഖ്യായിലെ തുർക്കികളെ പരാജയപ്പെടുത്താൻ ചക്രവർത്തി കരുത്താർജിച്ചിരുന്നു. എന്നാൽ പാശ്ചാത്യസൈന്യം കോൺസ്റ്റാൻറിനോപ്പിൾ പോലും ആക്രമിക്കുമോ എന്ന് അദ്ദേഹം ഭയപ്പെട്ടു. തുർക്കികളുമായി യുദ്ധം ചെയ്ത് പിടിച്ചെടുക്കുന്ന സാമ്രാജ്യഭാഗങ്ങൾ ബിസൻറയിൻ ചക്രവർത്തിക്ക് തിരികെ കൊടുക്കാം എന്ന് പ്രതിജ്ഞ ചെയ്യിച്ച ശേഷമാണ് കടൽകടക്കാൻ അദ്ദേഹം പാശ്ചാത്യരെ അനുവദിച്ചത്. ഇതിനിടെ, വന്നവർക്കു വേണ്ട ഭക്ഷണവും താമസസൗകര്യവും ഒക്കെ ബിസൻറയിൻകാർ കൊടുത്തു. എന്നാൽ ഒന്നിലേറെ തവണ ബിസൻറയിൻ പട്ടാളക്കാരുമായി കുരിശുയുദ്ധക്കാർ ഏറ്റുമുട്ടി. തുർക്കികളിൽ നിന്ന് പുതു

www.malankaralibrary.com



തായി പിടിച്ചെടുക്കുന്നവ പാശ്ചാത്യർക്കു സ്വന്തമായി വയ്ക്കാമായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൻെറ മനോഹാരിതയും സംസ്കാരവും കണ്ട് പാശ്ചാത്യർ അന്തംവിട്ടുപോയി. കച്ചവടക്കാരും ജനങ്ങളും സംസ്കാരസമ്പന്നരായിരുന്നു. സംസ്കാരപൂർണമായ പെരുമാറ്റമായിരുന്നു അവരുടേത്. എന്നാൽ അവരുടെ ഭാഷയും ആരാധനക്രമങ്ങളും രീതികളും ഒക്കെ പാശ്ചാത്യർക്ക് അജ്ഞാതമായിരുന്നു.ബിസൻറയിൻകാരും പാശ്ചാത്യരായ ഈ കാടന്മാരെ ഇഷ്ടപ്പെട്ടില്ല.

## നിഖ്യാ പിടിക്കുന്നു (1097)

പിന്നീട് ബിസൻറയിൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ സൈന്യം നിഖ്യാ ആക്രമിച്ചു. പട്ടണവാസികളെല്ലാം തന്നെ ക്രിസ്ത്യാനികളായിരുന്നു. പട്ടാളക്കാരും ഭരണാധികാരിയും മാത്രമേ തുർക്കികളായിരുന്നുള്ളു. നഗരം കീഴടക്കിയപ്പോൾ ചക്രവർത്തി പരാജിതരോട് മാന്യമായി പെരുമാറി. അവിടെ സൂക്ഷിച്ചുവച്ചിരുന്ന സ്വർണ്ണമെല്ലാം ആവശ്യപ്പെട്ടു. തുർക്കികളെ കൊന്നില്ല. ഒരു ക്രൂരതയും കാട്ടാൻ ചക്രവർത്തി അനുവദിച്ചില്ല. ഈ പ്രവൃത്തി പാശ്ചാത്യരെ അമ്പരിപ്പിച്ചു. സുൽത്താൻ കിലിജ് അർസ്ലൻ സൈന്യത്തെ സംഘടിപ്പിച്ച് ഡോറിലേവും എന്ന സ്ഥലത്തുവച്ച് വീണ്ടും ഏറ്റുമുട്ടി. എങ്കിലും പരാജിതനായി ഓടിപ്പോയി. പോയവഴിക്ക് കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ചു. കുരിശുയുദ്ധക്കാർ ഭക്ഷണം കിട്ടാതെ വലയണം എന്നതായിരുന്നു ലക്ഷ്യം. ഈ യുദ്ധത്തിലും ധാരാളം സമ്പത്ത് പാശ്ചാത്യർക്കു ലഭിച്ചു. ഏഷ്യാമൈനറിൽ കൂടിയുള്ള കുരിശുയുദ്ധക്കാരുടെ യാത്ര ഈ യുദ്ധംവഴി സുഗമമായിത്തീർന്നു. ഏഷ്യാമൈനറിലെ പട്ടണങ്ങളിലെ ജനങ്ങളെല്ലാംതന്നെ അർമേനിയൻ, ബിസൻറയിൻ, സിറിയൻ ക്രിസ്ത്യാനികളായിരുന്നു. ഭരണം മാത്രം സെല്യൂക് തുർക്കി എമീർമാരുടെ കൈകളിലായിരുന്നു. നിഖ്യായിൽ നിന്ന് അന്ത്യോക്യായിൽ എത്തുന്നതുവരെയുള്ള വഴികളിലെ പട്ടണങ്ങളിൽ നിന്നെല്ലാം തുർക്കികൾ പലായനംചെയ്തു. പാശ്ചാത്യരോട് ഏറ്റുമുട്ടാൻ അവർ തയ്യാറായില്ല. ഇക്കോണിയം, ഹെരാക്ലെയാ, കേസറിയാ, മാറാഷ്, തുടങ്ങിയ പട്ടണങ്ങളൊക്കെ തുർക്കികളിൽനിന്നു വിമോചിതമായി. ഇതിനിടെ ബിസൻറയിൻ സൈന്യം ഏഷ്യാമൈനറിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിൽ അവശേഷിച്ച തുർക്കികളെ ഓടിക്കുകയും കോൺസ്റ്റാൻറിനോപ്പിളിൽനിന്ന് അന്ത്യോക്യയിലേക്കുള്ള പാത സുഗമമാക്കുകയുംചെയ്തു.

www.malankaralibrary.com



## എഡേസ്സാ (1098)

ബാൾഡ്വിൻെറ നേതൃത്വത്തിൽ ഏഷ്യാമൈനറിലൂടെ കിഴക്കോട്ടു നീങ്ങിയ ഫ്രഞ്ചുകാർക്ക് എഡേസ്സായിലെ അർമേനിയർ സ്വാഗതം അരുളി. ഭരണം ബാൾഡ്വിനെ ഏല്പിച്ചു(1098). ആ പട്ടണം ബിസൻറയിൻ ഭരണത്തിൻകീഴിൽ അർമേനിയൻ ആശ്രിതരാണ് ഭരിച്ചിരുന്നത്. അവിടെ നിന്നുകൊണ്ട് സാമസോട്ടയിലെ തുർക്കികളെ പരാജയപ്പെടുത്തി. പിന്നീട് ബാൾഡ്വിൻ ചതിയിൽ എഡേസ്സായിൽ പല പ്രമുഖരായ അർമേനിയരെയും കൊലപ്പെടുത്തി.

## അന്ത്യോക്യാ (1098)

സുലൈമാൻ ഇബ്ൻ കതുൽമിഷ് എന്ന തുർക്കി 1085-ൽ ബിസൻറയിൻകാരിൽ നിന്ന് ഈ നഗരം ചതിവിൽ പിടിച്ചടക്കിയിരുന്നു. യഗ്ഗീസിയാൻ എന്ന തുർക്കോമാൻ ഗവർണർ, സുൽത്താൻ മാലിക് ഷായ്ക്കുവേണ്ടി അതു ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് കുരിശുയുദ്ധക്കാർ അന്ത്യോക്യായിൽ എത്തുന്നത്. ജനങ്ങളിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരുന്നു. ഗ്രീക്കുകാർ, അർമേനിയർ, സുറിയാനിക്കാർ എന്നീ വിഭാഗക്കാർ അവിടെ ഉണ്ടായിരുന്നു. കുരിശുയുദ്ധക്കാർ ഏഴു മാസത്തെ ഉപരോധത്തിനുശേഷം ചതിവിൽ നഗരം പിടിച്ചെടുത്തു. കണ്ണിൽ കണ്ട തുർക്കികളെയെല്ലാം കൊന്നൊടുക്കി. അക്കൂട്ടത്തിൽ ധാരാളം ക്രിസ്ത്യാനികളും വധിക്കപ്പെട്ടു. ഭവനങ്ങളെല്ലാം കൊള്ളയടിക്കപ്പെട്ടു. തുടർന്ന് മോസുളിലെ എമീർ കെർബോഗ യുദ്ധത്തിനു വന്നെങ്കിലും പരാജയപ്പെട്ടു പിൻവാങ്ങി. അതിനുശേഷം വലിയൊരു പകർച്ചവ്യാധി ഉണ്ടായി. നിരവധി കുരിശുയുദ്ധക്കാർ പകർച്ചവ്യാധിമൂലം മരിച്ചു. പിടിച്ചടക്കിയ പട്ടണം കരാർ അനുസരിച്ച് ബിസൻറയിൻ ചക്രവർത്തിക്ക് നൽകുന്നതിനു പകരം ബൊഹെമൊണ്ട് എന്ന നോർമൻകാരൻ ഭരിക്കാൻ തുടങ്ങി.

ഇതിനിടെ നേതൃസ്ഥാനത്തിനുവേണ്ടി കുരിശുയുദ്ധനേതാക്കളുടെയിടയിൽ അപസ്വരങ്ങളുണ്ടായി. ബൊഹെമൊണ്ട്, റെയ്മൊണ്ട്, ഗോഡ്ഫ്രെ, റോബർട്ട് എന്നിവർ ഒന്നിച്ച് അന്ത്യോക്യാ സംരക്ഷിച്ചെങ്കിലും ബൊഹെമൊണ്ടിനായിരുന്നു മേൽക്കോയ്മ. കുരിശുയുദ്ധക്കാർ അന്ത്യോക്യയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങളും പട്ടണങ്ങളും ആക്രമിച്ച കൊള്ള നടത്തിക്കൊണ്ടിരുന്നു. അതിനുശേഷം കടൽതീരത്തുള്ള മുസ്ലീം പട്ടണങ്ങൾ ഒന്നൊന്നായി പിടിച്ചു. തുർക്കികളെ പരാജയപ്പെടുത്തിയത് അറബി മുസ്ലീങ്ങൾക്ക് സന്തോഷമായി. അവർ ഫ്രാങ്കു

www.malankaralibrary.com



കളുമായി സന്ധിയുണ്ടാക്കാൻ ശ്രമിച്ചു. പശ്ചിമേഷ്യൻ പട്ടണങ്ങളിലെ പല മുസ്ലീം എമീർമാരും തങ്ങളുടെ ശത്രുക്കളായ മുസ്ലീം എമീർമാർക്കെതിരെ ഫ്രഞ്ചുകാരുടെ സഹായംതേടി.

### ജറുസലേം (1099)

കുരിശുയുദ്ധക്കാരുടെ അടുത്ത ലക്ഷ്യം ജറുസലേം ആയിരുന്നു. 1070, 1071, 1078 എന്നീ വർഷങ്ങളിൽ തുർക്കികൾ അറബികളിൽ നിന്ന് ജറുസലേം പിടിച്ചെടുത്തിരുന്നു. സിറിയൻ പ്രദേശങ്ങളിലുടനീളം തുർക്കികൾ പരാജിതരായി എന്നുകണ്ട് ഈജിപ്തിലെ ഫാതിമിഡ് കാലിഫ് അൽ അഫ്ദാൽ പലസ്തീനാ ആക്രമിച്ചു. 1098-ൽ ജറുസലേം തിരിച്ചു പിടിച്ചു. അവിടെനിന്ന് തുർക്കികളെ ഓടിച്ചു. ഫാതിമിഡ് അറബികൾ ജറുസലേം കൈവശപ്പെടുത്തിയിരിക്കുമ്പോഴാണ് ഫ്രാങ്കുകൾ അവിടെയെത്തി ഉപരോധം ഏർപ്പെടുത്തിയത്. ഫ്രാങ്കുകൾ വരുന്നു എന്നറിഞ്ഞ് ഫാതിമിഡ് അറബികൾ നഗരത്തിൽ നിന്ന് ക്രിസ്ത്യാനികളെ എല്ലാം പുറത്താക്കി. നഗരത്തിനു ചുറ്റുമുള്ള ജനസംഭരണികളിലെല്ലാം വിഷം കലർത്തി. അതുകൊണ്ട് കുരിശുയുദ്ധക്കാർ ജലത്തിന് വളരെ വിഷമിക്കേണ്ടിവന്നു. എങ്കിലും കുരിശുയുദ്ധക്കാർ അവസാനം (1099-ൽ) പട്ടണത്തിനുള്ളിൽ കടന്നു. കണ്ണിൽ കണ്ട സകലരേയും കൊന്നൊടുക്കി. മോസ്കുകളിലും സിനഗോഗിലും അഭയംപ്രാപിച്ചിരുന്നവരോടും കരുണ കാണിച്ചില്ല. ഒരാളെപോലും അവശേഷിപ്പിക്കാതെ കൂട്ടത്തോടെ മുസ്ലീങ്ങളെയും യഹൂദരെയും നിഷ്കരുണം കൊന്നൊടുക്കി. ഈ സംഭവം സകലരെയും നടുക്കി. ഫ്രാങ്കുകളുമായി ഒത്തുതീർപ്പുണ്ടാക്കാൻ ആഗ്രഹിച്ച ഫാതിമിഡ് ഭരണാധികാരികളിലും ഞെട്ടലുണ്ടായി. ഇസ്ലാമിൻെറ ക്രൂരത വീണ്ടും സടകുടഞ്ഞെഴുന്നേൽക്കാൻ ഫ്രാങ്കുകളുടെ ഈ പൈശാചിക പ്രവൃത്തികൾ കാരണമായി. ഒത്തൊരുമിച്ച് ജീവിക്കാനുള്ള മുസ്ലീം-ക്രിസ്ത്യൻ ചിന്തകൾക്കൊക്കെ നിഴൽ പരത്തുന്നതായിരുന്നു ഇതിൻെറ ഓർമ. ഗോഡ്ഫ്രീ ജറുസലേമിൻെറ അധിപനായി. അവിടെ ഒരു ലത്തീൻകാരനെ പാത്രിയർക്കീസാക്കി. ഈജിപ്തുകാരുടെ ഒരാക്രമണത്തെ ഗോഡ്ഫ്രീ പരാജയപ്പെടുത്തി.

ബൊഹെമൊണ്ട് അന്ത്യോക്യയിൽ ഒരു ലത്തീൻ പാത്രിയർക്കീസിനെ വാഴിച്ചു. അവിടെനിന്ന് മെലിറ്റീനിലേക്കു പോകുന്നവഴി ബൊഹെമൊണ്ടിനെ ഡാനിഷ്മെൻഡ് എമീർ തടവുകാരനാക്കി, കൂടെയുള്ളവരെ കൊന്നുകളഞ്ഞു. ഗോഡ്ഫ്രേയുടെ മരണത്തെ (1100)

www.malankaralibrary.com



തുടർന്ന് സഹോദരനും എഡേസ്സായുടെ കൗണ്ടും ആയിരുന്ന (1100-18) ബാൾഡ്വിൻ 1100-ൽ "ജറുസലേം രാജാവ്" എന്ന സ്ഥാനം സ്വീകരിച്ചു. നോർമണ്ടിയിലെ റോബർട്ട്, ഫ്ളാൻഡേഴ്സിലെ റോബർട്ട്, ഹ്യൂഗ്, സ്റ്റീഫൻ എന്നിവർ തിരികെ യൂറോപ്പിലേക്കു പോയി. ബൊഹെമൊണ്ട് തുർക്കികളുടെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു.

വെനീസ്, ജേനൊവാ, പീസാ എന്നീ നാവികശക്തികളുടെ നേതൃത്വത്തിൽ ഫിനീഷ്യൻ കടൽത്തീരത്ത് അവശേഷിച്ച മിക്ക പട്ടണങ്ങളും 1111-ഓടുകൂടി മുസ്ലീങ്ങളിൽ നിന്നു തിരികെ പിടിച്ച് വ്യാപാരബന്ധം തുടങ്ങി. ട്രിപ്പൊളി കേന്ദ്രമാക്കി നാലാമതൊരു രാജ്യവും കുരിശുയുദ്ധക്കാർ (1109) സ്ഥാപിച്ചു. കുരിശുയുദ്ധക്കാർ സ്ഥാപിച്ച രാജ്യങ്ങളിലെ അധിപന്മാർ തന്നെ പലപ്പോഴും പരസ്പരം മല്ലടിക്കുകയും മുസ്ലീം സഹായത്തോടെ എതിരാളിയെ പരാജയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ക്രിസ്ത്യാനികളല്ലാത്തവർ തലക്കരം കൊടുക്കണം, നാട്ടുകാരായ ക്രിസ്ത്യാനികൾ സ്ഥലക്കരം നൽകണം എന്നു തുടങ്ങിയ വിവേചന നിറഞ്ഞ നിയമങ്ങൾ കുരിശുയദ്ധക്കാർ നടപ്പാക്കാൻ തുടങ്ങി. പണം ഉണ്ടാക്കാൻ പണക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുന്ന രീതിയും ഫ്രാങ്കുകൾ സ്വീകരിച്ചു. അതുപോലെ കച്ചവടക്കാരായ മുസ്ലീങ്ങളെ കൊള്ളചെയ്തും അവർ വരുമാനം വർധിപ്പിച്ചു. സഭാതലത്തിൽ രണ്ടു ലത്തീൻ പാത്രിയർക്കീസുമാരും അവരുടെ കീഴിൽ ലത്തീൻ ആർച്ചു ബിഷപ്പുമാരും ബിഷപ്പുമാരും നിയമിതരായി. എന്നാൽ ഗ്രീക്ക്, സിറിയൻ, അർമേനിയൻ സഭകൾക്ക് അവരുടെ സ്വന്തമായ വൈദികർ ഉണ്ടായിരുന്നു. കുരിശുയുദ്ധക്കാരുടെ കീഴിൽ മുസ്ലീങ്ങളും യഹൂദരും പ്രജകളായുണ്ടായിരുന്നു. യൂഫ്രട്ടീസ് നദിമുതൽ ഈജിപ്തിൻെറ അതിർത്തിവരെ ഏതാണ്ട് 500 മൈൽ നീളവും 50 മൈൽ വീതിയുമുള്ള സ്ഥലമായിരുന്നു കുരിശുയുദ്ധക്കാരുടേത്.

### അവലോകനം

മുസ്ലീം എമീർമാർ മിക്കവരും പരസ്പരം പോരടിക്കുന്നവരായിരുന്നു. സിറിയൻ, അനാറ്റോളിയൻ, മെസൊപ്പൊട്ടേമിയൻ, പേർഷ്യൻ തുർക്കികൾ തമ്മിൽ മിക്കപ്പോഴും യോജിപ്പില്ലായിരുന്നു. ഈജിപ്തിലെ ഫാതിമിഡ് ഭരണാധികാരികളും മറ്റ് അറബി എമീർമാരും തുർക്കികളുടെ പതനം ആഗ്രഹിച്ചിരുന്നു. കാലിഫിൻെറ കീഴിൽ ഓരോ പട്ടണത്തിലും ഓരോ ഭരണാധികാരി ഉണ്ടായിരുന്നു. ബാഗ്ദാദിലെ കാലിഫിനായിരുന്നു പേരിനെങ്കിലും പരമാധികാരം. വെട്ടുക്കിളികൾപോലെയാണ്

www.malankaralibrary.com



മെസൊപ്പൊട്ടേമിയൻ, അനാറ്റോളിയൻ പ്രദേശത്ത് തുർക്കികൾ കടന്ന് തമ്പടിച്ചത്. തുടർന്ന് പലപട്ടണങ്ങളിലും അവർ അധികാരം കൈയടക്കിയിരുന്നു. എന്നാൽ ജനങ്ങളിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരുന്നു.

സിലീഷ്യൻ പ്രദേശത്ത് ഒരു അർമേനിയൻ രാജ്യമുണ്ടായിരുന്നു. അപൂർവം ചില പട്ടണങ്ങളിൽ ബിസൻറയിൻ ഓർത്തഡോക്സ് ഭരണാധികാരികളുണ്ടായിരുന്നു. ഇവയുടെ ഒക്കെ ഇടയിലാണ് നാല് കുരിശുയുദ്ധരാജ്യങ്ങൾ ഉയർന്നുവന്നത്. അവരുടെ ഇടയിൽതന്നെ പരസ്പര മൽസരം ഉണ്ടായിരുന്നു. പൊതുശത്രുക്കൾക്കെതിരെ ഒന്നിച്ചുനില്ക്കുന്നതിനൊന്നും മിക്കപ്പോഴും അവർ മെനക്കെട്ടില്ല. പൗരസ്ത്യദേശത്ത് ലഭിച്ച സ്ഥലങ്ങൾ സംരക്ഷിച്ച് കഴിഞ്ഞുകൂടാനാണ് ഫ്രഞ്ച് നേതാക്കന്മാർ പരിശ്രമിച്ചത്.

എന്നാൽ ബിസൻറയിൻ ചക്രവർത്തി എഡേസ്സാ, അന്ത്യോക്യാ എന്നീ നഗരങ്ങളുടെ മേൽ തനിക്കുള്ള അവകാശവാദം ഉപേക്ഷിച്ചില്ല. കോൺസ്റ്റാൻറിനോപ്പിളിനോട് ചെയ്ത കരാർ പാലിച്ച് എഡേസ്സാ, അന്ത്യോക്യൻ പ്രദേശങ്ങൾ തിരിച്ചേല്പിക്കാൻ കുരിശുയുദ്ധക്കാർ തയ്യാറാകാത്തത് ചക്രവർത്തി നിരന്തര നീരസത്തോടെ വീക്ഷിച്ചു. ചക്രവർത്തിയെതന്നെ ആക്രമിക്കുമോ എന്നും ഭയന്നിരുന്നു. ബിസൻറയിൻ ചക്രവർത്തിയുമായി ഏതാണ്ട് ധാരണയിലായിരുന്നു ഫാതിമിഡ് കാലിഫ്. ഇരുകൂട്ടരുടെയും പൊതുശത്രുക്കളായിരുന്നു തുർക്കികൾ. അതുകൊണ്ട് 'പരസ്പരം ആക്രമിക്കാൻ പാടില്ല' എന്ന നയം മാനിക്കാതെ കുരിശുയുദ്ധക്കാർ ഈജിപ്ത് ആക്രമിച്ച് ഒരു ശത്രുവിനെ കൂടി ഉണ്ടാക്കി.

പാശ്ചാത്യലോകത്തു നിന്ന് പിന്നെപ്പിന്നെ വന്ന കുരിശുയുദ്ധക്കാരെ ഒക്കെ കുരിശുയുദ്ധരാജ്യങ്ങൾ തന്നെയും സംശയത്തോടെ വീക്ഷിച്ചു. 1101-ൽ വന്ന ലൊംബാർഡ് കുരിശുയുദ്ധക്കാർ വന്ന വഴികളൊക്കെ തകർത്തും കൊള്ളയടിച്ചുമാണ് നീങ്ങിയത്. 1101-ൽ ഫ്രഞ്ച് , ജർമ്മൻ, ലൊംബാർഡ്, ബിസൻറയിൻ സംയുക്തസൈന്യത്തിൻെറ മൂന്ന് ക്രൈസ്തവ മുന്നേറ്റങ്ങൾ ഉണ്ടായി. എന്നാൽ എല്ലാം പരാജയമടഞ്ഞു. ഒറ്റിക്കൊടുക്കലുകൾ ഈ കാലത്ത് സാധാരണമായിരുന്നു. പാശ്ചാത്യരെ സംശയത്തോടെ വീക്ഷിച്ചിരുന്ന സിറിയൻ ക്രിസ്ത്യാനികൾ പലപ്പോഴും മുസ്ലീം പക്ഷത്തുചേർന്നു. ധാരാളം ക്രിസ്തീയ നഗരങ്ങൾ തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. പരാജയപ്പെട്ട പാശ്ചാത്യരുടെ സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി വിറ്റു; മറ്റനേകരെ നിഷ്കരുണം കൊന്നുകളഞ്ഞു.

www.malankaralibrary.com



ഒരു ലക്ഷം സ്വർണനാണയം (ബെസാന്ത്) കൊടുത്തിട്ടാണ് ബൊഹെമൊണ്ടിനെ തുർക്കികൾ 1103-ൽ വിട്ടയച്ചത്. ചിലപ്പോഴൊക്കെ ഒരു പ്രദേശത്തെ മുസ്ലീങ്ങളും കുരിശുയുദ്ധക്കാരും മറ്റൊരിടത്തെ ഇതുപോലുള്ള ഒരു മുന്നണിക്കെതിരെ പോരാട്ടം നടത്തിയിരുന്നു. മതത്തിനതീതമായ അത്തരം കൂട്ടുകെട്ടുകളും ഉണ്ടായിരുന്നു. അനാറ്റോളിയൻ മുസ്ലീങ്ങൾ, സിറിയൻ-മെസൊപ്പൊട്ടേമിയൻ തുർക്കികൾക്കെതിരായിരുന്നു. അർമേനിയർ കോൺസ്റ്റാൻറിനോപ്പിളിന് എതിരായിരുന്നു. കയ്യൂക്കുള്ളവൻ കാര്യം നടത്തിയിരുന്നു. ക്രൂരന്മാർ ക്രൈസ്തവപക്ഷത്തും മുസ്ലീം പക്ഷത്തും ഉണ്ടായിരുന്നു. ചിലർ കീഴടങ്ങുന്നവരോട് മാന്യമായി പെരുമാറി; എന്നാൽ മറ്റ് ചിലർ സർവരെയും വകവരുത്തിയിരുന്നു. ഫ്രാങ്കുകളെ കശാപ്പു ചെയ്യുന്നതിൽ തുർക്കികൾ പിശുക്കുകാട്ടിയില്ല. അതുപോലെ അർമേനിയരോടും. എന്നാൽ സ്ഥലവാസികളായ സുറിയാനിക്കാരോട് പലപ്പോഴും മുസ്ലീങ്ങൾ കാരുണ്യം കാട്ടി.

പതിനൊന്നാം നൂറ്റാണ്ടിൻെറ അവസാനഘട്ടങ്ങളിൽ "ഹഷീഷിയൻ" എന്നറിയപ്പെടുന്ന ചാവേർപട ഉടലെടുത്തു. അവർ ഷിയാ മുസ്ലീങ്ങളായിരുന്നു. ഈജിപ്തിലെ ഫാതിമിഡ് കാലിഫുമാർ അവരെ പിൻതുണച്ചു. ക്രിസ്ത്യാനികളോട് എന്നതിനേക്കാൾ സുന്നി മുസ്ലീങ്ങളോടായിരുന്നു അവരുടെ പിണക്കം. ബാഗ്ദാദിലെ കാലിഫുമാർ അവരെ ഭയന്നിരുന്നു. കാലിഫിനോട് ഇടഞ്ഞുനിന്ന എമീർമാർ ഈ ചാവേർപടയെ ആശ്രയിച്ചു.

എഡേസ്സാ- അന്ത്യോക്യാ പ്രദേശങ്ങളിൽ 1114-ൽ ഒരു ഭയങ്കര ഭൂമികുലുക്കം ഉണ്ടായി. യാക്കോബായസുറിയാനിക്കാർ തന്നെ 1118 കാലഘട്ടത്തിൽ വിഭജിതരായി. അന്ത്യോക്യൻപ്രദേശത്തു പാർത്തിരുന്ന യാക്കോബായ പാത്രിയർക്കീസ് അത്തനാസ്യോസ് 1118-ൽ എഡേസ്സായിലെ മെത്രാപ്പോലീത്താ ബർ സബൂനിയെ മുടക്കി. രണ്ടിടത്തെയും യാക്കോബായക്കാർ ശത്രുക്കളായി. അവരിൽ ചിലർ ലത്തീൻകാരുടെ കൂടെ കൂടി. കുരിശുയുദ്ധപ്രദേശങ്ങളിലെ ബിസൻറയിൻ ഓർത്തഡോക്സുകാർ കുരിശുയുദ്ധക്കാരെ ഒട്ടും ഇഷ്ടപ്പെട്ടില്ല. കിലിജ് അർസ്ലൻ എന്ന തുർക്കിനേതാവ് 1107-ൽ മരിച്ചശേഷം അനാറ്റോളിയായിൽ വലിയ തുർക്കി നേതാക്കൾ ഉയർന്നുവന്നില്ല.

ഈ കാലത്ത് കച്ചവടക്കുത്തക ഇറ്റലിക്കാർക്കായി. ഏഷ്യാമൈനറിലൂടെയുള്ള കച്ചവടം നിലച്ചു. പൗരസ്ത്യദേശങ്ങളുമായി ഇറ്റലിയിലെ തുറമുഖപട്ടണങ്ങൾ വ്യാപാരം നടത്തി നേട്ടമുണ്ടാക്കി. അത് കോൺസ്റ്റാൻറിനോപ്പിൾ ഖജനാവിനെ കാര്യമായി ബാധിച്ചു.

www.malankaralibrary.com


## മിലിറ്ററി സന്ന്യാസസമൂഹങ്ങൾ

ജറുസലേമിലേക്കുള്ള തീർത്ഥകരെ സംരക്ഷിക്കുന്നതിനും അവർക്കു താമസസൗകര്യങ്ങൾ ഒരുക്കുന്നതിനും രണ്ട് മിലിറ്ററി സമൂഹങ്ങൾ ഈ കാലത്തുടലെടുത്തു. *ടെമ്പിൾ സന്ന്യാസികൾ* (Knights of Templars), *ആശുപത്രി മാടമ്പികൾ* (Knights of Hispitallers) എന്ന് രണ്ട് സമൂഹങ്ങളാണുടലെടുത്തത്.

ഹ്യൂഗ് (†1136) എന്നയാൾ 1119-ൽ സന്ന്യാസച്ചിട്ടയിൽ ആയുധധാരികളായ എട്ട് അൽമായരെ സംഘടിപ്പിച്ച് ജാഫായിൽ നിന്ന് ജറുസലേം വരെ തീർത്ഥകരെ സംരക്ഷിക്കുന്ന ചുമതല ഏറ്റെടുത്തു. "സോളമൻെറ ടെമ്പിൾ" എന്നറിയപ്പെട്ടിരുന്ന രാജകീയ കൊട്ടാരത്തിലാണ് ഇവരെ പാർപ്പിച്ചിരുന്നത്. അതിൽ നിന്നാണ് "ടെമ്പിൾ സന്ന്യാസികൾ" എന്ന് ഇവർക്ക് പേരുണ്ടായത്. 1128-ൽ വി.ബർണാർദിൻെറ സഹായത്തോടെ ഒരു സന്ന്യാസ നിയമം അംഗീകരിപ്പിച്ചു. ഗ്രാൻഡ് മാസ്റ്ററിൻെറ കീഴിൽ *Knights,* തുണസഹോദരന്മാർ, ചാപ്ലൈൻമാർ എന്നിങ്ങനെ മൂന്നുതരം അംഗങ്ങൾ ഉണ്ടായിരുന്നു. തീർത്ഥകരെ സംരക്ഷിക്കുന്ന ചുമതല സ്വയം ഏറ്റെടുത്തവരായിരുന്നു അവർ.

ഒന്നാംകുരിശുയുദ്ധത്തിനുമുമ്പ് അമാൽഫിയിൽ നിന്നുള്ള കച്ചവടക്കാർ ഒത്തുചേർന്ന് 1070-ൽ ജറുസലേമിൽ ഒരു ഹോസ്പിററൽ തുടങ്ങി. പിന്നീട് അതു വ്യാപിപ്പിച്ച് യൂറോപ്പിലെ തുറമുഖനഗരങ്ങളിലൊക്കെ തുടങ്ങി. രോഗികളെ ശുശ്രൂഷിക്കുകയായിരുന്നു പ്രധാന ദൗത്യം. അതിൽ നിന്നാണ് ആശുപത്രിമാടമ്പികൾ എന്ന് ഇവരെ വിളിച്ചിരുന്നത്. കാലക്രമത്തിൽ 1155-ൽ ഇവർക്കും നിയമാവലി ഉണ്ടായി. സഹോദരന്മാർ ആശുപത്രിജോലി ചെയ്തു. Knights ആയുധധാരികളായി അതിർത്തി കാവൽ ആദിയായവ പട്ടാളചിട്ടയിൽ ഏറ്റെടുത്തു. സന്ന്യാസവ്രതങ്ങളൊക്കെ പാലിക്കാൻ ഇവരും മററവരേപ്പോലെ ബാധ്യസ്ഥരായിരുന്നു. പലസ്തീനയിലെ വിശുദ്ധ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിൽ ഈ രണ്ട് മിലിറ്ററി ഓർഡറുകളും നിർണായക പങ്കുവഹിച്ചു.

## എഡേസ്സായുടെ പതനം (1144)

മുസ്ലീം എമീർമാർ പരസ്പരം മല്ലടിച്ചു കഴിഞ്ഞിടത്തോളം കാലം കുരിശുയുദ്ധക്കാർ പിടിച്ചുനിന്നു. ഇരുകൂട്ടരും തക്കം കിട്ടുമ്പോൾ സമീപ പ്രദേശങ്ങളിൽ കടന്നാക്രമണം നടത്തി നിരപരാധികളെ കൊള്ള

www.malankaralibrary.com



ചെയ്തും വംശനാശം വരുത്തിയും കാടത്തംകാട്ടിക്കൊണ്ടിരുന്നു. സെൻഗി എന്ന തുർക്കിനേതാവ് ഉത്തരസിറിയായിലെ മുസ്ലീം നഗരങ്ങൾ ഒന്നിനു പിറകെ ഒന്നായിപിടിച്ച് തുർക്കികളെ സംഘടിപ്പിച്ചു. 1144-ൽ സെൻഗി എഡേസ്സാ ഉപരോധിച്ചു. കുർദികളും തുർക്കോമാനുകളും ഉൾപ്പെട്ട കിരാതസൈന്യം ഒരു മാസത്തെ ഉപരോധത്തിനുശേഷം കുരിശുയുദ്ധക്കാരുടെ എഡേസ്സാ പിടിച്ചു. ബഹളത്തിനിടയിൽ പതിനായിരങ്ങൾ താഴെവീണ് ചവിട്ടുകൊണ്ട് ചതഞ്ഞരഞ്ഞു. സൈന്യം അകത്തുകയറിയപ്പോൾ പുറത്തേക്കുകടക്കാൻ ഇരച്ചുവന്ന ജനക്കൂട്ടത്തിനു പുറത്തു കടക്കാനാവാതെയാണ് വീണുമരിച്ചത്. കണ്ണിൽകണ്ടവരെയൊക്കെ ഉടനെ സെൻഗിയുടെ സൈന്യം കൊന്നു; സെൻഗിതന്നെ ഇടപെട്ടാണ് കൊല നിർത്തിച്ചത്. തുടർന്ന് നാട്ടുകാരായ ക്രിസ്ത്യാനികളെ കൊന്നില്ല. എന്നാൽ പാശ്ചാത്യരെ കൊന്നു. അവരുടെ സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി. അർമേനിയൻ, സിറിയൻ, ഗ്രീക്ക് ക്രിസ്ത്യാനികൾക്ക് അല്പം സ്വാതന്ത്ര്യം അനുവദിച്ചു. കുച്ചൂക്ക് അലി എന്ന മുസ്ലീമിനെ ഭരണം ഏല്പിച്ചു. ലത്തീൻ പള്ളികൾ എല്ലാം തകർത്തു. മറ്റിടങ്ങളിൽ നിന്ന് സുറിയാനിക്കാരും അൽമേനിയരും കടന്നു വന്നു താമസിക്കാൻ അനുവദിച്ചു. സിറിയൻ ബിഷപ്പ് ബാസിൽ, സെൻഗിയുടെ പ്രീതിനേടി. സെൻഗി ചുറ്റുമുള്ള പട്ടണങ്ങളും വെട്ടിപ്പിടിച്ച് ജയഭേരിമുഴക്കി. എന്നാൽ 1146-ൽ സെൻഗിയെ ആരോ കൊലപ്പെടുത്തി. സെൻഗി മരിച്ചപ്പോൾ എഡേസ്സാ തിരിച്ചുപിടിക്കാം എന്ന ചിന്ത കുരിശുയുദ്ധക്കാർക്കുണ്ടായി. സെൻഗിയുടെ ശത്രുക്കളെല്ലാം സെൻഗി പിടിച്ചടക്കിയവ തിരികെ പിടിക്കാൻ തുടങ്ങി. ജോസെലിൻ എന്ന നേതാവ് എഡേസ്സായിലെ യാക്കോബായക്കാരും അർമേനിയരുമായി ബന്ധം പുലർത്തി. എന്നാൽ ഒറ്റുകാർ മുസ്ലീങ്ങളെ വിവരം ധരിപ്പിച്ചു. അന്ത്യോക്യയിൽനിന്ന് റെയ്മൊണ്ട് എന്ന നേതാവ് ജോസെലിനെ സഹായിച്ചില്ല. സെംഗിയുടെ മകൻ നൂറുദ്ദീൻ തിടുക്കത്തിൽ എഡേസ്സായിലെത്തി ക്രിസ്തീയ സൈന്യവുമായി ഏറ്റുമുട്ടി, അവരെ പാടേ പരാജയപ്പെടുത്തി. അന്ന് കൊല്ലപ്പെട്ട ക്രിസ്ത്യാനികൾക്കു കണക്കില്ല. ശേഷിച്ച സകല ക്രിസ്ത്യാനികളെയും എഡേസ്സായ്ക്കു പുറത്താക്കി അടിമകളാക്കി. ലോകത്തിലെ ആദ്യത്തെ ക്രൈസ്തവ രാജ്യം അങ്ങനെ അവസാനിച്ചു. അന്നു മുതൽ ഇന്നുവരെ അവിടെ ക്രിസ്ത്യാനികൾ ആരും തന്നെയില്ല. സുറിയാനി ക്രിസ്ത്യാനികളുടെ കേന്ദ്രമായിരുന്ന എഡേസ്സാ ക്രിസ്ത്യാനികൾക്ക് എന്നേക്കുമായി നഷ്ടപ്പെട്ടു.

www.malankaralibrary.com

# 35

# രണ്ടാം കുരിശുയുദ്ധം

എഡേസ്സാ നഷ്ടപ്പെട്ട വാർത്ത പാശ്ചാത്യലോകത്തെ നടുക്കി. എവുജിൻ III പാപ്പാ (1145-1153) ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. സെൻറ് ബർണാർദ് അതിൻെറ പ്രചാരകനായി. ഫ്രഞ്ചുരാജാവ് ലൂയീസ് VIIനും ജർമ്മൻ രാജാവ് കൊൺറാഡ് III നും നേതൃത്വം ഏറ്റെടുത്തു. 1147-ൽ അവർ യാത്ര തിരിച്ചു. ഫ്രഞ്ചുകാരും ജർമ്മൻകാരും വെവ്വേറെയാണ് യാത്ര തിരിച്ചത്. ഇരുവർക്കുമിടയിൽ നീരസം നിലനിന്നു. ഒക്ടോബറിൽ ഡോറിലേവും എന്ന സ്ഥലത്തുവച്ച് കൊൺറാഡ് തുർക്കികളുമായി ഏറ്റുമുട്ടി പാടേ പരാജയപ്പെട്ടു. അവശേഷിച്ചവർ പിറകെവന്ന ഫ്രഞ്ചുകാരുടെ കൂടെചേർന്നു. തുടർന്നുള്ള യാത്ര ബിസൻറയിൻ കപ്പലിലായിരുന്നു. 1148-ൽ അവർ ജറുസലേമിൽ എത്തി. കുരിശുയുദ്ധക്കാർ ഒന്നിച്ച് ഡമാസ്കസ് ആക്രമിക്കാൻ തീരുമാനിച്ചു. അത് വലിയ പരാജയത്തിലും അപമാനത്തിലും കലാശിച്ചു. അത് മുസ്ലീങ്ങൾക്കു വലിയ കരുത്തേകി. 1154-ൽ സെൻഗിയുടെ മകൻ നൂറുദ്ദീൻ ഡമാസ്കസ് കീഴടക്കി. സിറിയായിലെ മുസ്ലീങ്ങളെ യോജിപ്പിച്ച് പാശ്ചാത്യർക്കെതിരെ അണിനിരത്തി. അവശേഷിച്ച കുരിശുയുദ്ധക്കാർ വെറുംകൈയോടെ മടങ്ങിപ്പോന്നു.

ഈ കുരിശുയുദ്ധം പരാജയപ്പെടാൻ കാരണം കോൺസ്റ്റാൻറിനോപ്പിളിൻെറ നിസഹകരണവും ചതിപ്രയോഗവും കുരിശുയുദ്ധ നാട്ടുഭരണാധികാരികളുടെ നിലപാടുകളുമായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ എത്തിയ പാശ്ചാത്യസൈന്യം പട്ടണം ആക്രമിച്ചേക്കുമോ എന്ന് മാനുവൽ കൊംനേനുസ് ചക്രവർത്തി (1143-50) ഭയപ്പെട്ടു. അദ്ദേഹത്തിന് തുർക്കികളുമായി രഹസ്യധാരണ ഉണ്ടായിരുന്നു എന്ന് കരുതുന്നവരുണ്ട്. മാനുവൽ രാജാവ് കോണിയ സുൽത്താനെതിരായി ദാനിഷ്

www.malankaralibrary.com



മെൻഡ് എമിർമാരുമായി ധാരണയുണ്ടാക്കി. ഏഷ്യാമൈനർ തന്റെ രാജ്യമായിരുന്നു. പ്രജകളൊക്കെ ക്രിസ്ത്യാനികളും. കൂടെക്കൂടെയുള്ള ആക്രമണം വഴി തന്റെ ജനം കഷ്ടപ്പെടാതിരിക്കാനാണ് ചക്രവർത്തി ഇപ്രകാരം സന്ധിയുണ്ടാക്കിയത്. ഇത് രണ്ടാം കുരിശുയുദ്ധക്കാരെ കുപിതരാക്കി. പുതുതായി വന്നവർ കുരിശുയുദ്ധ ഭരണാധികാരികളിൽ നിന്ന് ഭരണം തട്ടിയെടുക്കുമോ എന്ന് അവർ ഭയപ്പെട്ടു. അതുപോലെ പൊതുശത്രുവായ നൂറുദ്ദിനെതിരെ ഡമാസ്കസിലെ ബൂറിഡ് രാജ്യവും ഫ്രാങ്കുകളും ഒന്നിച്ചു നില്ക്കുന്നതിനുപകരം സഖ്യരാജ്യമായ ഡമാസ്കസിനെ പാശ്ചാത്യർ കടന്നാക്രമിച്ചത് ശരിയായില്ല. ഫലമോ പൊതു ശത്രുവന്ന് എല്ലാവരെയും പരാജയപ്പെടുത്തി.

തുടർന്ന് നൂറുദ്ദീന്റെ സൈന്യാധിപൻ ഈജിപ്ത് പിടിച്ചു. 1169-ൽ സലാഡിൻ അവിടെ നേതാവായി. അയാൾ സിറിയാ, മെസൊപ്പൊട്ടേമിയാ പ്രദേശങ്ങളിലെ നഗരങ്ങൾ തന്റെ കീഴിൽ കൊണ്ടുവന്നു. തന്റെ കുടുംബത്തിൽപെട്ട വിശ്വസ്തരായ അനുയായികളെ പട്ടണങ്ങളിലെല്ലാം നിയമിച്ച് ഭരണസ്ഥിരത ഉറപ്പാക്കി.

ജറുസലേമിലെ ഫ്രാങ്കുകൾ ഈജിപ്തുകാരിൽനിന്ന് അഷ്കലോൻ പിടിച്ചു. സിലീഷ്യയിലെ അർമേനിയർ ബിസന്റയിൻ ഭൂപ്രദേശത്ത് കടന്നാക്രമണം നടത്തി. അർമേനിയരും അന്ത്യോക്യൻ ഫ്രാങ്കുകളും കൂടി സൈപ്രസ് കീഴടക്കി കൊള്ളയടിച്ചു. ജനങ്ങളെ അടിമകളാക്കി അന്ത്യോക്യൻ ജയിലുകളിൽ അടച്ചു. അതിന്റെ പിറകെ ഈജിപ്തുകാരായ മുസ്ലീങ്ങൾ ഒരിക്കൽക്കൂടി സൈപ്രസിൽ കൊള്ള നടത്തി.

അന്ത്യോക്യൻ ഫ്രാങ്ക് നേതാവ് റെയ്നോൾഡിനെതിരെ മാനുവൽ ചക്രവർത്തിയും നൂറുദ്ദീനുംകൂടി സഖ്യം ഉണ്ടാക്കുന്നതിനെ ജറുസലേം നേതാവ് ബാൾഡ്വിൻ അനുകൂലിച്ചു. 1158-ൽ ചക്രവർത്തി ഒരു വലിയ സൈന്യവുമായി കോൺസ്റ്റാന്റിനോപ്പിളിൽനിന്നു തിരിച്ചു. അർമേനിയർ ഭയന്നോടി, സിലീഷ്യൻ നഗരങ്ങളെല്ലാം ചക്രവർത്തിയുടെ കീഴിലായി. ചക്രവർത്തി അന്ത്യോക്യയിൽ എത്തുന്നതിനുമുമ്പുതന്നെ ബാൾഡ്വിനും റെയ്നോൾഡും ചുറ്റുമുള്ള മുസ്ലീംഭരണാധികാരികളും അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാനും വിധേയത്വം പ്രഖ്യാപിക്കാനും ദൂതന്മാരെ അയച്ചു. റെയ്നോൾഡ് ചക്രവർത്തിക്കു കീഴടങ്ങി. അർമേനിയരോട് ക്ഷമിക്കുന്നതിന് ചക്രവർത്തി തീരുമാനിച്ചു. നൂറുദ്ദീനും ദൂതന്മാരെ സമ്മാനങ്ങളുമായി അയച്ചു. 1159-ൽ ചക്രവർത്തി അന്ത്യോക്യ

www.malankaralibrary.com



യിൽ പ്രവേശിച്ചു. ഒരാഴ്ച അവിടെ രാജകീയ പ്രൗഢിയിൽ കഴിഞ്ഞു. അതിനുശേഷം പുറത്തു ക്യാമ്പടിച്ചിരുന്ന സൈന്യവുമായി ചേർന്നു. അപ്പോൾ ഒരു സന്ധിക്കായി നൂറുദ്ദീൻ ദൂതന്മാരെ അയച്ചു. അത് ഫ്രാങ്കുകൾക്കിഷ്ടപ്പെട്ടില്ല. നൂറുദ്ദീൻ 6000 ക്രിസ്ത്യൻ തടവുകാരെ തിരിച്ചയയ്ക്കാൻ സമ്മതിച്ചു. 1161-ൽ ചക്രർത്തി സെൽയുക് തുർക്കികളെ വരുതിയിൽ നിർത്തി സന്ധിയുണ്ടാക്കി. ഈ കാലത്തുണ്ടായ ഒരേറ്റുമുട്ടലിൽ റെയ്നോൾഡിനെ മുസ്ലീങ്ങൾ 1160-ൽ തടവുകാരനാക്കി 16 വർഷം അലെപ്പോയിൽ ജയിലിൽ പാർപ്പിച്ചു. അയാളെ മോചിപ്പിക്കാൻ ആരും പരിശ്രമിച്ചില്ല.

അന്ത്യോക്യയിൽ 1165-ൽ ഒരു ഗ്രീക്കുപാത്രിയർക്കീസിനെ നിയമിക്കാൻ ബാൾഡ്വിൻ സമ്മതിച്ചു. കാരണം അയാൾക്ക് ബിസൻറയിൻ ചക്രവർത്തിയുടെ സഹായം അനിവാര്യമായിരുന്നു. 1169-ൽ ബിസൻറയൻ-കുരിശുയുദ്ധസൈന്യം ഈജിപ്ത് ആക്രമിച്ചു. സലാഡിൻ അവരെ ദയനീയമായി പരാജയപ്പെടുത്തി. 1170-ൽ അന്ത്യോക്യാ അലെപ്പോ, ഹമാ, ഹോംസ് ഉൾപ്പെടെ വടക്കൻ സിറിയായിൽ 1157-ലെ പോലെ ഒരു ഭയങ്കര ഭൂമികുലുക്കം ഉണ്ടായി. ഗ്രീക്കു പാത്രിയർക്കീസും ജനങ്ങളും പള്ളിയിൽ ആരാധനയിൽ സംബന്ധിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു ഭൂമികുലുക്കം. വി.പത്രോസിൻെറ കത്തീഡ്രൽ തകർന്നു വീണ് പാത്രിയർക്കീസ് ഉൾപ്പെടെ നിരവധി പേർ മരിച്ചു.കോട്ടകൊത്തളങ്ങളിലും വിള്ളൽ ഉണ്ടായി. ഗ്രീക്കു പാത്രിയർക്കീസുമാരുടെ ഭരണം അതോടെ അവിടെ നിലച്ചു. 1171 ഓടുകൂടി ഈജിപ്തിലെ ഫാതിമിഡ് ഭരണവും അവസാനിച്ചു.

തുടർന്ന് സലാഡിൻ മുസ്ലീംരാജ്യങ്ങൾ ഒന്നൊന്നായി വെട്ടിപ്പിടിച്ചു. അവസാനം അയാൾ പലസ്തീനയിലേക്കു കടന്നു. നഗരങ്ങൾ ഒന്നൊന്നായി കീഴടക്കി. 1187-ൽ ജറുസലേമിലെത്തി. നഗരംവളഞ്ഞു. കീഴടക്കിയ നഗരത്തിൽനിന്ന് ലത്തീൻകാരെയെല്ലാം പുറത്താക്കി. അവർ പ്രതിഫലമായി വൻതുക നൽകേണ്ടിവന്നു. ഗ്രീക്കുകാരെയും യാക്കോബായക്കാരെയും തുടർന്നുതാമസിക്കാൻ അനുവദിച്ചു. ഫ്രാങ്കുകളുടെ വസ്തുവകകൾ പണക്കാരായ യഹൂദരും ഗ്രീക്കുകാരും സലാഡിനിൽ നിന്നു വിലയ്ക്കുവാങ്ങി. ഇത് കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിക്ക് ഇഷ്ടപ്പെട്ടു. ആരാധനാലയങ്ങൾക്ക് കേടുവരുത്തരുതെന്ന് നിഷ്കർഷിച്ചു. 1099-ൽ ക്രിസ്ത്യാനികൾ ചെയ്തതുപോലെ രക്തപ്പുഴ ഒഴുക്കിയല്ല 1187-ൽ മുസ്ലീങ്ങൾ ജറുസലേം പിടിച്ചത്. അഭയാർത്ഥികൾ കൂട്ടത്തോടെ കടൽതീരത്തുള്ള കുരിശുയുദ്ധകേന്ദ്രങ്ങളിലേക്കു നീങ്ങി.

www.malankaralibrary.com

36

# മൂന്നും നാലും കുരിശുയുദ്ധങ്ങൾ

### മൂന്നാം കുരിശുയുദ്ധം

ജറുസലേം സലാഡിൻ കീഴ്പ്പെടുത്തിയപ്പോൾ (1187) പാശ്ചാത്യ ലോകം ഉണർന്നു. മാർപാപ്പാമാർ കുരിശുയുദ്ധപ്രഖ്യാപനങ്ങളുമായി മുന്നോട്ടു വന്നു. ജർമ്മൻ രാജാവ് ഫ്രെഡറിക് ബാർബറോസ്സ, ഫ്രാങ്കിഷ് രാജാവ് ഫിലിപ്പ്, ഇംഗ്ലീഷ് രാജാവ് റിച്ചാർഡ് എന്നിവർ നേതൃത്വം കൊടുത്തതാണ് മൂന്നാം കുരിശുയുദ്ധം. ഫ്രെഡറിക്കിൻെറ വരവിൽ ബിസൻറയിൻകാർ ഭയപ്പെട്ടു. പാശ്ചാത്യർ കോൺസ്റ്റാൻറിനോപ്പിൾ ആക്രമിക്കുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു. ഏഷ്യാമൈനറിൽ വച്ച് നദിയിൽ വീണ് 1190-ൽ ഫ്രെഡറിക് മരിച്ചു. അദ്ദേഹത്തിൻെറ സൈന്യം മറ്റു രണ്ടു പേരുടെ സൈന്യത്തിൻെറ കൂടെ ചേർന്നു. അവരാകട്ടെ യൂറോപ്പിൽ വച്ച് നിരന്തരശത്രുതയിൽ ആയിരുന്നു. മറ്റെയാളെ പരാജയപ്പെടുത്തുക എന്നതായിരുന്നു ഇരുവരുടെയും ലക്ഷ്യം. ഒന്നരവർഷത്തെ ഉപരോധനത്തിനുശേഷം ആക്ര് എന്ന തുറമുഖനഗരം 1191-ൽ പിടിച്ചു. ജറുസലേം പിടിച്ചെടുക്കാൻ കഴിഞ്ഞില്ല. ക്രിസ്ത്യാനികൾ ജറുസലേം സന്ദർശിക്കുമ്പോൾ നികുതിപിരിക്കില്ല എന്ന ഒരുടമ്പടി സലാഡിനുമായി ഉണ്ടാക്കാൻ റിച്ചാർഡിനു കഴിഞ്ഞു. കടൽ മാർഗം പോയ റിച്ചാർഡ് സൈപ്രസ് പിടിച്ചെടുത്ത് കുരിശുയുദ്ധക്കാരുടെ ഒരു കേന്ദ്രമാക്കി. ഇത് ബിസൻറയിൻ ചക്രവർത്തിയെ കൂടുതൽ പ്രകോപിപ്പിച്ചു. സലാഡിൻ 1193-ൽ മരിച്ചു.

### നാലാം കുരിശുയുദ്ധം (1204)

ഇന്നസെൻറ് III പാപ്പാ (1198–1216) പുതിയൊരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. നെവുല്ലിയിലെ ഫൾക്കായിരുന്നു പ്രസംഗകൻ.ഫ്രാൻസ്,

www.malankaralibrary.com



ജർമ്മനി, ഇറ്റലി എന്നിവിടങ്ങളിലെ പ്രഭുക്കന്മാർ മുന്നോട്ടുവന്നു. കടൽ മാർഗം യാത്രചെയ്യാൻ അവർ തീരുമാനിച്ചു. വെനീസുകാർ കപ്പലും മറ്റു സൗകര്യങ്ങളും ഭക്ഷണസാധനങ്ങളും കുതിരകൾക്കുള്ള തീറ്റിയും വാഗ്ദാനം ചെയ്തു. പകരം ഒരു വൻതുക കൊടുക്കാമെന്ന് കുരിശു യുദ്ധക്കാർ സമ്മതിച്ചു. 1202-ൽ സൈന്യം വെനീസിൽ വന്നു. വെനീസു കാരുടെ താല്പര്യപ്രകാരം എതിർവശത്തുള്ള സാറാ എന്ന ഹംഗേറി യൻ പട്ടണം കുരിശുയുദ്ധക്കാർ പിടിച്ചെടുത്തു കൊള്ളയടിച്ചു. യാതൊരു പ്രകോപനവും കൂടാതെയാണ് ഈ കത്തോലിക്കാനഗരത്തെ അവർ ആക്രമിച്ചത്.

സ്വാബിയായിലെ ഫിലിപ്പും ഈ കുരിശുയുദ്ധത്തിനുണ്ടായിരുന്നു. ഫിലിപ്പിൻെറ ഭാര്യ ബിസൻറയിൻ ചക്രവർത്തി ഐസക് ആൻജെലൂ സിൻെറ മകളായിരുന്നു. കൊട്ടാരവിപ്ലവത്തിലൂടെ 1195-ൽ ഐസക്ക് പുറത്തായി. ഐസക്കിനെ സഹോദരൻ അലെക്സിയൂസ് അന്ധനാക്കി ജയിലിലടച്ചു. ഒപ്പം ഐസക്കിൻെറ മകൻ അലെക്സിയൂസിനെയും ജയി ലിൽ അടച്ചു. അലെക്സിയൂസ് III എന്ന പേരിൽ ഭരിച്ചു. 1201-ൽ ഐസക്കിൻെറ മകൻ അലെക്സിയൂസ് ജയിൽ ചാടി തൻെറ സഹോ ദരിയുടെ പക്കൽ ജർമ്മനിയിലെത്തി. കോൺസ്റ്റാൻറിനോപ്പിൾ തിരിച്ചു പിടിക്കാൻ സഹായിക്കണം എന്ന് അഭ്യർത്ഥിച്ചു. സഹായിക്കാം എന്ന ധാരണ ഉണ്ടായി.

കുരിശുയുദ്ധക്കാർക്ക് ഈജിപ്തിനെ ആക്രമിക്കാൻ ആയിരുന്നു പ്ലാൻ. അതിന് വെനീസിനു താല്പര്യമില്ലായിരുന്നു. 1202-ൽ അവർ ഈജിപ്തുമായി ഒരു കച്ചവട ഉടമ്പടി ഉണ്ടാക്കിയിരുന്നു. ഇങ്ങനെ വിവിധ താല്പര്യങ്ങളായിരുന്നു നാലാം കുരിശുയുദ്ധത്തിനുണ്ടായിരു ന്നത്. ചെലവ് മുഴുവൻ അലെക്സിയൂസ് വഹിക്കും. കോൺസ്റ്റാൻറി നോപ്പിൾ ആക്രമിക്കണം. തങ്ങൾക്ക് കച്ചവടകുത്തക ലഭിക്കും എന്ന് അവർ കരുതി വെനീസ് ഇതിൽ സന്തോഷിച്ചു. എന്നാൽ ഇതിൽ അമർഷം തോന്നിയ ചിലർ നേരേ സിറിയായിലേക്കുപോയി. ചിലർ മുറു മുറുത്തു, ചിലരെ വെനീസുകാർ കൈക്കൂലികൊടുത്തു വശത്താക്കി. കുരിശുയുദ്ധത്തിൽ ബിസാൻസ്യം ഒറ്റിക്കൊടുക്കൽ നടത്തി എന്ന നുണ പ്രചരണം നടത്തി, സാധാരണക്കാരായ കുരിശുയോദ്ധാക്കളെ വിശ്വസി പ്പിച്ചു.

കുരിശുയോദ്ധാക്കൾ അലെക്സിയൂസ് രാജകുമാരൻെറ നേതൃ ത്വത്തിൽ കോൺസ്റ്റാൻറിനോപ്പിൾ ലക്ഷ്യമാക്കി നീങ്ങി. കോൺ

www.malankaralibrary.com



സ്റ്റാൻറിനോപ്പിളിലെ സൈന്യത്തിൽ ഭൂരിഭാഗവും കൂലിപ്പട്ടാളക്കാരായിരുന്നു. നുഴഞ്ഞുകയറ്റക്കാരനായ അലെക്സിയൂസ് III ചക്രവർത്തി ഒളിച്ച് ത്രേസിലേക്ക് കടന്നു. പട്ടണത്തിലെ ഉദ്യോഗസ്ഥർ, ജയിലിൽ കിടന്ന ചക്രവർത്തി ഇസാക്കിനെ സിംഹാസനത്തിലിരുത്തി. തുടർന്ന് കുരിശുയുദ്ധക്കാരുമായുള്ള ഉടമ്പടി അനുസരിച്ച് ഐസക്കിൻെറ മകനെ അലെക്സിയൂസ് IV എന്ന പേരിൽ സഹചക്രവർത്തിയാക്കി.

കുരിശുയോദ്ധാക്കൾ ആവശ്യപ്പെട്ടത്രയും പണം നൽകാൻ അലെക്സിയുസിനു കഴിഞ്ഞില്ല. സഭാവക സ്വത്തുക്കൾ കൊള്ളയടിച്ചും നികുതി കൂട്ടിയും പണം സംഭരിക്കാൻ ശ്രമിച്ചു. എന്നാൽ കുരിശുയുദ്ധക്കാരെ തൃപ്തിപ്പെടുത്താൻ യുവചക്രവർത്തിക്കു കഴിഞ്ഞില്ല. പാശ്ചാത്യരുടെ പെരുമാറ്റം പട്ടണവാസികളിൽ മടുപ്പുളവാക്കി. കുരിശുയുദ്ധക്കാരും ബിസൻറയിൻകാരും ഒന്നിച്ച് ത്രേസിനുനേരെ ഒരാക്രമണം അഴിച്ചുവിട്ടെങ്കിലും കാര്യമായ നേട്ടമുണ്ടായില്ല. അന്ധനായ പിതാവ് ഐസക്ക് കൊട്ടാരത്തിൽ ഒതുങ്ങിക്കൂടി കഴിഞ്ഞു.

1204 ഫെബ്രുവരിമാസം കുരിശുയുദ്ധക്കാർ വീണ്ടും വാഗ്ദാനമനുസരിച്ചുള്ള പണം അലെക്സിയുസ് IV നോട് ആവശ്യപ്പെട്ടു. തൻെറ നിസഹായത അയാൾ വെളിപ്പെടുത്തി. തുടർന്നുണ്ടായ ലഹളയിൽ അലെക്സിയൂസ് IV സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ഒരു നിക്കൊളാസ് കനാബുസ് എന്നയാളെ ജനക്കൂട്ടം ചക്രവർത്തിയായി അവരോധിച്ചു. അയാൾ അതു തിരസ്കരിച്ചു. ഉടനെ അലെക്സിയുസ് മുർസുഫ്ളുസ് എന്ന നേതാവ് കൊട്ടാരം ആക്രമിച്ചു. ആ കൊട്ടാരവിപ്ലവത്തിൽ അന്ധനായ ഇസഹാക്ക് ചക്രവർത്തിയും മകൻ അലെക്സ്യുസ് IV ഉം കൊല്ലപ്പെട്ടു. പുതിയ ആൾ അലെക്സിയൂസ് V എന്നു പേരെടുത്തു ചക്രവർത്തിയായി.

## കോൺസ്റ്റാൻറിനോപ്പിൾ ആക്രമിക്കുന്നു (1204)

കുരിശുയുദ്ധക്കാർ ഇതൊരവസരമായി കരുതി. അവർ 1204 ഏപ്രിൽ മാസത്തിൽ കോൺസ്റ്റാൻറിനോപ്പിൾ ആക്രമിച്ചു. ചക്രവർത്തിയും പ്രഭുക്കന്മാരും പാത്രിയർക്കീസും ജീവനുംകൊണ്ട് ഓടിരക്ഷപ്പെട്ടു. കൂലിപ്പട്ടാളത്തിൻെറ സമരവീര്യം തണുത്തു. ഒറ്റിക്കൊടുക്കലിൻേറയും ചതിപ്രയോഗത്തിൻേറയും ഫലമായി കുരിശുയുദ്ധക്കാർ നിഷ്പ്രയാസം പട്ടണത്തിനുള്ളിൽ കടന്നു. തുടർന്ന് മൂന്നുദിവസത്തേക്ക്

www.malankaralibrary.com



അവർ സംഹാരതാണ്ഡവമാടി. ഒൻപതുനൂറ്റാണ്ടുകാലം ക്രിസ്തീയ സംസ്കാരത്തിൻെറ തലസ്ഥാനമായിരുന്ന കോൺസ്റ്റാൻറിനോപ്പിൾ മൂന്നുദിവസംകൊണ്ട് കൊള്ളയടിക്കപ്പെട്ടു. കണ്ണിൽ കണ്ടതെല്ലാം അവർ എടുത്തു. ഇളക്കിമാറ്റാവുന്നതും കടത്താവുന്നതുമെല്ലാം സ്വന്തമാക്കി. തിരുശേഷിപ്പുകൾ, തിരുപ്പാത്രങ്ങൾ, ശില്പകലാവസ്തുക്കൾ എന്നു വേണ്ട ഒന്നും അവർ ഒഴിവാക്കിയില്ല. അവർ ഭവനങ്ങളിൽ കടന്നുചെന്ന് കുത്തിക്കവർച്ചയും കൊലയും ബലാൽസംഗവും നടത്തി. കുടിച്ചുന്മത്തരായ പാശ്ചാത്യർ ഹാഗിയാ സോഫിയാ ദൈവാലയത്തിലും മറ്റിടങ്ങളിലും കാട്ടിക്കൂട്ടിയ വിക്രിയകൾ വർണനാതീതമാണ്. മുറിവേറ്റവരായ സ്ത്രീകളും കുട്ടികളും തെരുവിൽ ഉടനീളം കാണപ്പെട്ടു. അവരുടെ ഞരക്കവും നിലവിളിയും നഗരാന്തരീക്ഷത്തിൽ നിറഞ്ഞുനിന്നു. മൂന്നു ദിവസംകൊണ്ട് ഈ മനോഹര നഗരം നാശക്കൂമ്പാരമായി. ക്രൂരമായും നിന്ദ്യമായും പൈശാചികമായുമാണ് പാശ്ചാത്യലോകത്തു നിന്നുള്ള ക്രൈസ്തവ സഹോദരന്മാർ പൗരസ്ത്യലോകത്തുള്ള ക്രൈസ്തവരോടു ചെയ്തത്.

നേരത്തെ നിശ്ചയിച്ചിരുന്നതനുസരിച്ച് കൊള്ളമുതൽ പങ്കിട്ടു. ഇതുപോലൊരു കൊള്ളയടിക്കൽ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. അത്രമാത്രം സ്വർണവും വെള്ളിയും പട്ടും കസവും മറ്റുസാധനങ്ങളുമാണ് അവിടെ നിന്ന് പാശ്ചാത്യർ കൊള്ളയടിച്ചത്. വെനീസുകാർ അത്യാർത്തിപൂണ്ട ചെന്നായ്ക്കളായിരുന്നു. ഈ കൊള്ളമുതലിൽ ഏറിയ പങ്കും അവർ മുസ്ലീങ്ങൾക്കു വിറ്റു എന്ന് പറയപ്പെടുന്നു. ഈ ആക്രമണവാർത്ത കേട്ട ലോകം മുഴുവൻ നടുങ്ങിപ്പോയി. തുടർന്ന്, പിടിച്ചെടുത്ത സ്ഥലങ്ങളും കുരിശുയുദ്ധത്തിൽ ഉള്ള വിവിധ വിഭാഗക്കാർ പങ്കിട്ടെടുത്തു. ബാൾഡ്വിൻ IX നെ കോൺസ്റ്റാൻറിനോപ്പിൾ ചക്രവർത്തിയാക്കി. റൊമാനിയാ എന്ന് സാമ്രാജ്യത്തിൻെറ പേരുമാറ്റി. കോൺസ്റ്റാൻറിനോപ്പിളിൽ നിന്ന് ഓടിപ്പോയ ചക്രവർത്തിയുംമറ്റും നിഖ്യാ കേന്ദ്രമാക്കി ഭരിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ ലത്തീൻകാർ ഒരു ലത്തീൻ പാത്രിയർക്കീസിനെ വാഴിച്ചു. കുരിശുയുദ്ധക്കാർ മുസ്ലീങ്ങളെ ആക്രമിക്കുന്നതിൽ നിന്നു പിന്തിരിഞ്ഞു. ഇത് സിറിയൻ-പലസ്തീനിയൻ പ്രദേശങ്ങളിലുണ്ടായിരുന്ന കുരിശുയുദ്ധരാജ്യങ്ങളുടെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിച്ചു. പൗരസ്ത്യപാശ്ചാത്യസഭാബന്ധങ്ങളെ ഈ നാലാം കുരിശുയുദ്ധം സാരമായി ബാധിച്ചു. ഗ്രീക്ക്-ലത്തീൻ സഭകളെ ഇതുവഴി കൂട്ടി യോജിപ്പിക്കാമെന്ന ധാരണയും ഇതോടെ

www.malankaralibrary.com



അസ്തമിച്ചു. മനുഷ്യകുലത്തോടുതന്നെ ചെയ്ത വലിയ അപരാധങ്ങളിൽ ഒന്നായി നാലാം കുരിശുയുദ്ധം കടന്നുപോയി. പൗരസ്ത്യദേശങ്ങളിൽ നിന്നും വടക്കൻ പ്രദേശങ്ങളിൽ നിന്നും കടന്നുവന്ന അപരിഷ്കൃതരായ കാടന്മാരെയൊക്കെ മെരുക്കിയെടുത്ത് സംസ്കാര സമ്പന്നരാക്കിക്കൊണ്ടിരുന്നത് ബിസൻറയിൻ സാമ്രാജ്യവും അതിൻെറ തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിളുമായിരുന്നു. കോൺ സ്റ്റാൻറിനോപ്പിളിൻെറ പതനത്തോടുകൂടി സാമ്രാജ്യത്തിൻെറ ഐക്യം തകർന്നു. പാശ്ചാത്യലോകംതന്നെ പൗരസ്ത്യആക്രമണങ്ങൾക്കു വിധേയമായി തുറന്നു. അതുകൊണ്ടാണ് ഓട്ടോമാൻ തുർക്കികൾ വിയന്നാവരെ കടന്നുചെല്ലാൻ ഇടയായത്.

www.malankaralibrary.com

37

# തുടർന്നുള്ള കുരിശുയുദ്ധങ്ങൾ

ഇന്നസെൻറ് III മാർപാപ്പാ (1198-1216) പുതിയൊരു കുരിശു യുദ്ധത്തിന് ആഹ്വാനം നടത്തിക്കൊണ്ടിരുന്നു. തെക്കൻ ഫ്രാൻസിലെ ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കെതിരെ കുരിശുയുദ്ധത്തിന് പാപ്പാ പ്രേരണ നൽകി. സ്പെയിനിൽ മുസ്ലീങ്ങൾക്കെതിരെ 1211-ൽ ഒരു കുരിശുയുദ്ധം പ്രഖ്യാപിക്കപ്പെട്ടു. 1212-ൽ അൻ നസീറിൻെറ സൈന്യത്തെ സ്പെയിൻകാർ പരാജയപ്പെടുത്തി. എന്നാൽ പൗരസ്ത്യദേശത്തു പോയി പടപൊരുതാൻ പാശ്ചാത്യരാജാക്കന്മാർ കൂട്ടാക്കിയില്ല.

## കുട്ടികളുടെ മുന്നേറ്റം (1212)

സ്റ്റീഫൻ എന്നുപേരുള്ള 12 വയസ്സുള്ള കുട്ടി ക്രിസ്തുവിൽ നിന്ന് ദർശനം ലഭിച്ചെന്ന് അവകാശപ്പെട്ടുകൊണ്ട് കുരിശുയുദ്ധത്തിന് കുട്ടികളോടാഹ്വാനംചെയ്തു. കുരിശുയുദ്ധപ്രസംഗകരുടെ പ്രസംഗശൈലി സ്റ്റീഫനെ സ്വാധീനിച്ചു. പീറ്ററിനെ പോലെ തനിക്കും കുരിശുയുദ്ധ പ്രസംഗകനാകാം എന്നൊക്കെ കരുതിക്കാണും. തനിക്ക് കുരിശുയുദ്ധ ബാലന്മാരെ നയിക്കാൻ കഴിയുമെന്നും തങ്ങളുടെ മുമ്പിൽ കടൽ പിളർന്ന് വഴിയൊരുക്കുമെന്നും മോശയെപ്പോലെ സുരക്ഷിതരായി പലസ്തീനയിൽ എത്താമെന്നുമൊക്കെ ധരിച്ചുവശായ സ്റ്റീഫൻ, കുട്ടികളിൽ ആവേശം ഉണർത്താൻ കഴിവുറ്റവൻ ആയിരുന്നു. 12 വയസ്സിൽ താഴെയുള്ള 30,000 കുട്ടികൾ ഫ്രാൻസിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് ഒത്തുകൂടി മർസെയിൽസിലേക്കു തിരിച്ചു. ആളുകൾ കൊടുത്ത ഭക്ഷണം കഴിച്ചു തൃപ്തരായി നടന്നാണ് നീങ്ങിയത്. കുറേ ചെറുപ്പക്കാരായ വൈദികരും പ്രായമുള്ള തീർത്ഥകരും അവരുടെകൂടെ കൂടി. കുട്ടി

www.malankaralibrary.com



കളിൽ ഏറിയപങ്കും ദരിദ്രരായിരുന്നു. കടൽതീരത്ത് എത്തിയപ്പോൾ കടൽപിളർന്ന് വഴി ഒരുക്കാഞ്ഞതിൽ അവർ നിരാശരായി പലരും മടങ്ങി. അവശേഷിച്ചവരെ കപ്പൽ കയറ്റാൻ ഹ്യൂഗ് എന്നും വില്യം എന്നും പേരുള്ള രണ്ട് കടൽകൊള്ളക്കാർ സമ്മതിച്ചു. ഏഴുകപ്പലുകളിൽ അവരെ നയിച്ചു. 18 വർഷത്തേക്ക് അവരെപ്പറ്റി യാതൊന്നും കേട്ടില്ല.

സ്റ്റീഫൻെറ പ്രസംഗത്തെപ്പററി കേട്ടറിഞ്ഞ് ജർമ്മനിയിലുള്ള കുട്ടികളും സംഘടിക്കാൻ തുടങ്ങി. നിക്കൊളാസ് എന്ന കുട്ടിയാണ് നേതൃത്വം നൽകിയത്. 'അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുക എന്ന ദൗത്യമാണ് ജർമ്മൻ കുട്ടികൾക്ക്' എന്ന് നേതാവ് കുട്ടികളെ പറഞ്ഞു ബോധ്യപ്പെടുത്തി. ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ വലിയൊരു സംഖ്യ ജർമ്മനിയിൽ ഒത്തുകൂടി. അവർ രണ്ടായി പിരിഞ്ഞു. നിക്കൊളാസിൻെറ നേതൃത്വത്തിൽ 20000 പേർ ആൽപ്സ് മുറിച്ച് സ്വിറ്റ്സർലണ്ടിലൂടെ ജനോവയിലെത്തി. ഏതാണ്ട് മുന്നിൽ ഒന്ന് കുട്ടികളേ ജനോവയിൽ എത്തിയുള്ളു. കുറേപ്പേരെ ജനോവയിലെ കുടുംബങ്ങൾ ദത്തെടുത്തു. മറ്റുള്ളവർ പീസായിലെത്തി രണ്ടു കപ്പലിൽ പലസ്തീനയിലേക്കു തിരിച്ചു. അവരെപ്പറ്റി പിന്നൊരു വിവരവും ഇല്ല. നിക്കൊളാസിൻെറ നേതൃത്വത്തിൽ കുറേപ്പേർ പിന്നെയും മുന്നോട്ടുനീങ്ങി റോമിലെത്തി. ഇന്നസെൻറ് III മാർപാപ്പാ അവരെ തിരിച്ചു പോകുവാൻ പ്രേരിപ്പിച്ചു. എത്രപേർ തിരിച്ചെത്തി എന്ന് അറിവില്ല.

മറ്റേവിഭാഗം ആൽപ്സ് കടന്ന് മധ്യ സ്വിറ്റ്സർലൻഡിലൂടെ ഇറ്റലിയുടെ കിഴക്കേ തീരത്തുള്ള അൻകോണാ തുറമുഖത്തെത്തി. കടൽ പിളരാഞ്ഞതിൽ അവരും നിരാശരായി. തുടർന്ന് ബ്രിൻഡീസി വരെ നടന്നു. അവരിൽ ചിലർ പലസ്തീനയിലേക്കു പോകുന്ന കപ്പലിൽ കയറി. ശേഷിച്ചവർ തിരികെ നടന്നു. ഇവരെപ്പറ്റിയൊന്നും പിന്നൊരു വിവരവും ഇല്ല.

1230-ൽ പൗരസ്ത്യദേശത്തുനിന്ന് ഒരു വൈദികൻ ഫ്രാൻസിൽ എത്തി ആദ്യവിഭാഗത്തിൻെറ കഥ പറയാൻ തുടങ്ങി. മർസെയിൽസിൽ നിന്ന് തിരിച്ചവർ മോശമായ കാലാവസ്ഥയിൽപെട്ടു. സർദീനിയായിക്കടുത്തുവച്ച് രണ്ടു കപ്പലുകൾ തകർന്നു. മറ്റ് അഞ്ച് കപ്പലുകളെ ആഫ്രിക്കയിൽ നിന്നുള്ള അടിമക്കച്ചവടക്കാരായ കടൽകൊള്ളക്കാർ വളഞ്ഞു. തങ്ങളെ വില്ക്കാനാണ് കപ്പലിൽ കയറ്റിക്കൊണ്ടുവന്നതെന്ന് അപ്പോഴാണ് കുട്ടികൾക്കു മനസ്സിലായത്. അതൊരു ഒത്തുകളിയായിരുന്നു.

www.malankaralibrary.com



അവരെ അൾജീറിയായിൽ എത്തിച്ചു. അന്നുതന്നെ മിക്കവരെയും വിറ്റു. വൈദികനുൾപ്പെടെയുള്ള മറ്റുള്ളവരെ ഈജിപ്തിൽ കൊണ്ടുപോയി വിറ്റു. ഏതാണ്ട് 700പേർ അപ്പോഴും ഉണ്ടായിരുന്നു. ഒരു ചെറിയ കൂട്ടത്തെ ബാഗ്ദാദിലെ ചന്തകളിൽ വില്ക്കാൻ കൊണ്ടുപോയി. ക്രിസ്തുമതം ഉപേക്ഷിക്കാൻ കൂട്ടാക്കാതിരുന്നവരെയൊക്കെ വധിച്ചുകളഞ്ഞു.

പഠിത്തം ഉണ്ടായിരുന്ന വൈദികനെയും മറ്റ് ചിലരെയും ഈജിപ്തിലെ ഗവർണർ ദ്വിഭാഷികളായി വാങ്ങി. അവരുടെ നില മെച്ചപ്പെട്ടതായിരുന്നു. അവരെ മതപരിവർത്തനത്തിനു പ്രേരിപ്പിച്ചില്ല. കുറേനാൾ കഴിഞ്ഞ് ഈ വൈദികനെ ഫ്രാൻസിലേക്കു പോകാൻ അറബികൾ അനുവദിച്ചു. അങ്ങനെ കഥപറയാൻ എങ്കിലും ഒരാൾ തിരിച്ചെത്തി. അയാളെ പറ്റിയും പിന്നാരും കേട്ടിട്ടില്ല. രണ്ടുകച്ചവടക്കാരെ മറ്റേതോ കേസിന് തൂക്കിക്കൊന്നു. അതുപോലെ സ്റ്റീഫൻെറ പിതാവിനെയും തൂക്കിലിട്ടു. വാചാലതയിലൂടെയാണ് സ്റ്റീഫനും മറ്റും കുട്ടികളെ കെണിയിൽ വീഴ്ത്തിയത്.

### ആറാം കുരിശുയുദ്ധം

ഇന്നസെൻറ് IIIപാപ്പാ (1198-1216) നാലാം ലാതറൻ സിനഡിൻെറ (1212) അവസരവും കുരിശുയുദ്ധത്തിനും പാശ്ചാത്യപൗരസ്ത്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആഹ്വാനം ചെയ്തെങ്കിലും കാര്യമായി ഒന്നും നടന്നില്ല. തുടർന്നുള്ള വർഷങ്ങളിൽ കുരിശുയുദ്ധപ്രസംഗകർ രംഗപ്രവേശം ചെയ്തു. ഇസ്ലാമിനെ വെളിപാടുപുസ്തകത്തിലെ ദുഷ്ടമൃഗമായി(666) ചിത്രീകരിച്ചു. അതിൻെറ അന്ത്യം അടുത്തു എന്നു തുടങ്ങിയുള്ള വ്യാഖ്യാനങ്ങൾ ഉണ്ടായി. ഫ്രഞ്ച് -ജർമ്മൻ രാജാക്കന്മാർ ഒന്നിച്ചു പ്രവർത്തിക്കണം എന്നൊക്കെ നിർദ്ദേശിക്കപ്പെട്ടു. പാവപ്പെട്ട ജനങ്ങൾമാത്രം പ്രസംഗകരുടെ വാഗ്ധോരണിയാൽ വശീകരിക്കപ്പെട്ടു. ഇന്നസെൻറിനുശേഷം ഹൊണോറിയൂസ് III പാപ്പായും (1216-27) കുരിശുയുദ്ധാശയത്തിനു പ്രചാരം നല്കി. 1220-ൽ ഫ്രെഡറിക്കിനെ ചക്രവർത്തിയായി മാർപാപ്പാ അവരോധിച്ചു. അടുത്ത വർഷം കുരിശുയുദ്ധത്തിനുപൊയ്ക്കൊള്ളാം എന്ന് വാഗ്ദാനംചെയ്തു. എന്നാൽ അദ്ദേഹം പലകാരണങ്ങളാൽ യാത്ര മാറ്റിവച്ചു. ഇതിനിടെ ആവേശം പൂണ്ട മറ്റുള്ളവർ ഇംഗ്ലണ്ടിലെ ജോൺ രാജാവിൻെറ നേതൃത്വത്തിൽ ഈജിപ്തിലെ ഡമിയേറ്റാ ആക്രമിച്ചു. ഈജിപ്തും കുരിശുയുദ്ധരാജ്യങ്ങളും തമ്മിൽ ഏതാണ്ട് സമാധാനപരമായി കഴിഞ്ഞ കാലമായിരുന്നത്.

www.malankaralibrary.com



പാശ്ചാത്യരും ഈജിപ്തുകാരും തമ്മിലുള്ള കച്ചവടബന്ധങ്ങളും മെച്ചപ്പെട്ട നിലയിലായിരുന്നു. ഈ കുരിശുയുദ്ധ ആക്രമണത്തെ ഈജിപ്തിലെ അബ്ബസിഡ് സൈന്യം പരാജയപ്പെടുത്തി. ഗ്രിഗറി IX പാപ്പായുടെ കാലത്ത് (1227-41) ഫ്രെഡറിക്കിൻെറ മേലുണ്ടായിരുന്ന മഹറോൻ പുതുക്കി (1227). എന്നാൽ ഒരു സൈന്യവുമായി അദ്ദേഹം പൗരസ്ത്യ ദേശത്ത് എത്തി ഈജിപ്ഷ്യൻ സുൽത്താനുമായി സന്ധിയുണ്ടാക്കി. രക്തച്ചൊരിച്ചിൽ കൂടാതെ ജറുസലേം കുരിശുയുദ്ധക്കാർക്കു വിട്ടുകൊടുക്കാൻ സുൽത്താൻ സമ്മതിച്ചു. ഇതിനെ ചിലർ ആറാം കുരിശുയുദ്ധം എന്നു വിളിക്കുന്നു. എന്നാൽ ജറുസലേമിലെ മുസ്ലീം മതകേന്ദ്രങ്ങൾ അവരുടെ കൈകളിൽ തന്നെ ഇരിക്കും എന്ന് തീരുമാനിക്കപ്പെട്ടു. അത് ലത്തീൻകാർക്കും മുസ്ലീങ്ങൾക്കും ഒപ്പം അസ്വീകാര്യമായിരുന്നു.

സുൽത്താൻ അൽ കമീൽ സമാധാനകാംക്ഷിയായിരുന്നു. ഇടയ്ക്കിടെ ചെറിയ ഏറ്റുമുട്ടലുകൾ പൗരസ്ത്യദേശങ്ങളിൽ നടന്നു എന്നുമാത്രം. മുസ്ലീങ്ങളുടെ ഇടയിൽ തന്നെ യോജിപ്പില്ലായിരുന്നു. സന്ധിയനുസരിച്ച് ലഭിച്ച സ്ഥലങ്ങളിൽ മുസ്ലീങ്ങൾ കടന്നാക്രമണം നടത്തിയില്ല. എന്നാൽ ഏതവസരവും അവർക്കു പിടിച്ചെടുക്കാമായിരുന്നു. അത്രമാത്രം ബലഹീനമായിരുന്നു കുരിശുയുദ്ധരാജ്യങ്ങളുടെ നില. ഗ്രിഗറി പാപ്പായുടെ അവസാനകാലത്ത് ഫ്രെഡറിക്കുമായി ഇടഞ്ഞു. സിനഡു കൂടി ഫ്രെഡറിക്കിനെ വീണ്ടും മുടക്കി. എന്നാൽ സിനഡിനുപോയവരെ തടഞ്ഞിട്ട് ഫ്രെഡറിക് റോമിനെത്തന്നെ ആക്രമിക്കാൻ മുതിർന്നു. ഇതിനിടെ 1241-ൽ ഗ്രിഗറി മരിച്ചു. ഗ്രിഗറിയുടെ പിൻഗാമി ഇന്നസെൻറ് IV (1243-54) 1244-ൽ മുടക്കുതീർത്ത് ഫ്രെഡറിക്കുമായി രമ്യതയിലായി. ഫ്രെഡറിക് പിടിച്ചെടുത്ത പേപ്പൽ സംസ്ഥാനങ്ങൾ തിരികെ നൽകി.

## ജറുസലേം നഷ്ടപ്പെടുന്നു (1244)

ചില അവസരങ്ങളിൽ ചില കുരിശുയുദ്ധനേതാക്കന്മാരും സമീപത്തുള്ള മുസ്ലീം ഭരണാധികാരികളും പൊതുശത്രുക്കൾക്കെതിരെ സഖ്യം ഉണ്ടാക്കിയിരുന്നു. 1244-ൽ അത്തരത്തിലൊന്ന് ഉണ്ടായി. അത് ഈജിപ്തിലെ അബ്ബസിഡ് ഭരണാധികാരികൾക്കെതിരായിട്ടായിരുന്നു. ഉടനെ അബ്ബസിഡ് ഭരണാധികാരികൾ സിറിയായിലെ കൂലിപ്പട്ടാളക്കാരായ ഖ്വാരിസ്മിയരുടെ സഹായം തേടി. കൊലയും കൊള്ളിവയ്പും കുലത്തൊഴിലാക്കിയ കൂലിത്തല്ലുകാരും വാടകഗുണ്ടാകളും ആയിരുന്നു അവർ. 1244-ൽ അവർ വടക്കൻ സിറിയായിൽ നിന്ന് യാത്രതിരിച്ചു.

www.malankaralibrary.com



വരുന്ന വഴികളിലെല്ലാം കവർച്ചനടത്തി. പലസ്തീനിയൻ പ്രദേശങ്ങളൊക്കെ കൊള്ളയടിച്ചു. അവർ ഏതാണ്ട് പതിനായിരത്തോളം വരും. അവർ ജറുസലേം പിടിച്ചു. ഫ്രാങ്കുകൾ അടുത്തുള്ള മുസ്ലീം ഭരണാധികാരി അൻ നാസീറിൻെറ സഹായം അഭ്യർത്ഥിച്ചു. അതിൻെറ ഫലമായി നഗരം വിട്ടുപോകാൻ ക്രിസ്ത്യാനികളെ അനുവദിച്ചു. ഇതിനിടെ തെരുവുയുദ്ധത്തിനിടയിലും കുത്തിക്കവർച്ചയ്ക്കിടയിലും ധാരാളം സന്ന്യാസിനീസന്ന്യാസികൾ നിഷ്കരുണം കൊല്ലപ്പെട്ടു. 6000 ക്രിസ്ത്യാനികൾ നഗരത്തിനു പുറത്തു കടന്നു. ഏതാണ്ട് 300 പേരൊഴികെ മറ്റെല്ലാവരെയും തുർക്കിറൗഡികൾ ചതിവിൽ അരിഞ്ഞുവീഴ്ത്തി.

അങ്ങനെ ജറുസലേം അന്തിമമായി ഫ്രാങ്കുകൾക്കു നഷ്ടമായി (1244). നഗരത്തിൽ കണ്ണിൽ കണ്ട ക്രൈസ്തവസ്ഥാപനങ്ങളെല്ലാം ഈ കാപാലികർ തകർത്തു. തിരുക്കല്ലറ ദൈവാലയത്തിൽ ബലിയർപ്പിച്ചു കൊണ്ടിരുന്ന ചില വൃദ്ധപുരോഹിതരെ പള്ളിക്കകത്തു വച്ചുതന്നെ വെട്ടിക്കൊന്നു. കല്ലറകൾ വെട്ടിപ്പൊളിച്ച് അസ്ഥികൾ നാലുപാടും വിതറി. വീടുകളും കടകളുമെല്ലാം കൊള്ളയടിച്ചു. നഗരം വിജനമായി. ഈ അവസരം കുരിശുയുദ്ധക്കാരും, ഹോംസ്, ഡമാസ്കസ് എന്നിവിടങ്ങളിലെ മുസ്ലീം സൈന്യവും ഒന്നിച്ച് ഈജിപ്തിനെതിരെ യുദ്ധത്തിനു പുറപ്പെട്ട് പാടേ പരാജിതരായി. വളരെയധികം ആൾനാശം കുരിശുയുദ്ധക്കാർക്കുണ്ടായി. കൊള്ളക്കാരായ ഖ്വരസ്മിയർ തരാതരംപോലെ കക്ഷിചേർന്ന്, കൊള്ളയടിച്ചു ജീവിച്ചു.

## കോൺസ്റ്റാൻറിനോപ്പിൾ തിരിച്ചുപിടിക്കുന്നു (1261)

നിഖ്യാ കേന്ദ്രമാക്കി ഭരിച്ച ബിസൻറയിൻ രാജ്യം ലത്തീൻ കുലിപ്പട്ടാളക്കാരുടെ സഹായത്തോടെ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ ലത്തീൻരാജ്യം സെൽയുക് തുർക്കികളുടെ സഹായംതേടി. 1261 ജൂലൈ 25-ന് ബിസൻറയിൻകാർ ലത്തീൻകാരിൽനിന്ന് കോൺസ്റ്റാൻറിനോപ്പിൾ തിരിച്ചുപിടിച്ചു. മിഖായേൽ II (1259-82) ആയിരുന്നു ചക്രവർത്തി. അദ്ദേഹത്തിന് തുടർന്ന് പിടിച്ചുനിൽക്കാൻ പേപ്പൽ സഹായം ആവശ്യമായി വന്നു. അതുകൊണ്ട് പേപ്പൽ മേല്ക്കോയ്മ അംഗീകരിച്ചുകൊണ്ടുള്ള ഒരു ഐക്യത്തിന് അദ്ദേഹം സമ്മതിച്ചു. അതാണ് 1274-ലെ രണ്ടാം ലയൺസ് കൗൺസിലിൽ നടന്നത്. എന്നാൽ ലത്തീൻ ദൈവശാസ്ത്രപദപ്രയോഗങ്ങളിൽ രൂപീകൃതമായ ഐക്യഫോർമുലകൾ ആദ്യത്തെ എതിർപ്പിൽ തന്നെ തട്ടി

www.malankaralibrary.com



ത്തകർന്നുപോയി. മിഖായേലിനെ ഗ്രിഗറി പാപ്പാ (1271-76) രാഷ്ട്രീയ മായി സഹായിച്ചില്ല. പ്രത്യേക കാരണം കൂടാതെ 1281 നവംബർ 18-ന് ഗ്രിഗറി പാപ്പായുടെ പിൻഗാമി അയാളെ മഹറോൻ ചൊല്ലുക കൂടി ചെയ്തു.

## പില്ക്കാല കുരിശുയുദ്ധങ്ങൾ

*ഏഴാം കുരിശുയുദ്ധം* എന്ന് അറിയപ്പെടുന്ന ഒരു മുന്നേറ്റത്തിന് ഫ്രഞ്ചുരാജാവ് ലൂയിസ് നേതൃത്വം നൽകി. സൈന്യം 1249-ൽ ഈജി പ്തിലെ ഡമിയെറ്റാ പിടിച്ചെങ്കിലും ലൂയീസും നിരവധി നേതാക്കളും തടവുകാരാക്കപ്പെട്ടു. വലിയ തുക കൊടുത്താണ് തടവിൽ നിന്ന് അവർ രക്ഷപെട്ടത്. ഈ മുന്നേറ്റവും ഫലമൊന്നും ഉണ്ടാക്കിയില്ല. കിഴക്ക് അവ ശേഷിച്ച കുരിശുയുദ്ധക്കാരുടെ പട്ടണങ്ങൾ തമ്മിലും സൗഹൃദത്തിലല്ലാ യിരുന്നു. വെനീസും ജനോവയും തമ്മിൽ കച്ചവടത്തിലുണ്ടായിരുന്ന പക പരസ്പരമൽസരം നിലനിർത്തി. 1270-ൽ ഫ്രഞ്ചുരാജാവ് ലൂയിസ് ഒരിക്കൽകൂടി കുരിശുയുദ്ധത്തിന് ഇറങ്ങിപ്പുറപ്പെട്ടെങ്കിലും ടുണീഷ്യ യിൽ വച്ച് പകർച്ചവ്യാധി പിടിപെട്ട് മരിച്ചു. സൈന്യത്തിനും കനത്ത നാശനഷ്ടങ്ങളുണ്ടായി. അതോടുകൂടി കുരിശുയുദ്ധം എന്ന ആശയം പാശ്ചാത്യലോകത്ത് അവസാനിച്ചു എന്നു പറയാം.

www.malankaralibrary.com

38

# മംഗോളിയൻ ആക്രമണവും സഭകളും

ചെങ്കിഷ് ഖാൻെറ (1167-1227) നേതൃത്വത്തിൽ മംഗോളിയർ (മുഗൾ) കാറക്കോറം കേന്ദ്രമാക്കി വളരെ വിസ്തൃതമായ ഒരു സാമ്രാജ്യം രൂപീകരിച്ചു. മംഗോളിയായ്ക്കു ചുറ്റുമുള്ള രാജ്യങ്ങളെ ഓരോന്നായി അവർ കീഴടക്കി. ടർടാർ (തത്താരി) എന്നും ഇവർ അറിയപ്പെട്ടു. 1194-ൽ ചെങ്കിഷ്ഖാൻ (തെമുയിൻ) തത്താരികളുടെ രാജാവ് (ഖാൻ) ആയി. എതിരാളികളെ അമർച്ചചെയ്തു തുർക്കോ-മംഗോളികളെ വരുതിക്കു നിർത്തി. 1204-ൽ നൈമാൻ തുർക്കികളെ പരാജയപ്പെടുത്തി. തൻെറ പ്രജകൾ മംഗോളിയർ എന്നറിയപ്പെടണം എന്ന് 1206-ൽ ചെങ്കിഷ്ഖാൻ തീരുമാനിച്ചു. ഗോത്രഭരണമായിരുന്നു തത്താരികളുടെ രീതി. തൻെറ മേല്ക്കോയ്മ അംഗീകരിക്കുന്നിടത്തോളം കാലം ഗോത്രങ്ങൾക്ക് സ്വയം ഭരണാവകാശം നൽകിയിരുന്നു.

പതിന്നാലിനും അറുപതിനും ഇടയ്ക്കു പ്രായമുള്ള തുർക്കികളെയെല്ലാം സൈന്യത്തിൽ ചേർത്ത് ചിട്ടയായി പരിശീലിപ്പിച്ചു. കരഖിതായ് നേതാവ് ഗുർഖാൻെറ രാജ്യത്തിൻെറ മിക്കഭാഗങ്ങളും ചെങ്കിഷ്ഖാൻ പിടിച്ചടക്കി. ക്വരിസ്മിയൻ രാജാവ് മൊഹമ്മദ് ഷായുമായി ഏറ്റുമുട്ടലിന് തയാറെടുത്തു. ഗുർഖാൻെറ രാജ്യം തട്ടിയെടുത്ത കുച്‌ലുകിനെ ചെങ്കിഷ്ഖാൻെറ സൈന്യം പരാജയപ്പെടുത്തി. തുടർന്ന് ക്വരിസ്മിയൻ തുർക്കികളുമായി ഏറ്റുമുട്ടി. മംഗോളിയർ കടന്നുപോയ വഴികളിലെല്ലാം കൊലയും കൊള്ളിവയ്പും ഇടിച്ചുനിരത്തലുകളും നടത്തി. തങ്ങൾക്കു പിൻപിൽ നാശക്കൂമ്പാരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് അവർ കടന്നു

www.malankaralibrary.com


പോയത്. 1219-ൽ അവർ യാത്ര തിരിച്ചു. 1222-ൽ ക്വാരിസ്മിയൻ തലസ്ഥാനമായ ഹേരാത് പിടിച്ചു. സമർക്കണ്ട് തകർത്തു തരിപ്പണമാക്കി. മേർവ്, നിഷാപൂർ തുടങ്ങിയ നഗരങ്ങളിലെല്ലാം കിരാതമായ നരഹത്യ നടത്തി. ആഴ്ചകളോളം നീണ്ടുനിന്നു ചില നഗരങ്ങളിലെ കൂട്ടക്കൊല. വളരെ വിദഗ്ദ്ധരായ ശില്പികളെ ഒഴിച്ച് മറ്റെല്ലാവരെയും കൊന്നുകളയുക എന്നതായിരുന്നു മംഗോളിയൻ പോളിസി. റായ്, ഖും തുടങ്ങിയ ഇറാനിയൻ പട്ടണങ്ങളെ കീഴടക്കി. ചിലയിടങ്ങളിൽ ജനങ്ങളെയെല്ലാം കൊന്നു, ചിലയിടങ്ങളിൽ ധാരാളം പണം കൊടുക്കേണ്ടിവന്നു; മനഃപൂർവം ചിലയിടങ്ങളിൽ കൊല നടത്തിയില്ല. 1221-ൽ അവർ ജോർജിയാ ആക്രമിച്ചു. ജോർജിയൻ സൈന്യത്തെ പരാജയപ്പെടുത്തി മരാഗാ, ഹമാദാൻ തുടങ്ങിയ വടക്കുപടിഞ്ഞാറൻ പേർഷ്യൻ നഗരങ്ങളിൽ കനത്ത പ്രഹരം ഏല്പിച്ചു. കൗകാസുസിൽ കൂടി കടന്നുപോയ സൈന്യം അവിടെയുള്ള ജനങ്ങളെ കൊന്നൊടുക്കി. ഏറ്റുമുട്ടിയ റഷ്യൻ സൈന്യത്തെയും പരാജയപ്പെടുത്തി. 1227-ൽ ചെങ്കിഷ്ഖാൻ മരിച്ചു. കൊറിയാ മുതൽ പേർഷ്യവരെയും ഇൻഡ്യൻ മഹാസമുദ്രം മുതൽ സൈബീരിയാ വരെയും വളരെ വിസ്തൃതമായിരുന്നു അയാൾ പിടിച്ചെടുത്ത രാജ്യം.

വളരെ ക്രൂരന്മാരായിരുന്നു മംഗോളിയർ. മനുഷ്യവേദന അവർ പരിഗണിച്ചില്ല. മനുഷ്യത്വത്തിനു വില കല്പിച്ചില്ല. ലക്ഷക്കണക്കിന് നിരപരാധികളെ ഒരു കാരണവും കൂടാതെ നിഷ്കരുണം അവർ വാളിനിരയാക്കി. ഒരു തരം കാടന്മാരും കാട്ടാളന്മാരും സംസ്കാരശൂന്യരും കിരാതന്മാരുമായിരുന്നു അവർ.

ചെങ്കിഷ്ഖാനും സൈന്യവും കാറക്കോറത്തേക്ക് തിരികെ പോയപ്പോൾ ക്വാരിസ്മിയൻ നേതാവ് ജലാലുദിൻ തിരികെവന്ന് 1225ൽ പേർഷ്യൻ സമതലപ്രദേശങ്ങളും അസർബൈജാനും ഉൾപ്പെടെ ഭരണം തുടങ്ങി. 1226-ൽ അയാൾ ബാഗ്ദാദ് തിരിച്ചുപിടിച്ചു.

മംഗോളിയർ 1221-ൽ വീണ്ടും പശ്ചിമേഷ്യയിലേക്കു കടന്നുവന്നു. സൈന്യം ഖൊറാസാനിൽനിന്ന് അസർബൈജാനിലേക്കു കടന്നു. ജലാലുദീൻ കുർദിസ്ഥാൻ മലകളിലേക്ക് ഓടിപ്പോയി. തുടർന്ന് ജലാലുദീൻ പിടിച്ചടക്കിയ സ്ഥലങ്ങളെല്ലാം വീണ്ടും മംഗോൾ ഭരണത്തിൽ വന്നു. മോസ്കോ, വ്ളാഡിമിർ, റോസ്റ്റോവ് ഉൾപ്പെടെയുള്ള വളരെയധികം റഷ്യൻ പട്ടണങ്ങൾ മംഗോളിയൻ ബാതു പിടിച്ചെടുത്ത് ആളുകളെ വെട്ടിക്കൊന്നു. 1240-ൽ അയാൾ യുക്രേൻ ആക്രമിച്ചു. യുക്രേനിയൻ പട്ടണ

www.malankaralibrary.com


ങ്ങൾ ഒന്നിനുപിറകെ ഒന്നായി കീഴടക്കി മനുഷ്യരെ കൊന്നൊടുക്കി. ഗലീഷ്യവഴി ഹംഗറിയിലേക്കു കടന്നു. ക്രൊയേഷ്യ ആക്രമിച്ചു. അഡ്രിയാറ്റിക് തീരം വരെ എത്തി. 1241ൽ ഒഗ്ദായ്ഖാൻെറ മരണവാർത്തയറിഞ്ഞ് അയാൾ കാറക്കോറത്തേക്ക് മടങ്ങി. 1246-ൽ ഗുയുക് മംഗോളിയൻ നേതാവായി.

ബൈക്കു എന്ന മംഗോളിയൻ ജനറൽ 1241-ൽ സെൽയുക് സുൽത്താൻ കൈ കൊസ്റാവുവിൻെറ രാജ്യം ആക്രമിച്ചു. സുൽത്താൻ മംഗോളിയൻ മേല്ക്കോയ്മ അംഗീകരിച്ചു. അങ്ങനെ മംഗോളിയൻ ഭരണം അനാറ്റോളിയായിലേക്കും വ്യാപിച്ചു.

പാശ്ചാത്യലോകത്ത് മാർപാപ്പായും ശക്തനായ ഫ്രെഡറിക്കും തമ്മിൽ ഉരസലിൽ ആയിരുന്നു. ഒന്നിച്ച് അണിനിരക്കാൻ പാശ്ചാത്യ രാജാക്കന്മാർ കൂട്ടാക്കിയില്ല. 1245-ൽ ഇന്നസെൻറ് IV പാപ്പാ മംഗോളിയൻ തലസ്ഥാനത്തേക്ക് രണ്ടു ദൗത്യസംഘങ്ങളെ അയച്ചു. ഒരു സംഘം 1246 ലാണ് കാറക്കോറത്ത് എത്തിയത്. ക്രിസ്തുമതം സ്വീകരിക്കണമെന്ന് പേപ്പൽ കത്തിൽ മംഗോളിയരോട് അഭ്യർത്ഥിച്ചു. തൻെറ മേല്ക്കോയ്മ പാപ്പായും തൻെറ കീഴിലുള്ള രാജാക്കന്മാരും അംഗീകരിക്കണമെന്നും എല്ലാവരുംകൂടി കാറക്കോറത്തുവന്ന് തന്നെ വണങ്ങണമെന്നും ഗുയുക് തിരിച്ചെഴുതി. രണ്ടാം ദൗത്യസംഘം 1247-ൽ തബ്രീസിൽ വച്ച് ബൈക്കുവുമായി സംഭാഷണം നടത്തി. ചർച്ചകൾ നടന്നെങ്കിലും ഫലമൊന്നും ഉണ്ടായില്ല. 1248ലും മംഗോൾ - ക്രിസ്ത്യൻ ചർച്ച നടന്നെങ്കിലും ഫലമുണ്ടായില്ല. 1248-ൽ ഗുയുക് മരിച്ചു. അപ്പോഴാണ് ദൗത്യസംഘം കാറക്കോറത്ത് എത്തിയത്.

തുടർന്ന് 1251-ൽ മോങ്കാ ഭരണാധികാരിയായി. തദവസരം റുബ്രക്കിലെ വില്യം കാറക്കോറത്ത് എത്തി(1253). പൗരസ്ത്യപ്രവിശ്യകൾ കുബ്ലൈഖാനു ലഭിച്ചു. തുർക്കിസ്ഥാനിൽ ജഗതായുടെ പിൻഗാമികളും ഭരിച്ചു. റഷ്യൻ പ്രദേശങ്ങളിൽ ബാതുവും പേർഷ്യയിൽ ഹുലാഗുവും സിലീഷ്യയിലെ അർമേനിയൻ രാജാവ് ഹെതും മംഗോളിയൻ മൈത്രി സമ്പാദിച്ചു(1254). കാറക്കോറം ലോകതലസ്ഥാനമായി. വിവിധ ദേശങ്ങളിൽ നിന്നുള്ള സാമന്തരാജാക്കന്മാരും അംബാസഡർമാരും കാറക്കോറത്തു കാണപ്പെട്ടു. വില്യം അവിടെ ആയിരുന്നപ്പോൾ നിരവധി അംബാസഡർമാരെ ദർശിച്ചു. അതുപോലെ വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ കുടുംബസമേതം അവിടെ പാർത്തിരുന്നു. പല മംഗോൾ പ്രധാനി

www.malankaralibrary.com



കളുടെയും ഭാര്യമാർ നെസ്തോറിയൻ ക്രിസ്ത്യാനികളായിരുന്നു. എല്ലാ മതങ്ങളോടും അവർ സഹിഷ്ണുത കാണിച്ചു. ബാതുവിൻെറ മകൻ സർതാഖ് ക്രിസ്ത്യാനികളോട് അനുഭാവം കാണിച്ചു. വില്യമിൻെറ ദൗത്യസംഘവും വിജയിച്ചില്ല.

ഹുലാഗുവിൻെറ സൈന്യം 1256-ൽ പശ്ചിമേഷ്യയിലേക്കുള്ള പടയോട്ടം ആരംഭിച്ചു. പേർഷ്യയിലെ *അസ്സാസ്സിൻ* ആസ്ഥാനം തകർത്തിട്ട് ബാഗ്ദാദിലേക്കു നീങ്ങി. ചുറ്റുമുള്ള മംഗോളിയൻ ഭരണാധികാരികളും അദ്ദേഹത്തെ സഹായിച്ചു. *1258-ൽ ബാഗ്ദാദ് കീഴടക്കി* മുസ്ലീങ്ങളെയെല്ലാം കൊന്നൊടുക്കി. ഹുലാഗുവിൻെറ ഭാര്യ ദൊക്കൂസ് ഖത്തൂൻ ക്രിസ്ത്യാനിയായിരുന്നതിനാൽ ക്രിസ്ത്യാനികളെ കൊന്നില്ല. നിധികളും സ്വർണവും ഒളിച്ചുവച്ചിരുന്ന ഒളിസ്ഥലം മനസ്സിലാക്കിയശേഷം കാലിഫിനെ കൊന്നു. കീഴടങ്ങിയവരെയും എതിർത്തു യുദ്ധം ചെയ്തവരെയും ഒരുപോലെ കൊന്നൊടുക്കി. നാല്പതുദിവസംകൊണ്ട് എൺപതിനായിരം ബാഗ്ദാദുകാരെ കൊന്നു. അബ്ബസിഡ് കാലിഫുമാർ അഞ്ചുനൂറ്റാണ്ട് സമ്പാദിച്ച സ്വർണമെല്ലാം ഹുലാഗുവിൻെറ വകയായി. മുസ്ലീം ലോകത്തെയാകമാനം ഈ തകർച്ച നടുക്കി. 1204-ൽ നാലാം കുരിശുയുദ്ധക്കാർ കോൺസ്റ്റാൻറിനോപ്പിളിനോട് ചെയ്തതുപോലെ കിരാതമായ നരവേട്ടയും സാംസ്കാരിക തകർച്ചയുമാണ് ബാഗ്ദാദിൽ നടന്നത്.

ഹുലാഗു 1259-ൽ കിഴക്കൻ സിറിയായിലേക്കു കടന്നു. അലെപ്പോ, ഹാരെങ്ക്, ഡമാസ്കസ് തുടങ്ങിയ മുസ്ലീം നഗരങ്ങളെല്ലാം മംഗോളിയൻ മലവെള്ളത്തിൽ മുങ്ങിപ്പോയി. കൊലയും കവർച്ചയും കൊള്ളിവയ്പും സാർവത്രികമായി. 1259-ൽ മങ്കുഖാൻ മരിച്ചതിനാൽ ഹുലാഗുവിന് തൻെറ പടയോട്ടം തുടരാനായില്ല. 1260-ൽ ഹുലാഗുവിൻെറ സൈന്യം കെദ്ബുക്കായുടെ നേതൃത്വത്തിൽ മമ്ലുക് തുർക്കികളുമായി ഏറ്റുമുട്ടി പരാജയപ്പെട്ടു. സിറിയൻ പ്രദേശങ്ങളിലെ പല പട്ടണങ്ങളും ഈജിപ്തിലെ തുർക്കികൾ തിരിച്ചു പിടിച്ചു.

എന്നാൽ ബൈബേഴ്സ് എന്ന സൈന്യാധിപൻ സുൽത്താനെ കൊന്നിട്ട് ഈജിപ്തിലെ ഭരണം ഏറ്റെടുത്തു. ഈയവസരം പശ്ചിമേഷ്യയിലെ പ്രബലനായ ഭരണാധികാരിയായി *ബൈബേഴ്സ്* ഉയർന്നുവന്നു. അയാൾ സിറിയൻ പലസ്തീനിയൻ പ്രദേശങ്ങളിലൊക്കെ കടന്നാക്രമണം നടത്തി. കീഴടങ്ങിയ പ്രദേശങ്ങളിലെ ക്രിസ്ത്യാനികളെ

www.malankaralibrary.com



കൊന്നൊടുക്കി. മംഗോളിയരെ സഹായിച്ചു എന്നതായിരുന്നു കാരണം. കുരിശുയുദ്ധപട്ടണങ്ങളൊക്കെ നിരന്തര ഭീഷണിയിൽ ആയിരുന്നു. 1265-ൽ ഹുലാഗു മരിച്ചപ്പോൾ ബൈബേഴ്സ് പശ്ചിമേഷ്യയിലെ അനിഷേധ്യ നേതാവായി. അത് മംഗോൾ ശക്തിയെ സാരമായി ബാധിച്ചു. റഷ്യൻ മംഗോളിയരും തുർക്കിസ്ഥാൻ മംഗോളിയരും ഇസ്ലാം സ്വീകരിച്ചിരുന്നു. 1266-ൽ ബൈബേഴ്സ് ഗലീലി ആക്രമിച്ചു. തുടർന്ന് സിലീഷ്യൻ പ്രദേശങ്ങൾ കീഴടക്കി. *1268-ൽ* അവർ കുരിശുയുദ്ധക്കാരിൽനിന്ന് *അന്ത്യോക്യ* തട്ടിയെടുത്തു. ഉള്ളിൽ കടന്ന മമ്ലൂക്കുകൾ കണ്ണിൽ കണ്ടവരെയെല്ലാം കൊന്നു, ഒളിച്ചിരുന്നവരെ അടിമകളാക്കി. അവർ അവിടെ നിന്നും വലിയ കൊള്ളമുതൽ കവർച്ച ചെയ്തു. അന്ത്യോക്യയുടെ പതനം കുരിശുയുദ്ധക്കാരെ ഒന്നടങ്കം ഞെട്ടിച്ചു. 1277-ൽ ബൈബേഴ്സ് അനാറ്റോളിയാ ആക്രമിച്ചു. തിരിച്ചെത്തി അധികം കഴിയുന്നതിനുമുൻപ് ബൈബേഴ്സ് മരിച്ചു.

ബൈബേഴ്സിൻെറ മരണത്തിൽ ക്രൈസ്തവർ സന്തോഷിച്ചു. പിന്നെ വന്ന ഈജിപ്തിലെ ശക്തനായ ഭരണാധികാരി *ഖലവൂൻ* ആയിരുന്നു. മംഗോളിയരും അർമേനിയരും ബലഹീനരായിരുന്നു. കുരിശുയുദ്ധക്കാരുമായും പാശ്ചാത്യരുമായും സഖ്യം ഉണ്ടാക്കാൻ മംഗോളിയൻ ഇൽഖാൻ അബാക്കാ ശ്രമംനടത്തിയെങ്കിലും വിജയിച്ചില്ല. കുരിശുയുദ്ധക്കാരുടെയും പാശ്ചാത്യരുടെയും ഇടയിൽ യോജിപ്പില്ലായിരുന്നു. കുരിശുയുദ്ധപട്ടണങ്ങൾ തന്നെ മല്ലടിച്ച് ബലഹീനമായികൊണ്ടിരുന്നു. 1282-ൽ ട്രിപ്പൊളിയിൽ ആഭ്യന്തരകലാപം ഉണ്ടായി. മംഗോളിയരും സിറിയൻ പ്രദേശങ്ങളിൽ കടന്ന് ഈജിപ്തുകാരെ പ്രകോപിപ്പിച്ചുകൊണ്ടിരുന്നു. ഖലവൂൻ 1285 മുതൽ കുരിശുയുദ്ധക്കാരുടെ പട്ടണങ്ങൾ ഒന്നൊന്നായി കീഴടക്കി, ക്രിസ്ത്യാനികളെ കൊന്നൊടുക്കികൊണ്ടിരുന്നു.

ഈ കാലത്ത് മംഗോളിയൻ പ്രതിനിധിയായി *റമ്പാൻ സൗമാ* പാശ്ചാത്യലോകത്തെത്തി ഹൊണോറിയൂസ് IV പാപ്പായേയും (1285-7) പാശ്ചാത്യരാജാക്കന്മാരെയും കണ്ടു. എന്നാൽ അവരൊക്കെ പാശ്ചാത്യരാഷ്ട്രീയത്തിൽ തലപൂഴ്ത്തി ഇരുന്നതിനാൽ മംഗോളിയരുമായി സഖ്യമുണ്ടാക്കി മുഹമ്മദീയരെ എതിർക്കാൻ അവർക്കു കഴിഞ്ഞില്ല. മംഗോളിയരും പാശ്ചാത്യരും കൂടി മമ്ലൂക്കുകൾക്കെതിരെ പുതിയൊരു കുരിശുയുദ്ധം നടത്തണം എന്ന് ഇൽഖാൻ (1289) നിർദേശിച്ചെങ്കിലും പാശ്ചാത്യർ അതിനു വഴങ്ങിയില്ല.

www.malankaralibrary.com



ഈജിപ്തിലെ സുൽത്താൻ ഖലവൂൻ 1287-ൽ ലറ്റാക്കിയ കുരിശുയുദ്ധക്കാരിൽ നിന്നു പിടിച്ചെടുത്തു. 1289-ൽ ട്രിപ്പൊളി പിടിച്ചു. കണ്ണിൽ കണ്ടവരെയൊക്കെ മമ്ലൂക്കുകൾ കൊന്നു. അവർ നഗരം നിലംപരിശാക്കി. ഒന്നും അവശേഷിപ്പിച്ചില്ല. ഓടി രക്ഷപെടാൻ ശ്രമിച്ചവരെയും വെട്ടിവീഴ്ത്തി. 1290-ൽ ഖലവൂൻ മരിച്ചു. അയാളുടെ പിൻഗാമിയായി വന്ന *അഷ്റഫ് ഖലിൽ* കുരിശുയുദ്ധ നഗരങ്ങൾക്കെതിരെയുള്ള ആഞ്ഞടിക്കൽ തുടർന്നു. 1291-ൽ അവർ ആക്ര് ഉപരോധിച്ചു. അനേകരെ അടിമകളാക്കി. ചിലർ കപ്പലുകളിൽ കയറി രക്ഷപെട്ടു. മറ്റെല്ലാവരെയും കൊന്നു. പട്ടണം ഇടിച്ചുനിരത്തി. തുടർന്ന് ടയർ, ബെയ്റൂട്ട്, ഹൈഫാ എന്നീ പട്ടണങ്ങളും തകർത്തു തരിപ്പണമാക്കി. കണ്ണിൽ കണ്ട കുരിശുയുദ്ധക്കാരെയും മറ്റ് ക്രിസ്ത്യാനികളെയും അവർ കൊന്നൊടുക്കി. അങ്ങനെ എന്നേക്കുമായി കുരിശുയുദ്ധക്കാർക്ക് പശ്ചിമേഷ്യ നഷ്ടമായി. 1293-ൽ അഷ്റഫ് കൊല്ലപ്പെട്ടു.

പശ്ചിമേഷ്യയിൽ അവശേഷിച്ച ഏകക്രൈസ്തവരാജ്യം സിലിഷ്യയിലെ അർമേനിയൻ രാജ്യമായിരുന്നു. അവർക്ക് അവരുടെ സ്വന്തം പ്രശ്നങ്ങളുണ്ടായിരുന്നു. പാശ്ചാത്യലോകരാഷ്ട്രങ്ങൾ പരസ്പരം പോരാട്ടത്തിലായിരുന്നു. 1295-ൽ ഇൽഖാൻ ഹസൻ ഇസ്ലാം സ്വീകരിച്ചു. അത് ഖാനേറ്റിന്റെ ഔദ്യോഗിക മതമായി. മുഗൾ-പാശ്ചാത്യബന്ധം ഇങ്ങനെ അവസാനിച്ചു. പേർഷ്യ ഒരു ക്രിസ്തീയ ശക്തിയായിതീരും എന്ന പ്രതീക്ഷയും ഇതോടെ അവസാനിച്ചു. മോന്തേ കൊർവീനോമിലെ ജോൺ ചൈനയിൽ കുബ്ലൈഖാന്റെ പക്കൽ എത്തിയെങ്കിലും കാര്യമായ നേട്ടമുണ്ടായില്ല.

മംഗോളിയർ വീണ്ടും 1299-ൽ സിറിയാ ആക്രമിച്ചു. സുൽത്താൻ എന്നു പേരുമാറ്റിയ ഇൽഖാൻ ഖസ്സൻ ഹോംസിനടുത്തുവച്ച് മംലൂക് തുർക്കികളെ പരാജയപ്പെടുത്തി. 1300-ൽ ഡമാസ്കസ് കീഴടക്കി. ക്രിസ്ത്യാനികളുമായി ധാരണയുണ്ടാക്കി ഈജിപ്തിനെ കീഴടക്കണമെന്നായിരുന്നു ഹസ്സൻ ചിന്തിച്ചിരുന്നത്. എന്നാൽ അയാൾ പെട്ടെന്ന് പേർഷ്യയിലേക്കു തിരിച്ചുപോയി. 1303-ൽ മംഗോളിയരെ ഈജിപ്തുകാർ തോല്പിച്ചെങ്കിലും 1308-ൽ അയാൾ വീണ്ടും സിറിയായിലൂടെ ജറുസലേം വരെ എത്തി. 1316-ൽ ഹസ്സൻ മരിച്ചതോടുകൂടി മംഗോൾ-ക്രിസ്ത്യൻ സഖ്യസാധ്യത ഇല്ലാതായി. 1335-ഓടുകൂടി പേർഷ്യയിലെ ഇൽ ഖാനേററ് തകർന്നടിയാൻ തുടങ്ങി.

www.malankaralibrary.com



## കുരിശുയുദ്ധക്കാർ അലക്സാൻഡ്രിയ കൊള്ളയടിക്കുന്നു (1265)

പതിനാലാം നൂറ്റാണ്ടിലും കുരിശുയുദ്ധത്തിനുള്ള ആഹ്വാനങ്ങൾ ഉണ്ടായി. ഉർബൻ V മാർപാപ്പാ (1362-70) കുരിശുയുദ്ധത്തിന് ആഹ്വാനം നടത്തി. തണുപ്പൻ പ്രതികരണമാണുണ്ടായത്. *പീറ്റർ രാജാവും* കുറേ ഇടപ്രഭുക്കന്മാരും മുന്നോട്ടുവന്നു. 1365-ൽ അവർ വെനീസിൽനിന്നു പുറപ്പെട്ട് അലക്സാൻഡ്രിയ ലക്ഷ്യമാക്കി യാത്രചെയ്തു. അവർ അലക്സാൻഡ്രിയ പിടിച്ചടക്കി(1265) കൊള്ളയും കൊലയും നടത്തി. ജറുസലേം (1099), എഡേസ്സാ (1246), കോൺസ്റ്റാൻറിനോപ്പിൾ (1204), അന്ത്യോക്യാ (1268), ആക്ര(1291) എന്നിവിടങ്ങളിലെ കീഴടക്കലിനെ അനുസ്മരിപ്പിക്കുന്ന ക്രൂരത ഈ കുരിശുയുദ്ധക്കാർ അലക്സാൻഡ്രിയായിൽ കാട്ടിക്കൂട്ടി. കുരിശുയുദ്ധക്കാർ സ്ഥലത്തെ മുസ്ലീങ്ങളോടും ക്രിസ്ത്യാനികളോടും യഹൂദരോടും പാശ്ചാത്യനാടുകളിൽ നിന്ന് അവിടെ താമസിച്ച് കച്ചവടം ചെയ്തുകൊണ്ടിരുന്നവരോടും എല്ലാം ഒരുപോലെ ക്രൂരത കാട്ടി. പള്ളികളും കല്ലറകളും കൊള്ളയടിച്ചു. ഭവനഭേദനം മുറയ്ക്കു നടന്നു. 5000 ത്തോളംപേരെ അടിമകളായി പിടിച്ചു. നൂറ്റാണ്ടുകളായി പടുത്തുയർത്തിയ അലക്സാൻഡ്രിയൻ സംസ്കാരം കുറേ ദിവസങ്ങൾ കൊണ്ട് തകർന്നടിഞ്ഞു. മരിച്ചവരെയും മുറിവേറ്റവരെയും കൊണ്ട് തെരുവുകളും ഭവനങ്ങളും നിറഞ്ഞു. കൈയിൽ കിട്ടിയ കൊള്ളമുതലും കൊണ്ട് അവർ കപ്പലുകളിലേക്ക് തിരികെപോയി. വെനീസുകാർക്ക് കച്ചവടക്കുത്തക നഷ്ടമായി. പൗരസ്ത്യദേശങ്ങളിൽ നിന്നുള്ള ചരക്കുകൾക്ക് തീപിടിച്ച വിലയായി. ഈ കൊള്ളയിൽ നിന്ന് അകന്നുനിന്ന ജനോവാ പട്ടണത്തിന് കച്ചവടക്കുത്തക ലഭിക്കും എന്ന് കണ്ട് അവർ ഇതിൽ സന്തുഷ്ടരായി. 1369-ൽ പീറ്റർ കൊല്ലപ്പെട്ടു. 1370-ൽ ഈജിപ്തിലെ സുൽത്താനുമായി കുരിശുയുദ്ധക്കാർ സന്ധിയുണ്ടാക്കി. ഈ യുദ്ധത്തോടുകൂടി മുസ്ലീം മൗലികചിന്ത സടകുടഞ്ഞെഴുന്നേറ്റു. നാട്ടുകാരായ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടാൻ തുടങ്ങി. ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. പലസ്തിനായിലെ വിശുദ്ധ സ്ഥലങ്ങൾ മൂന്നു വർഷത്തേക്ക് തീർത്ഥകർക്ക് അപ്രാപ്യമായിരുന്നു. "കറുത്ത മരണത്തിൻെറ" കരാളഹസ്തത്തിൽ നിന്ന് മോചനം പ്രാപിക്കാതിരുന്ന ലോകത്തിന് കച്ചവടത്തകർച്ച വലിയൊരു ദുരന്തമായിത്തീർന്നു.

## സൈപ്രസ് കൊള്ളയടിക്കുന്നു

ഈജിപ്ത് കൊള്ളയടിച്ച കുരിശുയുദ്ധക്കാർ സൈപ്രസ് കേന്ദ്രീകരിച്ചാണ് പിന്നീട് പ്രവർത്തിച്ചത്. കുറെ വർഷങ്ങൾക്കുശേഷം ഈജിപ്ത്

www.malankaralibrary.com



സൈപ്രസ് കൊള്ളയടിച്ചു. പൗരസ്ത്യദേശത്ത് അവശേഷിച്ച അർമേനിയൻ രാജ്യത്തെ മുസ്ലീങ്ങൾ 1375-ൽ തകർത്തുകളഞ്ഞു. അവർ ഫ്രാങ്കുകളുടെയും മംഗോളിയരുടെയും സഖികളാണെന്ന വാദത്തിലാണ് അവരെ ആക്രമിച്ച് കൊള്ളയടിച്ചത്. അങ്ങനെ അർമേനിൻ സിലീഷ്യ, രാജ്യം ഇല്ലാതായി.

## അവലോകനം

പൗരസ്ത്യനാടുകളിലെ ക്രിസ്തീയ പ്രദേശങ്ങൾ തിരിച്ചുപിടിക്കുക എന്നതായിരുന്നു ഉർബർ II മാർപാപ്പായുടെ (1095) കുരിശുയുദ്ധപ്രഖ്യാപനത്തിന്റെ ലക്ഷ്യം. എന്നാൽ ബിസാൻസ്യത്തെ കൂടാതെ അത് അസാദ്ധ്യമായിരുന്നു. കുരിശുയുദ്ധക്കാർ ബിസാൻസ്യത്തെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. ആർത്തിരമ്പിവരുന്ന തുർക്കികളെ അമർച്ചചെയ്യാനുള്ള സാവകാശം അവർക്കു ലഭിച്ചില്ല. തുർക്കികൾ കൃഷിസ്ഥലങ്ങൾ നശിപ്പിക്കയും വഴികളെല്ലാം അടയ്ക്കുകയുംചെയ്തപ്പോൾ അവരോടുള്ള ഏറ്റുമുട്ടൽ വിഷമമേറിയതായി. മാൻസിക്കെർട്ടിലെ (1071) പരാജയം അനാറ്റോളിയായിലേക്കുള്ള കവാടം തുർക്കികൾക്കു തുറന്നു കൊടുക്കുകയായിരുന്നു. 1176-ൽ ഉണ്ടായ ബിസൻറയിൻ പരാജയത്തോടുകുടി തുർക്കികൾ എന്നേക്കുമായി അനാറ്റോളിയയിൽ ആധിപത്യം ഉറപ്പിച്ചു. എന്നാൽ നാലാം കുരിശുയുദ്ധം (1204) ആണ് ബിസൻറയിൻ നട്ടെല്ല് തകർത്തുകളഞ്ഞത്. മംഗോൾ ആക്രമണകാലത്ത് (1242) ക്രിസ്ത്യാനികൾക്ക് അവരോടുചേർന്ന് തുർക്കികളെ പാടേ പരാജയപ്പെടുത്താമായിരുന്നു. എന്നാൽ തലസ്ഥാനം തിരികെ പിടിക്കുന്നതിലുള്ള വ്യഗ്രതയിലായിരുന്നു ബിസൻറയിൻ നേതൃത്വം. ഒന്നിച്ചുനിന്ന് ശത്രുവിനെ പരാജയപ്പെടുത്താൻ ക്രിസ്തീയ ശക്തികൾ പരിശ്രമിച്ചില്ല. സാഹചര്യം മനസ്സിലാക്കി പ്രവർത്തിക്കാനുള്ള രാഷ്ട്രീയ ബുദ്ധികൂർമ്മത ലത്തീൻകാർക്ക് ഇല്ലാതെപോയി. ബിസൻറയിൻകാർ കോൺസ്റ്റാൻറിനോപ്പിൾ തിരിച്ചുപിടിച്ചുകഴിഞ്ഞപ്പോഴേക്കും തുർക്കികളെ പരാജയപ്പെടുത്താനുള്ള അവസരം നഷ്ടപ്പെട്ടു കഴിഞ്ഞു. അവർ വീണ്ടും ഉയിർത്തെഴുന്നേറ്റു. നിരവധി തുർക്കി നാട്ടുരാജാക്കന്മാരുടെയും എമീർമാരുടെയും ഉദയത്തിൽ അനാറ്റോളിയ മുഴുവൻ തുർക്കി സമുദ്രമായി മാറി. 1350 മുതൽ 1402 വരെ സ്മിർണായിൽ ആധിപത്യം ഉറപ്പിക്കാൻ പാശ്ചാത്യർക്കു കഴിഞ്ഞെങ്കിലും അനാറ്റോളിയ തുർക്കികളുടെ കീഴിൽ അമർന്നുകഴിഞ്ഞു.

www.malankaralibrary.com



അവരിൽ പ്രധാനികളായ ഓട്ടോമാൻ തുർക്കികൾ ഓരോ പ്രദേശവും പിടിച്ചടക്കി ഓട്ടോമാൻ സാമ്രാജ്യം സ്ഥാപിച്ചു. 1354മുതൽ സുൽത്താൻ എന്ന പേരും സ്വീകരിച്ചു. അവർ ത്രേസിൻെറ മിക്കഭാഗങ്ങളും തങ്ങളുടെ സാമ്രാജ്യത്തിൽ ചേർത്ത് യൂറോപ്യൻ ഭാഗങ്ങളിലേക്കു കടന്നു. 1389 ഓടുകൂടി തുർക്കികൾ ബാൾക്കൻ പ്രദേശങ്ങളിലെ അധിപന്മാരായി. അവരെ എതിരിടാൻ പാശ്ചാത്യപ്രഭുക്കന്മാർ ഒത്തുകൂടി 1396-ൽ നിക്കോപ്പൊളീസിൽ വച്ച് ഏറ്റുമുട്ടി. തുർക്കികളും മുസ്ലീങ്ങളുമായി ഏഷ്യയിൽ നടന്ന ഏറ്റുമുട്ടലുകൾ യൂറോപ്പിലേക്കു മാറി. പാശ്ചാത്യസൈന്യത്തിൽ ധാരാളം കൂലിപ്പട്ടാളക്കാരുണ്ടായിരുന്നു. ഏറ്റുമുട്ടലിൽ പാശ്ചാത്യർ പരാജിതരായി. ഇരുഭാഗത്തും വളരെയധികം പേർ മരിച്ചുവീണു. പാശ്ചാത്യരിൽ ചിലർ ജീവനും കൊണ്ടോടി. തടവുകാരായി പിടിക്കപ്പെട്ട 3000 പാശ്ചാത്യരെ തുർക്കികൾ കൊന്നുകളഞ്ഞു. പാശ്ചാത്യർ ഒന്നിച്ച് അണിനിരന്ന അവസാനത്തെ കുരിശുയുദ്ധമായിരുന്നിത്.

## ടൈമൂറിൻെറ പടയോട്ടം

തുർക്കോ-മംഗോൾകാരൻ ടൈമൂർ (1336-1405) സമർക്കണ്ടിൽ നിന്ന് 1386-ൽ തൻെറ പടയോട്ടം ആരംഭിച്ചു. കണ്ണിൽ കണ്ടതെല്ലാം അയാൾ തകർത്തു തരിപ്പണമാക്കി. 1393-ൽ ബാഗ്ദാദ് പിടിച്ച് നിലംപരിശാക്കി. സിറിയായിലൂടെ പടയോട്ടം നടത്തി തുർക്കികളെ തോല്പിച്ചു (1400-1). അനാറ്റോളിയൻ തുർക്കികളെ കീഴടക്കി. ശിവാസിൽ 4000 അർമേനിയരെ ജീവനോടെ ദഹിപ്പിച്ചു. കുരിശുയുദ്ധക്കാരിൽ നിന്ന് സ്മിർണാ പിടിച്ചു (1402). 1402-ൽ ഓട്ടോമൻ തുർക്കികളെ പരാജയപ്പെടുത്തി. ഈജിപ്തിലെ മമ്ലൂക് തുർക്കികളെ (1400) തോല്പിച്ചു. 1398-ൽ വടക്കേ ഇൻഡ്യ കീഴടക്കി. ടൈമൂർ പോയിടങ്ങളെല്ലാം നഷ്ടക്കൂമ്പാരങ്ങളായി മാറി. ഗ്രാമങ്ങൾ നശിപ്പിച്ചു. പട്ടണങ്ങൾ നിലംപരിശാക്കി. ജനങ്ങളെ കൂട്ടക്കൊല നടത്തി ഈ അവസരവും മുതലെടുത്ത് തുർക്കികളെ അനാറ്റോളിയായിൽ നിന്നോടിക്കാൻ പാശ്ചാത്യർക്കു കഴിഞ്ഞില്ല. ആ അവസരവും എന്നേക്കുമായി നഷ്ടപ്പെട്ടു. 1918 വരെ ഓട്ടോമൻ തുർക്കികൾ പശ്ചിമേഷ്യയിലെ ഏകാധിപതികളായി തീർന്നു. പരാജയപ്പെട്ട ഓട്ടോമൻ സൈന്യത്തെ ജനോവക്കാർ സഹായിച്ചു. വെനീസ് നിഷ്പക്ഷത പാലിച്ചു. ടൈമൂറിൻെറ ഈ പടയോട്ടം നിമിത്തം അൻപതു വർഷത്തേക്കുകൂടി കോൺസ്റ്റാൻറിനോപ്പിൾ പിടിക്കാൻ തുർക്കികൾക്കു കഴിഞ്ഞില്ല.

www.malankaralibrary.com



1405-ൽ ടൈമൂർ മരിച്ചപ്പോൾ അയാൾ പിടിച്ചെടുത്ത പല സ്ഥലങ്ങളും പഴയഭരണാധികാരികളുടെ ഭരണത്തിലമർന്നു. ട്രാൻസ് ഓക്സോണിയായിൽ മാത്രം ടൈമൂറിന്റെ പിൻഗാമികൾ ഒതുങ്ങിനിന്നു. എന്നാൽ ഡൽഹി കേന്ദ്രമാക്കി ഒരു മുഗൾ സാമ്രാജ്യം സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞു.

ടൈമൂറിനോടുകൂടി കൂടുതൽ കൂടുതൽ തുർക്കികൾ അനാറ്റോളിയായിലേക്ക് ഇരച്ചുകയറി. അത് ഓട്ടോമാൻകാരെ ശക്തിപ്പെടുത്തി. ഓട്ടോമാൻ പ്രഭുക്കന്മാരുടെ ഇടയിലെ കിടമൽസരങ്ങൾ മുതലെടുക്കാൻ ഒന്നും പാശ്ചാത്യർ മിനക്കെട്ടില്ല. ആ അവസരവും അവർക്കു നഷ്ടപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിൾ കീഴടക്കുക എന്നത് തുർക്കികളുടെ നിരന്തരമായ ആഗ്രഹമായിരുന്നു. ഏതുനേരവും വീഴും എന്നറിഞ്ഞ ബിസൻറയിൻ ചക്രവർത്തിമാർ പാശ്ചാത്യസഹായം തേടി. എവുജിൻ I പാപ്പാ (1431-47) 1440-വരെ വീണ്ടും ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. കുറേപ്പേർ യുദ്ധത്തിനിറങ്ങിയെങ്കിലും തുർക്കികളുമായി 1446-ൽ സന്ധിയുണ്ടാക്കി. എന്നാൽ സന്ധി ലംഘിച്ച് ചിലർ തുർക്കികളെ ആക്രമിച്ചു. 1453-ൽ അവർ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചു. മുഹമ്മദ് II അത് തന്റെ സാമ്രാജ്യത്തിന്റെ തലസ്ഥാനമാക്കി. തുടർന്ന് പീയൂസ് II 1464-ൽ മറ്റൊരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. എന്നാൽ ആരും അത് ചെവിക്കൊണ്ടില്ല. അതോടുകൂടി കുരിശുയുദ്ധം എന്ന ആശയം തീർത്തും അവസാനിച്ചു.

www.malankaralibrary.com

39

# ഏഷ്യൻ ക്രിസ്തുമതം അവലോകനം

യൂറോപ്യൻ ക്രിസ്തുമതം ഭൂമിമുഴുവൻ വ്യാപിച്ചപ്പോൾ എന്തുകൊണ്ടാണ് ഏഷ്യൻ ക്രിസ്തുമതം മാർജിനൽ അസ്തിത്വത്തിലൊതുങ്ങിയത്? എന്തുകൊണ്ടാണിതു സംഭവിച്ചത്?. പലരും പല കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത രീതികളിൽ അത് ശരിയുമാണ്.

1. *ഭൂമിശാസ്ത്രപരം:* ഏഷ്യൻ ഭൂഖണ്ഡത്തിൻെറ അറ്റത്തുള്ള ഒരു മുനമ്പെന്ന് യൂറോപ്പിനെ വിളിക്കാം. അത്ര *വിസ്തൃതമാണ്* ഏഷ്യ. ഇന്ന് *സമ്പർക്കമാധ്യമങ്ങൾ* വഴി ലോകം ചെറുതായി. ദൂരം ഒരു പ്രശ്നമല്ല; ഭാഷകളുടെ വൈവിധ്യവും ഇന്നൊരു പ്രശ്നമേയല്ല. അതല്ലായിരുന്നു സ്ഥിതി. സെലൂഷ്യയിലുള്ള നെസ്തോറിയൻ പാത്രിയർക്കീസിന് ചൈനയിലെ മിഷനറിയുമായി ബന്ധപ്പെടാൻ അയ്യായിരത്തിലേറെ മൈലുകൾ കടക്കണമായിരുന്നു. മാസങ്ങൾതന്നെ അതിനുവേണ്ടി വന്നു. എന്നാൽ റോമിൽ നിന്ന് ലണ്ടനിലേക്ക് ഒരായിരം മൈൽ മാത്രം!

2. ഏഷ്യയുടെ മെഡിറ്ററേനിയൻ പ്രദേശങ്ങൾ ഒഴിച്ചാൽ മറ്റൊരിടത്തും ക്രിസ്ത്യാനികൾ സാംഘികമായി ഒരു ശക്തിയായിരുന്നില്ല. *ചരിത്രം മാറ്റിക്കുറിക്കാൻ* കരുത്തുള്ള ശക്തിയായി ഒരിടത്തും മാറിയില്ല. യൂറോപ്പിലെ കത്തോലിക്കാസഭ യൂറോപ്യൻ ചരിത്രം തിരുത്തിക്കുറിച്ചു. റോമൻ സാമ്രാജ്യത്തിൽ മതപീഡനം അവസാനിച്ച കാലത്ത് (4th c.) ഏതാണ്ട് 10% ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നാണ് ഒരു കണക്ക്. എന്നാൽ 1000-ാമാണ്ടിൽ പുരാതനറോമൻ അതിർത്തിക്കുള്ളിൽ 380

www.malankaralibrary.com



ലക്ഷം ക്രിസ്ത്യാനികളുണ്ടായിരുന്നു. എന്നാൽ ഏഷ്യൻ ക്രിസ്ത്യാനികൾ യൂഫ്രട്ടീസിന്റെ പടിഞ്ഞാറുള്ളവർ 1000-മാണ്ടിൽ ഏതാണ്ട് 120 ലക്ഷമേ ഉണ്ടായിരുന്നുള്ളു. അത് പിന്നീട് കുറയുകയല്ലാതെ കൂടിയിട്ടില്ല.

3. *നിരന്തര മതപീഡനം:* നാലാം നൂറ്റാണ്ടിൽ പേർഷ്യയിൽ ഉണ്ടായ മതപീഡനം മുന്നൂറ് വർഷം റോമൻ സാമ്രാജ്യത്തിൽ ഉണ്ടായതിലും കഠിനതരമായിരുന്നു. തുടർന്ന് ഏഴാം നൂറ്റാണ്ടുമുതൽ ഉണ്ടായ മുസ്ലീം വിവേചനവും പീഡനങ്ങളും മതപരിവർത്തനങ്ങളും ക്രിസ്തുമതത്തെ കാർന്നുതിന്നു. സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ അടിച്ചമർത്തലുകൾ, അതും നൂറ്റാണ്ടുകൾ നിലനില്ക്കുന്നവ, ക്രൈസ്തവരുടെ എണ്ണം ഗണ്യമായി കുറച്ചു. ഇസ്ലാമിന്റെ കീഴിൽ മറ്റൊരു മതത്തിനും വളരാനാവില്ല എന്ന് പശ്ചിമേഷ്യൻ സഭാചരിത്രം തെളിയിക്കുന്നു. തുടർന്നുവന്ന തുർക്കോ- മംഗോൾ പടയോട്ടവും ഉന്മൂലനാശവും സഭയെ തുടച്ചുനീക്കിക്കളഞ്ഞു. ഏഷ്യൻ ക്രിസ്തുമതത്തെ തകർത്തു തരിപ്പണമാക്കിയത് ടൈമൂറിന്റെ സൈന്യമാണ്.

4. യൂറോപ്പിലെ *പേഗൻ മതങ്ങൾ* അധഃപതനാവസ്ഥയിലായിരുന്നു. ക്രിസ്തുമതത്തിലേക്കുള്ള പ്രവേശനം അവരെ സംബന്ധിച്ച് എളുപ്പമായിരുന്നു. ഏഷ്യയിലാകട്ടെ , പേർഷ്യൻ സൊറാഷ്ട്രനിസം, ഇൻഡ്യൻ ഹിന്ദുമതം, ചൈനീസ് ബുദ്ധമതം, കൺഫ്യൂഷ്യനിസം എന്നിവയെ സ്വാംശീകരിക്കാൻ ക്രിസ്തുമതത്തിനു കഴിഞ്ഞില്ല. മതവും രാഷ്ട്രവും കൂട്ടിക്കലർത്തിയ *ഇസ്ലാം* തികച്ചും *ക്രൈസ്തവവിരുദ്ധ നിലപാടു* സ്വീകരിച്ചു. മതപ്രചരണത്തിന് രാഷ്ട്രീയത്തെ അവരുപയോഗിച്ചു. *സാമൂഹ്യവും ബൗദ്ധികവും മതപരവുമായ നെടുങ്കോട്ടകൾ* ഈ മതങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനത്തെ തടഞ്ഞുകൊണ്ടിരുന്നു. ക്രിസ്തുമതം ഏഷ്യയിലെ മതമാണെങ്കിലും ഏഷ്യയിൽ പലയിടങ്ങളിലും *വൈദേശികച്ചുവ കലർന്നതായിരുന്നു.* ഏഷ്യയിലെ വൈവിധ്യ *സംസ്കാരങ്ങളെയും തത്ത്വചിന്തകളെയും കോർത്തിണക്കി* ക്രൈസ്തവീകരിക്കാൻ ക്രിസ്തുമതത്തിനു കഴിഞ്ഞില്ല. *രാഷ്ട്രീയമായി* ക്രിസ്ത്യാനികൾ ഏഷ്യയിൽ ഒരു *ശക്തിയല്ലായിരുന്നു.* മേല്പറഞ്ഞ മതങ്ങളൊക്കെ ഒരവസരത്തിലല്ലെങ്കിൽ മറ്റൊരവസരത്തിൽ ക്രിസ്തുമതത്തെ പീഡിപ്പിച്ചിട്ടുണ്ട്.

5. ചാർളിമെയിനേപ്പോലൊരാൾ പൗരസ്ത്യദേശത്ത് ഉണ്ടായിരുന്നെങ്കിൽ ലോകക്രിസ്തുമതത്തിന്റെ സ്ഥിതി മറ്റൊന്നാകുമായിരുന്നു.

www.malankaralibrary.com



പാശ്ചാത്യക്രിസ്തുമതത്തോടൊപ്പം ഒരു *പൗരസ്ത്യ ക്രിസ്തുമതവും* ഉണ്ടാകുമായിരുന്നു. അത് നടന്നില്ല. അനുഭാവം കാണിച്ച മംഗോളിയർ എല്ലാംതന്നെ അവസാനം ഇസ്ലാമിന്റെ വക്താക്കളായി മാറുകയാണുണ്ടായത്. ഏഷ്യയിലുടനീളം *അക്രൈസ്തവരാഷ്ട്രീയ നേതാക്കളുടെ കീഴിൽ* ക്രിസ്തുമതം എന്നും ഒരു *ന്യൂനപക്ഷമതമായിരുന്നു.* അറേബ്യയിലെ ചില രാജാക്കന്മാർ ക്രിസ്തീയമായെങ്കിലും മധ്യ അറേബ്യൻ അക്രൈസ്തവ വംശങ്ങളാണ് പശ്ചിമേഷ്യ മുഴുവൻ കീഴടക്കിയത്. അതുപോലെ *സൊർകക്താനി* എന്ന മംഗോളിയൻ ക്രിസ്തീയ രാജ്ഞിയുടെ മൂന്നു മക്കളിലാരും ക്രിസ്ത്യാനികളല്ലായിരുന്നു. ഏഷ്യൻ രാഷ്ട്രീയാധികാരികളുടെ പരിലാളന വളരെ പരിമിതമായേ ക്രിസ്തുമതത്തിനു ലഭിച്ചുള്ളു. മംഗോൾ കാലഘട്ടം ഒഴിച്ചാൽ (1240-1368) മറ്റവസരങ്ങളിലെല്ലാം കഠിനമായ രീതിയിൽ *മതപരമായ വിവേചനത്തിനു* വിധേയമായിരുന്നു ഏഷ്യയിലെ ക്രിസ്തുമതം. അസ്തിത്വത്തിനുതന്നെ ഭരണാധികാരികളെ ന്യൂനപക്ഷസമൂഹങ്ങൾക്ക് ആശ്രയിക്കേണ്ടിയിരുന്നു. ആ പരാശ്രയത്വം നാശത്തിലെത്തിച്ചു.

ഏഷ്യൻ *സാമ്രാജ്യങ്ങളെല്ലാം തന്നെ ക്രൈസ്തവവിരുദ്ധമായിരുന്നു.* മതന്യൂനപക്ഷങ്ങളെ ക്രൈസ്തവവിരുദ്ധ സർക്കാരുകൾ നിയന്ത്രിച്ചാലുള്ള ഗതികേട് ഊഹിക്കാവുന്നതേയുള്ളൂ. പേർഷ്യാക്കാർ, അറബികൾ, തുർക്കികൾ എന്നിവരെല്ലാം ഈ നിയന്ത്രണം നടത്തി. പേർഷ്യാക്കാരുടെ *മില്ലെറ്റ് സിസ്റ്റം, അറബികളുടെ ദിമ്മി സിസ്റ്റം* എന്നിവ സാമൂഹ്യമായി ക്രിസ്ത്യാനികളെ ഒറ്റപ്പെടുത്തി, *രണ്ടാം തരം പൗരന്മാരാക്കി.* എല്ലാത്തരത്തിലും ഞെരുക്കപ്പെട്ട, നിന്ദിക്കപ്പെട്ട, ശബ്ദരഹിതരായി കഴിഞ്ഞ സമൂഹത്തിന് എങ്ങനെ വളരാനാകും? എങ്ങനെ നിലനില്ക്കാനാകും? ഇതാണ് ഏഷ്യൻ ക്രിസ്തുമതത്തിനു സംഭവിച്ചത്. എങ്കിലും നെസ്തോറിയൻ സന്ന്യാസികൾ ചൈനവരെയും മംഗോളിയവരെയും സുവിശേഷം എത്തിക്കാൻ കടന്നുചെന്നു എന്ന യാഥാർത്ഥ്യം വിസ്മരിക്കാൻ പാടില്ല. ഇത്രമാത്രം അടിച്ചമർത്തലുകൾ ഉണ്ടായിട്ടും അതിനെ അതിജീവിച്ചുകൊണ്ട് അവർ സുവിശേഷവാഹകരായി.

6. ക്രിസ്ത്യാനികളുടെ ഇടയിലെ *അന്തഃഛിദ്രങ്ങളാണ്* ക്രൈസ്തവവിരുദ്ധരെ സഭയിൽ ഇടപെടാൻ വഴിയൊരുക്കിയത്. സഭയെ കടിച്ചു കീറാൻ കാത്തിരിക്കുന്ന ശത്രുക്കൾക്ക് അധികാരപ്രമത്തരും സ്വാർത്ഥമതികളും ക്രൈസ്തവസ്നേഹരഹിതരുമായ സഭാനേതാക്കന്മാർ വാതിൽ തുറന്നുകൊടുത്തു. പശ്ചിമേഷ്യയിൽ അറബികൾ നിഷ്

www.malankaralibrary.com



പ്രയാസം കയറിപ്പറ്റിയത് ബിസൻറയിൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുടെ *കലഹങ്ങൾ* നിമിത്തമാണ്. തുടർന്നങ്ങോട്ട് *കലഹത്തിൻേറയും മൽസരത്തിൻേറയും ചരിത്രമാണ്* ഏഷ്യൻ ക്രിസ്ത്യാനികൾക്കു പറയാനുള്ളത്. ഇന്നും അത് തുടർന്നുകൊണ്ടേയിരിക്കുന്നു. വിഭജിതരായ ക്രൈസ്തവരിലൂടെ അറബിഐക്യം അസാദ്ധ്യമാണെന്ന് മുഹമ്മദ് കണ്ടു. മതന്യൂനപക്ഷമായ ക്രിസ്തുമതത്തിലെ വിഭാഗങ്ങൾ പേർഷ്യൻ രാജാവിൻെറ മുമ്പിൽ സ്നേഹസന്ദേശം ഒന്നിച്ച് അവതരിപ്പിക്കുന്നതിനുപകരം *കേസുകൾ തീർക്കാൻ* പദങ്ങളെച്ചൊല്ലി തർക്കിക്കുകയായിരുന്നു. ഈ ക്രൈസ്തവവിരുദ്ധ നിലപാടുകൾ നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടേയിരുന്നു. അറബി-തുർക്കി ആധിപത്യത്തിൻകീഴിൽ ഞെരിഞ്ഞമർന്നുകൊണ്ടിരുന്നപ്പോഴും സഹക്രിസ്ത്യാനികളെ *ശപിക്കാനും കുറ്റപ്പെടുത്താനും തെറ്റുകണ്ടുപിടിക്കാനുമാണ്* ഏഷ്യയിലെ ക്രിസ്തീയ വിഭാഗങ്ങൾ തത്രപ്പെട്ടത്. ഇസ്ലാമിൻെറ കീഴിൽ അനുദിനം എണ്ണത്തിൽ കുറഞ്ഞുകൊണ്ടിരുന്ന കാലത്തും, *ഒന്നിക്കുന്നതിനെപ്പറ്റി ഗൗരവമായി ഒരു ക്രൈസ്തവനേതാവും ചിന്തിച്ചില്ല.* ഇത് ഗൗരവമായ പാപം ആണ് എന്ന ചിന്തയും അവർക്കുണ്ടായിരുന്നില്ല. മറ്റുള്ളവരെ സ്നേഹം കാട്ടി അടുപ്പിക്കാൻ കഴിഞ്ഞില്ല; *സ്നേഹരാഹിത്യത്താൽ* അകറ്റാൻ കഴിഞ്ഞു. ഇന്നും ഇതിൽനിന്നു ക്രിസ്ത്യാനികൾ പാഠം പഠിക്കുന്നില്ല എന്നതാണ് ഏറ്റവും പരിതാപകരമായ പാപാവസ്ഥ.

ഏഷ്യയിലെ ക്രിസ്തുമതത്തിൻെറ അവസ്ഥയ്ക്ക് മേല്പറഞ്ഞവയൊന്നും മതിയായ കാരണങ്ങളല്ല. ദൈവപരിപാലനയുടെ ദിവ്യരഹസ്യങ്ങൾ നമുക്കജ്ഞാതമാണ്. നമ്മുടെ ചിന്തകളല്ല ദൈവത്തിൻെറ ചിന്ത. നമ്മുടെ വഴികളല്ല, ദൈവത്തിൻെറ വഴികൾ; ദൈവികപദ്ധതികൾ നമുക്ക് പൂർണമായും സുഗ്രാഹ്യമല്ല. ക്രിസ്തുമതം പ്രതീക്ഷയുടെ മതമാണ്. ദൈവികപരിപാലനയിൽ നാം ആശ്രയിക്കുന്നു. പ്രതീക്ഷാനിർഭരരായി നാം മുന്നോട്ടുപോകുന്നു. ദൈവത്തിൽ ഭാവി സമർപ്പിക്കുന്നു. ദൈവത്തിൻെറ വാഗ്ദാനങ്ങൾ പോലെ ശോഭനീയമാണ് ഭാവി എന്നു നമുക്ക് ഉറച്ചു വിശ്വസിക്കാം.

www.malankaralibrary.com

# പദസൂചിക


അടൗൾഫ് 27
അബെലാർഡ് 72
അംബ്രോസ് 19
അമലാരിയുസ് 70,81
അരിസ്റ്റോട്ടൽ 74,76,78
അൽ മഹ്ദി 142
അൽ ഹാക്കിം 193
അലക്സാണ്ടർ VI 122
അലാറിക് 27
ആൻസലം 71,92
ആൽകുയിൻ 40,78
ആൽബർട്ട് 73,78
ഇഗ്നേഷ്യസ് 16
ഇന്നസെൻറ് III 24,92,113
ഇസിദോർ 13
ഇറാസ്മസ് 123
ഐസ്റ്റൾഫ് 37
ഓസ്വാൾഡ് 62
കനൂട്ട് 31
കസിയദോർ 76
കൊളുംബാ 33
കോൺസ്റ്റൻടൈൻ 18,38
ക്ലാര 67
ക്ലോവിസ് 29,33,34
ഗൈസറിക് 28
ഗ്രാസ്യൻ 77,109
ഗ്രിഗറി I 35
ഗ്രിംലാക് 82
ചാർളിമെയിൻ 29ff,85,
99,135,163,167
ചാൾസ് മാർട്ടെൽ 30,37
ചെറുളാരിയുസ് 54,56
ജലാസിയുസ് 19
ജസ്റ്റിൻ 93
ജസ്റ്റീനിയൻ 19,20,28
ജെം 121
ജൊവാൻ ഓഫ് ആർക്ക് 128
ജോൺ ഡമഷീൻ 13,14
ടൈമൂർ 150,177,178,230,231
ഡൺസ്റ്റൺ 62
ഡൊമിനിക് 68,73
തിമോതി I 142,175
തിയഡൊറിക് 27
തിയഡോഷ്യസ് 18,19
തോമസ് അക്വിനാസ് 74,78
ദഗബേർട്ട് 34
ദിവന്നാസ്യോസ് തെൽമാറെ 174
ദിവന്നാസ്യോസ്
ബർസലീബി 176
നിക്കൊളാസ് I 42
നോർബർട്ട് 64
പസ്കാസിയുസ് 40,70,82,88
പാട്രിക് 33
പീറ്റർ ലൊംബാർഡ് 72,76
പീറ്റർ വാൾഡോ 110
പെട്രാർക്ക് 118
പെപ്പിൻ 30, 37, 38
ഫ്രാൻസിസ് അസ്സീസ്സി
66,73,183
ഫോസിയസ് 54
ബനഡിക്ട് 61
ബർ എബ്രായാ 177
ബർണാർദ് 100
ബെരെംഗാർ 71,89,90
ബേർനോ 61
ബൊനവെഞ്ചർ 74
ബൊയേസ്യൂസ് 76
ബോനിഫസ് VIII 100,101
ബ്രമാന്തെ 118,124
മിഖായേൽ റാബോ 176
മെതോഡിയസ് 31
മൈക്കിൾ ആൻജലോ 119
മോശ ബർ കേഫാ 174
യൂലിയാനാ 94
ലങ് ഫ്രാങ്ക് 71,89,90
ലിയുറ്റ്പ്രാൻറ് 37
ലൂഥർ 124
ലൂയിസ് 41
വാലൻസ് 27
ഷ്ളോട്ടർ 34
സവനറോള 122
സിറിൽ 31
സ്റ്റീഫൻ ലാങ്ടൺ 91
ഹിപ്പോളിറ്റസ് 93
ഹുംബെർട്ട് 54
ഹുലാഗു 148,149,225
ഹ്യൂഗോ 75
റത്രാമ്നുസ് 40,70,82,88
റബ്ബാനുസ് മൗരുസ് 40,70,76
റാക്റ്റിസ് 37
റൊമുവാൾഡ് 62